KOTTAYAM PUBLIC LIBRARY

Call No M200 GRI-D Acc. No 13981

Author ഗിരി

Title പ്രബോധന ലേഖനങ്ങൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

922

ധ്യാനോപദേശങ്ങൾ

13981

# ധ്യാനസഖി 2-ാം ഭാഗം

മുഴവൻ ധ്യാനാവസരത്തിലേക്കു പററിയ

**ഉപദേശങ്ങൾ**

ഫാദർ ഗ്രഗറി, സി. ഡി.,

രചിച്ചതു്

NATIONAL BOOK STALL ★ BR. KOTTAYAM ★ SPCS LTD.

MANNANAM
ST. JOSEPH'S PRESS,
1958.

**Nihil obstat.**

Fr. Aloysius, T. O. C. D.
Fr. Simon, T. O. C. D.

**Imprimi potest.**

Fr. Daniel of the Imm. Conception,
Provincial, T. O. C. D.

Kottayam. }
12-4-'58. }

**Imprimatur.**

Mgr. Thomas Puthenpura,
Vicar General.

Changanacherry, }
23 - 4 - '58. }

# പ്രസ്താവന

കഴിഞ്ഞ 21 കൊല്ലങ്ങളായി പ്രചാരത്തിലിരിക്കുന്ന ഒരു ധ്യാനപ്പുസ്തകമാണല്ലോ 'സന്യാസ മുഴുവൻധ്യാനം'. അതിൽ ന. ദി. രക്ഷകനെപ്പററിയുള്ള ധ്യാനങ്ങളുടെ കുറവിനെ പരിഹരിക്കുന്നതിനുവേണ്ടി വിരചിതമായിട്ടുള്ള ഒന്നാണ്, അതിൻെറ ഒരു അനുബന്ധമായി ചേർത്തു പ്രസിദ്ധീകരിച്ചിട്ടുള്ള 'ധ്യാനസഖി.' മുഴുവൻ ധ്യാനാവസരങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന ധ്യാനങ്ങൾ മാത്രമേ ധ്യാനസഖിയിലുള്ളു. തന്നിമിത്തം, പ്രസ്തുത ധ്യാനങ്ങൾക്കു അനുയോജ്യമായ കുറെ ഉപദേശങ്ങൾകൂടെ ചേർത്തു 'ധ്യാനസഖി'യെ വിപുലപ്പെടുത്തണമെന്ന് പല സഹൃദയന്മാരും ഇക്കഴിഞ്ഞ ഇരുപതിൽപരം കൊല്ലങ്ങളായി എന്നോടു സസ്നേഹം ആവശ്യപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. അതിൻെറ ഫലമായിട്ടാണ് ഇപ്പോഴെങ്കിലും ധ്യാനസഖിയുടെ 2-ാം ഭാഗമായി 'ധ്യാനോപദേശങ്ങൾ' എന്ന പേരിൽ ഈ കൃതി പ്രസിദ്ധീകരിക്കുന്നതു്.

പലരുടെയും ആഗ്രഹാനുസരണം ഇതു മുൻകൂട്ടി പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നതിൽ ഖേദമുണ്ടെങ്കിലും, ഞാൻ വ്രതമനുഷ്ഠിച്ചിട്ടു് 50 വർഷം പൂർത്തിയാകുന്ന ഈ ശുഭാവസരത്തിൽ – 15–8–'57 ൽ – ഇതു പൂർത്തിയാക്കാനിടയായതിൽ അപാരമായ സന്തോഷമാണുള്ളതു്.

ഈ 'ധ്യാനോപദേശങ്ങൾ' ഒരു സ്വതന്ത്ര കൃതിയല്ല. ഇതു്, Two Spiritual Retreats for Sisters എന്നൊരു വിശിഷ്ട ഗ്രന്ഥത്തെയും മററു ചിലതുകളെയും അടിസ്ഥാനമാക്കി എഴുതിട്ടുള്ളതാണ്. ഇതിൻെറ രചനയിൽ പലരും എന്നെ സഹായിച്ചിട്ടുണ്ടു്. അവരേവരോടും ഞാൻ കൃതജ്ഞനായിരിക്കുന്നു. മുൻഗാമികൾക്കു ലഭിച്ചതുപോലുള്ള ആദരം 'ധ്യാനോപദേശങ്ങൾ'ക്കും കേരളീയ വൈദികരിൽനിന്നും സന്യസ്തരിൽനിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടെ ഇതു പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

*Fr. Gregory, C. D.*

J. M. J. T.

ബോധജ്ഞാന സിംഹാസനമായ

**എത്രയും പരിശുദ്ധ കർമ്മല നാഥയ്ക്കു്**

ഭക്ത്യാദരപുരസ്സരം

**സമർപ്പിതം.**

✠

സന്യാസവ്രതവാഗ്ദാന

**കനകജൂബിലി സ്മാരകം**

1907–1957

**ഫാദർ ഗ്രഗറി, സി. ഡി.**

മാന്നാനം.

15. 8. '57.

✠

# ധ്യാനോപദേശങ്ങൾ

# ധ്യാനസഖി 2-ാം ഭാഗം

---

## 1. പുണ്യപരിപൂൎണ്ണതക്കായുള്ള പരിശ്രമം

ക്രിസ്ത്യാനികൾക്ക് പൊതുവെയും സന്യസ്തൎക്ക് പ്രത്യേകിച്ചും ജ്ഞാനാഭ്യാസങ്ങൾ ഏററം രക്ഷാകരങ്ങളാണ്. ഈശോമിശിഹാതന്നെ ഇക്കാൎയ്യത്തിൽ ദൃഷ്ടാന്തം നമുക്ക് നൽകിയിട്ടുണ്ട്. അവിടുന്നു തൻെറ പരസ്യജീവിതം ആരംഭിക്കുന്നതിനു മുൻപ് വനാന്തരത്തിലേക്ക് പോയി നാല്പതുനാൾ വസിച്ചപ്പോൾ ഈവിധ ജ്ഞാനാഭ്യാസങ്ങളിലത്രെ ഉദ്യോഗപ്പെട്ടിരുന്നതു്. നരദൈവമായ തനിക്ക് ഇതു് ആവശ്യമായിരുന്നില്ല എന്ന സ്ഥിതിക്കു തൻെറ ഈ ദൃഷ്ടാന്തത്താൽ നമ്മെ പഠിപ്പിക്കുന്നതിന് താൻ തിരുവുള്ളമായതു എന്താണ്? അത്യാവശ്യമായ ആ ഏക സംഗതിയെക്കുറിച്ച് അവധാനപൂൎവ്വം ചിന്തിക്കുന്നതിനും നമ്മുടെ പുണ്യപൂൎണ്ണതക്ക് ഉപകരിക്കുന്ന ശക്തിമത്തും ഫലപ്രദവുമായ നിശ്ചയങ്ങൾ ചെയ്യുന്നതിനുംവേണ്ടി നാമും സമയാസമയം ഏകാന്തതയെ വരിക്കണം എന്നത്രേ. വേദപ്രസംഗത്തിനായി അയക്കപ്പെട്ട ശിഷ്യർ തിരിച്ചുവന്നപ്പോൾ "നിങ്ങൾ ഒരേകാന്തസ്ഥലത്തേക്കു വന്നു് അല്പം വിശ്രമിക്കുവിൻ" (മർക്കോ. vi. 31) എന്നു് അരുളിച്ചെയ്തപ്പോഴും ഈ ജ്ഞാനാഭ്യാസങ്ങളെയത്രെ അവിടുന്ന് ഉപദേശിച്ചതു്. ഇവസ്സിനുരൂപമായി ആദ്ധ്യാത്മികഗ്രന്ഥകൎത്താക്കളും കാനോൻനിയമംതന്നെയും ലോകജീവിതക്കാൎക്കും സന്യസ്തജീവിതക്കാൎക്കും പുണ്യപൂൎണ്ണത പ്രാപിക്കുന്നതിനു് ഏററം തക്ക മാൎഗ്ഗങ്ങളിൽ ഒന്നായി ഈ ജ്ഞാനാഭ്യാസങ്ങളെത്തന്നെ നിർദ്ദേശിക്കുന്നു.

സ്വന്ത ആത്മരക്ഷയെപ്പററി വേണ്ടത്ര ശ്രദ്ധാന്തിയുള്ള ഒരു സാമാന്യക്രിസ്ത്യാനിക്കുപോലും, ദൃശ്യവസ്തുക്കളിലേക്കു തന്നെ ആനയിക്കുന്നതും നാനാവിധ പാപങ്ങൾ ചെയ്യുന്നതിനു തന്നെ

പ്രേരിപ്പിക്കുന്നതുമായ ദുരാശകളെ പലപ്പോഴും അഭിമുഖീകരിക്കേണ്ടതുണ്ട്. തന്നെയുമല്ല, ദൈവശുശ്രൂഷക്ക് പല വിധത്തിലും വിഘ്നങ്ങൾ ഉളവാക്കുന്നതും ദുഷ്ടതയിൽ ആണ്ടുകിടക്കുന്നതുമായ ലോകമദ്ധ്യത്തിൽ അവൻ സ്ഥിതിചെയ്യുന്നതിനാൽ, അവനു് മനുഷ്യവർഗ്ഗത്തിൻെറ മുഖ്യശത്രുവായ സാത്താനുമായി ഭയങ്കര പോരാട്ടം ചെയ്യേണ്ടതുമുണ്ട്. സർവ്വസാധാരണമായി സംഭവിച്ചേക്കാവുന്നതു് എന്തെന്നാൽ അപകടത്തിൽ സഞ്ചരിക്കുന്ന ഒരുവൻെറ തീക്ഷ്ണത മന്ദീഭവിച്ചുപോകുകയും ദൈവപ്രസാദവരം നഷ്ടമാക്കിക്കൊണ്ട് അവൻ പാപത്തിനു് സ്വയം വിധേയമാക്കുകയും ചെയ്യുന്നു എന്നുള്ളതാണു്. സന്യാസികൾ ലോകത്തിൽനിന്നും വേർതിരിക്കപ്പെട്ടിരിക്കുന്നവരാണെങ്കിലും ലോകവുമായി ഏറെക്കുറെ ഇടപെടുന്നതുകൊണ്ട് അതിൻെറ ദൂഷ്യവശങ്ങളിൽനിന്നും അവരും പരിപൂർണ്ണമായി സുരക്ഷിതരല്ല. അതിനാൽ ജ്ഞാനാഭ്യാസങ്ങൾ സന്യാസികൾക്കും ഉപകാരപ്രദവും രക്ഷാകരവുമത്രെ.

"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ." (മത്താ. v. 48) എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ നിർദ്ദേശമനുസരിച്ചു് തൻെറ അനുഗാമിയായ ഏതൊരു ക്രിസ്ത്യാനിയും, പ്രത്യേകിച്ചും ക്രിസ്ത്യാനികളിൽ അത്യുത്തമ ക്രിസ്ത്യാനികളായിരിക്കേണ്ട സന്യാസികളും, പുണ്യപരിപൂർണ്ണതയ്ക്കായി യത്നിച്ചേ മതിയാവൂ. പുണ്യപൂർണ്ണതയ്ക്കായി യത്നിക്കാത്ത ഒരു സന്യാസി ഘനമായ പാപത്തിൽ വീഴുന്നതിനും നിത്യമായി നശിച്ചുപോകുന്നതിനുമുള്ള അപകടത്തിൽ സ്ഥിതിചെയ്യുന്നു എന്നത്രെ പുണ്യാത്മാക്കളുടെ അഭിമതം. അതിനാൽ മേൽപ്രസ്താവിച്ച നമ്മുടെ ദിവ്യരക്ഷകൻെറ തിരുവാക്യം സദാ ദൃഷ്ടിപഥത്തിൽവച്ചുകൊണ്ടു തദനുസരണം നാം പ്രവർത്തിക്കേണ്ടതാണു്.

ആകയാൽ, പുണ്യപരിപൂർണ്ണത എന്തിൽ അടങ്ങിയിരിക്കുന്നുവെന്നും, നാം എന്തുകൊണ്ട് അതിനായി യത്നിക്കണമെന്നും, എങ്ങനെ യത്നിക്കണം എന്നും ചിന്തിക്കാം.

## A. പുണ്യപൂർണ്ണത എന്തിലടങ്ങിയിരിക്കുന്നു?

I. സുവിശേഷ സൽബുദ്ധികളുടെയോ ഇതര സൽകൃത്യങ്ങളുടെയോ അനുഷ്ഠാനത്തിലല്ല അതു അടങ്ങിയിരിക്കുന്നതു്.

സ്വമനസ്സാലെയുള്ള ദാരിദ്ര്യം, കന്യാവ്രതം, കീഴ്വഴക്കം എന്നിവയുടെ അഭ്യസനത്തിൽ അല്ല പുണ്യപരിപൂർണ്ണത അടങ്ങിയിരിക്കുന്നതു്. ഈ സുവിശേഷ സൽബുദ്ധികൾ വളരെ സാരമായവതന്നെ. സന്യസ്ഥർക്ക് വ്രതത്താൽപോലും കടപ്പെട്ടിരിക്കുന്ന ഈ സുവിശേഷ സൽബുദ്ധികളെ ഒരാൾ കണിശമായി നിവർത്തിച്ചാലും അക്കാരണത്താൽമാത്രം അയാൾ പുണ്യപൂർണ്ണത പ്രാപിക്കുകയില്ല. ക്രേട്ടസ് തുടങ്ങിയുള്ള അജ്ഞാനതത്വശാസ്ത്രികൾ ലൗകിക വസ്തുക്കൾ ഉപേക്ഷിച്ചു് സ്വമനസ്സാലെയുള്ള ദാരിദ്ര്യത്തിൽ നിവസിച്ചു. അജ്ഞാനികളായിരുന്ന റോമിലെ വെസ്റ്റൽ-വേർജിൽസ് എന്ന കന്യകകളും, ഗ്രീസിലെ സിബീല്ലെ എന്ന കന്യകകളും ക്രിസ്തുവിൻെറ കാലത്തിനു വളരെ മുമ്പു അടക്കത്തോടും വിരക്തിയോടുംകൂടി ജീവിച്ചിരുന്നു. ഭടന്മാരാണെങ്കിൽ ഇന്നും കർക്കശമായ കീഴ്വഴക്കത്തിനു് വിധേയരാണല്ലൊ. എന്നാൽ ഇവരെല്ലാം അവരുടെ ദാരിദ്ര്യം കൊണ്ടോ, വിരക്തജീവിതംകൊണ്ടോ സൈനിക കീഴ്വഴക്കംകൊണ്ടോ പുണ്യവാന്മാരുടെ ഗണത്തിൽ ഉൾപ്പെടുന്നു എന്നു് ആരെങ്കിലും പറയുമോ? സുവിശേഷ സൽബുദ്ധികൾ പരിപൂർണ്ണതക്കുള്ള പററിയ മാർഗ്ഗങ്ങളാണു്. എന്നാൽ അതു് പരിപൂർണ്ണതയല്ല. ഇവയെല്ലാം പൂർണ്ണതയിലേക്കുള്ള മാർഗ്ഗങ്ങളല്ലാതെ അന്ത്യമല്ല എന്നാണു് വി. തോമ്മാമല്ലാൻ പഠിപ്പിക്കുന്നതു്.

ഇനി, പരിപൂർണ്ണത വിവിധ സുകൃതങ്ങളിലോ കാരുണ്യപ്രവൃത്തികളിലോ ആണോ അടങ്ങിയിരിക്കുന്നതു്? അതുമല്ല, എന്തുകൊണ്ടെന്നാൽ, കാരുണ്യപ്രവൃത്തികളും പാപവും ചേർന്നിരിക്കാമെങ്കിലും പാപവും പരിപൂർണ്ണതയും ചേർന്നിരിക്കുകയില്ല. അതുകൊണ്ടു് അവയും പരിപൂർണ്ണതയല്ല. ഉദാഹരണമായി ഒരാൾക്കു വിശ്വാസം, ശരണം, ശാന്തത, വിരക്തി, ക്ഷമ, ഔദാര്യം എന്നീ വിവിധ ഗുണങ്ങൾ ഉണ്ടെന്നിരുന്നാലും, ദൈവ

പ്രമാണങ്ങളിൽ ചിലതു ലംഘിച്ചുകൊണ്ടു് ഒരു ഭ്രഷ്ടജീവിതം നയിച്ചുപോരുന്നുവെന്നു വരാം.

2. പുണ്യപരിപൂൎണ്ണത ദൈവസ്നേഹത്തിലത്രെ അടങ്ങിയിരിക്കുന്നതു്.

മററു വാക്കിൽ പറഞ്ഞാൽ നാം ദൈവത്തെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിച്ചാൽ, നാം പരിപൂൎണ്ണരും നീതിമാന്മാരും പരിശുദ്ധരും ആകും. ഇതിൽ യാതൊരു സംശയത്തിനും വഴിയില്ല. എന്തെന്നാൽ, സ്നേഹത്തെ പരിപൂൎണ്ണതയുടെ ബന്ധമെന്നു് ശ്ലീഹാ നാമകരണം ചെയ്യുന്നു. (കൊലസ. iii. 14.) ഇതുതന്നെയാകുന്നു പലേ ആത്മീയ ഗ്രന്ഥകാരന്മാരുടെയും തിരുസഭാ പിതാക്കന്മാരുടെയും ഏകകണ്ഠമായ ഉപദേശവും. വിശുദ്ധ ആഗ്രസ്തീനോസ് പറയുന്നു "സ്നേഹത്തിൻെറ ആദ്യപദവിയെ ഒരു ശിശുവിൻെറ പൂൎണ്ണതയോടു് ഉപമിക്കാം. വൎദ്ധമാനമായ സ്നേഹം വൎദ്ധമാനമായ പൂൎണ്ണതയാകുന്നു. വലിയ സ്നേഹം വലിയ പൂൎണ്ണതയാകുന്നു. പരിപൂൎണ്ണസ്നേഹം പരിപൂൎണ്ണതയുടെ പാരമ്യവുമാകുന്നു." വി. തോമ്മാമല്ലാൻ പഠിപ്പിക്കുന്നതു് "ക്രിസ്തീയജീവിതത്തിൻെറ പരിപൂൎണ്ണത പ്രധാനമായി ഉപവിയിൽ അടങ്ങിയിരിക്കുന്നു'' എന്നാണു്. വി. ഫ്രാൻസീസ് സാലസ് പറയുന്നതെന്തെന്നാൽ "ഓരോരുത്തരും അവരുടെ ധാരണക്കനുസരണമായി പരിപൂൎണ്ണതയെ ചിത്രീകരിക്കുന്നു. ചില ആളുകൾ ദാനധൎമ്മം ചെയ്യുന്നതിലും, മററു ചിലർ കൂദാശകളുടെ നിരന്തരമായ സ്വീകരണത്തിലും വേറിട്ടൊരു കൂട്ടർ പ്രാൎത്ഥനയിലും പരിപൂൎണ്ണത അടങ്ങിയിരിക്കുന്നുവെന്നു വിശ്വസിക്കുന്നു. എന്നാൽ ഇവരെല്ലാം മാൎഗ്ഗങ്ങളെ അന്ത്യമാക്കി തെററിദ്ധരിച്ചുകൊണ്ടു്, അല്ലെങ്കിൽ കാരണത്തെ കാൎയ്യമാക്കി ധരിച്ചുകൊണ്ടു് സ്വയം വഞ്ചിക്കുന്നു. മുഴുഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുക, തന്നെപ്പോലെതന്നെ തൻെറ അയൽവാസിയെയും സ്നേഹിക്കുക എന്നിവയിലല്ലാതെ വേറിട്ടേതിലെങ്കിലും പരിപൂൎണ്ണത അടങ്ങിയിരിക്കുന്നതായി എനിക്കറിഞ്ഞുകൂടാ. വേറിട്ടുള്ള എല്ലാ പരിപൂൎണ്ണതയും അബദ്ധമാണു്.''

## B. എന്തുകൊണ്ടു് പരിപൂർണ്ണതയ്ക്കായി നാം ശ്രമിക്കണം?

1. നാം പരിപൂർണ്ണരായിരിക്കണമെന്നു് ദൈവം നമ്മോടു ആവശ്യപ്പെടുന്നു.

പഴയനിയമത്തിൽതന്നെയും ദൈവം മനുഷ്യർക്കു് ഈ ആജ്ഞ നൽകിയിട്ടുണ്ടു്. അബ്രാഹത്തോടു് താൻ അരുളിച്ചെയ്തു: "സർവ്വശക്തനായ ദൈവം ഞാനാകുന്നു. എന്റെ മുൻപാകെ നടന്നു് നീ പരിപൂർണ്ണനായിത്തീരുക." (സൃഷ്ടി. xvii. 1.) അവിടുന്നു് ഇസ്രായേൽ ജനം മുഴുവനോടും പറയുന്നു: "നീ പരിപൂർണ്ണനായിരിക്കുകയും നിന്റെ ദൈവമായ കർത്താവിന്റെ മുൻപാകെ കളങ്കരഹിതനായിരിക്കുകയും ചെയ്യുക." (ആവ. xviii. 13.) പഴയനിയമത്തിനു് അധീനരായിരുന്ന ജനങ്ങൾ പരിപൂർണ്ണതക്കുവേണ്ടി യത്നിക്കുന്നതിനു് കടപ്പെട്ടിരുന്നെങ്കിൽ ഇസ്രായേൽജനങ്ങളുടേതിനെക്കാൾ കൂടുതൽ പൂർണ്ണതയുള്ള ഒരു നിയമവും അതിനെ നിർവ്വഹിക്കുന്നതിനു കൂടുതൽ വരപ്രസാദവും ലഭിച്ചിട്ടുള്ളവരായ നാം ഈ കടമയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്നു് വിചാരിക്കാമോ?

നമ്മുടെ ദിവ്യരക്ഷകൻതന്നെ പ്രസ്പഷ്ടമായി അരുളിച്ചെയ്യുന്നു. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ." (മത്തായി v. 48.) ദൈവപരിപൂർണ്ണതയിൽ എത്തിച്ചേരുന്നതിനു് ഒരിക്കലും നമുക്കു് സാദ്ധ്യമല്ലെങ്കിലും നമ്മാൽ കഴിയുംവിധത്തിൽ പരിപൂർണ്ണതയിൽ എത്തിച്ചേരുന്നതിനു് നാം ശ്രമിക്കേണ്ടിയിരിക്കുന്നു എന്നല്ലയോ ഇതിനാൽ കാണിക്കുന്നതു്? അപ്പോസ്തോലപ്രമുഖരായ വി. പത്രോസും വി. പൗലോസും ഇങ്ങനെതന്നെ ഉപദേശിക്കുന്നു: "നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും സകല വ്യാപാരങ്ങളിലും പരിശുദ്ധരാകുവിൻ എന്നു് എഴുതപ്പെട്ടിരിക്കുന്നല്ലൊ." (I. പത്രോ. i. 15-16.) "എന്റെ സഹോദരന്മാരേ, എങ്ങനെ വ്യാപരിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കയും ചെയ്യേണ്ടിയിരിക്കുന്നു എന്നു ഞങ്ങളിൽനിന്നു ഗ്രഹിച്ചതിനെ നിങ്ങൾ അധികമായി അഭിവൃദ്ധിപ്പെടുത്തണമെന്നു നമ്മ

ടെ കർത്താവായ ഈശോയിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു... ദൈവത്തിൻെറ ഇഷ്ടം ഇതാകുന്നു: നിങ്ങളുടെ വിശുദ്ധി." (I തെസ്സാലോന്യ. iv. 1-3)

എല്ലാ മനുഷ്യരും പുണ്യപൂർണ്ണതക്കായി യത്നിക്കാൻ കടപ്പെട്ടിരിക്കുന്നെങ്കിൽ പുണ്യപൂർണ്ണതയുടെ ജീവിതസ്ഥിതിയിൽ ചരിക്കുന്ന സന്യസ്ഥർ പ്രത്യേകമായും അതിനു കടപ്പെട്ടിരിക്കുന്നു. വി. തോമ്മാമല്ലാൻ പറയുന്നു. "സന്യാസജീവിതം പരിപൂർണ്ണതയുടെ അവസ്ഥയാണ്. എന്നാൽ സന്യാസി ആയിത്തീരുന്ന ഒരാൾ ഉടനെതന്നെ പരിപൂർണ്ണനായിത്തീരുന്നു എന്നു പറയുവാൻ പാടില്ല. പിന്നെയോ അയാൾ പൂർണ്ണതക്കായി ശ്രമിക്കുന്നതിന് കർക്കശമായി സ്വയം കടപ്പെടുത്തിക്കൊണ്ടത്രെ ഈ ജീവിതാവസ്ഥ സ്വീകരിക്കുന്നതു്. ഏതന്മൂലം പരിപൂർണ്ണതക്കുവേണ്ടി യത്നിക്കുകയോ സദുദ്ദേശ്യത്തോടുകൂടി അതിലേക്കുള്ള മാർഗ്ഗങ്ങളെ പിടിക്കുകയോ ചെയ്യാത്ത ഒരു സന്യാസി ഒരു യഥാർത്ഥ സന്യാസി ആയിരിക്കയില്ല. എന്തുകൊണ്ടെന്നാൽ, ഏതുദ്ദേശ്യത്തോടുകൂടി അയാൾ സന്യാസജീവിതം തെരഞ്ഞെടുത്തുവോ ആ ഉദ്ദേശ്യം അയാൾ നിർവ്വഹിക്കുന്നില്ല." അതുകൊണ്ട് ഒരാൾ പരിപൂർണ്ണതക്കുള്ള യത്നങ്ങളെ വിഗണിക്കുന്നെങ്കിൽ അയാളുടെ വിളിപ്പിൻെറ ചുമതലകൾക്കെതിരായി പാപം ചെയ്യുന്നു. തന്നെയുമല്ല, പുണ്യാഭിവൃദ്ധിക്കുതകുന്നതായ അയാളുടെ വ്രതത്തിനും ചട്ടങ്ങൾക്കും എതിരായി പ്രവർത്തിക്കുകയും ചെയ്യുന്നു. പുണ്യത്തിലും പരിശുദ്ധിയിലും അനുദിനം പുരോഗമിക്കുക എന്നുള്ളതാകുന്നു അയാളുടെ സർവ്വപ്രധാനമായ ഉദ്ദേശ്യം. അതിനാൽ ഇക്കാര്യത്തെപ്പറ്റി ഗാഢമായി ചിന്തിച്ചുകൊണ്ട് പൂർണ്ണരായിത്തീരുന്നതിനും പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും സർവ്വാത്മനാ നാം യത്നിക്കേണ്ടതാണ്.

2. സ്വർഗ്ഗത്തിൽ നമുക്കു സിദ്ധിക്കുന്ന ഭാഗ്യം ഇഹത്തിൽ നാം പ്രാപിക്കുന്ന പുണ്യപൂർണ്ണതയുടെ തോതനുസരിച്ചിരിക്കും എന്നതിനാലും പുണ്യപൂർണ്ണതയ്ക്കായി നാം ശ്രമിക്കേണ്ടതാണ്.

a. സ്വർഗ്ഗസ്ഥരായ പുണ്യവാന്മാർ എത്ര കണ്ട് കൂടുതലായി ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രകണ്ട് കൂടുതലായിരിക്കും അവരുടെ ഭാഗ്യം. ദൈവജ്ഞാനത്തിലും ദൈവസ്നേഹത്തിലുമാണ് സ്വർഗ്ഗഭാഗ്യം

കൂടുതലായി അടങ്ങിയിരിക്കുന്നതു്. കഴിയുന്നത്ര ഉയൎന്ന പദവിയിൽ ദൈവജ്ഞാനവും ദൈവസ്നേഹവും പ്രാപിക്കണമെങ്കിൽ ഒരാൾ എന്താണു് ചെയ്യേണ്ടതു്? അതിനുള്ള ഉത്തരം വളരെ എളുപ്പമാണു്. ഈ ജീവിതത്തിൽ ക്രിസ്തീയ പൂൎണ്ണതയിൽ എത്ര ഉന്നതമായ പദവിയിൽ എത്തിച്ചേരാമോ അത്ര ഉന്നതമായ പരിപൂൎണ്ണതയിൽ എത്തിച്ചേരാൻ ശ്രമിക്കണം. എന്തെന്നാൽ നാം എത്ര പരിശുദ്ധരായിത്തീരുമോ അത്രയ്ക്കു കൂടുതലായി നാം ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യും.

b. പരിപൂൎണ്ണത സ്നേഹത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് നാം ദൈവത്തെ എത്ര കൂടുതലായി സ്നേഹിക്കുന്നുവോ അത്ര കൂടുതലായി നാം പരിപൂൎണ്ണരായിരിക്കും. നാം ഇഹത്തിൽ വച്ചു് ദൈവത്തെ എത്രമാത്രം സ്നേഹിക്കുന്നുവോ അത്രമാത്രം കൂടുതലായി നാം സ്വൎഗ്ഗത്തിലും ദൈവത്തെ സ്നേഹിക്കുകയും ദൈവവുമായി ഐക്യമായിരിക്കുകയും സന്തോഷമനുഭവിക്കുകയും ചെയ്യും.

c. അവസാനമായി, നാം തീക്ഷ്ണതാപൂൎവ്വം പരിപൂൎണ്ണതയ്ക്കുവേണ്ടി യത്നിക്കുന്നെങ്കിൽ നമ്മാൽ കഴിയുന്ന നന്മകൾ ചെയ്യുകയും തന്മൂലം സൽപ്രവൃത്തികൾകൊണ്ടും പുണ്യാഭ്യസനംകൊണ്ടും ആശയടക്കങ്ങൾകൊണ്ടും സ്വൎഗ്ഗഭാഗ്യത്തിനുള്ള യോഗ്യതയുടെ ഒരു വലിയ നിധി കരസ്ഥമാക്കുകയും ചെയ്യേണ്ടതാണു്. ദിവ്യവിധിയാളന്റെ മുൻപാകെ നാം എത്ര യോഗ്യത സമ്പാദിക്കുന്നുവോ അത്ര കൂടുതലായിരിക്കും നമ്മുടെ സമ്മാനവും. എന്തുകൊണ്ടെന്നാൽ, "അനുഗ്രഹം വിതക്കുന്നവൻ അനുഗ്രഹം കൊയ്യും." (കൊറി. 9. 6.) ഈ ന്യായങ്ങൾ ദൈവത്തെ ശുശ്രൂഷിക്കുന്നതിനും പരിപൂൎണ്ണതയ്ക്കായി നിരന്തരം പ്രയത്നിക്കുന്നതിനും നമ്മെ ഏതു സമയവും പ്രേരിപ്പിക്കുന്നവയാണു്.

d. നിസ്സാരവും ഭൗതികവുമായ ഈലോക ജീവിതത്തെ സൗഭാഗ്യകരമാക്കിത്തീൎക്കുന്നതിനു് ലോകമനുഷ്യർ എന്തെല്ലാം ചെയ്യുന്നു? എത്രമാത്രം കഷ്ടപ്പാടുകളും വേദനകളുമാണു് അവർ അനുഭവിക്കുന്നതു്? വിശ്രമിക്കുവാൻപോലും സമയമില്ലാതെ എത്ര രാത്രികളാണു് അവർ ചെലവഴിച്ചുകൊണ്ടിരിക്കുന്നതു്? അവർ അടിമകളെപ്പോലെ വേല ചെയ്യുകയും ഭക്ഷണം വെടിയുകയും ഉറക്കമിളക്കുകയും ജീവിതകാലം മുഴുവൻ സ്വയം

പരിത്യജിക്കുകയും ചെയ്യുന്നു. അവക്ക് എന്നും അനുഭവിക്കുവാൻ അവസരം ലഭിക്കാത്ത അനിത്യസമ്പത്തുകൾക്കുവേണ്ടിയത്രെ അവർ ഇപ്രകാരം യത്നിക്കുന്നതു്. അങ്ങനെയെങ്കിൽ നിത്യമായ സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നതിന്നു് നാം ഒന്നും ചെയ്യാതിരിക്കുന്നതു ബുദ്ധിപൂർവ്വമാണോ? അവനവൻെറ പ്രയത്നത്തിനനുസരിച്ചുള്ള സമ്മാനം സ്വർഗ്ഗത്തിൽ അനുഭവിക്കും എന്നുള്ള വസ്തുത അറിഞ്ഞിരുന്നിട്ടും നിത്യഭാഗ്യം നേടുന്നതിനുള്ള കാര്യത്തിൽ നാം അശ്രദ്ധരും അലസരും ആയി കഴിയുന്നതു വിഹിതമോ? ഈ ചിന്തകൾ ഹൃദയത്തിൽ ഗാഢമായി പതിക്കുക. നാം ഇഹത്തിൽ എത്രമാത്രം നന്മചെയ്യുന്നുവോ, എത്രമാത്രം പൂർണ്ണരായിരിക്കുന്നുവോ, അത്രമാത്രം കൂടുതലായി സ്വർഗ്ഗത്തിൽ നാം സന്തോഷം അനുഭവിക്കും. സ്വർഗ്ഗഭാഗ്യത്തിൻെറ ഏററവുംതാണ പദവി ഭൗതികമായ എല്ലാ ഉന്നതസ്ഥാനത്തെയും മഹിമയെയുംകാൾ വിലയേറിയതാകുന്നു.

3. നാം പരിപൂർണ്ണതയ്ക്കായി യത്നിക്കാത്തപക്ഷം നമ്മുടെ ആത്മരക്ഷപോലും അപകടത്തിലാകും എന്ന ന്യായത്താലും നാം പുണ്യപൂർണ്ണതയ്ക്കായി യത്നിക്കണം.

അതേ നിലയിൽ നിൽക്കുക എന്നുള്ളതു് പ്രകൃതിയിൽ ഇല്ലതന്നെ. ഒന്നുകിൽ പുരോഗമിക്കും അല്ലെങ്കിൽ അധഃപതിക്കും.

മൃഗങ്ങൾ, വൃക്ഷങ്ങൾ, ചെടികൾ മുതലായവയെപ്പററി ചിന്തിക്കുക. അവ കുറെ നാളത്തേക്കു വളരുന്നു. പൂർണ്ണതയിൽ ഏതോ ഒരു പദവിയെ പ്രാപിക്കുന്നു. അതിനുശേഷം അധഃപതിക്കുകയും അവസാനമായി അഴിഞ്ഞുപോകയും ചെയ്യുന്നു. മനുഷ്യരുടെ കാര്യവും ഇങ്ങനെതന്നെ. അവർ ബാല്യത്തിലും യൗവനത്തിലും വളരുന്നു. പുരുഷപ്രായത്തിൽ അവരുടെ ശക്തി പൂർണ്ണത പ്രാപിക്കുന്നു. അതിനുശേഷം അവരുടെ അധോഗതി ആരംഭിക്കുന്നു. അവസാനം ശരീരം ക്ഷീണിച്ചു്, മൃതിയടഞ്ഞുപോകുന്നു. പ്രകൃതിയിൽ എന്നതുപോലെ സാന്മാർഗ്ഗികജീവിതത്തിലും സംഭവിക്കുന്നുവെന്നു പറയാം. ഒന്നുകിൽ നാം കൂടുതൽ സുകൃതവാന്മാരോ അല്ലെങ്കിൽ കൂടുതൽ നികൃഷ്ടരോ ആയി പരിണമിക്കുന്നു. പുണ്യപൂർണ്ണതയിൽ അതേ നിലയിൽ നിൽക്കുക എന്നുള്ളതു് അസാദ്ധ്യമാണു്. അധികമായി പരിപൂർണ്ണനാകുന്ന

തിനു പരിശ്രമിക്കാത്തവൻ ആരോ അവൻ കൂടുതൽ അപൂർണ്ണനായിത്തീരുന്നു. ആയതുകൊണ്ട്, വി. ആഗുസ്തീനോസ് പറയുന്നു: "പുണ്യപൂർണ്ണതയുടെ വഴിയിൽ പുരോഗമിക്കാത്തതും അധഃപതിക്കുന്നതും ഒന്നുതന്നെ." വി. ബെർണ്ണാർഡു പറയുന്നു: "നിനക്കു പുരോഗമിക്കുന്നതിനു മനസ്സില്ലേ? ഇല്ല. പിന്നെ എന്താണ്? അധഃപതിക്കുന്നതിനു മനസ്സാണോ? ഒരിക്കലുമില്ല. പിന്നെ നീ എന്തു ചെയ്യും? ഞാൻ ആയിരിക്കുന്നതുപോലെതന്നെ സ്ഥിതിചെയ്യും. കൂടുതൽ സുകൃതവാനോ കൂടുതൽ ദുഷ്ടനോ ആയിരിക്കുകയില്ല. അങ്ങനെയെങ്കിൽ നീ ഇഹത്തിൽ അസാധ്യമായിട്ടുള്ളതാണ് ചെയ്യുന്നത്. എന്തെന്നാൽ ഇഹത്തിൽ സ്ഥിരാവസ്ഥ ഇല്ലതന്നെ. ഇതു് ദൈവത്തിനുള്ള ഒരു പ്രത്യേകതയാണ്. അദ്ദേഹത്തിന്ന് യാതൊരു വ്യത്യാസമോ സ്ഥിതിഭേദത്തിൻെറ ഒരു കണികപോലുമോ ഇല്ല." അതിശക്തിയായി ഒഴുകുന്ന ഒരു നീരൊഴുക്കിൽകൂടി എങ്ങനെയാണ് കയറിപ്പോകുന്നതു്? നിരന്തരമായി തുഴഞ്ഞുകൊണ്ടിരിക്കണം. ഒരേ സ്ഥലത്തുതന്നെ നിറുത്താമോ? അതു് യാതൊരു പ്രകാരവും സാധ്യമല്ല. ഒരു ക്ഷണനേരത്തേക്കുമാത്രം തുഴച്ചിൽ നിറുത്തുന്നു എങ്കിൽ വഞ്ചി താഴേക്കു ഒഴുകിപ്പോകും. സുകൃതത്തിൽ അഭിവൃദ്ധിപ്പെടാത്ത ഒരാൾ കൂടുതലായി അധോഗമിക്കും. കാരണം, മനുഷ്യൻ പ്രകൃത്യാ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നു. മന്ദഭക്തനായ ഒരാൾക്ക് ദൈവം തൻെറ വരപ്രസാദങ്ങൾ നിത്യം കുറച്ചുകൊണ്ടിരിക്കും. ആരംഭത്തിൽ അവൻ നിസ്സാര കുററങ്ങൾ ചെയ്യും. കാലക്രമത്തിൽ ഭയങ്കരമായ പാപങ്ങളിൽ വീണുപോകും. മന്ദഭക്തിയും ആദ്ധ്യാത്മികമടിയും കൈവെടിയുന്നില്ലെങ്കിൽ നിത്യനാശം അവൻെറ അവകാശമായിത്തീരുകയും ചെയ്യും. അതുകൊണ്ട് എല്ലാററിലും ഉപരിയായി മന്ദഭക്തിക്ക് എതിരായി ശ്രമിക്കുക. ആവശ്യത്തിനു മാത്രമല്ലാതെ അതിൽ കൂടുതലായി നല്ലവനും ഭക്തനുമാകുവാൻ എനിക്കാവശ്യമില്ല എന്നു പറയരുതു്. ഇതു ദൈവതിരുമനസ്സിനു് എതിരാണ്. പരിപൂർണ്ണതയ്ക്കായി അനവരതം യത്നിക്കണമെന്ന് അവിടുന്ന് നമ്മോടു നിരന്തരം ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്യാതിരുന്നാൽ കഠിന പാപത്തിൽ വീഴുന്നതിനും നിത്യമായി നശിച്ചുപോകുന്നതിനുമുള്ള ആപത്തിൽ നാം ഉൾപ്പെടുന്നതായിരിക്കും.

മുമ്പോട്ടു ഗമിക്കുക. ദൈവശുശ്രൂഷയിലും ആത്മരക്ഷയുടെ കാൎയ്യത്തിലുമുള്ള തീക്ഷ്ണതയെ പുതുക്കുക. മുൻജീവിതത്തെ പരിശോധിച്ച് തെറ്റുണ്ടെന്നു കണ്ടാൽ ദൈവതിരുമുൻപാകെ ഹാൎദ്ദമായി അനുതപിച്ച് ആ തെറ്റുകളെല്ലാം തിരുത്തുന്നതിനും ഭാവിജീവിതത്തെ നന്നാക്കുന്നതിനും ശ്രമിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക. പരിപൂൎണ്ണരാകുന്നതിനു സന്യാസത്തിൽ പ്രവേശിച്ച നാം യാത്രയുടെ അന്ത്യത്തിൽ സുരക്ഷിതമായി ചെന്നെത്തുന്നതിന് ആവശ്യമായ പുണ്യത്തിനുവേണ്ടി നിരന്തരം യത്നിക്കേണ്ടിയിരിക്കുന്നു.

## C. ദൈവത്തെ യഥാൎത്ഥമായി സ്നേഹിക്കുന്നവർ എന്തു ചെയ്യണം?

1. യഥാൎത്ഥമായി ദൈവത്തെ സ്നേഹിക്കുന്നവർ ദൈവത്തിൽ ആനന്ദിക്കണം.

സ്വപുത്രനെ ആത്മാൎത്ഥമായി സ്നേഹിക്കുന്ന ഒരു മാതാവ് പുത്രൻെറ വിശിഷ്ട ഗുണങ്ങളിൽ, അവ സ്വന്തമായിരുന്നാൽ എന്നപോലെ, ആനന്ദിക്കുന്നു. അവൻ സ്ക്കൂളിൽ നന്നായി പഠിക്കുമ്പോഴും അവൻെറ സഹപാഠികളെ മുന്നിട്ടുമ്പോഴും അദ്ധ്യാപകൻ അവനെ പ്രശംസിക്കുമ്പോഴും അവൾ വളരെ ആനന്ദിക്കുന്നു. അവൻ ഏതെങ്കിലും ധീരകൃത്യമോ, ധൎമ്മപ്രവൃത്തിയോ, കലാപ്രകടനമോ ചെയ്തതായിട്ട് അവൾ അറിയുന്നെങ്കിൽ അവൾക്കുതന്നെ വലിയഭാഗ്യം കിട്ടിയതുപോലെ അവൾ- സന്തോഷിക്കുകയും അതുല്യമായ ആനന്ദം അവളിൽ ഉണ്ടാകയും ചെയ്യുന്നു. അവളുടെ സന്തോഷത്തിൻെറ കാരണം എന്തെന്നു പരിശോധിക്കുന്നുവെങ്കിൽ, അത് അവളുടെ പുത്രനെ അവളെപ്പോലെ അവൾ സ്നേഹിക്കുന്നതാണ് എന്നു നാം കണ്ടെത്തും. സ്വയം സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി ദൈവത്തെ സ്നേഹിക്കുന്ന ഒരാത്മാവിനു് മുൻപറഞ്ഞതിനേക്കാൾ ഉപരിയായ ഒരു സന്തോഷം ഉണ്ടാകുന്നതാണ്. എന്തുകൊണ്ടെന്നാൽ, വിചാരിപ്പാൻ പാടുള്ള എല്ലാ നന്മകളും, അളവററ ശക്തിയും, ജ്ഞാനവും, സൗന്ദൎയ്യവും തൻെറ സൎവ്വസ്വവുമായ ദൈവത്തിൽ അയാൾ ദൎശിക്കുന്നതിനാൽ, അവ സ്വന്തമായി

രുന്നാലെന്നപോലെ ആ വിശിഷ്ടഗുണങ്ങളിൽ പ്രസ്തുത ഭക്താത്മാവു് ആനന്ദിക്കാതിരിക്കുകയില്ല.

നിസ്വാർത്ഥമായ ഈ ആനന്ദം സകലവിധ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നതിനു് നമ്മെ പ്രാപ്തരാക്കുന്നു. രോഗപീഡിതയായ ഒരു മാതാവു് സ്വപുത്രൻെറ ഉന്നതമായ സ്ഥാനലബ്ധിയിൽ സ്വന്തം വേദനകളെയെല്ലാം മറന്നു് അവയെ നിസ്സാരമാക്കിക്കൊണ്ടു സന്തോഷിക്കുന്നതുപോലെ, ദൈവത്തിങ്കലേക്കുള്ള ഒരൊററ നോട്ടംകൊണ്ടു് ഒരാത്മാവിനു് നാനാവിധ അരിഷ്ടതകളെയും അവഗണിച്ചുകൊണ്ടു്, ശ്ലീഹാ പറയുന്നതുപോലെ, "എൻെറ എല്ലാ വിഷമതകളുടെ മദ്ധ്യത്തിലും ഞാൻ സന്തോഷത്താൽ നിറഞ്ഞിരിക്കുന്നു" (കൊറീന്ത്യർ vii. 4) എന്നു പറയുവാൻ സാധിക്കും. ഇത്ര ഗാഢമായി ദൈവത്തെ സ്നേഹിക്കുകയും തൻെറ അളവററ പരിപൂർണ്ണതകളിൽ നിസ്വാർത്ഥമായി ആനന്ദിക്കുന്നതിനു് സാധിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനി ഭാഗ്യവാൻ! ദൈവമഹത്വത്തെയും സ്തുതിയെയും നേരിട്ടു കാണുന്നതു നിമിത്തം ഉണ്ടാകുന്ന ആനന്ദപരമായ സ്നേഹത്തിലാണല്ലോ സ്വർഗ്ഗഭാഗ്യം അടങ്ങിയിരിക്കുന്നതു്. തന്നിമിത്തം അയാൾ ഈ ഭൂമിയിൽതന്നെ ഒരു സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നെന്നു പറയാം. ദൈവത്തിൽ ആനന്ദിക്കുക എന്നുള്ളതാണു് ഭാഗ്യത്തിൻെറ ആരംഭം.

2. ദൈവത്തെ സ്നേഹിക്കുന്നവർ എല്ലാ സൃഷ്ടികളെയുംകാൾ ദൈവത്തെ കൂടുതലായി സ്നേഹിക്കണം.

യുക്തിതന്നെ ഇതു നമുക്കു ബോദ്ധ്യപ്പെടുത്തി തരുന്നു. ദൈവത്തോടു തുലനം ചെയ്യുന്നതായാൽ ഏററവും താണപടിമുതൽ ഏററവും ഉയന്ന പടിവരെയുള്ള ജീവജാലങ്ങൾ നിസ്സാരങ്ങളാണു്. ഒരുതുള്ളി മഞ്ഞിനെ സമുദ്രത്തോടും, ഒരു മണൽത്തരിയെ ഭൂമിയോടും, ഉപമിക്കുമ്പോൾ നിസ്സാരംതന്നെ. എന്നാൽ, ദൈവതിരുമുമ്പാകെ സകല ജന്തുക്കളും മണൽത്തരിയോ മഞ്ഞുതുള്ളിയോപോലെയല്ല അതിലും നിസ്സാരം മാത്രമാണു്. ഇതിൽനിന്നും എല്ലാ വസ്തുക്കളെയുംകാൾ ദൈവത്തെ കൂടുതലായി സ്നേഹിക്കണമെന്നു് തെളിയുന്നു. എന്നെക്കാൾ കൂടുതലായി അപ്പനെയും അമ്മയെയും സ്നേഹിക്കുന്നവനും എന്നെക്കാൾ കൂടുതലായി മകനെയൊ മകളെയൊ സ്നേഹിക്കുന്നവനും

എനിക്കു യോഗ്യനല്ല. (മത്താ. x. 37.) ഈ വാക്കുകളിൽനിന്നും ഈ ഉപരിസ്നേഹം ഓരോരുത്തൎക്കും ഉണ്ടായിരിക്കണമെന്നു് മിശിഹാ നമ്മോടാവശ്യപ്പെടുന്നു എന്നു ഗ്രഹിക്കാമല്ലൊ. സ്നേഹത്തിലുള്ള ഈ മുൻഗണന പുണ്യവാന്മാരിൽ നാം ദൎശിക്കുന്നുണ്ടു്. വി. പൗലോസ് ശ്ലീഹാ നമ്മോടു ഉപദേശിക്കുന്നു: "ജീവിതത്തിനൊ മരണത്തിനൊ നമ്മെ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതിനു സാധിക്കയില്ല." (റോമാ. viii. 38, 39.) വി. ഫ്റാൻസീസ് സാലെസ് തന്നെ കുറിച്ചുതന്നെ ഇപ്രകാരം പറയുന്നു. "ദൈവത്തെക്കുറിച്ചും ദൈവത്തിനുവേണ്ടിയും അല്ലാത്ത ഒരു ചാച്ചിലിൻെറ രേഖ എൻെറ ഹൃദയത്തിൽ ഉള്ളതായി ഞാൻ അറിയുന്നപക്ഷം ഞാൻ അതിനെ ഉടനെ നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തെ സ്നേഹിക്കാതിരിക്കുകയൊ പൂൎണ്ണമായി തനിക്കു സ്വന്തമാകാതിരിക്കുകയൊ ചെയ്യുന്നതിനെക്കാൾ ഭേദം മരിക്കുകയാണു്."

സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും ഒരു വസ്തുവിനോടു്, ഉദാഹരണമായി പണത്തോടൊ വസ്തുക്കളോടൊ ആളിനോടൊ സ്വന്ത ജീവനോടൊ സ്നേഹമുണ്ടായിരിക്കുകയും അവയെ പരിത്യജിക്കണമെന്നുള്ളതു് ദൈവതിരുമനസ്സാണെന്നു ഗ്രഹിച്ചിട്ടും അതിനെ ത്യജിക്കാൻ മനസ്സില്ലാതിരിക്കുകയും ചെയ്യുന്നവൻ എല്ലാ വസ്തുക്കളെക്കാൾ ദൈവത്തെ സ്നേഹിക്കുന്നുവെന്നൊ, ക്രിസ്ത്രീയപൂൎണ്ണതയുടെയൊ, സുകൃതത്തിൻെറപോലുമോ വഴിയിൽക്കൂടി നടക്കുന്നുവെന്നോ പറയാവുന്നതല്ല. അതിനാൽ യാതൊരു സൃഷ്ടവസ്തുവിലും ക്രമാതീതമായ സ്നേഹം ഉണ്ടാകാതെ നാം സൂക്ഷിക്കുകയും, അപ്രകാരം ഉണ്ടെന്നു് കണ്ടുപിടിച്ചാൽ ദൈവവുമായി അവിഭാജ്യമായ സ്നേഹത്തിൽ ആയിരിക്കുന്നതിനു് ഉടൻതന്നെ അതിനെ നാം പരിവൎജ്ജിക്കുകയും ചെയ്യണം.

3. ദൈവത്തെ സ്നേഹിക്കുന്നവർ ദൈവമഹത്വത്തിനുവേണ്ടി തീക്ഷ്ണതയോടെ പ്രയത്നിക്കണം.

ഒരാളെ ഹാൎദ്ദവമായി നാം സ്നേഹിക്കുന്നെങ്കിൽ അയാൾ ബഹുമാനിക്കപ്പെടുകയോ നിന്ദിക്കപ്പെടുകയോ ചെയ്യുന്നതിനെക്കുറിച്ചു് നിഷ്പക്ഷ മനോഭാവം അവലംബിക്കുകയല്ല

നേരേമറിച്ച് അവൻ അർഹിക്കുന്ന വിധത്തിൽ എല്ലാവരാലും ബഹുമാനിക്കപ്പെടണമെന്ന് നാം ആഗ്രഹിക്കുകയും, അവന് എന്തെങ്കിലും ദ്രോഹം സംഭവിക്കുകയാണെങ്കിൽ അവൻെറ കാൎയ്യത്തിൽ നാം തല്പരരായിരിക്കുകയും, അവൻെറ ബഹുമാനത്തിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യും. നാം ദൈവത്തെ മുഴുഹൃദയത്തോടുകൂടി സ്നേഹിക്കുന്നുവെങ്കിൽ ഇപ്രകാരമുള്ള ഒരു മനഃസ്ഥിതിയായിരിക്കും നമുക്ക് അങ്ങയോടും ഉണ്ടായിരിക്കുക. എല്ലാ മനുഷ്യരും ദൈവത്തെ വേണ്ടവിധം ബഹുമാനിക്കണം എന്നുള്ളതായിരിക്കും നമ്മുടെ ഏററം വലിയ ആഗ്രഹം. ഇതിനെക്കാൾ കൂടുതലായി യാതൊന്നും ആൎക്കും ഒന്നുംതന്നെ ആഗ്രഹിക്കാനില്ല. തന്നെയുമല്ല, ദൈവനാമം നിന്ദിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നതായി കണ്ടാൽ നാം അത്യധികമായി പരിതപിക്കുകയും, നമ്മുടെ ശക്തിക്കനുസരണമായ വിധത്തിൽ ദൈവമഹത്വം പുലത്തുകയും ചെയ്യും. ദൈവത്തെ സ്നേഹിക്കുന്ന എല്ലാ ആത്മാക്കളും തൻെറ ബഹുമാനത്തെക്കുറിച്ച് തീവ്രമായി എരിയുന്നതിൻെറ കാരണം ഇതത്രെ. "നിൻെറ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു. നിന്നെ ദൂഷിച്ചവരുടെ ദൂഷണങ്ങൾ എൻെറമേൽ പതിച്ചു'' (സങ്കീൎത്തനം 68. 10.) എന്ന് നിലവിളിക്കുന്നതിന് ദാവീദിനെ പ്രേരിപ്പിച്ചതും ഈ തീക്ഷ്ണതയാണ്. ഇതേ തീക്ഷ്ണതയാൽ എരിഞ്ഞുകൊണ്ടാണ് "ഞാൻ വിലങ്ങുകളെയോ അരിഷ്ടതകളെയോ ഭയപ്പെടുന്നില്ല എന്നെക്കാൾ കൂടുതലായി എൻെറ ആയുസ്സിനെ ഞാൻ മതിക്കുന്നുമില്ല. തന്നിമിത്തം ദൈവാനുഗ്രഹത്തിൻെറ സുവിശേഷത്തിന് സാക്ഷി നൽകുന്നതിനായി ഈശോകത്താവിൽനിന്നും ഞാൻ സ്വീകരിച്ചിരിക്കുന്ന വചനത്തിൻെറ ശുശ്രൂഷയിൽ എൻെറ ജീവിതത്തെ ഞാൻ ബലികഴിക്കുന്നു" (നടപടി XX. 24.) എന്ന് വി. പൗലോസും പറഞ്ഞിട്ടുള്ളത്.

ഓരോ പാപത്താലും ദൈവതിരുനാമം അപമാനിക്കപ്പെടുന്നതുകൊണ്ട് നല്ല ക്രിസ്ത്യാനികൾ പാപത്തെയും അനീതിയെയും ഉന്മൂലനം ചെയ്യുന്നതിനും, തൽസ്ഥാനത്ത് പുണ്യവും ഭക്തിയുംപ്രചരിപ്പിക്കുന്നതിനും ബദ്ധശ്രദ്ധരാണ്. ഈ സ്തുത്യൎഹമായ ശ്രമത്തിൽ അവർ യാതൊരു യത്നത്തെയും ഭയപ്പെടുന്നില്ല.

എല്ലാവക കഷ്ടപ്പാടുകളും മർദ്ദനങ്ങളും സഹിക്കുന്നു; എന്നല്ല, അവരുടെ ജീവനെപ്പോലും ബലികഴിക്കുന്നു. വി. ദൊമിനീക്കോസിൻെറ സഭയിൽപെട്ട ജോൺ നൊവേല്ല എന്ന വൈദികൻെറ ജീവിതത്തിലെ ഒരു സംഭവം ഇതിനു് ഒരു നല്ല ഉദാഹരണമാണു്. അദ്ദേഹത്തിൻെറ വൈദികജീവിതം മുഴുവൻ ദൈവത്തിൻെറ സ്തുതിക്കായും ആത്മാക്കളുടെ രക്ഷക്കായും അതീവ തീക്ഷ്ണതയോടെ അദ്ദേഹം വ്യയംചെയ്തു. അദ്ദേഹം മരണപ്രമാദം അനുഭവിക്കുമ്പോൾ കുമ്പസാരം കേൾക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഒരാൾ അത്യാവശ്യമായി വന്നു് ആശ്രമമണി അടിച്ചു. ആ വൈദികനു് കുമ്പസാരം കേൾക്കാൻ സാധ്യമല്ല എന്നു് അയാളോടു പറയപ്പെട്ടു. എന്നാൽ ആ നല്ല വൈദികൻ അനുതാപിയുടെ ആഗ്രഹം അറിഞ്ഞു് അയാളെ തൻെറ പക്കലേക്കു് കൊണ്ടുവരുന്നതിനു് ആജ്ഞാപിച്ചു. അദ്ദേഹം മരണാസന്നനായിരുന്നെങ്കിലും അവിടെവെച്ചു കുമ്പസാരം കേൾക്കുകയും പാപമോചനം നൽകുകയും ഉടൻതന്നെ മരണം പ്രാപിക്കുകയുമാണു് ചെയ്തതു്. ദൈവസ്തുതിയെക്കുറിച്ചുള്ള എത്ര അത്ഭുതാവഹമായ തീക്ഷ്ണതയാണിതു്! ഇത്ര വീരപരാക്രമത്തോടെയുള്ള തീക്ഷ്ണത പ്രദർശിപ്പിക്കുന്നതിനു് സൌകൎയ്യക്കുറവാണെങ്കിലും സാഹചൎയ്യങ്ങൾക്കനുസരണമായ വിധത്തിൽ നാമും ശ്രമിക്കേണ്ടതാണു്. ഉദാഹരണമായി അജ്ഞാനികളുടെയും പതിതരുടെയും പാപികളുടെയും മാനസാന്തരത്തിനുവേണ്ടി പ്രാൎത്ഥിക്കുക, അവൎക്കുവേണ്ടി കുർബാന സ്വീകരണം മുതലായ ഭക്തകൃത്യങ്ങൾ നിൎവ്വഹിച്ചു് കാഴ്ചവയ്ക്കുക, സ്വന്ത സൂക്ഷത്തിനു് ഏല്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളെ ഭക്തിയിലും ദൈവപേടിയിലും വളൎത്തുക, സഹവാസികളെ വചനത്താലും പ്രവൃത്തിയാലും സുകൃതമാൎഗ്ഗത്തിൽ നടക്കുന്നതിനു് പ്രേരിപ്പിക്കുക, എന്നിങ്ങനെ ഓരോന്നെല്ലാം നമുക്കും ചെയ്യാവുന്നതാണല്ലൊ.

4. ദൈവത്തെ യഥാൎത്ഥമായി സ്നേഹിക്കുന്നവർ, ദൈവത്തെപ്രതി അയൽക്കാരെയും സ്നേഹിക്കണം.

അയൽക്കാരോടുള്ള സ്നേഹം ദൈവസ്നേഹത്തെ അടിസ്ഥാനപ്പെടുത്തി സ്ഥിതിചെയ്യണം. ദൈവസ്നേഹവും പരസ്നേഹവും തമ്മിൽ അവിഭാജ്യമായ വിധത്തിൽ യോജിപ്പി

ക്കപ്പെട്ടിരിക്കുന്നു. ജിനോവായിലെ വി. കത്രീനാ ഒരിക്കൽ ദൈവത്തോട്ട് ഇങ്ങനെ പറയുകയുണ്ടായി. "അല്ലയോ ദൈവമേ, എൻെറ അയൽക്കാരെ ഞാൻ സ്നേഹിക്കണമെന്ന് നീ ആജ്ഞാപിക്കുന്നു. എന്നാൽ നിന്നെയല്ലാതെ വേറാരെയും സ്നേഹിക്കുന്നതിന്ന് ഞാൻ കഴിവുള്ളവളല്ല." അതിന്ന് നമ്മുടെ ദിവ്യ രക്ഷകൻെറ മറുപടി "പ്രിയ മകളേ, എന്നെ സ്നേഹിക്കുന്നവൻ ഞാൻ സ്നേഹിക്കുന്നവയെയും സ്നേഹിക്കുന്നു" എന്നായിരുന്നു. ഈ വാക്കുകളിൽനിന്നും പരസ്നേഹം ദൈവസ്നേഹത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്നു തെളിയുന്നു. മാത്രമല്ല, ദൈവസ്നേഹം എവിടെയുണ്ടോ അവിടെ പരസ്നേഹവും ഉണ്ട്. സ്നേഹിക്കുന്നവൻ, തൻെറ സ്നേഹവിഷയമായ ആളിൽ ഉളവാകുന്ന സകലവിധ വികാരങ്ങളിലും ഭാഗഭാക്കാകുകയും അവൻ സ്നേഹിക്കുന്ന സകലത്തേയും സ്നേഹിക്കുകയും ചെയ്യുന്നു. വി. അല്ലോൻസുലിഗോരി പറയുന്നു. "ആരെങ്കിലും ഒരാളെ സ്നേഹിക്കുന്നെങ്കിൽ അയാളുടെ ചാർച്ചക്കാരെയും ഭൃത്യന്മാരെയും ചിത്രങ്ങളെയും വസ്ത്രങ്ങളെയും എന്നുവേണ്ട സകലത്തെയും സ്നേഹിക്കുന്നു. ഇതിൻെറ കാരണം തൻെറ സ്നേഹിതൻ ഇവയെല്ലാം സ്നേഹിക്കുന്നുവെന്നുള്ളതാണ്." ദൈവം എല്ലാ സൃഷ്ടികളെയും വിശേഷിച്ച് ബുദ്ധിയുള്ളവയെ സ്നേഹിക്കുന്നു എന്നാണ് വിശ്വാസം നമ്മെ പഠിപ്പിക്കുന്നത്. സ്നേഹത്താൽ അവയെ താൻ സൃഷ്ടിച്ചു. സ്നേഹത്താൽതന്നെ ഇഹത്തിലും പരത്തിലും അവശ്യാവശ്യമുള്ളവയെല്ലാം നിർവ്വഹിച്ചുകൊടുക്കുന്നു. തൻെറ ഏക പുത്രനെ അവരുടെ വീണ്ടെടുപ്പിനുവേണ്ടി തരുന്നതിനുപോലും ദൈവം തിരുമനസ്സാകത്തക്കവണ്ണം ലോകത്തെ താൻ അത്രമാത്രം സ്നേഹിച്ചു.

നാം ആത്മാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ നമ്മുടെ അയൽക്കാരനെയും സ്നേഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മുൻപ്രസ്താവിച്ചതുപോലെ സ്നേഹിക്കപ്പെടുന്നവൻെറ സകല വികാരങ്ങളിലും സ്നേഹിക്കുന്നവൻ പങ്കെടുക്കുന്നു എന്നുള്ളത് സ്നേഹത്തിൻെറ ഒരു സ്വഭാവമാണ്. അതുകൊണ്ട്, ദൈവസ്നേഹവും പരസ്നേഹവും തമ്മിൽ അവിഭാജ്യമാണ്. ആദ്യത്തേത് രണ്ടാമത്തേതു കൂടാതെ സുസാദ്ധ്യവുമല്ല. വി. യോഹന്നാൻ പറയുന്നു "സ്വസഹോദരനെ സ്നേഹിക്കാതെ ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറഞ്ഞാൽ അവൻ

വെറും കള്ളനാണ്. എന്തുകൊണ്ടെന്നാൽ ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവൻ എപ്രകാരം അദൃശ്യനായ ദൈവത്തെ സ്നേഹിക്കും?'' (1.യോഹ. iv. 20) അതിനാൽ, ഈ വിഷയത്തെപ്പററി സ്വന്ത മനസ്സാക്ഷിയെ പരിശോധിക്കുകയും എല്ലാവരോടും ദയവുള്ളവരും സ്നേഹമുള്ളവരും ആണോ എന്ന് നോക്കുകയും ചെയ്യുക. ഏവക്കും നന്മ വരണമെന്ന് ആഗ്രഹിക്കുന്നുണ്ടോയെന്നും സന്ദർഭംപോലെ അന്യക്ക് കാരുണ്യത്തിൻെറ പ്രവൃത്തികൾ ചെയ്തുകൊടുക്കുന്നുണ്ടോയെന്നും നോക്കുക. എന്തെന്നാൽ ഇതിൽനിന്നും ദൈവത്തെ നാം യഥാത്ഥമായി സ്നേഹിക്കുന്നുണ്ടോ എന്നും പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നുണ്ടോ എന്നും അനുമാനിക്കാം.

---

## 2. ക്രിസ്തീയജീവിതവും അതിൻെറ ആവശ്യകതയും

[മനുഷ്യൻെറ ജന്മോദ്ദേശ്യം നിത്യഭാഗ്യമാണ്– അതു പ്രാപിക്കാനുള്ള മാർഗ്ഗം ക്രിസ്തീയജീവിതമത്രെ– ക്രിസ്തീയ ജീവിതമാകട്ടെ, ദൈവവിശ്വാസം, ക്രിസ്തുവിശ്വാസം, പ്രസാദവരജീവിതം, പ്രമാണാനുസരണം എന്നിവയിൽ അടങ്ങിയിരിക്കുന്നു.]

### 1. മനുഷ്യൻെറ ജന്മോദ്ദേശ്യവും അതിൻെറ പ്രാപ്തിക്കുള്ള മാർഗ്ഗവും

ആത്മശരീരങ്ങളോടുകൂടിയ ഒരു സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യൻെറ ആത്മാവിനു ഓർമ്മ ബുദ്ധി മനസ്സു എന്ന തത്വങ്ങളും, ശരീരത്തിനു കണ്ണു, ചെവി, നാവു തുടങ്ങിയ പഞ്ചേന്ദ്രിയങ്ങളും ഉണ്ടെന്നു അനുഭവം നമ്മെ പഠിപ്പിക്കുന്നു. കൂടാതെയും, നന്മതിന്മകളെ യഥേഷ്ടം തെരിഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും മനുഷ്യനുണ്ട്. ഈ സ്വാതന്ത്ര്യത്തെ തിന്മ വജ്ജിച്ചു നന്മ പ്രവത്തിക്കുന്നതിനായി മനുഷ്യൻ വിനിയോഗിക്കേണ്ടതാണെന്നു സുബുദ്ധി നമുക്കു കാണിച്ചുതരുന്നു. മനുഷ്യൻെറ ആത്മശരീരങ്ങളിൽ ആത്മാവാണ് പ്രാധാന്യം അർഹി

ക്കുന്നതു്. എന്തെന്നാൽ ഇതത്രെ ശരീരത്തെ സജീവമാക്കിത്തീക്കുന്നതും, മനുഷ്യൻെറ സമസ്ത പ്രവൃത്തികളുടെയും മൂലമായി നിലകൊള്ളുന്നതും, എന്നുവേണ്ട മനുഷ്യനെ ഇതര സൃഷ്ടികളിൽനിന്നും വ്യത്യസ്തനാക്കിത്തീക്കുന്നതും. മരണം വഴിയായി ആത്മാവു ശരീരത്തിൽനിന്നും പിരിഞ്ഞുകഴിഞ്ഞാൽ തൽക്ഷണം ശരീരം നിർജ്ജീവവും പ്രവത്തനരഹിതവും ആയിത്തീരുന്നു. ഇതു നമ്മുടെ കണ്ണുകൾകൊണ്ടു നാം കാണുന്നതാണു്. എന്നാൽ ആത്മാവിൻെറ സ്ഥിതി ഇതല്ല. അതു അരൂപിയും തന്മൂലം മരണമില്ലാത്തതുമാണു്. ഇതു നമ്മുടെ കണ്ണുകൾകൊണ്ടു നാം കാണുന്നില്ലെങ്കിലും, സുബുദ്ധി ഒരുനൂറു ന്യായങ്ങളാൽ നമുക്കു തെളിയിച്ചു കാട്ടിത്തരുന്നുണ്ടു്. ആത്മാവു വേർപിരിഞ്ഞ ശരീരം ചീഞ്ഞഴിഞ്ഞു മണ്ണോടുമണ്ണായിത്തീരുന്നു. ഇതും നമ്മുടെ കണ്ണുകൊണ്ടു നാം കാണുന്നതാണു്. എന്നാൽ ശരീരത്തിൽനിന്നും വേർപിരിഞ്ഞ ആത്മാവിൻെറ സ്ഥിതിയെന്തു്? അതെവിടേക്കു പോകുന്നു? അതു അരൂപിയാകയാൽ വേർതിരിക്കപ്പെടാവുന്ന ഭാഗങ്ങൾ അതിനില്ല. തന്മൂലം, അതു നശിക്കയില്ല. അതു വിനാശരഹിതമാണു്, മരണമില്ലാത്തതാണു്. അങ്ങനെയെങ്കിൽ, മൃത്യുരഹിതമായ മനുഷ്യാത്മാവു മരണാനന്തരം എവിടെയായിരിക്കും സ്ഥിതിചെയ്യുക. അതു പരത്തിൽ ദൈവത്തോടുകൂടെ എന്നന്നേക്കും ഭാഗ്യമനുഭവിക്കുന്നതാണു്. "ഭൂമിയിൽനിന്നു എടുത്ത പൊടി അവിടേക്കുതന്നെ പിന്തിരിയുന്നു. എന്നാൽ അരൂപിയാകട്ടെ അതു പ്രദാനം ചെയ്യുവനായ ദൈവത്തിൻപക്കലേക്കു പോകുന്നു" (Eccles xii. 7) എന്നത്രെ വിശുദ്ധ ഗ്രന്ഥം പ്രസ്താവിക്കുന്നതു്.

ശരീരത്തിൽനിന്നു പിരിയുന്ന സകല ആത്മാക്കളും സ്രഷ്ടാവായ ദൈവത്തിൻപക്കലേക്കു പോയി തന്നോടുകൂടെ നിത്യഭാഗ്യം അനുഭവിക്കുമെന്നാണോ പ്രസ്താവിത വേദവാക്യത്തിൽനിന്നും ഗ്രഹിക്കേണ്ടതു്? അങ്ങനെ മനസ്സിലാക്കുവാൻ സുബുദ്ധിയും വേദപുസ്തകത്തിലെ ഇതര പ്രസ്താവനകളും അനുവദിക്കുന്നില്ല. എന്തെന്നാൽ, നന്മതിന്മകളെ തിരിച്ചറിയുന്നതിനുവേണ്ട വിവേചനാശക്തിയോടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനഃസ്വാതന്ത്ര്യമുള്ള മനുഷ്യൻ തൻെറ ആ സ്വാതന്ത്ര്യത്തെ ഈ ജീവിതത്തിൽ തിന്മയ്ക്കായി ഉപയോഗിച്ചാലും മരണാനന്തരം

അവൻെറ ആത്മാവ്. സ്രഷ്ടാവായ ദൈവത്തിൻപക്കലേക്കു പോയി തന്നോടുകൂടെ നിത്യഭാഗ്യം അനുഭവിക്കുമെന്നു പറയുവാൻ സുബുദ്ധി സമ്മതിക്കയില്ല. മാത്രമല്ല, മരണാനന്തരം ദൈവത്തെ പ്രാപിക്കുവാൻ ആശിക്കുന്നവൻ ഈ ജീവിതത്തിൽ അങ്ങയെ അറിയുകയും സ്നേഹിക്കുകയും തൻെറ കല്പനകളെ അനുസരിക്കുകയും ചെയ്യണമെന്നു വേദപുസ്തകം പ്രകടമായി പ്രസ്താവിക്കുന്നുമുണ്ട്. "പിതാവേ... ഏക സത്യദൈവമായ നിന്നെയും, നീ യാത്രയാക്കിയ ഈശോമിശിഹായെയും അറിയുന്നതാകുന്നു നിത്യജീവൻ." (Jn. xvii. 3.) "യാതൊരുവൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ എൻെറ വചനം കാത്തുകൊള്ളും." (Jn. xiv. 23.) "ആയുസ്സിൽ പ്രവേശിപ്പാൻ നീ മനസ്സാകുന്നുവെങ്കിൽ, പ്രമാണങ്ങൾ അനുസരിച്ചുകൊൾക" (Mt. xix. 17) എന്നിങ്ങനെയുള്ള വേദവാക്യങ്ങൾക്കനുസരണമായി സത്യദൈവത്തെയും, മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി വന്ന ദൈവത്തിൻെറ ഏക ജാതനായ ഈശോമിശിഹായെയും അറിഞ്ഞും സ്നേഹിച്ചും തൻെറ കല്പനകൾ അനുസരിച്ചും ജീവിപ്പാൻ എല്ലാ മനുഷ്യർക്കും ഒഴിച്ചുകൂടാത്ത കടമയുണ്ട്. കാരണം, ശരീരത്തിൽനിന്നു പിരിയുന്ന ആത്മാവ് അതിനെ പ്രദാനംചെയ്ത സ്രഷ്ടാവിൻപക്കലേക്കുതന്നെ പോകണമെങ്കിൽ ഇങ്ങനെയുള്ള ഒരു ജീവിതം അവശ്യാവശ്യമാണ്. ഈദൃശമായ ഒരു ജീവിതമാകുന്നു യഥാൎത്ഥമായ ക്രിസ്തീയജീവിതം. അതിനാൽ, ഏവരും പഠിച്ചറിഞ്ഞു പ്രാവൎത്തികമാക്കേണ്ട പരിപാവനമായ ഈ ക്രിസ്തീയ ജീവിതത്തിൻെറ വിവിധ വശങ്ങളെക്കുറിച്ചു ഇതിനുപരി നമുക്കു ചിന്തിക്കാം.

## 2. ദൈവവിശ്വാസം

### a) ദൈവവിശ്വാസത്തിൻെറ ആവശ്യകത.

യഥാൎത്ഥമായ ക്രിസ്തീയജീവിതം നയിക്കുന്നതിനു ഒന്നാമതായിത്തന്നെ നാം ദൈവത്തെ അറിയണം. "പിതാവേ,... ഏക സത്യദൈവമായ നിന്നെയും, നീ യാത്രയാക്കിയ ഈശോമിശിഹായെയും അറിയുന്നതാകുന്നു നിത്യജീവൻ." (Jn. xvii. 3) എന്നാൽ, ദൈവത്തെ എങ്ങനെയാണ് നാം അറിയുക? ദൈ

വം ആയിരിക്കുന്ന വിധത്തിലോ? അതു നമുക്കു സാദ്ധ്യമല്ല. എന്തെന്നാൽ വി. ശ്ലീഹാ പറയുന്നതുപോലെ "തൻെറ പക്കലേക്കു സമീപിക്കുവാൻ മനുഷ്യർക്ക് സാധിക്കാത്തവണ്ണം പ്രകാശത്തിൽ വസിക്കുന്നവനും, മനുഷ്യരിൽ ഒരുവനും തന്നെ കാണുകയാകട്ടെ, തന്നെക്കാണാൻ കഴിയുകയാകട്ടെ ചെയ്യാത്തവനും ആകുന്ന ദൈവം." (I. Tim. vi. 16.) പിന്നെ, എങ്ങനെയാണ് ദൈവത്തെ അറിയുക? ദൈവംതന്നെ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള വിധത്തിൽ. സൃഷ്ടവസ്തുക്കൾ വഴിയായും, വെളിപാടുകൾമൂലമായും, മനുഷ്യാവതാരം ചെയ്ത ദൈവസുതൻ വഴിയായും തൻെറ അസ്തിത്വം ദൈവംതന്നെ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. ഈ മാർഗ്ഗങ്ങളിൽക്കൂടെയത്രെ നാം ദൈവത്തെ അറിയുകയും, അനന്തജ്ഞാനവും വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ വഹിയാത്ത നിത്യസത്യവുമായ ദൈവത്തിൻെറ വാക്കുകളിൽ ഉറച്ചുകൊണ്ട്, ദൈവത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യേണ്ടതു്. അതേ, എളിമയോടുകൂടിയ പ്രാർത്ഥനയും ഉത്സാഹപൂർവ്വമുള്ള പഠനവും വഴിയായി ദൈവജ്ഞാനവും ദൈവവിശ്വാസവും സമ്പാദിക്കാൻ നാം ശ്രമിക്കണം.

ദൈവവിശ്വാസം നിത്യരക്ഷയ്ക്കുതന്നെയും അത്യാവശ്യമാണ്. "വിശ്വാസംകൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. എന്തെന്നാൽ, ദൈവത്തിൻപക്കലേയ്ക്കു അടുക്കുന്നവൻ ദൈവം ഉണ്ടെന്നും, തന്നെയന്വേഷിക്കുന്നവർക്ക് അവിടുന്നു പ്രതിഫലം നൽകുന്നവനാണെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു." (Heb. xi. 6.) "നീതിമാൻ വിശ്വാസംകൊണ്ടു ജീവിക്കുന്നു" (Rom. i. 17) എന്നു് വി. ശ്ലീഹായും, "വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെടും (Mc. xvi. 16) എന്നു ദിവ്യരക്ഷകൻതന്നെയും ഉൽബോധിപ്പിക്കുന്നു. "ദൈവഭവനത്തിൻെറ അടിസ്ഥാനം വിശ്വാസമാകുന്നു" എന്നാണ് വി. അഗസ്റ്റീനോസിൻെറ പ്രബോധനം. സർവ്വവല്ലഭനും അനന്തദയാനിധിയുമായ ദൈവത്തിൻെറ വാഗ്ദാനങ്ങളിൽ പ്രതീക്ഷിക്കുന്നതിനും, സർവ്വനന്മയായ തന്നെ സ്നേഹിക്കുന്നതിനും, ഏതന്മൂലം ദൈവത്തിനുവേണ്ടി എന്തും പ്രവർത്തിക്കുന്നതിനും സഹിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നതും ഈ ദൈവവിശ്വാസമത്രെ. നിത്യരക്ഷ കരസ്ഥമാക്കുന്നതിനു ദൈവപ്രമാണങ്ങ

ളുടെ അനുസരണവും കൃപാമാൎഗ്ഗങ്ങളായ കൂദാശകളുടെ സ്വീകരണവുംകൂടെ അവശ്യാവശ്യമാണെങ്കിലും, ദൈവവിശ്വാസമില്ലാത്ത ഒരുവൻ ദൈവപ്രമാണങ്ങളെ അനുസരിക്കുകയാകട്ടെ, കൂദാശകൾ സ്വീകരിക്കയാകട്ടെ ചെയ്യുകയില്ല. ഇതിൽനിന്നും ദൈവവിശ്വാസത്തിന്റെ പ്രാധാന്യവും ആവശ്യകതയും ഗ്രഹിക്കാവുന്നതാണല്ലോ.

b) സൃഷ്ടികളിൽനിന്നും സ്രഷ്ടാവിനെ-ദൈവത്തെ-അറിയുക.

നമ്മുടെ ദൃഷ്ടിയിൽ പെടുന്ന ഈ പ്രപഞ്ചത്തെപ്പററി- അതിന്റെ ഉത്ഭവകാരണം അതിലെ ക്രമീകരണം, ആദിയായവയെക്കുറിച്ചു്- സത്യാന്വേഷണബുദ്ധിയോടും വിനയസമന്വിതമായ പ്രാൎത്ഥനയോടുംകൂടി നാം ആരായുന്നപക്ഷം ദൈവത്തിന്റെ അസ്തിത്വവും ലക്ഷണങ്ങളും, തന്നോടുള്ള നമ്മുടെ കടപ്പാടുകളും കണ്ടുഗ്രഹിക്കുവാൻ നമുക്കു സാധിക്കും. എങ്ങനെയെന്നാൽ, 'കാരണംകൂടാതെ കാൎയ്യമില്ല' എന്ന തത്വമനുസരിച്ചുനോക്കുമ്പോൾ, ഇത്ര വിപുലവും ഇത്ര ക്രമീകൃതവുമായ ഈ പ്രപഞ്ചത്തിനു ഒരു കാരണഭൂതനും ക്രമീകരണകൎത്താവും ഉണ്ടായിരിക്കണമെന്നു സുബുദ്ധി നമുക്കു കാണിച്ചുതരുന്നു. അങ്ങനെതന്നെ, നമ്മുടെ ദൃഷ്ടിയിൽപെടുന്ന വസ്തുക്കളെല്ലാം പരാശ്രിതങ്ങളും അപൂൎണ്ണങ്ങളും ആയിരിക്കുന്ന സ്ഥിതിക്കു്, അവശ്യംഭവവും പരിപൂൎണ്ണവുമായ ഒരു വസ്തു ഉണ്ടായേ മതിയാവൂ എന്നും യുക്തികാണിച്ചുതരുന്നു. കൂടാതെയും, സാന്മാൎഗ്ഗികനിയമങ്ങളും പ്രതിഫലബോധവും ഒരു പരമ നിയമദാതാവിന്റെയും വിധികൎത്താവിന്റെയും അസ്തിത്വത്തെയും, പ്രകൃതിക്കതീതമായി ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളും പ്രവചനങ്ങളും ഒരു പ്രകൃത്യതീതശക്തിയുടെ അസ്തിത്വത്തെയും തെളിയിക്കുന്നു. ഈ പരമനിയമദാതാവും ഈ പ്രകൃത്യതീത ശക്തിയുമാണു് ദൈവം.

ഈ പ്രപഞ്ചത്തെപ്പററിയുള്ള ചിന്ത, ഒരു പരമ സത്തയുടെ- ദൈവത്തിന്റെ- അസ്തിത്വം മാത്രമല്ല, തന്റെ ഗുണലക്ഷണങ്ങൾകൂടെയും നമുക്കു കാണിച്ചുതരുന്നുണ്ടു്. അതായതു്, ആ പരമസത്ത സൎവ്വത്തിന്റെയും ആദികാരണമാണു്- സൎവ്വഗുണ സമ്പൂൎണ്ണനാണു്- തന്മൂലം ഏകനാണു്- അശരീരിയും അവിഭാജ്യനുമാണു്- സൎവ്വവ്യാപിയും, സൎവ്വജ്ഞാനിയും, സൎവ്വ

 13981.

ശക്തനുമാണ് എന്നൊക്കെ— ഇതിനാലത്രെ "ദൈവത്തിൻെറ അദൃശ്യ (ലക്ഷണ)ങ്ങളും തൻെറ നിത്യമായ ദൈവത്വവും ആക്കം ഒഴികഴിവു പറയുവാൻ വഹിയാത്തവണ്ണം അവൻെറ സൃഷ്ടികൾക്കു ലോകസ്ഥാപനംമുതൽ ബുദ്ധിമുഖേന കാണപ്പെട്ടുകൊണ്ടിരിക്കുന്നു" (റോമ. i. 20) എന്നു വി. ശ്ലീഹായും "ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ പ്രകീർത്തിക്കുന്നു. ആകാശത്തട്ടു അവൻെറ കരങ്ങളുടെ പ്രവൃത്തിയും അറിയിക്കുന്നു" (സങ്കീ. xviii. 1) എന്നു രാജദീർഘദർശിയും പ്രസ്താവിക്കുന്നതു്.

ചരിത്രം സാക്ഷിക്കുന്നതുപോലെ പരിഷ്കൃതരും അപരിഷ്കൃതരുമായ എല്ലാജാതി ജനങ്ങളും എക്കാലത്തും പ്രപഞ്ചകർത്താവായി ഒരു പരാപരശക്തിയുണ്ടെന്നു വിശ്വസിച്ചിരുന്നതും ആ ദിവ്യശക്തിക്കു പ്രാർത്ഥനകളും അർച്ചനകളും സമർപ്പിച്ചിരുന്നതും മനുഷ്യരുടെ സർവ്വവ്യാപകമായ ദൈവവിശ്വാസത്തെയത്രെ തെളിയിക്കുന്നതു്. ഇത്തരുണത്തിൽ സുപ്രസിദ്ധനായ പ്ളൂട്ടാക്കിൻെറ വാക്കുകൾ ശ്രദ്ധേയങ്ങളാണ്. അദ്ദേഹം പറയുന്നു: "നിങ്ങൾ ലോകമാസകലം സഞ്ചരിക്കുക. കോട്ടകളോ രാജാക്കളോ ഇല്ലാത്ത നഗരം നിങ്ങൾ കണ്ടുവെന്നു വരാം. ഗൃഹം, ധനം, ഐശ്വര്യം എന്നിവയെക്കുറിച്ചു കേട്ടുകേൾവിപോലുമില്ലാത്ത കാട്ടാളജാതിക്കാരെ നിങ്ങൾ കണ്ടെത്തിയേക്കാം. നാടകശാലകളോ, കായികാഭ്യാസക്കളരികളോ ഇല്ലാത്ത പട്ടണങ്ങളെയും നിങ്ങൾ കണ്ടേക്കാം. എന്നാൽ, ദേവാലയങ്ങളും, ദേവന്മാരുമില്ലാത്തതും അനുഗ്രഹലബ്ധിക്കായും പാപമോചനത്തിനായും നേർച്ചകളും പ്രാർത്ഥനകളും ബലികളും അർപ്പിക്കപ്പെടാത്തതുമായ ഒരു നഗരത്തെയോ ജാതിയെയോ നിങ്ങൾ കാണുകയില്ല."

c) ദൈവവെളിപാടിൽനിന്നും ദൈവത്തെ അറിയുക.

മനുഷ്യനു സുബുദ്ധികൊണ്ടു് ദൈവത്തിൻെറ അസ്തിത്വവും ഗുണലക്ഷണങ്ങളും കണ്ടുപിടിക്കാനും, ദൈവത്തോടുള്ള തൻെറ കടപ്പാടു ഗ്രഹിക്കാനും, തദനുസരണം ദൈവത്തെ സ്നേഹിച്ചു സേവിപ്പാനും കഴിയുമെന്നിരുന്നാലും, അതു അത്ര എളുപ്പമല്ല, പ്രത്യേകിച്ചും മനുഷ്യൻെറ ഇപ്പോഴത്തെ അധഃപതിച്ച നിലയിൽ. മനുഷ്യൻെറ കിഞ്ചിജ്ഞതയും, വൈരാഗ്യബുദ്ധിയും,

ലോകായതികത്വവും ഈ മഹനീയകൃത്യത്തിൻെറ നിവ്വഹണത്തിൽ അവനെ വഴിതെററിക്കുമെന്നു ലോകചരിത്രം തെളിയിക്കുന്നു. അതിനാൽ ബലഹീനനായ മനുഷ്യനെ അവൻെറ പരമാന്ത്യപ്രാപ്തിയിൽ സഹായിക്കുന്നതിനായി സ്രഷ്ടാവായ ദൈവം ആദിമനുഷ്യനായ ആദത്തിൻെറ കാലംമുതൽ പലേ ഘട്ടങ്ങളിലും തന്നെത്തന്നെയും, തൻെറ ലക്ഷണങ്ങളെയും, തന്നെ സ്നേഹിച്ചുസേവിപ്പാൻ മനുഷ്യനുള്ള കടമയെയും, ഈ കടമ നിവ്വഹിക്കുന്നതിനുള്ള വിവിധ മാൎഗ്ഗങ്ങളെയും രീതികളെയും ഓരോ വിധത്തിൽ കരുണാപുരസ്സരം മനുഷ്യനു വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. ഒടുവിൽ കാലത്തിൻെറ തികവിൽ ഇതേ കാൎയ്യസാദ്ധ്യത്തിനായി തൻെറ ഏകജാതനായ ദൈവപുത്രനെത്തന്നെയും ലോകത്തിലേക്കു യാത്രയാക്കുവാൻ അവിടുന്നു ചിത്തമായി. വി. ശ്ലീഹാ പറയുന്നു: "ദൈവം പണ്ടു നമ്മുടെ പിതാക്കന്മാരോടു എല്ലാ പ്രകാരത്തിലും എല്ലാ വിധത്തിലും പ്രവാചകന്മാർ മുഖേന സംസാരിച്ചു. ഈ അവസാന നാളുകളിൽ താൻ ആരെ സകലത്തിൻെറയും അവകാശിയായി സ്ഥാപിച്ചിരിക്കുന്നുവോ, ആർ മൂലം ലോകങ്ങളെ ഉണ്ടാക്കിയോ, ആ തൻെറ പുത്രൻ മുഖേന അവൻ നമ്മോടു സംസാരിച്ചിരിക്കുന്നു. അവൻ അവൻെറ മഹത്വത്തിൻെറ പ്രഭയും അവൻെറ സത്തയുടെ പ്രതിമയും തൻെറ വചനത്തിൻെറ ശക്തിയാൽ സവ്വവും അടക്കിയിരിക്കുന്നവനുമാകുന്നു." (Heb. i. 1-3.) അതേ, മനുഷ്യനായി അവതരിച്ച ദൈവസുതൻ ദൈവത്തിൻെറ ഏററം വലിയ വെളിപാടാകുന്നു, അഥവാ ദൈവവെളിപാടുകളുടെയെല്ലാം സംഗ്രഹമാകുന്നു. അവിടുത്തെ പ്രബോധനങ്ങളും ജീവിതമാതൃകകളോരോന്നും ദൈവത്തിൻെറ വെളിപാടുകൾതന്നെ ആണെന്നു പറയാം.

d) ദൈവസുതനിൽനിന്നും ദൈവത്തെ അറിയുക.

ലോകരക്ഷകനായ മിശിഹാ തൻെറ ഒടുവിലത്തെ അത്താഴസമയം എത്രയും ഹൃദ്യമായവിധം ദൈവത്തെക്കുറിച്ചു സംസാരിക്കുകയുണ്ടായി. ആ അന്ത്യഭോജനവേളയിൽ ദൈവത്തെ 'പിതാവേ' എന്ന മധുരനാമത്താൽ അമ്പതിൽപ്പരം പ്രാവശ്യം താൻ അഭിസംബോധനം ചെയ്തതിൽനിന്നുതന്നെ ഇതു നമുക്കു ഗ്രഹിക്കാം. ദൈവപിതാവിനെക്കുറിച്ചുള്ള ഈശോ

യുടെ ഈ മധുരഭാഷണം ശ്രവിച്ച 12 ശിഷ്യരിൽ ഒരുവനായ വി. പീലിപ്പോസ് ഈശോയോടു പറഞ്ഞു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക; ഞങ്ങൾക്കു അതു മതി." (യോഹ. xiv. 8.) അതിനുത്തരമായി ദിവ്യഗുരു അരുളിച്ചെയ്യുന്നു: "ഇക്കാലമെല്ലാം ഞാൻനിങ്ങളോടുകൂടിയിരുന്നിട്ടും, പീലിപ്പാ, നീ എന്നെ അറിയുന്നില്ലയോ? എന്നെക്കാണുന്നവൻ പിതാവിനെയും കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക എന്നു നീ പറയുന്നതെങ്ങനെ? ഞാൻ എൻെറ പിതാവിലും, എൻെറ പിതാവു എന്നിലും ആകുന്നുവെന്നും ഞാൻ പറയുന്ന വാക്കുകൾ ഞാൻ സ്വന്തമായിട്ടല്ല പറയുന്നതെന്നും എന്നിൽ വസിക്കുന്ന എൻെറ പിതാവുതന്നെ ഈ പ്രവൃത്തികൾ ചെയ്യുന്നുവെന്നും നീ വിശ്വസിക്കുന്നില്ലയോ? ഞാൻ എൻെറ പിതാവിലും എൻെറ പിതാവു എന്നിലും ആകുന്നുവെന്നു നിങ്ങൾ വിശ്വസിക്കുവിൻ. അല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തമെങ്കിലും നിങ്ങൾ വിശ്വസിപ്പിൻ." (യോഹ. xiv. 9–11.)

ദൈവസുതൻെറ ഈ തിരുവാക്കുകളിൽനിന്നും പ്രസ്പഷ്ടമാകുന്നതുപോലെ അവിടുന്നു ദൈവത്തിൻെറ വെളിപാടാകുന്നു. താൻവഴി ഇതാ ദൈവം നമുക്കു സ്വയം വെളിപ്പെടുത്തിത്തന്നിരിക്കുന്നു. മനുഷ്യനായ ദൈവസുതനെ കാണുന്നവൻ അദൃശ്യനായ ദൈവത്തെത്തന്നെ കാണുന്നു. "എന്നെക്കാണുന്നവൻ പിതാവിനെയും കാണുന്നു." (യോഹ. xiv. 9.) ബേത്ലഹേം ഗുഹയിലെ പുൽത്തൊട്ടിയിൽ പിള്ളക്കച്ചകളാൽ ചുററപ്പെട്ടുകിടക്കുന്ന ആ ദിവ്യശിശുവിനെ കാണുന്നവൻ ദൈവ"പിതാവിനെയും കാണുന്നു." നസ്രസിലെ ചെറുഭവനത്തിൽ അടുക്കളവേലയും ആശാരിപ്പണിയും ചെയ്യുന്ന ആ ചെറുബാലനെ കാണുന്നവൻ "പിതാവിനെയും കാണുന്നു." പലസ്തീനായിലെ കുന്നിൻചെരിവുകളിലും ഊടുവഴികളിലുംകൂടി സഞ്ചരിച്ച് സകലക്കും നന്മചെയ്തുകൊണ്ടും സകലരോടും ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടും നടക്കുന്ന ആ പരോപകാരതല്പരനെ കാണുന്നവൻ "പിതാവിനെയും കാണുന്നു." ഗാഗുൽത്താ മലമുകളിൽ കുരിശുമരത്തിൽ തൂങ്ങി മരണമടയുന്ന ആ മനുഷ്യസ്നേഹിയെ കാണുന്നവൻ "പിതാവിനെയും കാണുന്നു." അവിടുന്നു വീണ്ടും അരുളിച്ചെയ്യുന്നു: "ഞാൻ പിതാവിനെ അറിയുന്നു." (Jn. x. 15.) "ഒരു മനുഷ്യനും ദൈവത്തെ ഒരിക്കലും

കണ്ടിട്ടില്ല. തൻെറ പിതാവിൻെറ മടിയിൽ ഇരിക്കുന്ന ഏകജാതനായ ആ ദൈവം (അവനെ) അറിയിച്ചു.'' (Jn. i. 18) ''പിതാവല്ലാതെ ഒരുവനും പുത്രനെ അറിയുന്നില്ല. പുത്രനും, പുത്രൻ ആൎക്കു വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നുവോ അവനും അല്ലാതെ ഒരുവനും പിതാവിനെയും അറിയുന്നില്ല.'' (Mt. xi. 27.) തന്നിമിത്തം, ദൈവത്തെ അറിയുന്നതിനുള്ള ഏററം എളുപ്പവും പ്രമാദരഹിതവുമായ മാർഗ്ഗം ദൈവത്തിൻെറ ഏററം വലിയ വെളിപാടായ അഥവാ ദൈവവെളിപാടുകളുടെ സംഗ്രഹമായ ദൈവസുതനെ ശ്രവിക്കുന്നതും തന്നെ പഠിച്ചറിയുന്നതുമാകുന്നു.

## 3. ക്രിസ്തുവിശ്വാസം

സ്രഷ്ടാവായ ഏക സത്യദൈവത്തെയും, രക്ഷകനായ ഈശോമിശിഹായെയും അറിയുന്നതിലാണ് നിത്യജീവൻ അടങ്ങിയിരിക്കുന്നതെന്നാണല്ലൊ ആരംഭത്തിൽ പ്രസ്താവിച്ചത്. അതിനാൽ ദൈവത്തെപ്പററി കണ്ടശേഷം, ഇനി മിശിഹായെപ്പററി— ക്രിസ്തുനാഥനെപ്പററി— കുറഞ്ഞൊന്നു നമുക്കു ചിന്തിക്കാം.

### a) ക്രിസ്തു ആരാകുന്നു? മനുഷ്യനായ ദൈവം

ക്രിസ്തു ആരാണെന്നറിയുന്നതിന് മനുഷ്യവൎഗ്ഗത്തിൻെറ ആദ്ധ്യാത്മികവശത്തെപ്പററി സ്വല്പം ചിന്തിക്കേണ്ടതു ആവശ്യമാണ്. മനുഷ്യവൎഗ്ഗത്തിൻെറ പിതാവായ ആദത്തെ ദൈവം സൃഷ്ടിച്ചപ്പോൾ, മനുഷ്യനു സഹജമായ സ്വാഭാവികസ്ഥിതിയിൽ അവനെ നിലനിൎത്താതെ, സ്വഭാവാതീതമായ ഒരു സ്ഥിതിയിലേക്കു— പ്രസാദവരസ്ഥിതിയിലേക്കു— അതേ ഒരു ദൈവികസ്ഥിതിയിലേക്കു സൃഷ്ടികൎമ്മത്തോടുകൂടെത്തന്നെ അവിടുന്നു അവനെ ഉയൎത്തുകകൂടെയും ചെയ്തു. എന്തുകൊണ്ടു? ദൈവം നല്ലവനായതുകൊണ്ടുമാത്രം. എന്തിന്? സൎവ്വനന്മയായ തൻെറ നിത്യജീവിതത്തിലും ഭാഗ്യത്തിലും മനുഷ്യനും പങ്കുകൊടുക്കുവാൻവേണ്ടി. അതേ, മനുഷ്യനെ, ദൈവത്തോടുള്ള വിസ്മയനീയമായ ഐക്യം വഴിയായി ദൈവികജീവനിൽ പങ്കുകാര

നും, ദൈവത്തിൻെറ ദത്തുപുത്രനും, സ്വർഗ്ഗത്തിനു അവകാശിയും ആക്കിത്തീക്കുന്നതിനുതന്നെ. ഇതത്രെ കൃപാവരം സംബന്ധിച്ചുള്ള ദൈവരഹസ്യം. സ്നേഹത്താൽമാത്രം പ്രേരിതനായി, സ്വതന്ത്രമായി മനുഷ്യനെ സൃഷ്ടിച്ച ദൈവമാകട്ടെ, മനുഷ്യനും സ്വതന്ത്രമായി തന്നെ സ്നേഹിച്ചു് സേവിച്ചു് സ്വർഗ്ഗാവകാശം പ്രാപിക്കണമെന്നത്രെ ചിത്തമായതു്. എന്നാൽ നിർഭാഗ്യമേ, ആദം തൻെറ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചു് പാപം പിഴച്ചു ദൈവത്തിൽനിന്നും അകന്നുപോയി. അതിൻെറ അവശ്യഫലമായി അവൻ തനിക്കു ലബ്ധമായിരുന്ന ദൈവികജീവനും, ദൈവപുത്രപദവിയും, സ്വർഗ്ഗാവകാശവും എന്നേക്കുമായി നഷ്ടപ്പെടുത്തി ദൈവത്തിൻെറ ശത്രുവായി പരിണമിച്ചു. മാത്രമോ? മനുഷ്യവർഗ്ഗത്തിൻെറ ആ പിതാവിനു വന്നുഭവിച്ച ഈ ദുരദൃഷ്ടങ്ങൾക്കു മനുഷ്യവർഗ്ഗം മുഴവനുംകൂടെയും വിധേയമായി. ഇങ്ങനെ പാപത്തിനും നിത്യനാശത്തിനും അധീനമായിത്തീർന്ന മനുഷ്യവർഗ്ഗത്തിൽപെട്ട ഒരുവനുപോലും മേൽപ്രസ്താവിച്ച സ്വഭാവാതീതവരങ്ങൾക്കു അർഹതയില്ലെന്നായി. ഈ വിഷമഘട്ടത്തിൽ മനുഷ്യരെ സഹായിച്ചു പുനരുദ്ധരിക്കാൻ, അവരോടു തനിക്കുള്ള അപാരമായ സ്നേഹംമൂലം ദൈവം ചിത്തമായി. എന്നാൽ അതു എങ്ങനെ? തൻെറ ഏകജാതനെ മനുഷ്യരുടെ രക്ഷകനായി യാത്രയാക്കി, അവിടുത്തെ പീഡാനുഭവവും മരണവുംമൂലം പാപപ്പൊറുതിയും, ദൈവപുത്രപദവും, സ്വർഗ്ഗാവകാശവും നമുക്കായി സമ്പാദിച്ചുകൊണ്ടു്. അങ്ങനെ, ദൈവപിതാവിൻെറ നിശ്ചയാനുസരണം ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു. മനുഷ്യനായി അവതരിച്ച ഈ ദൈവസുതനാകുന്നു ക്രിസ്തുനാഥൻ. അവിടുന്നു സ്വർഗ്ഗസ്ഥനായ ദൈവപിതാവിനെപ്പോലെ പരിപൂർണ്ണദൈവവും, ഭൂവാസികളായ നമ്മെപ്പോലെ പരിപൂർണ്ണ മനുഷ്യനുമാകുന്നു. ഇതിനു വേദപുസ്തകത്തിൻെറ ഓരോ പുറവും നമുക്കു സാക്ഷ്യം നൽകുന്നുണ്ടെന്നും പറയാം.

b) ദൈവം എന്ന നിലയിൽ ക്രിസ്തുവിനെ അറിയുക.

ക്രിസ്തു പലസ്തീനായുടെ നാനാഭാഗങ്ങളിൽ ചുററിസ്സഞ്ചരിച്ചു് ദൈവരാജ്യം പ്രസംഗിച്ചുകൊണ്ടും സകലക്കും നന്മ ചെയ്തുകൊണ്ടും നടന്നിരുന്ന കാലത്തു് തന്നെക്കുറിച്ചു പലവിധ

സംസാരങ്ങൾ ജനതാമദ്ധ്യേ പരന്നിരുന്നു. അതിനാൽ ഒരു ദിവസം അവിടുന്നു പീലിപ്പോസിന്റെ കേസറിയാപ്രദേശത്തുള്ള ഒരു വിജനസ്ഥലത്തു സ്വശിഷ്യരുടെ മദ്ധ്യേ നില്ക്കുകയിൽ അവരോടു് "മനുഷ്യപുത്രനായ ഞാൻ ആരാകുന്നുവെന്നാണു് മനുഷ്യർ എന്നെക്കുറിച്ചു പറയുന്നതു്?" എന്നു അന്വേഷണം ചെയ്തു ചോദിച്ചു. ശിഷ്യന്മാർ പ്രത്യുത്തരിച്ചു "ചിലർ യോഹന്നാൻമാംദാന എന്നും, മററു ചിലർ ഏലിയാ എന്നും, വേറെ ചിലർ ഏറമ്യാ അല്ലെങ്കിൽ പ്രവാചകന്മാരിൽ ഒരുത്തൻ എന്നും പറയുന്നു." ഈശോ അവരോടു ചോദിച്ചു "എന്നാൽ ഞാൻ ആരാകുന്നുവെന്നാണു് നിങ്ങൾ പറയുന്നതു്?" ശെമഓൻകേപ്പാ മറുപടിയായി പറയുന്നു "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു." അപ്പോൾ ഈശോ കേപ്പായുടെ പ്രസ്താവനയെ അംഗീകരിച്ചുറപ്പിച്ചുകൊണ്ടു പറയുന്നു: "യോനായുടെ പുത്രനായ ശെമ്ഓനേ, നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലുള്ള എന്റെ പിതാവല്ലാതെ ജഡവും രക്തവുമല്ല ഇതു നിനക്കു വെളിപ്പെടുത്തിയതു്." (മത്താ. xvi. 13–17.) ഇവിടെ, താൻ "ദൈവംതന്നെയാകുന്നു" എന്നു മിശിഹാ സ്വയം സമ്മതിച്ചു പ്രഖ്യാപനം ചെയ്യുന്നു എന്നല്ലയോ ഈ സുവിശേഷഭാഗം വ്യക്തമായി കാണിക്കുന്നതു്? അതേ, വി. പൌലോസ് പീലിപ്പോസുകാരോടു പറയുന്നതുപോലെ "അവൻ (മിശിഹാ) ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ, ദൈവത്തോടു് തുല്യനാണെന്നുള്ളതു് (ദൈവപിതാവിനോടു തുല്യനാണെന്നു പറയുന്നതു്) അപഹരണമായി ഗണിച്ചില്ല." (പീലി. ii. 6.)

ദൈവപിതാവുതന്നെയും മൂന്നു പ്രാവശ്യം സ്വർഗ്ഗത്തിൽനിന്നും അത്ഭുതകരമായവിധം നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ടു് മിശിഹാ തന്റെ ഏക ജാതനാകുന്നുവെന്നു്. ഒന്നാമതായി, ഈശോയുടെ ജ്ഞാനസ്നാനാവസരത്തിൽ "എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു എന്നു പറയുന്ന ഒരു സ്വരം ഇതാ സ്വർഗ്ഗത്തിൽനിന്നുണ്ടായി." (മത്താ. iii. 17.) രണ്ടാമതായി, ഈശോ താബോർ മലമുകളിൽവെച്ചു് മറുരൂപപ്പെട്ടപ്പോൾ മേഘത്തിൽനിന്നും "എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു. ഇവന്റെ വാക്കു

നിങ്ങൾ കേൾക്കുവിൻ എന്നു പറയുന്ന ഒരു സ്വരമുണ്ടായി.” (മത്തായി xvii. 5.) മൂന്നാമതായി, ഈശോ ജയഘോഷത്തോടുകൂടി ഓർശ്ലേം പട്ടണത്തിൽ പ്രവേശിച്ച ദിവസം ദേവാലയത്തിൽവെച്ചു അവിടുന്നു ഇങ്ങനെ പ്രാർത്ഥിച്ചു: “പിതാവേ, നിൻെറ നാമം മഹത്വപ്പെടുത്തണമേ.” അപ്പോൾ സ്വർഗ്ഗത്തിൽനിന്നും ‘ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും’ എന്നൊരു സ്വരം കേൾക്കപ്പെട്ടു.” (യോഹ. xii. 28) ഇങ്ങനെയുള്ള സുവിശേഷസാക്ഷ്യങ്ങളും, മിശിഹാ പ്രവൎത്തിച്ച നിരവധി അത്ഭുതങ്ങളും, പ്രത്യേകിച്ചും മുൻകൂട്ടി താൻ പ്രവചിച്ചിരുന്നപ്രകാരമുള്ള തൻെറ പുനരുത്ഥാനവും മിശിഹാ സത്യദൈവംതന്നെയാണെന്നു സ്പഷ്ടമായി തെളിയിക്കുന്നു.

c) മനുഷ്യൻ എന്ന നിലയിൽ ക്രിസ്തുവിനെ അറിയുക.

മിശിഹാ ദൈവപിതാവിനെപ്പോലെ പരിപൂൎണ്ണ ദൈവം മാത്രമല്ല, മനുഷ്യരായ നമ്മിൽ ഓരോരുത്തരെയുംപോലെ ഒരു സ്ത്രീയിൽനിന്നും ജനിച്ച പരിപൂൎണ്ണ മനുഷ്യനുമാകുന്നു. “സമയത്തിൻെറ പൂൎത്തി വന്നപ്പോൾ ദൈവം തൻെറ പുത്രനെ അയയ്ക്കുകയും അവൻ സ്ത്രീയിൽനിന്നു ജനിക്കുകയും, നിയമത്തിനു വിധേയനാവുകയും ചെയ്തു.” (Gal. iv. 4.) ശ്ലീഹന്മാർ തുടങ്ങിയുള്ള അവിടുത്തെ സമകാലീനന്മാർ ശാരീരിക കണ്ണുകൾകൊണ്ടു ഈശോയെ കാണുകയും, കരങ്ങൾകൊണ്ടു തന്നെ സ്പർശിക്കുകയും, ചെവികൾകൊണ്ടു തന്നെ ശ്രവിക്കുകയും ചെയ്തിട്ടുണ്ട്. വി. യോഹന്നാൻ സാക്ഷിക്കുന്നു: “ആദിയിൽ ഉണ്ടായിരുന്നവനെ– ഞങ്ങൾ കേൾക്കുകയും, സ്വന്ത കണ്ണുകൾകൊണ്ടു കാണുകയും നോക്കുകയും, ഞങ്ങളുടെ കരങ്ങളാൽ സ്പർശിക്കുകയും ചെയ്തവനെ– ജീവൻെറ വചനമായിരിക്കുന്നവനെത്തന്നെ– ഞങ്ങൾ നിങ്ങളോടു അറിയിക്കുന്നു.” (1 യോഹ. i. 1.) അവിടുന്നു പാപമൊഴികെ മററു സകലത്തിലും നമ്മെപ്പോലെയായിരുന്നുവെന്നു വി. പൌലോസും പറയുന്നു: “നമ്മുടെ ബലഹീനതയിൽ സഹതപിക്കുവാൻ കഴിയാത്ത പ്രധാനാചാൎയ്യനല്ല, പാപമൊഴികെ എല്ലാററിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാകുന്നു നമുക്കുള്ളതു്.” (Heb. iv. 15.) അവിടുന്നു ഏതൊരു മനുഷ്യനെയുംപോലെ അദ്ധ്വാനിക്കുകയും, വേലചെയ്കയും, ക്ഷീണിക്കുകയും, ദുഃഖിക്കുകയും, കരയുകയും,

വിശപ്പും ദാഹവും അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈശോ വഴിയാത്രയുടെ അദ്ധ്വാനംകൊണ്ടു ക്ഷീണിച്ച് കിണററിനരികെ ഇരിക്കുകയും 'എനിക്കു കുടിപ്പാൻ കുറെ വെള്ളം തരിക' എന്നു ആ ശമരിയാക്കാരിയോട്ട് അരുളിച്ചെയ്കയും ചെയ്തതു അവിടുന്നു ശാരീരികമായി ക്ഷീണിക്കുകയും, ദാഹമനുഭവിക്കുകയും ചെയ്തതുകൊണ്ടല്ലേ? (യോഹ. iv. 6. 7.) ഈശോ ശിഷ്യരുടെ പടവിൽ കിടന്നുറങ്ങുകയും, (മത്തായി viii. 24) ലാസറിൻെറ കല്ലറയിങ്കൽവെച്ച് കരയുകയും, (ലൂക്കാ. xix. 41) ഗെദസേമാൻ തോട്ടത്തിൽവെച്ചു ഭയന്നുവിറച്ചു രക്തം വിയക്കുകയും (ലൂക്കാ. xix. 41) ചെയ്തിരിക്കെ ഈശോ നമ്മിൽ ഓരോരുത്തരെയും പോലെ ഒരു പൂൎണ്ണമനുഷ്യനായിരുന്നു.

ദൈവപിതാവിനോടു പൂൎണ്ണസമാനനായ ദൈവസുതൻ എന്തിനു ഇങ്ങനെ മനുഷ്യനായിത്തീൎന്നു? തൻെറ മനുഷ്യാവതാരത്തിനുള്ള കാരണമെന്തു്? മനുഷ്യമക്കളോടുള്ള തൻെറ നിസ്വാത്ഥമായ സ്നേഹംമൂലം മനുഷ്യവൎഗ്ഗത്തിനു നഷ്ടപ്പെട്ട ദൈവപുത്രപദവും, സ്വൎഗ്ഗാവകാശവും തിരികെ പ്രാപിച്ചു തന്നു മനുഷ്യമക്കളായ നമ്മെ ദൈവമക്കളാക്കിത്തീൎക്കുവാൻ വേണ്ടിയത്രെ ദൈവസുതൻ മനുഷ്യസുതനായിത്തീൎന്നതു്. പാപമൊഴികെ മറെറല്ലാററിലും നമുക്കു സദൃശ്യനായിത്തീൎന്ന അവിടുന്നു തൻെറ പീഡാനുഭവവും കരിശുമരണവുംവഴിയായി ഈ പരിത്രാണനജോലി നിൎവ്വഹിച്ചു. ഇനി, നമുക്കായി താൻ നേടിയ ഈ സമ്പാദ്യം ഓരോ വ്യക്തിക്കും കരഗതമാകുന്നതിനുവേണ്ടി മിശിഹാ തിരുസ്സഭയെ സ്ഥാപിച്ച് അദൃശ്യമായ വിധത്തിൽ ഇന്നും എന്നും അതിനോടുകൂടെ ജീവിക്കുകയും പ്രവൎത്തിക്കുകയും ചെയ്യുന്നു. "ഞാൻ എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." (മത്തായി xxviii. 20.) അതിനാൽ നിത്യജീവൻ പ്രാപിക്കുന്നതിനു നരദൈവമായ മിശിഹായെ–ക്രിസ്തുവിനെ– അറിഞ്ഞു്, തന്നിൽ പൂൎണ്ണമായി വിശ്വസിച്ച് തന്നോടും തൻെറ വിശുദ്ധ സഭയോടും യോജിച്ച് നാം ജീവിക്കേണ്ടിയിരിക്കുന്നു. "ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ അവൻെറ പുത്രനിൽ ഇരിക്കുന്നു... പുത്രനെ കൈവരിക്കുന്ന ഏവനും ജീവനെയും കൈവരിച്ചിരിക്കുന്നു. ദൈവത്തിൻെറ പുത്രനെ കൈവരിക്കാത്ത ഒരുത്തനും ജീവനില്ല. ദൈവപുത്രൻെറ നാമത്തിൽ വിശ്വസിച്ചിരിക്കുന്ന നിങ്ങൾക്കു

നിത്യജീവനുണ്ടെന്നു അറിയേണ്ടതിനാകുന്നു ഞാൻ നിങ്ങൾക്കു ഇവ എഴുതിയിരിക്കുന്നതു്." (1 യോഹ. v. 11–13.) രക്ഷകനായ ക്രിസ്തുവിലും, തൻെറ അളവററ യോഗ്യതകളിലുമുള്ള വിശ്വാസം കൂടാതെ രക്ഷയില്ല. "(ഈശോമിശിഹാമൂലമല്ലാതെ) വേറൊരുവൻമൂലവും രക്ഷയില്ല. രക്ഷ പ്രാപിക്കാൻ മനുഷ്യർക്കു നൽകപ്പെട്ടതായി ആകാശത്തിൻകീഴ വേറെ നാമമില്ല." (Act. iv. 12.) "ഈശോമിശിഹാ എന്ന ഈ വെയ്ക്കപ്പെട്ട അടിസ്ഥാനമൊഴികെ, വേറൊന്നു വെയ്ക്കുവാൻ ആർക്കും സാധിക്കുകയില്ല." (1 Cor. iii. 11.) അതേ, വഴിയും സത്യവും ജീവനുമായ ക്രിസ്തുവഴിയല്ലാതെ യാതൊരുവനും പിതാവായ ദൈവത്തിൻപക്കൽ എത്തുന്നതേയല്ല. "വഴിയും, സത്യവും ജീവനും ഞാനാകുന്നു. എന്നിൽക്കൂടിയല്ലാതെ ഒരുത്തനും എൻെറ പിതാവിൻെറ അടുക്കലേക്കു വരുന്നില്ല." (Jn. xiv. 5.)

## 4. പ്രമാണാനുസരണം

ദൈവത്തിലും ക്രിസ്തുനാഥനിലുമുള്ള വിശ്വാസം നിത്യരക്ഷാപ്രാപ്തിക്കു അവശ്യാവശ്യമാണെന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ ഈ വിശ്വാസം ഫലപ്രദമാകണമെങ്കിൽ, അതു സജീവമായിരിക്കണം അതായതു് ദൈവത്തിനിഷ്ടമായ പ്രവൃത്തികളോടുകൂടിയതായിരിക്കണം. എന്തുകൊണ്ടെന്നാൽ വി. യാക്കോവു്ശ്ലീഹാ പഠിപ്പിക്കുന്നതുപോലെ "പ്രാണനില്ലാത്ത ശരീരം എങ്ങനെ ചത്തതായിരിക്കുന്നുവോ അങ്ങനെതന്നെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു." (Jas. ii. 26.) അതിനാൽ, ദൈവത്തിൻെറ പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടു തന്നിൽ നാം വിശ്വസിക്കുന്നെന്നും തന്നെ നാം സ്നേഹിക്കുന്നുവെന്നും നാം കാണിക്കേണ്ടതാണു്. ന. ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്യുന്നു: "സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറയിഷ്ടം ചെയ്യുന്നവനല്ലാതെ, കർത്താവേ, കർത്താവേ എന്നു എന്നെ വിളിക്കുന്ന ഏവനുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്" (മത്താ. vii. 21.) "ആയുസ്സിൽ പ്രവേശിക്കുവാൻ നീ മനസ്സാകുന്നുവെങ്കിൽ കല്പനകൾ കാത്തുകൊൾക." (മത്തായി xix. 15.) "എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം കാക്കുന്നു." (യോഹന്നാൻ xiv. 23.)

യജമാനനു അധീനപ്പെട്ട ഭൃത്യൻ സ്വന്ത ഹിതം നോക്കാതെ, സൎവ്വദാ യജമാനന്റെ ഹിതാനുസരണമാണല്ലൊ വൎത്തിക്കുക. ഇതുപോലെ, സ്വന്ത യജമാനൻ മാത്രമല്ല സ്രഷ്ടാവു തന്നെയുമായ ദൈവത്തിനു പൂൎണ്ണമായും അധീനപ്പെട്ടിരിക്കുന്ന മനുഷ്യൻ സ്വന്ത ഹിതംനോക്കാതെ എല്ലാപ്പോഴും ദൈവത്തിന്റെ ഹിതംനോക്കി വൎത്തിക്കേണ്ടതു വെറും ന്യായം മാത്രമാണ്. ഭൃത്യൻ സ്വന്ത ഹിതാനുസരണം മാത്രമാണ് വൎത്തിക്കുന്നതെങ്കിൽ, യജമാനനിൽനിന്നു സമ്മാനമല്ല ശിക്ഷയായിരിക്കും അവനു ലഭിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ സൃഷ്ടിയായ മനുഷ്യനെ സംബന്ധിച്ചു സ്രഷ്ടാവായ ദൈവത്തിന്റെ ഹിതം എന്താണ്? അതു ഓരോരുത്തന്റെ മനസ്സാക്ഷി വിളിച്ചറിയിക്കുന്നുണ്ട്. സങ്കീൎത്തകൻ രേഖപ്പെടുത്തിയിട്ടുമുണ്ട്. ദൈവത്തിന്റെ ആ തിരുവിഷ്ടം "തിന്മയുപേക്ഷിച്ചു, നന്മ ചെയ്യുക" എന്നതല്ലാതെ മറ്റൊന്നുമല്ല. ഇനി, നാം വൎജ്ജിക്കേണ്ട തിന്മയും, ആൎജ്ജിക്കേണ്ട നന്മയും ഏവയെല്ലാമെന്നു കണ്ടുപിടിക്കാനും അത്ര പ്രയാസമില്ല. എന്നിരുന്നാലും, സാഹചൎയ്യങ്ങളുടെ വൈപരീത്യംമൂലം അവ ശരിക്കു ഗ്രഹിക്കുക ശ്രമസാദ്ധ്യമാകയാലും, അവ വിവേചിച്ചറിയുന്നതിൽ തെറ്റുപററാവുന്നതുകൊണ്ടും കരുണാനിധിയായ ദൈവംതന്നെ മോശദീൎഘദൎശിവഴിയായും തന്റെ പ്രതിനിധിയായ സത്യസഭ വഴിയായും അവ നമുക്കു സുവിശദം വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. അവയാകട്ടെ ദൈവപ്രമാണങ്ങളിലും തിരുസ്സഭാകല്പനകളിലും അടങ്ങിയിരിക്കുന്നു. ആകയാൽ, ദൈവത്തെ പ്രസാദിപ്പിക്കുവാനോ, തന്റെ സ്നേഹത്തിനു പാത്രമാകുവാനോ, അങ്ങയിൽനിന്നു നിത്യഭാഗ്യം പ്രതിസമ്മാനമായി പ്രാപിക്കുവാനോ ആഗ്രഹിക്കുന്ന ഏവനും ഇവ ശരിവരെ അന്യൂനമായി പാലിച്ചേ മതിയാവൂ. ഈ നിബന്ധനകൾ അനുസരിച്ചും, സ്വന്ത ജീവിതസ്ഥിതിക്കനുസൃതമായി ഓരോരൊ സുകൃതങ്ങളിൽ യഥാശക്തി അഭ്യസിച്ചുംകൊണ്ട് ദൈവേഷ്ടം നിറവേററുന്നവർ ഇഹത്തിൽ ദൈവത്തെ മഹത്വീകരിക്കയും; തൽഫലമായി പരത്തിൽ നിത്യഭാഗ്യം പ്രാപിച്ചനുഭവിക്കയും ചെയ്യും. ഇതുതന്നെയാണല്ലൊ യഥാൎത്ഥ ക്രിസ്തീയ ജീവിതം വഴിയായി സാധിക്കുന്നതും സാധിക്കേണ്ടതും.

## 5. പ്രസാദവരജീവിതം

ഇവിടെ ഒരു കാൎയ്യം പ്രത്യേകം ഓൎത്തിരിക്കേണ്ടതുണ്ടു്. നിത്യരക്ഷയ്ക്കു ഉപകരിക്കത്തക്കവിധം ദൈവത്തെ അറിയുന്നതിനോ സ്നേഹിക്കുന്നതിനോ അവിടുത്തെ കല്പനകൾ കാക്കുന്നതിനോ നമ്മുടെ സ്വന്ത ശക്തിയാൽ നമുക്കു ഒരിക്കലും സാധിക്കയില്ലെന്നും, അതിലേക്കു ദൈവത്തിന്റെ പ്രത്യേക സഹായം അഥവാ പ്രസാദവരം അവശ്യാവശ്യമാണെന്നും ഉള്ളതാണു് അതു്. "എന്നെക്കൂടാതെ യാതൊന്നും ചെയ്വാൻ നിങ്ങൾക്കു സാധിക്കയില്ല." (യോഹ. xv. 5.) "ഒരു മനുഷ്യനും എന്റെ പിതാവിനാൽ വരം നൽകപ്പെട്ടില്ലെങ്കിൽ എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല" (യോഹ. vi. 66.) എന്നു ന. ദിവ്യരക്ഷകനും; "വിശ്വാസംമൂലമായി നാം സംരക്ഷിക്കപ്പെട്ടിരിക്കുന്നതു അവന്റെ കൃപയാലാകുന്നു. ഇതും നിങ്ങളിൽനിന്നുണ്ടായതല്ല. മറിച്ചു്, ദൈവത്തിന്റെ ദാനമാകുന്നു." (Eph. ii. 8.) "ഇച്ഛിക്കുവാനും, ഇച്ഛിക്കുന്നതു പ്രവൎത്തിക്കുവാനും നിങ്ങളിൽ താല്പൎയ്യം ജനിപ്പിക്കുന്നതു ദൈവമാകുന്നു" (Philip ii. 13.) എന്നു വി. പൌലോസും പറഞ്ഞിട്ടുള്ളതിൽനിന്നും ഇതു വ്യക്തമാണു്. സുബുദ്ധിയുള്ള തന്റെ സൃഷ്ടികളായ മാലാഖമാരുടെയും മനുഷ്യരുടെയും പരമാന്ത്യപ്രാപ്തിക്കുവേണ്ടി ദൈവം അവൎക്കു് സൌജന്യമായി നൽകുന്ന സ്വഭാവാതീതമായ ഈ ദാനത്തെയത്രെ പ്രസാദിപ്പിക്കുന്ന പ്രസാദവരം എന്നു ശാസ്ത്രികൾ പേർ പറയുന്നതു്. എന്തെന്നാൽ, ഇതാണു് നമ്മെ ദൈവത്തിനു പ്രസാദിച്ചവരാക്കിത്തീൎക്കുന്നതു്.

പ്രസാദവരം രണ്ടു തരമുണ്ടു്: പ്രേരകപ്രസാദവരവും, വിശുദ്ധീകരണപ്രസാദവരവും. പ്രേരകപ്രസാദവരം (actual grace) നമ്മുടെ ബുദ്ധിക്കു പ്രകാശവും മനസ്സിനു ശക്തിയും പ്രദാനം ചെയ്യുന്ന താല്ക്കാലികമായ ഒരു ദൈവസഹായമാണു്. വിശുദ്ധീകരണപ്രസാദവരമാകട്ടെ (Sanctifying grace) നമ്മുടെ ആത്മാവിന്റെ കാതലിൽ സ്ഥിതിചെയ്തു് നമ്മെ വിശുദ്ധീകരിക്കുന്ന ശാശ്വതമായ ഒരു ദൈവസഹായമാണു്. ഇതു പാപത്തെ ഉന്മൂലനം ചെയ്യുന്നതു കൂടാതെ നമ്മെ ദൈവസ്വഭാവത്തിൽ ഭാഗഭാക്കുകളും, ദൈവത്തിന്റെ ദത്തുപുത്രരും സ്നേഹിതന്മാരും, പരിശുദ്ധ ത്രിത്വത്തിന്റെ ആലയങ്ങളും,

മിശിഹായുടെ സഹോദരങ്ങളും, സ്വർഗ്ഗത്തിൻെറ അവകാശികളും, നിത്യരക്ഷക്കാവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിനു പ്രാപ്തരും ആക്കിത്തീക്കുന്നു. മാമ്മോദീസാവഴിയായിട്ടത്രെ ഇതു നമുക്കു ലഭിക്കുന്നതു്. അപ്രകാരം സിദ്ധിച്ച ഈ പ്രസാദവരം ചാവുദോഷംമൂലം നഷ്ടീഭവിച്ചാൽ നല്ല കുമ്പസാരത്താലും അതിനു സാധിക്കാത്തപ്പോൾ ഉത്തമമനസ്താപത്താലും അതു നമുക്കു വീണ്ടും പ്രാപിക്കാം. നമുക്കു നിർല്ലോഭം നൽകപ്പെടുന്ന പ്രേരകപ്രസാദവരത്തോടു നാം സഹകരിച്ചു പ്രവൎത്തിക്കുമ്പോൾ ഈ ശാശ്വതപ്രസാദവരം നമ്മിൽ വദ്ധിച്ചുവരും. എന്നാൽ മറിച്ചു് അതിൻെറ പ്രേരണകളെ അവഗണിച്ചു് തിന്മ– അതേഘനമായ ഒരൊററ പാപമെങ്കിലും– നാം പ്രവൎത്തിച്ചാൽ ഈ വിശുദ്ധീകരണപ്രസാദവരം ഒന്നാകെ നമുക്കു നഷ്ടമായിപ്പോകും. ഇതാകുന്നു മർത്ത്യജീവിതത്തിലെ ഏററം വലിയ നഷ്ടം. എന്തുകൊണ്ടെന്നാൽ, ഈ പ്രസാദവരം ആത്മാവിൻെറ ജീവനാണു്. അതില്ലാത്ത ആത്മാവു് മൃതവുമാണു്. ഈ പ്രസാദവരമില്ലാതെ മരിക്കുന്നവർ– ശിശുക്കളോ പ്രായപൂൎത്തി വന്നവരോ– ആരുതന്നെ ആയാലും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല. ഇതില്ലാതെ പോയതു് സ്വന്തം കുററംമൂലമാണോ അല്ലയോ എന്നുള്ളതും ഇക്കാൎയ്യത്തിൽ പരിഗണിക്കപ്പെടുകയില്ല. എന്നാൽ ഇതോടെ മരിക്കുന്നവരെല്ലാം സ്വർഗ്ഗം പ്രാപിക്കും എന്നതു നിശ്ചയമാണു്. എങ്കിലും സ്വർഗ്ഗത്തിൽ അവർ അനുഭവിക്കുന്ന ഭാഗ്യം ഒന്നുപോലെ ആയിരിക്കുകയില്ല. പിന്നെയോ, ഓരോരുത്തനിലുമുള്ള ശാശ്വതമായ പ്രസാദവരത്തിൻെറ കൂടുതൽ കുറവു അനുസരിച്ചിരിക്കും അവിടെ ഓരോരുത്തനും ലഭിക്കുന്ന ഭാഗ്യവും.

ആകയാൽ മർത്ത്യജീവിതത്തിൽ നാം ഏററം കാൎയ്യമായി കരുതേണ്ടതു് ഈ പ്രസാദവരത്തിൽ നിലനില്പാനും, അതിൽ വദ്ധിച്ചുവരുവാനും, അതിലേക്കായി അപ്പൊഴപ്പോൾ ലഭിക്കുന്ന പ്രേരകപ്രസാദവരത്തെ വിശ്വസ്തതാപൂൎവ്വം ഫലിപ്പിക്കുവാനും ആകുന്നു. നമ്മുടെ ജീവിതത്തിലെ ഏററം പ്രാധാന്യം അർഹിക്കുന്ന ഈ ഇരുവിധ പ്രസാദവരങ്ങളും സമൃദ്ധിയായി പ്രാപിക്കുന്നതിനും, വിശുദ്ധീകരണപ്രസാദവരത്തിൽ അടിക്കടി വദ്ധിക്കുന്നതിനും നമ്മുടെ സ്നേഹരക്ഷകനായ മിശിഹായുടെ നിർദ്ദേശാനുസരണം നാം കർബാന എന്ന ദിവ്യബലിയിൽ

ഭയഭക്തിയോടെ പങ്കുകൊള്ളുകയും, വിശുദ്ധ കൂദാശകളെ യോഗ്യതാപൂർവ്വം സ്വീകരിക്കുകയും, ഭക്തിതീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും, തപപ്രായശ്ചിത്തങ്ങളും ഇതര സൽകൃത്യങ്ങളും അനുഷ്ഠിക്കുകയും, ക്രിസ്തീയപുണ്യങ്ങളാൽ നമ്മുടെ സ്വഭാവത്തെ സംസ്കരിക്കുകയും ചെയ്യണം. ഈ കൃപാമാർഗ്ഗങ്ങളെ യഥാവിധി ഉപയോഗിച്ച് ധാരാളമായ പ്രസാദവരങ്ങൾ സ്വീകരിച്ച് നിത്യരക്ഷ ഭദ്രമാക്കിത്തീർക്കുന്നതിനും, അങ്ങനെ ക്രിസ്തീയജീവിതത്തിൻെറ അന്ത്യം പ്രാപിക്കുന്നതിനും സർവ്വാത്മനാ പരിശ്രമിക്കുക.

## 3. സന്യാസജീവിതവും അതിൻെറ വൈശിഷ്ട്യവും

### I

എജിപ്തിലെ അടിമത്വത്തിൽ വസിച്ചിരുന്ന ഇസ്രായേൽ ജനതയുടെ സ്ഥിതി അത്യന്തം പരിതാപകരമായിരുന്നു. പലതരത്തിൽ ഘോരമായി മർദ്ദിക്കപ്പെട്ടിരുന്ന അവർ ദിവസം മുഴുവനും കഠിനമായി അദ്ധ്വാനിക്കേണ്ടിയിരുന്നു. പ്രതിഫലമോ കേവലം തുച്ഛം മാത്രം. തന്നെയുമല്ല, ഇസ്രായേൽക്കാക്ക് ജനിക്കുന്ന സകല ആൺകുട്ടികളെയും നീലനദിയിൽ മുക്കി കൊല്ലണം എന്നായിരുന്നു ഫറവോൻ രാജാവിൻെറ നിർദ്ദാക്ഷിണ്യമായ കല്പന. എന്നാൽ മർദ്ദിതരായ ഈ ജനതയുടെ പേരിൽ കർത്താവിനു അനുകമ്പ തോന്നി. അവിടുന്നു പല അത്ഭുതങ്ങളും പ്രവർത്തിച്ചുകൊണ്ട് തൻെറ തെരഞ്ഞെടുക്കപ്പെട്ട ഈ ജനതയെ അവരുടെ പീഡകരിൽനിന്നു രക്ഷിച്ച്, പാലും തേനും ഒഴുകുന്ന കനാൻദേശത്തേയ്ക്ക് അചിരേണ ആനയിച്ചു. ഇക്കാരണത്താൽ, അതേ എജിപ്തിൻെറ അടിമത്തത്തിൽ നിന്നുള്ള മോചനത്തിൻെറ സ്മരണയെ കൃതജ്ഞതാപൂർവ്വം കൊണ്ടാടണമെന്നുള്ള ദൈവാജ്ഞയനുസരിച്ച്, ഇസ്രായേൽക്കാർ പ്രതിവർഷം അതിൻെറ സ്മരണ സാഘോഷം കൊണ്ടാടിയിരുന്നു.

ദൈവം ഇസ്രായേൽ ജനതയ്ക്കു നൽകിയ ഈ അനുഗ്രഹം തീർച്ചയായും വളരെ വലുതുതന്നെ. എന്നാൽ ഇതിലും അനേകമടങ്ങു മഹത്തായിട്ടുള്ള ഒരു അനുഗ്രഹമാണ് അവിടുന്നു സന്യാസികൾക്കു പ്രദാനം ചെയ്തിരിക്കുന്നതു്. അടിമത്വത്തിന്റെ നാടായ ലോകത്തിൽനിന്നും ദൈവം അവരെ അതിഫലഭൂയിഷ്ഠമായ ഒരു കനാൻദേശത്തേയ്ക്കു് ആനയിച്ചിരിക്കുന്നു. ലോകജീവിതം എന്നു പറഞ്ഞാൽ എന്താണ്? സാക്ഷാൽ അതു അടിമത്വത്തിന്റെയും അലച്ചിലുകളുടെയും അദ്ധ്വാനത്തിന്റെയും കായക്ലേശങ്ങളുടെയും ദീർഘനിശ്വാസങ്ങളുടെയും സങ്കടങ്ങളുടെയും ഒരു ജീവിതം മാത്രമാകുന്നു. സമ്പന്നന്റെയൊ, ദരിദ്രന്റെയൊ, വലിയവന്റെയൊ, ചെറിയവന്റെയൊ, ആരുടെ എങ്കിലും ജീവിതം സസൂക്ഷ്മം പരിശോധിച്ചുകൊള്ളുക. പീഡകളും സങ്കടങ്ങളും സഹനങ്ങളും ഇല്ലാത്ത ഒരു ജീവിതം ലോകരംഗത്തു ഇല്ലതന്നെ. എന്നാൽ സന്യാസത്തിലെ ജീവിതമോ? ഹാ! അതു എത്ര ആനന്ദസന്ദായകം!!

ലോകായതികന്മാരെ പീഡിപ്പിക്കുന്നതായ ക്ലേശാരിഷ്ടതകളിൽനിന്നും സന്യാസവ്രതങ്ങൾവഴി സന്യാസികൾ വിമുക്തരാക്കപ്പെട്ടിരിക്കുന്നു. പ്രതിബന്ധലേശമെന്യെ സ്വയം ദൈവത്തിനു കയ്യാളിക്കത്തക്ക ഒരു നിലയാണ് അവർക്കുള്ളതു്. അവരുടെ ചിന്താവിഷയമോ? അത്യന്താവശ്യകമായ ആ ഏക കാൎയ്യംമാത്രം. സ്വന്ത വിശുദ്ധീകരണത്തിനും നിത്യകിരീടപ്രാപ്തിക്കുമുള്ള മാർഗ്ഗങ്ങൾ സന്യാസത്തിൽ ധാരാളമാണ്. ഇതിനാലത്രെ ജ്ഞാനസ്നാനസ്വീകരണത്തിനുള്ള വരം കഴിഞ്ഞാൽ ദൈവം മനുഷ്യനു നൽകിയരുളുന്ന ദാനങ്ങളിൽ വെച്ച് സന്യാസത്തിലേയ്ക്കുള്ള ദൈവവിളി ഏററം വലിയ ഒരു ദാനമാണെന്നും തന്നിമിത്തം സന്യാസജീവിതക്കാർക്ക് തങ്ങളുടെ പരിശുദ്ധമായ ജീവിതാവസ്ഥയെപ്പററി അതിയായ മതിപ്പും ബഹുമാനവും ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നും പാസ്സിയിലെ വി. മറിയം മഗ്ദലേന ന്യായപൂൎവ്വം പ്രസ്താവിച്ചിട്ടുള്ളതു്.

അതിനാൽ, ഈ സന്യാസജീവിതത്തിന്റെ പ്രത്യേകാവകാശങ്ങളെയും അതിന്റെ വൈശിഷ്ട്യത്തെയുംപററി സന്യാസികൾ ഇടയ്ക്കിടെ പ്രത്യേകിച്ചും മുഴുവൻ ധ്യാനാവസരങ്ങളിൽ ചിന്തിക്കുന്നതു് അത്യന്തം ഉപകാരപ്രദമാണ്. ലോക

ജീവിതത്തെ അപേക്ഷിച്ച് സന്യാസജീവിതത്തിൽ ഒൻപതു പ്രത്യേകതകൾ ഉള്ളതായിട്ടാണു് വി. ബെണ്ണാർർദ് അഭിപ്രായപ്പെടുന്നതു്. ആ വിശുദ്ധൻ പറയുന്നു: ഒരു സന്യാസി മററുള്ളവരെ അപേക്ഷിച്ച് കൂടുതൽ നിർമ്മലമായി ജീവിക്കുന്നു— വളരെ അപൂർവ്വമായിമാത്രം വീഴുന്നു— വീണാൽ വളരെ വേഗത്തിൽ എഴുന്നേൽക്കുന്നു— കൂടുതൽ സൂക്ഷിച്ചുനടക്കുന്നു— വളരെ സമൃദ്ധിയായി നനയ്ക്കപ്പെടുന്നു— സംതൃപ്തിയോടെ ജീവിക്കുന്നു— കൂടുതൽ ശരണത്തോടെ മരിക്കുന്നു— എളുപ്പത്തിൽ ശുദ്ധീകരിക്കപ്പെടുന്നു— ധാരാളമായി സമ്മാനിക്കപ്പെടുന്നു— ഇവയിൽ ഓരോന്നിനെയുംപററി നമുക്കു ചിന്തിക്കാം.

1. സന്യാസികറം കൂടുതൽ നിർമ്മലമായി ജീവിക്കുന്നു.

നമ്മുടെ പ്രവൃത്തികൾ ദൈവസ്നേഹത്തെപ്രതി നിർവ്വഹിക്കുന്നതിലത്രെ ജീവിതവിശുദ്ധി അടങ്ങിയിരിക്കുന്നതു്. നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്ന പരമമായ ലാക്കു്, അവയുടെ ഏകമായ ആലംബം, ദൈവചിത്തമായിരിക്കണം. നമ്മുടെ പ്രവൃത്തികളിൽ ദൈവചിത്തം എത്രകണ്ടു കൂടിയിരിക്കുകയും സ്വാഭീഷ്ടവും സ്വന്ത മനസ്സും എത്രകണ്ടു കുറഞ്ഞിരിക്കുകയും ചെയ്യുമോ അത്രയ്ക്കും അവ ദൈവത്തിനു പ്രിയംകരങ്ങളും, ഫലദായകങ്ങളുമായിരിക്കും. താന്താങ്ങളുടെ പ്രവൃത്തികൾ വഴിയായി ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും സ്വർഗ്ഗത്തിൽ അനന്തവും അനർഘവുമായ ഫലങ്ങൾ നേടുന്നതിനും ലോകജീവിതക്കാരായ സാധാരണ ക്രിസ്ത്യാനികളെക്കാൾ സന്യാസികൾക്കു് വളരെ എളുപ്പത്തിൽ സാധിക്കുമെന്നുള്ളതും സുവിദിതമാണു്. നിയമാനുസൃതമായ ഏതു ജീവിതാവസ്ഥക്കാർക്കും ക്രിസ്തീയ പരിപൂർണ്ണത പ്രാപിക്കാമെന്നും നിത്യഭാഗ്യം കൈവരുത്താമെന്നുമുള്ളതു് വാസ്തവംതന്നെ. എല്ലാത്തരക്കാരിലുംപെട്ട വിശുദ്ധന്മാരെ മോക്ഷത്തിൽ കാണ്മാനും ഉണ്ടു്.

തങ്ങളുടെ ആത്മരക്ഷയെ വളരെ കാര്യമായി കാംക്ഷിക്കുകയും അഭിനന്ദനീയമായ തീക്ഷ്ണതയോടും ഭക്തിപാരവശ്യത്തോടുംകൂടി ദൈവത്തെ സേവിക്കുകയും ചെയ്യുന്നവരായി ലോകത്തിൽ ജീവിക്കുന്നവരുടെ ഇടയിൽത്തന്നെ ധാരാളം പേരുണ്ടു്. അവർ അനുസ്യൂതം പ്രാർത്ഥിക്കുന്നു. ആഭ്യന്തരമായും ബാഹ്യമായും സ്വയം നിഗ്രഹിക്കുന്നു. സമസ്തകഷ്ടങ്ങളുടെനേരെ,

വിശിഷ്യ, സഹായം ആവശ്യമായിരിക്കുന്നവരുടെനേരെ വളരെ ഉപവിയോടെ വൎത്തിക്കുന്നു. ക്രിസ്തീയ പുണ്യങ്ങളും, സൽകൃത്യങ്ങളും പരിശീലിക്കുന്ന വിഷയത്തിൽ വലിയ തീക്ഷ്ണത പ്രദശിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ ഇവയിലെല്ലാം അവരുടെ സ്വന്ത ഇഷ്ടങ്ങൾക്കുകൂടി ഒരു പങ്കുള്ളതിനാൽ ഈ സൽകൃത്യങ്ങളുടെ വിലയും പ്രതിഫലത്തിനുള്ള അർഹതയും വളരെ കുറഞ്ഞുപോകുന്നു എന്നു പറയാം. അവർ പ്രാൎത്ഥിക്കുന്നു. പള്ളിയിൽ പോകുന്നു. കൂദാശകൾ സ്വീകരിക്കുന്നു. ശരിതന്നെ. പക്ഷേ ഇങ്ങനെ ചെയ്യാൻ അവർ സ്വയം മനസ്സാകുന്നതുകൊണ്ടാണ് അവർ ഇതെല്ലാം ചെയ്യുന്നതു്. ഇനിയും ഇവർ ദാനം ചെയ്യുന്നു. നിയമാനുസൃതംതന്നെ ചില സന്തോഷങ്ങളെ പരിത്യജിക്കുന്നു. അനാഡംബരപരമായി വസ്ത്രധാരണം ചെയ്യുന്നു. ഒതുങ്ങിയ ജീവിതം നയിക്കുന്നു. നല്ല നല്ല പുസ്തകങ്ങൾ വായിക്കുന്നു. സൌകൎയ്യംപോലെ ധ്യാനിക്കുന്നു. എല്ലാം ശരിയാണ്. പക്ഷേ, ഇവയെല്ലാം എന്തിനെ മുൻനിറുത്തിയാണ്? സ്വന്ത ഇഷ്ടാനിഷ്ടങ്ങളെ! ഓരോന്നു ചെയ്യണമെന്ന് അവൎക്കു തോന്നുന്നു. അതനുസരിച്ചു് അവർ പ്രയത്നിക്കുന്നു.

എന്നാൽ സന്യാസികളുടെ സ്ഥിതി ഇതല്ല. അവരെ സംബന്ധിച്ചിടത്തോളം സ്വന്ത ഇഷ്ടത്തിനു പ്രാമാണ്യം ഇല്ല. അങ്ങനെ നൽകാവുന്നതുമല്ല. കീഴ്വഴക്കം എന്ന വ്രതം വഴിയായി സ്വന്ത ഇഷ്ടത്തെ അവർ ദൈവത്തിനു ബലി അൎപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഓരോ കാൎയ്യവും സ്വന്ത ഇഷ്ടം നോക്കിയല്ല, അനുസരണം നിമിത്തമാണ് അവർ നിൎവ്വഹിക്കുന്നതു്. സ്വന്ത ഇഷ്ടത്തെ സമ്പൂൎണ്ണമായും സംത്യജിച്ചിരിക്കുന്നതിനാൽ അവരുടെ സകല പ്രവൃത്തികളുടെയും പരമമായ ലാക്ക് കീഴ്വഴക്കം മാത്രമാണ്. മററുവിധത്തിൽ പറഞ്ഞാൽ ദൈവമഹത്വത്തിനും, ദൈവസ്നേഹത്തിനുംവേണ്ടിയാണ് അവർ സകലവും പ്രവൎത്തിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അവർ കീഴ്വഴക്കം വാഗ്ദാനം ചെയ്തിരിക്കുന്നതു മററാരോടുമല്ല, ദൈവത്തോടാണ്. അതിനാൽ സന്യാസികൾ മനസ്സാക്ഷിബോധത്തോടെ അവരുടെ സഭാക്രമങ്ങൾ അനുസരിക്കുമ്പോൾ— ജ്ഞാനവായനയോ ധ്യാനമോ നടത്തുകയോ, കുട്ടികളെ പഠിപ്പിക്കുകയോ, കൂദാശകൾ സ്വീകരിക്കുകയോ, ദേവാലയത്തിലോ, തോട്ടത്തിലോ, കുസിനിയിലോ, മററേതെങ്കിലും രംഗത്തോ ജോലിയിലേൎപ്പെ

ട്ടിരിക്കുകയോ ചെയ്യുമ്പോൾ അതു സ്വന്ത ഇഷ്ടം നിമിത്തമോ, ഇഷ്ടത്തെപ്രതിയോ അല്ല. പിന്നയോ അവരുടെ അനുസരണാവ്രതം അതാവശ്യപ്പെടുന്നതുകൊണ്ടാണു് അഥവാ അവരെ സംബന്ധിച്ചിടത്തോളം ദൈവം അങ്ങനെ തിരുച്ചിത്തമായതുകൊണ്ടാണു് അവർ അവ നിർവ്വഹിക്കുന്നതു്. വിശ്രമിക്കുക, ജീവിതത്തിനാവശ്യമായ ഭക്ഷണം കഴിക്കുക, ഉദ്യാനത്തിലോ, മറേറാ നടക്കാൻ പോകുക എന്നിത്യാദി സാധാരണ സംഗതികളിൽപോലും സ്വന്ത ഇഷ്ടമല്ല അവരെ അതിനു പ്രേരിപ്പിക്കുന്നതു്. പ്രത്യുത അനുസരണം അഥവാ ദൈവചിത്തമത്രെ. വി. അഗുസ്റ്റീനോസു പറയുന്നതായതു്: "ഓരോ കർത്തവ്യനിർവ്വഹണവും വഴിയായി നിങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. തിന്നുകയും കുടിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. വിശ്രമിക്കുകയോ ഉറങ്ങുകയോ ചെയ്യുമ്പോൾ ദൈവത്തെ സ്തുതിക്കുന്നു." ഏവംവിധങ്ങളായ അനുഷ്ഠാനങ്ങളുടെ എല്ലാം ആത്മാവു ദൈവചിത്തമാണെന്നു പറയാം. തന്മൂലം ഇവയുടെ കർത്താക്കൾക്കു സ്വർഗ്ഗത്തിലേക്കായി നിരവധി സാധ്യതകൾ സ്വായത്തമാക്കാൻ പാടുണ്ടു്.

ഭക്താത്മാവേ! ഇനി ഈ വിഷയത്തിൽ നിൻെറ സ്ഥിതി ഒന്നു പരിശോധിച്ചുനോക്കുക. നിൻെറ പ്രവൃത്തികളുടെ എല്ലാം പ്രഥമവും പ്രധാനവുമായ ലാക്കു് എല്ലായ്പോഴും അനുസരണം അഥവാ ദൈവചിത്തം നിറവേററുക എന്നുള്ളതാണോ? നീ പ്രാർത്ഥിക്കുമ്പോഴും, ദിവ്യപൂജയിൽ സംബന്ധിക്കുമ്പോഴും കൂദാശകൾ സ്വീകരിക്കുമ്പോഴും, കുട്ടികളെ പഠിപ്പിക്കുകയോ, ആശ്രമജോലികളിൽ വ്യാപൃതനായിരിക്കുകയോ ചെയ്യുമ്പോഴും ദൈവചിത്തം നിറവേററുക എന്നുള്ളതാണോ നിൻെറ പരമമായ ആദർശം? ചില കാര്യങ്ങൾ എന്നല്ല പലതുതന്നെയും സ്വന്ത ഇഷ്ടത്തെ മുൻനിറുത്തി പ്രവർത്തിച്ചതിനു മനസ്സാക്ഷി നിന്നെ ശാസിച്ചിട്ടില്ലേ? അനുസരണം നിന്നോടാവശ്യപ്പെട്ട ചില കാര്യങ്ങൾ നിൻെറ ഹിതത്തിനു് അഥവാ നിൻെറ ഇഷ്ടത്തിനു അനുയോജിക്കാതിരുന്നതിനാൽ നീ ചെയ്യാതിരുന്നിട്ടില്ലേ? യഥാർത്ഥമിതമാണെങ്കിൽ നിൻെറ പ്രവൃത്തികൾ സ്വതേ എത്ര നല്ലവ ആയിരുന്നാലും അവയ്ക്കുള്ള യോഗ്യതയുടെ ഒരു നല്ല പങ്കു നശിച്ചുപോയി എന്നു ധരിച്ചുകൊള്ളുക. മാത്രമോ? അനുസരണത്തിനു വിരോധമായി നീ നടത്തിയ കൃത്യങ്ങളുടെ

ഗുരുലഘുത്വമനുസരിച്ചു നീ കുററക്കാരനായും തീൎന്നിരിക്കുകയാണു്. ഇതിനുംപുറമേ, സ്വന്തം പ്രവൃത്തികളിൽ നീ അന്യരുടെ അഭിനന്ദനത്തെ കാംക്ഷിക്കുകയോ മിഥ്യാഭിമാനം ഉദ്ദേശിക്കുകയോ ചെയ്തിട്ടില്ലേ എന്നും അങ്ങനെ ദൈവമഹത്വത്തെയും തന്റെ ബഹുമാനത്തെയും തന്റെ തിരുച്ചിത്തത്തെയും നിസ്സാരമാക്കി നിനക്കുള്ള നിത്യസമ്മാനത്തെ കുറച്ചിട്ടില്ലേ എന്നും പരിശോധിക്കുക. ഇതാണു നിന്റെ യഥാൎത്ഥ സ്ഥിതിയെങ്കിൽ "അവരുടെ പ്രതിസമ്മാനം അവർ സ്വീകരിച്ചുകഴിഞ്ഞു" (വി. മത്തായി vi. 5) എന്നു പ്രീശന്മാരെപ്പററി നമ്മുടെ കൎത്താവു് അരുളിച്ചെയ്തതു് നിന്നെപ്പററിയും വ്യസനപൂൎവ്വം പറയേണ്ടതായിട്ടാണിരിക്കുന്നതു്. അവർ സൽകൃത്യങ്ങൾ ഒട്ടേറെ ച്ചെയ്തു. പ്രാൎത്ഥിച്ചു. ഉപവസിച്ചു. ധൎമ്മദാനം ചെയ്തു. മൂശയുടെ പ്രമാണം അക്ഷരാൎത്ഥം പാലിക്കുവാൻ അത്യുത്സുകരുമായിരുന്നു. പക്ഷേ ദൈവം ഇതെല്ലാം നിരസിക്കുകയാണു ചെയ്തതു്. എന്തുകൊണ്ടു്? അവരുടെ സൽകൃത്യങ്ങളിലെല്ലാം ദൈവമഹത്വമോ ബഹുമാനമോ അല്ല, സ്വന്തം ബഹുമാനവും അന്യരിൽ നിന്നുള്ള സ്തുതിഗീതങ്ങളുമാണു് അവർ ആശിച്ചിരുന്നതു്.

മഠാധിപനായ വി. പക്കോമിയൂസിന്റെ ചരിത്രത്തിൽ ഒരു സംഭവം കാണുന്നുണ്ടു്. അദ്ദേഹത്തിന്റെ ആശ്രമത്തിൽ നിയമാനുസരണം സന്യാസികൾ ഓരോരുത്തരും ഓരോ ദിവസവും ഒരു കൊട്ട വീതം നെയ്തിരുന്നു. ഒരു ദിവസം പ്രസ്തുത സന്യാസികളിൽ ഒരാൾ അത്യദ്ധ്വാനം ചെയ്തും വളരെ പണിപ്പെട്ടും രണ്ടു കൊട്ടകൾ നെയ്തെടുത്തു. മഠാധിപന്റെ പ്രശംസയെമാത്രം ഉദ്ദേശിച്ചാണു് ഇയാൾ ഈ ബദ്ധപ്പാടെല്ലാം കഴിച്ചതു്. പക്കോമിയൂസിനു ഇയാളുടെ ഈ ദുരുദ്ദേശ്യം മനസ്സിലായി. ദിനാന്ത്യത്തിൽ എല്ലാവരും ഒരിടത്തു സമ്മേളിച്ചപ്പോൾ അദ്ദേഹം പറയുന്നു: "കണ്ടാലും പ്രഭാതംമുതൽ പ്രദോഷംവരെ ഈ സഹോദരൻ അദ്ധ്വാനിച്ചിട്ടും ഒന്നുംതന്നെ ചെയ്തിട്ടില്ല. എന്തുകൊണ്ടെന്നാൽ, സ്വന്ത സ്തുതിമാത്രം അയാൾ നേടിയതിനാൽ അയാളുടെ അദ്ധ്വാനവും വിയൎപ്പും എല്ലാം അയാൾ പിശാചിനു സമൎപ്പിച്ചു." പിശാചിനുവേണ്ടി പ്രവൎത്തിക്കുവാൻ നമ്മിൽ ആരും ഉദ്ദേശിക്കുന്നില്ലെന്നുള്ളതു തീൎച്ചതന്നെ. അതിനാൽ സൂക്ഷിച്ചുകൊൾക. മനുഷ്യരെ പ്രസാദിപ്പിക്കുവാൻ വേണ്ടിയോ, അവരുടെ സ്തുതിഗീതങ്ങൾ ഉദ്ദേശിച്ചോ ഒന്നും പ്രവ

ത്തിക്കാതിരിക്കുക. ഇക്കാൎയ്യത്തിൽ മനസ്സാക്ഷി നിന്നെ കുററപ്പെടുത്തുന്നുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ദൈവത്തോടു പൊറുതി അപേക്ഷിച്ചുകൊൾക. അതിനു പരിഹാരം ചെയ്തുകൊള്ളാമെന്നു തക്ക പ്രതിജ്ഞയും ചെയ്ക. "ഞങ്ങൾക്കല്ല കൎത്താവേ! ഞങ്ങൾക്കല്ല; പിന്നയോ അങ്ങേ നാമത്തിനു സ്തുതിയുണ്ടായിരിക്കട്ടെ" (സങ്കീൎത്തനം cxiii. 9) എന്നു ദാവീദിനോടുകൂടി അടിക്കടി ചൊല്ലുവാൻ തക്കവണ്ണം സദാ വ്യാപരിക്കുക.

2. സന്യാസികൾ അപൂൎവ്വമായിമാത്രം വീഴുന്നു.

ലോകത്തിലുള്ളതെല്ലാം മാംസത്തിൻെറ ദുരിച്ഛയും കണ്ണുകളുടെ ദുരാശയും ജീവിതത്തിൻെറ നിഗളവുമാകുന്നു. (1 യോ. ii. 16.) ലോകത്തിലുള്ളതു സകലതും മനുഷ്യനെ പാപത്തിലേയ്ക്കു്, വിശിഷ്യ, ദ്രവ്യാശ, ജഡേച്ഛ, അഹങ്കാരം എന്നീ ത്രിവിധ പാപങ്ങളിലേയ്ക്കു് ആനയിക്കുകയും ആകൎഷിക്കുകയും ചെയ്യുന്നു എന്നാണു് വി. യോഹന്നാൻ ഇതിൽനിന്നും അൎത്ഥമാക്കുന്നതു്. ഇവയിൽ ധനത്തോടുള്ള അത്യാശയെപ്പററി തന്നെ പ്രഥമമായി ചിന്തിച്ചുനോക്കുക. സ്വത്തും പണവും സമ്പാദിക്കുന്നതിനുള്ള ശ്രമത്തിൽ മനുഷ്യർ എത്ര എത്ര പാപങ്ങളാണു് അനുസ്യൂതം ചെയ്തുകൂട്ടുന്നതു്? ഇതിനുള്ള ശ്രമത്തിൽ എത്രയോ പ്രാവശ്യം നീതിയേയും ഉപവിയേയും ലംഘിച്ചുകളയുന്നു? ഇതിനായിത്തന്നെ അനുദിനമെന്നോണം നടത്തപ്പെടുന്ന വിശ്വാസവഞ്ചന, മോഷണം, കൊള്ള, കൊലപാതകം, പരസ്പരവിദ്വേഷം, അസൂയ, സാധുക്കളോടുള്ള ക്രൂരത മുതലായവ എത്രമാത്രമെന്നു ആൎക്കാണു നിൎണ്ണയിക്കുവാൻ സാധിക്കുക? ഇതിനെല്ലാം അടിസ്ഥാനവും കാരണവും ധനത്തോടുള്ള അത്യാശതന്നെ. ലൌകികവസ്തുക്കൾ സമ്പാദിക്കുകയും അതോടുകൂടി ഒരു നല്ല മനസ്സാക്ഷി പാലിക്കുകയും ചെയ്യുക എന്നുള്ളതു സാധാരണ ഗതിയിൽ അത്യന്തം ശ്രമസാദ്ധ്യമായ ഒരു സംഗതിയത്രെ. അതേ, മനുഷ്യൻ ധനസമ്പാദനത്തിനായുള്ള അതിരുകടന്ന ആശയ്ക്കു വളരെ എളുപ്പത്തിൽ അടിമപ്പെട്ടുപോകുന്നു. ക്ഷണഭംഗുരമായ ലോകത്തിലെ സുഖസന്തോഷങ്ങളും ബഹുമതികളും ഇച്ഛരിച്ചു് അവൻ തൻെറ ക്രിസ്തീയ കടമകളെയും, ആത്മരക്ഷയെത്തന്നെയും മറന്നുകളയുന്നു. അഹങ്കാരം, അമിതത്വം, ദുൎമ്മോഹം തുടങ്ങിയ പാപകരമായ കാൎയ്യ

ങ്ങൾക്കായി ധനം ദുർവ്യയം ചെയ്യുന്നു. "ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നുള്ളതു് എത്രയോ പ്രയാസമുള്ള കാര്യമാകുന്നു." (ലൂക്കാ xviii. 24.) "ധനികൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എത്ര എളുപ്പമാണു് ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുക എന്നതു്" (മത്തായി xix. 24.) എന്നിങ്ങനെ ധനികരെപ്പററി നമ്മുടെ കർത്താവുതന്നെ അരുളിച്ചെയ്തിട്ടുള്ളതും ഇതുകൊണ്ടുതന്നെയാണു്.

ആത്മരക്ഷയുടെ വിഷയത്തിൽ അഹങ്കാരവും ഇതുപോലെയുള്ള വിപത്തുകൾതന്നെ വരുത്തിവെയ്ക്കുന്നു. ഒരുത്തനെ ആരെങ്കിലും ബഹുമാനിച്ചുതുടങ്ങുന്ന മാത്രയിൽ അഹങ്കാരം അവൻെറ ഹൃദയത്തിൽ വേരൂന്നുവാൻ അനുവദിച്ചുകഴിയുന്നു. മററുള്ളവരിലെല്ലാം ഉപരിയായും ഉയൎന്നവനായും സ്വയം ഭാവിക്കുന്നു. അന്യരെ അവജ്ഞയോടെ വീക്ഷിച്ചുതുടങ്ങുന്നു. കീൎത്തിയും ബഹുമാനവും ലൌകികസ്ഥാനമാനാദികളും പലപ്പോഴും മതപരമായ കടമകളെ പാടെ ഉപേക്ഷിക്കുവാൻപോലും കാരണമാകാറുണ്ടു്. ചില ഉദാഹരണങ്ങൾതന്നെ ചൂണ്ടിക്കാണിക്കാം. ഉന്നതപദവികളിൽ എത്തിച്ചേരുന്നതോടുകൂടി ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ദിവ്യപൂജ കാണുന്ന കാൎയ്യം ക്രമേണ മുടങ്ങിയും മുടക്കിയും തുടങ്ങുന്നു. ദൈവവചനം കേൾക്കാതെയാകുന്നു. കൂദാശകളുടെ സ്വീകരണവും വേണ്ടെന്നു വെയ്ക്കുന്നു. അചിരേണ നിത്യത്വത്തേയും സ്വൎഗ്ഗത്തേയുംപററിയുള്ള ചിന്തകളും എന്നുവേണ്ട വിശ്വാസംതന്നെയും നാമാവശേഷമായിത്തീരുന്നു. ഇങ്ങനെ പലപ്പോഴും കാണുന്നില്ലയോ?

ഇനി ക്രമരഹിതമായ സുഖസന്തോഷങ്ങൾ അനുഭവിക്കുന്നതിനു ലോകത്തിലുള്ള നിരവധി സൌകൎയ്യങ്ങളെപ്പററി എന്തു പറയട്ടെ. നടനരംഗങ്ങൾ, നൎത്തനശാലകൾ, നൃത്തം തുടങ്ങിയ വിനോദങ്ങൾ സവാരി, സ്വീകരണച്ചടങ്ങുകൾ മുതലായവ അനുദിനം ലോഭമെന്യെ കാണാനും അനുഭവിക്കുവാനുമുള്ള സൌകൎയ്യങ്ങൾ ധാരാളം. അഹോ, ഇതൊന്നും പാപത്തിനു സഹായിക്കുന്ന സാഹചൎയ്യങ്ങളല്ലെന്നുണ്ടോ? ഈവിധരംഗങ്ങളിൽവച്ചു വിശേഷിച്ചു യുവജനങ്ങൾ അവരുടെ ഹൃദയപരിശുദ്ധത നഷ്ടപ്പെടുത്തുന്നതായ ഉദാഹരണങ്ങൾ നിരവധിയാണു്. അങ്ങനെ അവരുടെ ഈലോകജീവിതവും പരലോകജീവിതവും ദുരിതപൂൎണ്ണമാക്കിക്കളയുന്നു. ഇങ്ങനെ നോക്കുന്നതാ

യാൽ ലോകജീവിതത്തിനു നേരിടുന്ന ഇടർച്ചയ്ക്കു കണക്കില്ല. എന്നുവേണ്ട അവിടെ കാണുന്നതും കേൾക്കുന്നതും എല്ലാം മനുഷ്യനെ പാപത്തിലേയ്ക്കു വലിച്ചിഴക്കുകയാണ് ചെയ്യുന്നതെന്നു പറയാം. ദുഷിച്ചതും നിമ്മതപരവുമായ തത്വങ്ങൾ സർവ്വത്ര പ്രചരിപ്പിക്കപ്പെടുന്നു. വിശ്വാസം, മതം, വൈദികജീവിതം, സന്യാസം എന്നിത്യാദിയായിരിക്കും പലപ്പോഴും വഴിപിഴച്ച വിമശ്നങ്ങൾക്കു പാത്രീഭവിക്കുന്നതു്. നാസ്തികത്വവും നിമ്മതത്വവും തല ഉയർത്തി തുടങ്ങും. മഹാ തിന്മകളും മഹാ പാതകങ്ങളും പലക്കും നിഷിദ്ധങ്ങളായിരിക്കയില്ല. എന്നല്ല ഇവ പൊതുവേ ക്ഷന്തവ്യങ്ങളും പ്രശംസാർഹങ്ങളുമായി കരുതപ്പെടും. ഇതിലേയ്ക്കു ഒഴികഴിവുകൾ പലതു പറയും. അവയെ പാടെ നീതീകരിക്കുവാൻതന്നെ പലർ ഉണ്ടാകും. അഹോ! ലോകജീവിതം ദുഷ്കരമായ ഒന്നുതന്നെ. ലോകത്തിലെ ദുഷിച്ച സാഹചര്യങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുക എന്നുള്ളതും വിഷമമേറിയ ഒരു കാര്യമാണ്. ലോകജീവിതത്തെപ്പററിയുള്ള വി. അമ്പ്രോസീസിൻെറ വാക്കുകൾ ഇവിടെ സ്മരണീയമാണ്. വിശുദ്ധൻ പറയുന്നു. "ലോകത്തിലെ അന്തരീക്ഷം ദുഷിച്ചതും സാംക്രമികവുമാണ്. അതു് ആരെല്ലാം ശ്വസിക്കുന്നുവോ അവരിൽ എല്ലാം ഈ ആത്മീയബാധ സംക്രമിക്കുന്നു. മനുഷ്യസഹജമായ ദുരഭിമാനം, ദുർമ്മാതൃക, ദുഷിച്ച സംഭാഷണം എന്നിവ മനുഷ്യനെ ലോകത്തിലേയ്ക്കു ബലാൽ ആകർഷിക്കുന്നതിനും ആത്മാവിനെ ദൈവത്തിൽനിന്നകററുന്നതിനും ഉപകരിക്കുന്ന പ്രബലങ്ങളായ പ്രേരണകളാകുന്നു."

ഭക്താത്മാവേ, ലൌകികരെ അപേക്ഷിച്ച സന്യാസിയായ നിനക്കുള്ള മേന്മകൾ ഒരിക്കൽക്കൂടി ഇതാ വിശദമാകുന്നു. ലോകത്തിൽനിന്നു മാറിയുള്ള ജീവിതംമൂലം എത്രയോ വിപത്തുകൾ നിനക്കു നീക്കപ്പെട്ടിരിക്കുന്നു എന്നു ആലോചിക്കുക. തിന്മകളിലും പാപങ്ങളിലുംനിന്നു് പരിഛേദം അകന്നിരിക്കുവാൻ നിനക്ക് എത്ര എളുപ്പം. നീ ചെയ്തിട്ടുള്ളതായ ആ മൂന്നു വ്രതങ്ങൾ വഴിയായി പാപത്തിലേയ്ക്കുള്ള മൂന്നു പ്രധാന മാർഗ്ഗങ്ങളായ അഹങ്കാരം, സുഖേച്ഛ, ദ്രവ്യാശ നിന്നിൽനിന്നും ഒഴിച്ചുമാററപ്പെട്ടിരിക്കുന്നു. അനുസരണമെന്ന വ്രതം വഴിയായി ബഹുമാനപ്രിയം കരുന്നിലേതന്നെ നിന്നിൽനിന്നും നുള്ളി കളയപ്പെട്ടിരിക്കയാണ്. ദാരിദ്ര്യവ്രതം ധനത്തോടുള്ള

ആശയെ നിയന്ത്രിച്ചു നിഗ്രഹിക്കുന്നു. കന്യകാവ്രതദ്വാരാ ജഡേച്ഛകളും പരിച്ഛേദം നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ലോകത്തിൽനിന്നും വേർതിരിക്കപ്പെട്ട ഒരു ജീവിതം നയിക്കേണ്ടതു നിന്നെ സംബന്ധിച്ചിടത്തോളം ഒരു കത്തവ്യമായിത്തീന്നിരിക്കയാണു്. ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പലവിധ തിന്മകൾ കാണ്മാനോ അവയെപ്പററി കേൾക്കുവാനോ നീ ഒരുവിധത്തിലും നിർബന്ധിതനല്ല. ലോകത്തിൽ ചരിക്കുന്ന ക്രിസ്ത്യാനികളുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്ന ഇടർച്ചകളൊന്നും നീ കാണേണ്ടതില്ല. തന്മൂലം പരീക്ഷകളും നിനക്കു വളരെ കുറഞ്ഞിരിക്കും. വാസ്തവം പറയുന്നപക്ഷം സന്യാസികൾക്കു അവരുടെ ആത്മരക്ഷാവിഷയത്തിൽ രണ്ടേരണ്ടു ശത്രുക്കളെ ഉള്ളൂ. അതായതു പിശാചും സ്വന്തദുരാശാപാശങ്ങളും.

ആത്മാവിന്റെ ഒരു പ്രബല ശത്രുവായ ലോകത്തെ അവർ അത്ര ഭയപ്പെടേണ്ടതില്ല. ലോകത്തിന്റെ ആക്രമണങ്ങളെ സന്യാസികൾക്കുവേണ്ടി ആശ്രമഭിത്തികൾ തടയുന്നതിനാൽ സന്യാസികൾക്കു് ഒരു വിപത്തും വരുത്തിവെയ്ക്കുവാൻ ലോകത്തിനു സാദ്ധ്യമല്ലെന്നു പറയാം. നിരോധിക്കപ്പെട്ടതായ ഒരു വിനോദത്തിൽ പങ്കുകൊള്ളാനോ, ഒരു സാമൂഹ്യസംഘടനയിൽ സാമാജികത്വം സ്വീകരിക്കാനോ ആയി ഒരു സന്യാസിയെ ആരെങ്കിലും ക്ഷണിക്കുകയോ അതിനായി പ്രേരിപ്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്യുമോ? ലളിതമായ രീതിയിലുള്ള വസ്ത്രധാരണത്തെപ്രതിയോ മൗനവ്രതം അനുഷ്ഠിച്ചതുകൊണ്ടോ, പ്രാത്ഥനാദികളിൽ ഏപ്പെട്ടതുകൊണ്ടോ, കൂദാശകൾ സ്വീകരിച്ചതുകൊണ്ടോ ആരും അയാളെ ആക്ഷേപിക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു സന്യാസി പാപത്തിൽ വീഴുക എന്നതു കുറേ പ്രയാസമേറിയ– എന്നല്ല പ്രായേണ അസാദ്ധ്യമായ– ഒരു കാര്യം ആണെന്നുപോലും പറയാം. എന്തുകൊണ്ടെന്നാൽ അയാൾ സവ്വത്ര ക്രമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയനാണു്. അയാളുടെ ഗതി പിഴച്ചുപോകാതിരിക്കത്തക്കവണ്ണം എല്ലായിടത്തും എല്ലായ്പോഴും സഭാചട്ടങ്ങൾ ചാടിവീഴുന്നു. മാത്രമല്ല, പാപത്തിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ വളരെ സഹായിക്കുന്നതായ അനുദിനധ്യാനം, ജ്ഞാനവായന, പൊതുവായും പ്രത്യേകിച്ചുമുള്ള ആത്മശോധന, കൂദാശകളുടെ കൂടെക്കൂടെയുള്ള സ്വീക

രണം, വാഷിികധ്യാനം എന്നിവ അയാൾ കൃത്യമായി നടത്തി പോരുന്നതുമാണ്.

ഹാ! അന്മായരെ അപേക്ഷിച്ചു സന്യാസികൾക്കുള്ള മേന്മകൾ എത്ര എത്ര? പാപത്തിൽനിന്നും ഒഴിഞ്ഞിരിപ്പാൻ അവൾക്ക് എത്രയോ എളുപ്പം. ഇക്കാരണങ്ങളാലത്രേ പാസ്സിയിലെ വി. മറിയം മഗ്ദലേന, 'ഹാ! അനുഗ്രഹിക്കപ്പെട്ട ഭിത്തികളെ, ഹാ! അനുഗ്രഹിക്കപ്പെട്ട ഭിത്തികളെ, എത്രയോ ആപത്തുകളിൽനിന്നും നിങ്ങൾ എന്നെ രക്ഷിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് ആശ്രമഭിത്തികളെ പലപ്പോഴും ചുംബിച്ചിരുന്നതു്. ഇതേകാരണത്താൽതന്നെയാണ് ഒർസീനിയിലെ വാഴ്ത്തപ്പെട്ട മറിയം മഗ്ദലേന ഒരു സന്യാസിനി എപ്പോഴെങ്കിലും ചിരിക്കുന്നതു കാണുന്നതിനിടയായാൽ "കൊള്ളാം. പ്രിയ സഹോദരീ ചിരിച്ചു സന്തോഷിച്ചുകൊൾക. ലോകത്തിലെ ആപത്തുകളിൽനിന്നും നാം വളരെ വളരെ അകന്നാകയാൽ സന്തോഷത്തിനു നമുക്കവകാശമുണ്ട്'' എന്നു പതിവായി പറഞ്ഞിരുന്നതും.

"ഹാ! എന്റെ ദൈവമെ, അഗതികളായ എത്രയോ കൃഷകരും ആട്ടിടയരും വൈദികരായ ഞങ്ങളെക്കാൾ വളരെ കൂടുതലായി മിശിഹായെ സ്നേഹിക്കുന്നു" എന്നിങ്ങനെ വൈദികരെ പ്രധാനമായും ഉദ്ദേശിച്ചു വി. അല്ലോൻസുലിഗോരി പ്രസ്താവിച്ചിട്ടുണ്ട്. ഈ വാക്കുകളെ സങ്കടപാരവശ്യത്തോടുകൂടി മാത്രമേ നമുക്കു സ്മരിക്കുവാൻ കഴിയുകയുള്ളൂ. വൈദികരെ ഉദ്ദേശിച്ചു പറയപ്പെട്ടതായ ഈ വാക്കുകൾ ന്യായമായി സന്യസ്തരെ സംബന്ധിച്ചും പറയാവുന്നതാണ്. ആണ്ടുവട്ടത്തിനിടയിൽ പാപങ്ങളിൽ— പാപദോഷങ്ങളിൽത്തന്നെയും— അധികമൊന്നും വീഴാതെ സൂക്ഷിച്ചുജീവിക്കുന്ന ആളുകൾ സാധുക്കളായ കൂലിവേലക്കാരുടെ ഇടയിൽപ്പോലും പലരുണ്ടെന്നുള്ളതു വെറും പരമാത്ഥം മാത്രമാണ്. ജ്ഞാനസ്നാനവേളയിലെ നിഷ്കളങ്കതയ്ക്കു ഒരു ഭംഗവും വരുത്തിയിട്ടില്ലാവരും, ദുഷിച്ച ഈ ലോകാന്തരീക്ഷത്തിൽ നിമ്മലവും ഭക്തിപരവുമായ ജീവിതം നയിക്കുന്നവരുമായ യുവതീയുവാക്കന്മാരും അത്ര അപൂവ്വമല്ല. എന്നാൽ ഈ അന്മായരോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ നീ ലോകത്താൽ പരീക്ഷിക്കപ്പെടുന്നില്ല. ലോകം പാപത്തിലേയ്ക്കു നിന്നെ വശീകരിക്കുന്നുമില്ല. ദൈവേഷ്ടപ്രസാദം സമ്പാദിക്കുവാനാണെങ്കിൽ ഉചിതവും ഫലവത്തുമായ മാഗ്ഗങ്ങൾ നിനക്കു

ധാരാളം ഉണ്ട്. ഇതെല്ലാമായിട്ടും ഈ അനുകൂല സാഹചര്യങ്ങളൊന്നും ഇല്ലാത്തവരായ അമ്മായർ നിന്നെക്കാൾ തീക്ഷ്ണതയോടെ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ഹാ! നിന്നെ സംബന്ധിച്ചിടത്തോളം അതെത്ര ലജ്ജാവഹമാണെന്നു ഗാഢമായി ഒന്നു ചിന്തിച്ചുനോക്കുക. ആശ്രമവാസികളായ നാം ഈ അമ്മായരേക്കാൾ കൂടുതലായി ദൈവത്തെ ദ്രോഹിച്ചു് അവരെക്കാൾ മന്ദഭക്തരും അലസരും ആയിരുന്നു എന്നു മനസ്സാ ഏററുപറയുവാനിടയാകുന്നുവെങ്കിൽ ഹാ! എത്ര ലജ്ജാവഹം. അതിനാൽ ഏതെങ്കിലും ഘനമായ പാപത്തിൽ നീ വീണുപോയിട്ടുണ്ടെങ്കിൽ ദൈവസന്നിധിയിൽ എളിമപ്പെട്ടുകൊണ്ടു് തൻെറ അനുഗ്രഹത്തിനും രക്ഷയ്ക്കുമായി സാഷ്ടാംഗപ്രണാമംചെയ്തു് വന്നുപോയിട്ടുള്ള എല്ലാ തെററുകളെക്കുറിച്ചും ഉത്തമമനസ്താപപ്പെടുക. മാത്രമല്ല, ദൈവസേവനത്തിൽ അമ്മായർ എന്നെ പിൻപിലാക്കുവാൻ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല എന്നു സുസ്ഥിരമായ പ്രതിജ്ഞയും ചെയ്യുക.

3. സന്യാസി വീണുപോയാൽ വേഗത്തിൽ എഴുന്നേൽക്കുന്നു.

"തനിയേയിരിക്കുന്നവനു ദുരിതം. എന്തുകൊണ്ടെന്നാൽ അവൻ വീഴുമ്പോൾ അവനെ എഴുന്നേല്പിക്കുവാൻ ആരും ഉണ്ടായിരിക്കയില്ല." (എക്ലുസി. iv. 10.) ഈ ദൈവികവാക്കുകൾ ലോകത്തിലിരിക്കുന്ന ക്രിസ്ത്യാനികളെ സംബന്ധിച്ചു പലപ്പോഴും അന്വത്ഥമാണെന്നു പറയാം. എന്തുകൊണ്ടെന്നാൽ അവർ പ്രകൃത്യാതന്നെ ബലഹീനരും പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നവരും ബാഹ്യമായി പലേവിധത്തിൽ പരീക്ഷിതരും തിന്മയിലേയ്ക്കു വശീകരിക്കപ്പെട്ടിരിക്കുന്നവരുമാണ്. അതിനാൽ അവർ പാപത്തിൽ നിപതിക്കുകയോ, ദൈവത്തെ ദ്രോഹിക്കുകയോ, ഇഷ്ടപ്രസാദം നഷ്ടപ്പെടുത്തുകയോ ചെയ്യുവാൻ ഇടയാകുന്നു എങ്കിൽ അതിൽ ആശ്ചര്യത്തിനു വകയില്ല. തങ്ങളുടെ പിടിയിൽ അകപ്പെട്ട ഒരു മനുഷ്യനെ കൊള്ളക്കാർ അർദ്ധപ്രാണനാക്കി വഴിമദ്ധ്യേ ഉപേക്ഷിച്ചുംവച്ചുപോകുകയും ആ വഴിയേ കടന്നുപോയ യഹൂദവൈദികനും ലേവ്യായക്കാരനും അയാളെ കണ്ടിട്ടും സഹായത്തിനു സന്നദ്ധമാകാതെ കടന്നുപോകയും ചെയ്തതായ ആ ഉപമ നാമേവരും കേട്ടിട്ടുള്ളതാണല്ലോ. നിർഭാഗ്യരായ അമ്മായരിൽ പലരുടേയും സ്ഥിതി ഈ ദുർഭഗനായ

മനുഷ്യന്റേതിനോടു സാമ്യം വഹിക്കുന്നു. വീഴ്ചയിൽനിന്നെഴുന്നേല്ക്കുന്നതിനു ഒരു തുണയായി അവക്ക് ആരുമില്ല. അവരെ ശാസിക്കുവാനോ തിരുത്തുവാനോ ഒരുത്തരുമില്ല. മരണമില്ലാത്തതായ ആത്മാവിനെ അവർ ഏതൊരാപത്തിലേക്കാനയിക്കുന്നുവോ, ആ ആപത്തിന്റെ ഭയങ്കരതയിലേയ്ക്കു അവരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ആരുമില്ല. അവരുടെ ദുഷിച്ച തഴക്കങ്ങൾ ഉപേക്ഷിക്കുന്നതിനു് അവരെ ഉപദേശിച്ചു വശീകരിക്കുവാൻ ആരുമില്ല. എളിമയോടും മനസ്താപത്തോടുംകൂടി പാപസങ്കീർത്തനം നടത്തുവാനോ സാക്ഷാത്തായ മനസ്താപം വഴിയായി ദൈവത്തോട്ട് ഒരിക്കൽക്കൂടി രമ്യപ്പെടുവാനോ അവരെ ഉപദേശിക്കുവാനും ആരുമില്ല. ഇനി ഒരുപക്ഷേ അവർ സ്വമനസ്സാ മാനസാന്തരപ്പെടുവാൻ ആഗ്രഹിച്ചാൽത്തന്നെയും അവരുടെ സഹചാരികൾ അവരെ തടയുകയും പാപമാർഗ്ഗത്തിൽ തന്നെ അവരെ നിലനിർത്തുന്നതിനായി ഭഗീരഥപ്രയത്നം നടത്തുകയും ചെയ്യുന്നു. പാപമാർഗ്ഗത്തിൽത്തന്നെ ജീവിക്കുന്നവരായി ലോകത്തിൽ പലരുണ്ടാകാം. പക്ഷേ ഒരു നാത്താൻ അവരെ സമീപിച്ചു പാപങ്ങളെപ്പററി പശ്ചാത്തപിക്കുവാൻ അവരെ ഉപദേശിക്കുകയും അവരുടെ ദുഷ്കൃത്യങ്ങളുടെ ഭയങ്കരത വിശദമായി അവരെ മനസ്സിലാക്കുകയും അവരുടെ നിത്യഭാഗ്യത്തിനു അവർ വരുത്തിവെയ്ക്കുന്ന വിപത്തിനെപ്പററി അവരെ ഗ്രഹിപ്പിക്കുകയും ചെയ്യുന്നു എങ്കിൽ നിശ്ചയമായും അവർ ദാവീദിനെപ്പോലെ തങ്ങളുടെ പാപങ്ങളെപ്പററി ഉള്ളഴിഞ്ഞു മനസ്താപപ്പെട്ടു പ്രായശ്ചിത്തകൃത്യങ്ങൾ നടത്തുമായിരുന്നുവെന്നു തന്നെ വിശ്വസിക്കാം. എന്നാൽ അങ്ങനെ അവരെ ശാസിക്കുവാൻ ഒരു ദീർഘദർശി പ്രത്യക്ഷപ്പെടുന്നില്ലാത്തതിനാൽ അവർ മാനസാന്തരപ്പെടുവാൻ ഇടയാകുന്നില്ല. ഒടുവിൽ മനസ്താപപ്പെടാതെ നിർഭാഗ്യമരണം പ്രാപിക്കുന്നതിനുള്ള ആപത്തിൽ അവർ എത്തിച്ചേരുവാൻ പലപ്പോഴും ഇടയാവുകയും ചെയ്യുന്നു.

അത്മായരുമായി താരതമ്യപ്പെടുത്തുമ്പോൾ അഹോ! സന്യാസികൾ എത്രയോ അനുഗൃഹീതർ. പാപത്തിൽ, അതേ ഘനമായ പാപത്തിൽത്തന്നെയും, വീഴാൻ ഇടയായാൽ അതിൽനിന്നും വീണ്ടെഴുന്നേല്ക്കുവാൻ സന്യാസിയായ നിനക്ക് എത്രയോ സൌകര്യങ്ങളും ഫലപ്രദമായ മാർഗ്ഗങ്ങളുമാണുള്ളതു്?

നിൻെറ തെററിനെപ്പററി അധികൃതർ അറിയുവാനിടയാകുന്ന ക്ഷണത്തിൽ അവർ നിന്നെ തിരുത്തുന്നു. കാര്യമായും എന്നാൽ സൌമ്യമായും നിന്നെ ഉപദേശിക്കുകയും അനുശാസിക്കുകയും ചെയ്യുന്നു. നിൻെറ കുററംകുറവുകളിൽ പലതും അധികൃതക്കു വെളിപ്പെടുത്തണമെന്നുള്ളതു സഭാനിയമംതന്നെയാകയാൽ നിൻെറ താഴ്ചകളെയും വീഴ്ചകളെയുംപററി യഥാകാലം അറിയുവാൻ അവക്കു അവസരമുണ്ട്. നിൻെറ വീഴ്ചകൾക്കു പരിഹാരം ചെയ്യുവാൻ ഇതു പററിയ ഒരു മാർഗ്ഗമല്ലേ? അനുദിനവും നീ ധ്യാനിക്കുന്നുണ്ട്. പാപത്തിൽതന്നെ നിലനിന്നുകൊണ്ടു എങ്ങനെയാണ് മനസ്സമാധാനത്തോടുകൂടി നിത്യസത്യങ്ങളെപ്പററി ധ്യാനിക്കുവാൻ കഴിയുക? അദ്ധ്യാത്മികഗുരുക്കന്മാർ ഏതസംബന്ധം പ്രസ്താവിക്കുന്നതു്: "ഒന്നുകിൽ ധ്യാനം വേണ്ടെന്നുവെക്കണം. അല്ലെങ്കിൽ പാപം വേണ്ടെന്നുവെക്കണം. ഇതിൽ ഏതെങ്കിലും ഒന്നു ഉപേക്ഷിച്ചേ മതിയാവൂ. രണ്ടുംകൂടി ഒന്നിച്ചു നില്ക്കയില്ല" എന്നത്രേ.

ഇതു മാത്രമോ? ആഴ്ചതോറും നീ പാപസങ്കീത്തനം നടത്തുന്നുണ്ട്. ഇതിലേയ്ക്കായി നീ ഒരു വൈദികനെ അന്വേഷിച്ചുപോകാനോ അദ്ദേഹത്തിൻെറ വരവു പ്രതീക്ഷിച്ചുനില്ക്കാനോ ആവശ്യമില്ല. നിനക്കാവശ്യമുള്ള ഏതു സമയവും അദ്ദേഹം നിന്നെ സ്വീകരിക്കുവാൻ സന്നദ്ധനായിരിക്കുന്നു. അത്മായക്കാകട്ടെ ഒരു പാപസങ്കീത്തനം നടത്തണമെന്നുണ്ടായിരുന്നാൽ അതിനായി വൈദികനെ തേടണം, അവരുടെയും തങ്ങളുടെതന്നെയും സൌകര്യം നോക്കണം. എന്നാൽ നിനക്കോ? ഒരുപക്ഷേ അതിൽനിന്നൊഴിയണമെന്നു വിചാരിച്ചാൽ‌തന്നെയും അതത്ര എളുപ്പമല്ല. പ്രതിവാരമുള്ള ഈ പാപസങ്കീത്തനം പാപത്തിനെതിരായുള്ള അജയ്യമായ ഒരു കോട്ടയല്ലേ? ഇതെല്ലാം കടന്നു ചാവുദോഷം മറച്ചുവെച്ചുകൊണ്ടു ഒരു സന്ന്യാസി തൻെറ കുമ്പസാരവും തദനന്തരം വി. കർബാനയുടെ സ്വീകരണവും നടത്തുമെന്നോ? അതേ, അങ്ങനെ ആഴ്ചയിൽ പല ദൈവദോഷം വരുത്തിക്കൂട്ടുമെന്നോ? ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒന്നു സംഭവിക്കുമെന്നു വിചാരിക്കുവാൻപോലും പ്രയാസമാണ്. സഹചാരികളുടെ ഭക്തജീവിതം പാപത്തിൽനിന്നും വീണ്ടെഴുന്നേൽക്കുന്നതിനുള്ള ബലവത്തരമായ വേറൊരു പ്രേരണയാണ്. "എൻെറ

ഈ സഭയിൽത്തന്നെ ഉള്ള ഇന്നയാൾ എത്ര മാതൃകാപരമായും ഭക്തിതീക്ഷ്ണതയോടുംകൂടി ജീവിക്കുന്നു. ഞാനോ എന്നാൽ മന്ദഭക്തിയിലും സർവ്വത്ര അലസതയിലും ഒരു അയഞ്ഞ ജീവിതം നയിക്കുന്നു. അയ്യോ, ഏതെല്ലാം വിധത്തിലാണ് ദൈവത്തെ ഞാൻ ദ്രോഹിക്കുന്നത്'' എന്നിത്യാദി ചിന്തകൾക്കിടയുണ്ടായാൽ അതുമാത്രം മതി ഒരാത്മാവിൽ ഭക്തിതീക്ഷ്ണത ഉല്പാദിപ്പിക്കുവാനും ദൈവസ്നേഹാഗ്നി കത്തിക്കാളിക്കുവാനും.

പാപത്തിൽനിന്നും വീണ്ടെഴുന്നേൽക്കുന്നതിനു സന്യാസികൾക്കു സൌകര്യങ്ങളും ഫലപ്രദമായ മാർഗ്ഗങ്ങളും നിരവധിയാകയാൽ ലൌകികരെ അപേക്ഷിച്ചു അവർ വളരെ വേഗത്തിൽ എഴുന്നേൽക്കുന്നു എന്നു ഇതിൽനിന്നെല്ലാം സിദ്ധിക്കുന്നുണ്ടല്ലോ. എന്നാൽ ഹാ! സന്യസ്താത്മാവേ! നിന്നെ സംബന്ധിച്ചിടത്തോളം പുണ്യപൂർണ്ണതയും ഇഷ്ടപ്രസാദവും സമ്പാദിക്കുന്നതിനുള്ള ഈ ഉത്തമോപാധികൾ എങ്ങനെയാണ് ഉപയോഗപ്പെടുത്തിപ്പോരുന്നത്? ഇവിടെ ഒരു സ്വയംപരിശോധന നടത്തുക. എന്നെ സംബന്ധിച്ചിടത്തോളം സംഗതികൾ എങ്ങനെയിരിക്കുന്നു? ആശ്രമത്തിൽ ഞാൻ വന്നിട്ട് ഒന്ന്— അഞ്ച്— പത്ത്— ഇരുപതു സംവത്സരമായി. എനിക്കു നേരത്തേ സഹജമായിരുന്ന ന്യൂനതകൾ പരിഹരിച്ചിട്ടുണ്ടോ? ക്രമരഹിതമായ എൻെറ ദുരാശകളെ ഞാൻ പരിത്യജിച്ചോ? ദുഃസ്വഭാവങ്ങൾ മാററിയോ? പോരായ്മകൾ പരിഹരിച്ചിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്ക് ഉവ്വ് എന്നുത്തരം പറയുവാൻ കഴിയുമെങ്കിൽ നീ അനുഗ്രഹീതൻതന്നെ. ഇങ്ങനെയെങ്കിൽ നിൻെറ ജീവിതം നീ ഫലവത്താക്കിയിട്ടുണ്ട്. നിൻെറ ഭക്തിതീക്ഷ്ണതയ്ക്കു തക്ക പ്രതിഫലം ദൈവം തരികയും ചെയ്യും. ഇനി നേരേമറിച്ച് 'ഇല്ല' എന്നുള്ള ഉത്തരമാണ് നിനക്കു നൽകുവാനുള്ളതെങ്കിൽ ഈ ക്ഷണംമുതൽ നിൻെറ ബലഹീനതകൾ പരിഹരിക്കുവാൻ തീവ്രമായി നീ യത്നിച്ചുകൊൾക. നിന്നെത്തന്നെ ക്രമപ്പെടുത്തി വിശുദ്ധീകരിച്ചുകൊൾക. എങ്കിൽ മാത്രമേ അവസാനനാളിൽ നിന്നെ സംബന്ധിച്ചിടത്തോളം ദൈവം ദയാലുവായ ഒരു ന്യായാധിപനായിരിക്കയുള്ളു.

# 3. സന്ന്യാസജീവിതവും അതിൻെറ വൈശിഷ്ട്യവും

## II

### 4. സന്ന്യാസി സമൃദ്ധിയായി നനയ്ക്കപ്പെടുന്നു.

സ്വന്ത ആത്മരക്ഷയ്ക്കാവശ്യമായ വരപ്രസാദങ്ങൾ ഓരോ മനുഷ്യനും ദൈവം നൽകുന്നു എന്നുള്ളതു ഒരു വിശ്വാസ സത്യമാകുന്നു. അവിടുന്നു ഓരോ വ്യക്തിക്കും നൽകുന്ന വരപ്ര സാദത്തിൻെറ അളവ് തലേന്തുകളുടെ ഉപമ നമ്മെ പഠിപ്പി ക്കുന്നതുപോലെ ദൈവതിരുച്ചിത്തമനുസരിച്ച് കൂടിയും കുറ ഞ്ഞുമിരിക്കും. അത്മായരെ അപേക്ഷിച്ച് സന്ന്യസ്തർക്ക് കൂടുതൽ വരങ്ങൾ ലഭിക്കുന്നു എന്നുള്ളതു് അവിതർക്കിതമായ ഒരു വസ്തുത യത്രേ. ഉദാഹരണത്തിനായി പ്രാർത്ഥനയെത്തന്നെ എടുക്കാം. പ്രാർത്ഥന ഒരു മഹത്തായ അനുഗ്രഹമാണ്. ആദ്ധ്യാത്മികമായി പറഞ്ഞാൽ അതു നമ്മെ പരിപോഷിപ്പിക്കുന്നു. പരീക്ഷകളിൽ നമുക്കു ബലം തരുന്നു. നമ്മെ സുകൃതവാന്മാരും സൌഭാഗ്യവാ ന്മാരും ആക്കിത്തീക്കുന്നു. നിത്യരക്ഷയ്ക്കാവശ്യമായ സകല സ ഹായങ്ങളും നൽകുന്നു. ഇതുപോലെതന്നെ ജ്ഞാനവായനയും ധ്യാനവും വലിയ അനുഗ്രഹങ്ങളാണ്. അവ നമ്മെപ്പററിത്ത ന്നെയുള്ള ശരിയായ ജ്ഞാനം നമുക്കു നൽകുന്നു. പ്രപഞ്ചം സ ർവ്വത്ര മായയാണെന്നുള്ള വസ്തുത നമ്മിൽ ദൃഢമൂലമാക്കുന്നു. ദൈവസേവനത്തോടെ പുരോഗമിക്കുവാൻ നമ്മെ പ്രേരിപ്പി ക്കുന്നു. പൂർണ്ണതയിലും വിശുദ്ധിയിലും എങ്ങനെ എത്തിച്ചേരാ മെന്നു നമുക്കു കാണിച്ചുതരുന്നു. ഇഷ്ടപ്രസാദസമ്പാദനത്തിനുള്ള വേറൊരു മാർഗ്ഗമാണ് കുമ്പസാരം കർബ്ബാന എന്നീ കൂദാശ കൾ. ഇവ പാപത്തിൽനിന്നു നമ്മെ വിമുക്തരാക്കി, അവയ്ക്കുള്ള ശിക്ഷ റദ്ദാക്കി ഇഷ്ടപ്രസാദം വർദ്ധിപ്പിച്ച് അന്ത്യംവരെ അ തിൽ നിലനിൽക്കുന്നതിനു നമ്മെ സഹായിക്കുന്നു. ഏകാന്തത യാണ് ഇഷ്ടപ്രസാദസമ്പാദനത്തിനുള്ള വേറൊരു മാർഗ്ഗം. നമ്മുടെ ഹൃദയത്തിൽനിന്നു തിന്മയെ അകററി പുണ്യത്തിൽ നാം പുരോഗമിക്കുന്നതിനുള്ള ഏററം ഫലവത്തായ ഒരു മാർഗ്ഗ മത്രെ ഏകാന്തത.

ഈവക അനുഗ്രഹങ്ങളെല്ലാം സന്യാസിക്കു ധാരാള മായി ഇഷ്ടാനുസരണം അനുഭവിക്കാവുന്നതാണ്. എന്നല്ല ഇവ ഉപയോഗപ്പെടുത്തുവാൻ സന്യാസികൾ നിർബദ്ധർതന്നെയാ ണ്. പ്രാർത്ഥന, ധ്യാനം, ജ്ഞാനവായന എന്നിവക്കെല്ലാം അ വക്കു നിർദ്ദിഷ്ട സമയങ്ങളുണ്ട്. ഇവയിലേതിനെങ്കിലും സമയ മില്ലായിരുന്നു എന്നൊരു ഒഴികഴിവു പറയുവാൻ ഒരു സന്യാ സിക്കു നിവൃത്തിയില്ല. ആശ്രമനിയമം അത്രക്കു കൃത്യമാണ്. അതതു കൃത്യത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തു അതതു കൃത്യം നടത്തിക്കൊള്ളണമെന്നും ആ സമയത്തു മററൊന്നിലും ഏൎപ്പെട്ടുകൂടാ എന്നും നിയമം അനുശാസിക്കുന്നു. കുമ്പസാരം ദിവ്യകാരുണ്യസ്വീകരണം എന്നിവ സംബന്ധിച്ചും ഇതുപോ ലെ കൃത്യമായ ചട്ടങ്ങളുണ്ട്. ഏതു സമയത്ത്, എത്രമാത്രം സ മയം ഇതിനെല്ലാം വിനിയോഗിക്കണം എന്നുപോലും വ്യവസ്ഥ ചെയ്തിരിക്കുന്നു. സന്യാസികൾക്കു ആഴ്ചയിലൊരിക്കലെങ്കിലും പാപസങ്കീൎത്തനവും ദിനന്തോറും ദിവ്യകാരുണ്യസ്വീകരണവും നടത്താം. ഇതെല്ലാം അനുഗ്രഹങ്ങൾ അല്ലെന്നോ? ഇനി ഏകാ ന്തതയെപ്പററിയാണെങ്കിൽ ഇവിടെ അധികമൊന്നും പറയേണ്ട തില്ല. സന്യാസികളെല്ലാം ലോകത്തിൽനിന്നകന്ന ഒരു ജീവിത മാണ് നയിക്കുന്നതു്. ലോകരുമായി ചിലപ്പോഴെല്ലാം ഇവക്കും ഇടപെടേണ്ടതുണ്ട് എന്നതു ശരിതന്നെ. പക്ഷെ അതുമൂലം സ ന്യാസികൾക്കു എന്തെങ്കിലും നഷ്ടം നേരിടാതിരിക്കത്തക്കവണ്ണം നിയമത്തിൽ അതിലേക്കു വേണ്ട വ്യവസ്ഥകളും നിയന്ത്രണങ്ങ ളും ക്രമീകരണങ്ങളുമെല്ലാം ചെയ്തിട്ടുണ്ട്. സംക്ഷേപിച്ചു പറ ഞ്ഞാൽ സന്യാസത്തിൽ ഓരോരുത്തൎക്കും നിത്യരക്ഷ പ്രാപിക്കു വാൻ അത്യന്തം സഹായിക്കുന്ന അനുഗ്രഹങ്ങൾ ധാരാളമായി ലഭിച്ചുകൊണ്ടാണിരിക്കുന്നതു്.

ഇനി നമുക്കു അമ്മായരുടെ സ്ഥിതിയെപ്പററി ഒന്നു ചിന്തിക്കാം. സന്യാസികളുടേതിനെ അപേക്ഷിച്ചു വിശുദ്ധീകര ണത്തിനും നിത്യരക്ഷാപ്രാപ്തിക്കും സഹായകമായി ഇവൎക്കു ലഭിക്കുന്ന സൗകൎയ്യങ്ങൾ വളരെ തുച്ഛമാണ്. രാവിലെയും വൈകുന്നേരവുമുള്ള പ്രാർത്ഥനകൾപോലും നടത്തുവാൻ അവക്കു പലപ്പോഴും സമയം ലഭിക്കുന്നില്ല. ശരൽക്കാലത്തും മററും പ്ര ത്യേക ജോലിയുള്ളവർ അതു യഥാസമയം ചെയ്തുതീക്കുന്നതിനു സൂര്യോദയത്തിനു വളരെ മുമ്പുതന്നെ നിദ്രയിൽനിന്നുണന്ന്

സ്ഥലം വിടേണ്ടതായി വന്നേയ്ക്കും. രാത്രിയിലാണെങ്കിൽ പലപ്പോഴും അദ്ധ്രാത്രിയോടു സമീപിച്ചായിരിക്കും വാസസ്ഥലത്തു മടങ്ങിയെത്തുന്നതു്. വളരെ കക്കശമായ നിയമസംഹിതയോടു കൂടിയ സന്യാസസഭാംഗങ്ങളെക്കാൾ കഷ്ടപ്പെട്ട ജീവിതമാണ് മാതാക്കളായ പലരും സഹിക്കേണ്ടിയിരിക്കുന്നതു്. സന്യാസികൾക്കാകട്ടെ സ്വന്ത ഭക്തകൃത്യങ്ങളും പ്രാത്ഥനാദിസൽക്കമ്മങ്ങളും ഇവരെക്കാൾ വളരെ എളുപ്പത്തിൽ നടത്താവുന്നതത്രെ. ഇനി ധ്യാനത്തെപ്പററിയാണെങ്കിൽ അധികമൊന്നും പറയേണ്ടതില്ല. ലോകത്തിൽ ജീവിക്കുന്ന ക്രിസ്ത്യാനികളിൽ നൂറിൽ ഒരാൾക്കുപോലും പരമപ്രധാനമായ ഈ സൽകൃത്യം യഥാവിധി നിവ്വഹിക്കുന്നതിനു സാധിക്കുകയില്ലെന്നു പറയാം. ഒന്നാമതു അവക്കു സമയമില്ല. ഒരുപക്ഷേ സമയം ലഭിച്ചാൽത്തന്നെയും അതിനു് പലക്കും പ്രാപ്തിയോ, പരിചയമോ ഇല്ല. ധ്യാനം എന്താണെന്നോ അതു നടത്തേണ്ടതെങ്ങനെയെന്നോ അവരെ ആരും ഉപദേശിച്ചിട്ടുണ്ടായിരിക്കയില്ല. ജ്ഞാനവായനയുടെ കാൎയ്യത്തിലും ഇതേവിധം പല പ്രതിബന്ധങ്ങൾ ഉണ്ടായിരിക്കും. പലക്കും അതു അസാദ്ധ്യമായ ഒരു കാൎയ്യമാണെന്നു വരാം. ഞായറാഴ്ചകളിലും മററും ജ്ഞാനപുസ്തകങ്ങൾ വായിച്ചാൽകൊള്ളാമെന്നു് ആഗ്രഹമുള്ള അമ്മമാർ പലരുണ്ടു്. എന്നാൽ എന്തു ചെയ്യാം? അടിയന്തിരമായ ജോലികൾ തീന്നിട്ടു അവക്കു് അതിനു് അവസരം ലഭിക്കുന്നില്ല.

വിവാഹിതയായ ഒരു സ്ത്രീ പാപസങ്കീത്തനത്തിനായി ഒരുങ്ങിവരുന്നു. കുമ്പസാരിച്ചിട്ടും ദിവ്യകാരുണ്യം സ്വീകരിച്ചിട്ടും ആറു മാസമായി അഥവാ ഒരു കൊല്ലം ആയി എന്നു വൈദികനെ അറിയിക്കുന്നു. എന്തുകൊണ്ടാണു് ഇത്ര താമസിച്ചതു് എന്നു വൈദികൻ ചോദ്യം ചെയ്യുന്നു. “പിതാവേ! കുമ്പസാരിക്കണമെന്നാഗ്രഹിച്ചുതുടങ്ങിയിട്ടു പല നാളായി. പക്ഷേ അതിനു സൌകൎയ്യം ഉണ്ടായില്ല. വീട്ടിലുള്ള മററാളുകളെ പള്ളിയിലേക്കയയ്ക്കുന്നതിനായി ഞാൻ അതിരാവിലെ ദിവ്യപൂജയിൽ സംബന്ധിച്ചശേഷം തിടുക്കത്തിൽ മടങ്ങേണ്ടിയിരുന്നതുകൊണ്ടു് എനിക്കു കുമ്പസാരിക്കാനോ, ദിവ്യകാരുണ്യം സ്വീകരിക്കാനോ സാധിച്ചില്ല” എന്നു മറുപടി നൽകുവാൻ അവൾ നിർബന്ധിതയാകുന്നു. ഇതൊരു കാരണം. വേറൊരു കാരണമുള്ളതും വിസ്മരിക്കത്തക്കതല്ല. മതപരമായ കടമകൾ യഥാ

വിധി നിർവ്വഹിക്കുന്നതിനു സാധാരണയായി അത്മായരെ നിർബ്ബന്ധിക്കുവാൻ അധികമാരും ഉണ്ടാകയില്ല. നിങ്ങൾ പ്രാർത്ഥിക്കണം, ജ്ഞാനപുസ്തകങ്ങൾ വായിക്കണം, അടുത്തടുത്തു കുമ്പസാരിക്കണം, എന്നിങ്ങനെ അവരെ ആരാണു നിർബ്ബന്ധിക്കുക? ഈദൃശമായ ഒരു നിർബ്ബന്ധത്തിൻെറ അഭാവത്തിൽ ഒരുപക്ഷേ സമയവും സൌകര്യവും ഉണ്ടായിരുന്നാൽതന്നെയും പലരും മതപരമായ കടമകൾ നിർവ്വഹിക്കുന്നതിൽ അനാസ്ഥ ഭാവിച്ചുകളയുന്നു. ഏകാന്തത, അന്യരിൽനിന്നു വേർപെട്ടുള്ള ജീവിതം എന്നിവ മിക്കവാറും അത്മായരെ സംബന്ധിച്ചിടത്തോളം പ്രായേണ അസാദ്ധ്യംതന്നെ. ബഹുവിധ ജോലികളിലും ഇടപാടുകളിലും അവശ്യം ഏർപ്പെടുവാൻ നിർബ്ബന്ധിതരായതുകൊണ്ട് അനുദിനമെന്നല്ല മിക്കവാറും എല്ലാ സമയവുംതന്നെ പല തരക്കാരും നിലക്കാരും സന്മാർഗ്ഗികളും അസന്മാർഗ്ഗികളും മന്ദഭക്തരും മററും മററുമായ ആളുകളോടു സംഭാഷിക്കുവാനും സഹവസിക്കുവാനും അവർ നിർബ്ബന്ധിതരാണു്. പോരെങ്കിൽ പലരും, വിശിഷ്യ ചെറുപ്പക്കാർ, കാരണമുണ്ടെങ്കിലും ഇല്ലെങ്കിലും കൂട്ടുകൂടി ഉല്ലസിക്കുവാൻ അവസരം പാർത്തിരിക്കുന്നവരാണെന്നു പറയാം.

എന്നാൽ സന്യസ്താത്മാവേ, നിൻെറ നില ഇതിൽനിന്നെല്ലാം എത്ര വ്യത്യസ്ഥമാണെന്നും എത്ര അനുഗ്രഹീതമാണെന്നും നോക്കുക. ഇത്ര മഹനീയമായ ഒരു ജീവിതാവസ്ഥയിലേയ്ക്കു ദൈവം നിന്നെ വിളിച്ചതിനു നീ തന്നോടു എത്രമാത്രം കൃതജ്ഞതയുള്ളവനായിരിക്കണം. ഇവിടെ ഒരു സംഗതി പ്രത്യേകം ചിന്താർഹമാണു്. അതു മറെറാന്നുമല്ല. എവിടെ കൂടുതൽ നൽകപ്പെടുന്നുവോ അവിടെനിന്നും കൂടുതൽ ആവശ്യപ്പെടും എന്നതാണു് അതു്. അതേ, വിധിദിവസം നിന്നോടാവശ്യപ്പെടുന്ന കണക്കിൻെറ കാക്കശ്യം നിനക്കു നൽകപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങളുടെ എണ്ണത്തിനു അനുസരിച്ചിരിക്കും. ''കർസീൻ, നിനക്കു ഹാ! കഷ്ടം. ബെത്സയ്ദാ, നിനക്കു ഹാ! കഷ്ടം! എന്തെന്നാൽ നിങ്ങളിൽ നടന്ന അത്ഭുതങ്ങൾ സോറിലും, സെദാനിലും നടന്നിരുന്നെങ്കിൽ അവ പണ്ടേതന്നെ ചാക്കിലും ചാരത്തിലും, തപസ്സു ചെയ്യുമായിരുന്നു" എന്നാണു് നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. അവിടുന്നു തുടന്നു ഇങ്ങനെയും പ്രസ്താവിക്കുന്നു. ''എന്നാൽ ഞാൻ നിങ്ങളോടു പറ

യുന്നു, വിധിദിവസത്തിൽ, സോറിനും, സൈദാനും, നിങ്ങളെക്കാൾ ആശ്വാസമുണ്ടായിരിക്കും.'' (മത്താ. xi. 21–22.)

അതിനാൽ ഭക്താത്മാവേ, നിനക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ, യഥാർഹം ഉപയോഗിക്കുന്നതിൽ മന്ദതയും, അനാസ്ഥയും ഉണ്ടാകാതെ സൂക്ഷിച്ചുകൊൾക. സൂക്ഷ്മപരിശോധനയിൽ നിന്റെ സഭാചട്ടങ്ങൾ ആവശ്യപ്പെടുന്ന കർമ്മാനുഷ്ഠാനങ്ങളിൽ അജ്ഞനായിരിക്കുകയോ, അലസത ഭാവിക്കുകയോ, അശ്രദ്ധയായിരിക്കുകയോ ചെയ്തിട്ടുണ്ടോ? ധ്യാനം മുതലായവ ഭക്തിതീക്ഷ്ണത കൂടാതെയാണ് നടത്തിയതെന്നോ, കേവലം ഒരു പതിവു നിറവേററുന്നു എന്നോണമാണ് കൂദാശകൾ സ്വീകരിച്ചതെന്നോ, അത്മായരുമായി പലപ്പോഴും ആവശ്യമില്ലാതെ സംഭാഷണം നടത്തിയിട്ടുണ്ടെന്നോ, ജിജ്ഞാസാപൂർവ്വം ലോകകാര്യങ്ങൾ തേടിയിട്ടുണ്ടെന്നോ കാണുന്നുവെങ്കിൽ ദൈവത്തോടു നീ പ്രത്യേകം പൊറുതി അപേക്ഷിക്കുക. ഈ കൃത്യവിലോപങ്ങൾ, ഇനിയും ആവർത്തിക്കുകയില്ലെന്നു ഇപ്പോൾതന്നെ പ്രതിജ്ഞയും ചെയ്യുക. താഴെപ്പറയുന്ന വസ്തുത സദാ നിന്റെ ചിന്താവിഷയമായിരിക്കട്ടെ. അതായതു്, ''ഞാൻ ഒരു സന്യാസസഭയുടെ ഒരു അംഗമാണ്. സഭാംഗം എന്ന നിലയിൽ എനിക്കു നല്കപ്പെട്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾക്കനുസരിച്ചു എന്നോടു അവസാനദിവസം കർശനമായ ഒരു കണക്കുചോദ്യം ഉണ്ടാകുന്നതാണ്.'' ഈ ചിന്ത സദാപി നിന്റെ ദൃഷ്ടിപഥത്തിൽ നീ വെച്ചുകൊണ്ടിരിക്കുന്നപക്ഷം ആത്മരക്ഷക്കാവശ്യമായ ഭക്തിതീക്ഷ്ണത നിനക്കു ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിനും പുണ്യത്തിൽ നീ അടിക്കടി പുരോഗതി പ്രാപിക്കുന്നതിനും, ഉത്തമനായ ഒരു ഉപദേഷ്ടാവിനെപ്പോലെ, അതു നിന്നെ പ്രത്യേകവിധം സഹായിക്കുന്നതാണ്.

5. സന്യാസി കൂടുതൽ സമാധാനമായി ജീവിക്കുന്നു.

ലൌകികനന്മകൾ എല്ലാം കൂടിയാലും മനുഷ്യഹൃദയത്തെ സംതൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നതല്ല. ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. അതിനാൽ ദൈവത്തിൽമാത്രമേ മനുഷ്യനു് സമാശ്വാസം കണ്ടെത്തുവാൻ സാധിക്കുകയുള്ളു. ഈ സത്യത്തെ വി. ആഗുസ്തീനോസ് സമഗ്രമായി സമർത്ഥിച്ചിട്ടുണ്ടു്. വിശുദ്ധൻ പറയുന്നു: ''ഹാ! ദൈവമേ!

അവിടുന്നു് അങ്ങേയ്ക്കായി ഞങ്ങളെ സൃഷ്ടിച്ചു. അതിനാൽ അങ്ങിൽ ആശ്വാസം കണ്ടെത്തുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വാസ്ഥ്യമായിരിക്കും.'' മനുഷ്യഹൃദയം ചെറുതുതന്നെ. എങ്കിലും ലോകത്തിലെ സർവ്വനന്മകളും കൂടിയാലും അതിനെ തൃപ്തിപ്പെടുത്തുവാൻ സാദ്ധ്യമല്ല. ലോകത്തിൽ ഒരു മനുഷ്യനു എന്തെല്ലാം ആഗ്രഹിക്കുവാൻ പാടുണ്ടോ അതെല്ലാം നിഷ്പ്രയാസം സിദ്ധിച്ചാലും - ആരോഗ്യം, ബഹുമാനം, പൊതുജനാദരവു്, സമ്പത്തു് എന്നിത്യാദിയെല്ലാം ഉണ്ടായാലും – ലോകത്തിലെ സർവ്വസുഖസന്തോഷങ്ങളിലും മുഴുകി ജീവിച്ചാലും മനുഷ്യനു് ഒരിക്കലും പൂർണ്ണസംതൃപ്തിയുണ്ടാകുന്നതല്ല. മനുഷ്യഹൃദയത്തിൽ ഒരു ഭാഗമുണ്ടു്. അനിത്യമായ യാതൊന്നിനും അതിനെ നിറയ്ക്കുവാൻ സാദ്ധ്യമല്ല. അതിനെ തൃപ്തിപ്പെടുത്തുവാൻ ക്ഷയമുള്ള യാതൊന്നും പര്യാപ്തമല്ല. ഇതിൻെറ ഫലമോ? നിരാശയും സങ്കടങ്ങളും മനുഷ്യൻെറ ജീവിതത്തെ സന്തപ്തവും ഭാരമേറിയതും ആക്കിത്തീർക്കുന്നു.

ബോധജ്ഞാനിയായിരുന്ന ശ്ലേമ്മോൻെറ ജീവിതത്തെ നോക്കുക. നാല്പതു സംവത്സരക്കാലം അദ്ദേഹം സമാധാനത്തിൽ രാജ്യം ഭരിച്ചു. യൂഫ്രട്ടീസ് നദിമുതൽ ഈജിപ്തിൻെറ അതിർത്തിവരെ അദ്ദേഹത്തിൻെറ രാജ്യം വ്യാപിച്ചുകിടന്നിരുന്നു. സ്വർണ്ണപ്പാത്രങ്ങൾ, വെള്ളിപ്പാത്രങ്ങൾ, വിലയേറിയ വസ്ത്രങ്ങൾ, വിലപിടിച്ച ആയുധങ്ങൾ, കുതിരകൾ, ഒട്ടകങ്ങൾ തുടങ്ങി അദ്ദേഹത്തിനു ലഭിച്ച സമ്മാനങ്ങൾക്കു കണക്കില്ലായിരുന്നു. സ്വർണ്ണപ്പാത്രങ്ങൾതന്നെയാണു് അദ്ദേഹം ഉപയോഗിച്ചിരുന്നതു്. അദ്ദേഹത്തിൻെറ കൊട്ടാരത്തിൽ കട്ടി സ്വർണ്ണപ്പാത്രങ്ങളേ ഉണ്ടായിരുന്നുള്ളു. ഇതെല്ലാം കണ്ടുംകേട്ടും ഉപയോഗിച്ചും ആവോളം സുഖസുഷുപ്തിയിൽ ലയിച്ച ശ്ലെമോൻതന്നെ സ്വന്തസ്ഥിതിയെപ്പററി ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്: "എനിക്കുവേണ്ടി പല വൻപണികളും ഞാൻ നടത്തി. കെട്ടിടങ്ങൾ പലതു പണിയിച്ചു. മുന്തിരിത്തോട്ടങ്ങൾ പലതുണ്ടാക്കി. ഉദ്യാനങ്ങൾ നിർമ്മിച്ചു. പല തരത്തിലുള്ള വൃക്ഷങ്ങളും അതിൽ നട്ടു. വൃക്ഷങ്ങൾ നനയ്ക്കുവാനായി കുളങ്ങൾ കുഴിപ്പിച്ചു. ദാസന്മാരും ദാസികളും ധാരാളം ഉണ്ടായിരുന്നു. ധാരാളം അംഗങ്ങളുള്ള ഒരു കുടുംബവും ധാരാളം ആടുമാടുകളും. ഇതെല്ലാം നേരത്തെ ഓർശ്ലേമിൽ ഉണ്ടായിരുന്നതിനും പുറമേ ഞാൻ ശേഖരിച്ച

താണ്. പലേ സംസ്ഥാനങ്ങളിൽനിന്നുമായി രാജാക്കന്മാരുടെയും മററും വകയായ സ്വർണ്ണവും വെള്ളിയും എനിക്കായി ധാരാളം ശേഖരിച്ചു. ഒട്ടേറെ സംഗീതവിദഗ്ദ്ധന്മാരെയും വരുത്തി താമസിപ്പിച്ചു. മനുഷ്യസന്തതികൾക്കാഗ്രഹിക്കാവുന്ന സകലവിധ സുഖസജ്ജീകരണങ്ങളും ഏർപ്പെടുത്തി. വീഞ്ഞുതുടങ്ങിയ പാനീയങ്ങൾ ധാരാളമായി സംഭരിച്ചു. സമ്പത്തിൻെറ കാര്യത്തിൽ എൻെറ മുൻഗാമികളെല്ലാവരെയും ഞാൻ പിന്നിലാക്കി. എൻെറ ജ്ഞാനത്തിനും കുറവൊന്നുമുണ്ടായില്ല. എൻെറ കണ്ണുകൾ ആഗ്രഹിച്ചവയൊന്നും ഞാൻ നിരസിച്ചില്ല. ഞാൻ ശേഖരിച്ചിരുന്ന സാധനസാമഗ്രികൾ ഉപയോഗിച്ചു കഴിയുന്നത്ര സുഖിച്ചു സന്തോഷിക്കുന്നതിനു എൻെറ ഹൃദയത്തെ ഞാൻ അനുവദിച്ചുവിട്ടു" എന്നെല്ലാം വിവരിച്ചശേഷം അദ്ദേഹം ചോദിക്കുന്നു: "എന്നെപ്പോലെ ഇങ്ങനെ ആരു സുഖിക്കും? എന്നെപ്പോലെ ഇത്രയേറെ സന്തോഷം ആർക്കുണ്ടാകും?" എന്ന്. ഇതെല്ലാം ഉണ്ടായിട്ടും യഥാർത്ഥമായ ഭാഗ്യം കണ്ടെത്തുവാൻ സ്ലേമോനു കഴിഞ്ഞില്ല. ഒരിക്കലും അദ്ദേഹം തൃപ്തനായിരുന്നില്ല. അദ്ദേഹംതന്നെ ഇങ്ങനെ തുടരുന്നു: "സൂര്യൻെറ കീഴിലുള്ള സമസ്തവും തിന്മയും മായയും ഉപദ്രവകരവുമാണെന്നു കണ്ടപ്പോൾ എൻെറ ജീവിതത്തെപ്പററി എനിക്കുതന്നെ വിഷമതയായി." (എക്ലുസി. ii.) ലൌകിക കാര്യങ്ങളിൽ പക്ഷം വയ്ക്കുന്നവർക്കെല്ലാം ഈ രാജാവിൻെറ അനുഭവംതന്നെയാണുണ്ടാകുന്നതു്. അവർക്കു പരിപൂർണ്ണ തൃപ്തി നൽകുന്ന യാതൊന്നും അവർ കണ്ടെത്തുകയില്ല. മധുതേടി പുഷ്പങ്ങൾതോറും അലഞ്ഞുനടക്കുന്ന ചിത്രശലഭങ്ങൾകണക്കെ, ഇവർ അവിടെയും ഇവിടെയും സമാധാനവും സമാശ്വാസവും തേടിക്കൊണ്ടിരിക്കുന്നു. പക്ഷേ ഒടുവിൽ ഇവർ വഞ്ചിതരാകുകയും തദ്വാരാ അസ്വസ്ഥരായിത്തീരുകയുമാണ് ചെയ്യുക.

തെയോദോസിയസ് ചക്രവർത്തി ഒരിക്കൽ വേഷപ്രച്ഛന്നനായി ഒരു സന്യാസിയുടെ ഗുഹയിൽ പ്രവേശിച്ചു. അല്പസമയം വിശ്രമിച്ചശേഷം ചക്രവർത്തി ആ ഏകാന്തവാസിയോടായി ഇങ്ങനെ ചോദിച്ചു: "പിതാവേ! ഞാൻ ആരാണെന്നറിയാമോ? ഞാൻ തെയോദോസിയസ് ചക്രവർത്തിയാണ്. ഹാ! ലോകത്തിലെ ഞെരുക്കങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞു ഭൂമിയിൽ സംതൃപ്തരായി ജീവിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർതന്നെ. പിതാവേ! ഞാൻ ഒരു വലിയ ഭരണാധികാരിയാണ്, ചക്രവ

ത്തിയാണ്. പക്ഷേ സമാധാനത്തോടെ ഞാൻ ഭക്ഷണം കഴിക്കുന്ന ഒരു ദിവസവും ഇല്ല." ഇതാണ് ലോകത്തിൽ ജീവിക്കുന്നവരുടെ അനുഭവം. സാക്ഷാത്തായ സമാധാനമാകട്ടെ സന്തോഷമാകട്ടെ സമാശ്വാസമാകട്ടെ അവർക്ക് ഒരിടത്തും ഇല്ല.

നേരേമറിച്ച്, തങ്ങളുടെ പൂൎണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്ന സന്യസ്തർ എത്രയോ ഭാഗ്യവാന്മാർ? ലോകത്തിൻെറ സുഖസന്തോഷാദികൾക്കും, ആഡംബരങ്ങൾക്കും ഒരിക്കലും നൽകുവാൻ സാദ്ധ്യമല്ലാത്ത ഒരു സമാധാനം അവർ അനുഭവിക്കുന്നു. ദാരിദ്ര്യം അവരെ അലട്ടുന്നില്ല. എന്തുകൊണ്ട്? അതു അവർ സ്വമനസ്സാലെ സ്വീകരിച്ചിട്ടുള്ളതാണ്. ഇന്ദ്രിയനിഗ്രഹം അവൎക്ക് അരോചകമുണ്ടാക്കുന്നില്ല, എന്തുകൊണ്ടെന്നാൽ ജഡത്തെയും അതിൻെറ ദുരാശകളെയും നിഗ്രഹിക്കുവാനായിട്ടാണ് അവർ സന്യാസത്തിൽ പ്രവേശിച്ചിട്ടുള്ളതു്. കീഴ്വഴക്കം അവൎക്കു ഒരു ഭാരമേ അല്ല. കാരണം സന്യാസിആയതിനോടുകൂടി സ്വാഭീഷ്ടം അവർ പരിച്ഛേദം ഉപേക്ഷിച്ചു. പോരെങ്കിൽ അവരുടെ സകല കൃത്യങ്ങളെയും മഹത്വപ്പെടുത്തി അവരെ മോക്ഷത്തിലേക്കാനയിക്കുന്നതു് കീഴ്വഴക്കമാണെന്ന് അവൎക്കറിയുകയും ചെയ്യാം. പലപ്പോഴും അവർ എളിമപ്പെടേണ്ടതായി വരും. പക്ഷേ അതുകൊണ്ട് അവൎക്കു യാതൊരു ക്ലേശവുമില്ല. ലോകത്തിനും അവൎക്കുതന്നെയും അവർ മരിച്ചവരാണ്. "ദുഷ്ടന്മാരുടെ കൂടാരത്തിൽ വസിക്കുന്നതിനെക്കാൾ ദൈവഭവനത്തിൽ വസിക്കുന്നതിനു ഞാൻ അധികം ഇഷ്ടപ്പെട്ടു" (സങ്കീ. 53–10.) എന്ന് അവർ ദാവീദിനോടുകൂടി പറയുന്നു.

ഒതുങ്ങിയ ജീവിതമാണ് സഭാനിയമം അവൎക്കു നിശ്ചയിച്ചിരിക്കുന്നതു്. എങ്കിലും അതിൽ അവൎക്കു വിരസത അശേഷവും ജനിക്കുന്നില്ല. നേരേമറിച്ച് ആ ജീവിതം ലോകവിപത്തുകളിൽനിന്നും പരീക്ഷകളിൽനിന്നും അവരെ ഒഴിച്ചുനിൎത്തുന്നതിനാൽ അവൎക്കു അതിൽ വലിയ സമാശ്വാസമാണുള്ളതു്. എത്രയെത്ര അനിഷ്ടസംഭവങ്ങളും പീഡകളും പരീക്ഷകളും നേരിട്ടാലും അതൊന്നും അവരെ അക്ഷമരോ അസ്വസ്ഥചിത്തരോ ആക്കുവാൻ പര്യാപ്തമാകുന്നതല്ല. കാരണം, മിശിഹായോടുകൂടി സഹിച്ചാൽ മിശിഹായോടുകൂടി മഹത്വപ്പെടാമെന്ന് അവൎക്കറിയാം. പരിശുദ്ധ നിയമങ്ങൾ അനുസരിക്കുക

എന്നുള്ളതു് ഒരു നുകവും ഭാരവും ആണെന്നിരുന്നാൽതന്നെയും അതിലവക്കു യാതൊരു വിഷമതയും ജനിക്കുന്നില്ല. അതിനു കാരണവുമുണ്ടു്. അവരെ സംബന്ധിച്ചിടത്തോളം ഈ "നുകം ഇമ്പമുള്ളതും ഭാരം ലഘുവുമാണു്." (വി. മത്തായി xi. 30.) തൻെറ ഹൃദയം അവിഭാജ്യമായി, പൂൎണ്ണമായി, ദൈവത്തിനു സമൎപ്പിക്കത്തക്ക ഒരു നില– "എൻെറ ദൈവമേ, എൻെറ സമസ്തവുമേ!" എന്നു വി. ഫ്റാൻസീസിനോടുകൂടി പറയത്തക്ക ഒരു നില– ലഭിക്കുക എന്നുള്ളതു ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം ആശ്വാസപ്രദമായ ഒരു അവസ്ഥയാണു്.

"ഭക്തിതീക്ഷ്ണതയുള്ള സന്യാസികൾക്കു ആശ്രമജീവിതത്തിൽനിന്നു ലഭിക്കുന്ന സമാശ്വാസവും സമാധാനവും എത്രമാത്രമാണെന്നു് മാനവവംശത്തിനു യഥാൎത്ഥനിലയിൽ ഗ്രഹിക്കുവാൻ സാധിച്ചിരുന്നു എങ്കിൽ നിശ്ചയമായും ലോകത്തിലുള്ള ഏവരും സന്യാസം അവലംബിക്കുമായിരുന്നു" എന്നു് വി. ലോറൻസ്സു് ജസ്റ്റീനിയൻ അഭിപ്രായപ്പെടുന്നു. ലോകത്തിലെ സുഖസന്തോഷങ്ങൾ എല്ലാം ലഭിക്കാമെന്നുവന്നാലും ഒരു സന്യാസി തൻെറ സൌഭാഗ്യകരമായ ആശ്രമജീവിതം അതിനായി പരിത്യജിക്കുകയില്ല. ഇതിൽ അത്ഭുതത്തിനു വകയൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, അത്രശ്ലാഘ്യ ആന്തരികസുഖമാണു് സന്യാസജീവിതത്തിൽനിന്നും തീക്ഷ്ണഭക്തനായ ഒരു സന്യാസിക്കു ലഭിക്കുന്നതു്. ലോകത്തിലെ സകല രാജ്യങ്ങളും തന്നാലും തൻെറ ചരടിൽ ഒരിഞ്ചുപോലും നൽകുന്നതല്ല എന്നു കപ്പൂച്ചീൻ സഭാംഗമായ അസ്സോലിയിലെ വാഴ്ത്തപ്പെട്ട സെറാഫിം പറയുക പതിവായിരുന്നു. തൻെറ രാജകീയ പ്രഭാവങ്ങളും സ്ഥാനമാനാദികളും സമ്പത്തും എല്ലാം ഉപേക്ഷിച്ചശേഷം സന്യാസജീവിതം ആശ്ലേഷിച്ച അർണ്ണോൾഫ് എന്ന ദേഹം ആശ്രമജീവിതജന്യമായ സമാശ്വാസം അനുഭവിച്ചുകഴിഞ്ഞപ്പോൾ പറയുകയാണു്: "നിന്നെപ്രതി സമസ്തവും പരിത്യജിക്കുന്നവക്കു് അതിൻെറ നൂറുമടങ്ങു തിരിച്ചുകൊടുക്കുമെന്നുള്ള അങ്ങേ വാഗ്ദാനം എൻെറ ഈശോയെ സത്യംതന്നെയാണു്" എന്നു്. വി. ബെൎണ്ണാർദിൻെറ സന്യാസികൾ കഠിനമായ ഒരു തപോജീവിതമാണു് നയിച്ചിരുന്നതു്. പക്ഷേ, അവരുടെ ഏകാന്തതയിൽ ദൈവം അവരെ അതിയായിത്തന്നെ സമാശ്വസിപ്പിച്ചു. അവരുടെ

ലഘുവായ സൽകൃത്യത്തിനുവേണ്ടി ഇഹത്തിൽവച്ചുതന്നെ അവർക്കു അർഹിക്കുന്നതിൽ വളരെ മടങ്ങധികം പ്രതിഫലം ദൈവം നൽകുകയാണോ എന്നു അവർ ശങ്കിക്കത്തക്കവണ്ണം അത്രയ്ക്കു കൂട്ടതലായി അവർ സമാശ്വസിപ്പിക്കപ്പെട്ടിരുന്നു.

എന്നാൽ സന്യാസികളിൽത്തന്നെ അതൃപ്തരും അസ്വസ്ഥചിത്തരുമായവർ ഉണ്ടെന്നുള്ളതിനെ ഇവിടെ നിഷേധിക്കുന്നില്ല. പക്ഷേ, ഇക്കൂട്ടർ ആരായിരിക്കാം? മററാരുമല്ല. തങ്ങളുടെ സ്വാർത്ഥാഭിലാഷങ്ങളെ തങ്ങളോടുകൂടി ആശ്രമത്തിൽ കൊണ്ടുപോയി അവയെ നിഗ്രഹിക്കുവാൻ യത്നിക്കാതെ ജീവിക്കുന്നവരാണ്. ദുരാശാപാശങ്ങളോടുകൂടിയവരും ഇന്ദ്രിയനിഗ്രഹം സാധിച്ചിട്ടില്ലാത്തവരുമായ വ്യക്തികൾക്കു വിരസത ജനിപ്പിക്കുന്ന പലേ സംഗതികളും സന്യാസജീവിതത്തിൽ ഉണ്ട്. അവിടെയും സഹജീവികൾ മാലാഖാമാരും മററും അല്ല. വെറും മനുഷ്യജീവികൾതന്നെയാണ്. മനുഷ്യസഹജമായ കുററങ്ങളും കുറവുകളും അവരിലും ഉണ്ട്. എവരുമായി സമാധാനത്തിൽ ജീവിക്കുന്നതിനു ഓരോരുത്തരും തന്നത്താൻ ജയിക്കുകതന്നെ വേണം. കീഴ്‌വഴക്കം സാധിക്കുന്നതിനു അനിഷ്ടകരമായ പലതും ചെയ്യേണ്ടതായി വരും. വിഷമതയേറിയ പല കാര്യങ്ങൾ ചെയ്യുവാൻ അധികാരികൾ ആജ്ഞാപിച്ചു എന്നും വരും. സ്വന്തം ആദർശത്തിനു അനുയോജ്യമല്ലാത്ത കൃത്യങ്ങൾ നടത്തുവാൻ നിർബദ്ധരായേക്കാം. മൗനവ്രതം തുടങ്ങിയ ഇന്ദ്രിയനിഗ്രഹം പരിശീലിക്കണമെന്നു നിയമം അനുശാസിക്കുന്നു. അതിനു ചിലർക്ക് അശേഷം സന്തോഷമില്ലായിരിക്കാം. ഈവക കാര്യങ്ങളിൽ സ്വയം പരിത്യജിക്കുവാൻ ഒരു ആശ്രമവാസിക്കു സാധിക്കുന്നില്ലായെങ്കിൽ ആ വ്യക്തിക്കു സമാശ്വാസമോ സമാധാനമോ ആശ്രമജീവിതത്തിൽ കണ്ടെത്തുവാൻ നിശ്ചയമായും സാധിക്കുന്നതല്ല. നേരമെറിച്ചു പല മണിക്കൂറുകളും എന്നല്ല ദിവസങ്ങൾതന്നെയും അസ്വസ്ഥനായി, അസംതൃപ്തനായി, ആശ്രമത്തിൽ കഴിച്ചുകൂട്ടേണ്ടിവരും. സ്വയം നിഗ്രഹിച്ചു ആശാപാശങ്ങളെ കീഴടക്കാത്ത കാലത്തോളം അവൻെറ മാനസികാസ്വാസ്ഥ്യം അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കയേ ഉള്ളു. ഇതു വർദ്ധിച്ചു ഒടുവിൽ ആശ്രമം ഉപേക്ഷിച്ചു ലോകത്തിലേയ്ക്കു മടങ്ങുന്നതിനും, അവിടെ അയാളുടെ ആത്മരക്ഷതന്നെയും അപകടത്തിലാകുന്നതിനും ഇടയാകാം.

ഭക്താത്മാവേ, സ്വസ്നേഹം തുടങ്ങിയ ദുരാശാപാശങ്ങൾ ഒരിക്കലും നിന്നെ ഭരിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾക. "എനിക്കിഷ്ടമുള്ളതു ചെയ്യുവാനല്ല ഞാൻ ആശ്രമത്തിൽ വന്നതു്. പ്രത്യുത എന്റെ സ്വന്ത ഇഷ്ടത്തെ ബലികഴിക്കാനാണു്. എനിക്കുതന്നെയും ലോകത്തിനും മരിച്ചവനായി ക്രമരഹിതമായ ആശകളെ എല്ലാം വേരോടെ പിഴുതുകളഞ്ഞു എന്റെ സഭയുടെ വിശുദ്ധ നിയമങ്ങളനുസരിച്ചു ജീവിക്കുവാനായി ഞാൻ സഭയിൽ പ്രവേശിച്ചു" എന്നുള്ള ഈ ചിന്ത സദാ നിന്നിൽ ഉണ്ടായിരിക്കട്ടെ. അതേ! അതെന്നെന്നും നിന്റെ മനസ്സിൽ ദൃഢമൂലമായിരിക്കട്ടെ.

6. സന്യാസി കൂടുതൽ ശരണത്തോടെ മരിക്കുന്നു.

രണ്ടുപേർ മരണശയ്യയിൽ കിടക്കുന്നതായി സങ്കല്പിക്കുക. ഒരിടത്തു ഒരു രാജ്ഞി മനോമോഹനമായ ഒരു കൊട്ടാരത്തിലെ കമനീയമായ ഒരു മുറിയിൽ കിടന്നു അന്ത്യശ്വാസം വലിക്കുന്നു. കിടക്കയുടെ ചുററും അവളുടെ ഭർത്താവും, രാജകുമാരന്മാർ, രാജകുമാരികൾ, ബന്ധുമിത്രാദികൾ, പരിചാരകന്മാർ തുടങ്ങിയവർ നിലകൊള്ളുന്നു. രണ്ടാമത്തെയാൾ ഒരു സന്യാസിനിയാണു്. ചെറുതും ആഡംബരലേശമില്ലാത്തതുമായ ഒരു മുറിയിലാണു് കിടക്കുന്നതു്. ബന്ധുക്കളിൽ ആരും സമീപത്തില്ല. ലോകത്തിൽനിന്നകന്നു് സ്വയം നിഗ്രഹിക്കപ്പെട്ടവളായി, എളിമപ്പെട്ടവളായി, സമ്പത്താകട്ടെ, സ്വാഭിലാഷമെന്നൊന്നാകട്ടെ ഇല്ലാതെ ഈ ആൾ കിടക്കുന്നു. ഇവരിൽ ആരുടെ മരണമാണു് സുകരവും സംതൃപ്തവുമായിട്ടുള്ളതു്? സന്യാസിനിയുടേതൊ, രാജ്ഞിയുടേതൊ? ചരിത്രസംഭവങ്ങളിൽനിന്നുതന്നെ ഇതിനു സാക്ഷ്യം നൽകാം. 11-ാം ലെയോൻമാപ്പാപ്പാ തന്റെ അന്ത്യസമയത്തു പറഞ്ഞതിങ്ങനെയാണു്: "ഞാൻ ഒരു പാപ്പാ ആയിത്തീരാതെ, ഏതെങ്കിലും ഒരു ആശ്രമത്തിലെ വാതിൽകാവൽക്കാരനായിരുന്നു എങ്കിൽ എനിക്കു അതായിരുന്നു അധികം നല്ലതു്." ഇതുപോലെ ഗ്രേഗോറിയസ് തൃതീയൻപാപ്പാ തന്റെ മരണശയ്യയിൽ കിടന്നുകൊണ്ടു പറഞ്ഞതായതു്: "എന്റെ ആശ്രമകുസിനിയിൽ പാത്രങ്ങൾ കഴുകിക്കൊണ്ടു കഴിച്ചിരുന്നു എങ്കിൽ എനിക്കു് അതായിരിക്കുമായിരുന്നു കൂടുതൽ നല്ലതു്."

സ്പെയിനിലെ ഫിലിപ്പ് ദ്വിതീയൻ രാജാവ് അന്ത്യസമയത്തു തൻെറ പുത്രനെ മരണശയ്യയ്ക്കു സമീപം വിളിച്ചുനിർത്തിയശേഷം തൻെറ രാജകീയവസ്ത്രങ്ങൾ മാററി പുഴക്കൾക്കാഹാരമായിത്തീർന്നിരുന്ന തൻെറ മാർവ്വിടം ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുന്നു: "കുമാരാ, ഇതാ ഒരു രാജാവു് മരിക്കുന്നതെങ്ങനെയാണെന്നു കണ്ടാലും– ലോകത്തിലെ ബഹുമതികളെല്ലാം എപ്രകാരം അവസാനിക്കുന്നു എന്നു നോക്കുക." രാജാവു വീണ്ടും ഇങ്ങനെ തുടൎന്നു: "അഹോ, ഞാൻ ഒരു രാജാവാകാതെ ഒരു ആശ്രമത്തിലെ എളിയ അൽമായ സഹോദരനായിരുന്നു എങ്കിൽ!!" ഇദ്ദേഹത്തിൻെറ പുത്രനായ ഫിലിപ്പു തൃതീയൻ 43–ാമത്തെ വയസ്സിൽ മരിച്ചു. അന്ത്യവേളയിൽ അദ്ദേഹം പറഞ്ഞതായതു്: "വാത്സല്യപ്രജകളേ, എൻെറ മൃതശരീരം സംസ്കരിക്കുകയിൽ നിങ്ങൾ അവിടെ ദൎശിക്കുന്ന കാഴ്ച മാത്രമായിരിക്കട്ടെ നിങ്ങളുടെ സംസാരവിഷയം. മരണവേളയിൽ രാജപദവികൊണ്ടുള്ള ഏക ഗുണം കൂടുതൽ വേദന സഹിക്കാമെന്നുള്ളതു മാത്രമാണു് എന്നു അറിഞ്ഞുകൊൾവിൻ." അനന്തരം അദ്ദേഹം ഇങ്ങനെ പ്രലപിച്ചു: "അഹോ! ഞാൻ ഒരു രാജാവായിരിക്കാതെ ഏകാന്തതയിൽ ദൈവത്തെ സേവിച്ചിരുന്നു എങ്കിൽ ഇപ്പോൾ കൂടുതൽ ശരണത്തോടുകൂടി ദൈവന്യായാസനത്തെ എനിക്കു സമീപിക്കാമായിരുന്നു. നശിച്ചുപോകത്തക്ക ആപത്തിൽ ഇത്ര കൂടുതലായി ഞാൻ ആയിരിക്കയുമില്ലായിരുന്നു." ദൈവത്തെ മറന്നോ പാപത്തിൽ ഉൾപ്പെട്ടോ ജീവിക്കാത്ത ആത്മായരുടെതന്നെയും അന്ത്യവേളയിലെ സ്ഥിതി ഇതാണു്.

ഈശോസഭാംഗമായിരുന്ന ഫാദർ സ്വാരസ് എന്ന ദേഹം മരിക്കാറായപ്പോൾ അനുഭവപ്പെട്ട സന്തോഷാധിക്യത്താൽ "ഹാ! മരണം ഇത്ര മാധുര്യമേറിയതും സമാശ്വാസജനകവുമാണു് എന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല" എന്നു അറിയാതെ തന്നെ വിളിച്ചുപറഞ്ഞുപോയി. അസ്സീസിയിലെ വി. ഫ്റാൻസീസു മരണക്കിടക്കയിൽ കിടന്നുകൊണ്ടു സന്തോഷാധിക്യത്താൽ പാട്ടുപാടുവാൻ തുടങ്ങി. അപ്പോൾ "പിതാവേ! ഒരാൾ മരിക്കുമ്പോൾ പാട്ടുപാടുകയല്ല. കരയുകയാണു് വേണ്ടതു്" എന്നു് അടുത്തുനിന്ന ബ്രദർ ഏലിയാസ് പ്രതിവചിച്ചു. "ഹാ! എനിക്കു പാടാതിരിക്കുവാൻ നിവൃത്തിയില്ല. അതിനു കാരണവുമുണ്ടു്.

അടുത്ത നിമിഷത്തിൽ ഞാൻ ദൈവത്തോടുകൂടി ചേരും'' എന്നായിരുന്നു അതിനു വിശുദ്ധൻ നൽകിയ മറുപടി. ഒരു കർമ്മലീത്താകന്യക മരണാസന്നയായി കിടക്കുകയിൽ അടുത്തു നിന്നിരുന്നവർ പ്രലപിക്കുവാൻ തുടങ്ങി. ഇതു കണ്ടു് അന്ത്യ ശ്വാസം വലിച്ചുകൊണ്ടു കിടന്നിരുന്ന ആ യുവകന്യക പറഞ്ഞതിങ്ങനെയാണു്: ''സഹോദരികളേ, നിങ്ങൾ എന്തിനാണു് പ്രലപിക്കുന്നതു്? ഞാൻ ഈശോയെ കാണാൻ പോവുകയാണു്. നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ നിങ്ങളും എന്നോടുകൂടെ സന്തോഷിപ്പിൻ.''

സന്യാസജീവിതക്കാർ ഇത്ര ശാന്തമായും, സമാധാനമായും, സന്തോഷത്തോടും പൂർണ്ണമനസ്സോടുംകൂടിയും മരിക്കുന്നതിനുള്ള കാരണമെന്താണു്? തങ്ങൾ ഒന്നിനോടും ഒട്ടിപ്പിടിക്കാതെ സൂക്ഷിച്ചു വ്യാപരിച്ചിട്ടുണ്ടെന്നും, തങ്ങൾ മരണാനന്തരം എളുപ്പത്തിൽ ശുദ്ധീകരിക്കപ്പെടുമെന്നും, ധാരാളമായ സമ്മാനം തങ്ങൾക്കു ലഭിക്കുന്നതാണെന്നുമുള്ള ചിന്തയത്രെ ഇതിനുള്ള കാരണം.

a. ഒന്നാമതായി, സന്യാസികളെ സംബന്ധിച്ചിടത്തോളം മരണം വിഷമതയേറിയ ഒന്നായിത്തീരുന്നതിനു് ലോകവുമായി അവർക്കു് ബന്ധമൊന്നുമില്ല— ഒരു പിതാവിന്റെ അഥവാ മാതാവിന്റെ കാര്യംതന്നെ എടുക്കുക. സ്വന്ത വത്സല സന്താനങ്ങളുടെ കഴിപ്പിനു വകയൊന്നും കാണാതെ മരിക്കാനിടയാകുന്ന പിതാവിനെ അഥവാ മാതാവിനെ ആ അന്ത്യവേളയിൽ പ്രസ്തുത ചിന്ത എങ്ങനെയെല്ലാമായിരിക്കും അലട്ടുക? ഇനി, സമ്പന്നന്മാരും, നല്ല നിലയിൽ ജീവിതസുഖങ്ങളിൽ മുഴുകിയിരിക്കുന്നവരുമാണെങ്കിൽ ആ സമ്പത്തും സുഖവുമെല്ലാം ഉപേക്ഷിക്കണമല്ലൊ എന്നതായിരിക്കും അവർക്കുള്ള ഹൃദയഭേദകമായ ചിന്ത. ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്നവരിൽ ഭൂരിപക്ഷംപേരെ സംബന്ധിച്ചിടത്തോളം മരണം— അതേ, ബഹുമതികളും, പ്രാഭവങ്ങളും, സ്ഥാനമാനങ്ങളും നിർദ്ദയം അവരിൽനിന്നും പിടിച്ചുപറിച്ചുകളയുന്നതായ മരണം— ഭീകരമായ ഒന്നുതന്നെ. എന്നാൽ, സന്യസ്തരെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വലിയൊരു വ്യത്യാസമാണു് നാം കാണുന്നതു്. ലോകത്തിൽ മനുഷ്യഹൃദയത്തെ ആകർഷിക്കാവുന്ന സമസ്തവും അവർ നേരത്തെ ഉപേക്ഷിച്ചിരിക്കുന്നവരാണു്. ലോകത്തിൽ

നിന്നും അതിൻെറ മായാവിലാസങ്ങളിൽനിന്നും മാററപ്പെട്ടിരിക്കുന്നവരാണ് അവർ. അന്ത്യവേളയിൽ അവൎക്കു ഉപേക്ഷിക്കുവാൻ ഒന്നുമില്ല, ഒരു ത്യാഗത്തിനും അവൎക്ക് വകയില്ല. മരണം എന്താണെന്നു അറിയാത്ത ഒരു ശിശുവിനു തുല്യം അവർ മരിക്കുന്നു. പാകംചെന്ന ഫലം വൃക്ഷത്തിൽനിന്നു താനേ അടൎന്നു നിലംപതിക്കുന്നതുപോലെ സന്യാസി, ജീവിതമാകുന്ന വൃക്ഷത്തിൽനിന്നും നിലംപതിക്കുന്നു. അത്രതന്നെ.

b. സന്യാസി എളുപ്പത്തിൽ ശുദ്ധീകരിക്കപ്പെടുന്നു. സന്യാസികൾക്കു ശുദ്ധീകരണസ്ഥലത്തെപ്പററിയും അധികമൊന്നും ശങ്കിക്കേണ്ടതില്ല. ഒരു പക്ഷേ, അവിടെ ചെന്നെത്തിയാലും, വളരെ വേഗം അവർ അവിടെനിന്നും വിമുക്തരാകും. ഒരു സന്യാസി വ്രതവാഗ്ദാനം ചെയ്യുന്ന ദിവസം, ലോകത്തിൽവെച്ചു അയാൾ ചെയ്തുപോയിട്ടുള്ള പാപങ്ങളുടെ ശിക്ഷയെല്ലാം പരിഹരിക്കപ്പെടുന്നു എന്നാണ് വി. തോമ്മസ് അക്വീനസ് പഠിപ്പിക്കുന്നതു്. സഭാപ്രവേശനം വഴിയായി സന്യാസി അനുഷ്ഠിക്കുന്ന സമ്പൂൎണ്ണമായ സ്വയപരിത്യാഗത്തിനുള്ള സമ്മാനമാണ് ഈ അനുഗ്രഹം. സന്യാസികളിൽ തന്നെയും ചില കുററങ്ങളും കുറവുകളും കണ്ടേക്കാം. എന്നാൽ ജീവിതകാലത്തു അവർ ചെയ്യുന്ന സൽകൃത്യങ്ങൾ, നിരന്തരമായ പ്രാൎത്ഥന, ദിവ്യകാരുണ്യസ്വീകരണം, അനുദിന സ്വയനിഗ്രഹം എന്നിത്യാദിവഴി ആ കുറവുകളെല്ലാം പരിഹരിക്കപ്പെട്ടുപോകുന്നു. ഒരുപക്ഷേ സന്യാസിയുടെ പാപങ്ങൾക്കുള്ള അനിത്യശിക്ഷ എല്ലാം ഇവമൂലം തീരുന്നില്ലെങ്കിലും താരതമ്യേന വളരെ കുറച്ചുമാത്രമേ അവശേഷിക്കുകയുള്ളു. മരണശേഷം പല ദിവ്യപൂജകൾ ആ ആത്മാവിനുവേണ്ടി അൎപ്പിക്കപ്പെടും. സഭ മുഴുവനും ആ ആത്മാവിനുവേണ്ടി പ്രാൎത്ഥിക്കും. സഭാംഗങ്ങൾ നിരവധി ദണ്ഡവിമോചനങ്ങളും ഇതര സൽകൃത്യങ്ങളും ആ ആത്മാവിനുവേണ്ടി കാഴ്ചവെക്കും. ഈ സാഹചര്യങ്ങളിൽ നിസ്സാരമായ വല്ല പരിഹാരങ്ങളും തീൎക്കേണ്ടതുണ്ടെങ്കിൽതന്നെയും ഈ പ്രാൎത്ഥനകളും സമൎപ്പണങ്ങളുംവഴി വളരെ വേഗത്തിൽ ആ ആത്മാവു് ശുദ്ധീകരണസ്ഥലത്തിൽനിന്നും വിമുക്തി നേടുവാൻ സംഗതിയാകുന്നു.

C. സന്യാസിക്കു് സ്വൎഗ്ഗത്തിൽ വലുതായ സമ്മാനം ലഭിക്കാനിരിക്കുന്നു— തൻെറ നാമത്തെപ്രതി സമസ്തവും സംത്യജിക്കുന്നവൎക്കു് അതിൻെറ നൂറു മടങ്ങു ലഭിക്കുമെന്നും അവൎക്കു നിത്യജീവൻ ഉണ്ടാകുമെന്നും (വി. മത്തായി xix. 29) നമ്മുടെ കൎത്താവു് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിതിക്കു്, തങ്ങൾക്കു അടുത്തതും പ്രിയപ്പെട്ടതുമായ സൎവ്വതും ത്യജിക്കുന്ന സന്യാസികൾക്കു് സ്വൎഗ്ഗത്തിൽ ഒരു മഹാ സമ്മാനംതന്നെ ഉണ്ടാകുമെന്നു പറയേണ്ടതില്ലല്ലോ. തൻെറ നാമത്തിൽ, ദാഹിക്കുന്നവനു ദാഹശമനത്തിനായി കൊടുക്കുന്ന ഒരു കോപ്പ പച്ചവെള്ളത്തിനു പോലും പ്രതിഫലം ഉണ്ടാകാതിരിക്കുകയില്ലെന്നത്രെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു്. (മൎക്കോസ് ix. 40.) ഈ സ്ഥിതിക്കു് സന്യാസികൾ ധാരാളമായി നടത്തുന്ന സൽകൃത്യങ്ങൾ, പ്രാൎത്ഥന, പരിത്യാഗങ്ങൾ, ഇന്ദ്രിയനിഗ്രഹങ്ങൾ എന്നിവയ്ക്കു് എങ്ങനെ പ്രതിഫലം നൽകാതിരിക്കും? മാത്രമല്ല, സന്യാസികൾ ചെയ്യുന്ന സൽകൃത്യങ്ങളെല്ലാം പരിശുദ്ധമായ കീഴ്‌വഴക്കത്തെപ്രതിയും പ്രായേണ നല്ല നിയോഗത്തോടുകൂടിയുമാകയാൽ അതു ദൈവസന്നിധിയിൽ ഒരു അൎത്മായൻെറ സൽകൃത്യങ്ങളെക്കാൾ വിലയേറിയതായിരിക്കുകയും ചെയ്യും.

### ഉപസംഹാരം

കാൻറർബറി മെത്രാപ്പോലീത്തായായിരുന്ന വി. ആൻസേൽമൂസിനു ഒരിക്കൽ ഒരു ദൎശനം ഉണ്ടായി. കരകവിഞ്ഞു ഊക്കോടെ പായുന്ന ഒരു അരുവി. അതിൽ ലോകത്തിലുള്ള അഴുക്കുകളെല്ലാം. ഇതായിരുന്നു ആ ദൎശനം. ആ അരുവിയിൽ നിന്നു മഹാ ദുൎഗ്ഗന്ധം വമിച്ചുകൊണ്ടിരുന്നു. അതിൽ ഒട്ടേറെ സ്ത്രീപുരുഷന്മാരെ കാണ്മാനുമുണ്ടായിരുന്നു. ഒഴുക്കിനിടയിലെ ചുഴിയിൽപ്പെട്ടു ചിലപ്പോൾ അവർ താണുപോയിരുന്നു എങ്കിലും അടുത്ത നിമിഷത്തിൽ അവർ മുകളിൽ കാണപ്പെടുകയും ചെയ്യും. ഇങ്ങനെ മുങ്ങിയും പൊങ്ങിയും കിടന്ന ഇവൎക്കുള്ള ഏക ആലംബം അതിൽ കുഴമ്പുപാകത്തിൽ കിടന്നിരുന്ന അഴുക്കുകൾ മാത്രമായിരുന്നു. ദുരിതസംപൂൎണ്ണമായ അവരുടെ ജീവിതത്തെ പുലൎത്തുവാനായി അവർ അത്യാകാംക്ഷയോടെയാണു് ആ അഴുക്കിനെ അവലംബിച്ചിരുന്നതു്.

അടുത്ത ക്ഷണത്തിൽ അദ്ദേഹത്തിനു വേറൊരു ദശ്നവുമുണ്ടായി. വെള്ളികൊണ്ടുള്ള ഭിത്തികളോടുകൂടിയ ഒരു മനോഹരമായ ഉദ്യാനമായിരുന്നു അതു്. അന്തരീക്ഷം ആകപ്പാടെ പ്രശാന്തവും സമാകഷ്കവും ആഹ്ളാദജനകവും ആയിരുന്നു. മനോജ്ഞവും സൗരഭ്യവാഹികളുമായ കുസുമങ്ങൾ ധാരാളം. നല്ലമരത്തണൽ. കാഴ്ചയ്ക്കു മനോഹരങ്ങളും നല്ല നല്ല ഫലങ്ങളോടുകൂടിയവയുമായ വൻവൃക്ഷങ്ങൾ ഒട്ടേറെ. ചുരുക്കിപ്പറഞ്ഞാൽ ആ ഉദ്യാനം ഒരു ഭൗമ്യപറുദീസായ്ക്കു തുല്യംതന്നെയായിരുന്നു.

ഈ കാഴ്ചകളുടെ അത്ഥവും അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുത്തു. അഴുക്കുനിറഞ്ഞ ജലപ്രവാഹം ലോകത്തെയാണു് സൂചിപ്പിച്ചിരുന്നതു്. അവിടെ ആശാപാശങ്ങളുടെ വശീകരണത്തിനു വിധേയരായി മനുഷ്യർ അങ്ങുമിങ്ങും വലയുന്നു, അശുദ്ധ വിചാരങ്ങളും മററും നിമിത്തം ഇളകിമറിഞ്ഞൊഴുകുന്ന ജലത്തിനു തുല്യം വിശ്രമമോ സമാധാനമോ ഇല്ലാതെ ഉഴറുന്നു. ഉദ്യാനം സന്ന്യാസജീവിതത്തെയാണു് സൂചിപ്പിച്ചിരുന്നതു്. ലോകത്തിൽനിന്നും സന്ന്യാസജീവിതത്തിലേയ്ക്കു വിളിക്കപ്പെടുന്നവക്കു അനുഭവപ്പെടുന്ന സന്തോഷസമാധാനങ്ങളാണു് അവിടെ പ്രത്യക്ഷപ്പെട്ടിരുന്നതു്.

ഭക്താത്മാവേ, അത്മായരെ അപേക്ഷിച്ചു് സന്ന്യാസികളുള്ളതായി നാം കണ്ട ആ പ്രത്യേകതകളിൽനിന്നും വി. അൻസേൽമൂസിനുണ്ടായ ദശ്നത്തിൻെറ യാഥാത്ഥ്യം നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണല്ലോ. സന്ന്യാസസഭയിലേക്കുള്ള വിളിമൂലം എത്ര മഹത്തായ ഒരു സ്ഥാനത്തേക്കാണു് നീ വിളിക്കപ്പെട്ടിരിക്കുന്നതെന്നും, എത്ര അമൂല്യമായ അനുഗ്രഹങ്ങളാണു് നിനക്കു ലഭിച്ചിരിക്കുന്നതെന്നും ശാന്തമായും ഗാഢമായും ചിന്തിച്ചുനോക്കിയാലും. ധാരാളമായ ദൈവദാനങ്ങളാണു് നൽകപ്പെട്ടിരിക്കുന്നതു്. പുണ്യപൂണ്ണതയ്ക്കും ജീവിതവിശുദ്ധീകരണത്തിനുമുള്ള മാൎഗ്ഗങ്ങൾ ഇവിടെ നിരവധിയാണു്. ഇതിലധികം എന്താണു് നിനക്കാഗ്രഹിക്കാനുള്ളതു്? അത്മായരെ അനുസ്യൂതം ഞെരുക്കിക്കൊണ്ടിരിക്കുന്നതായ അല്ലലുകളിലും അലച്ചിലുകളിലും പീഡകളിലും ഞെരുക്കങ്ങളിലുംനിന്നു് നിന്നെ വിമുക്തമാക്കി ആയുഷ്കാലം ശാന്തമായും സമാധാനപരമായും കഴിച്ചുകൂട്ടുന്നതിനുള്ള മാർഗ്ഗം, നിനക്കു നൽകപ്പെട്ടിരിക്കുന്നു. ഇതിൽ

ക്രൂട്ടതലായി എന്താണ് നിനക്കു ആഗ്രഹിക്കുവാൻ കഴിയുക? വളരെ എളുപ്പത്തിൽ, അതും സുരക്ഷിതമായി മരിക്കാം. ശുദ്ധീകരണസ്ഥലത്തെ ശിക്ഷയെപ്പോലും ഭയപ്പെട്ടുവാനില്ല. ഒരു പക്ഷേ, അനുഭവിക്കുവാനിടയായാൽതന്നെയും, വളരെ ചുരുങ്ങിയ സമയംകൊണ്ടു് അതവസാനിക്കുന്നു. സ്വർഗ്ഗത്തിലാണെങ്കിൽ, മഹാ വലിയ സമ്മാനവും. ഇതിൽമേലായി എന്തനുഗ്രഹമാണ് കിട്ടുവാനുള്ളതു്?

അതിനാൽ, അനുഗ്രഹീതനായ നിന്നെ ഈ ഭൗമ്യ പറുദീസായിലേക്കു വിളിച്ച ദൈവത്തിനു നിരന്തരം കൃതജ്ഞത പ്രകടിപ്പിക്കുക. സന്യാസിക്കു താൻ വാഗ്ദാനം ചെയ്തിട്ടുള്ള മഹാ സമ്മാനത്തിനു ഒരു ദിവസം നീയും അർഹനായിത്തീരുവാൻ ഇടയാകത്തക്കവണ്ണം ഇപ്പോൾ സൂക്ഷിച്ചു വ്യാപരിച്ചുകൊൾക. ഈ മഹനീയാന്തസ്സിൽ എത്തിച്ചേരുവാൻ ഉപദേശംവഴിയോ മററു പ്രകാരത്തിലോ കാരണക്കാരായിത്തീന്ന വരെയും എന്നെന്നും നന്ദിപൂർവ്വം സ്മരിക്കുക. അവക്കു വേണ്ട എല്ലാവിധ നന്മകളും പ്രദാനം ചെയ്യുവാൻ ദൈവത്തോടു മുട്ടിപ്പായി പ്രാത്ഥിക്കുക. ഇഹത്തിൽ ഹൃദയസമാധാനവും പരത്തിൽ നിത്യാശ്വാസവും തേടിയാണല്ലോ നീ സന്യാസജീവിതത്തിൽ പ്രവേശിച്ചതു്. അതു രണ്ടും സംപൂർണ്ണമായി പ്രാപിക്കുവാൻ ഇടയാകുമാറു് വിശ്വസ്തതാപൂർവ്വം കർത്താവിനു ശുശ്രൂഷ ചെയ്യുക.

—:o:—

## 4. കുമ്പസാരം

### 1. അതിൻെറ ആവശ്യകതയും അതിനുള്ള സൌകര്യവും

മാമ്മോദീസാ സ്വീകരിച്ചശേഷം ചെയ്തിട്ടുള്ള പാപങ്ങളുടെ മോചനത്തിനായി ദിവ്യരക്ഷകനായ മിശിഹാ സ്ഥാപിച്ച ഒരു കൂദാശയത്രേ കുമ്പസാരം. മാമ്മോദീസാ കൂടാതെ യാതൊരുവനും രക്ഷയില്ല എന്നതുപോലെതന്നെ ഖണ്ഡിതമായ ഒരു പരമസത്യമാണ് മാമ്മോദീസാ സ്വീകരിച്ചശേഷം ഘനമായ പാപം ചെയ്തിട്ടുള്ള യാതൊരുവനും കുമ്പസാരംകൂടാതെ രക്ഷയില്ല എന്നതും. ഈ കൂദാശയുടെ സ്വീകരണത്തിനു സന്യാസം നൽകുന്ന സൌകര്യംമൂലം വരപ്രസാദങ്ങളുടെ ഒരു നിധിയാണ് സന്യസ്തർക്ക് ലഭിക്കുന്നത്. നന്മനസ്സുണ്ടായാൽപോലും ജോലിത്തിരക്കും മററു അസൌകര്യങ്ങളുംമൂലം അത്മായർക്ക് പലപ്പോഴും അതിനു സാധിക്കാതെ വരുന്നു. മാത്രമല്ല, നല്ല ക്രിസ്ത്യാനികളെന്നു പരിഗണിക്കപ്പെടുന്നവരിൽ ചിലർപോലും കൂടെക്കൂടെയുള്ള കൂദാശാസ്വീകരണത്തെ പലപ്പോഴും അവഹേളിക്കാറുണ്ട്. ഈ അവഹേളനത്തെ അവഗണിക്കുന്നതിനു പലക്കും ധൈര്യമില്ലാതെയും പോകുന്നു. സന്യസ്തരെയാകട്ടെ പ്രസ്തുത സൽകൃത്യത്തിൽനിന്നും ആരും തടയുന്നില്ലെന്നു മാത്രമല്ല, അവർ ആഴ്ചയിൽ ഒരിക്കലെങ്കിലും തക്ക ഒരുക്കത്തോടെ പാപസങ്കീൎത്തനം നടത്തിയിരിക്കണമെന്നു കാനോൻനിയമവും സഭാചട്ടങ്ങളും നിഷ്കൎഷിക്കുകകൂടെയും ചെയ്യുന്നു. ഇനി, കുമ്പസാരിക്കുന്നതിനു സന്യസ്തർക്ക് പല മണിക്കൂർ കാത്തുനില്ക്കേണ്ടതുമില്ല. നിശ്ചിത കുമ്പസാരക്കാർ നിശ്ചിതസമയം അവരെ സമീപിച്ചുകൊള്ളും.

### 2. അതിൻെറ വിശിഷ്ട ഫലങ്ങൾ

a. കുമ്പസാരത്തിൽ പാപവും അതിനുള്ള ശിക്ഷയും മോചിക്കപ്പെടുന്നു— ന. ദി. രക്ഷകൻ ഈ കൂദാശ സ്ഥാപിച്ചില്ലായിരുന്നുവെങ്കിൽ ജ്ഞാനസ്നാനം സ്വീകരിച്ച ശിശുക്കളൊഴികെ അധികമാരും രക്ഷ പ്രാപിക്കയില്ലായിരുന്നുവെന്നു പറയാം. മാമ്മോദീസായുടെശേഷമുള്ള പാപങ്ങളെല്ലാം, അവ എത്രതന്നെ കഠിനതരമോ സംഖ്യാതീതമോ ആയാലും, കുമ്പസാരംമൂലം

മോചിക്കപ്പെടുന്നു. "നിങ്ങൾ ആരുടെ പാപങ്ങളെ മോചിക്കുന്നുവോ, അവ മോചിക്കപ്പെട്ടതായിരിക്കും.'' (Jn. xx. 23.) എന്നീ വാക്യത്തിൽ എല്ലാ പാപങ്ങളുടെയും പൊതുവായ മോചനത്തെയാണ് മിശിഹാ സൂചിപ്പിക്കുന്നതു്. വി അംബ്രോസീസ് പറയുന്നു: "ദൈവം പാപങ്ങളുടെ യാതൊരു തരംതിരിവും വെയ്ക്കുന്നില്ല. തൻെറ അനുഗ്രഹത്തിൻെറ ഉറപ്പ് എല്ലാവർക്കും താൻ നൽകുന്നു. യാതൊന്നും ഒഴിവാക്കാതെ എല്ലാ പാപങ്ങളും മോചിക്കുന്നതിനു തൻെറ പുരോഹിതർക്ക് താൻ അധികാരം നൽകുന്നു.'' പാപജീവിതം നയിച്ചിരുന്ന ഒരു സന്യാസാർത്ഥിയോട്ട് സ്വന്ത കുററങ്ങൾ സന്യാസികളുടെ മുമ്പിൽവെച്ച് പരസ്യമായി ഏററു പറയുന്നതിനു അധികൃതർ ആവശ്യപ്പെട്ടതായും, അയാൾ സ്വന്ത പാപങ്ങൾ ഏററുപറഞ്ഞ സമയം അതതു പാപങ്ങൾ ഒരു കടലാസിൽനിന്നും മായിക്കപ്പെടുന്നതായി ഒരു വിശുദ്ധ സന്യാസി കണ്ടതായും വി. യോഹന്നാൻ ക്ലിമാക്കുസ് പ്രസ്താവിക്കുന്നു. ഇതാ, അവിടെ ദൃശ്യമായി സംഭവിച്ചതു ഓരോ പാപോച്ചാരണത്തിലും അദൃശ്യമായി സംഭവിക്കുന്നു.

കുമ്പസാരത്തിൽ പാപത്തോടുകൂടി അതിൻെറ നിത്യശിക്ഷയും മോചിക്കപ്പെടുന്നു— അനേക കഠിന പാപങ്ങൾ ചെയ്ത ഒരു മഹാ പാപി ആയിരുന്നാലും, നരകം അവനു എതിരായി അടയ്ക്കപ്പെടുന്നു. പിന്നീടു പാപമൊന്നും ചെയ്യാത്തപക്ഷം, തീർച്ചയായും അവൻ മോക്ഷത്തിൽ സ്വീകരിക്കപ്പെടുന്നതാണ്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഒരുവൻ സ്വന്ത കുററം രഹസ്യമായി ഒരു നിശ്ചിത സ്നേഹിതനോട്ട് ഏററു പറയുന്നപക്ഷം അവൻെറ വധശിക്ഷ നീങ്ങി സ്വാതന്ത്ര്യം പ്രാപിക്കാമെന്നു വിധികർത്താവു് ഉറപ്പു നൽകുന്നതായാൽ എത്ര സന്തോഷപൂർവ്വം അവൻ അതിനു വഴിപ്പെടുകയില്ല? വധശിക്ഷയും നരകശിക്ഷയും തമ്മിൽ എന്തു സാമ്യമാണുള്ളതു്? ഹാ! കുമ്പസാരം എന്ന കൂദാശയുടെ സ്ഥാപനത്താൽ എത്ര വലിയ കരുണയാണ് നമ്മുടെ ദിവ്യരക്ഷകൻ നമ്മോടു കാണിച്ചിരിക്കുന്നതെന്നും, അതിനു തന്നോട്ട് നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നും ചിന്തിക്കുക.

നിത്യശിക്ഷ മാത്രമല്ല, അനിത്യശിക്ഷകൂടെയും, മറിയം മഗ്ദലെത്തായെപ്പോലെ പൂർണ്ണമായ മനസ്താപം ഉള്ളപക്ഷം,

മുഴുവനായും മോചിക്കപ്പെടുന്നതാണ്– അപൂൎണ്ണമനസ്സാപം ഉള്ള പ്പോൾപോലും അനിത്യശിക്ഷയുടെ ഒരു ഭാഗം മോചിക്കപ്പെടുന്നു. ശുദ്ധീകരണസ്ഥലത്തിൽ അനുഭവിക്കേണ്ടിവരുന്ന അനിത്യശിക്ഷ, ഈ ലോകത്തിലുള്ള എല്ലാ ദുഃഖദുരിതങ്ങളെയും അധികരിക്കുന്നു എന്നും ഓൎക്കണം.

b. കുമ്പസാരം പാപത്തിൽനിന്നും നമ്മെ കാത്തുപാലിക്കുന്നു– ഈ കൂദാശ നാം ചെയ്തുപോയ പാപങ്ങൾക്കു മോചനം നൽകുക മാത്രമല്ല, അപ്രകാരം പാപങ്ങളിൽ വീണ്ടും വീഴാതെ അവയിൽനിന്നു അകന്ന് അനുതാപപൂൎണ്ണമായി ജീവിക്കുന്നതിനുള്ള ഒരു പ്രത്യേക വരംകൂടെയും നമുക്കു നൽകുന്നു. കോപാക്രാന്തയായിരുന്ന ഒരു സ്ത്രീയെ അവളുടെ കോപംമൂലമുണ്ടായ സകല തെറ്റുകളും ഏററു പറഞ്ഞു കുമ്പസാരിക്കുന്നതിനു മലാഖിയാസ് പുണ്യവാൻ പ്രേരിപ്പിച്ചതായും, അവൾ തദനുസരണം പ്രവൎത്തിച്ചതിൻെറ ഫലമായി ക്ഷമയുടെയും സൌമ്യശീലത്തിൻെറയും ഒരു മാതൃകയായി പരിണമിച്ചതായും വി. ബെൎണ്ണാർദ് പ്രസ്താവിക്കുന്നു.

c. കുമ്പസാരം ഇഹത്തിലും പരത്തിലും സ്വൎഗ്ഗീയ ജീവിതം നയിക്കുന്നതിനു നമ്മെ സഹായിക്കുന്നു– കുമ്പസാരം നഷ്ടപ്പെട്ട പ്രസാദവരം നൽകുക മാത്രമല്ല, പ്രസാദവരത്തോടെ ഈ കൂദാശ സ്വീകരിക്കുന്നവരിൽ ഉള്ള പ്രസാദവരത്തെ അതു വൎദ്ധിപ്പിക്കുകകൂടെയും ചെയ്യുന്നു. വലുതായ ആശ്വാസവും ഹൃദയസമാധാനവും അതു പ്രദാനം ചെയ്യുന്നതുമാണ്. ഒരു മുഴുവൻധ്യാനത്തിൽ സംബന്ധിച്ച് നല്ലൊരു മുഴുവൻ കുമ്പസാരം കഴിച്ചശേഷം സന്തോഷത്താൽ മതിമറന്നു ഒരിക്കൽ ഒരു പഴയ പട്ടാള ഉദ്യോഗസ്ഥൻ ഇങ്ങനെ പറയുകയുണ്ടായി: "ദൈവത്തോടു രമ്യപ്പെട്ടതുമൂലം ഇപ്പോൾ എനിക്കുള്ള സന്തോഷവും ആശ്വാസവുംപോലെ എൻെറ ജീവിതകാലത്തു ഒരിക്കലും എനിക്ക് അനുഭവപ്പെട്ടിട്ടില്ല. ഞാൻ 36 കൊല്ലം സേവിച്ച ഫ്രഞ്ചുരാജാവായ ലൂയി 15–ാമൻപോലും അയാളുടെ രാജകീയ ആഡംബരങ്ങളിലും വിനോദങ്ങളിലും എന്നെപ്പോലെ സന്തുഷ്ടനോ ഭാഗ്യവാനോ അല്ല."

വിശുദ്ധന്മാരിൽ ചിലർ ദിവസംതോറും കുമ്പസാരിച്ചിരുന്നതായി കാണുന്നു. ആത്മശുദ്ധിയും ഹൃദയനൈൎമ്മല്യവും പ്രാപിക്കുന്നതിനും, അങ്ങനെ സ്വല്പമലിനതപോലും

കൂടാതെ ഏററം ശുദ്ധമായ ആത്മാവോടെ ദിവ്യമണവാള ൻെറ സന്നിധിയിൽ ഹാജരാകുന്നതിനും വേണ്ടിയത്രെ അവർ ഇങ്ങനെ ചെയ്തിരുന്നതു്. ന. ദി. രക്ഷകൻ ഒരിക്കൽ ബ്രിജീത്താ പുണ്യവതിക്കു കാണപ്പെട്ടു് പുണ്യാത്മപി പാലിക്കാൻ ആഗ്രഹിക്കുന്നവർ കൂടെക്കൂടെ കുമ്പസാരിക്കണം എന്നു അരുളിച്ചെയ്കയുണ്ടായി. പുണ്യപ്പെട്ട ഒരു പട്ടക്കാരൻ ഒരിക്കൽ ഒരു പിശാചിനോട്ടു് "നിനക്കു അധികം സങ്കടകരവും വിഷമകരവുമായി തോന്നുന്നതു എന്താണു്?" എന്നു ചോദിച്ചപ്പോൾ ലഭിച്ച മറുപടി "അടുക്കലടുക്കലുള്ള കുമ്പസാരമാണു്" എന്നായിരുന്നു.

"കൂടെക്കൂടെയുള്ള കുമ്പസാരം വഴിയായി ആത്മബോധം വദ്ധിക്കയും, ക്രിസ്തീയ എളിമ വളരുകയും, ദുസ്സ്വഭാവങ്ങൾ മാറുകയും, ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള ഉദാസീനതയും മാന്ദ്യവും പരിഹരിക്കപ്പെടുകയും, മനസ്സാക്ഷി ശുദ്ധീകരിക്കപ്പെടുകയും, മനസ്സ് ബലം പ്രാപിക്കുകയും, രക്ഷാകരമായ ആത്മനിയന്ത്രണം കൈവരികയും, കൃദാശയുടെ ശക്തിയാൽതന്നെ പ്രസാദവരം അഭിവൃദ്ധമാകയും ചെയ്യുന്നു'' എന്നത്രെ 12–ാം പീയൂസ് മാർപ്പാപ്പാ 'മിശിഹായുടെ മൌതികശരീരം' എന്ന വിശ്വലേഖനത്തിൽ പ്രബോധിപ്പിക്കുന്നതു്.

അതിനാൽ, കുമ്പസാരം മൂലമുള്ള പ്രയോജനങ്ങൾ ശരിക്കു മനസ്സിലാക്കിക്കൊണ്ടു്, ആഴ്ചതോറും നടത്തിവരുന്ന കുമ്പസാരം യഥായോഗ്യം നിവ്വഹിക്കുന്നതിനു ശ്രമിക്കുക.

### 3. നല്ല കുമ്പസാരത്തിനു അവശ്യംവേണ്ട കാര്യങ്ങൾ

ആത്മശോധന, പ്രതിജ്ഞയോടുകൂടിയ മനസ്താപം, പരമാത്ഥതയോടുകൂടിയ ഏററുപറച്ചിൽ എന്നിങ്ങനെ മുഖ്യമായി മൂന്നു സംഗതികളാണു് കുമ്പസാരം യോഗ്യമായി സ്വീകരിക്കുന്നതിനുവേണ്ടവ.

#### a. ആത്മശോധന

ബോധത്തിനുവേണ്ട പ്രകാശവും, ഹൃദയത്തിനുവേണ്ട അനുതാപവും ലഭിക്കുന്നതിനായി പരിശുദ്ധാത്മപിയുടെ സഹായം എളിമയോടെ അഭ്യത്ഥിച്ചശേഷം മനസ്സാക്ഷിയെ പരിശോധിക്കുക. ആത്മശോധന ഒരു പ്രധാന കാര്യമാണു്. നല്ല കുമ്പസാരം ഇതിനെ ആശ്രയിച്ചിരിക്കുന്നു. എത്ര

കൊണ്ടെന്നാൽ, സ്വന്തം പാപങ്ങളെക്കുറിച്ചു ശരിയായി ദുഃഖിച്ചു്, തക്ക പ്രതിജ്ഞ ചെയ്തു്, അവയുടെ എണ്ണവും തരവും തിരിച്ചു് പട്ടക്കാരനോടു പറഞ്ഞറിയിക്കണമെങ്കിൽ പാപങ്ങൾ ഏവയെന്നും, അവയ്ക്കുള്ള കാരണമെന്തെന്നും നാം മുൻകൂട്ടി അറിയണം. അതിനാൽ ഗൌരവാവഹമായ ഒരു ലോകകാര്യത്തിനുവേണ്ടി എത്രമാത്രം ശ്രദ്ധ നാം പതിക്കുമോ അത്രയും ശ്രദ്ധ ഇക്കാര്യത്തിലും നാം പതിക്കേണ്ടതാണു്.

എന്നാൽ സന്യസ്തരെ സംബന്ധിച്ചിടത്തോളം ആത്മശോധന അത്ര പ്രയാസമുള്ള കാര്യമല്ല. കാരണം, അവർ പ്രതിവാരം കുമ്പസാരിക്കുകയും, ദിനംതോറും ആത്മശോധന ചെയ്യുകയും, ഘനമായോ അധികമായോ പിഴയ്ക്കുന്നതിനു പ്രത്യേക അവസരമില്ലാതെ ലോകത്തിൽനിന്നു അകന്നു് ഒരു ലളിതജീവിതം നയിക്കുകയും ചെയ്യുന്നു. ഇങ്ങനെ അടുക്കലടുക്കൽ കുമ്പസാരിക്കുകയും, മനസ്സറിവോടെ അല്പ പാപങ്ങൾ പോലും ചെയ്യാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുന്ന ഭക്താത്മാക്കൾ ചുരുങ്ങിയ സമയംമാത്രം— ഒരു അഞ്ചോ ആറോ വിനാഴിക— ആത്മശോധനയ്ക്കായി വിനിയോഗിച്ചാൽ മതി. ഗൌരവതരമായ ഏതെങ്കിലും പാപം ചെയ്തിട്ടുള്ളപക്ഷം ഹൃദയക്കടി നിമിത്തം അതു എളുപ്പത്തിൽ ഓർമ്മയിൽ വരുന്നതാണു്.

ഭക്താഭ്യാസങ്ങളിലോ, ചുമതലപ്പെട്ട ജോലികളുടെ നിർവ്വഹണത്തിലോ, മൂന്നു വ്രതങ്ങളുടെ അനുഷ്ഠാനത്തിലോ, ആശാനിഗ്രഹത്തിലോ,പരസ്പരസ്നേഹപാലനത്തിലോ— ഇത്രയും സംഗതികളിൽ— വല്ല തെറ്റും ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചാൽ ഒരു സന്യാസിയിൽ സാമാന്യമായി ഉണ്ടാകാവുന്ന തെറ്റുകൾ എളുപ്പത്തിൽ വെളിപ്പെടുന്നതാണെന്നാണു് ഒരു ആദ്ധ്യാത്മികഗുരു അഭിപ്രായപ്പെടുന്നതു്. ഘനമായ പാപങ്ങളല്ലാതെ ലഘുവായ പാപങ്ങളെല്ലാം ഓർമ്മിക്കാനോ കുമ്പസാരിക്കാനോ കടമയില്ല. വി. ഫ്രാൻസീസു് സാലെസു് പറയുന്നു: "കുമ്പസാരിക്കുമ്പോൾ അല്ലാല്പമായ കുററങ്ങളെല്ലാം ഓർമ്മയിൽ വരുന്നില്ലെങ്കിൽ സങ്കടപ്പെടേണ്ട. എന്തെന്നാൽ അറിവുകൂടാതെ കൂടെക്കൂടെ നിസ്സാരപാപങ്ങളിൽ വീഴുന്നവർ, അതേപ്രകാരം അറിയാതെതന്നെ അവയിൽനിന്നും എഴുന്നേല്ക്കുന്നതുമാണു്."

ആത്മശോധന സംബന്ധിച്ചു മൂന്നു കാര്യങ്ങളിൽ ഭക്താത്മാക്കൾ പ്രത്യേകം ശ്രദ്ധിക്കുന്നതു നന്നായിരിക്കും. അതാ

യതു് ഓരോ കുമ്പസാരത്തിലും പ്രധാന കുററത്തെ ശോധന ചെയ്യണം, തെററുകളുടെ കാരണങ്ങളെക്കുറിച്ചു് പ്രത്യേകം പ്രധാന ദുർഗ്ഗുണത്തെ സംബന്ധിച്ചു് കാര്യമായി ചിന്തിക്കണം, കഴിഞ്ഞ കുമ്പസാരത്തിലെ പ്രതിജ്ഞ പാലിച്ചുവോ എന്നു പരിശോധിക്കണം. ഈ ത്രിവിധ പരിശോധനയിൽ കണ്ടവ കുമ്പസാരത്തിൽ ചുരുക്കമായി വെളിപ്പെടുത്തുന്നതും നന്നായിരിക്കും. എന്തെന്നാൽ നമ്മുടെ ഗുണീകരണത്തിനും വിശുദ്ധീകരണത്തിനും പററിയ ഉപദേശം നൽകുന്നതിലേയ്ക്കു അവ കുമ്പസാരക്കാരനു സഹായകമായിരിക്കും.

## b. പ്രതിജ്ഞയോടുകൂടിയ മനസ്സാപം

### മനസ്താപവും അതിൻെറ പ്രാധാന്യവും

കുമ്പസാരം യോഗ്യമായി സ്വീകരിക്കുന്നതിനു അത്യാവശ്യമായതും അതിൻെറ ഏററം കാതലായ ഭാഗത്തിൽ ഉൾപ്പെടുന്നതുമായ ഒന്നാണു് പ്രതിജ്ഞയോടുകൂടിയ മനസ്സാപം. പാപത്താൽ ദൈവത്തെ ഉപദ്രവിച്ചതിനെക്കുറിച്ചുള്ള ഹൃദയപൂർവ്വമായ ദുഃഖത്തിലും വെറുപ്പിലും, മേലിൽ തന്നെ ഉപദ്രവിക്കയില്ലെന്നുള്ള സ്ഥിരമായ നിശ്ചയത്തിലുമത്രെ യഥാർത്ഥമായ മനസ്സാപം അടങ്ങിയിരിക്കുന്നതു്. കണ്ണുനീർ മുതലായ ബാഹ്യചിഹ്നങ്ങൾ അതിനു കൂടിയേ കഴിയൂ എന്നില്ല. മാമ്മോദീസാ കുമ്പസാരം എന്നീ കൂദാശകളുടെ സ്വീകരണത്തിനു അവശ്യം വേണ്ട മറെറല്ലാ കാര്യങ്ങളും ഒരുവൻ നിവ്വഹിച്ചാലും, തൻെറ സ്വന്തപാപത്തിന്മേൽ സാക്ഷാത്തായ മനസ്സാപം അവനില്ലെങ്കിൽ അവൻെറ പാപത്തിനു മോചനം ലഭിക്കയാകട്ടെ അവൻ സ്വർഗ്ഗപ്രവേശനത്തിനു അർഹനാവുകയാകട്ടെ ചെയ്യയില്ല.

മനസ്സാപം എന്താണെന്നും അതിൻെറ ലക്ഷണങ്ങൾ ഏവയെന്നും പറയാൻ എളുപ്പമാണു്. എന്നാൽ യഥാർത്ഥമായ മനസ്സാപം ഉണ്ടോ എന്നറിയുക അത്ര എളുപ്പമല്ല. എന്നിരുന്നാലും യഥാർത്ഥമായ മനസ്സാപം ഉണ്ടോ എന്നതു പ്രതിജ്ഞയിൽ നിന്നും ഗ്രഹിക്കാവുന്നതാണു്. കുറഞ്ഞപക്ഷം, ഘനമായ പാപത്താൽ ഇനിയൊരിക്കലും ദൈവത്തെ ഉപദ്രവിക്കയില്ലെന്നു ഒരുവനു ഉറപ്പായ പ്രതിജ്ഞയുണ്ടെങ്കിൽ അവനു് യഥാർത്ഥമായ മനസ്സാപവുമുണ്ടെന്നു ഉറച്ചിരിക്കാം. "കുമ്പസാരത്തിൽ വെളി

പ്പെടുത്തിയ തെററുകൾ വീണ്ടും ചെയ്യാതിരിപ്പാൻ നല്ല മനസ്സും പ്രതിജ്ഞയുമുണ്ടെങ്കിൽ നല്ല മനസ്താപമുണ്ടെന്നു വിചാരിക്കാം" എന്നു് തത്സംബന്ധമായി പ്രസ്താവിക്കുന്ന വി. അമ്മത്രേസ്യായുടെ സാക്ഷ്യം അത്യന്തം ആശ്വാസജനകംതന്നെ.

പാപമോചനം പ്രാപിക്കുന്നതിന്നു് മനസ്താപം അത്യന്താപേക്ഷിതമാകയാൽ, ഒരുവന്നു ലഘുവായ പാപങ്ങൾ മാത്രമുണ്ടായിരിക്കുകയും, അവയിൽ ഒന്നിനെക്കുറിച്ചും ശരിയായ മനസ്താപമില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ, മുമ്പു് കുമ്പസാരിച്ചതോ പാപമോചനം ലഭിച്ചതോ ആയിരുന്നാലും, കൂടുതൽ മനസ്താപംതോന്നുന്ന ഒരു പഴയ പാപം മനസ്താപത്തോടെ കുമ്പസാരത്തിൽ വീണ്ടും ഏററു പറയുകയാണു് വേണ്ടതു്. കുമ്പസാരം അസാധുവാകാതിരിക്കുന്നതിന്നും, അതിൽനിന്നും ഫലം സിദ്ധിക്കുന്നതിന്നും അതു ആവശ്യമാണു്.

### മനസ്താപത്തിൻെറ തരവും ലക്ഷണങ്ങളും

മനസ്താപം രണ്ടു തരമാണു്. ഉത്തമമനസ്താപവും അധമമനസ്താപവും അഥവാ പൂർണ്ണ മനസ്താപവും അപൂർണ്ണ മനസ്താപവും. അളവററ നന്മയും, സർവ്വസ്നേഹത്തിന്നും സ്വതേ യോഗ്യനുമായ ദൈവത്തെ പാപംമൂലം ഉപദ്രവിച്ചതിനാലുള്ള ഖേദമാണു് ഉത്തമമനസ്താപം. പാപംമൂലം പരമ ന്യായാധിപനായ ദൈവത്തെ ദ്രോഹിച്ചു നരകത്തിന്നു പാത്രമായതിൽ, അഥവാ സ്വതേ നികൃഷ്ടമായ പാപംചെയ്തതിൽ ഉള്ള ദുഃഖമാണു് അധമമനസ്താപം. ഉത്തമമനസ്താപം ശുദ്ധസ്നേഹത്തിൽനിന്നുമാത്രം ഉളവാകുന്നു. അധമമനസ്താപമാകട്ടെ സ്വാന്തഗുണംകൂടി നോക്കിയുള്ളതാണു്.

മനസ്താപത്തിൻെറ ലക്ഷണങ്ങൾ നാലാണു്. അതു ഹൃദയത്തിൽനിന്നും മനസ്സിൽനിന്നും ഉളവാകുന്ന ആഭ്യന്തരവും, ഐഹികന്യായങ്ങളിൽനിന്നുളവാകാതെ സ്വഭാവാതീതമായ ന്യായങ്ങളുടെ ചിന്തനത്തിൽനിന്നു ഉൽഭൂതമാകുന്ന പ്രകൃത്യതീതവും, മററു തിന്മകളെക്കാൾ പാപത്തെ അധികമായി വെറുക്കുന്ന സർവ്വോപരിയും, ഘനമായ സകല പാപങ്ങളെയും ഒന്നൊഴിയാതെ ദ്വേഷിക്കുന്ന പൊതുവും ആയിരിക്കണം. ഇവയിൽ ആദ്യത്തെ മൂന്നു ലക്ഷണങ്ങളും ലഘുവായ പാപങ്ങളുടെ മോചനത്തിന്നുകൂടെയും അവശ്യാവശ്യമാണു്.

### മനസ്താപം ജനിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

നമ്മിൽ മനസ്താപം ജനിപ്പിച്ച് പാപത്തെ വെറുക്കുവാൻ, ദൈവത്തോടുതന്നെ സാദ്ധ്യപ്പെട്ടപേക്ഷിക്കുന്നതിനും പുറമേ, ദൈവത്തിൻെറ അളവററ നീതിയുടെ കാഠിന്യത്തെയും, നമ്മുടെ ആത്മാവിനെ അശുദ്ധമാക്കി നരകത്തിലെ നിത്യശിക്ഷയ്ക്കു നമ്മെ പാത്രമാക്കിയ പാപത്തിൻെറ മാലിന്യത്തെയും കുറിച്ച് ചിന്തിക്കണം. അങ്ങനെതന്നെ, പാപത്താൽ ദൈവത്തിൻെറ പ്രസാദവരവും സ്നേഹവും, പുത്രസ്ഥാനവും നാം നഷ്ടപ്പെടുത്തിയെന്നും, നമുക്കുവേണ്ടി മരണം കൈവരിച്ച ദിവ്യരക്ഷകൻെറ മരണത്തിനുള്ള കാരണം നമ്മുടെ പാപങ്ങളാണെന്നും, ഓരോ പാപവുംമൂലം ആ സ്നേഹരക്ഷകനെ നാം വീണ്ടും ക്രൂശിക്കയാണ് ചെയ്യുന്നതെന്നും, നമ്മുടെ സ്രഷ്ടാവായ ദൈവത്തെ ത്യജിച്ച് സർവ്വഗുണനിധിയും സ്വതേ സർവ്വസ്നേഹത്തിനും യോഗ്യനുമായ തന്നിൽനിന്നും പാപംമൂലം നമ്മുടെ മുഖം നാം തിരിച്ചുകളഞ്ഞുവെന്നും ഓക്കണം.

മരണം, വിധി, നരകം, മോക്ഷം എന്നീ മനുഷ്യാന്ത്യങ്ങളെപ്പററിയും, മിശിഹായുടെ പീഡാനുഭവങ്ങളെപ്പററിയും, ദൈവത്തിൻെറ ഗുണവിശേഷങ്ങളെപ്പററിയും ചിന്തിക്കുന്നതും ഉപകാരപ്രദമാണ്. അങ്ങനെതന്നെ, ആരാണ് പാപം ചെയ്തത്? ആക്കു വിരോധമായി? എപ്പോൾ? എവിടെവെച്ച്? എന്തിന്? എങ്ങനെ? എന്നീ സംഗതികളെക്കുറിച്ചു ഗാഢമായി ചിന്തിക്കുന്നതും നമ്മിൽ മനസ്താപം ജനിപ്പിക്കുന്നതിനു വളരെ പര്യാപ്തമായ മാർഗ്ഗമാണ്.

### പ്രത്യേകം ശ്രദ്ധിക്കേണ്ടതു്

മനസ്താപമെന്തെന്നും ഉത്തമമനസ്താപം എന്തെന്നും മനസ്താപത്തിൻെറ പ്രാധാന്യവും ആവശ്യകതയും എത്രമാത്രമെന്നും നാം കണ്ടുവല്ലോ. കുമ്പസാരംവഴി പാപമോചനം ലഭിക്കണമെങ്കിൽ അധമമനസ്താപമെങ്കിലും ഉണ്ടായേ മതിയാവൂ. എന്നാൽ സ്വന്ത പാപങ്ങളെക്കുറിച്ചു ഉത്തമമനസ്താപപ്പെടുന്ന ഒരുവനു് ഉടൻതന്നെ, ക്രൂദാശകളുടെ സ്വീകരണത്തിനുമുമ്പുതന്നെ, പാപമോചനം ലഭിക്കുകയും അവൻ ദൈവവുമായി രമ്യപ്പെടുകയും ചെയ്യുന്നു. തക്ക സമയം ക്രൂദാശ സ്വീകരിച്ചു

കൊള്ളാമെന്ന് അസ്പഷ്ടമായെങ്കിലുമുള്ള സുസ്ഥിരമായ ആഗ്രഹം അവനു ഉണ്ടായിരിക്കണമെന്നേയുള്ളു. തന്നിമിത്തമത്രെ ഇത്ര രക്ഷാകരമായ ഉത്തമമനസ്താപത്തെ 'സ്വർഗ്ഗത്തിൻെറ താക്കോൽ' എന്നുക്രൂടെയും പരിശുദ്ധന്മാർ വിളിക്കുന്നതു്.

അതിനാൽ, പലപ്പോഴും ഹൃദയപൂർവ്വം ഉത്തമ മനസ്താപപ്രകരണം ചെയ്യുവാൻ ഉത്സാഹിക്കുക. പ്രത്യേകിച്ചും മരണസമയവും ഓരോ അപകടങ്ങൾ നേരിടുന്ന സന്ദർഭങ്ങളിലും, നമ്മുടെ പ്രഥമ ചിന്ത ഒരുത്തമ മനസ്താപപ്രകരണം ചെയ്യുന്നതിലായിരിക്കണം. ഘനമായ വല്ലൊരു പാപത്തിൽ വീഴാൻ ഇടയായാൽ ഉടനടി ഉത്തമമനസ്താപപ്പെട്ടു നല്ല ദൈവവുമായി രമ്യപ്പെട്ടുക. നിദ്രയ്ക്കു പോകുമ്പോഴും, ജോലി തുടങ്ങുമ്പോഴും, യാത്രയ്ക്കു പുറപ്പെടുമ്പോഴും ഉത്തമമനസ്താപപ്രകരണം ചെയ്യുക. അതിനു യാതൊരു പ്രയാസവുമില്ല, നന്മനസ്സുണ്ടായാൽ മാത്രം മതി.

### പ്രതിജ്ഞ

മനസ്താപത്തോടു സദാ ചേർന്നിരിക്കേണ്ട ഒന്നാണു് പ്രതിജ്ഞ. അതു ഉറപ്പുള്ളതും, ഫലപ്രദമായതും, പൊതുവായതുമായിരിക്കണം. ചെയ്തുപോയ തെററിൽ ഇനി വീഴാതിരുന്നാൽ നന്നായിരുന്നു, ദൈവത്തെ ഇനി ഉപദ്രവിക്കാതിരുന്നാൽ നന്നായിരുന്നു എന്നിങ്ങനെ വിചാരിച്ചതുകൊണ്ടുമാത്രം പ്രതിജ്ഞയാകയില്ല. ഇനി ഒരിക്കലും ഇന്ന കുററം ചെയ്കയില്ല എന്നു ദൃഢമായി ഉറച്ചെങ്കിൽമാത്രമേ തക്ക പ്രതിജ്ഞ ആകയുള്ളു. പ്രതിജ്ഞ ഫലപ്രദമാകണമെങ്കിൽ, കുററങ്ങളിൽനിന്നും അവയുടെ കാരണങ്ങളിൽനിന്നും മാറുന്നതിനും അതിലേയ്ക്കു പററിയ മാർഗ്ഗങ്ങൾ പിടിക്കുന്നതിനും തക്ക നന്മനസ്സും നിശ്ചയവും ഉണ്ടായേ മതിയാവൂ. എല്ലാ ഘനമായ പാപങ്ങളിൽനിന്നും മാറിക്കൊള്ളാമെന്നു ഉറപ്പുള്ള നിശ്ചയം ചെയ്യുമ്പോൾ പ്രതിജ്ഞ പൊതുവാകുന്നു. എന്നാൽ ഒരുവനു ലഘുവായ പാപങ്ങൾ മാത്രമേ ഉള്ളുവെങ്കിൽ ക്രൂദാശയുടെ സാധുതയ്ക്കു അവയിൽ ഏതെങ്കിലും ഒരു പാപത്തിൽനിന്നു അകലുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്താലും മതി. പാപഹേതുക്കളിൽനിന്നു പിന്മാറാതിരുന്നാൽ വീണ്ടും പാപത്തിൽ വീഴാതിരിക്കയില്ല. നല്ല പ്രതിജ്ഞയില്ലാത്തവനു ഒന്നല്ല, ആയിരം പ്രാവശ്യം പട്ടക്കാരൻ പാപ

മോചനം നൽകിയാലും അവന്റെ പാപം നീങ്ങുകയുമില്ല, അവന്റെ കുമ്പസാരം സാധുവാകയുമില്ല.

C. പരമാൎത്ഥതയോടുകൂടിയ ഏററുപറച്ചിൽ

ഒടുവിൽ നടത്തിയ നല്ല കുമ്പസാരത്തിനുശേഷം ചെയ്തിട്ടുള്ള ഘനമായ എല്ലാ പാപങ്ങളും, പാപത്തിന്റെ സ്വഭാവത്തെ മാററുന്ന എല്ലാ സാഹചൎയ്യങ്ങളും പരമാൎത്ഥതയോടെ കുമ്പസാരത്തിൽ ഏററു പറയുവാൻ ഓരോരുത്തനും കടമയുണ്ടു്. ലജ്ജയോ ഭയമോമൂലം ഘനമായൊരു പാപം മനപ്പൂൎവ്വം ഒളിച്ചുവെയ്ക്കുന്നവൻ നടത്തുന്ന കുമ്പസാരം അസാധുവും ദൈവദ്രോഹപരവുമാകുന്നു.

വി. അൽഫോൻസ്സ് ലിഗോരി പ്രലപിക്കുന്നു: "ഹാ! എന്റെ ദൈവമേ, ഈ ശപിക്കപ്പെട്ട ലജ്ജമൂലം എത്രയോ സന്യസ്തർ നരകത്തിൽ കിടന്നു വേവുകയും കാലാകാലത്തോളം വേകാനിരിക്കയും ചെയ്യുന്നു?'' പാപങ്ങൾ കുമ്പസാരത്തിൽ മറച്ചുവയ്ക്കുന്നതിനു മനുഷ്യരെ പ്രേരിപ്പിക്കുന്നതു ലജ്ജ എന്നതിനെക്കാൾ ഭ്രാന്തു ആണെന്നാണു് പറയേണ്ടതു്. നാം കുമ്പസാരത്തിൽ വെളിപ്പെടുത്തുന്നവയെ സംബന്ധിച്ചു നിത്യമായ രഹസ്യം പാലിക്കാൻ നമ്മുടെ കുമ്പസാരക്കാരൻ ബാദ്ധ്യസ്ഥനാണെന്നും, ഈ കടമയെ സ്വന്ത ജീവൻ ഉപേക്ഷിക്കേണ്ടിവന്നാലും അദ്ദേഹം ലംഘിക്കുന്നതല്ലെന്നും, ക്രിസ്തുവിന്റെ കാലംമുതൽ നാളതുവരെയുള്ള ചരിത്രം ഇതു വിളിച്ചറിയിക്കുന്നുണ്ടെന്നും ധരിച്ചാലും. അതിനാൽ, വിധിദിവസത്തിൽ സകല മനുഷ്യരുടെയും മുമ്പാകെ പരസ്യപ്പെടുവാനുള്ള ഒരു പാപം ദൈവത്തിന്റെ സ്ഥാനപതിയായ ഒരു പട്ടക്കാരനോടു ലജ്ജ നിമിത്തം അറിയിക്കാതിരിക്കുന്നതു ഭോഷത്വമാണെന്നും, ആ ലജ്ജയെ ജയിച്ചുകൊണ്ടു് തന്നെത്തന്നെയും പിശാചിനെയും ലജ്ജിപ്പിക്കുമാറു അതു വെളിപ്പെടുത്തുന്നതായാൽ പൂൎണ്ണമായ ഹൃദയസമാധാനം സിദ്ധിക്കുന്നതാണെന്നും മനസ്സിലാക്കി വേണ്ടതു പ്രവൎത്തിക്കുക.

ഒരു സംശയനിവാരണം

എന്റെ പാപങ്ങൾ കേൾക്കുമ്പോൾ, വൈദികനു എന്റെ നേരെയുള്ള മതിപ്പുപോയി ഒരുപക്ഷേ എന്നോടു അതൃപ്തി തോന്നിയേക്കാം എന്നു ശങ്കിക്കുന്ന ചിലരുണ്ടു്. ഇതു വിശാ

ചിന്റെ ഒരു കൌശലം മാത്രമാണ്. ഉതപ്പാകട്ടെ വെറുപ്പാകട്ടെ ദൈവസ്ഥാനപതിയായ വൈദികനു ഉണ്ടാകയില്ല. വെളിപ്പെടുത്താൻ സ്വതേ പ്രയാസമുള്ള താദൃശപാപങ്ങൾ ലജ്ജയെ ജയിച്ചുകൊണ്ടും സ്വന്ത ആത്മരക്ഷയെമാത്രം ലാക്കാക്കിയും പരമാർത്ഥതയോടെ നീ ഏററുപറയുന്നെങ്കിൽ ആ വൈദികനു നിന്നോടു കൂടുതൽ മതിപ്പും തൃപ്തിയും സന്തോഷവുമേ ഉണ്ടാവുകയുള്ളു. മനുഷ്യരിൽ വരാവുന്ന നാനാതരത്തിലുള്ള പാപങ്ങളെപ്പററി കുമ്പസാരക്കാരൻ സന്മാർഗ്ഗശാസ്ത്രം പഠിച്ച കാലത്തുതന്നെ അറിഞ്ഞിട്ടുണ്ട്. അതിനുംപുറമേ, മററാളുകളുടെ കുമ്പസാരങ്ങളിൽ ഇതുപോലെയോ ഇതിലും ഗൌരവതരമായോ ഉള്ള പാപങ്ങൾ അദ്ദേഹം കേട്ടിരിക്കാം. അതിനാൽ അദ്ദേഹത്തിനു ഇതു ഒരു പുത്തരിയായിരിക്കാനോ ഇതു നിമിത്തം ഉതപ്പുതോന്നാനോ ഇടയില്ല. മാത്രമല്ല, പാപമോചനാർത്ഥം തന്നെ സമീപിക്കുന്നതു പരിശുദ്ധരല്ല പാപികളാണെന്നതു അദ്ദേഹത്തിനു അറിഞ്ഞുകൂടെന്നോ?

പാപത്താൽ ദൈവത്തെ നീ ഉപദ്രവിച്ചുപോയി എന്നുവന്നാൽ കഴിയുന്നത്ര വേഗത്തിൽ ദൈവവുമായി രമ്യപ്പെടുന്നതിനു പകരം കുമ്പസാരം നീട്ടിവെയ്ക്കുന്നതു ബുദ്ധിഹീനതയത്രെ. താമസിക്കുംതോറും ലജ്ജയും ഭയവും വർദ്ധിച്ച് ആത്മാവു കൂടുതൽ ക്ഷീണിച്ച് പിശാചിനു നിന്റെ മേലുള്ള ശക്തി പ്രബലപ്പെടുന്നതാണ്. ഈ രാത്രിതന്നെ നീ മരിച്ചാൽ നിന്റെ സ്ഥിതി എന്തായിരിക്കുമെന്നു ഓർക്കുക. അവിചാരിതമായി, അപ്രതീക്ഷിതമായി എത്രയെത്ര പേർ എവിടെയെല്ലാം മരിച്ചിരിക്കുന്നു, ഇപ്പോഴും മരിക്കുന്നു? അങ്ങനെ നിനക്കും വന്നുകൂടെയോ?

### കുമ്പസാരത്തിൽ ഉണ്ടായിരിക്കേണ്ട വ്യക്തതയും തുറന്ന മനസ്ഥിതിയും

കുമ്പസാരത്തിൽ പാപങ്ങൾ വ്യക്തമായി വെളിപ്പെടുത്തണം എന്നതു സാരമായ ഒരു സംഗതിയാണ്. പരമാർത്ഥമായി എല്ലാ തെററുകളും ഏററുപറയാതെ പാപപ്പൊറുതി ലഭിക്കയില്ല. നിസ്സാരസംഗതികളിൽ നിശ്ചയമില്ലാത്തതും സംശയാസ്പദവുമായവ ഉപേക്ഷിച്ചിട്ട് പാപമെന്നു തീർച്ചയുള്ളതും അവയെപ്പററി യഥാർത്ഥമായി മനസ്തപിച്ചിട്ടുള്ളതുമായ പാപങ്ങളാണ്

ചുരുക്കത്തിലും പരമാൎത്ഥമായും എന്നാൽ കാൎയ്യങ്ങൾ മുഴുവൻ ഉള്ളടക്കിയും വ്യഥാ ഭാഷണത്തിനിടയാക്കാതെയും കുമ്പസാരി ക്കേണ്ടതു്. കുററങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിനോ സ്വയം നീതീകരിക്കുന്നതിനോവേണ്ടി ഒഴികഴിവുകൾ പറയാതിരിക്ക ണം. വ്യക്തമല്ലാത്തതും പൊതുവായതുമായ ഭംഗിവാക്കുകളിൽ കുമ്പസാരിക്കാതെ തിരിച്ചും തെളിവായും ഊരൎത്ഥപ്രയോഗം കൂടാതെയും കുമ്പസാരിക്കണം. ദൈവത്തെ യഥാൎഹം സ്നേഹി ച്ചിട്ടില്ല, പുണ്യത്തിൽ വൎദ്ധിക്കാൻ പ്രയാസപ്പെട്ടിട്ടില്ല, തന്നെ ത്താൻ സ്നേഹിക്കുന്നതുപോലെ അയൽക്കാരെ സ്നേഹിച്ചിട്ടില്ല, പ്രാൎത്ഥനയിൽ മനസ്സറിയാതെ പലവിചാരം ഉണ്ടായിട്ടുണ്ടു്, ദൈവതിരുമുമ്പാകെ കുററക്കാരനായിരിക്കുന്നതുപോലെ ഞാൻ എന്നെത്തന്നെ കുററപ്പെടുത്തി കുമ്പസാരിക്കുന്നു എന്നിങ്ങനെയുള്ള പൊതുപ്രസ്താവനകൾകൊണ്ടു് എന്താണ് പ്രയോജനം? അനു താപി വലിയ സംഗതികളെ അതിവീക്ഷണം ചെയ്യാതെയും നിസ്സാരസംഗതികളെ പൎവ്വതീകരിക്കാതെയും കുമ്പസാരത്തിൽ ഉള്ളതു ഉള്ള വിധത്തിൽ— തുമ്പാതുമ്പായെന്നും സൂചി സൂചി യെന്നും— പറയേണ്ടിയിരിക്കുന്നു.

ഞാൻ നിയമം ലംഘിച്ചിട്ടുണ്ടു്— എൻെറ സംസാരത്തിൽ സൂക്ഷക്കേടുണ്ടായിട്ടുണ്ടു്— ഞാൻ പരസ്പരസ്നേഹത്തിനു വിരുദ്ധ മായി തെററു ചെയ്തു— സ്പൎശനത്തിൽ സൂക്ഷക്കേടുണ്ടായിട്ടുണ്ടു്— ദാരിദ്ര്യത്തിനു വിരുദ്ധമായി പിഴച്ചിട്ടുണ്ടു്— എനിക്കു മായസ്തുതി ഉണ്ടായിട്ടുണ്ടു്— ജിജ്ഞാസയുണ്ടായിട്ടുണ്ടു്— ജോലിസമയം ക്ഷമകേടുണ്ടായിട്ടുണ്ടു്— എന്നിങ്ങനെയുള്ള പൊതുവായ ഏററു പറച്ചിലുകൾ തെളിച്ചും ശരിയായും പറയുന്നവയല്ല. എന്തെ ന്നാൽ അവ നിസ്സാരമോ ഗൌരവതരമോ എന്നു കണ്ടുപിടി ക്കാൻ സാദ്ധ്യമല്ല. അതിനാൽ അവ എവ്വിധമുള്ളതെന്നു കുററ ക്കാരൻതന്നെ കുമ്പസാരക്കാരനെ ധരിപ്പിക്കേണ്ടതാണ്. ഭംഗി വാക്കുകളിൽ കുമ്പസാരിക്കുന്നതു പ്രയാസരഹിതവും മോടിപര വും ആയിരിക്കാമെങ്കിലും വ്യക്തമായ പ്രസ്താവനയത്രെ സത്യ മുള്ളതും പ്രയോജനപ്രദവും.

അതിനാൽ എന്തു തെററു ചെയ്തുവോ അതുമാത്രം ചുരു ക്കിയും വ്യക്തമായും പറയണം. ഉദാഹരണമായി: 'നിയമം ലംഘിച്ചു' എന്നു പറയുന്നതിനു പകരം ഞാൻ അനുമതികൂടാ തെ സന്ദൎശനങ്ങൾ നടത്തി എന്നോ, അധികാരിയുടെ ആഗ്ര

ഹത്തിനു വിരുദ്ധമായി കത്തിടപാടുകൾ നടത്തി എന്നോ, അനാവശ്യമായി മൌനം ലംഘിച്ചു എന്നോ, അനുവാദംകൂടാതെ കത്തുകൾ സ്വീകരിച്ചു എന്നോ, സന്ധ്യാസമയം ധ്യാനം പതിവായി മുടക്കുന്നു എന്നോ, ഇതരവർഗ്ഗത്തിലുള്ള ഒരാളെ തനിച്ചു സന്ദർശിച്ചു എന്നോ പറയേണ്ടതത്രെ.

'സംസാരത്തിൽ സൂക്ഷക്കേടുണ്ടായി' എന്നു പറയുന്നതിനു പകരം, വ്യർത്ഥമായ വർത്തമാനങ്ങൾ പറഞ്ഞു സമയം നഷ്ടപ്പെടുത്തി എന്നോ, അന്യ ഒരാളെപ്പററി ദൂഷ്യമായി സംസാരിച്ചെന്നോ, അധികാരികളെ കർശനമായി വിമർശിച്ചു എന്നോ, അന്യൊരാളെ അകാരണമായും കഠിനമായും ശകാരിച്ചു എന്നോ, അന്യരുടെ മുമ്പിൽ കൊഞ്ചിക്കുഴഞ്ഞാടി സംസാരിച്ചു എന്നോ പറയുന്നതായിരിക്കും വ്യക്തതയ്ക്കു കൂടുതൽ യോജിക്കുന്നതു്.

മററു സംഗതികളെ സംബന്ധിച്ചും വ്യക്തപ്രസ്താവനകൾ എങ്ങനെ നടത്തണമെന്നു മേൽപ്പറഞ്ഞവയിൽനിന്നും ഗ്രഹിക്കാമല്ലൊ. അതിനാൽ നാണവും പേടിയുംകൂടാതെ കുമ്പസാരത്തിൽ എല്ലാം തെളിവായി പറയാൻ ശ്രമിക്കുക.

## 5. വിരക്തവ്രതം

ഫ്രാൻസിൽ പോയിച്ചിയേഴ്സിലെ മെത്രാനായിരുന്ന വി. ഹില്ലാരിയോൻ ആദ്യം വിവാഹജീവിതത്തിൽ പ്രവേശിച്ച ഒരു ദേഹമായിരുന്നു. ആ വിവാഹത്തിൽ അദ്ദേഹത്തിനു് ഒരു പുത്രിയും ഉണ്ടായിരുന്നു. വിശ്വാസത്തെപ്രതി വി. ഹില്ലാരിയോൻ രാജ്യത്തുനിന്നും ബഹിഷ്കൃതനായപ്പോൾ അദ്ദേഹം തൻെറ പുത്രിയെ ഒരു ക്രിസ്തീയ കുടുംബക്കാരെ ഭരമേല്പിച്ചുകൊണ്ടാണു് പോയതു്. അദ്ദേഹം ബഹിഷ്കൃതനായി കുറെ കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ കുലീനവും സമ്പൽസമൃദ്ധവുമായ ഒരു കുടുംബത്തിലെ യുവാവു് വിശ്രുദ്ധൻെറ ആ പുത്രിയെ വിവാഹം ചെയ്യുവാൻ ആലോചിച്ചു. പക്ഷേ പിതാവിൻെറ അനുമതിയും ആശിസ്സും ലഭിച്ചശേഷമേ വിവാഹാലോചനയോടനുകൂലിക്കൂ എന്നു് ആ യുവതി ശഠിച്ചു. ഏറെത്താമസിയാതെ അവൾതന്നെ

വിവരം എഴുത്തുമൂലം പിതാവിനെ അറിയിച്ചു. ഈ എഴുത്തിന് അവൾക്ക് ഉടനെതന്നെ പിതാവിൽനിന്നും ലഭിച്ച മറുപടി ഇങ്ങനെയായിരുന്നു: "നിന്നെ വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന വരൻ കുടുംബശ്രേഷ്ഠതയിൽ വളരെ താണ നിലയിലുള്ള ഒരാളാണ്. നിൻെറ വരനാകത്തക്ക കോമളത്വമോ ബുദ്ധിയോ സമ്പത്തോ പാകതയോ ഒന്നും അയാൾക്കില്ല. നിനക്കു ഞാൻ വേറൊരു വരനെ തേടി കണ്ടിട്ടുണ്ട്. അദ്ദേഹം ഒരു രാജപുത്രനാണ്. നമുക്ക് ഊഹിക്കുവാൻകൂടി വഹിയാത്തവണ്ണം അദ്ദേഹം അത്രയ്ക്കു കോമളനും സഹൃദയനും സമ്പന്നനും പ്രബലനുമാണ്. അടുത്തറിയുമ്പോൾ നീ അദ്ദേഹത്തെ ഹൃദയപൂർവ്വം സ്നേഹിക്കുമെന്നു എനിക്കുറപ്പുണ്ട്. അദ്ദേഹത്തെ സ്നേഹിച്ചുകൊണ്ടുള്ള ജീവിതത്തിൽ സകല സൌഭാഗ്യങ്ങളും നിനക്ക് കൈവരും. ഞാൻ മടങ്ങിവരുമ്പോൾ– അടുത്തുതന്നെ വരാമെന്നു ഞാൻ പ്രതീക്ഷിക്കുന്നു– അദ്ദേഹത്തിൻെറ ഒരു ഛായാപടം ഞാൻ കൊണ്ടുവരാം. നിന്നെ വരിക്കുവാനായി അദ്ദേഹം വരുന്നതുവരെ അതു നിനക്കു കാണുകയും ചെയ്യാം."

ഈ കത്തു കിട്ടിയതോടെ മകൾ തൻെറ മറു വിവാഹാലോചനകളെല്ലാം വലിച്ചെറിഞ്ഞു്, പിതാവിൻെറ വരവിനെ അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. വിശുദ്ധൻ ഫ്രാൻസിൽ മടങ്ങിയെത്തി പുത്രിയുമായി കണ്ടുമുട്ടിയപ്പോൾ ശുദ്ധാത്മാക്കളുടെ സ്വർഗ്ഗീയമണവാളനായ മിശിഹായുടെ ഒരു ക്രൂശിതരൂപം അവളെ കാണിച്ചുകൊടുക്കുകയാണുണ്ടായതു്. കാര്യം ശരിയായി മനസ്സിലാക്കിക്കൊണ്ടു് പിതാവിൻെറ ഈ തെരഞ്ഞെടുപ്പിൽ അവൾ അത്യന്തം കൃതാർത്ഥയായി. അവളുടെ ഹൃദയവും പക്ഷവും എല്ലാം ദിവ്യരക്ഷകനു സംപൂർണ്ണമായും സമർപ്പിക്കുവാൻ അവൾ തീരുമാനിക്കുകയും ചെയ്തു. നാളുകൾ അധികം കഴിയുന്നതിനു മുൻപായി നമ്മുടെ കന്യക രോഗിണിയായി മരണശയ്യയെ അഭയം പ്രാപിച്ചു. വിശുദ്ധൻ അവളുടെ ശയ്യാസമീപത്തു സദാ ഉണ്ടായിരുന്നു. അന്ത്യയാത്രയ്ക്കുള്ള ഒരുക്കമായി വിശുദ്ധൻതന്നെ അവൾക്ക് ദിവ്യഭോജനം നൽകി. അദ്ദേഹം അപ്പോൾ തൻെറ വത്സലപുത്രിയോടു പറഞ്ഞതായതു്: "പ്രിയ മകളേ, ഇതാ കണ്ടാലും നിൻെറ വരൻ വരുന്നു. ഞാൻ നിന്നെ വാഗ്ദാനംചെയ്തുകൊടുത്ത രാജസുതൻ ഇദ്ദേഹമാണ്. നിൻെറ ഹൃദയവും, സ്നേഹവുമെല്ലാം

സമർപ്പിച്ചതും ഈ ആളിനുതന്നെ. നിൻെറ ദിവ്യവരൻെറ സന്തോഷത്തിൽ നീ പ്രവേശിക്കുക: വിവാഹവിരുന്നിനായി ഇപ്പോൾ പോവുക. ദൈവികസ്നേഹബന്ധത്തിൽ എന്നെന്നേക്കും സന്തോഷമായിരിക്കുക!"

വി. ഹില്ലാരിയോൻെറ പുത്രി ആർക്ക് സ്വയം സമർപ്പിച്ചുവോ ആ ആളിനെത്തന്നെയാണ് വിരക്തജീവിതം നയിക്കുന്ന സന്യസ്തരും തെരിഞ്ഞെടുക്കുന്നത്. ലോകവുമായുള്ള സമസ്ത ബന്ധങ്ങളും പാടേ ഉപേക്ഷിച്ചുകൊണ്ട് അവർ മിശിഹായെ തങ്ങളുടെ വരനായി തെരിഞ്ഞെടുക്കുന്നു. നിത്യം വിരക്തരായിരുന്നുകൊള്ളാമെന്ന് അവർ പറഞ്ഞൊക്കുന്നു. ഈ വ്രതം മനസ്സാക്ഷിക്കനുസൃതമായി പാലിക്കുന്ന ഏവക്കും വി. ഹില്ലാരിയോൻെറ പുത്രിയോടൊപ്പം സമാധാനത്തോടും സന്തോഷത്തോടുംകൂടി തീർച്ചയായും മരണം പ്രാപിക്കാം.

അതിനാൽ, വിരക്തവ്രതം എന്നത് എന്താണെന്നും, അതു എത്ര മഹനീയമായ ഒരു വ്രതമാണെന്നും നമുക്ക് പരിശോധിക്കാം.

## 1. വിരക്തി എന്താകുന്നു?

വിരക്തവ്രതം അനുഷ്ഠിച്ചുകൊള്ളാമെന്നു പറഞ്ഞൊക്കുന്നവർ തങ്ങളെത്തന്നെ അതായതു് സ്വന്തം ആത്മശരീരങ്ങൾ സംപൂർണ്ണമായും ദിവ്യരക്ഷകനു ബലി അർപ്പിക്കയാണു ചെയ്യുന്നതു്. ആയുഷ്കാലം മുഴുവനും ശുദ്ധരായിരുന്നുകൊള്ളാമെന്ന ഈ സമർപ്പണം വഴിയായി ഏററു സമ്മതിക്കുകയും ചെയ്യുന്നു. ദൈവത്തെ കൂടുതൽ വിശ്വസ്തതയോടെ സേവിക്കുന്നതിനും പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുമായി ദാമ്പത്യജീവിതം ഉപേക്ഷിക്കുന്നു. മാലാഖാസ്സടുത്ത ഈ പുണ്യത്തിൻെറ വ്യാപ്തി വിസ്തൃതമായ ഒന്നുതന്നെയാണ്. സ്വന്ത പറഞ്ഞൊപ്പിനനുസരിച്ച് വിരക്തി പാലിക്കുന്നതിനു് ആത്മാവിനെയൊ ശരീരത്തെയൊ മലിനപ്പെടുത്തുന്ന ഏററം നിസ്സാരമായ കാര്യങ്ങളിൽനിന്നുപോലും ഒഴിഞ്ഞിരിക്കേണ്ടതും അവയെ പരിച്ഛേദം വെറുത്തുപേക്ഷിക്കേണ്ടതും അപരിത്യാജ്യമാണ്.

a. അശുദ്ധകൃത്യങ്ങളെപ്പററി അതായതു് വിരക്തിക്കെതിരായ പാപകൃത്യങ്ങളെപ്പററി ഇവിടെ ഒന്നുംതന്നെ പറയാൻ

ഉദ്ദേശിക്കുന്നില്ല. "സുഖഭോഗത്തിൽ മുഴുകി ജീവിക്കുന്ന ഒരു വിധവ ജീവിച്ചിരിക്കുമ്പോൾതന്നെ മരിച്ചവളാണു്" (1 തിമോ. v. 6) എന്നത്രെ വി. പൌലോസു് പറയുന്നതു്. ഹാ! എത്ര ഭയങ്കരമായ വാക്യം. ഒരു വിധവയുടെ സ്ഥിതി ഇതാണെങ്കിൽ സ്വയം ദൈവത്തിനു സംപൂൎണ്ണമായും സമൎപ്പിച്ച ഒരു സന്യാസി, അന്ത്യശ്വാസംവരെയും വിശുദ്ധ പുണ്യത്തിൽ അന്യൂനമായും അഭംഗമായും നിലനിന്നുകൊള്ളാമെന്നു് പറഞ്ഞൊപ്പു ചെയ്ത ഒരു സന്യസ്താത്മാവു്, അശുദ്ധ ചിന്തകൾക്കടിമപ്പെടുകയോ, ദൈവത്തിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ ഏററവും നിന്ദ്യവും നിഷിദ്ധവുമായ പാപങ്ങളിൽ ഉൾപ്പെടുകയോ ചെയ്യുന്നപക്ഷം വി. ശ്ലീഹാ എന്തായിരിക്കും പറയുക? ചിന്തിച്ചു നോക്കിയാലും!

ശുദ്ധതയ്ക്കെതിരായ പാപങ്ങളിൽ ജ്ഞാനസ്നാനപ്പെടാത്തവരായ അജ്ഞാനികളോ യഹൂദരോ ആരുതന്നെ ഉൾപ്പെട്ടാലും അവർ നിത്യശിക്ഷയ്ക്കു പാത്രീഭൂതരാകും. എന്തുകൊണ്ടെന്നാൽ ഇതു മനുഷ്യജാതിയ്ക്കു പൊതുവെയുള്ള ഒരു നിയമമാണു്. പ്രകൃതിതന്നെ ഈദൃശ നടപടികളെ വിലക്കുന്നു. സകല മനുഷ്യരുടെയും ഹൃദയങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ദൈവിക നിയമമാണു് ഇതു്. ഈ ദൈവനിയമം ലംഘിക്കുന്നവർ ആരുതന്നെയായിരുന്നാലും അതിന്റെ ഫലം— നിത്യശിക്ഷ— അനുഭവിച്ചേ മതിയാകൂ. ക്രിസ്ത്യാനികളാണു് ഈ നിയമം ലംഘിക്കുന്നതെങ്കിൽ അതിന്റെ ഗൌരവം ഒന്നുകൂടി വൎദ്ധിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവരുടെ ശരീരം ജ്ഞാനസ്നാനം വഴി ദൈവത്തിനു സമൎപ്പിതമാണു്. അതു പരിശുദ്ധാത്മാവിന്റെ ആലയവുമാണു്. തന്നിമിത്തം ഇക്കാൎയ്യത്തിലുള്ള അവരുടെ തെററു് കടുത്ത ദൈവദ്രോഹംതന്നെയാകുന്നു. ഇതു ഇത്രയ്ക്കു ഗുരുതരമായ ഒരു പാപമായിരിക്കുന്ന സ്ഥിതിയ്ക്കു് "ദൈവത്തിന്റെ ആലയത്തെ അശുദ്ധമാക്കുന്നവനാരോ അവനെ ദൈവം നശിപ്പിക്കും" (1 കൊറി. iii. 17) എന്നു വി. ശ്ലീഹാ പറയുന്നതിൽ എന്തിനു നാം അത്ഭുതപ്പെടുന്നു?

ദിവ്യകാരുണ്യം സ്വീകരിച്ചിട്ടുള്ള ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഇതു താരതമ്യേന ഒന്നുകൂടി ഘനമായ പാപമാകുന്നു. എന്തുകൊണ്ടെന്നാൽ, ദിവ്യകാരുണ്യസ്വീകരണം വഴി അഭേദ്യമായ വിധത്തിൽ നമ്മെ മിശിഹായോടു

നാം ബന്ധിക്കുകയാണു ചെയ്യുന്നതു്. ഒരുവിധത്തിൽ പറഞ്ഞാൽ അതുവഴി തൻെറ ശരീരം നമ്മുടെ ശരീരമായും തൻെറ രക്തം നമ്മുടെ രക്തമായും രൂപാന്തരപ്പെടുന്നു. ഈ നിലയിൽ പരിഗണിക്കുന്നപക്ഷം ദിവ്യകാരുണ്യം സ്വീകരിച്ചിട്ടുള്ള ഒരുവൻ ശുദ്ധതയ്ക്കെതിരായ ഒരു പാപം വഴി ദിവ്യരക്ഷകൻെറ ദിവ്യശരീരത്തെയും രക്തത്തെയും അശുദ്ധമാക്കുകയാണു ചെയ്യുന്നതു്. "നിങ്ങളുടെ ജഡങ്ങൾ മിശിഹായുടെ അവയവങ്ങളാണെന്നു നിങ്ങൾ അറിയുന്നില്ലേ? നാം മിശിഹായുടെ അവയവമെടുത്തു ഒരു വേശ്യയുടെ അവയവമാക്കുകയോ? ഒരുനാളും പാടില്ല" (കൊറീ. iii. 15) എന്നു വി. പൌലോസ് പറയുന്നതിനുള്ള കാരണവും ഇതുതന്നെ. ഇതിനെക്കാൾ ഭയങ്കരമായ എന്തിനെയെങ്കിലുംപററി നമുക്കു ചിന്തിക്കുവാൻ തന്നെ സാധിക്കുമൊ? എന്നാൽ സന്യാസാത്മാവേ, ശുദ്ധതയ്ക്കെതിരായി നീ ചെയ്യുന്ന പാപം, ഒരു അക്രൈസ്തവനൊ, ക്രൈസ്തവനൊ, ദിവ്യകാരുണ്യം സ്വീകരിച്ചിട്ടുള്ള ഒരു കത്തോലിക്കനോ ചെയ്യുന്ന താദൃശമായ ഒരു പാപത്തെക്കാൾ വളരെമടങ്ങു ഗുരുതരമാണു് എന്നു ധരിച്ചാലും. എന്താണു് ഈ അന്തരത്തിനുള്ള കാരണം?

ശുദ്ധതയെ ലംഘിക്കുന്ന ഒരു ക്രിസ്ത്യാനി ഒരു പാപം ചെയ്യുന്നു. ഒരു സന്യാസിയാകട്ടെ ആ ഏക കൃത്യംവഴിയായി വ്രതലംഘനം, ദൈവപ്രമാണലംഘനം എന്നിങ്ങനെ ഘനമായ രണ്ടു ലംഘനങ്ങളാണു് ഏക സമയത്തു് നടത്തുന്നതു്. ആറാം അഥവാ ഒമ്പതാം പ്രമാണവും അവർ ചെയ്തിട്ടുള്ള വ്രതപ്രതിജ്ഞയും ലംഘിക്കുന്നു. വിശ്വാസികളാകട്ടെ അവിശ്വാസികളാകട്ടെ ശുദ്ധതയെ ലംഘിച്ചാൽ അഗ്നികുണ്ഡത്തിൽ കിടന്നു നരകിക്കുമെന്നാണു് വി. യോഹന്നാൻ എഴുതിയിരിക്കുന്നതു്. ശുദ്ധതയെ ലംഘിക്കുന്ന ആത്മായരുടെ സ്ഥിതിയിതാണെങ്കിൽ സന്യാസജീവിതക്കാരെ അഭിമുഖീകരിക്കുവാനിരിക്കുന്ന ഭവിഷ്യത്തു എത്ര ഭയങ്കരതരമായിരിക്കുമെന്നു ഒന്നു ചിന്തിച്ചുനോക്കുക. ഇതു സംബന്ധിച്ചു് കൂടുതലായി ഒന്നും ഇവിടെ വിശദീകരിക്കണമെന്നുദ്ദേശിക്കുന്നില്ല. ശുദ്ധതയെ സംബന്ധിച്ചിടത്തോളം നിൻെറ മനസ്സാക്ഷി അല്പമായിട്ടെങ്കിലും നിന്നെ അലട്ടുന്നുണ്ടെങ്കിൽ ഈ ക്ഷണത്തിൽതന്നെ ഹൃദയപൂർവ്വം മന

സ്തപിച്ചു് ആത്മപിതാവിനോടു കുററം ശരിക്ക് ഏററു പറഞ്ഞു പാപത്തിനു പൊറുതിയും ദൈവാനുഗ്രഹവും ലഭിക്കുവാൻ സംഗതിയാക്കുക.

b. ഗർഹണീയമായ എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യാൽ മാത്രമേ ശുദ്ധതാലംഘനമാകൂ എന്നു തെററിദ്ധരിക്കേണ്ട. അടക്കത്തിനു വിപരീതമായ ഒരു നിരൂപണയൊ വചനമൊ മതി വിരക്തവ്രതത്തെ ലംഘിക്കുവാൻ. മററുള്ളവരെയൊ തന്നെത്തന്നെയൊ അനാശാസ്യമായി സ്പൃശിക്കുകയൊ, നോക്കുകയൊ, ചിതമററ ദ്രവ്യയാത്ഥപദങ്ങൾ ഉപയോഗിക്കുകയൊ, ആകാത്ത ആംഗ്യങ്ങൾ കാണിക്കുകയൊ ചെയ്യുന്നതു് ദൈവസന്നിധിയിൽ ഏവർക്കും കുററകരമാണു്. എന്നാൽ ഇവയിൽ ഏതെങ്കിലും ഒന്നുവഴിയായി ഒരു സന്യാസി ഒരേ സമയത്തു രണ്ടു പാപങ്ങളിലാണു് വീഴുന്നതു്. ദൈവഭക്തരായ ക്രിസ്ത്യാനികളും, വിശിഷ്യ സന്യാസജീവിതക്കാരും ഈ കാര്യത്തിൽ എക്കാലത്തും വളരെ കരുതലോടും ശ്രദ്ധയോടും കൂടിയാണു് ജീവിച്ചിട്ടുള്ളതു്. അവർ തങ്ങളുടെ ആശാപാശങ്ങളെ സദാ നിയന്ത്രിച്ചും നിഗ്രഹിച്ചും ജീവിച്ചിരുന്നു. ശുദ്ധതയെ ലഘുവായ വിധത്തിലെങ്കിലും ബാധിച്ചേക്കാമെന്നു തോന്നിയിരുന്ന സമസ്തകാര്യങ്ങളിലും വളരെ വളരെ കരുതലോടെ ആയിരുന്നു അവരുടെ ജീവിതം. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം.

അനുദിനം അടുത്തു പെരുമാറിയിരുന്ന ഒരുത്തരെയും വിശുദ്ധ ലൂയീസിനു കണ്ടു തിരിച്ചറിയുവാൻ സാധിച്ചിരുന്നില്ല. നോട്ടത്തിൽ അത്രയ്ക്കു ശ്രദ്ധാലുവായിട്ടായിരുന്നു വിശുദ്ധന്റെ ജീവിതം. സ്വന്ത മാതാവിനെപ്പോലും നേരെ നോക്കുന്നതിനു വിശുദ്ധൻ ധൈര്യപ്പെട്ടിരുന്നില്ലത്രെ. വിശുദ്ധ അർസേനിയസ് മണലാരണ്യങ്ങളിൽ താമസിച്ചുകൊണ്ടിരിക്കുകയിൽ വിശുദ്ധന്റെ പ്രാത്ഥനക്കു സ്വയം സമപ്പിക്കുന്നതിനായി കുലീനകുടുംബജയായ ഒരു സ്ത്രീ അദ്ദേഹത്തെ സമീപിച്ചു. അടുത്തു വരുന്നതു ഒരു സ്ത്രീയാണെന്നു ഗ്രഹിച്ച മാത്രയിൽ അദ്ദേഹം അവളുടെ സാമീപ്യത്തിൽനിന്നും ഓടി അകന്നുകളഞ്ഞു. "അങ്ങു എന്നെ കാണുകയോ നോക്കുകയോ ചെയ്യുകയില്ലായെങ്കിൽ പ്രാത്ഥനയിൽ സ്മരിക്കയെങ്കിലും ചെയ്യണമേ" എന്നു ആ സ്ത്രീ വിളിച്ചുപറഞ്ഞു. "ഇല്ല. നിന്റെ കാര്യമേ മറക്കു

വാൻ ഇടയാക്കണമേ എന്നു ഞാൻ ദൈവത്തോടു പ്രാർത്ഥിക്കും" എന്നായിരുന്നു ഇതിനു വിശുദ്ധൻ നൽകിയ മറുപടി.

ഭൂമി അല്ലാതെ വേറൊന്നും കാണാതിരിക്കത്തക്കവണ്ണം ഒരു സന്യാസി തൻെറ മുഖം സദാ മൂടിക്കൊണ്ടു നടന്നിരുന്നതായി പറയപ്പെടുന്നു. ഒരുത്തരോടും അദ്ദേഹം സംസാരിച്ചിരുന്നില്ല. കണ്ണുകൾ സാധാരണയായി തുറക്കുക പതിവില്ലായിരുന്നു. പരീക്ഷകൾ ഉണ്ടായി തൻെറ ആത്മാവിനു നാശത്തിനിടയാകുമെന്നുതന്നെയായിരുന്നു അദ്ദേഹത്തിൻെറ ഭയം. ഇത്ര വിചിത്രമായ ഒരു ജീവിതരീതി സ്വീകരിക്കുന്നതെന്തുകൊണ്ടാണ് എന്നു ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചതിന് അദ്ദേഹം നൽകിയ മറുപടി ഇതാണ്: "എന്നെ തനിയെ വിട്ടേക്കുക, എന്തുകൊണ്ടെന്നാൽ, ഞാൻ ഒരു മനുഷ്യൻ മാത്രമാണ്." അല്ക്കാന്ത്രായിലെ വിശുദ്ധ പത്രോസ് രോഗബാധിതനായി ആസന്നമരണനായി കിടക്കുകയിൽ രോഗശുശ്രൂഷകൻ അദ്ദേഹത്തെ സ്പർശിക്കുവാൻ ഇടയായി. ഉടനെ വിശുദ്ധൻ പറഞ്ഞതിതാണ്. "എന്നെ തൊടരുത്. എന്തുകൊണ്ടെന്നാൽ ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. തന്മൂലം ദൈവത്തെ ഞാൻ ഉപദ്രവിക്കുവാൻ ഇടയായേക്കും." ഇതാണു വിശുദ്ധന്മാർ നമുക്കു കാണിച്ചുതരുന്ന മാതൃക. ശുദ്ധത ലംഘിക്കപ്പെടുവാനിടയാകാതിരിക്കണമെങ്കിൽ ഇന്ദ്രിയങ്ങളെ നാം എത്രമാത്രം നിഗ്രഹിച്ചടക്കണമെന്നും എവിടെയായാലും ഏതുസമയത്തായാലും എത്ര ജാഗ്രതയോടെ നാം വർത്തിക്കണമെന്നും ഈ ദൃഷ്ടാന്തങ്ങൾ ഓരോന്നും നമുക്കു സുവിശദം കാണിച്ചുതരുന്നു.

C. ശരീരവും ശാരീരികേന്ദ്രിയങ്ങളും അടക്കി സൂക്ഷിച്ചതുകൊണ്ടുമാത്രം ശുദ്ധത അഭംഗമായി പാലിക്കുവാൻ സാധിക്കുന്നതല്ല. അതിനു നിർമ്മലമായ ഒരു ഹൃദയവും അവശ്യാവശ്യമാണ്. ഹൃദയത്തെയാണ് ദൈവം കൂടുതൽ കാര്യമായി കരുതുന്നതു്. ശുദ്ധതക്കെതിരായ ചിന്തകളും ആഗ്രഹങ്ങളും ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ ബാഹ്യമായി ഒരു മാലാഖായ്ക്കു തുല്യം ശുദ്ധിമാനായിരുന്നാലും ദൈവം വെറുപ്പോടുകൂടി തൻെറ ദൃഷ്ടി അവനിൽനിന്നും അകററിക്കളയും. ചിലർ പുറമെ വെള്ള പൂശിയ ശവകുടീരങ്ങൾക്കു തുല്യമാണെന്നു മിശിഹാ അരുളിച്ചെയ്യുന്നു. ശവകുടീരം കണ്ടാൽ സർവ്വത്ര മോടിതന്നെ. പക്ഷെ ഉള്ളിൽ പരിശോധിച്ചാ

ലോ? അതു നിറയെ അസ്ഥിക്കൂട്ടകളും അഴുക്കും മാത്രമായിരിക്കും. (വി. മത്താ. xxiii. 27) മുകളിൽ പറഞ്ഞ കൂട്ടർ ഈ തരക്കാരായി മാത്രം പരിഗണിക്കപ്പെടുന്നതായിരിക്കും. പൂർണ്ണ അറിവോടും സമ്മതത്തോടുംകൂടിയുള്ള ഓരോ അശുദ്ധ ചിന്തയും ഓരോ ചാവുദോഷംതന്നെയാണ്. ഓരോന്നിനെയുംപററി ഹൃദയപൂർവ്വം മനസ്സാപപ്പെട്ടു പാപസങ്കീർത്തനം നടത്തി പരിഹാരം ചെയ്യാത്തപക്ഷം അവയിൽ ഓരോന്നും നിത്യശിക്ഷ കൈവരുത്തുവാൻ പര്യാപ്തമാണ്.

അശുദ്ധാഗ്രഹങ്ങളെപ്പററിയും ഇതുപോലെതന്നെ പറയാം. ദൈവത്തിൻെറ ദൃഷ്ടിയിൽ ഇവ ഓരോന്നും മിക്കവാറും ശുദ്ധതയെ പാടേ ഹനിക്കുന്ന ഓരോ പ്രവൃത്തിക്കു തുല്യമത്രെ. ഈ കൂട്ടരെ സംബന്ധിച്ചിടത്തോളം പ്രവൃത്തിക്കു കൂടെയും ഇവരുടെ മനസ്സും സന്നദ്ധമായിരിക്കും. "ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഹൃദയത്തിൽ അവളുമായി വ്യഭിചരിച്ചുകഴിയുന്നു" (വി. മത്താ. v. 28) എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുള്ളതിൻെറ കാരണവും ഇതല്ലാതെ മറെറാന്നുമല്ല. ഈദൃശചിന്തകളോ പക്ഷങ്ങളോ പുലർത്തിക്കൊണ്ടുപോകുന്ന ഒരു സന്യാസി ഒൻപതാം പ്രമാണവും അതുപോലെതന്നെ അയാളുടെ വ്രതപ്രതിജ്ഞയും ഒരേ സമയത്തു കശ്നമായി ലംഘിക്കുന്നതിനാൽ സന്യാസജീവിതക്കാരെ സംബന്ധിച്ചിടത്തോളം പൂർണ്ണ സമ്മതത്തോടുകൂടിയ ഈവക ചിന്തകളും പക്ഷങ്ങളും ഒന്നുകൂടി ഘനമായ പാപങ്ങളാണെന്നു വിശിഷ്യ എടുത്തുപറയേണ്ടതില്ലല്ലോ.

ഇതാണ് സാക്ഷാൽ ശുദ്ധത. ഈദൃശമായ ഒരു ജീവിതത്തിലത്രെ ജീവപര്യന്തം അഭംഗമായി പാലിച്ചുകൊള്ളാമെന്നു ഒരാൾ പ്രതിജ്ഞ ചെയ്യുന്ന വിരക്തനേർച്ച അഥവാ കന്യാവ്രതം അടങ്ങിയിരിക്കുന്നതു്. നിരൂപണയാലൊ, വചനത്താലൊ, പ്രവൃത്തിയാലൊ ശുദ്ധതയെ ലംഘിച്ചാലുള്ള ഫലം ചിരംജീവിയായ ആത്മാവിൻെറ നിത്യനാശമത്രെ. ഫ്ളോറൻസ് മെത്രാപ്പോലീത്താ വിവരിച്ചിട്ടുള്ള ഒരു സംഭവം ഇവിടെ പറയാം.

സന്മാർഗ്ഗത്തിൽ വളരെ നിഷ്ഠയോടെ വളർത്തപ്പെട്ട ഒരു യുവതി ശുദ്ധതയ്ക്കെതിരായ ഒരു പരീക്ഷയിൽ അകപ്പെട്ടു ഘനമായ ഒരു പാപത്തിൽ വീണു. പാപംചെയ്തുകഴിഞ്ഞ

ക്ഷണത്തിൽ അവൾ ലജ്ജാവിവശയായി, മനസ്സാക്ഷി അവളെ അലട്ടുവാനും തുടങ്ങി. ഒരു നല്ല പാപസങ്കീർത്തനം ചെയ്യണമെന്നു തീർച്ചയാക്കി അവൾ ഒരു കുമ്പസാരക്കാരനെ സമീപിച്ചെങ്കിലും ലജ്ജാഭാരത്താൽ ആ പാപം വെളിപ്പെടുത്തുവാൻ ശക്തയായില്ല. ആ പാപം മറച്ചുവെച്ചുകൊണ്ടു പാപസങ്കീൎത്തനം നടത്തി. അതു കഴിഞ്ഞപ്പോൾ മനസ്സാക്ഷിക്കടി പതിന്മടങ്ങു വൎദ്ധിച്ചു. ഉഗ്രമായ തപസ്സും പ്രായശ്ചിത്തപ്രവൃത്തികളുംകൊണ്ടു് ഇതിനു് ഒരു പരിഹാരം വരുത്താമെന്നു് അവൾ വിചാരിച്ചു. ഒടുവിൽ ഒരു കന്യകാമഠത്തിൽ ചേർന്നു ഒരു മുഴുവൻ കുമ്പസാരം നടത്തണമെന്നു തീരുമാനിച്ചു. അവൾ അങ്ങിനെ ചെയ്യുകയും ചെയ്തു. പക്ഷേ സംഗതി തുറന്നു പറയാതെ തന്നെത്തന്നെ നീതീകരിക്കുവാൻ ശ്രമിച്ചതുകൊണ്ടു് അവളുടെ പാപം എന്താണെന്നു ആത്മീയഗുരുവിനു ഗ്രഹിക്കുവാൻ സാധിച്ചില്ല. അവളുടെ ആശ്രമജീവിതം തികച്ചും മാതൃകായോഗ്യമായ ഒന്നായിരുന്നതിനാൽ ആ ആശ്രമത്തിൻെറ ശ്രേഷ്ഠ മരിച്ചപ്പോൾ അവളെ അവിടത്തെ മഠാധിപയായി ഏവരും തെരിഞ്ഞെടുത്തു. ഈ തെരിഞ്ഞെടുപ്പുകഴിഞ്ഞു് അധികംനാൾ കഴിയുന്നതിനു മുൻപു് പുതിയ ആശ്രമാധിപ രോഗബാധിതയായി ശയ്യയെ അവലംബിച്ചു. തൻെറ പാപം ഇനിയെങ്കിലും വെളിപ്പെടുത്തണമെന്നു രോഗിണിയായ സന്യാസിനി രോഗശയ്യയിൽ കിടന്നുകൊണ്ടു് പലപ്പോഴും പ്രതിജ്ഞചെയ്തു. എങ്കിലും പാപസങ്കീൎത്തനവേളയിൽ അവളെ ബാധിച്ചിരുന്ന മിഥ്യാഭിമാനവും ലജ്ജയും നിമിത്തം തൻെറ രഹസ്യപാപം വെളിപ്പെടുത്തുന്നതിനു് അവൾക്കു് ധൈൎയ്യമോ മനസ്സോ ഉണ്ടായില്ല എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. രോഗം വൎദ്ധിച്ചുവന്നു. അന്ത്യകൂദാശകളെല്ലാം ബാഹ്യമായ നിലയിൽ വളരെ ഭക്തിയോടെ സ്വീകരിച്ചു. അങ്ങനെ ഒന്നിനു പിറകെ ഒന്നായി ദൈവദോഷം അവൾ തൻെറമേൽ വീണ്ടും വീണ്ടും വരുത്തിവെച്ചു.

അവൾ മരണാസന്നയായി. മരണവേദന അവളെ ബാധിച്ചതായി അവൾക്കു തോന്നി. തൻെറ പാപം ആ അന്ത്യനിമിഷത്തിലെങ്കിലും വെളിപ്പെടുത്തണമെന്നു അവൾ തീരുമാനിച്ചു. അഹോ! ഭയങ്കരമെ, ദൈവത്തിൻെറ ഭയങ്കര

മായ വിധി എന്നുതന്നെ പറയട്ടെ, അനുക്ഷണത്തിൽ അവൾ ബോധരഹിതയായിത്തീൎന്നു. മറച്ചുവെച്ചിരുന്ന പാപം ഏററു പറയാതെ നിർഭാഗ്യയായി അവൾ പ്രാണൻ വെടിഞ്ഞു. അവൾ നിത്യരക്ഷ പ്രാപിക്കുമെന്നു എല്ലാവരും വിശ്വസിച്ചുപോയി. മരണാനന്തരം ആശ്രമവാസികൾ അവൾക്കു വേണ്ടി പ്രാൎത്ഥനകൾ നടത്തിക്കൊണ്ടിരിക്കുകയിൽ ആ സന്യാസിനിയുടെ ആത്മാവു് ഭയങ്കരരൂപത്തിൽ അവിടെ പ്രത്യക്ഷമായി, ഇങ്ങനെ അറിയിച്ചു: "നിങ്ങളുടെ പ്രാൎത്ഥന നിറുത്തിക്കൊള്ളുക. യൌവ്വനത്തിൽ ചെയ്തുപോയ ഒരു പാപം മരണപൎയ്യന്തം വെളിപ്പെടുത്താതെ മറച്ചുവെച്ചിരുന്നതിനാൽ ഞാൻ നശിച്ചുപോയിരിക്കുന്നു." കണ്ടാലും! ലജ്ജയാലോ അഭിമാനത്താലോ ഏതെങ്കിലും ഒരു പാപം പ്രത്യേകിച്ചും അശുദ്ധപാപം മറച്ചുകൊണ്ടിരിക്കുന്നവൎക്കു നേരിടുന്ന അനുഭവം എത്ര ഭയങ്കരതരമാണെന്നു്. നിൎഭാഗ്യവശാൽ ശുദ്ധതക്കു വിരുദ്ധമായി വല്ല തെററും വന്നുപോയിട്ടുണ്ടെങ്കിൽ ശിശുസഹജമായ നിഷ്ക്കളങ്കതയോടെ അതു ഉടനെതന്നെ ഏററു പറഞ്ഞു പാപസങ്കീൎത്തനം നടത്തിക്കൊള്ളുക. നിത്യശിക്ഷയിൽനിന്നു് ഓടിയകലുന്നതിനുള്ള ഏക മാർഗ്ഗം ഇതൊന്നു മാത്രമാണു്.

## 2. വിരക്തവ്രതത്തിന്റെ മഹനീയത.

വിരക്തിയെപ്പററി സുദീൎഘമായി പ്രതിപാദിക്കാതെ വിരക്തിയുടെ മഹനീയതയെ അധികരിച്ചു ചുരുക്കം ചില കാൎയ്യങ്ങൾ മാത്രമേ ഇവിടെ പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നുള്ളു.

a. വിരക്തി അഥവാ ശുദ്ധത മറെറല്ലാ സുകൃതങ്ങളെയുംകാൾ മനോഹരമായതാണു്– ഇതു് മനുഷ്യനെ പ്രകൃതിസഹജമായ ബലഹീനതകൾക്കതീതനാക്കി, ദൈവത്തോടു ഹാർദ്ദമായി അനുബന്ധിച്ചു അവനെ മുഴുവനും മഹനീയമായ ഒരു നിലയിലേക്കു ഉയൎത്തുന്നു. വിരക്തവ്രതം അനുഷ്ഠിക്കുന്നവർ വാനരൂപികളായ മാലാഖാമാരുടെ ജീവിതത്തെ അനുകരിക്കുകയാണു ചെയ്യുന്നതു്. ചുരുക്കിപ്പറഞ്ഞാൽ, ഒരു നിത്യവിരക്തൻ മാംസത്തോടുകൂടിയ ഒരു മാലാഖായ്ക്കു സദൃശനാണു്. ഈദൃശയായ ഒരു ആത്മാവു് സദാ ദൈവസാന്നിദ്ധ്യത്തിൽ സഞ്ചരിക്കുന്നു, അരൂപിയാൽ സദാ ദൈവികസിംഹാ

സന്നസമക്ഷം നിലകൊള്ളുന്നു; തൻെറ ഹൃദയവും അതിൻെറ സവ്വപക്ഷങ്ങളും ദൈവത്തിനു സദാ ബലിയായി സമപ്പി ക്കുന്നു. അയാളുടെ സവ്വചിന്തകളും ദൈവത്തെമാത്രം അഭിമുഖീകരിച്ചിരിക്കും. അയാളിൽ ആളിക്കത്തിക്കൊണ്ടിരിക്കുന്ന ദൈവസ്നേഹാഗ്നി അയാളിൽ കുടികൊള്ളുന്ന ദുരാശകളെ അടക്കി, പരീക്ഷകളെ ദുർബ്ബലമാക്കിത്തീൎത്തുകളയും. അതിനാൽ ശുദ്ധതയിൽ ജീവിക്കുന്ന ഒരാത്മാവ് മാലാഖാരെപ്പോലെ തുല്യമായി ജീവിക്കുന്നു എന്നു സാൎത്ഥകമായും പറയാം. അത്യുന്നതനായ ദൈവം അയാളിൽ സംപ്രീതനുമായിരിക്കും. ഇതുപോലെ നമ്മെ മാലാഖാരെപ്പോലെ തുല്യരാക്കിത്തീൎക്കുന്ന മററു പുണ്യമില്ല. എന്തുകൊണ്ടെന്നാൽ, ശരീരത്തോടുകൂടിയവരാണു നാം എങ്കിലും അതില്ലാഞ്ഞാൽ എന്നതുപോലെ ജീവിക്കുവാൻ ഈ പുണ്യം നമ്മെ പ്രാപ്തരാക്കുന്നു. അശരീരികളായ മാലാഖാമാൎക്കു നിൎമ്മലരും കളങ്കരഹിതരുമായി ജീവിക്കാൻ പ്രയാസമൊന്നുമില്ല.

അതിനാൽ ഒരുവിധത്തിൽ പറഞ്ഞാൽ ശുദ്ധതയിൽ സ്ഥിതിചെയ്യുന്ന ഒരാൾ ഒരു മാലാഖായെക്കാളും ഉയൎന്ന പടിയിലാണു നില്ക്കുന്നതു്. മാലാഖാമാർ പ്രകൃത്യാ നിർമ്മലരാണു്, അവൎക്കു പരീക്ഷകൾ നേരിടുന്നില്ല, നിൎമ്മലമായ വസ്തുക്കൾ മാത്രം അവർ ദശിക്കുന്നു, അശുദ്ധചിന്തകളൊന്നും അവരിൽ പ്രവേശിക്കുന്നില്ല. ജഡത്തോടു പോരാടേണ്ട ആവശ്യമേ അവൎക്കില്ല. അതിനാൽ ശുദ്ധതയ്ക്കു ഭംഗംവരാതെ ജീവിക്കുക എന്നുള്ളതു അവരെ സംബന്ധിച്ചിടത്തോളം ക്ഷിപ്രസാദ്ധ്യമായ ഒരു കാൎയ്യമാണു്. എന്നാൽ നമുക്കു ഇങ്ങനെ ഒന്നു ജീവിക്കണമെങ്കിലോ? പുണ്യം ഒന്നുകൊണ്ടുമാത്രമേ നമുക്കിതു സാദ്ധ്യമാവുകയുള്ളു. ഇതിലേക്കു നമ്മുടേതിൽ ഉപരിയായ ഒരു ശക്തിയുടെ സഹായവും നിരന്തരമായ സൂക്ഷവും ആത്മീയശത്രുക്കൾക്കെതിരായുള്ള നിരന്തരസമരവും നമുക്കു അപരിത്യാജ്യമാണു്. നമ്മുടെ ശുദ്ധത എന്നു പറയുന്നതു പരിപാവനവും സുദൃഢവുമായ ദൈവസ്നേഹത്തിൻെറ ഫലമാണു്. മാലാഖാമാരെ സംബന്ധിച്ചു പറഞ്ഞാൽ അതു അവൎക്കു പ്രകൃതിസഹജമായ ഒരു ഗുണം മാത്രമാണു്. ഇതിൽനിന്നും മനുഷ്യൻെറ ശുദ്ധത മാലാഖാമാരുടേതിനെക്കാൾ ഉപരിയായിട്ടുള്ളതാണെന്നു് സിദ്ധിക്കുന്നു. മരണത്തിനു വിധേയവും പ്രകൃത്യാ

പാപത്തിലേക്കു ചാഞ്ഞിരിക്കുന്നതുമായ ഒരു ജഡത്തോടു കൂടിയ മനുഷ്യൻ— നിരന്തരം അരൂപിക്കു അഥവാ ആത്മാവിനു എതിരായി ഘോരസമരം നടത്തിക്കൊണ്ടിരിക്കുന്നതായ ശരീരത്തോടുകൂടിയ മനുഷ്യൻ— അശരീരിക്കു തുല്യം ജീവിക്കുന്നു എങ്കിൽ അവൻെറ ശുദ്ധത അശരീരികളുടെ ശുദ്ധതയെക്കാൾ ഉപരിയായതും താരതമ്യേന മഹനീയമായതുമാണെന്നു സ്വയം സിദ്ധിക്കുന്നുണ്ടല്ലോ.

b. കലർപ്പു കലരാത്ത ശുദ്ധത മനുഷ്യനെ ഏററം സമുന്നതമായ ഒരു നിലയിലേക്കുയർത്തുന്നു. ശുദ്ധതയിൽ സ്ഥിതിചെയ്യുന്ന ആത്മാക്കളെ തൻെറ മണവാട്ടികളായി സ്വീകരിക്കുമെന്നു മിശിഹാ വാഗ്ദാനം ചെയ്യുന്നു. പത്തു കന്യകകളുടെ ഉപമയിൽ മിശിഹാ സ്വയം അവരുടെ വരൻെറ സ്ഥാനം സ്വീകരിച്ചിരിക്കുന്നതായി നാം കാണുന്നു. (വി. മത്തായി XXV.) ഇക്കാരണത്താൽ ഒരു സന്യാസിനിയുടെ പറഞ്ഞൊപ്പു സ്വീകരിക്കുമ്പോൾ മെത്രാൻ പറയുന്നതായതു്:— "കളങ്കരഹിതയായി നിന്നെ സംരക്ഷിക്കുവാനിടയാകുന്നതിനായി നിന്നെ ഞാൻ മിശിഹായ്ക്കു വാഗ്ദാനം ചെയ്യുന്നു. തന്നെ വിശ്വസ്തതയോടെ സേവിച്ചു നിത്യകിരീടം ചൂടുവാനിടയാകുന്നതിനുവേണ്ടി തൻെറ മണവാട്ടി എന്ന നിലയിൽ വിശ്വാസത്തിൻെറ മോതിരം സ്വീകരിച്ചാലും". ഒരു വിരക്താത്മാവിനെ മിശിഹാ തൻെറ പ്രിയ മണവാട്ടിയായി സ്വീകരിക്കുവാനിടയാകുന്നതു എത്ര വലിയ ബഹുമതിയാണെന്നു ആലോചിച്ചു നോക്കുക. ഒരു രാജപുത്രൻ ഒരാട്ടിടയൻെറ പുത്രിയെ തൻെറ മണവാട്ടിയായി സ്വീകരിച്ചു രാജകുടുംബാംഗമെന്ന സമുന്നത സ്ഥാനത്തേക്കു ഉയർത്തുന്നു എങ്കിൽ ആ ആട്ടിടയപുത്രിയുടെ ബഹുമതിയും സ്ഥാനൗന്നത്യവും എത്ര കാംക്ഷണീയവും വിലമതിക്കത്തക്കതുമായിരിക്കും? അവൾക്കപ്പോൾ ഉണ്ടാകാവുന്ന സന്തോഷം എത്ര നിസ്സീമമായിരിക്കും? എന്നാൽ സന്യസ്താത്മാക്കളെ സംബന്ധിച്ചിടത്തോളം എന്താണു സംഭവിക്കുന്നതു്? കേവലം ഒരു നാടുവാഴിയല്ല നമ്മുടെ ദിവ്യരക്ഷകനായ മിശിഹാ ആണു്, സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും രാജനായ ദിവ്യരക്ഷകനാണു അവരുടെ വരൻ. ലൗകിക കിരീടമല്ല സ്വർഗ്ഗീയമായ നിത്യകിരീടമാണു അവർ ചൂടിക്കപ്പെടുന്നതു്. "കന്യാത്വമെന്ന അമൂല്യമായ ഈ നിധിക്കുവേണ്ടി നിത്യനരകശിക്ഷ

അനുഭവിക്കേണ്ടതായി വന്നാൽതന്നെയും സസന്തോഷം ഞാൻ അനുഭവിക്കും" എന്ന മോണ്ടിഫാൽക്കോയിലെ വിശുദ്ധ ക്ലാര പറയുക പതിവായിരുന്നു. സ്വർഗ്ഗീയകിരീടത്തിനാധാരമായ കന്യാത്വത്തെ അത്രയ്ക്കു ആ വിശുദ്ധ വിലമതിച്ചിരുന്നു.

വി. ആഗ്നസ്സും ഈ കന്യാത്വത്തിൻെറ വില ശരിക്കു ഗ്രഹിച്ചിരുന്നു. ഗവർണ്ണറുടെ പുത്രൻ അവൾക്കു് വരനായി നൽകപ്പെട്ടപ്പോൾ വിശുദ്ധ പറഞ്ഞതു "ഇദ്ദേഹത്തെക്കാൾ വളരെ നല്ല ഒരു വരനെ ഞാൻ കണ്ടെത്തിയിട്ടുണ്ടു" എന്നായിരുന്നു. ഈ വരൻ നമ്മുടെ ദിവ്യരക്ഷകനല്ലാതെ മററാരുമല്ല. അദ്ദേഹത്തിനാണു അവൾ തൻെറ കന്യാത്വം വാഗ്ദാനം ചെയ്തിരുന്നതു്. ഔറേലിയൻ ഒരു പുറജാതിക്കാരനാണെങ്കിലും തൻെറ ആത്മനാശത്തിനിടയാക്കാതെ അദ്ദേഹത്തിൻെറ വധുവായിരിക്കാമെന്നും ഒരു ക്രിസ്ത്യാനിയായി ജീവിക്കുവാൻ അവളെ അദ്ദേഹം അനുവദിക്കുമെന്നും ഒരു സ്ത്രീ, ഡൊമീഷ്യൻ ചക്രവർത്തിയുടെ ദായാദി ആയിരുന്ന ഡൊമിററില്ലായെ ഉപദേശിച്ചപ്പോൾ അവൾ നൽകിയ മറുപടി എന്തായിരുന്നു? "സഖീ, ഒരു കന്യകയ്ക്കു വരനായി ഒരു സാധാരണക്കാരനെയും ഒരു രാജകുമാരനെയും ചൂണ്ടിക്കാണിക്കുന്നപക്ഷം ആരെയായിരിക്കും അവൾ തെരിഞ്ഞെടുക്കുക? ഔറേലിയനെ ഞാൻ വരനായി സ്വീകരിക്കുന്നപക്ഷം ഭൂലോകസ്വർഗ്ഗങ്ങളുടെ രാജാവുമായുള്ള സഹവാസം ഞാൻ പരിത്യജിക്കേണ്ടിവരും. ഇതിനു ഞാൻ സമ്മതിക്കുന്നപക്ഷം ഞാൻ ഒരു മഹാ വിഡ്ഢിയായിരിക്കുകയില്ലേ? അതിനാൽ എന്നെ ഉപേക്ഷിച്ചുകളയുവാൻ ഔറേലിയനോടു നീ പറയുക" ഇതായിരുന്നു അവൾ നൽകിയ മറുപടി. ഈ നിഷേധത്തിൻെറ ഭവിഷ്യത്തു അതിഭയങ്കരം ആയിരുന്നു. വിശുദ്ധയെ അഗ്നിയിൽ ദഹിപ്പിച്ചുകളയുവാൻ വിധിയുണ്ടായി. മിശിഹായ്ക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന തൻെറ കന്യാത്വം അഭംഗമായി പാലിക്കുന്നതിനുവേണ്ടി വിശുദ്ധ ഈ ഘോരശിക്ഷയെ ധൈര്യമായിത്തന്നെ അഭിമുഖീകരിച്ചു. ഭയങ്കരമരണം അവൾ സന്തോഷപൂർവ്വം സഹിച്ചു. ഇതു് ഒരു ഉദാഹരണം മാത്രമാണു്. മിശിഹായുടെ മണവാട്ടിപദം കൈവെടിയാതിരിക്കുവാൻവേണ്ടി ഈ വിശുദ്ധയെ അനുകരിച്ചിട്ടുള്ളവർ ഇതുപോലെ അനേകരുണ്ടു്. ഈ ആധുനിക കാലത്തെ വി. മരിയഗൊരേത്തിതന്നെ ഒരു ദൃഷ്ടാന്തമാണല്ലോ.

C. വിരക്തപദവി വിവാഹജീവിതാവസ്ഥയെക്കാൾ വളരെ വളരെ മടങ്ങു മഹനീയമായതാണു്– എന്തുകൊണ്ടെന്നാൽ, അരൂപിയിലും ശാരീരികമായും ശുദ്ധത പാലിക്കുവാൻ വേണ്ടി വിരക്തപദവിയിലിരിക്കുന്നവർ കർത്താവിൻെറ കാൎയ്യങ്ങളെപ്പററിമാത്രം ചിന്തിക്കുന്നു. (1 കൊറീ: vii. 34) വിവാഹജീവിതം ഒരുവക അടിമത്വജീവിതമാണെന്നു പറയാം. അല്ലലുകളും അലച്ചിലുകളും പലതും അതിനെ വലയം ചെയ്യുന്നു. ഒരു കന്യകയാകട്ടെ സൎവ്വതന്ത്രസ്വതന്ത്രയാണു്. തൻെറ വരനും കർത്താവുമായ ദൈവത്തെ സ്നേഹിച്ചു് സേവിക്കണം എന്നുള്ള ഏക ചിന്തയല്ലാതെ അവൾക്കു മററു വിചാരമില്ല. അതുമാത്രം അവളുടെ സൎവ്വസ്വവും. മനുഷ്യരുടെ ദൃഷ്ടിയിൽ സംപ്രീതരും സൗന്ദൎയ്യവതികളുമായിത്തീരുന്നതിനു വിവാഹജീവിതക്കാർ സ്വയം അലങ്കരിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനുമായി ബദ്ധപ്പെടുന്നു. കന്യകമാരാകട്ടെ ദൈവപ്രസാദം ലാക്കാക്കി സ്വന്ത ആത്മാവിനെ സുകൃതങ്ങളാൽ അലങ്കരിച്ചു മോടിപിടിപ്പിക്കുവാൻ തത്രപ്പെടുന്നു. ഒരു വിവാഹം അമംഗളമായിത്തീരുകയോ അശുഭമായി പരിണമിക്കുകയോ ചെയ്യുകഴിഞ്ഞാൽ അതിലേപ്പെട്ടുന്നവർ അനുഭവിക്കേണ്ടതായി വരുന്ന ചിന്താഭാരങ്ങൾക്കും സൎവ്വോപരി ആകുലതങ്ങൾക്കും അരിഷ്ടതകൾക്കും കണക്കുണ്ടോ? ഒരു കന്യകയ്ക്കു ഇതൊന്നും അറിയേണ്ടതായി വരുന്നില്ല.

കന്യക എന്നും സമാധാനത്തിൽ ജീവിക്കുന്നു. ജീവിതക്ലേശങ്ങൾ അവൾക്കജ്ഞാതമാണു്. ഇനി വിവാഹബന്ധം അമംഗളമായിത്തീരുന്നില്ലെന്നിരിക്കട്ടെ. ഭർത്തൃമരണം, താല്ക്കാലികമായ ഭർത്തൃവിരഹം പുത്രസമ്പത്തിനെപ്പററിയുള്ള ക്ലേശങ്ങൾ എന്നിത്യാദി അനിഷ്ടാനുഭവങ്ങൾ സൎവ്വസാധാരണമല്ലയോ? ഈ നിലയിലും കന്യകമാൎക്കു ഭയത്തിനു യാതൊരവകാശവുമില്ല. അവരുടെ വരൻ ചിരംജീവിയാണു്. സ്വന്ത മരണത്തോടുകൂടി തൻെറ വരൻെറ സാമീപ്യബന്ധം ഒന്നുകൂടി അനുഭവപ്പെടുക മാത്രമേ ചെയ്യുന്നുള്ളു. ചിന്താഭാരങ്ങളൊന്നുംകൂടാതെ യാതൊരുവക ലൗകികബന്ധങ്ങളെപ്പററിയും ചിന്തിക്കാതെ ഒരു കന്യകയ്ക്കു ലോകത്തോടു അന്ത്യയാത്രപറയുവാൻ കഴിയും. തിരിഞ്ഞുനോക്കുവാൻ അവൾക്കൊന്നുമില്ല, അവളെ സംബന്ധിച്ചിടത്തോളം മരണം ദുർഭരമേ

അല്ല. ആയുഷ്കാലത്തു അവൾ തന്റെ രക്ഷകന്റെ സ്വന്തമായി ജീവിച്ചു. മരണാനന്തരം നിത്യമായി അദ്ദേഹത്തോടു ഐക്യപ്പെടുവാനിടയാകുന്ന എന്നതിൽപരമായ ഒരു ഭാഗ്യം മററെന്താണ അനുഭവപ്പെടുവാനുള്ളതു്? ദൈവത്തിനു സമ്പൂൎണ്ണമായും സമൎപ്പിക്കപ്പെട്ടിട്ടുള്ള ഒരു കന്യകയെക്കാൾ മനോഹരമായി മറെറാന്നും കാണാൻ കഴിയുന്നില്ല. നിൎമ്മലാരൂപികളായ മാലാഖാമാർ അവളെ ദൈവസിംഹാസനത്തിങ്കലേക്കു ആവഹിക്കുവാനായി സമാഗതരാകുന്നു. വി. എസ്തപ്പാനോസിനോടൊപ്പം, സ്വൎഗ്ഗം തുറക്കപ്പെട്ടിരിക്കുന്നതായും തന്റെ പ്രിയ മണവാളനായ മിശിഹാ ദൈവത്തിന്റെ വലത്തുഭാഗത്തു ആസനസ്ഥനായിരുന്നുകൊണ്ടു് മഹിമയുടെ നിത്യകിരീടം അണിയിക്കുവാൻ ഒരുങ്ങിയിരിക്കുന്നതായും അവൾക്കു ദൃശ്യമാകുന്നു. നിത്യം ശുദ്ധത പാലിച്ചുകൊണ്ടു് ദൈവത്തെ സേവിക്കുന്നവൎക്കു് സ്വൎഗ്ഗത്തിൽ മററു വിശുദ്ധരെ അപേക്ഷിച്ചു് ഉന്നതമായ സ്ഥാനമാനങ്ങളും പ്രത്യേക അവകാശങ്ങളുമാണു് അനുവദിക്കപ്പെട്ടിട്ടുള്ളതു്.

സിയോൺമലയിൽ അതായതു് സ്വൎഗ്ഗത്തിൽ കന്യകമാർ ദിവ്യചെമ്മരിയാട്ടിൻകുട്ടിയായ മിശിഹായെ അനുഗമിക്കുന്നതായും ആൎക്കും സുജ്ഞാതമല്ലാത്ത ഒരു ഗാനം ആലപിക്കുന്നതായും വി. യോഹന്നാൻശ്ലീഹാ കാണുകയുണ്ടായി. വിശുദ്ധൻ പറയുന്നു "സിയോൺമലയിൽ ദിവ്യചെമ്മരിയാട്ടിൻകുട്ടിയെയും, മററാൎക്കും ആലപിക്കുവാൻ പാടില്ലാത്ത ഒരു സംഗീതം ആലപിക്കുന്ന 144 ആയിരം കന്യകമാരെയും ഞാൻ കണ്ടു. താൻ ലോകത്തിൽ വീണ്ടെടുത്തവരിൽ ഈ 144 ആയിരങ്ങൾക്കു് മാത്രമേ ഈ സംഗീതം ആലപിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ഇവർ കളങ്കഹീനരായിരുന്നു. ചെമ്മരിയാട്ടിൻകുട്ടി സഞ്ചരിച്ചിരുന്നിടത്തെല്ലാം അതിനെ അനുഗമിച്ചിരുന്ന കന്യകമാരാണു ഇവർ" (വെളിപാടു. xiv: 3. 4.) കന്യാജീവിതത്തെ 100 മടങ്ങു ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിയോടും, വൈധവ്യാവസ്ഥയെ 60 ഇരട്ടി ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിയോടും, വിവാഹജീവിതാവസ്ഥയെ 30 ഇരട്ടി ഫലം പുറപ്പെടുവിക്കുന്ന ഗോതമ്പുമണിയോടും ആണു് വി. ജറോം ഉപമിച്ചിരിക്കുന്നതു്. വി. ക്രിസോസ്തോം പറയുന്നു: "കന്യകാവ്രതം അതീവഫലപ്രദമാണു്. ഇഹത്തിൽ സന്താന

പരമ്പര വേണ്ടാ എന്നു ആഗ്രഹിക്കുന്നവൎക്കു സ്വൎഗ്ഗത്തിൽ ഒരു വലിയ മഹത്വം പ്രതീക്ഷിക്കാവുന്നതാണ്''.

പറഞ്ഞൊത്തിരിക്കുന്ന ഇത്ര മഹനീയമായ വിരക്ത വ്രതത്തെ യഥാവിധി ആദരിക്കുക. ശുദ്ധതക്കു ഭംഗം വരുത്താതെ ആയുഷ്കാലം മുഴുവനും ദൈവത്തെ സേവിക്കുവാൻ ഇടയാകുന്ന ഈ ജീവിതാവസ്ഥയിലേക്കു വിളിക്കപ്പെട്ടതിനു ഹൃദയപൂൎവ്വം ദൈവത്തിനു നന്ദിപറയുക. നിരൂപണയാലോ വചനത്താലോ പ്രവൃത്തിയാലോ ഇതിനെ ലംഘിച്ചു പാപത്തിലുൾപ്പെടാതിരിക്കത്തക്കവണ്ണം സൂക്ഷിച്ചു ദൈവഭയത്തോടുകൂടി ജീവിച്ചുകൊള്ളുക. ആയുഷ്കാലത്തു ഈ വ്രതം അഭംഗമായി പാലിച്ചു എന്നും ഇതിനെതിരായി ഒരു പാപദോഷത്തിനുപോലും ഇടയായില്ല എന്നും അഭിമാനിക്കുവാൻ കഴിയുന്നു എങ്കിൽ മരണശയ്യയിൽ ഉണ്ടാകാവുന്ന ആശ്വാസം അതിരററതായിരിക്കും. ആ അന്ത്യവേളയിൽ ഇത്രത്തോളം സമാശ്വാസം നൽകുന്നതായി മറെറാന്നും ഇല്ല. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും" (വി. മത്തായി v. 8)

---

## 6. വിരക്തപുണ്യവും
## വിരക്തിപാലനമാൎഗ്ഗങ്ങളും

ലോകപ്രസിദ്ധമായിരുന്ന ഓർശ്ലേം ദേവാലയത്തെപ്പോലെ മനോഹരവും ബലവത്തരവുമായ ഒരു സ്ഥാപനം പ്രാചീനകാലങ്ങളിലാകട്ടെ, ഈ ആധുനികകാലത്താകട്ടെ ഉണ്ടായിട്ടില്ല. കരിങ്കല്ലുകൾകൊണ്ടു് ഇരുമ്പും ഈയവും ചേൎത്താണ് അതിൻെറ ഭിത്തികൾ പണിയപ്പെട്ടിരുന്നതു്. ദേവാലയാന്തർഭാഗം സെദാർ മരത്തിൽ ചെയ്യപ്പെട്ടിരുന്ന വിചിത്രവേലകളാലും, പൊൻപണികളാലും അലങ്കരിക്കപ്പെട്ടിരുന്നു. നാശാതീതമെന്ന് യഹൂദജനത ഒന്നടങ്കം അഭിമാനിച്ചിരുന്ന ഈ മഹാ ദേവാലയം നിലംപരിശാക്കപ്പെടുന്നതിന് ഏതാനും മണിക്കൂറുകളേ വേണ്ടിവന്നുള്ളു. ഓർശ്ലേം നഗരത്തെ ആക്രമിച്ചു കീഴടക്കിയ ടൈററസ് എന്ന റോമൻ

സേനാനി, ഈ ദേവാലയം നശിപ്പിച്ചുകളയരുതെന്നു് പ്രത്യേകം ആജ്ഞാപിച്ചിരുന്നുവെങ്കിലും ഒരു പടയാളി ഈ മഹാദേവാലയത്തിന്നു് കൊള്ളിവെച്ചുകളഞ്ഞു. ദൈവകോപത്താൽ ദേവാലയം മുഴുവനും അനുക്ഷണത്തിൽ അഗ്നിക്കിരയായി. "വെള്ളം കൊണ്ടുവരിക. അഗ്നി ശമിപ്പിക്കുക" എന്നെല്ലാം ടൈററസ് തന്നെ ആർത്തുവിളിച്ചുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. അഗ്നി നിയന്ത്രണാതീതമായിപ്പോയി, ദേവാലയം മുഴുവനും അഗ്നിക്കിരയുമായി.

ഓർശ്ലേം ദേവാലയത്തെയും അതിൻെറ നാശത്തെയും ശുദ്ധതയോടും അതിൻെറ നാശത്തോടും ഉപമിക്കാം. ശുദ്ധത എന്ന മഹാപുണ്യത്തിൻെറ മഹിമാവിനെപ്പററി ക്രിസ്ത്യാനികളിൽ പലൎക്കും ദൃഢബോധംതന്നെ ഉണ്ടു്. അതിൻെറ വേരു് അവരുടെ ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞിട്ടുമുണ്ടു്. പക്ഷേ പലപ്പോഴും ആകസ്മികമായും അവിചാരിതമായും അതു് നിൎമ്മൂലമായിപ്പോകുന്നു. സൂക്ഷ്മക്കുറവു് ഒന്നുകൊണ്ടുമാത്രം ക്ഷണനേരം വഷളായിത്തീരുന്ന നിൎമ്മലമാനസരും നല്ല ക്രമമൎയ്യാദയുള്ളവരുമായ ബാലികാബാലന്മാർ എത്ര എത്ര!

ലോകത്തിൽനിന്നുള്ള അകൽച്ചമൂലം സന്യസ്തജീവിതക്കാർ കൂടുതൽ സുരക്ഷിതരാണു്. ശുദ്ധതയ്ക്കെതിരായ പാപത്തിനുള്ള പരീക്ഷകളിലും സാഹചൎയ്യങ്ങളിലും നിന്നു് അവർ വളരെ അകന്നിരിക്കുന്നു. അനുഗ്രഹത്തിൻെറ നിധി ബലഹീനമായ പാത്രങ്ങളിലാണു് അവർ വഹിച്ചുകൊണ്ടു നടക്കുന്നതു്. ദുഷ്ടാരൂപിയുടെ ദൃഷ്ടി സദാ അവരുടെമേലുണ്ടു്. അതു് സദാ അവരെനോക്കി പാൎത്തുകൊണ്ടിരിക്കുന്നു. ഈ സാഹചൎയ്യങ്ങളിൽ ശുദ്ധതാസംരക്ഷണത്തിനുള്ള സഫലമായ ചില മാൎഗ്ഗങ്ങളെപ്പററി ഇവിടെ സൂചിപ്പിക്കുന്നതു ഒരിക്കലും അസംഗതമായി വരികയില്ലെന്നു പ്രതീക്ഷിക്കുന്നു.

## ശുദ്ധതാസംരക്ഷണത്തിനുള്ള മാൎഗ്ഗങ്ങൾ

"പരീക്ഷയിൽ ഉൾപ്പെടാതിരിപ്പാനായി നിങ്ങൾ ഉണൎന്നിരുന്നു പ്രാൎത്ഥിപ്പിൻ" (വി. മത്തായി xxvi. 41) എന്നു് നമ്മുടെ ദിവ്യരക്ഷകൻ നമ്മെ ഉപദേശിക്കുന്നു. പാപത്തിൽ

ഉൾപ്പെട്ടുകയില്ലെന്നു നമുക്കുറപ്പുണ്ടോ? ഇല്ല. ദിവ്യരക്ഷകൻെറ മേല്പറഞ്ഞ ഉപദേശം സാമാന്യമായി എല്ലാ പരീക്ഷകളെയും ബാധിക്കുന്നതാണെങ്കിലും ശുദ്ധതയ്ക്കെതിരായ പരീക്ഷകളെ പ്രത്യേകിച്ചും ബാധിക്കുന്ന ഒന്നാണു്. ശുദ്ധതയെ സംരക്ഷിക്കുന്നതിനു് പ്രധാനമായും അവലംബിക്കേണ്ട മാൎഗ്ഗങ്ങൾ: പ്രത്യേകസൂക്ഷം— പ്രാൎത്ഥന— ധ്യാനം— കൂദാശാസ്വീകരണം എന്നിവയാണു്.

1. സൂക്ഷം അഥവാ മുൻകരുതൽ.

a. നമ്മുടെ സകല ചിന്തകളിലേയ്ക്കും ഹൃദയപക്ഷങ്ങളിലേയ്ക്കും നമ്മുടെ സൂക്ഷം വ്യാപിക്കണം—ആശാപാശങ്ങളെ എല്ലാം സൂക്ഷിക്കണം. പാപത്തിനുള്ള സകല സാഹചൎയ്യങ്ങളെയും ദൂരതഃ പരിവൎജ്ജിക്കണം; മലിനചിന്തകളെ പാടെ വെടിയണം. നിസ്സാരകാൎയ്യങ്ങളിൽപോലും കാൎയ്യമായ സൂക്ഷമുണ്ടായിരിക്കണം. ഇതിൽ വല്ല അനാസ്ഥയോ, അമാന്തമോ ഉണ്ടായാൽ ദുശ്ചിന്തകൾക്കു വിധേയരായി ദൈവാനുഗ്രഹം നഷ്ടപ്പെടുത്തും. ഈ വിഷയത്തിൽ പിശാചു് ഭവനഭേദനത്തിനൊരുങ്ങിയിരിക്കുന്ന ഒരു തസ്കരനെപ്പോലെ കരുതലോടെയാണു് വൎത്തിക്കുന്നതു്. വാതായനങ്ങൾ ബന്ധിക്കപ്പെട്ടും ജനാലകൾമാത്രം തുറന്നും കിടക്കുന്നതായി കാണപ്പെട്ടാൽ കള്ളൻ ഒരു കൊച്ചുകുട്ടിയെ ജനാലയിൽക്കൂടി അകത്തു കടത്തിവിട്ടു് കതകുകൾ തുറപ്പിച്ചശേഷം അകത്തു കടക്കുമല്ലൊ. ഇതുപോലെ തന്നെ നിസ്സാരതരങ്ങളെങ്കിലും തണ്യചിന്തകൾ, ആത്മശോധനയിൽ അനാസ്ഥ, ആശാപാശങ്ങളുടെ സ്വാതന്ത്ര്യതൃഷ്ണ എന്നിങ്ങനെ ശതക്കണക്കിനുള്ള പരീക്ഷകൾമൂലം ഹൃദയവാതായനങ്ങൾ തുറപ്പിച്ചു് പ്രവൃത്തിരൂപേണ വലിയ പാപങ്ങൾക്കു വഴിതെളിക്കും. അങ്ങനെ ആത്മാക്കളെ നാശകൂപത്തിലേയ്ക്കു വലിച്ചിഴയ്ക്കും. അതിനാൽ നാം എപ്പോഴും പ്രത്യേക കരുതലോടെ വൎത്തിക്കേണ്ടതാണു്.

മാലിന്യം കലൎന്ന നിസ്സാര ചിന്തകളെത്തന്നെയും തള്ളി അകററിക്കളയണം. പാപത്തിൽനിന്നും ഒഴിഞ്ഞിരിക്കണമെന്നുണ്ടെങ്കിൽ പരീക്ഷകളെ കേവലം അനാസ്ഥയോടെ തള്ളിക്കളഞ്ഞാൽപോരാ. ദൃഢപ്രതിജ്ഞയോടുകൂടി അവയെ ആട്ടിപ്പായിക്കണം. അശുദ്ധചിന്തകളെ തള്ളിക്കളയുന്നതിലുള്ള

അശ്രദ്ധ ഒരു പാപദോഷമെങ്കിലും ആയിത്തീരും. ഈ അനുസ്മരണകൾ അചിരേണ നമ്മെ ശുദ്ധതയ്ക്കെതിരായ നടപടികളിലേയ്ക്കും തദ്വാരാ പാപദോഷങ്ങളിലേയ്ക്കും ആനയിക്കുന്നു. ദുഷ്ടചിന്തകളുടെ ലാഞ്ഛനകൾ മനസ്സിൽ അങ്കുരിച്ചുകഴിയുന്ന ക്ഷണത്തിൽ അവയെ നുള്ളിക്കളയുക, പാടേ പരിത്യജിച്ചുകളയുക. സ്ഥിരമായ പ്രതിജ്ഞയോടെ നിൽക്കുന്നുവെങ്കിൽ അവ നമ്മെ അലട്ടിക്കൊണ്ടിരുന്നാലും നാം വഴിപ്പെട്ടു വഷളാകാനിടയില്ലെന്ന് ഉറപ്പു പറയാം. പൂർണ്ണമായി തള്ളിക്കളയാത്ത ഒരു അശുദ്ധചിന്ത ക്രമേണ നമ്മിൽ സന്തോഷവും, സംതൃപ്തിയും ജനിപ്പിക്കും. ഈ സന്തോഷം സമ്മതത്തിൽ കലാശിക്കും.

സമ്മതമുണ്ടായാൽ അടുത്തപടി പ്രവൃത്തിയായിരിക്കും. തുടർച്ചയായ പ്രവൃത്തി തഴക്കത്തിൽ ചെന്നവസാനിക്കും. തഴക്കം ഒരുതരത്തിൽ അപരിത്യാജ്യമെന്നു തോന്നുന്ന ഒരാവശ്യമായും തീരും. ഇങ്ങനെ അവസാനം ആത്മാവു് പാപത്തിൽ തഴമ്പിച്ചു് അതിൽനിന്നു് വിട്ടുമാറുവാൻ വഹിയാതെയായി കടുത്ത നിരാശയിൽ നിപതിക്കും. വയ്ക്കോലിലോ അതുപോലെ ക്ഷണത്തിൽ അഗ്നിക്കിരയാകുന്ന മറേറതെങ്കിലും സാമാനങ്ങളിലോ ചെന്നു വീഴാനിടയാകുന്ന ഒരു തീപ്പൊരിയോടു് അശുദ്ധചിന്തകളെ സാർത്ഥകമായും ഉപമിക്കാം. വീഴുന്ന ക്ഷണത്തിൽ തീ കെടുത്തിക്കളഞ്ഞാൽ നാശമൊന്നും നേരിടുകയില്ല. താമസിച്ചാലുള്ള അനുഭവം സർവ്വവിദിതവുമാണല്ലോ. "ആദ്യംതന്നെ എതിർക്കുക; പിന്നീടുള്ള പ്രതിവിധികൾ വളരെ താമസിച്ചുപോകും" എന്നാണു് തോമസ് ആകെമ്പീസ് ഉപദേശിക്കുന്നതു്. അശുദ്ധചിന്തകൾ എന്തുതന്നെയായിരുന്നാലും അവയുണ്ടാകുന്ന ക്ഷണത്തിൽ തള്ളിക്കളയുക. എന്നാൽ പാപത്തിൽ ഉൾപ്പെടാതെയിരിക്കാം.

b. ഈ സൂക്ഷ്മം ബാഹ്യേന്ദ്രിയങ്ങളിലേയ്ക്കും വ്യാപിക്കണം— വാതായനങ്ങൾ പ്രത്യേകിച്ചും നിശാവേളകളിൽ തുറന്നിട്ടിരിക്കുന്നതു് വലിയ ആപത്തുകൾക്കു് കാരണമാണല്ലോ. ദുഷ്ടന്മാർ അകത്തുകടന്നു് വലിയ കൊള്ളകൾ നടത്തുന്നതിനിടയാകും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെന്ന വാതായനങ്ങൾ സർവ്വതന്ത്രസ്വതന്ത്രങ്ങളായി തുറന്നിട്ടിരുന്നാലുള്ള സ്ഥിതിയും ഇതുതന്നെയായിരിക്കും. അതേ, നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ

യഥാവിധി സൂക്ഷിക്കാതിരുന്നാൽ നമ്മുടെ ആത്മരക്ഷയുടെ ശത്രുക്കൾ ഹൃദയാന്തർഭാഗത്തു കടന്നു് അനുഗ്രഹത്തിൻെറ നിധി അപഹരിച്ചുകളയും. നയനങ്ങളെ സംബന്ധിച്ചിടത്തോളം ഇതു് പ്രത്യേകിച്ചും അനുപത്ഥമാണു്. നയനങ്ങൾ ഹൃദയാന്തർഭാഗത്തേയ്ക്കുള്ള വാതയനങ്ങളത്രെ. അവയിൽക്കൂടിയത്രെ അശുദ്ധമായവ അകത്തേയ്ക്കു കടക്കുന്നതു്. നയനങ്ങളെ യഥാവിധി സൂക്ഷിക്കുന്നവൻെറ ഉള്ളു മാത്രമേ സുരക്ഷിതമായും ആപത്തിൽനിന്നു് വിമുക്തമായും ഇരിക്കുകയുള്ളു.

ഒരേ ഒരു നോട്ടംവഴി ദാവീദ് വ്യഭിചാരത്തിലും കൊലപാതകക്കുററത്തിലും ഉൾപ്പെട്ടുപോയി. "മരണം എൻെറ ജാലകങ്ങളിൽക്കൂടി അകത്തുകടന്നു" എന്നാണു് ഏറമ്യാ ദീഘദശി പ്രസ്താവിക്കുന്നതു് (ഏറമ്യാ ix. 21). "എൻെറ ആത്മാവു് എൻെറ കണ്ണുകൾക്കു് ഇരയായിത്തീന്നു" (സാമ: iii: 51). യാതൊന്നിനെ ആഗ്രഹിച്ചുകൂടാ എന്നു നിരോധിച്ചിരിക്കുന്നുവോ അതിനെ നാം നോക്കിക്കൂടാ. അങ്ങനെ ചെയ്യുന്നുവെങ്കിൽ ആ ഒരു ജിജ്ഞാസനിമിത്തം ശിക്ഷിക്കപ്പെട്ടുവാനിടയുണ്ടെന്നു് ശങ്കിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങനെയുള്ളവയെ നോക്കിയാൽ അവ നമ്മുടെ ഹൃദയത്തെ പാട്ടിലാക്കും. ഒടുവിൽ നാം അറിയാതെതന്നെ, പാപത്തിൽ ഉൾപ്പെട്ടു കഴിഞ്ഞതായി കാണ്മാൻ സംഗതിയാകും. അഹോ, ഭയങ്കരമേ! കണ്ണുകളുടെ ജിജ്ഞാസ ഒന്നുകൊണ്ടുമാത്രം അശുദ്ധതയിൽ പെട്ടു് നിത്യശിക്ഷയനുഭവിക്കുന്നവർ എത്ര എത്ര!!! ഈ സ്ഥിതിക്കു് ചില വിശുദ്ധന്മാർ അവരുടെ നയനങ്ങളെ വളരെ കരുതലോടെ സൂക്ഷിക്കുകയും സദാ ഭൂമിയിൽതന്നെ ദൃഷ്ടി പതിച്ചുകൊണ്ടിരിക്കുകയും വിനാശകരമല്ലാത്തവയെപ്പോലും നോക്കാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അതിൽ അശേഷവും ആശ്ചയ്യപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, കണ്ണുകളും നോട്ടവും വരുത്തിക്കൂട്ടുന്ന നാശം അത്രയ്ക്കു വലുതാണു്.

വി. ഹ്യൂഗോയെപ്പററി സൂരിയസ് പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ പ്രസ്താവ്യമാണു്. ഗ്രെനോബിളിലെ മെത്രാനായിരുന്ന വി. ഹ്യൂഗോ അൻപതു വത്സരം മുടങ്ങാതെ പലതരക്കാരുടെയും പാപസങ്കീത്തനങ്ങൾ ശ്രവിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ വിശുദ്ധിയെപ്പററി കേട്ടിരുന്നതുകൊണ്ടു് പലരും

ഹ്യൂഗോയുടെ പക്കൽ പാപസങ്കീർത്തനം നടത്തുവാൻ തത്രപ്പെട്ടിരുന്നു. ഇത്രയേറെ ജനങ്ങൾ അവരുടെ ആത്മസ്ഥിതി ഇദ്ദേഹത്തോട്ട് വെളിപ്പെടുത്തിയിട്ടും ആൾ തിരിച്ചറിയത്തക്കവിധം ഒരു സ്ത്രീയെപ്പോലും വിശുദ്ധൻ നോക്കിയിട്ടില്ല. ഒരു സ്ത്രീയെ മാത്രം ഒന്നു നോക്കുവാൻ ഇടയായി. എങ്കിലും അവൾ വൃദ്ധയാണോ, യുവതിയാണോ, രൂപവതിയോ, വിരൂപയോ എന്നൊന്നും അദ്ദേഹത്തിന്ന് അറിയുവാൻ ഇടയായില്ല. ഈ കാര്യത്തിൽ നാം വളരെ സൂക്ഷിക്കണമെന്നും കണ്ണുകൾക്ക് ഒരിക്കൽ സ്വാതന്ത്ര്യം അനുവദിച്ചുപോയാൽ പാപകരമായ ചിന്തകളെ പരിച്ഛേദം നിഷേധിക്കുവാൻ പ്രയാസമായിത്തീരുമെന്നും ഈ വിശുദ്ധൻ നമ്മെ ഉപദേശിക്കുന്നു. ഇത്ര കർശനമായ ഒരു സൂക്ഷം അത്ര അപരിത്യാജ്യമല്ലെന്നിരുന്നാലും കണ്ണുകളെ കാര്യമായി സൂക്ഷിക്കുകയും ആപൽകാരണമായി ഭവിച്ചേക്കാവുന്ന വ്യക്തികളോ, മറ്റേതെങ്കിലുമോ ദൃഷ്ടിക്ക് വിഷയീഭവിക്കുമ്പോൾ ദൃഷ്ടികളെ മാററിക്കളയുകയും ചെയ്യേണ്ടതു് അപരിത്യാജ്യമാണ് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. വല്ല സംഗതിവശാലും നിഷിദ്ധമായ വല്ലതും ദൃഷ്ടിയിൽ പെടുവാൻ ഇടയായാൽ തൽക്ഷണംതന്നെ ദൃഷ്ടികളെ അതിൽനിന്നും മാററിക്കൊണ്ട് "കർത്താവേ, മായകളെ എൻെറ കണ്ണുകൾ ദർശിക്കുവാൻ ഇടയാകാതിരിക്കുന്നതിന്ന് അവയെ നീ മാററിക്കളയണമേ" (സങ്കീ: 118. 37) എന്നു ദാവീദിനോട്ടുകൂടി ദൈവത്തോട്ട പ്രാർത്ഥിക്കുക.

C. അവസാനമായി, ബാഹ്യലോകത്തിലേയ്ക്കും ഈ സൂക്ഷം വ്യാപിക്കേണ്ടതാകുന്നു— സന്യാസികൾ ലോകത്തിൽനിന്നും അകന്ന ഒരു ജീവിതമാണു നയിക്കുന്നതു് എന്നുള്ളതു് വാസ്തവംതന്നെ. എങ്കിലും ലോകത്തിലുള്ളവരുമായി പലപ്പോഴും അവർ ഇടപെടേണ്ടതായിവരും. അപ്പോൾ തങ്ങളുടെ വിരക്തിക്ക് ഭംഗംവരാതെ പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്. ഏതന്നിമിത്തം പുറത്തുള്ളവരോടുള്ള സംഭാഷണം കഴിയുന്നത്ര ചുരുക്കുക. അവരുമായി ഇടപെടേണ്ട സന്ദർഭങ്ങൾ നേരിട്ടാൽ നമ്മുടെ സന്യാസനില പാലിക്കുവാൻ നാം വളരെ സൂക്ഷിക്കേണ്ടതുണ്ട്. ഇതരവർഗ്ഗത്തിൽപെട്ടവരോട്ട് ഇടപെടേണ്ടിവന്നാൽ അവിഹിതമായ പെരുമാററത്തിൻെറ ലാഞ്ഛനപോലും ഉണ്ടാകാതിരിക്കുന്നതിന്ന് എത്രതന്നെ ശ്രദ്ധിച്ചാലും അതു്

അധികമായിപ്പോയി എന്നുവരുന്നതല്ല. ഓരോ സംഭാഷണത്തിൽ ഏൎപ്പെടേണ്ടിവരുമ്പോൾ, ആരുതന്നെയായാലും അടക്കഒതുക്കത്തിനു് അല്പമായിട്ടെങ്കിലും ചേരാത്തവിധത്തിൽ അനുവൎത്തിച്ചു കാണുവാൻ സംഗതിയായാൽ തൽക്ഷണം അതിൽ അതൃപ്തി പ്രകടമായി പ്രകടിപ്പിക്കുക. മാത്രമല്ല, ആ രംഗത്തിനു് ഉടനെ വിരാമമിടുക. സാദ്ധ്യമല്ലെന്നു കണ്ടാൽ കഴിയുംവേഗം അതവസാനിപ്പിച്ചു പിൻവാങ്ങുവാൻ അതീവ ശ്രദ്ധാലുക്കളായിരിക്കുക. ലൗകികരുമായി ഇടപെടേണ്ടിവരുമ്പോൾ ഉപചാരപൂൎവ്വവും സൗഹാർദ്ദത്തോടുകൂടിയുംവേണം വൎത്തിക്കേവാൻ. പക്ഷേ ഒരിക്കലും മമതയോടുകൂടിയായിരിക്കരുതു്. ആവശ്യത്തിൽ കവിഞ്ഞു് സംഭാഷണം ദീർഘിപ്പിക്കരുതു്. ദൈവസാന്നിദ്ധ്യത്തിലാണു് തൻെറ നില എന്നും ആപത്തുകളിൽനിന്നും പൂൎണ്ണമായി അകന്നിരിക്കേണ്ടതു തൻെറ കൎത്തവ്യമാണെന്നും ശുദ്ധതയ്ക്കെന്നല്ല ഒരു പുണ്യത്തിനും ഭംഗം നേരിടാതെ കാത്തുസൂക്ഷിക്കേണ്ടതാവശ്യമാണെന്നും ഉള്ള വസ്തുത ഒരിക്കലും വിസ്മരിച്ചുകളയരുതു്.

## 2. പ്രാൎത്ഥന.

അനുദിനവും, വിശിഷ്യ പരീക്ഷകൾ നേരിടുമ്പോൾ, നാം നമ്മെത്തന്നെ പ്രാൎത്ഥനവഴി ദൈവത്തിനും തൻെറ ദിവ്യജനനിക്കും സമൎപ്പിക്കണം.

a. മനുഷ്യരായ നാം പ്രകൃത്യാബലഹീനരാണു്. എത്രതന്നെ മനസ്സുണ്ടായാലും നമ്മുടെ സ്വന്ത ശക്തികൊണ്ടു് പരീക്ഷകളെ കീഴടക്കി ജയിക്കുവാൻ സാധിക്കുകയില്ല. ശുദ്ധതയ്ക്കെതിരായ പരീക്ഷകളെ സംബന്ധിച്ചിടത്തോളം ദൈവസഹായം കൂടാതെ അവയെ ജയിക്കുക ഒരുനാളും സാദ്ധ്യമല്ല. ഈ ദൈവസഹായമാകട്ടെ പ്രാർത്ഥനകൊണ്ടു ലഭിക്കുന്നതും ലഭിക്കേണ്ടതുമാണു്. ദിവ്യരക്ഷകൻതന്നെ ഈ വസ്തുത വിശദമാക്കുന്നുണ്ടു്. അവിടുന്നു അരുളിച്ചെയ്യുന്നതായതു്: "ചോദിക്കുവിൻ നിങ്ങൾക്കു തരപ്പെടും". (വി. ലൂക്കാ xi. 9) പരീക്ഷാഘട്ടങ്ങളിൽ നിങ്ങൾ ദൈവത്തിൻപക്കലേക്കു തിരിഞ്ഞു് മനഃശരണത്തോടുകൂടി തൻെറ അനുഗ്രഹത്തിനായി പ്രാൎത്ഥിക്കുന്നു എങ്കിൽ തീർച്ചയായും അതു ലഭിക്കാതിരിക്കുന്നതല്ല. വി. ശ്ലീഹാ പറയുന്നതായതു്: "ദൈവം വിശ്വസ്തനാണു്. നിങ്ങളുടെ

ശക്തിയിൽ കവിഞ്ഞു് നിങ്ങൾ പരീക്ഷിക്കപ്പെടുവാൻ താൻ ഒരിക്കലും അനുവദിക്കുന്നതല്ല. നിങ്ങൾക്കു യാത്രയാകുന്ന പരീക്ഷകൾ സഹിക്കുന്നതിനുള്ള ശക്തിയും അവിടുന്നു നൽകും. (I കൊറി. x. 13)

അതിനാൽ ശുദ്ധതയ്ക്കെതിരായ പരീക്ഷകൾ നേരിട്ടിരുന്നപ്പോഴെല്ലാം അവയെ എതിർത്തു ജയിക്കത്തക്ക ദൈവസഹായം ലഭിക്കുവാനായി വിശുദ്ധന്മാരെല്ലാം ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. ബോധജ്ഞാനത്തിൻെറ പുസ്തകത്തിൽ ശ്ലേമ്മോൻ ഇങ്ങനെ പ്രസ്താവിക്കുന്നു. "ദൈവം നൽകാതെ ശുദ്ധനായിരിക്കാൻ സാദ്ധ്യമല്ലെന്നറിഞ്ഞതിനാൽ ഞാൻ കർത്താവിനെ സമീപിച്ചു അതിനായി അഭ്യർത്ഥിച്ചു" (ബോധ. viii. 21). പരീക്ഷാഘട്ടങ്ങളിലെല്ലാം ദൈവസഹായം അഭ്യർത്ഥിക്കുവാൻ ഈജിപ്ഷ്യൻ മണലാരണ്യത്തിലെ സന്യാസികൾ ഏകയോഗക്ഷേമമായി തീരുമാനിച്ചതായി നാം അറിയുന്നു. "ഓ! ദൈവമെ എൻെറ സഹായത്തിനു വരുക! കർത്താവേ എന്നെ സഹായിക്കുവാനായി നീ വേഗം വരണമേ" (സങ്കീ. 69. 1) എന്നിങ്ങനെ സങ്കീർത്തനക്കാരനോടൊപ്പം പ്രാർത്ഥിക്കുവാൻ അവർ ശീർച്ചയാക്കി. നമുക്കും ഇതുതന്നെ മാതൃകയായിരിക്കട്ടെ. ശുദ്ധത ലഭിക്കുന്നതിനായി അനുദിനവും ദൈവസഹായം അഭ്യർത്ഥിക്കുക. ആത്മരക്ഷയുടെ ശത്രുക്കളുമായുള്ള പോരാട്ടത്തിൽ വിജയം കൈവരുന്നതിനായി ഓരോ പരീക്ഷയും നേരിടുമ്പോൾ തീക്ഷ്ണതാപൂർവ്വം ദൈവത്തോടു പ്രാർത്ഥിക്കുക.

b. ശുദ്ധത പാലിക്കുന്നതിനു പ. ക. മറിയത്തോടുള്ള ഭക്തിയും സഫലമായ മറെറാരു മാർഗ്ഗമാണു്– വി. യോഹന്നാൻമാംദാനായിൽ കന്യകോചിതമായ ശുദ്ധതയാണു് കുടികൊണ്ടിരുന്നതു്. പ. കന്യകമറിയം തൻെറ സംബന്ധിയായ ഏലീശ്വായെ സന്ദർശിച്ചു മൂന്നുമാസക്കാലം അവളുമൊരുമിച്ചു താമസിച്ചപ്പോൾ ദൈവജനനിമൂലം ലഭിച്ച ശുദ്ധതയാണിതെന്നു അദ്ധ്യാത്മിക എഴുത്തുകാരായ പലരും രേഖപ്പെടുത്തിയിരിക്കുന്നു. ശുദ്ധതയ്ക്കെതിരായ പരീക്ഷകളാൽ വലഞ്ഞിരുന്ന പലരും പരി. ദൈവജനനിയുടെ അമലോത്ഭവത്തെയും കന്യാത്വത്തിനന്തരംവരാതെ ഗർഭവതിയായി ദൈവപുത്രനെ പ്രസവിച്ചതിനെയും അനുസ്മരിച്ചു പ്രാർത്ഥിച്ചതിൻെറ ഫലമായി

അത്ഭുതകരമായ സഹായം ലഭിച്ചതായി താൻ തന്നെ കണ്ടിട്ടുണ്ടെന്നു അൽക്കാന്ത്രായിലെ വി. പത്രോസ് പ്രസ്താവിക്കുന്നു. അതിനാൽ പരി. ദൈവജനനി നമ്മെയും അവളുടെ സംരക്ഷണയിൽ എടുത്തു ശുദ്ധത എന്ന പുണ്യം അഭംഗമായി പാലിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങളും സഹായങ്ങളും നമുക്കു പ്രാപിച്ചുതരുന്നതിനുവേണ്ടി അനുദിനം ആ അമ്മയുടെ മാദ്ധ്യസ്ഥം തേടാം. ഇതിലേക്കായി രാവിലെയും വൈകിട്ടും മുമ്മൂന്നു 'നന്മനിറഞ്ഞ മറിയമെ' എന്ന ജപം അമലോത്ഭവമാതാവിൻെറ സ്തുതിക്കായി ജപിക്കുന്നതും വളരെ പ്രയോജനകരമാണ്.

### 3. ധ്യാനം.

a. ധ്യാനമാണ് ശുദ്ധത അഭംഗമായി പാലിക്കുന്നതിനുള്ള വേറൊരുത്തമമാർഗ്ഗം, പ്രത്യേകിച്ചും മിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയുംപററിയുള്ളതു്— ഏതത്സംബന്ധം വേദപാരംഗതനായ വിശുദ്ധ ആഗസ്തീനോസ് പറയുന്നതു ശ്രദ്ധിച്ചാലും: "ദുരാശാപാശങ്ങളാകുന്ന അഗ്നിയെ കെടുത്തുന്നതിനു എൻെറ ദിവ്യരക്ഷകൻെറ പീഡാനുഭവത്തെപ്പററി ധ്യാനിക്കുന്നതിനോളം ഫലവത്തും ശക്തിയേറിയതുമായ ഒരു പ്രതിവിധി വേറെ ഒന്നും ഞാൻ കാണുന്നില്ല. എൻെറ സകല വിഷമതകൾക്കും മിശിഹായുടെ തിരുമുറിവുകളോളം ഫലവത്തായ പ്രതിവിധി ഒന്നും ഇല്ലെന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു. അവയിൽ ഞാൻ സുരക്ഷിതനായി ആശ്വസിക്കുന്നു, അവയിൽനിന്നും ഞാൻ പുതിയ ജീവൻ പ്രാപിക്കുന്നു". വി. ബർനാർദ്ദും ഇതേ പ്രതിവിധിതന്നെയാണ് നിർദ്ദേശിക്കുന്നതു്. വിശുദ്ധൻ പറയുന്നു: "ശുദ്ധതക്കെതിരായ വല്ല പരീക്ഷയും നേരിടുന്നതായി തോന്നിയാൽ ഉടനെ ദിവ്യരക്ഷകൻെറ പീഡകളെ അനുസ്മരിച്ചുകൊണ്ടു് ഇങ്ങനെ പറയുക: എൻെറ ദൈവം ആണിയാൽ കുരിശിന്മേൽ തറക്കപ്പെട്ടിരിക്കുന്നു. അപ്പോൾ ഞാൻ ഈ പാപകരമായ ചിന്തകൾക്കും അഭിലാഷങ്ങൾക്കും സമ്മതിക്കുകയോ? എൻെറ ദൈവം അവർണ്ണനീയമായ പീഡകൾ സഹിക്കുന്നു. അപ്പോൾ ഞാൻ ഇന്ദ്രിയങ്ങളുടെ ദുരാശകൾക്കു വഴിപ്പെടുകയോ?" അതേ ശരിതന്നെ. നമ്മുടെ ദിവ്യരക്ഷകൻ കുരിശിന്മേൽ നമുക്കുവേണ്ടി

സഹിച്ച കഠോരമരണത്തെപ്പററി സ്മരിക്കുന്ന ഒരു ക്രിസ്ത്യാനിക്കു എങ്ങനെയാണ് ഇന്ദ്രിയസുഖങ്ങൾക്കു സമ്മതിക്കുവാൻ സാധിക്കുക? പരീക്ഷകൾ നേരിടുമ്പോൾ വിശുദ്ധന്മാർ നമുക്കുപദേശിച്ചുതന്നിട്ടുള്ളതനുസരിച്ച് ക്രൂശിതനായ ദിവ്യരക്ഷകൻെറ സ്വരൂപത്തിന്മേൽ ദൃഷ്ടികൾ പതിക്കുക. ഇത്രയും ചെയ്താൽ അശുദ്ധമായ ഏതു പരീക്ഷയെയും നിഷ്പ്രയാസം കീഴടക്കി ജയിച്ച് ശുദ്ധതയെ അന്യൂനമായി പാലിക്കുവാൻ സാധിക്കുകതന്നെ ചെയ്യും.

b. മനുഷ്യൻെറ അന്ത്യങ്ങളെപ്പററിയുള്ള ധ്യാനവും അത്യന്തം പ്രയോജനകരമാണ്– മരണം, വിധി, നരകം, മോക്ഷം ഇവയാണല്ലൊ നമ്മുടെ അന്ത്യങ്ങൾ. "നിൻെറ സകല പ്രവൃത്തികളിലും നിൻെറ അന്ത്യങ്ങളെ നീ ഓർക്കുക. എന്നാൽ നീ പാപം ചെയ്യുകയില്ല" (എക്ലസി. vii. 40) എന്നു ജ്ഞാനിയായ സ്ലേമോൻ നമ്മെ ഉപദേശിക്കുന്നു. ഏതു നിമിഷത്തിലും മരണം നമ്മെ പിടികൂടിയേക്കാം. എന്നാൽ ഏതുവിധത്തിലുള്ള മരണമായിരിക്കും അതെന്നുമാത്രം നിശ്ചയമില്ല. പാപമാലിന്യത്തിൽ മുഴുകിയിരിക്കുമ്പോഴാണ് ദൈവന്യായാസനത്തിങ്കലേക്കു നമ്മെ വിളിക്കുന്നതെങ്കിൽ അങ്ങേ ന്യായവിധിയെ എങ്ങനെ നാം അഭിമുഖീകരിക്കും? അഹോ! പാപിയായ ഒരുവൻ അഭിമുഖീകരിക്കേണ്ടിവരുന്ന ഭവിഷ്യത്തു എത്ര ഭയങ്കരം? ആയുഷ്കാലത്തുതന്നെ ചിന്താമാർഗ്ഗേണ നരകദുരിതങ്ങളെ വീക്ഷിച്ചാലും! കൂടെക്കൂടെ ആ ഭയങ്കരകാഴ്ച മനോരാജ്യത്തിൽ ദർശിക്കുക. നരകവാസികളുടെ ഒരിക്കലും അവസാനിക്കാത്ത കഠിനദുരിതങ്ങൾ ഓർക്കുക. നിമിഷനേരത്തേക്കുമാത്രം നിലനിൽക്കുന്ന ഒരല്പസുഖത്തിനുവേണ്ടി ദൈവത്തെ എന്നേക്കുമായി നഷ്ടപ്പെടുത്തുന്നു എങ്കിൽ ഹാ! അതെത്ര മൌഢ്യമാണെന്നു ആഴമായി ചിന്തിച്ചാലും! ഇപ്പോഴത്തെ സന്തോഷങ്ങൾ ക്ഷണത്തിൽ കടന്നുപോകുന്നവയാണ്. എന്നാൽ നമ്മെ പീഡിപ്പിക്കുവാനിരിക്കുന്നവ എന്നന്നേക്കും ഉള്ളതാണ്. ഇതു ചിന്താപഥത്തിൽ സദാ ഉണ്ടായിരിക്കട്ടെ. ദൈവഭയം നമ്മിൽ നിലനിറുത്തുന്നതിന് ഇതു വളരെ സഹായിക്കും.

c. ദൈവസാന്നിദ്ധ്യസ്മരണ ശുദ്ധത സംരക്ഷിക്കുന്നതിനുള്ള മറെറാരു മാർഗ്ഗമാണ്– "ദൈവം എന്നെക്കാണുന്നു.

ഞാൻ അങ്ങേ പരിശുദ്ധ സാന്നിദ്ധ്യത്തിലാണ നിലകൊള്ളുന്നതു്". ഈ ഒരു ഏക ചിന്തയാണ് പൊത്തിപ്പാറിൻെറ ഭാര്യയുടെ വശീകരണങ്ങളെ എതിർത്തു ജയിക്കുന്നതിനു പൂർവ്വ യൌസേപ്പിനു സഹായകമായി ഭവിച്ചതു്. "എങ്ങനെയാണ് ഈ നീചകൃത്യം ചെയ്തു എൻെറ ദൈവത്തിനെതിരായി ഞാൻ പാപം ചെയ്യുന്നതു്?" (സൃഷ്ടി. 39–9). "ഇതു ചെയ്യാതെ നിങ്ങളുടെ കയ്യിൽ അകപ്പെടുന്നതാണ് ദൈവ സന്നിധിയിൽവച്ചു പാപംചെയ്യുന്നതിനേക്കാൾ ഉത്തമം" (ദാനിയേൽ xiii. 23) എന്നു വൃദ്ധരായ ആ പാപികളോടു തുറന്നു പറയുന്നതിനു സൂസന്നായ്ക്കു ധൈര്യം നൽകിയതും ഈ ഒരു ചിന്തമാത്രമായിരുന്നു. ദൈവം സദാ എന്നെകാണുന്നു. അവിടുന്നു സർവ്വ തിന്മകളെയും വെറുക്കുന്നു എന്നീ ചിന്ത നമ്മിൽ സദാ ഉള്ളപക്ഷം ആരു്, എങ്ങനെ നിർബാധം നിർവ്വിശങ്കം പാപത്തിൽ ഉൾപ്പെടുവാൻ ധൈര്യപ്പെടും?

ഒരാൾ തന്നെനോക്കിക്കൊണ്ടിരിക്കുന്നു എന്നൊരു സംശയം തോന്നിയാൽ എത്ര ധൈര്യവാനായാലും പാപകൃത്യങ്ങൾ ചെയ്യുന്നതിനു മടിക്കുകയില്ലേ? ആ സ്ഥിതിക്കു സർവ്വ ശക്തനും സർവ്വനന്മയുമായ ദൈവത്തിൻെറ സന്നിധിയിലാണ താൻ നില്ക്കുന്നതെന്നു ദൃഢബോധമുള്ള ഒരാൾ അവിടുത്തേക്കു അത്യന്തം അനിഷ്ടകരമായ പാപകൃത്യങ്ങളിൽ ഏർപ്പെടുവാൻ ധൈര്യപ്പെടുകയൊ മനസ്സാവുകയൊ ചെയ്യുമോ? അതിനാൽ പരീക്ഷകൾ നേരിടുമ്പോൾ നാം ദൈവസന്നിധിയിലാണ നില്ക്കുന്നതെന്നും അവിടുന്നു നമ്മുടെ സകല പ്രവൃത്തികളും ഉററു സൂക്ഷിക്കുന്നുണ്ടെന്നും നമ്മുടെ നിരൂപണകൾപോലും അവിടുന്നു അതതു ക്ഷണത്തിൽ അറിഞ്ഞുകൊണ്ടാണിരിക്കുന്നതെന്നും ഉള്ള ചിന്ത ഉണ്ടായിരിക്കുവാൻ ശ്രമിക്കുക. അങ്ങനെ ചെയ്യുന്നതായാൽ പാപത്തിൽനിന്നു ഓടി അകലുന്നതിനും പരീക്ഷകളെ ജയിക്കുന്നതിനും ഉള്ള മനോധൈര്യവും പ്രേരണയും നമുക്കു താനെ തന്നെ ഉണ്ടായിക്കൊള്ളും.

### 4. കൂദാശകളുടെ അടിക്കടിയുള്ള സ്വീകരണം

a. കുമ്പസാരമെന്ന കൂദാശ ദൈവേഷ്ടപ്രസാദം നമ്മിൽ വർദ്ധിപ്പിക്കുകയും അതേസമയംതന്നെ സുകൃതജീവിതത്തിനുള്ള പ്രത്യേക വരങ്ങൾ നമുക്കു പ്രദാനം ചെയ്യുകയും

ചെയ്യുന്ന ഒന്നാണ്. ദുരാശാപാശങ്ങളെ ഇതു ബലഹീനമാക്കുന്നു. പുണ്യസമ്പാദനത്തിനുള്ള തീക്ഷ്ണതയെ ഉത്തേജിപ്പിക്കുന്നു. പരീക്ഷകളെ വിശിഷ്യാ ജഡികപരീക്ഷകളെ അമർത്തുന്നതിനുള്ള ശക്തി നമുക്കു നൽകുന്നു. ഇവയാണു ഈ കൂദാശവഴിയായി നമുക്കു ലഭിക്കുന്ന മഹനീയ ഫലങ്ങൾ. തക്ക യോഗ്യതയോടെ പാപസങ്കീർത്തനം നടത്തുന്ന ഓരോ അവസരത്തിലും ഈ ഫലങ്ങളെല്ലാം നമുക്കു ലഭിക്കുന്നുണ്ട്. പാപസങ്കീർത്തനം കേൾക്കുന്ന ആത്മീയഗുരുവിൽനിന്നു ലഭിക്കുന്ന സദുപദേശങ്ങൾ, പരീക്ഷകളെ ജയിക്കുന്നതിനു അദ്ദേഹം നിർദ്ദേശിക്കുന്ന പ്രതിവിധികൾ, ഇവയും കാര്യമായി മതിക്കപ്പെടേണ്ടവയാണ്. ശുദ്ധത നഷ്ടപ്പെടുത്തി കഠിനപാപങ്ങളിൽ ഉൾപ്പെടത്തക്ക ആപത്തിൽ സ്ഥിതിചെയ്തിരുന്ന എത്ര എത്ര പേരാണ് ഒരു നല്ലകുമ്പസാരംമൂലം ആത്മീയഗുരുവിൻെറ ഉപദേശഫലമായി സുമാർഗ്ഗത്തിലേക്കു പിന്തിരിഞ്ഞിട്ടുള്ളതെന്നു ആർക്കാണ് നിശ്ചയമുള്ളത്?

അശുദ്ധ പാപങ്ങളിൽ വീണുതഴങ്ങിയ ഒരു യുവാവ് ഒരിക്കൽ വി. ഫിലിപ്പുനേരിയെ സമീപിച്ച് തൻെറ ആത്മസ്ഥിതി അദ്ദേഹത്തെ അറിയിച്ചു. വിശുദ്ധൻ ആ യുവാവിനു നൽകിയ ഉപദേശമിതാണ്: "എൻെറ മകനേ, പാപകരമായ ചിന്തകളെ അകററുന്നതിനുള്ള ശക്തിമത്തായ ഒരു മാർഗ്ഗമാണു അവയെ ആത്മീയഗുരുവിനു വെളിപ്പെടുത്തുന്നത്. ഒരു പരീക്ഷ വെളിപ്പെടുത്തിക്കഴിഞ്ഞാൽ പകുതി ജയിച്ചു. ശുദ്ധതയ്ക്കെതിരായ ഒരു പാപത്തിൽ വീഴാനുള്ള ദൌർഭാഗ്യം നേരിടുന്ന ആൾ ഉടനെ ചെയ്യേണ്ടതു പാപസങ്കീർത്തനം നടത്തുകയാണ്" ആ യുവാവ് ഈ ഉപദേശം അക്ഷരംപ്രതി സ്വീകരിച്ച്, തുടരെ പാപസങ്കീർത്തനം നടത്തി. അവൻെറ തഴക്കപാപത്തിൽനിന്നും അചിരേണ വിമുക്തനാവുകയും ചെയ്തു. കുപ്പർട്ടീനോയിലെ വി. യൌസേപ്പ് ഉപദേശിച്ചുതരുന്ന പ്രതിവിധിയും ഇതുതന്നെ. അദ്ദേഹം പറയുന്നു: "പരീക്ഷകളെ എതിർക്കണമെന്നു നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ അടിക്കടി പാപസങ്കീർത്തനം നടത്തിക്കൊള്ളുക. ദൈവം കൂടെക്കൂടെ എവിടെ അതിഥിയായി വരുന്നുവോ അവിടെ തൻെറ ശത്രുക്കൾക്കു ദീർഘസമയം താമസിക്കുവാൻ സാധിക്കുന്നതല്ല. അചിരേണ വിജയം ദൈവത്തിനുതന്നെയായിരിക്കും. സാത്താൻെറ തന്ത്രങ്ങൾ

എന്തുതന്നെയായിരുന്നാലും ദൈവത്തിൻെറ വരപ്രസാദങ്ങൾക്കെതിരായി അവ പ്രബലപ്പെടുകയില്ല''. അനുഭവവും ഇതു് തെളിയിക്കുന്നു.

b. കർബാന എന്ന പരിശുദ്ധ കൂദാശവഴിയായി ലഭിക്കുന്ന അനുഗ്രഹങ്ങൾ കുമ്പസാരം എന്ന കൂദാശവഴിയായി ലഭിക്കുന്നതിനെക്കാൾ വളരെയധികമാണു്. ഈ കൂദാശ വഴി മിശിഹായെത്തന്നെ നാം സ്വീകരിക്കുന്നു. തന്നോടുക്രൂടി നമ്മുടെ പൂൎണ്ണതയും നമ്മിൽ കുടികൊള്ളുന്നു. അശുദ്ധചിന്തകളെ ബലഹീനപ്പെടുത്തി ജഡത്തിൻെറ ദുരാശകളെ നിഗ്രഹിക്കുന്നതിനുള്ള പ്രത്യേക അനുഗ്രഹം പ്രദാനം ചെയ്യുന്ന ഈ കൂദാശ ''തെരിഞ്ഞെടുക്കപ്പെട്ടവരുടെ അപ്പവും കന്യകമാരെ പുറപ്പെടുത്തുന്ന വീഞ്ഞും ആകുന്നു'' (സ്കറിയാ ix. 17) എന്നാണു് വേദവാക്യം. നമ്മുടെ ദിവ്യരക്ഷകൻതന്നെ ''നമ്മെ പീഡിപ്പിക്കുന്നവൎക്കെതിരായി സജ്ജമാക്കീട്ടുള്ള ഒരു ഭോജനം'' ആകുന്നു ഇതു് (സങ്കീ. xxii. 6). ശത്രുക്കളോടുള്ള പോരാട്ടത്തിൽ നമ്മുടെ ആലംബമായി ആദ്ധ്യാത്മിക ഗുരുക്കന്മാരെല്ലാം നമുക്കു ചൂണ്ടിക്കാണിച്ചുതരുന്നതും ഈ ഭോജനമാണു്. ഈ ദിവ്യഭോജനം അടുക്കലടുക്കൽ സ്വീകരിക്കുവാൻ അവർ ഏകകണ്ഠമായി നമ്മെ ഉപദേശിക്കയും ഉദ്ബോധിപ്പിക്കയും ചെയ്യുന്നു.

പാപസങ്കീൎത്തനം, ദിവ്യകാരുണ്യം എന്നീ കൂദാശകൾ പതിവായി സ്വീകരിക്കുന്നവർ പ്രായേണ ശുദ്ധതയിൽ നിലനില്ക്കുന്നതായിട്ടാണു് കാണപ്പെടുന്നതു്. അതിനാൽ ഈ കൂദാശകളുടെ സ്വീകരണം ശുദ്ധതാസംരക്ഷണവും, ഭക്തജീവിതം സംബന്ധിച്ചിടത്തോളം നമ്മുടെ പരിശുദ്ധമതം നമുക്കു നൽകുന്ന ഒരു മഹാ അനുഗ്രഹവും ആണെന്നു് നിശ്ചയമായും പറയാം. അനുഗ്രഹങ്ങളുടെ ഉറവയായ ഈ കൂദാശകൾ യഥായോഗ്യം അടിക്കടി സ്വീകരിക്കുന്നവർ ശുദ്ധതയ്ക്കെതിരായ പാപത്തിൽ വീഴുകയെന്നുള്ളതു പ്രായേണ അസാദ്ധ്യമത്രെ.

അതിനാൽ, മേൽപ്രസ്താവിച്ച മാൎഗ്ഗങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തിക്കൊള്ളുക. അശുദ്ധതയുടെ അരൂപിക്കു പ്രവേശനം ലഭിക്കാതിരിക്കത്തക്കവണ്ണം നിരൂപണ, ആശാപാശങ്ങൾ, സാഹചൎയ്യങ്ങൾ മുതലായവയിൽ പ്രത്യേകം സൂക്ഷിക്കുക. തീക്ഷ്ണതയോടെ പ്രാൎത്ഥിക്കുക. പരീക്ഷകൾ നേരിട്ട

മ്പോൾ ദൈവസഹായം അഭ്യർത്ഥിക്കുക. പ. കന്യകമറിയത്തിന്റെ മാദ്ധ്യസ്ഥം തേടുക. പാപചിന്തകൾ ഹൃദയത്തിൽ ഉദിക്കുന്ന ക്ഷണത്തിൽ, പരീക്ഷകളെ അകററി ക്രൂശിതനായ ദിവ്യരക്ഷകന്റെ തിരുസ്വരൂപത്തെ ഭയഭക്തിപൂർവ്വം നോക്കിക്കൊണ്ടു് നിത്യസത്യങ്ങളെയും നമ്മുടെ അന്ത്യങ്ങളെയും സർവ്വോപരി ദൈവത്തിന്റെ സർവ്വസാന്നിദ്ധ്യത്തെയുംപററി ആഴമായി ചിന്തിക്കുക. അവസാനമായി നല്ല ഒരുക്കത്തോടും മനോവിശ്വാസത്തോടുംകൂടി അടുക്കലടുക്കൽ പാപസങ്കീർത്തനം നടത്തി ദിവ്യകാരുണ്യം സ്വീകരിക്കുക. പരീക്ഷകളെ പരിത്യജിച്ചു ശുദ്ധതയ്ക്കു ഭംഗം വരുത്താതെ ജീവിതം നയിക്കുന്നതിനുള്ള ഉത്തമമാർഗ്ഗങ്ങളാണിവ. വി. യോഹന്നാന്റെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ഇതു അവസാനിപ്പിക്കാം. "കണ്ടാലും ഇതാ ഞാൻ വേഗം വരുന്നു. നിന്റെ കിരീടം മററാരും കരസ്ഥമാക്കാതിരിക്കത്തക്കവണ്ണം നിനക്കുള്ളതു നീ മുറുകെ പിടിച്ചുകൊൾക". (വെളിപാടു് iii. 1) അതേ നിത്യത്വത്തിലേക്കു നിന്നെ വിളിക്കുവാനായി കർത്താവു ഉടനെ വരും. ഇവിടുത്തെ നിന്റെ ജീവിതം കുറച്ചു നാളത്തേക്കു മാത്രമുള്ളതും, എളുപ്പത്തിൽ കടന്നുപോകുന്നതുമാണു്. അതിനാൽ ശുദ്ധതയോടെ ജീവിക്കുന്ന ആത്മാക്കൾക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന നിത്യത്വത്തിന്റെ കിരീടം നിനക്കും ലഭിക്കുവാനിടയാകത്തക്കവണ്ണം മിശിഹായോടു നീ പറഞ്ഞൊത്തിട്ടുള്ള വിരക്തവാഗ്ദാനത്തെ ലംഘിക്കാതെ അതിനെ മുറുകെ പിടിച്ചുകൊൾക.

## 7. സൃഷ്ടികളിൽനിന്നുള്ള വേർപാട്

അസ്സീസിയിലെ വി. ഫ്രാൻസീസ് സ്വഗൃഹത്തിൽ പിതാവുമൊരുമിച്ചു വസിക്കുകയിൽ അഗതികൾക്ക് ഉദാരമായി ധർമ്മദാനങ്ങൾ നൽകുക പതിവായിരുന്നു. അസ്സീസി പട്ടണാതിർത്തിക്കു വെളിയിൽ വളരെ കേടുപാടുകൾ പററിയിരുന്ന ഒരു ദൈവാലയമുണ്ടായിരുന്നു. ആ ദൈവാലയത്തിൻെറ ഉദ്ധാരണത്തിനായി ഒരു ദിവസം ഫ്രാൻസീസ് കുറെ തുണി വിററു പണം ശേഖരിച്ചു. ഫ്രാൻസീസിൻെറ പിതാവ് ഇതുക്രൂടി കണ്ടപ്പോൾ ക്രുദ്ധിച്ചുവശായി. അദ്ദേഹം പുത്രനെ നിർദ്ദാക്ഷിണ്യം കണക്കിനു ശിക്ഷിച്ചു. ഇതുകൊണ്ടും തൃപ്തനാകാതെ പുത്രനെ അസ്സീസിയിലെ മെത്രാൻെറ പക്കലേയ്ക്കു ആനയിച്ചശേഷം പിതൃസ്വത്തിലുള്ള അവൻെറ സകല അവകാശങ്ങളും ഉപേക്ഷിച്ചിരിക്കുന്നതായി ഏററു പറയിച്ചു. ചുരുക്കത്തിൽ കുടുംബസ്വത്തിൽ ഫ്രാൻസീസിനു ഒരവകാശവുമില്ലാതാക്കി. തൻെറ അവകാശം വിട്ടുകൊടുക്കുന്നതിന് ഫ്രാൻസീസിന് ഒരു മടിയും കണ്ടില്ല. തൻെറ ഭാരിച്ച അവകാശം മുഴുവൻ ഉപേക്ഷിക്കേണ്ടിവന്നിട്ടും ഒരു ചില്ലിക്കാശു കൈവിട്ടുപോകുന്നതിൽ കൂട്ടതലായ സങ്കോചമോ, സങ്കടമോ, ബാലനിൽ കാണപ്പെട്ടില്ല.

മാത്രമല്ല, ഫ്റാൻസീസ് തൻെറ പിതാവിനെ സമീപിച്ച് സ്വന്തം മേൽവസ്ത്രംപോലും അദ്ദേഹത്തെ ഏല്പിച്ചുകൊടുത്തശേഷം എളിമയോടും വിനയത്തോടും അർഹിക്കുന്ന ആദരവോടുംക്രൂടി ഇങ്ങനെ പറഞ്ഞു: "ഇതുവരെ അങ്ങയെ ഈലോകത്തിൽ എൻെറ പിതാവേ എന്നു ഞാൻ വിളിച്ചിരുന്നു. എന്നാൽ ഇപ്പോൾ മുതൽ, സ്വർഗ്ഗത്തിലിരിക്കുന്ന ഞങ്ങളുടെ പിതാവേ എന്നു കുറേക്കൂടെ മനോവിശ്വാസത്തോടുക്രൂടി എനിക്ക് പറയാം. ആ നല്ല പിതാവിൽ എൻെറ ശരണവും ആശ്രയവും മുഴുവനായി ഞാൻ നിക്ഷേപിക്കുന്നു."

ചില ലോകായതികന്മാർ ലോകസന്തോഷങ്ങളെ എത്ര കാർയ്യമായും സന്തോഷത്തോടുക്രൂടിയും തേടുന്നുവോ, അതിലുമധികം സന്തോഷത്തോടുക്രൂടിയാണ് ഫ്റാൻസീസ് ലോകം മുഴുവനെയും പരിത്യജിച്ചതു്. ദൈവത്തിൽനിന്നും തൻെറ ഹൃദയത്തെ അകററുകയും തൻെറ സ്നേഹത്തെ കവൎന്നെടുക്കുകയും

ചെയ്യുന്ന സർവ്വ കാര്യങ്ങളിൽനിന്നും ഇനി തനിക്കു സംപൂർണ്ണമായും വിമുക്തനാകാമല്ലോ എന്നുള്ള സന്തോഷമാണ് സർവ്വവും പരിത്യജിച്ച അവസരത്തിൽ ഫ്റാൻസീസിനുണ്ടായത്. ഫ്റാൻസീസ് പിതൃവത്സലനായ ഒരു നല്ല പുത്രൻ ആയിരുന്നു. എങ്കിലും മിശിഹായെ തേടുന്നതിനും നേടുന്നതിനുമായി തൻെറ പിതാവിൽനിന്നും കുടുംബത്തിൽനിന്നുതന്നെയും അകലുന്നതിനു മാത്രമല്ല, ലൗകികമായ സമസ്തവും സംത്യജിച്ചു കളയുന്നതിനും ഒരു വിഷമതയും അദ്ദേഹത്തിനു തോന്നിയില്ല. ദാരിദ്ര്യവ്രതാനുഷ്ഠാനവേളയിൽ സന്യസ്തർ ചെയ്യുന്നതും ഇതുതന്നെയാണ്. സമ്പത്തു മാത്രമല്ല, മാതാവിനെയും പിതാവിനെയും, സഹോദരരെയും സഹോദരികളെയും, ബന്ധുക്കളെയും മിത്രങ്ങളെയും എന്നുവേണ്ട സൃഷ്ടങ്ങളായ സകലതും അവർ ഉപേക്ഷിക്കുന്നു. സഭാസാന്നിദ്ധ്യത്തിൽവെച്ച്, ലൗകികമായ സകലതും ഉപേക്ഷിച്ച് എന്നെന്നും ദരിദ്രനായിരുന്നുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്ന ഏതൊരു സന്യാസിക്കും "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന് വി. ഫ്റാൻസീസിനോടൊപ്പം പറയുവാൻ സാധിക്കും.

അതിനാൽ സന്യാസി നടത്തുന്ന വ്രതവാഗ്ദാനംമൂലം ധനവും സമ്പത്തുകളും ഉപേക്ഷിക്കുവാൻ മാത്രമല്ല, സർവ്വബന്ധുക്കളിൽനിന്നും സർവ്വമനുഷ്യരിൽനിന്നും ഹൃദയത്തെ അകററുവാൻ അയാൾ ബാദ്ധ്യസ്ഥനും നിർബദ്ധനുമാണ്.

### 1. സന്യാസി തൻെറ ഹൃദയത്തെ ബന്ധുക്കളിൽനിന്നും പരിച്ഛേദം അകററിക്കളയണം

ഇവിടെ സൂചിപ്പിക്കപ്പെടുന്ന ബന്ധുക്കൾ, മാതാവ്, പിതാവ്, സോദരീസോദരന്മാർ തുടങ്ങി രക്തബന്ധമുള്ള സംബന്ധികളാണ്. ഇവരിൽനിന്നുപോലും സന്യാസി തൻെറ ഹൃദയത്തെ അകററിക്കളയേണ്ടതാണ്. അവരെ കാണുന്നതിനോ, സംസാരിക്കുന്നതിനോ, അവരുമായി സഹവസിക്കുന്നതിനോ, ക്രമരഹിതമായ അഭിലാഷം സന്യാസികളിൽ ഉണ്ടായിരിക്കുവാൻ പാടില്ല. അവരുടെ ലൗകിക സുഖക്ഷേമാദികളിൽ താല്പര്യം ഉണ്ടായിരിക്കരുത്. അതുപോലെതന്നെ, അവരുടെ ലോകവ്യാപാരങ്ങൾ ഓർത്തു അസ്വസ്ഥരാകുവാനും പാടുള്ളതല്ല.

a. സന്യാസാന്തസ്സ് സംബന്ധികളിൽനിന്നുള്ള ഈദൃശമായ ഒരു അകൽച്ച ആവശ്യപ്പെടുന്നു— സന്യാസാന്തസ്സിൽ പ്രവേശിക്കുന്ന ഒരാൾ അതുമൂലം ലോകത്തിൽനിന്നു് തന്നെത്തന്നെ സംപൂൎണ്ണമായും എന്നേക്കുമായും വേർതിരിക്കുകയാണു ചെയ്യുന്നതു്. ഒതുങ്ങിയ ഒരു ജീവിതം നയിക്കുവാൻ സഭാനിയമം അയാളെ കടപ്പെടുത്തുന്നു. ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾക്കു മാത്രമേ ലൗകികരുമായി ഇടപെടാവൂ എന്നു അനുശാസിക്കുകയും ചെയ്യുന്നു. പുറത്തുള്ളവരുമായി സംഭാഷിക്കുകയോ, ഏതെങ്കിലും ഇടപാടുകളിൽ ഏൎപ്പെടുകയോ ചെയ്യുമ്പോൾകൂടെയും ആഭ്യന്തരമായി സന്യാസികൾ ലോകത്തിൽനിന്നും അകന്നിരിക്കേണ്ടതാണു്. വി. ശ്ലീഹാ ഇവരെ സാധാരണ ക്രിസ്ത്യാനികളിൽനിന്നും വ്യത്യസ്തരായിട്ടാണു പരിഗണിക്കുന്നതു്. "ലോകവുമായി ഇടപെട്ടാലും ഇടപെട്ടിട്ടില്ലാത്തതുപോലെ ഇരിക്കണം" (1. കൊറി. vii. 31.) എന്നാണു് ആ വിശുദ്ധൻ പറയുന്നതു്.

അത്മായരുടെതിൽനിന്നും വ്യത്യസ്തമായ സന്യാസസഭാവസ്ത്രംതന്നെ ആഭ്യന്തരവും ബാഹ്യവുമായി ലോകത്തിൽനിന്നുള്ള സന്യസ്തരുടെ വേർപാടിനെ സൂചിപ്പിക്കുന്നു. കൂടാതെയും സന്യാസികൾ അനുസരിക്കേണ്ട ആ വ്രതം, ദൈവസേവനവിഷയത്തിൽ സാധാരണ ക്രിസ്ത്യാനികളെ അപേക്ഷിച്ചു് അവർ ആചരിക്കേണ്ട സഭാനിയമങ്ങൾ, സൎവ്വോപരി, ലോകത്തിൽനിന്നും അവരെ അകററുന്ന സന്യാസവ്രതങ്ങൾ എന്നിവ സന്യാസികൾ ലോകത്തിൽനിന്നും വേർപെട്ടിരിക്കുന്നവരും, വേർപെട്ടിരിക്കേണ്ടവരുമാണെന്നത്രെ കാണിക്കുന്നതു്. സന്യാസത്തിൽ പ്രവേശിക്കുന്ന ഒരാൾ ലോകത്തെ പരിഷ്ച്ഛേദം ഉപേക്ഷിക്കുക മാത്രമല്ല ലോകത്തിൽ മരിച്ചവനായിത്തീരുകയുമാണു് ചെയ്യുന്നതു്. മരണം മനുഷ്യരെ സൎവ്വസൃഷ്ടികളിൽനിന്നും എങ്ങനെ അകററുന്നുവോ അതുപോലെതന്നെ സന്യാസജീവിതം സന്യാസികളെ സൃഷ്ടവസ്തുക്കളിൽനിന്നും വേർതിരിച്ചു് അകററിക്കളയുന്നു. ഒരു മനുഷ്യൻ മൃതനായിക്കഴിയുന്ന ക്ഷണത്തിൽ അവൻ ലോകത്തിനേതല്ലായിത്തീരുന്നു. അതുപോലെ ഒരു സന്യാസിയും സഭാപ്രവേശനത്തോടുകൂടി ലോകത്തിനു മരിച്ചവനായിത്തീരുന്നു എന്നും, തനിക്കുവേണ്ടി മരിച്ച മിശിഹായ്ക്കുവേണ്ടിമാത്രം ജീവിക്കണമെന്നും ഉള്ള

വസ്തുതയെ അനുസ്മരിപ്പിക്കുന്നതിനായിട്ടത്രെ സഭയിൽ ചേൎന്നാലുടനെ സന്ന്യാസി പഴയ പേരു മാററി പുതിയ ഒരു പേർ സ്വീകരിക്കുന്നതും.

b. ദൈവവചനവും സംബന്ധികളിൽനിന്നുള്ള ഈ അകൽച്ച ആവശ്യപ്പെടുന്നു— "എന്റെ അടുക്കൽ വരികയും, തന്റെ അപ്പനെയും അമ്മയെയും, സഹോദരന്മാരെയും, സഹോദരികളെയും ഭാൎയ്യയെയും, മക്കളെയും, തന്നെത്തന്നെയും ദ്വേഷിക്കാതിരിക്കയും ചെയ്യുന്നവനു എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല." (ലൂക്കാ xiv. 26.) സന്ന്യാസത്തിൽ പ്രവേശിക്കുന്നവർ മിശിഹായുടെ സ്നേഹഭാജനങ്ങളായിത്തീരുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ, മിശിഹായുമായി ആത്മീയമായ വിധം അവർ ഒരു വിവാഹവാഗ്ദാനം നടത്തുകയാണു ചെയ്യുന്നതു്. തന്റെ പക്കലേയ്ക്കു ചെല്ലുന്നവർ അപ്പനെയും അമ്മയെയും സഹോദരസഹോദരികളെയും വെറുത്തുപേക്ഷിക്കണമെന്നത്രെ മിശിഹാ അരുളിച്ചെയ്യുന്നതു്. ഇവിടെ വെറുത്തുപേക്ഷിക്കുക എന്നു പറഞ്ഞാൽ ക്രമരഹിതമായ യാതൊരു പക്ഷവും ഉണ്ടായിക്കൂടാ എന്നത്രെ അൎത്ഥം. രക്തബന്ധത്താൽ നമുക്കേററം അടുത്തിട്ടുള്ളവരിൽനിന്നുപോലും നാം അവ്വിധം പൂൎണ്ണമായും അകന്നിരിക്കണമെന്നാണു് ഈ വാക്കുകൾമൂലം ആവശ്യപ്പെടുന്നതു്.

നാം വെറുത്തു ദ്വേഷിക്കുന്നവരിൽനിന്നും നാം അകന്നുകളയുകയും അവരുമായി എന്തെങ്കിലും ബന്ധം പുലത്തുന്നതിനു് വിമുഖത ഭാവിക്കയും ചെയ്യുന്നതു് സൎവ്വസാധാരണമായ പതിവാണല്ലൊ. "എന്നെ അനുഗമിക്കുക" എന്നു് ഒരിക്കൽ മിശിഹാ തന്റെ ശിഷ്യരിൽ ഒരാളോടു് പറഞ്ഞു. "കൎത്താവേ, ഞാൻ പോയി മരിച്ചുപോയ എന്റെ പിതാവിനെ സംസ്കരിക്കാൻ അനുവദിക്കുക" എന്നു് ആ ശിഷ്യൻ ഉടനെ കൎത്താവിനോടാവശ്യപ്പെട്ടു. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ, നീ എന്നെ അനുഗമിക്കുക" എന്നാണു് ഇതിനു മറുപടിയായി കൎത്താവു് അരുളിച്ചെയ്തതു്. കൎത്താവിന്റെ ഈ തിരുവചനം സകല ക്രിസ്ത്യാനികളെയും ബാധിക്കുന്നതാണു്. സന്ന്യാസജീവിതക്കാർ തങ്ങളുടെ രക്തബന്ധത്തിൽപെട്ടവരായ മാതാപിതാക്കന്മാൎക്കുപോലും മരിച്ചവരെപ്പോലെ ആയിരിക്കേ

ണ്ടതാകയാൽ അവരെ ഈ വചനങ്ങൾ പ്രത്യേകവിധമായും ബാധിക്കുന്നു.

C. ആത്മരക്ഷയ്ക്കും സംബന്ധികളിൽനിന്നുള്ള വേർപാട് ആവശ്യമാണ്— "ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെയായിരിക്കും" (മത്തായി x. 36) എന്നു ദിവ്യ രക്ഷകൻ അരുളിച്ചെയ്യുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിട ത്തോളം പൊതുവിലും, സന്യസ്തരെ സംബന്ധിച്ചിടത്തോളം പലപ്പോഴും പ്രത്യേകമായും അവരുടെ ആത്മരക്ഷയുടെ കാര്യ ത്തിൽ മാതാപിതാക്കന്മാരോളം, ബന്ധുമിത്രാദികളോളം, വലിയ ശത്രുക്കൾ ഇല്ലെന്നുള്ളതു് തർക്കമററ കാര്യമാണ്. ആത്മീയ ജീവിതാഭിവൃദ്ധിക്ക് മാതാപിതാക്കന്മാരും ബന്ധുമിത്രാ ദികളും പ്രായേണ വലിയ പ്രതിബന്ധമായിട്ടാണു കാണുന്നതു്. ബന്ധുമിത്രാദികളെപ്പററിയുള്ള ചിന്തയിൽനിന്നും അകന്നിരി ക്കാതെ, അവരുമായി കൂടെക്കൂടെ സംസാരിക്കയും അവരെപ്പററി സദാ ചിന്തിച്ചുകൊണ്ടിരിക്കുകയും അവരുടെ ലൗകികതാല്പര്യ ങ്ങളിൽ ശ്രദ്ധാലുക്കളായി വർത്തിക്കയും ചെയ്യുന്ന സന്യാസി കൾക്ക് ധ്യാനനിഷ്ഠയോടുകൂടിയ ഒരു ജീവിതം നയിക്കുക സാ ദ്ധ്യമല്ല. ഭക്തകൃത്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധി ക്കാതെയും വരും. മനസ്സു പതറി ആഭ്യന്തരസമാധാനവും മനഃ സ്വാതന്ത്ര്യവും നഷ്ടീഭവിച്ചുപോകും. ബന്ധുമിത്രാദികളെപ്പററി യുള്ള ചിന്ത അവരുടെ ഹൃദയവേദികളെ അലട്ടിക്കൊണ്ടിരി ക്കും. കേവലം നാമമാത്രമായ ഒരു സന്യാസജീവിതമായിരിക്കും അവർ നയിക്കുന്നതു്.

കൃത്യാന്തരങ്ങൾ നിമിത്തം ആശ്രമംവിട്ടു പോകുവാനിട യായാലും സന്യാസികൾ അരൂപിയിൽ ആശ്രമത്തിൽത്തന്നെ ആയിരിക്കേണ്ടതാണ്. പക്ഷേ ചില സന്യാസികളുടെ കാര്യം നേരേ മറിച്ചായിരിക്കും. ശാരീരികമായി അവർ ആശ്രമത്തിൽ ഉണ്ടായിരിക്കും. എന്നാൽ അവരുടെ ഹൃദയവും ചിന്തകളും വള രെ വിദൂരത്തിലായിരിക്കും. വി. അല്ഫോൻസിന്റെ വാക്കുകൾ ഇവിടെ അത്യന്തം ശ്രദ്ധേയമാണ്. വിശുദ്ധൻ പറയുന്നു: "നി ങ്ങളുടെ ബന്ധുമിത്രാദികൾ വന്ന് അവരുടെ കുഴപ്പങ്ങൾ, കല ക്കങ്ങൾ, അനാരോഗ്യസ്ഥിതി, ആവശ്യങ്ങൾ മുതലായവ നിങ്ങ ളോടു പറഞ്ഞതുകൊണ്ട് എന്തു ഫലം? നിങ്ങളുടെ ഹൃദയത്തിൽ അസ്വസ്ഥതയും പലവിചാരങ്ങളും വരുത്തിക്കൂട്ടാം എന്നൊരു

ഗ്ഗുണം മാത്രമുണ്ട്. ബന്ധുമിത്രാദികളുമായുള്ള ഓരോ കൂടിക്കാഴ്ചയും കഴിയുമ്പോൾ നിങ്ങൾ അസ്വസ്ഥരായിത്തീരുന്നു. പ്രാർത്ഥനയിൽ അന്യചിന്തകൾക്കിടയാകുന്നു. ധ്യാനത്തിലും ദിവ്യകാരുണ്യസ്വീകരണവേളയിലും അങ്ങനെതന്നെ. ഈ അവസരങ്ങളിലെല്ലാം അവർ പറഞ്ഞ കാര്യങ്ങളിലായിരിക്കും നിങ്ങളുടെ ചിന്തയും ശ്രദ്ധയും. ലോകം നിങ്ങൾ പരിത്യജിച്ചു. പിന്നെ എന്തിനു നിങ്ങൾ ബന്ധുമിത്രാദികളെ കൂടെക്കൂടെ കാണുവാൻ ഇത്ര അധികം ആശിക്കുന്നു. അതു നിങ്ങളുടെ ഹൃദയസമാധാനത്തെ കെടുത്തി ആത്മീയപുരോഗതിക്കു പ്രതിബന്ധം ഉണ്ടാക്കുവാൻ മാത്രമേ പ്രയോജകീഭവിക്കുകയുള്ളു.''

സന്യാസികൾക്കു മനഃസമാധാനത്തോടെ ജീവിച്ച് പുണ്യപൂർണ്ണതയ്ക്കുള്ള മാർഗ്ഗത്തിൽ പുരോഗമിക്കണമെങ്കിൽ അവർ ബന്ധുമിത്രാദികളിൽനിന്നും പരിച്ഛേദം അകന്നിരിക്കുകതന്നെ വേണം. ഇതിനാലത്രെ സന്യാസജീവിതക്കാർ ബന്ധുമിത്രാദികളുടെ കാര്യം ഉപേക്ഷിക്കണമെന്നും അവരുമായി അനാവശ്യമായി കത്തിടപാടുകളിൽ ഏർപ്പെടരുതെന്നും അവരുടെ കാര്യാദികളിൽ ഏർപ്പെടുകയൊ, തലയിടുകയൊ ചെയ്യരുതെന്നും ആദ്ധ്യാത്മിക ഗുരുക്കൾ മുക്തകണ്ഠം ഉദ്ബോധിപ്പിക്കുന്നതും ഉപദേശിക്കുന്നതും.

d. തങ്ങളുടെ ആത്മരക്ഷയിൽ ആകാംക്ഷയുണ്ടായിരുന്ന സന്യസ്തരുടെ മാതൃകയും ഈ അകൽച്ചയുടെ ആവശ്യകത നമ്മെ പഠിപ്പിക്കുന്നു– വി. ഫ്രാൻസീസ് ശൗര്യാർ മിഷ്യൻ ജോലിക്കായി ഇൻഡ്യയിലേയ്ക്കു പോന്നതു് തൻെറ സ്വദേശത്തിനടുത്തുകൂടിയാണ്. അദ്ദേഹത്തിൻെറ മാതാവു് അപ്പോൾ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. തന്നെ ഒന്നു കാണണമെന്ന് ആ മാതാവു് അപേക്ഷിക്കുകൂടെയും ചെയ്തിരുന്നു. തൻെറ ആയുഷ്കാലത്തു് ഇനി അവരെ കാണുവാൻ സാധിക്കയില്ലെന്നും വിശുദ്ധനു് അറിയാമായിരുന്നു. എങ്കിലും വിശുദ്ധൻ അതിലെ പോയില്ല. വി. പക്കോമിയൂസിൻെറ സഹോദരി അദ്ദേഹത്തെ കാണ്മാനായി ചെന്നു. പക്ഷേ സന്ദർശനാനുമതിക്കു പകരം ഒരു സന്ദേശമാണു് അവൾക്കു ലഭിച്ചതു്. ''ഞാൻ ഇപ്പോൾ ജീവിച്ചിരിക്കുന്നതായി നീ അറിയുന്നു. അതുകൊണ്ടു് സമാധാനത്തോടെ മടങ്ങി പൊയ്ക്കൊള്ളുക.'' ഇതായിരുന്നു ആ സന്ദേശം. ഈ സന്ദേശം നൽകിയതല്ലാതെ സഹോദരിയെ അദ്ദേഹം

കണ്ടില്ല. അഹോ! പരിത്യാഗപാരമ്യം എന്നല്ലാതെ എന്തു പറയട്ടെ!

മാതാപിതാക്കളും ബന്ധുക്കളും അയച്ചിരുന്ന എഴുത്തുകൾ ചില വിശുദ്ധന്മാർ വായിച്ചിരുന്നതേ ഇല്ല. വി. ജോൺ ക്ലിമാക്കൂസ് ഒരുദാഹരണം പറയുന്നുണ്ട്. ആബട്ട് അന്തോനിയസ്സ് എന്ന താപസൻ വളരെക്കാലം മണലാരണ്യത്തിൽ കഴിച്ചുകൂട്ടിയതിനിടയിൽ അദ്ദേഹത്തിനു സ്വന്തം ബന്ധുക്കളിൽനിന്നും പല എഴുത്തുകൾ കിട്ടിയിരുന്നു. അവ വായിച്ചാൽ ശ്രദ്ധ പതറി മനസ്സമാധാനം നഷ്ടപ്പെട്ടുമെന്നുള്ള ഭീതി നിമിത്തം "ഞാൻ ഒരിക്കൽ ഉപേക്ഷിച്ച കാര്യങ്ങളിൽ എന്റെ ശ്രദ്ധ വീണ്ടും പതിയുവാനിടയാകാതിരിക്കുവാൻവേണ്ടി സ്വരാജ്യത്തെപ്പററിയുള്ള ചിന്തകളെ എന്നിൽനിന്നും അകന്നുപോകുവിൻ. നിങ്ങളെപ്രതി ഞാൻ അഗ്നിയിൽ വേകുവാൻ ഇടയാകാതിരിക്കുന്നതിനു നിങ്ങൾ അഗ്നിയിൽ കിടന്നു ദഹിക്കുവിൻ" എന്നു പറഞ്ഞുകൊണ്ട് ആ എഴുത്തുകൾ ഒന്നടങ്കം അഗ്നിക്കാഹാരമാക്കിക്കളഞ്ഞു.

നമ്മുടെ മനസ്ഥിതിയും ഇതുതന്നെ ആയിരിക്കണം. ശാരീരികമായി ബന്ധുമിത്രാദികളെ നാം ഉപേക്ഷിച്ചു. അതുപോലെതന്നെ നമ്മുടെ അരുചിയും അവരിൽനിന്നും മാറിയിരിക്കട്ടെ. മിശിഹായ്ക്കു മാത്രമായി ജീവിക്കുന്നതിന് ലോകത്തിനു നാം മരിച്ചവരായിരിക്കണം. കർത്താവിന്റെ വാക്കുകൾ നമ്മളെ സംബന്ധിച്ചും അന്വത്ഥമാണ്. അവിടുന്നു പറയുന്നതായതു്: "എന്റെ പുത്രീ, നീ കേൾക്കുക, നോക്കുക, നിന്റെ ചെവി ചായിക്കുക. രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കുവാൻവേണ്ടി നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും നീ മറന്നുകളയുക. എന്തെന്നാൽ നിന്റെ ദൈവമായ കർത്താവു ഇവനാകുന്നു." (സങ്കീ. 45. 10.)

രക്തബന്ധം വഴിയായി നമുക്കേററം അടുത്തിട്ടുള്ളവരിൽനിന്നും മിശിഹായെപ്രതി നമ്മുടെ ഹൃദയങ്ങളെ അകററുന്നതായാൽ നമുക്ക് എത്രയും വലിയ സമ്മാനമാണ് മിശിഹാ വാഗ്ദാനം ചെയ്തിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ "എന്റെ നാമം നിമിത്തം വീടുകളെയൊ, സഹോദരന്മാരെയൊ, സഹോദരികളെയൊ, അപ്പനെയൊ, അമ്മയെയൊ, ഭാര്യയെയൊ, മക്കളെയൊ, നിലങ്ങളെയൊ, ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു

നൂറായി ലഭിക്കും– നിത്യജീവനെ അവൻ അവകാശപ്പെടുത്തു കയും ചെയ്യും.'' (വി. മത്താ. xix. 29) എന്നത്രെ ദിവ്യരക്ഷ കൻ അരുളിച്ചെയ്യുന്നതു്. ശാരീരികമായി മാത്രമല്ല, സ്നേഹ ത്തിൽക്കൂടെയും സ്വന്ത മാതാപിതാക്കന്മാരെ ഉപേക്ഷിക്കുന്നവർക്ക നിത്യഭാഗ്യം സംപ്രാപ്യമാകും, ഈ ജീവിതത്തിൽതന്നെ നൂറു മടങ്ങു പ്രതിഫലം അവർക്കു ലഭിക്കും. ഏതാനും സഹോദരന്മാ രെയൊ, സഹോദരിമാരെയൊ മാത്രമാണു നാം ഉപേക്ഷിക്കുന്ന തു്. പക്ഷേ ആശ്രമത്തിൽ അവർക്കു പകരം അനേകരെ നമുക്കു ലഭിക്കുന്നു. മാതാവിനെയും പിതാവിനെയും നാം ഉപേക്ഷി ക്കുന്നു. പക്ഷേ മാതാവിൻെറ സ്ഥാനത്തു് ദിവ്യജനനിയെയും പിതാവിൻെറ സ്ഥാനത്തു് ദൈവത്തെയും നമുക്കു ലഭിക്കുന്നു. വത്സല സന്താനങ്ങളെപ്പോലെ അവർ നമ്മെ കരുതുന്നു. ''എൻെറ പിതാവും മാതാവും എന്നെ ഉപേക്ഷിച്ചു. പക്ഷേ കർത്താവു് എന്നെ എടുത്തിരിക്കുന്നു.''

## 2. സന്യാസികൾ സകല മനുഷ്യരിൽനിന്നും തങ്ങളെ സ്വയം അകററണം

സന്യാസികൾ കർത്താവിനുള്ളവരാണു്. വ്രതം വഴി യായി അവർ തങ്ങളെത്തന്നെ മിശിഹാക്കായി പ്രതിഷ്ഠിച്ചിരി ക്കുന്നു. അതിനാൽ സംബന്ധികളിൽനിന്നുമാത്രം പോരാ സർവ്വ ജനങ്ങളിൽനിന്നും അവർ അവശ്യം അകന്നിരിക്കേണ്ടതാണു്. സർവ്വ ജനങ്ങളും എന്നു പറഞ്ഞതിൽ താഴെപ്പറയുന്നവരെല്ലാം ഉൾപ്പെട്ടിരിക്കുന്നു.

1. അത്മായർ– സന്യാസികൾ അത്മായരുമായുള്ള അ നാവശ്യബന്ധങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞിരിക്കണം. അതി നുള്ള പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു.

a) ലോകത്തിൽനിന്നും അകന്നു വളരെ ഒതുങ്ങിയ ജീവിതം നയിക്കുവാനും അത്യാവശ്യകാര്യങ്ങളിൽമാത്രം ലോ കരുമായി ഇടപെട്ടു ജീവിക്കത്തക്കവണ്ണം തങ്ങളുടെ ഇടപാടു കളെ നിയന്ത്രിക്കുവാനും സഭാനിയമപ്രകാരം സന്യാസികൾ ബാദ്ധ്യസ്ഥരാണു്. ഒരു സന്യാസി അത്മായരുമായി സംസാരി ക്കുവാൻ ഔത്സുക്യമുള്ളവനായിരിക്കുകയും അത്യാവശ്യംകൂടാതെ

അവരുമായി ഇടപെടുകയും സംഭാഷിക്കുകയും ചെയ്യുന്നു എന്നു വിചാരിക്കുക. അയാൾ തീർച്ചയായും സഭാനിയമം ലംഘിക്കുകയും ദൈവസന്നിധിയിൽ കുററക്കാരനായി ഭവിക്കുകയും ചെയ്യും. ലോകത്തിൽനിന്നും കഴിയുന്നത്ര അകന്നിരിക്കുവാൻ സാധിക്കാതെ വരുന്നു എങ്കിൽ സന്ന്യാസാരൂപിയല്ല ലോകാരൂപിയാണു് അയാളെ നയിക്കുന്നതെന്നു് അതിനാൽ സ്പഷ്ടമാകുന്നു. അയാളുടെ ജീവിതം ശരിയായ മാർഗ്ഗത്തിലൂടെ അല്ലാ എന്നും അതിനാൽ തെളിയുന്നു.

b) വിലയേറിയതായ സമയം നഷ്ടപ്പെട്ടുത്താതിരിക്കുവാൻ– അത്മായർ പലപ്പോഴും എന്നല്ല അനുദിനവും ആശ്രമത്തിൽ ചെല്ലുന്നു എന്നും സന്ന്യാസികൾ ദീർഘസമയം അവരുമായുള്ള സംഭാഷണത്തിനായി വ്യയം ചെയ്യുന്നു എന്നും സങ്കല്പിക്കുക. ഇതു് ഒരു പതിവായിത്തീരുന്നപക്ഷം കൂടുതൽ ഉപകാരപ്രദമായി വിനിയോഗിക്കാമായിരുന്നതും വിനിയോഗിക്കേണ്ടതുമായ എത്രമാത്രം സമയമാണു് ആണ്ടുവട്ടത്തിൽ സന്ന്യാസികൾക്കു നഷ്ടപ്പെടുന്നതു എന്നു് ആലോചിച്ചുനോക്കുക. അവസാനം ഓരോരുത്തരും ഓരോ ദിവസത്തിൻെറയും എന്നല്ല വിനാഴികയുടെതന്നെയും കണക്കു ബോധിപ്പിക്കണമെന്നുള്ളതു വാസ്തവമായിരിക്കെ വിനാഴികയല്ല മണിക്കൂറുകളും ദിവസങ്ങൾതന്നെയും ഇങ്ങനെ വ്യർത്ഥമായ സംഭാഷണങ്ങൾക്കായി വിനിയോഗിക്കുന്ന കൂട്ടർ എത്രയോ ഭയപ്പെടേണ്ടിയിരിക്കുന്നു.

c) പലപ്രകാരത്തിൽ ദൈവത്തെ ഉപദ്രവിക്കുവാനിടയാകുന്ന ആപത്തുകളിലും സാഹചര്യങ്ങളിലുംനിന്നു ഒഴിഞ്ഞിരിക്കുന്നതിനു്– വചനങ്ങൾ വഴിയായി ചെയ്യുവാൻ പാടുള്ള പാപങ്ങളുടെ കാര്യം ഈ അവസരത്തിൽ നമ്മുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കണം. ചില ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാം. അത്മായരുമായി ദീർഘസംഭാഷണത്തിലേപ്പെട്ടു കഴിയുമ്പോൾ ഇന്നത്തെ സംഭാഷണം പാപകരമായിപ്പോയല്ലോ എന്നു വിചാരിച്ചു പലപ്പോഴും പശ്ചാത്തപിക്കുവാൻ ഇടയാകാറില്ലേ? ഇങ്ങനെയുള്ള സംഭാഷണങ്ങൾമൂലം സന്ന്യാസസാഹോദര്യം, സത്യം, എളിമ എന്നിവ ലംഘിക്കുവാൻ ഇടയാകാറില്ലേ? ചിലപ്പോൾ പാപകരംകൂടെയുമായ അത്മായരുടെ സംഭാഷണങ്ങൾ സഹാനുഭൂതിയോടെ ശ്രവിക്കയൊ അഥവാ മര്യാദ പുരസ്സരിച്ചു അവരുടെ അഭിപ്രായങ്ങളെ പിൻതാ

ങ്ങുകയോ ചെയ്യുന്നതിനു ഇടയാകുന്നില്ലേ? സഭയുടെ നന്മയെ ഉദ്ദേശിച്ചു രഹസ്യമായി സൂക്ഷിക്കേണ്ട വസ്തുതകൾ പലതുണ്ടാകാം. ഇങ്ങനെയുള്ള സംഭാഷണവേളകളിൽ ഈ രഹസ്യകാൎയ്യങ്ങളെപ്പററി പറയുവാൻ ചിലൎക്കു വലിയ ജിജ്ഞാസ ഉണ്ടാകാവുന്നതാണു്. അത്മായരുമായി വിശിഷ്യാ ഇതരവൎഗ്ഗക്കാരുമായുള്ള ഇടപാടുകൾ വളരെ ആപല്ക്കരവുമാകാം. ഘനമായ പാപത്തിനുതന്നെയും ഇടയാക്കിയേക്കാവുന്ന വലിയ പരീക്ഷകൾ ഇതുമൂലം ഉണ്ടാകാനും പാടുണ്ടു്. അതിനു പ്രത്യേക വിധിയായി ആരേയും കുററപ്പെടുത്തേണ്ട കാൎയ്യമില്ല. മനുഷ്യപ്രകൃതി എവിടെയായാലും ഏതു സാഹചൎയ്യത്തിലായാലും മനുഷ്യപ്രകൃതി തന്നെയാണു്. ലോകത്തിലെന്നതുപോലെ ആശ്രമത്തിലും ദുരാശാപാശങ്ങൾ പ്രബലപ്പെടുവാൻ ഉററുശ്രമിച്ചുകൊണ്ടിരിക്കും.

അതിനാൽ, അത്മായരുമായി ഇടപെടുകയോ സംഭാഷിക്കുകയോ ചെയ്യുന്ന കാൎയ്യത്തിൽ നാം പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കയും താഴെപ്പറയുന്നവയിൽ വളരെ നിഷ്ഠയോടെ വൎത്തിക്കയും വേണം. അതായതു്: 1. ഒരത്മായനുമായി സംസാരിക്കേണ്ട ആവശ്യം നേരിടുന്നപക്ഷം അതിനു മുൻപായി ആ സംഭാഷണംമൂലം യാതൊരു പാപത്തിലും വീഴാതിരിക്കുവാൻ ദിവ്യരക്ഷകൻെറ സഹായം അപേക്ഷിക്കുക. 2. കേവലം സമയം കളയുവാനായിട്ടോ ലോകവിശേഷങ്ങൾ ഗ്രഹിച്ചു സഭാംഗങ്ങളെല്ലാവരെയും പറഞ്ഞുകേൾപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയോ അത്മേനികളെ കാണുകയോ സംസാരിക്കുകയോ ചെയ്യരുതു്. 3. ആശ്രമത്തിൽ നടക്കുന്നതിൽ രഹസ്യമായിരിക്കേണ്ട കാൎയ്യങ്ങൾ ഒന്നുംതന്നെ സംഭാഷണത്തിനിടയിൽ വെളിക്കു വിടരുതു്. 4. അത്മായർ ഒരുപക്ഷേ നിരുപയോഗമായ കാൎയ്യങ്ങളൊ അഥവാ വിവാഹകാൎയ്യം, നൃത്തകാൎയ്യം, പ്രണയകാൎയ്യം തുടങ്ങിയ അനാശാസ്യവിഷയങ്ങളൊ സംഭാഷണവിഷയമാക്കുന്നു എങ്കിൽ അതു തടയുക അല്ലെങ്കിൽ വിഷയം മാററിക്കൊണ്ടു് എന്തെങ്കിലും നല്ല കാൎയ്യത്തെപ്പററി സംഭാഷണം തുടരുക. 5. അത്മായരുമായുള്ള സംഭാഷണസമയം കഴിയുന്നത്ര ചുരുക്കുവാൻ യത്നിക്കുക. എന്തെങ്കിലും അത്യാവശ്യകാൎയ്യമുണ്ടെന്ന ഭാവത്തിൽ അവരിൽനിന്നും കഴിയുംവേഗം അകന്നുപോവുക. സന്ദൎശനസമയം എത്രകണ്ടു കുറഞ്ഞിരിക്കുമോ

അത്രയ്ക്കു കുററങ്ങളും കുറഞ്ഞിരിക്കും; സന്ദർശനം എത്ര അപൂൎവ്വമായിരിക്കുമോ അത്രയ്ക്കു ആത്മീയമായ ഏകാഗ്രതയും ഹൃദയ സമാധാനവും പാലിക്കുവാനും, നന്മയിൽ നിലനില്ക്കുവാനും വളരെ എളുപ്പത്തിൽ സാധിക്കുകയും ചെയ്യും.

2. വൈദികർ— ലൌകികരുമായുള്ള ക്രമരഹിതമായ സങ്കല വേഴ്ചകളിൽനിന്നും മാറിയതുകൊണ്ടു മാത്രവുമായില്ല. സന്യാസിയ്ക്കു അപകടം ഭവിക്കുവാൻ വേറെയും മാൎഗ്ഗമുണ്ടു്. ദൈവശുശ്രൂഷികളുടെനേക്ക്, ഭക്തജീവിതം കഴിക്കുന്നവരുടെനേക്ക്, ക്രമാതീതമായ പ്രതിപത്തി തോന്നിയേക്കാം. ഉദാഹരണമായി, ഒരു ആത്മപാലകനു്, താൻ ഏതാളിന്റെ ആത്മപാലകത്വം വഹിക്കുന്നുവോ ആ ആളിനോടും, പ്രസ്തുത ആളിനു് തന്റെ ആത്മഗുരുവിനോടും ഇപ്രകാരമുള്ള പ്രതിപത്തിയുണ്ടാകുവാൻ ഇടയുണ്ടു്. പ്രഥമഘട്ടത്തിൽ ഇതു് ആപല്ക്കരമായി തോന്നുകയില്ല: എന്നാൽ അനേകം ആത്മാക്കളെ ഇതു് അപകടത്തിലാക്കിയിട്ടുണ്ടു്.

വി. തോമ്മാമല്ലാൻ പറയുന്നതു് ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണു്. "നമ്മുടെ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതരാകുന്ന വ്യക്തികൾ എത്രകണ്ടു ഭക്തരാണോ അത്രയ്ക്കും നാം കൂടുതൽ സൂക്ഷ്മമുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ, അവരെപ്പററി ഉണ്ടാകുന്ന മതിപ്പു് ഒന്നിനൊന്നു് നമ്മെ അവരിലേക്കാകൎഷിച്ചു അവരെ കൂടുതൽ കൂടുതലായി സ്നേഹിക്കുന്നതിനിടയാക്കും. ആപത്തിനെ മറച്ചുവെക്കുവാൻ പിശാചു വളരെ സമൎത്ഥനാണു്. ആദിയിൽതന്നെ അവൻ വിഷലിപ്തമായ അസ്ത്രങ്ങളാൽ ഹൃദയത്തെ മുറിപ്പെടുത്തുകയില്ല; പ്രത്യുത, ഹൃദയൈക്യത്തെയും സ്നേഹചിന്തയെയും ഉജ്ജ്വലിപ്പിച്ചുകൊണ്ടു് ചെറിയ മുറിവുകൾക്കിടയാക്കും. ഇങ്ങനെ രണ്ടാളുകൾ തമ്മിൽ സ്നേഹപാശത്താൽ ബന്ധിതരായി കഴിയുമ്പോൾ മാലാഖാമാരെപ്പോലെയല്ല, മാംസരക്തങ്ങളോടുകൂടിയ രണ്ടു മനുഷ്യർപ്പോലെ അവർ സംഭാഷണം ആരംഭിക്കും. പരസ്പരം നോക്കിക്കൊണ്ടു സ്നേഹസല്ലാപം നടത്തും. മററാരുംകൂടാതെ രണ്ടുപേരും തനിച്ചായാൽകൊള്ളാമെന്നുള്ള ആഗ്രഹം അവരിൽ

ജനിക്കും. ക്രമേണ ഈ ആത്മീയമൈത്രി ജഡികസ്സേഹമായി രൂപാന്തരപ്പെടുകയും ചെയ്യും.''

സന്ന്യാസിനികൾ വൈദികരോടനുവർത്തിക്കേണ്ട വിധത്തെപ്പററി വി. അല്ഫോൻസ് ഇങ്ങനെ പ്രസ്താവിക്കുന്നു: "വൈദികരുടെ കാര്യത്തിൽ കന്യാസ്ത്രീകൾ വളരെ കരുതലോടും സൂക്ഷത്തോടുംകൂടി പെരുമാറേണ്ടതാണ്. ദൈവത്തെയൊ ആത്മീയകാര്യങ്ങളെയൊപററി സംസാരിക്കാതെ തങ്ങളോടുള്ള പ്രത്യേകസ്സേഹം ഉദ്ദേശിച്ചാണു അവർ വരുന്നതെങ്കിൽ കന്യാസ്ത്രീകൾ പ്രത്യേകിച്ചും കരുതലോടുകൂടിയിരിക്കണം.'' പാപസങ്കീർത്തനവേളയിൽ മാത്രമേ തൻെറ കുമ്പസാരക്കാരനോടു താൻ സംസാരിക്കുകയുള്ളു എന്ന് ഒരു സന്ന്യാസിനി നിശ്ചയിക്കുന്നപക്ഷം അതു അത്യന്തം ഉചിതമായിരിക്കും. അന്യരുമായി പ്രത്യേകം ഇതര വർഗ്ഗക്കാരുമായി ഉള്ള എല്ലാ സംഭാഷണങ്ങളിലും ഇടപാടുകളിലും ദൈവഭയം നമ്മുടെ ഹൃദയത്തിൽ കുടികൊള്ളേണ്ടതാണ്.

3. <u>കൂട്ടുസഭാംഗങ്ങൾ</u>— ഇവരോടുള്ള സ്സേഹവും ക്രമരഹിതമാകാം. കളങ്കരഹിതമായി, ഹാർദ്ദമായി പരസ്പരം സ്സേഹിക്കുക, തമ്മിൽ തമ്മിൽ സമാധാനമായിരിക്കുക, സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുക ഇങ്ങനെയാണ് ഒരു സഭയുടെ അംഗങ്ങളായിരിക്കുന്നവർ ജീവിക്കേണ്ടതു്. എങ്കിലും തമ്മിൽ തമ്മിൽ പ്രത്യേകസ്സേഹം ആരുമായും ഉണ്ടായിരിക്കരുതു്. ഇങ്ങനെയുള്ള പ്രത്യേകസ്സേഹം തികച്ചും നിഷിദ്ധമാണെന്നു ആത്മീയഗുരുക്കന്മാരെല്ലാം ഏകകണ്ഠമായി വിധിച്ചിരിക്കുന്നു. സന്ന്യാസജീവിതത്തിലെ സാംക്രമികരോഗം, പ്ളേഗ്, മഹാമാരി എന്നിങ്ങനെയാണ് അവർ ഈ സ്സേഹത്തെ അഭിസംബോധന ചെയ്യുന്നതും വീക്ഷിക്കുന്നതും. കൂട്ടജീവിതത്തിൽ നേരിടുന്ന കലക്കങ്ങൾക്കും ഭിന്നാഭിപ്രായങ്ങൾക്കും പലപ്പോഴും നിദാനമായി ഭവിക്കുന്നതു ഈ ഒരു സ്സേഹമാണ്. ഇതു് കക്ഷിതിരിവിനും പിരിവിനും എല്ലാം ഇടയാക്കി സന്ന്യാസജീവിതം നരകജീവിതത്തിനു തുല്യമാക്കിക്കളയുന്നു. ഈ വിധത്തിലുള്ള അടുപ്പവും സ്സേഹവും ഏററം വെറുക്കത്തക്കതായ കഠിന പാപങ്ങളിലേയ്ക്കു നമ്മെ നയിച്ചേക്കാം. ഇത്തരം പാപങ്ങൾ പാപസങ്കീർത്തനത്തിൽ മറച്ചുവയ്ക്കുവാനും അങ്ങനെ ഏററം ഭയാനകങ്ങളായ

ദൈവദോഷങ്ങളിൽ ഉൾപ്പെടാനും ഇടയാകുക സാധാരണമാണ്. ഈവക പാപങ്ങളെപ്പററി ഇവിടെ കൂടുതലായൊന്നും വിവരിക്കുന്നില്ല. മറെറന്തിനെയുംകാൾ കൂടുതലായി ഇത്തരത്തിലുള്ള സ്നേഹത്തെ നാം വജ്ജിക്കേണ്ടതത്രെ. നമ്മുടെ സ്നേഹം ദൈവത്തിലും ദൈവത്തെപ്രതിയും ഉള്ളതായ ക്രിസ്തീയസ്നേഹം ആയിരിക്കണം. യാതൊരുത്തൻെറയുംനേരെ ക്രമരഹിതമായ ഒരു പക്ഷം നമ്മുടെ ഹൃദയത്തിൽ ഉണ്ടാകരുതു്.

എപ്പോഴാണ് നമ്മുടെ സ്നേഹം നിഷിദ്ധവും അശുദ്ധവുമായിത്തീരുന്നതെന്നറിയുന്നതിനു വി. ബൊനവെന്തുരാ ചില ലക്ഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്. അതായതു്, വ്യത്ഥവും ദീഘവുമായ സംഭാഷണങ്ങൾക്കിടംകൊടുക്കുക; പരസ്പരം നോക്കുന്നതിനും കാണുന്നതിനും അന്യോന്യം പുകഴ്ത്തുന്നതിനും താല്പയ്യപ്പെടുക; പരസ്പരതെററുകൾ നിസ്സാരമായി പരിഗണിക്കുക; തൻെറ സ്നേഹപാത്രത്തെ വേറൊരാൾ സ്നേഹിക്കുന്നതു അസഹ്യമായി കരുതുക; ഒരാളിൻെറ അഭാവത്തിൽ മറെറയാളിനു ഒരസ്വാസ്ഥത തോന്നുക— ഈ ലക്ഷണങ്ങൾ കാണപ്പെടുന്നു എങ്കിൽ ആ സ്നേഹം നിമ്മലമായതല്ല എന്നു നിശ്ചയിക്കാം.

സന്യാസസഭാപ്രവേശനത്തോടുകൂടി ലോകത്തോടു എന്നേയ്ക്കുമായി യാത്ര പറഞ്ഞു പിരിഞ്ഞ നാം ലോകത്തിനു മരിച്ചവരായും മുഴുവനും മിശിഹായുടെ സമ്പത്തായും തീൎന്നുപോയി. തന്നിമിത്തം ഇനി നാം മററാരുടേതുമല്ല, മിശിഹായ്ക്കുമാത്രം ഉള്ളവരാണ്. ആത്മാവോടും ശരീരത്തോടുംകൂടെ വീണ്ടും നമ്മെ മിശിഹായ്ക്കായി നമുക്കു സമപ്പിക്കാം. "കത്താവേ, അങ്ങേയ്ക്കുവേണ്ടി ഞാൻ ജീവിക്കുന്നു, കത്താവേ, അങ്ങേയ്ക്കുവേണ്ടി ഞാൻ മരിക്കുന്നു, കത്താവേ, ജീവിതത്തിലും മരണത്തിലും ഞാൻ നിൻേറതാകുന്നു ആമ്മേൻ."

## 8. ദാരിദ്ര്യവ്രതം

ഒരു ദിവസം ഒരു യുവാവു് ദിവ്യരക്ഷകനെ സമീപിച്ചുകൊണ്ടു് "നിത്യജീവൻ പ്രാപിക്കുന്നതിനു് എന്തു നന്മയാണു് ഞാൻ ചെയ്യേണ്ടതു്?" എന്നു ചോദിച്ചു. "നീ പ്രമാണങ്ങൾ അനുസരിക്കുക" എന്നു ദിവ്യരക്ഷകൻ ഇതിനു മറുപടി നൽകി. "ഏതു പ്രമാണങ്ങളാണു് അനുസരിക്കേണ്ടതു്?" എന്നു ആ യുവാവു് വീണ്ടും ചോദിച്ചപ്പോൾ പത്തു പ്രമാണങ്ങളിൽ ചിലതെല്ലാം ദിവ്യഗുരു അവനെ പറഞ്ഞുകേൾപ്പിച്ചു. "ഇവയെല്ലാം ചെറുപ്പംമുതലേ ഞാൻ അനുസരിക്കുന്നുണ്ടു് ഇനിയും എന്താണു് എനിക്കു കുറവുള്ളതു്?" എന്നായി ആ യുവാവു്. ഉടനെ കർത്താവു് ഇങ്ങനെ അരുളിച്ചെയ്തു. "പരിപൂർണ്ണനാകുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ നീ പോയി നിനക്കുള്ളതെല്ലാം വിററു് സാധുക്കൾക്കു കൊടുക്കുക. സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ നീ എൻെറ പിന്നാലെ വരിക." ഇതു കേട്ടപ്പോൾ ആ യുവാവിനു സങ്കടമാണുണ്ടായതു്. തൽക്ഷണം അവൻ രക്ഷകനിൽനിന്നും അകന്നുപോയി. ധനികനായ ഒരു യുവാവായിരുന്നു അവൻ. തൻെറ ധനം മുഴുവൻ ഉപേക്ഷിക്കുക എന്നതു കുറെ കഠിനമാണെന്നാണു് അവനു തോന്നിയതു്. അതിനാൽ ആ ധനമെല്ലാം ഉപേക്ഷിക്കുവാൻ അവനു മനസ്സോ ധൈര്യമോ ഉണ്ടായില്ല. (വി. മത്തായി xix. 16–22)

പുണ്യജീവിതത്തിനും പരിപൂർണ്ണതാപ്രാപ്തിക്കും സമ്പത്തു എത്ര പ്രതിബന്ധമാണെന്നുള്ളതിനു മതിയായ ഒരുദാഹരണമാണു്, ഇവിടെ ഈ യുവാവിൻെറ കാര്യത്തിൽ നാം ദർശിക്കുന്നതു്. പണവും സ്വത്തുക്കളും കൈവിടുക എന്നുള്ളതു് അത്ര എളുപ്പമല്ല. മാത്രമോ? സമ്പത്തു പലപ്പോഴും നിരവധി പാപങ്ങൾക്കു കാരണമായിത്തീരുകയും ഒടുവിൽ മനുഷ്യനെ നിത്യശിക്ഷയിൽ നിപതിപ്പിക്കുകയും ചെയ്യും. ഇതിനാലത്രെ "സമ്പന്നന്മാരായിത്തീരുന്നവർ പരീക്ഷകളിൽ ഉൾപ്പെടുന്നു, പിശാചിൻെറ വലയിൽ പതിക്കുന്നു, വിഫലവും വിനാശകരവുമായ ആഗ്രഹങ്ങൾക്കു വിധേയരാകുന്നു. അവ അവരെ നാശഗർത്തത്തിലും നിത്യശിക്ഷയിലും നിപതിപ്പിക്കുന്നു" (1 തിമോ. vi. 9) എന്നു വി. ശ്ലീഹാ പറയുന്നതു്.

ഭക്താത്മാവേ, സന്യസ്തജീവിതം പരിപൂൎണ്ണതയുടെ ഒരു ജീവിതാവസ്ഥയാണ്. നീ ഇതാ ക്രിസ്തീയ പൂൎണ്ണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ലൗകികസമ്പത്തുകൾ ക്രിസ്തീയ പുണ്യത്തിനും, പൂൎണ്ണതയ്ക്കും വലിയ പ്രതിബന്ധമാകയാലും അവ മനുഷ്യരെ നിരവധി പാപങ്ങളിലേയ്ക്കു് നയിക്കുന്നതിനാലും ഇതാ നീ ദാരിദ്ര്യവ്രതം വാഗ്ദാനം ചെയ്തുകൊണ്ടു് ലോകസമ്പത്തുകളെല്ലാം പരിച്ഛേദം എന്നേയ്ക്കുമായി ഉപേക്ഷിച്ചിരിക്കുന്നു. വാസ്തവത്തിൽ സുവിശേഷ പുണ്യപൂൎണ്ണതയുടെ അടിസ്ഥാനംതന്നെ ദാരിദ്ര്യമാണ്. നിത്യരക്ഷയുടെ ശത്രുക്കളോടുള്ള പോരാട്ടത്തിൽ മനുഷ്യന്റെ വിദഗ്ദ്ധനായ സഹകാരിയും സംരക്ഷകനുമാണ് ഇതു്. ക്രിസ്തീയ പുണ്യാഭ്യസനത്തെ ദാരിദ്ര്യം ക്ഷിപ്രസാദ്ധ്യമാക്കുന്നു.

അതിനാൽ ഈ ദാരിദ്ര്യവ്രതത്തെപ്പററി, അതു എന്തിലേയ്ക്കു നമ്മെ നിർബന്ധിക്കുന്നു, എങ്ങനെ നമ്മെ നിർബന്ധിക്കുന്നു, എന്നീ രണ്ടു സംഗതികളെപ്പററി നമുക്കു സ്വല്പം ചിന്തിക്കാം.

## 1. ദാരിദ്ര്യവ്രതം എന്തിലേക്കു നമ്മെ നിർബന്ധിക്കുന്നു?

ദാരിദ്ര്യം പറഞ്ഞൊക്കുന്ന ആൾ തനിക്കുള്ളതെല്ലാം പൂൎണ്ണമായും പരിത്യജിക്കുന്നു. എന്തെന്നാൽ തനിക്കുള്ളവയും ഉണ്ടാകുവാൻ പാടുള്ളവയുമായ സമസ്തവും സ്വാഭീഷ്ടാനുസരണം വിനിമയം ചെയ്യുന്നതിനുള്ള അവകാശംപോലും ഉപേക്ഷിച്ചുകൊണ്ടു് തന്റെ ശിഷ്ടായുസ്സു മുഴുവനും ദാരിദ്ര്യത്തിൽ ജീവിച്ചുകൊള്ളാമെന്നു് ഒരുവൻ ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപാകെ ചെയ്യുന്ന ഒരു സത്യപ്രതിജ്ഞയാണു് ദാരിദ്ര്യവ്രതം. ഇതിനാൽ, ദാരിദ്ര്യവ്രതാനുഷ്ഠാനത്തിനുശേഷം "ഇതെനിക്കുള്ളതാകുന്നു, അഥവാ ഇതു് എന്റേതാകുന്നു" എന്നു പറയുവാൻ തക്കതായി ഒരു സന്ന്യാസിയ്ക്കു് ഒന്നുംതന്നെ ഉണ്ടാവുകയില്ല. അതിനു നിവൃത്തിയുമില്ല. അയാളുടെ കയ്യിൽക്കൂടി കയറി ഇറങ്ങുന്ന പണം, അയാൾ ധരിക്കുന്ന വസ്ത്രം, കഴിക്കുന്ന ആഹാരം, വായിക്കുന്ന പുസ്തകം എന്നുവേണ്ട സ്വന്ത കൈവശ

മുള്ളതും ഉപയോഗത്തിലിരിക്കുന്നതുമായ സമസ്തവും അയാളുടേതല്ല, അയാൾ ഉൾപ്പെടുന്ന സഭയുടേതാണ്. ഇവ അയാൾക്കു് ഉപയോഗിക്കാമെന്നുള്ളതു് ശരിതന്നെ. പക്ഷെ ആ ഉപയോഗം സഭയുടെ നിയമം അഥവാ മേലധികാരിയുടെ അനുമതി എത്രമാത്രം അനുവദിക്കുമൊ അത്രക്കേയുള്ളൂ. അതിപ്രധാനമായ ഈ വ്രതത്തിൻെറ പരിധി എത്രമാത്രമാണെന്നു് ഒന്നുകൂടി വിശദീകരിക്കാം.

1. ദാരിദ്ര്യവ്രതം താഴെപ്പറയുന്നവയെല്ലാം ഒരു സന്യാസിയ്ക്കു നിരോധിക്കുന്നു.

a. ശ്രേഷ്ഠാനുമതി കൂടാതെ എന്തെങ്കിലും വെച്ചുസൂക്ഷിക്കുന്നതു് — ഉദാഹരണമായി, ഒരു വസ്ത്രമൊ, പുസ്തകമൊ, പണമൊ എന്തെങ്കിലും. ഇതിനാൽ ഒരു സന്യാസി ശ്രേഷ്ഠാനുമതി കൂടാതെ വലുതൊ ചെറുതൊ ആയ എന്തെങ്കിലും സ്വായത്തമാക്കി വച്ചുകൊണ്ടിരിക്കുകയോ, കൈവശമുള്ള എന്തെങ്കിലും ഉപേക്ഷിക്കണമെന്നു ആജ്ഞാപിക്കപ്പെട്ടിട്ടു് ആ ആജ്ഞയനുസരിച്ചു് പ്രവത്തിക്കാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ അതുമൂലം അയാൾ ദാരിദ്ര്യവ്രതത്തിനെതിരായി പിഴക്കുന്നു.

b. ആക്കെങ്കിലും എന്തെങ്കിലും ഇഷ്ടാനുസരണം നൽകുന്നതും ദാനം കൊടുക്കുന്നതും ദാരിദ്ര്യവ്രതം സന്യാസിക്കു് നിരോധിക്കുന്നു.

സ്വപിതാവിൻെറ വസ്തുക്കളിൽനിന്നും, പിതാവിൻെറ അനുമതികൂടാതെ ആർക്കെങ്കിലും എന്തെങ്കിലും, ധമ്മമായൊ സമ്മാനമായൊ നൽകുന്നതിനു് മക്കൾക്കു് അനുവാദമില്ലല്ലൊ. ഇതേവിധംതന്നെ സഭ വകയായി എന്തെങ്കിലും കൈകാര്യം ചെയ്യുന്നതിനു് സന്യാസിയ്ക്കും പാടുള്ളതല്ല. ഒരു സന്യാസിയ്ക്കു് സ്വന്തമായി ആശ്രമത്തിൽ യാതൊന്നുമില്ല. എല്ലാം സഭ വകയാണ്. അനുമതികൂടാതെ എന്തെങ്കിലും നൽകുന്നു എങ്കിൽ അതു മോഷണത്തിനു തുല്യമെന്നല്ല മോഷണംതന്നെയാണ്. അന്യൻെറ വക അവൻെറ അനുമതിയൊ സമ്മതമൊ കൂടാതെ എടുക്കുന്നതിനാണല്ലൊ മോഷണം എന്നു പറയുന്നതു്. അതിനാൽ ഇതും മോഷണംതന്നെ. ഒരു സന്യാസി അനുമതികൂടാതെ ആക്കെങ്കിലും എന്തെങ്കിലും ദാനം ചെയ്യുന്നു എങ്കിൽ അതു സ്വീകരിക്കുന്നവനും അതിനവകാശമില്ലെന്നു ഇതിൽനിന്നും

സ്പഷ്ടമാണല്ലൊ. അതു തിരിച്ചേല്പിക്കുവാൻ സ്വീകരിക്കുന്നവൻ ബാദ്ധ്യസ്ഥനാണ്. എന്തുകൊണ്ടെന്നാൽ ദാനവസ്തുവിൻെറ ഉടമസ്ഥനല്ല അതു് അവനു നൽകീട്ടുള്ളതു്. ശ്രേഷ്ഠൻ വിരോധിക്കയില്ലെന്നുറപ്പുള്ളപ്പോൾ ഊഹിതാനുവാദപ്രകാരം ഒരു സന്യാസിയ്ക്കു വല്ലതും നൽകുവാൻ പാടുണ്ടെന്നതു വാസ്തവംതന്നെ. എന്നിരുന്നാലും പ്രത്യേകാനുമതികൂടാതെ ദാനങ്ങൾ നൽകുന്ന കാര്യത്തിൽ സന്യാസികൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണു്. എന്തെന്നാൽ, അതു പലപ്പോഴും വ്രതലംഘനംതന്നെ ആയിത്തീരും. പോരെങ്കിൽ അതു സഭാചട്ടത്തിനും ക്രമമായ നടപടിക്കും ബാധകമായും വരും. മാത്രമല്ല; അതു പല കുഴപ്പങ്ങൾക്കും ക്രമക്കേടുകൾക്കും വഴിതെളിക്കയും ചെയ്യും.

ഉടമസ്ഥതയ്ക്കും ഉപയോഗത്തിനുള്ള അവകാശത്തിനും തമ്മിൽ വലിയ അന്തരമാണുള്ളതു്. ഒരു വസ്തുവിൻെറ ഉടമസ്ഥാവകാശക്കാരനു് അവൻെറ ഹിതാനുസരണം അതു് ആർക്കെങ്കിലും നൽകുകയൊ, കടം കൊടുക്കുകയൊ വില്ക്കുകയൊ എന്തെങ്കിലും ചെയ്യാം. നേരെമറിച്ചു് അതു് ഉപയോഗിക്കുന്നതിനുള്ള അവകാശം മാത്രമുള്ളവക്കു് ആ സാധനം ഹിതാനുസരണം കൈവിട്ടുകളയാവുന്നതല്ല. അതു കടം കൊടുക്കുകയൊ വില്ക്കുകയൊ നിർദ്ദിഷ്ടമായ വിധത്തിലല്ലാതെ മറേറതെങ്കിലും വിധത്തിൽ ഉപയോഗപ്പെടുത്തുകയൊ ഒന്നും ചെയ്തുകൂടാത്തതാകുന്നു. നാം ഒരാളെ ഒരു വിരുന്നിനായി ക്ഷണിച്ചു എന്നിരിക്കട്ടെ. ക്ഷണിക്കപ്പെട്ട ആളിനു് മേശമേൽ വെയ്ക്കപ്പെടുന്ന സാധനങ്ങളുടെമേൽ കർതൃത്വം വല്ലതും സിദ്ധിക്കുമൊ? ആ സാധനങ്ങളിൽ എന്തെങ്കിലും എടുത്തുകൊണ്ടുപോകുവാനൊ ഇഷ്ടജനങ്ങൾക്കു ദാനം ചെയ്യുവാനൊ വില്ക്കുവാനൊ ഒന്നും അയാൾക്കധികാരമില്ല. അവൻെറ മുൻപിൽ വിളമ്പിക്കൊടുക്കുന്നതു് ഭക്ഷിക്കാം. അത്രമാത്രം. അതിനുള്ള അവകാശംമാത്രം നാം അയാൾക്കു കൊടുക്കുന്നു. 'ഇതാണ് ഉടമസ്ഥാവകാശവും, ഉപയോഗത്തിനുള്ള അവകാശവും തമ്മിലുള്ള വ്യത്യാസം. ഉപയോഗത്തോടുകൂടി തീൎന്നുപോകുന്നവ സംബന്ധിച്ചു് മേൽ പറഞ്ഞ ഉദാഹരണം അന്വത്ഥമാണു്. ശ്രേഷ്ഠാനുമതിയോടുകൂടി സന്യാസസഭാംഗങ്ങളുടെ കൈവശം വച്ചുകൊണ്ടിരിക്കുന്ന സാധനങ്ങളെ സംബന്ധിച്ചും ഇങ്ങനെതന്നെ പറയാം. സന്യാസികൾക്കു് എന്തെങ്കിലും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അതു ഉപയോഗ

ത്തിനു മാത്രമാണ്. അതിനാൽ അവ യഥാവിധി ഉപയോഗി ക്കുന്നതല്ലാതെ സ്വന്തം ഇഷ്ടംപോലെ കൈമാററം ചെയ്യാവു ന്നതല്ല; എന്തുകൊണ്ടെന്നാൽ അവക്കതിന്റെ ഉടമസ്ഥാവകാശ മില്ല.

c) ആഹാരസാധനങ്ങൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ മുതലായ എന്തെങ്കിലും തനിക്കായി എടുക്കുന്നതും വ്രതം നിരോ ധിക്കുന്നു– ഇതു സ്വയം സ്പഷ്ടമായ ഒരു കാര്യമാണ്. ഉപയോ ഗത്തിനു ശ്രേഷ്ഠൻ അനുവദിച്ചുകൊടുക്കുന്ന സാധനങ്ങൾപോലും കൈമാറുന്നതിനു സഭാംഗങ്ങൾക്കു അനുമതി ഇല്ലായെങ്കിൽ ശ്രേഷ്ഠന്റെ അനുമതികൂടാതെ സഭവക എന്തെങ്കിലും സാധന ങ്ങൾ കൈമാററം ചെയ്യാവുന്നതല്ലെന്നും ഏതന്മൂലം ലൈബ്രറി യിൽനിന്നും പുസ്തകങ്ങളൊ, വസ്ത്രം സൂക്ഷിക്കുന്ന സ്ഥലത്തുനി ന്നും വസ്ത്രങ്ങളൊ, മറേറതെങ്കിലും സ്ഥാനത്തുനിന്നും എന്തെങ്കി ലും സാധനങ്ങളൊ അനുമതികൂടാതെ എടുക്കാവുന്നതല്ലെന്നും സിദ്ധിക്കുന്നു. അങ്ങനെ ചെയ്യുന്നുവെങ്കിൽ അതു ദാരിദ്ര്യവ്രത ത്തിന്റെ ഒരു ലംഘനംതന്നെ ആയിരിക്കും. ഫാദർ റെഞ്ഞാ ദസ് എന്നൊരു വന്ദ്യദേഹം ബൊളോഞ്ഞായിലെ ഡൊമീനി ക്കൻ ആശ്രമത്തിന്റെ ശ്രേഷ്ഠനായിരിക്കുകയിൽ അവിടുത്തെ ഒരു സഹായസഹോദരൻ അയാളുടെ വസ്ത്രങ്ങൾ നന്നാക്കുന്ന തിനായി പുറമെ ഉള്ള ഒരാളിൽനിന്നും ശ്രേഷ്ഠന്റെ അനുമതി കൂടാതെ ഒരു കഷണംതുണി സ്വീകരിച്ചു. ശ്രേഷ്ഠൻ ഇതറിഞ്ഞ ഉടനെ അയാളെ കുററശോധനാസംഘത്തിൽ വിളിച്ചുവരുത്തി ഒരു മോഷ്ടാവിനെ എന്ന വിധം അയാളെ ശാസിച്ചു കഠിന മായ ഒരു ശിക്ഷ നൽകിയശേഷം ആ തുണിക്കഷണം അ യാളുടെയും, ആശ്രമവാസികളേവരുടെയും കൺമുമ്പിൽവച്ച് അഗ്നിക്കിരയാക്കി കളഞ്ഞുവത്രെ. ദാരിദ്ര്യപാലനത്തിൽ സഭാ ധികാരികൾ എത്രമാത്രം ശ്രദ്ധപതിച്ചിരുന്നുവെന്നു കണ്ടാലും.

d) സമ്മാനങ്ങൾ സ്വീകരിക്കുകയൊ അവ സൂക്ഷിക്കു കയൊ ചെയ്യുന്നതും വ്രതം നിരോധിക്കുന്നു– ദാരിദ്ര്യവ്രതംവഴി സകല ഉടമസ്ഥതകളും അതിനുള്ള അവകാശങ്ങളും എന്നേയ്ക്കു മായി പരിത്യജിക്കുന്ന സന്യാസികൾക്കു സ്വന്തമായി വാങ്ങി ക്കയൊ സൂക്ഷിക്കയൊ ചെയ്യാൻ പാടുള്ളതല്ല എന്നതും സ്വയം വിശദമായ ഒരു വസ്തുതയാണ്. വല്ല ദാനമൊ സംഭാവ

നയൊവഴി എന്തെങ്കിലും സിദ്ധിക്കുന്നു എങ്കിൽ അതു സാമാന്യമായി വ്യക്തികൾക്കല്ല സഭയ്ക്കാണ്. ശ്രേഷ്ഠാനുമതികൂടാതെ എന്തെങ്കിലും സ്വീകരിച്ചു സൂക്ഷിക്കുന്നു എങ്കിൽ അതു ദാരിദ്ര്യവ്രതത്തിന്നെതിരായ ഒരു പാപമായിരിക്കും. സഭയിൽ പ്രവേശിച്ചു് ദാരിദ്ര്യവാഗ്ദാനം ചെയ്താൽ പിന്നെ അനുമതികൂടാതെ എന്തെങ്കിലും സ്വീകരിക്കുകയൊ സൂക്ഷിക്കുകയൊ ചെയ്വാൻ പാടുള്ളതല്ല. ഈ നിഷ്ഠ പാലിക്കുവാൻ സന്യാസികൾ അവരുടെ വ്രതോച്ചാരണം നിമിത്തം ബാദ്ധ്യസ്ഥരാണ്. സ്വത്തുക്കളുടെ ഉടമസ്ഥരായിരുന്നുകൊണ്ടു് അതു് ഇഷ്ടാനുസരണം അനുഭവിക്കുകയൊ കൈകാര്യം ചെയ്കയൊ വേണമെന്നുണ്ടെങ്കിൽ സഭയിൽ പ്രവേശിക്കാതെയും പറഞ്ഞൊപ്പു നടത്താതെയും ഇരിക്കേണ്ടിയിരുന്നു.

2. സമ്പാദ്യങ്ങൾ സ്വന്തമാണെന്നു കരുതുകയൊ അവകാശപ്പെടുകയൊ ചെയ്യുന്നതിനെ ദാരിദ്ര്യവ്രതം നിരോധിക്കുന്നു. ചില സന്യാസികൾ പ്രതിഫലമുള്ള ജോലികളിൽ ഏല്പെട്ടുകൊണ്ടു് അതിനുള്ള ശമ്പളം പററുന്നുണ്ടു്. സാഹിത്യസംരംഭങ്ങൾ തുടങ്ങിയ തൊഴിലുകളിൽ ഏല്പെട്ടു ചില വരുമാനങ്ങൾ വരുത്തുന്നവരും ഉണ്ടായിരിക്കും. എന്നാൽ ഒരു കാര്യം പ്രത്യേകം അനുസ്മരണീയമാണ്. ഒരു സന്യാസി സമ്പാദിക്കുന്നവ അയാളുടേതല്ല. പ്രത്യുത, അയാൾ ഏല്പെടുന്ന സമൂഹത്തിൻെറതാണ്. സഭാനിയമം എത്രമാത്രം അനുവദിക്കുന്നുവോ അത്രക്കേ അയാൾക്കു അതിന്നവകാശം പറയാവൂ. ദാരിദ്ര്യവ്രതംമൂലം സന്യാസികൾക്കു് എന്തെങ്കിലും ഉണ്ടായിരിക്കുവാനൊ ഇഷ്ടാനുസരണം കൈകാര്യം ചെയ്യുവാനൊ പാടില്ലെന്നുള്ളതാണ് മേല്പറഞ്ഞതിന്നു കാരണം.

3. എന്തെങ്കിലും മിച്ചമുണ്ടാക്കുന്നതു സ്വന്തമായി സൂക്ഷിക്കുവാനും വ്രതം സന്യാസിക്കു് മുടക്കുന്നു— ഒരു കൂലിക്കാരനു കിട്ടുന്ന ആഹാരത്തിൽ കുറെ മിച്ചം വരുത്തി സൂക്ഷിച്ചുകൊണ്ടു് പിന്നീടു് അതു ഇഷ്ടാനുസരണം വിനിയോഗിക്കുവാനുള്ള സ്വാതന്ത്ര്യം അവനുണ്ടു്. എന്തുകൊണ്ടെന്നാൽ അവൻ സമ്പാദിക്കുന്നതു് എന്തുതന്നെ ആയിരുന്നാലും അവൻെറ സ്വത്താണ്. എന്നാൽ സന്യസ്തരുടെ സ്ഥിതി ഇതല്ല. വസ്ത്രമായാലും ഭക്ഷണമായാലും ഒരു സന്യാസി ലാഭിച്ചുവച്ചിരുന്നാൽ അതു് അവൻെറ വകയല്ല. പ്രത്യുത അവൻ ഉൾപ്പെടുന്ന

സമൂഹത്തിൻെറതാണ്. സന്യസ്തൎക്കു സ്വന്തമായി എന്തെങ്കിലും ഉണ്ടായിരിക്കുവാനൊ സൂക്ഷിക്കുവാനൊ പാടില്ല.

നീത്രിയായിലെ മണലാരണ്യത്തിൽ സ്വയം അദ്ധ്വാനിച്ചുപജീവിച്ചിരുന്ന സന്യാസികളിൽ ഒരാളെപ്പററി വി. ഈറാനീമ്മോസ് ഇങ്ങനെ എഴുതിയിരിക്കുന്നു: ആ സന്യാസിനെയ്ത്തുവേലയിൽനിന്നും കിട്ടിയിരുന്ന പണത്തിൽ കുറേശ്ശെ സൂക്ഷിക്കുവാൻ തുടങ്ങി. 700 ക്രൗൺവരെ അയാൾ സമ്പാദിച്ചു. അയാൾ അതു് ആരും അറിയാതെ സൂക്ഷിക്കുകയും ചെയ്തു. ഈ പണം കൈവശമിരിക്കയിൽ അയാൾ മരിച്ചു. അയാളെ സംസ്കരിച്ചുകഴിഞ്ഞപ്പോൾ അയാളുടെ സഹസന്യാസികൾ ഈ പണം കണ്ടെടുത്തു. അവർ വളരെപ്പേരാണുണ്ടായിരുന്നതു്. ഈ സംഖ്യ എന്തു ചെയ്യണമെന്നു് അവർ എല്ലാവരും കൂടി സമ്മേളിച്ചു ആലോചിക്കുവാൻ തുടങ്ങി. അഗതികൾക്കു ദാനം ചെയ്യണമെന്നു ചിലരും, അതല്ല ദേവാലയത്തിനു സംഭാവന ചെയ്യണമെന്നു വേറെ ചിലരും, മരിച്ച സന്യാസിയുടെ ബന്ധുക്കളിൽ അഗതികളായിട്ടുള്ള ആൎക്കെങ്കിലും കൊടുത്തുകളയാമെന്നു മററു ചിലരും അഭിപ്രായപ്പെട്ടു. ഇതൊന്നുമല്ല വേണ്ടതു് ഈ പണം സൂക്ഷിച്ചിരുന്ന സന്യാസിയുടെ മൃതദേഹത്തിൻെറകൂടെ അതു കുഴിച്ചിട്ടശേഷം, "നിൻെറ ധനം നിന്നോടുകൂടി നശിക്കട്ടെ" (നടപടി viii. 20) എന്നുള്ള വി. പത്രോസിൻെറ വാക്കുകൾ രേഖപ്പെടുത്തണമെന്നു മഹാനായ മക്കാറിയൂസ്സും വൃദ്ധരായ മററു ചില സന്യാസികളും അഭിപ്രായപ്പെട്ടു. വി. ഈറാനീമ്മോസ് ഇതേപ്പററി ഇങ്ങനെ തുടരുന്നു. "ഈ വിധി ക്രൂരതരമൊ നിൎദ്ദാക്ഷിണ്യമായതൊ അല്ലായിരുന്നു. പ്രത്യുത ബുദ്ധിപൂൎവ്വകവും, ഉപവിയുടെ പ്രചോദനത്താൽ പുറപ്പെടുവിച്ചതുമായിരുന്നു. അവിടുത്തെ സന്യാസികൾ ഭയത്തോടും വിറയലോടുംകൂടിയാണ് പിൽക്കാലത്തു് ഈ രേഖപ്പെടുത്തപ്പെട്ട വിധിയെ വീക്ഷിച്ചിരുന്നതു്. അന്ത്യസമയത്തു് തങ്ങളുടെ പക്കൽ ധനം കാണുവാൻ സംഗതി ആകുന്നതു് അത്യന്തം ശോചനീയമാണെന്നു് അന്നുമുതൽ അവർ പരിഗണിച്ചുപോന്നു."

4. തങ്ങൾക്കു ലഭിക്കുന്ന എന്തും യഥാവിധി സൂക്ഷിക്കുവാൻ സന്യാസജീവിതക്കാർ ബാദ്ധ്യസ്ഥരാണ്— തങ്ങൾക്കു

ലഭിക്കുന്നവ കേവലം അനാസ്ഥ നിമിത്തം നശിച്ചുപോകാതിരിക്കത്തക്കവണ്ണം സൂക്ഷിക്കുന്നതിനും ദാരിദ്ര്യവ്രതംമൂലം അവർ കടപ്പെട്ടിരിക്കുന്നു. സ്വന്ത സൂക്ഷത്തിനു ഏല്പിച്ചിട്ടുള്ളതൊ ഉപയോഗത്തിനു നൽകിയിട്ടുള്ളതൊ ആയ എന്തെങ്കിലും മനഃപൂർവ്വം നശിപ്പിക്കുന്നവർ ദാരിദ്ര്യവ്രതത്തിനെതിരായ പാപത്തിൽ വീഴുന്നു. എന്തുകൊണ്ടെന്നാൽ എന്തെങ്കിലും നശിപ്പിക്കുകയൊ യഥേഷ്ടം ഉപയോഗിക്കുകയൊ ചെയ്വാനുള്ള അവകാശം വസ്തുവുടമസ്ഥനു മാത്രമുള്ളതാണ്. ഒരു ആശ്രമത്തിലെ വെപ്പുകാരൻ സന്യാസികളുടെ ഭക്ഷണത്തിനായി പാകപ്പെടുത്തുവാൻ എടുത്ത പയർ കഴുകിക്കൊണ്ടിരുന്നപ്പോൾ അതിൽ മൂന്നെണ്ണം സൂക്ഷക്കുറവു നിമിത്തം താഴെവീണുപോകുവാൻ ഇടയായി. ഈ അനാസ്ഥയ്ക്കുവേണ്ടി ആശ്രമാധിപൻ അയാൾക്കു പരസ്യമായ ഒരു പ്രായശ്ചിത്തശിക്ഷ നൽകിയതായി കാസ്യൻ പ്രസ്താവിക്കുന്നു. എന്നാൽ ഒരു കാര്യം ഇവിടെ പ്രസ്താവ്യമാണ്. ക്രമത്തിലധികമായ സൂക്ഷം ആവശ്യമില്ല. നമ്മുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിരിക്കുന്നവ സാധാരണ നിലയിൽ ശ്രദ്ധയോടെ സൂക്ഷിക്കുവാനുള്ള കടമ നമുക്കുണ്ട്. അങ്ങനെ സൂക്ഷിച്ചിട്ടും അബദ്ധത്തിൽ എന്തെങ്കിലും നഷ്ടപ്പെടാനിടയാകുന്നു എങ്കിൽ അതു ഒരു പാപമല്ല. അനാസ്ഥയൊ സൂക്ഷക്കുറവൊ നിമിത്തം എന്തെങ്കിലും നശിക്കാനിടവരുന്നെങ്കിൽ അതു് അക്ഷന്തവ്യമാണ്. ഒരു പാപവുമാണ്.

ദാരിദ്ര്യവ്രതം എന്തിനെല്ലാം നമ്മെ കടപ്പെടുത്തുന്നുവെന്നും അതിൽ അടങ്ങിയിരിക്കുന്ന അർത്ഥമെന്താണെന്നും നാം കണ്ടുകഴിഞ്ഞു. ഇനി ദാരിദ്ര്യവ്രതം എങ്ങനെയാണ് നമ്മെ കടപ്പെടുത്തുന്നതെന്നു നോക്കാം.

## 2. ദാരിദ്ര്യവ്രതം എങ്ങനെ നമ്മെ കടപ്പെടുത്തുന്നു?

സന്യാസിക്കു എന്തെല്ലാം അനുവദിക്കപ്പെടുന്നോ അതു മാത്രം ഉപയോഗപ്പെടുത്താം. ഇതു മാത്രമാണ് ഈ വിഷയത്തിൽ അയാൾക്കുള്ള അവകാശം. അനുമതികൂടാതെ എന്തെങ്കിലും ഉപയോഗിക്കുന്നപക്ഷം ഒരു മോഷണം അതേ, ദൈവ

ദ്രോഹപരമായ ഒരു മോഷണംതന്നെ അവൻ നടത്തുന്നു. 'നീ മോഷ്ടിക്കരുതു്'' എന്നു ഏഴാം പ്രമാണം നമ്മെ അനുശാസിക്കുന്നു. ദാരിദ്ര്യവ്രതത്തെപ്പററിയും ഇങ്ങനെതന്നെ പറയാം.

1. അന്യൻെറ മുതൽ അവൻെറ സമ്മതം കൂടാതെ അനീതിപരമായി കൈവശപ്പെടുത്തുന്നതിനെ ഏഴാംപ്രമാണം നിരോധിക്കുന്നുവല്ലൊ. അന്യൻെറ മുതൽ അതു വില കുറഞ്ഞതായാലും, കൂടിയതായാലും, രഹസ്യമായി അവൻെറ സമ്മതം കൂടാതെ അനീതിപരമായി എടുക്കുന്നവൻ ഒരു മോഷണം നടത്തുന്നു. അതു ഏഴാം പ്രമാണത്തിൻെറ ലംഘനവുമാണു്. അതുപോലെതന്നെ ഒരു സന്യാസി അധികാരിയുടെ അറിവും സമ്മതവും കൂടാതെ എത്ര നിസ്സാരമായതായാലും എന്തെങ്കിലും കരസ്ഥമാക്കുന്നപക്ഷം ആ സന്യാസി തൻെറ ദാരിദ്ര്യവ്രതത്തെ ലംഘിക്കുന്നു. പാപം പിഴക്കുന്നു. എന്തെങ്കിലും ഒരു സാധനം ഒരു സന്യാസിക്കു ഉടനെ അത്യാവശ്യമായിരിക്കുകയും, അനുമതി തൽക്കാലം സമ്പാദിക്കുവാൻ പ്രയാസമായിരിക്കുകയും ചെയ്യുന്ന ഘട്ടങ്ങളിൽ മാത്രം അയാളുടെ നടപടി ഒരു പാപമായിരിക്കുകയില്ല. ശ്രേഷ്ഠാനുമതി അവിടെ ഉണ്ടെന്നുതന്നെ ഊഹിക്കാം. എന്നാൽ ആ വിവരം യഥാകാലം ശ്രേഷ്ഠനെ അറിയിക്കേണ്ടതാണു്.

2. സാരമായതാകട്ടെ, നിസ്സാരമായതാകട്ടെ, മോഷണം നടത്തിക്കൂടാ എന്നു ഏഴാം പ്രമാണം നിരോധിക്കുന്നു– ഒരു ചില്ലിക്കാശുമാത്രം വിലപിടിപ്പുള്ള ഒരു സാധനമായാലും അതു മോഷ്ടിച്ചാൽ പ്രമാണലംഘനമാണു്. അതു ഒരു പാപവുമത്രെ. അവസാന കാശുവരെയും കൊടുത്തുതീക്കാതെ ഒരുവൻ ബന്ധനാലയത്തിൽനിന്നു വിമുക്തനാകുന്നതല്ല എന്നാണല്ലൊ മിശിഹാ കശ്നമായിത്തന്നെ പ്രസ്താവിക്കുന്നതു്. (വി. ലൂക്കാ xviii. 19.)

ദാരിദ്ര്യവ്രതത്തെ സംബന്ധിച്ച മിശിഹായുടെ ഈ പഠനം അനപത്ഥമാണു്. സാരമായതായാലും അല്ലെങ്കിലും, യാതൊന്നും അവിഹിതമായി കരസ്ഥമാക്കിക്കൂടാ എന്നാണു് ഈ വ്രതവും അനുശാസിക്കുന്നതു്. ഒന്നുകൂടി വിശദമായി പറഞ്ഞാൽ ഒരു പേനായാകട്ടെ കടലാസ്സുകഷണംതന്നെയാകട്ടെ ഒരു സന്യാസി ശ്രേഷ്ഠൻെറ അനുമതികൂടാതെ എടുക്കുന്നു എങ്കിൽ അയാൾ തൻെറ വ്രതം ലംഘിച്ചുകൊണ്ടു് ഒരു പാപം ചെയ്യുന്നു. അതിനാൽ ഒരു കാര്യം സന്യാസികൾ ഇവിടെ പ്രത്യേകം

അനുസ്മരിച്ചു സൂക്ഷിക്കേണ്ടതുണ്ടു്. ശ്രേഷ്ഠാനുമതി ഇല്ലാതെ ഒരു വസ്തുവും എത്ര നിസ്സാരമായതായാലും എടുക്കാവുന്നതല്ല എന്നതാണതു്.

3. ഏഴാം പ്രമാണലംഘനം ഒരു ചാവുദോഷമൊ, പാപദോഷമൊ ആകാം– മോഷ്ടിക്കപ്പെടുന്ന സാധനത്തിൻെറ വില, അതിൻെറ ഉടമസ്ഥൻെറ സ്ഥിതി എന്നിത്യാദി സാഹചര്യങ്ങൾ അനുസരിച്ചിരിക്കും കുററത്തിൻെറ ഗുരുലഘുത്വങ്ങൾ. ഉദാഹരണമായി ഒരു പത്തുപതിനഞ്ചു രൂപാ സാമാന്യം നല്ല സ്ഥിതിയിലിരിക്കുന്നവർപോലും കാര്യമായി എണ്ണുന്നു. അത്രയും സംഖ്യയുടെ ഒരു മോഷണം ഗുരുതരമായ ഒരു പാപമാണെന്നു വേദശാസ്ത്രികൾ അഭിപ്രായപ്പെടുന്നു. അതുപോലെതന്നെ സംഖ്യ നിസ്സാരമായിരുന്നാലും അതു് ഒരുവൻെറ ഒരു ദിവസത്തെ പിഴപ്പിനുള്ള വകയായിരുന്നാൽ അതിൻെറ സ്ഥിതി പരിഗണിക്കുമ്പോൾ ആ നിസ്സാരസംഖ്യയുടെ മോഷണവും ഗുരുതരമായ ഒരു പാപമാണെന്നാണു് വേദശാസ്ത്രികൾ വിധിക്കുന്നതു്. ഒരുവൻെറ കൈവശം ഒരുറുപ്പിക മാത്രമുണ്ടു് എന്നും അതു് അവൻെറ ഒരു ദിവസത്തെ ചിലവിനുള്ളതാണെന്നും വിചാരിക്കുക. അതു മോഷ്ടിച്ചെടുക്കുന്നപക്ഷം അതു് ഒരു ചാവുദോഷമായിരിക്കും. സാധാരണ ഗതിയിൽ സംഖ്യ കേവലം നിസ്സാരമായിരുന്നാൽ അതൊരു പാപദോഷമേ ആവുകയുള്ളു. പക്ഷെ ഒരു കൂലിക്കാരൻെറ ഒരു ദിവസത്തെ അദ്ധ്വാനഫലം, അതു് എത്രതന്നെ നിസ്സാരമായിരുന്നാലും മുഴുവൻ എടുത്തുകളയുന്നതു ക്ഷന്തവ്യമല്ല. അതൊരു ചാവുദോഷംതന്നെ ആകാൻ പാടുണ്ടു്.

മോഷണത്തെപ്പററി ഈ പറഞ്ഞതെല്ലാം ദാരിദ്ര്യവ്രതത്തെപ്പററിയും പറയാം. ഈ വ്രതലംഘനവും അതിൻെറ ഗുരുലഘുത്വമനുസരിച്ചു് ചിലപ്പോൾ ചാവുദോഷമായും, ചിലപ്പോൾ പാപദോഷമായും വരാം. അതു് ഓരോരുത്തരും സ്വായത്തമാക്കുന്ന സാധനങ്ങളുടെ ഗുരുലഘുത്വമനുസരിച്ചിരിക്കും. പക്ഷെ ഒരു അത്മായൻെറ ഏഴാം പ്രമാണലംഘനവും ഒരു സന്യാസിയുടെ ലംഘനവും തമ്മിൽ സാരമായ അന്തരമുണ്ടെന്നുള്ള വസ്തുത ഇവിടെ അനുസ്മരിക്കേണ്ടതുണ്ടു്. സന്യാസിയുടെ വ്രതലംഘനത്തിനു് അത്മായൻെറ പ്രമാണലംഘനത്തെക്കാൾ ഗൗരവം ഉണ്ടു്. മോഷണംമൂലം അത്മായർ പ്രമാണത്തെമാത്രം ലംഘിക്കുമ്പോൾ സന്യാസി തൻെറ വ്രതത്തെയും പ്രമാണ

ത്തെയുമാണ് ഒരേ സമയം ഒരേ പ്രവൃത്തിയാൽ ലംഘിക്കുന്നതു്. അതിനാൽ സന്യാസിയുടെ പ്രവൃത്തിക്കു് ഗൗരവം വളരെ വൎദ്ധിച്ചിരിക്കും. എങ്കിലും സന്യാസി സഭയുടെ അംഗമാണെന്നുള്ളതു് വിസ്മരിക്കേണ്ടതല്ല.

ഒരു കാൎയ്യം സദാ അനുസ്മരിച്ചുകൊള്ളേണ്ടതുണ്ടു്. അതായതു് ഒരു ദിവസം ദാരിദ്ര്യവ്രതത്തെപ്പററി നിഷ്കൃഷ്ടമായ ഒരു കണക്കു് ദൈവന്യായാസനത്തുങ്കൽ സന്യാസികൾ ബോധിപ്പിക്കേണ്ടതായി വരും. അതിനാൽ ഇപ്പോൾ മുതൽ അതോൎത്തു സൂക്ഷിച്ചു വ്യാപരിച്ചുകൊള്ളുക. പലേ സന്യാസികളും തങ്ങളുടെ ദാരിദ്ര്യവ്രതലംഘനം എന്ന ഏക കാരണത്താൽ നിത്യമായി ശിക്ഷിക്കപ്പെട്ടതായി പാസ്സിയിലെ വി. മഗ്ദലേന ഒരു ദൎശനത്തിൽ കാണുകയുണ്ടായി. ഏതെങ്കിലും സാധനം വേണമെന്നു ആഗ്രഹം തോന്നുന്നെങ്കിലും കുററം കൂടാതെ അതു കരസ്ഥമാക്കുക സാദ്ധ്യമല്ല എന്നു കാണുന്നെങ്കിൽ നിന്റെ വ്രതവാഗ്ദാനത്തെ അനുസ്മരിച്ചുകൊണ്ടു് ഉടനടി ഇങ്ങനെ പറഞ്ഞുകൊൾക: "വേണ്ട; ഒരു നല്ല മനസ്സാക്ഷിക്കു വിരുദ്ധമാകാവുന്ന യാതൊന്നും എനിക്കു വേണ്ട." വ്രതലംഘനദ്വാരാ വല്ല പാപവും ചെയ്തുപോയിട്ടുണ്ടെങ്കിൽ ഹൃദയപൂൎവ്വം മനസ്താപപ്പെട്ടുകൊണ്ടു് ദൈവത്തോടു പൊറുതി അപേക്ഷിക്കുക. ഇനി മേലിൽ ഇങ്ങനെ ഉണ്ടാവുകയില്ലെന്നു പ്രതിജ്ഞയും ചെയ്യുക. "കുറുനരികൾക്കു അളകളും, ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ടു്. എന്നാൽ മനുഷ്യപുത്രനു് തല ചായിപ്പാൻ സ്ഥലമില്ല" (വി. മത്തായി viii. 20.) എന്നു അന്വൎത്ഥമായും പറയത്തക്കവണ്ണം നമ്മോടുള്ള സ്നേഹത്തെപ്രതി അഗതിയായി ഭൂമിയിൽ ജാതനായ ആ ദിവ്യരക്ഷകനെ അനുസ്മരിക്കുക. "അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവൎക്കുള്ളതാകുന്നു" (മത്തായി v. 5.) എന്നീ വാക്യം നിന്നിൽ നിറവേറത്തക്കവണ്ണം ദാരിദ്ര്യത്തെ ഹൃദയപൂൎവ്വം അഭിലഷിച്ചു പുലൎത്തിക്കൊൾക.

—o—

## 9. ദാരിദ്ര്യപുണ്യവും ദാരിദ്ര്യപദവികളും

ആദിമക്രിസ്ത്യാനികൾക്ക് ഏക ഹൃദയവും ഏക ആത്മാവും ഉണ്ടായിരുന്നതായി ശ്ലീഹന്മാരുടെ നടപടിപുസ്ത കത്തിൽ നാം വായിക്കുന്നു. അവരുടെ വസ്തുക്കളിൽ ഏതെങ്കി ലും ഒന്ന് എൻേറതാണെന്നു അവരിലാരും പറഞ്ഞിരുന്നില്ല. എല്ലാം എല്ലാവരുടെയും പൊതുസ്വത്തായിരുന്നു. എന്തെങ്കിലും പ്രത്യേകമായി വേണമെന്ന് ആക്കും ആശയും ഉണ്ടായിരുന്നി ല്ല. മാത്രമോ? സ്വത്തുക്കളുണ്ടായിരുന്നവർ അതെല്ലാം വിററു പണം ശ്ലീഹന്മാരുടെ പാദങ്ങളിൽ സമൎപ്പിച്ചിരുന്നു. ഓരോ രുത്തൻെറയും ആവശ്യത്തിനുള്ള വക അവനവനു കൊടുക്ക പ്പെട്ടുമിരുന്നു.

എന്നാൽ ഇക്കൂട്ടത്തിൽ ഹനനിയാ എന്നു പേരുള്ള ഒരു പുരുഷൻ ശപ്പീറാ എന്നു പേരുള്ള തൻെറ ഭാൎയ്യയോടുകൂടി തൻെറ പറമ്പു വിററിട്ടുണ്ടായിരുന്നു. അവൻ തൻെറ ഭാൎയ്യ അറികെ അതിൻെറ വിലയിൽ കുറേ എടുത്തു മറച്ചുവെച്ചു കൊണ്ടു് പണത്തിൽ ഒരു ഭാഗം കൊണ്ടുവന്നു് ശ്ലീഹന്മാരുടെ പാദത്തിങ്കൽവച്ചു. അപ്പോൾ ശെമ്ഓാൻ അവനോടു പറഞ്ഞു: ഹനനിയാ, നീ പരിശുദ്ധാത്മാവിനോടു കളവു പറയുവാനും, പറമ്പിൻെറ വിലപ്പണത്തിൽ ഒരുഭാഗം മറച്ചുവെയ്ക്കുവാനും തക്കവണ്ണം നിൻെറ ഹൃദയത്തെ സാത്താൻ നിറച്ചതെന്താകു ന്നു? അതു വില്ക്കപ്പെടുന്നതിനുമുമ്പ് നിൻേറതായിരുന്നില്ലേ? വില്ക്കപ്പെട്ടശേഷം പിന്നെയും അതിൻെറ വിലയിന്മേൽ നിനക്കു് അധികാരം ഉണ്ടായിരുന്നു. ഇക്കാൎയ്യം ചെയ്യുവാൻ നീ മനസ്സിൽ കരുതിയതെന്തിനു്? നീ മനുഷ്യരോടല്ല, ദൈവത്തോടാകുന്നു കളവു പറഞ്ഞിരിക്കുന്നതു്. ഹനനിയാ ഈ വാക്കുകൾ കേട്ടപ്പോൾ വീണുമരിച്ചു. ഇതു കേട്ടവരി ലെല്ലാം വലിയ ഭയം ഉളവായി. അവരിലെ ചെറുപ്രായക്കാർ എഴുന്നേററു അവനെ പൊതിഞ്ഞു പുറത്തു കൊണ്ടുപോയി കുഴിച്ചിട്ടു. പിന്നെ മൂന്നു മണിക്കൂറുകളായപ്പോൾ അവൻെറ ഭാ ൎയ്യയും, എന്തു സംഭവിച്ചു എന്നറിയാതെ, അകത്തുവന്നു.

ശെമ്ഓാൻ അവളോട്: ഈ വിലയ്ക്കുതന്നെയോ നി ങ്ങൾ പറമ്പു വിററതു് എന്നു എന്നോടു പറയുക എന്നു പറഞ്ഞു.

അവളോ: അതെ, ഈ വിലയ്ക്കുതന്നെ എന്നു പറഞ്ഞു. ശെമ്ഓൻ അവളോട്: കർത്താവിൻെറ ആത്മാവിനെ പരീക്ഷിക്കുവാൻ നിങ്ങൾ തമ്മിൽ യോജിച്ചതുകൊണ്ടു് ഇതാ! നിൻെറ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാലുകൾ വാതില്ക്കൽ (ഉണ്ടു്). അവർ നിന്നെയും പുറത്തുകൊണ്ടുപോകും എന്നു പറഞ്ഞു. ആക്ഷണത്തിൽതന്നെ അവൾ അവരുടെ കാല്ക്കൽവീണു മരിച്ചു. അപ്പോൾ ആ ചെറുപ്പക്കാർ അകത്തു പ്രവേശിച്ചു് അവളെ മരിച്ചവളായിക്കണ്ടു് എടുത്തു പുറത്തുകൊണ്ടുപോയി അവളുടെ ഭർത്താവിൻെറ അടുക്കൽ കുഴിച്ചിട്ടു. സഭ മുഴുവനിലും, ഇതു കേട്ട എല്ലാവരിലും വലിയ ഭയമുണ്ടായി. (നടപടി v: 1–11)

ദാരിദ്ര്യവ്രതം അനുഷ്ഠിച്ചശേഷം ശ്രേഷ്ഠാനുമതികൂടാതെ ലൗകിക സ്വത്തുക്കൾ സൂക്ഷിക്കുന്ന സന്യസ്തരുടെ പാപം ഇത്തരത്തിൽ ആണെന്നു ധരിച്ചാലും. ഹനനിയായെയും സഫീറായെയും തൽക്ഷണംതന്നെ ദൈവം ശിക്ഷിച്ചു. അതുപോലെ ഇഹത്തിൽവെച്ചു ഉടനടി ഇത്തരക്കാരെ ദൈവം ശിക്ഷിക്കുന്നില്ല. എങ്കിലും അവരുടെ വ്രതലംഘനത്തിൻെറ ഗുരുലഘുത്വമനുസരിച്ചു് പരത്തിൽ ഒന്നുകിൽ നരകത്തിൽ അല്ലെങ്കിൽ ശുദ്ധീകരണസ്ഥലത്തിൽവെച്ചു് അവർക്കു് ശിക്ഷ ഉണ്ടാകാതെയിരിക്കുകയില്ല നിശ്ചയം. വ്രതവാഗ്ദാനം ചെയ്യുന്നതിനുമുൻപു് ശതക്കണക്കിനല്ല സഹസ്രക്കണക്കിനു് പണം സമ്പാദിച്ചു് സൂക്ഷിക്കാനും രക്ഷ പ്രാപിക്കാനും നമുക്കു പാടുണ്ടായിരുന്നു. പക്ഷേ, വ്രതവാഗ്ദാനശേഷം ഒരു പൈപോലും സ്വന്തമായി കരുതുവാൻ പാടില്ല. "കണ്ടാലും ഞങ്ങൾ സമസ്തവും ഉപേക്ഷിച്ചു് നിന്നെ അനുഗമിച്ചു" (മത്തായി xiv. 27) എന്നു് ശ്ലീഹന്മാരോടുകൂടി പറയുവാൻ ഇടയാകത്തക്കവണ്ണം ലൗകികസ്വത്തുക്കൾ സമസ്തവും അവസാനകാശുവരെയും സന്യാസി പരിത്യജിച്ചേ മതിയാവൂ.

ലൗകികസ്വത്തുക്കളെല്ലാം ഉപേക്ഷിച്ചു് ഒന്നും സ്വന്തമായി സൂക്ഷിക്കാതെ ഇരുന്നതുകൊണ്ടുമാത്രം കാര്യമായില്ല. അതു കേവലം ലൗകികഭാവത്തിലുള്ള ദാരിദ്ര്യവ്രതമേ ആകുന്നൊള്ളൂ. 'ദരിദ്രർ ഭാഗ്യവാന്മാർ' എന്നല്ല പിന്നയോ 'അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ' എന്നാണല്ലോ മിശിഹാ അരുളിച്ചെയ്യുന്നതു്. (വി. മത്തായി v. 3.) അപ്പഴൊ, നല്ല സന്യാ

സികളായിരിക്കണമെന്നു് അഭിലഷിക്കുന്നവർ സാക്ഷാൽ അരൂപിയിലും, ദരിദ്രരായിരിക്കണം.

അതിനാൽ ദാരിദ്ര്യമെന്ന പുണ്യത്തെപ്പററി, അതായതു് ദാരിദ്ര്യമെന്ന പുണ്യം എന്തിൽ അടങ്ങിയിരിക്കുന്നു, ദാരിദ്ര്യത്തിൻെറ പദവികൾ ഏതെല്ലാം എന്നീ സംഗതികളെപ്പററി ഇവിടെ ചിലതെല്ലാം പ്രസ്താവിക്കാം.

## 1. ദാരിദ്ര്യപുണ്യം എന്തിൽ അടങ്ങിയിരിക്കുന്നു?

ആത്മാവു് ദൈവസന്നിധിയിലേക്കു സ്വയം ഉയരുന്നതിനു് ഒരു വലിയ പ്രതിബന്ധമാണു് ലൗകികവസ്തുക്കളോടുള്ള പക്ഷം. നേരെമറിച്ചു്, ആത്മാവിനു ദൈവത്തിൻപക്കലേക്കുയരുന്നതിനു ദാരിദ്ര്യം വളരെ പ്രയോജകീഭവിക്കുന്നു. സന്യാസികൾ സകലതും ഉപേക്ഷിച്ചു് എല്ലാററിൽനിന്നും അകന്നിരുന്നതുകൊണ്ടു മാത്രമായില്ല, ലൌകികവസ്തുക്കളോടുള്ള പക്ഷം തങ്ങളുടെ ഹൃദയത്തിൽ സ്ഥിതിചെയ്യുവാൻ അവർ ഒരിക്കലും അനുവദിക്കരുതു്. "എല്ലാററിൻെറയും നഷ്ടം താൻ സഹിച്ചു് കർത്താവിനെ നേടുവാൻവേണ്ടി അവയെല്ലാം കേവലം മാലിന്യം കണക്കേ ഞാൻ പരിഗണിച്ചു" (ഫിലിപ്പ്യർ iii. 8) എന്നു വി. ശ്ലീഹാ പറയുന്നു. ആ മനഃസ്ഥിതിവേണം നമുക്കും ഉണ്ടാകുവാൻ. സന്യാസദാരിദ്ര്യത്തിലെ സുകൃതം ഇതിലത്രെ അടങ്ങിയിരിക്കുന്നതു്.

a. സന്യാസജീവിതക്കാർക്കു ലൗകികവസ്തുക്കളോടു ഒരു പ്രതിപത്തിയും ഉണ്ടായിരിക്കരുതു്— ലോകത്തിൽ സാക്ഷാൽ ദരിദ്രരായ അനവധി ആളുകൾ ഉണ്ടു്. പലപ്പോഴും അവർ മഹാ ദാരിദ്ര്യം അനുഭവിക്കുന്നുമുണ്ടു്. പക്ഷെ ഇവർക്കു ദാരിദ്ര്യമെന്ന സുകൃതമുണ്ടോ? ഉണ്ടെന്നു പറഞ്ഞുകൂടാ. അവരുടെ സ്ഥിതിയെപ്പററി പലപ്പോഴും അവർക്കു കടുത്ത നിരാശയാണു് ഉള്ളതു്. തങ്ങളെ അഗതികളാക്കിയല്ലോ എന്നോർത്തു് ദൈവത്തിൻെറനേരെ അവർ പിറുപിറുക്കുന്നു. ധനം ധാരാളം ഉണ്ടാകണമെന്നു് അവർ ആഗ്രഹിക്കുന്നു. മാത്രമല്ല, ധനികരെപ്പററി അസൂയാലുക്കളായി വർത്തിക്കുകയും ചെയ്യുന്നു. ഇക്കൂട്ടർ ദാരിദ്ര്യം അനുഭവിക്കുന്നു എങ്കിലും അതിൻെറ സുകൃതം അവരിലില്ല എന്നുള്ളതു് നിസ്സംശയമാണു്. ഇരുവിധ ദുരിതങ്ങളാണു്

ഇവക്കനുഭവപ്പെട്ടുന്നതു്. ഇഹത്തിലാണെങ്കിൽ ദാരിദ്ര്യസഹജമായ ദുഃഖങ്ങൾ എല്ലാം അവർ അനുഭവിക്കുന്നു. പരത്തിലാണെങ്കിൽ, ദാരിദ്ര്യാവസ്ഥയിൽ അനുഭവപ്പെട്ടുന്ന വിഷമതകളെ ക്ഷമാപൂർവ്വം സഹിക്കാതെ അവർ പലവിധ പാപങ്ങളിൽ ഉൾപ്പെട്ടുന്നതിനാൽ, അവക്ക് ശിക്ഷയല്ലാതെ ദൈവത്തിൽ നിന്നു് സമ്മാനം പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. സന്യസ്തർ പ്രത്യേകം അനുസ്മരിക്കേണ്ട ഒരു കാര്യമാണു് ഇതു്. ലോകവസ്തുക്കളോട്ടു് ക്രമരഹിതമായ പക്ഷം ഒരിക്കലും അവരിൽ ഉണ്ടാകുവാൻ ഇടയാകരുതു്. "ബാഹ്യമായി അഗതികളായും എന്നാൽ അന്തരുപിയിൽ അഗതികൾ അല്ലാതെയും കാണപ്പെട്ടുന്ന സന്യാസികൾ ലോകത്തെയും തങ്ങളെത്തന്നെയും വഞ്ചിക്കുന്നു" എന്നാണു് വി. അമ്മത്രേസ്യാ പറയുന്നതു്. വി. ഫിലിപ്പുനേരിയുടെ വചനങ്ങളും അത്യന്തം ശ്രദ്ധേയമാണു്. "ലൌകികവസ്തുക്കളെ അമിതമായി സ്നേഹിക്കുന്നവൻ രക്ഷപെട്ടുകയില്ല" എന്നാണു് ആ വിശുദ്ധൻ പറയുന്നതു്. നിത്യരക്ഷ കാംക്ഷിച്ചിരുന്നവരായ വിശുദ്ധാത്മാക്കൾക്കു് ലൌകിക വസ്തുക്കളോട്ടു് അശേഷവും ആഗ്രഹമില്ലായിരുന്നു. ബാഹ്യമായി മാത്രമല്ല, അന്തരുപിയിലും അവർ ദരിദ്രർതന്നെ ആയിരുന്നു. ചുരുക്കം ചില ഉദാഹരണങ്ങൾമാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം.

ഓറിയൻ എന്നൊരാളിൽ ആവസിച്ചിരുന്ന ഒട്ടേറെ ദുഷ്ടാരുപികളെ വി. ഹില്ലാരിയോൻ ബഹിഷ്കരിച്ചു. ഇതിലുള്ള കൃതജ്ഞതാസൂചകമായി ഒരു നല്ല തുക അയാൾ വിശുദ്ധനു നൽകാൻ ഭാവിച്ചപ്പോൾ, നമ്മുടെ വിശുദ്ധൻ അയാളോട്ടു പറഞ്ഞ വാക്കുകൾ ഇതായിരുന്നു: "ആ ദുഷ്ടാരുപികൾ എന്നിൽ ആവസിച്ചുകൊള്ളട്ടെ എന്നാണൊ നീ ആഗ്രഹിക്കുന്നതു്? നാമാനിൽനിന്നും സ്വീകരിച്ച ആ പണം നിമിത്തം ഗഹസി എന്നയാളിനു കുഷ്ഠരോഗം ബാധിച്ച കഥ നിനക്കറിവില്ലേ?" വി. അർസേനിയൂസിൻെറ സഹോദരൻെറ മരണപത്രിക തുറന്നുനോക്കിയപ്പോൾ അയാളുടെ സ്വത്തു മുഴുവൻെറയും അവകാശിയായി വിശുദ്ധനെയാണു് നിശ്ചയിച്ചിരിക്കുന്നതെന്നു് മനസ്സിലായി. തൽക്ഷണം വിശുദ്ധൻ തൻെറ വസ്ത്രങ്ങൾ വലിച്ചുകീറിക്കൊണ്ടു പറയുന്നു: "ഹാ! എന്തു്? എൻെറ സഹോദരൻ മരിക്കുന്നതിനു മുൻപു് ഞാൻ മരിച്ച

താണ്. ആ സ്ഥിതിക്ക്, അദ്ദേഹത്തിൻെറ വകയായ യാതൊന്നിനും എനിക്കവകാശമില്ല''.

പേർഷ്യയിലെ ഒരു വിഖ്യാതകുടുംബത്തിലെ അംഗമായിരുന്ന വി. അഫ്രാറസ് തപോജീവിതത്തിനായി സ്വരാജ്യം വിട്ടു സിറിയായിൽ അന്ത്യോക്യായിക്കു സമീപമുള്ള ഒരു സ്ഥലത്തെത്തി താമസിച്ചിരുന്നു. വളരെ പരുപരുത്ത ഒരു വസ്ത്രമായിരുന്നു അദ്ദേഹം ധരിച്ചിരുന്നതു്. തൻെറ ശരീരത്തെ ശരിയായി ആവരണം ചെയ്യുവാൻ ഒരു വസ്ത്രം അപര്യാപ്തമെന്നു കാണുന്നതുവരെ അതദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. അക്കാലത്തു പേർഷ്യയിലെ സ്ഥാനപതിയായിരുന്ന ഗവർണർ അന്തേമിയൂസ്സിനു ഈ സന്യാസിയുടെ വസ്ത്രദാരിദ്ര്യം കണ്ടു അനുകമ്പ തോന്നുകയാൽ പേർഷ്യയിൽ പോയി മടങ്ങിപ്പോന്നപ്പോൾ ഒരു പുറംകുപ്പായം വാങ്ങിച്ചുകൊണ്ടു പോന്നു. അതു സദയം സ്വീകരിക്കണമെന്നു ഗവർണർ വി. അഫ്രാറാസിനോടു അഭ്യർത്ഥിച്ചു. അതിനു അദ്ദേഹം സമ്മതിക്കുന്നില്ലെന്നു കണ്ടപ്പോൾ, "നമ്മുടെ സ്വദേശത്തുനിന്നും അവിടത്തേയ്ക്കായി കൊണ്ടുവന്നിട്ടുള്ളതാണ് ഇതു്. അതിനാൽ ദയവായി ഇതു സ്വീകരിക്കണം"എന്നു അദ്ദേഹം വീണ്ടും നിർബന്ധപൂർവ്വം അർത്ഥിച്ചു. അപ്പോൾ വിശുദ്ധൻ ചോദിച്ചതിങ്ങനെയാണ്: "പുതിയ ഒരു ഭൃത്യൻ ഒരു സ്വദേശിയാണെന്ന ഏക കാരണത്താൽ, ദീർഘകാലം സേവനം ചെയ്തിട്ടുള്ള ഒരു പഴയ ഭൃത്യനെ ഉപേക്ഷിച്ചു പുതിയ ആളെ സ്വീകരിക്കുന്നതു യുക്തമാണൊ?'' "അല്ല'', എന്നുതന്നെ അന്തേമിയൂസ് പ്രതിവചിച്ചു. ഉടനെ വിശുദ്ധൻ ഇങ്ങനെ മറുപടി നൽകി. "കൊള്ളാം. അങ്ങനെയെങ്കിൽ, ഈ വസ്ത്രം നിങ്ങൾ തിരിച്ചെടുത്തുകൊള്ളുക. ഇത്രയുംനാൾ ഉപയോഗപ്പെട്ടതും ഇനിയും കുറേനാൾകൂടി ഉപയോഗിക്കാവുന്നതുമായ ഒരു വസ്ത്രം എനിക്കുണ്ട്. ഒരുസമയത്തു രണ്ടു വസ്ത്രങ്ങൾ വേണമെന്ന് എനിക്കാഗ്രഹമില്ല''.

ഇതിൽനിന്നും ഭക്തിതീക്ഷ്ണരായ സന്യാസികളെല്ലാവരും ലൗകികവസ്തുക്കൾ തികച്ചും നിസ്സാരമാണെന്ന് പരിഗണിച്ചിരുന്നതായി നമുക്കു കാണാം. ദൈവത്തെമാത്രം അവർ ആഗ്രഹിച്ചിരുന്നു. തങ്ങളെത്തന്നെ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പിക്കയും ചെയ്തിരുന്നു. നമ്മുടെ മനഃസ്ഥിതിയും ഇതു

തന്നെ ആയിരിക്കണം. "സ്വർഗ്ഗത്തിൽ എന്താണ് എനിക്കുള്ളതു്? ലോകത്തിൽ അങ്ങേ അല്ലാതെ മറെറന്താണ് ഞാൻ ആഗ്രഹിക്കുക? എൻെറ മാംസവും എൻെറ ഹൃദയവും തളൎന്നുപോയി. അങ്ങ എൻെറ ഹൃദയത്തിൻെറ ദൈവമാണ്. എന്നേക്കും എൻെറ അവകാശമായ ദൈവമാണ്" (സങ്കീ: 72: 25–26) എന്നു സങ്കീൎത്തകനോടുകൂടി പറയത്തക്കവണ്ണം ലൌകികമായ എല്ലാ വസ്തുക്കളിൽനിന്നും ഹൃദയത്തെ പരിച്ഛേദം നാം അകററിക്കളയണം. നമ്മുടെ അഗതിത്വം സാക്ഷാത്തായതും ദൈവത്തിനു് ഇഷ്ടകരമായതും ആകണമെങ്കിൽ ഈ അകൽച്ച അപരിത്യാജ്യമാണ്.

b. ദാരിദ്ര്യപുണ്യം ഉണ്ടാകണമെങ്കിൽ സന്യാസികൾക്ക് വിലപിടിച്ചവയോടു് മാത്രമല്ല നിസ്സാരമായ ലോകവസ്തുക്കളോടും അടുപ്പം ഉണ്ടായിക്കൂടാ– വളരെ നേരിയതായ ഒരു ചരടുകൊണ്ടുള്ള ബന്ധനംമതി ഒരു പക്ഷിയുടെ ആകാശഗമനത്തെ നിരോധിക്കുവാൻ. ഇതുപോലെതന്നെ, അഗതിത്വത്തിനെതിരായ നിസ്സാരമായ എന്തെങ്കിലും ഉണ്ടായിരുന്നാൽ ഒരാത്മാവിനു പൂൎണ്ണമായി ദൈവത്തോടു ഐക്യപ്പെടുവാനും സാക്ഷാത്തായ സമാധാനം അനുഭവിക്കുവാനും സാധിക്കാതെവരും. സന്യാസികൾ വൻപിച്ച ധനവും സ്വത്തുക്കളും സംത്യജിച്ചതുകൊണ്ടുമാത്രം പ്രയോജനമൊന്നുമില്ല. നിസ്സാരസാധനങ്ങളുടെമേൽപോലും അവക്കു് പ്രതിപത്തിയുണ്ടാകാൻ പാടില്ല. ഒട്ടേറെ ലൌകികസ്വത്തുക്കളും സമ്പാദ്യങ്ങളുമെല്ലാം ഉപേക്ഷിച്ചശേഷം ആശ്രമജീവിതത്തിൽ പ്രവേശിച്ച ഒരു സന്യാസി ആശ്രമത്തിൽ ഒരു നല്ല മുറി, ഒരു നല്ല വസ്ത്രം, ചില പ്രത്യേക പുസ്തകങ്ങൾ എന്നിത്യാദി ഇഷ്ടപ്പെടുന്നു എന്നു വിചാരിക്കുക. ഈ സന്യാസി അരൂപിയിൽ ദരിദ്രനല്ല. ലൌകികമായ സൎവ്വതിലുമുള്ളപക്ഷം, സമ്പൂൎണ്ണമായും ഉപേക്ഷിക്കുന്നതിലാണ് സാക്ഷാൽ അരൂപിയിലെ ദാരിദ്ര്യം അടങ്ങിയിരിക്കുന്നതു്. ഈ ദാരിദ്ര്യമുള്ള ഒരാളിനു ലൌകികമായ യാതൊന്നിലും യാതൊരു അതിശ്രദ്ധയും പക്ഷവും ഉണ്ടാവുകയില്ല. ചിലരുടെ സൎവ്വപക്ഷവും ഭക്തിപരമായ ചില ലോകവസ്തുക്കളിലായിരിക്കും. ഇതു കണ്ടാൽ നിസ്സാരകാൎയ്യങ്ങളെ നിസ്സീമമായി ആപൽക്കരമായവിധം സ്നേഹി

ക്കുവാൻവേണ്ടിയാണൊ ഇക്കൂട്ടർ ലൌകിക വസ്തുക്കളെ പരിത്യജിച്ചുകളഞ്ഞതെന്നു തോന്നിപ്പോകും.

കാസിയൻ എന്ന ശാസ്ത്രി പറയുന്നു: "ചില സന്യാസികൾ അവരുടെ വൻപിച്ച ലോകസ്വത്തുക്കൾ ഉപേക്ഷിച്ച ശേഷം, സന്യാസജീവിതത്തിലുള്ള ചില നിസ്സാരക്കൂട്ടങ്ങളെ ആപല്ക്കരമായ വിധത്തിൽ സ്നേഹിക്കുന്നു. ചില നിസ്സാര സൌകര്യങ്ങളെ വളരെ കാര്യമായി വിലമതിക്കുന്നു. ലോകസ്വത്തുക്കളെക്കാൾ കാര്യമായി ഇവർ ഈ നിസ്സാരകാര്യങ്ങളെ മതിക്കുന്നുവൊ എന്നുപോലും തോന്നിപ്പോകും. ഇവരുടെ ഈവിധ ബാലസഹജമായ ചാപല്യങ്ങളെയും ബലഹീനതകളെയുംപററി എന്തു പറയട്ടെ! ലൌകികവസ്തുക്കളോടുള്ള ക്രമരഹിതമായ പക്ഷം ഉപേക്ഷിച്ചിട്ടില്ലാത്ത ഇക്കൂട്ടർ അവരുടെ സ്വത്തുക്കൾ കൈവെടിഞ്ഞതിൻെറ അർത്ഥം എന്തായിരിക്കാം? വലിയ കാര്യങ്ങൾ ആശിക്കുവാനും പ്രതീക്ഷിക്കുവാനും നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ ആയിപ്പോയതുകൊണ്ട് ഇവർ നിസ്സാരകാര്യങ്ങളിൽ പക്ഷം വയ്ക്കുന്നു എന്നല്ലേ ഇതിൽനിന്നും അർത്ഥമാക്കേണ്ടതു്? സൂക്ഷ്മപരിശോധനയിൽ അവരുടെ പഴയ ദുരാശാപാശങ്ങൾ നീങ്ങിപ്പോയിട്ടില്ലെന്നും പ്രത്യുത അവരുടെ ദുരാശാവിഷയം മാറിയിട്ടുണ്ടെന്നു മാത്രമേ ഉള്ളൂ എന്നും അവക്കുതന്നെ ബോദ്ധ്യമാകും. അവരുടെ ചിന്തകളും അത്യാശകളും എല്ലാം പഴയപടിയിൽത്തന്നെ സ്ഥിതിചെയ്യുന്നു. പക്ഷെ അതെപ്പററി അവർ അശേഷവും ഗൌനിക്കുന്നില്ലാ.

വലിയ കാര്യങ്ങൾ ഉപേക്ഷിച്ചശേഷം നിസ്സാരങ്ങളിൽ സർവ്വശ്രദ്ധയും പതിക്കാമെന്നാണ് ഈ കൂട്ടരുടെ അഭിമതം. ഇവരാകട്ടെ തങ്ങളെത്തന്നെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, നാം വലിയ കാര്യങ്ങൾ ഉപേക്ഷിക്കുന്നതു് നിസ്സാരകാര്യങ്ങളിൽ കാര്യമായി ശ്രദ്ധിക്കുന്നതിനല്ലാ; പ്രത്യുത, അവയെ നിശ്ശേഷം അവഗണിച്ചു് ഉപേക്ഷിക്കുന്നതിനാണു്. ലൗകികസ്വത്തുക്കൾ മുഴുവനും ലോകസുഖങ്ങളും സ്വാതന്ത്ര്യവും എല്ലാം സന്ത്യജിച്ച ഒരു സന്യാസി, ലൌകികർപോലും നിസ്സാരവും നിന്ദ്യവുമായി പരിഗണിക്കുന്നവയോടുള്ള അമിതപക്ഷം ഹേതുവാൽ ഒരു വിശുദ്ധനാകാതെപോകുന്നതു് അഹോ! എത്ര പരിതാപകരം! വലിയകാര്യങ്ങൾ പരിത്യജിച്ച ശേഷം ഒരു സൂചിക്കുവേണ്ടി അഥവാ കുറെ നൂലിനുവേണ്ടി

മനസ്സമാധാനം നഷ്ടപ്പെട്ടുത്തുന്നവരുണ്ട്. ഇതുപോലെയുള്ള നിസ്സാരകാര്യങ്ങൾക്കുവേണ്ടി നിത്യശിക്ഷക്കുതന്നെയും ഇടയാക്കുന്ന ആപത്തിൽ സ്ഥിതിചെയ്യുന്നവരുമുണ്ട്. വൻകടലുകളിലെയും, സമുദ്രങ്ങളിലെയും മഹാവിപത്തുകളെ വിജയപൂർവ്വം അഭിമുഖീകരിച്ചു ഭൂപ്രദക്ഷിണം നടത്തിയിട്ട് ഒടുവിൽ ഒരു ചെറു തടാകത്തിൽവീണു മരണം കൈവരിക്കുന്ന ഒരു യാത്രക്കാരനോടു ഇക്കൂട്ടരെ സാമ്യപ്പെടുത്താം."

ഇതിനാലത്രെ നിസ്സാരവസ്തുക്കളോടുപോലും ഉള്ള ക്രമരഹിതമായ സ്നേഹത്തെ തങ്ങളിൽനിന്നും തങ്ങളുടെ അധീനരിൽനിന്നും നീക്കിക്കളയുവാൻ സുബുദ്ധിയുള്ള ആശ്രമാധിപന്മാർ ബദ്ധകങ്കണരായി കാണപ്പെടുന്നതു്. ദൊരത്തേവൂസ് എന്ന മഹാ വിശുദ്ധൻെറ ശിഷ്യനായിരുന്ന വിശുദ്ധ ദൊസിത്തേവൂസിനു് ഒരു പേനാക്കത്തി കിട്ടണമെന്നു വലിയ ആഗ്രഹമുണ്ടായിരുന്നു. അതും സ്വന്ത ഉപയോഗത്തിനല്ല രോഗീപരിചരണമുറിയിലെ ആവശ്യത്തിനായിരുന്നു. അതിലേക്ക് അവിടെ കണ്ട ഒരു കത്തി നൽകണമെന്നു് ദൊസിത്തേവൂസ് ദൊരത്തേവൂസിനോടു താല്പര്യമായി ആവശ്യപ്പെട്ടു. അപ്പോൾ ദൊരത്തേവൂസ് അദ്ദേഹത്തോടു പറഞ്ഞതായതു്: "ദൊസിത്തേവൂസേ, കൊള്ളാം. ആ പേനാക്കത്തി നിനക്കു ഇത്രയ്ക്കു പ്രിയങ്കരമാണോ? മിശിഹായുടെ അടിമയാകുന്നതിനു പകരം ഒരു പേനാക്കത്തിക്കു അടിമയാകുവാനാണൊ നീ ഇഷ്ടപ്പെടുന്നതു്? ഒരു പേനാക്കത്തി നിൻെറ യജമാനനായിത്തീരുന്നതിൽ നിനക്കു ലജ്ജയില്ലയോ? മേലാൽ ആ കത്തിയിൽ സ്പർശിച്ചുപോകരുതു് എന്നു ഞാൻ ആജ്ഞാപിക്കുന്നു". ദൊസിത്തേവൂസ് ആ ശാസനയെ ശിരസ്സാവഹിക്കുകതന്നെ ചെയ്തു. അതിൽപിന്നെ അദ്ദേഹം ആ കത്തി എടുക്കുകയുണ്ടായിട്ടില്ല.

ഹാ! ഭക്താത്മാവേ! വലുതാകട്ടെ ചെറുതാകട്ടെ, ലൗകികമായ യാതൊന്നിന്മേലും പ്രത്യേക പക്ഷമൊ ചാച്ചിലൊ ഉണ്ടാകാതിരിക്കാൻ സൂക്ഷിച്ചുകൊൾക. "നിങ്ങളിൽ തൻെറ സമ്പാദ്യമെല്ലാം ഉപേക്ഷിക്കാത്ത ഒരുത്തനും എൻെറ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല (വി. ലൂക്കാ xiv: 33) എന്നുള്ള ദിവ്യരക്ഷകൻെറ വചനങ്ങൾ സദാ സ്മൃതിപഥത്തിൽ ഇരിക്കട്ടെ. ക്രമരഹിതമൊ പ്രത്യേകമൊ ആയ വല്ല പക്ഷവും ഉള്ളിൽ അങ്കുരിക്കുന്നു എങ്കിൽ മേല്പറഞ്ഞ വാക്കുകൾ

അനുസ്സരിച്ചുകൊണ്ടു് അതിനെ അപ്പോൾതന്നെ, അതെ മൂല യിൽതന്നെ നുള്ളിക്കളയുക.

C. ദാരിദ്ര്യമെന്ന പുണ്യമുണ്ടാകണമെങ്കിൽ ദാരിദ്ര്യത്തോടു സ്നേഹം ഉണ്ടായിരിക്കണം— പണമല്ല പണക്കൊതിയാണു് സർവ്വ തിന്മകളുടെയും അടിസ്ഥാനം. അതുപോലെ, ദാരിദ്ര്യമല്ല അതിനോടുള്ള പ്രതിപത്തിയാണു് പുണ്യമായിട്ടുള്ളതു്. നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ദാരിദ്ര്യത്തെ ഒരു മഹാ ഭാരമായികരുതുന്നവരും ഏതു നിമിഷത്തിലും അതിൽനിന്നും ഒഴിയുവാൻ ആത്മാർത്ഥമായി അഭിലഷിക്കുന്നവരുമായ അഗതികൾ അനവധിയുണ്ടു്. ഇവക്കു അവരുടെ അഗതിത്വംകൊണ്ടു് യാതൊരു ഫലവും, നന്മയും സിദ്ധിക്കുന്നില്ല. തങ്ങളുടെ ദാരിദ്ര്യാവസ്ഥയിൽ സന്തുഷ്ടരായിരിക്കയും ദരിദ്രരാകാൻ സംഗതിയായതിൽ സന്തോഷിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനി ആരുണ്ടോ അവനിൽ മാത്രമേ ഈ പുണ്യമുള്ളു. അവൻ മാത്രമെ ദാരിദ്ര്യത്തെപ്രതി പരത്തിൽ ദൈവത്തിൽനിന്നും എന്തെങ്കിലും പ്രതിഫലം പ്രതീക്ഷിക്കേണ്ടതുള്ളു.

അസ്സീസ്സിയിലെ വി. ഫ്രാൻസീസിൽ ഈ പുണ്യം വളരെ ഉന്നതമായ നിലയിൽ വിളങ്ങിയിരുന്നു. ഒരു വണിക്കശ്രേഷ്ഠൻെറ പുത്രനായി ജനിച്ചു് ലോകാഡംബരങ്ങളിൽ മുഴകിവളർന്ന അദ്ദേഹം പിതാവിൽനിന്നും സിദ്ധിച്ച സ്വത്തു മുഴുവൻ ഉപേക്ഷിച്ചശേഷം അഗതിയുടെ വേഷത്തിൽ സഞ്ചരിച്ചു. വി. ഡാമിയൻെറ ദേവാലയം പുനരുദ്ധരിക്കുന്നതിനുവേണ്ടി ഭിക്ഷാടനംനടത്തി പണം ശേഖരിച്ചു. അങ്ങനെ വേലക്കാരെ അദ്ദേഹം സഹായിച്ചു. ദേവാലയത്തിൽവെച്ചു് സ്വർണ്ണമൊ, വെള്ളിയൊ മടിശ്ശീലയിൽ പണമൊ സൂക്ഷിക്കേണ്ട. യാത്രക്കായി ഭാണ്ഡമൊ, രണ്ടു കോട്ടുകളൊ, ചെരിപ്പൊ, വടിയൊ ഒന്നുംവേണ്ട എന്നുള്ള ഒരു സ്വരം അദ്ദേഹം കേട്ടു. ഒട്ടും മടിക്കാതെ ആ നിമിഷത്തിൽത്തന്നെ അദ്ദേഹം തൻെറ ചെരിപ്പുകളഴിച്ചുമാററി. വടി ഉപേക്ഷിച്ചു. ഒരു ചരടുകൊണ്ടു് സ്വയം ചുററിക്കെട്ടി. അചിരേണ, അഗതിത്വത്തെ സ്നേഹിച്ചിരുന്ന പലരും അദ്ദേഹത്തെ അനുഗമിച്ചു. അങ്ങനെ എളിയ സഹോദരരുടെ (Friars Minor) സഭയും സംസ്ഥാപിച്ചു. സഭക്കോ തദംഗങ്ങൾക്കൊ ഒരുവക സ്വത്തും ഉണ്ടായിക്കൂടാ എന്നുള്ളതാണു് ആ സഭയുടെ ഒരു നിയമം. ഇങ്ങനെ

ഒരു കാഴ്ച അതഃപരം ലോകം കണ്ടിരുന്നില്ല. ദാരിദ്ര്യത്തോടുള്ള സ്നേഹാധിക്യം ഹേതുവാൽ ഈ സഭയെ തൻെറ രാജകീയ മണവാട്ടി എന്നാണ് വിശുദ്ധൻ വിളിച്ചിരുന്നതു്. ഏതു പുണ്യമാണ് വിശുദ്ധൻ കൂടുതലായി ഇഷ്ടപ്പെട്ടുന്നതു് എന്നു ഒരു ദിവസം ഒരാൾ ചോദിച്ചു. അദ്ദേഹം നൽകിയ മറുപടി ഇതാണ് "നിത്യരക്ഷയിലേക്കുള്ള മാൎഗ്ഗമാണ് അഗതിത്വം. അതു് എളിമയുടെ മാതാവും, പൂൎണ്ണതയുടെ വേരുമാണ്. ഇതിൻെറ ഫലങ്ങൾ ഒളിക്കപ്പെട്ടിരിക്കുന്നു. പക്ഷെ അവ ഒരായിരം മാൎഗ്ഗേണ പെരുകുന്നതാണ്".

ദാരിദ്ര്യത്തിൻെറ സഹചാരികളാണ് വിശപ്പ്, ദാഹം, നിന്ദനം, പരിഹാസം എന്നിത്യാദി ദുരിതങ്ങളും കഷ്ടതകളും. ദാരിദ്ര്യത്തെ സ്നേഹിക്കുന്നവർ ഇവയെയും സ്നേഹിച്ചേ മതിയാവൂ. അഗതിയാണെന്നു ഭാവിക്കുകയും എങ്കിലും സകലവിധ ജീവിതസുഖങ്ങളും ആഗ്രഹിക്കുകയും അവയിൽ വല്ലതും ഇല്ലാതായാൽ പരാതിപ്പെടുകയും ചെയ്യുന്ന സന്യാസി ദൈവത്താലും മനുഷ്യരാലും നിന്ദിക്കപ്പെടുന്നു. ദാരിദ്ര്യവ്രതം പറഞ്ഞൊത്തിട്ടുള്ളതായി നാം അഭിമാനിക്കുകയും പറകയും ചെയ്യുന്നുണ്ടു്. എങ്കിലും നമ്മുടെ വീതം പതിവിൽ അല്പം കുറയുകയൊ, ഭക്ഷ്യപദാൎത്ഥങ്ങൾ ഹിതാനുസരണം പാകപ്പെടുത്താതിരിക്കുകയൊ, നാം വിചാരിക്കുന്ന സമയത്തു് ഒരു പുതിയ വസ്ത്രം ലഭിക്കാതിരിക്കുകയൊ ചെയ്താൽ ആശ്രമാധിപതിയുടെ നേരെ പിറുപിറുത്തുകഴിയും. ഇതത്രെ സൎവ്വത്ര പരിതാപകരമായിത്തോന്നുന്നതു്. വളരെ വിശേഷപ്പെട്ട എന്നല്ല ഒന്നാംതരം ലിനൻകൊണ്ടുതന്നെ വസ്ത്രം ഉണ്ടാക്കിക്കിട്ടണം, തൈപ്പു നന്നായിരിക്കണം, അവ തങ്ങൾക്കു ചേൎന്നതരത്തിലുള്ളതല്ല എന്നിങ്ങനെ ഓരോന്നിനും ശാഠ്യംപിടിക്കുന്നവരുടെ ദാരിദ്ര്യാനുഷ്ഠാനത്തെപ്പററി എന്തു പറയട്ടെ! അവർ ദാരിദ്ര്യവ്രതക്കാരായിരിക്കാം. പക്ഷെ ദാരിദ്ര്യപുണ്യം അവൎക്കില്ല. നാമാകട്ടെ ദാരിദ്ര്യവ്രതം അനുഷ്ഠിക്കുന്നതു് ദാരിദ്ര്യപുണ്യസമ്പാദനത്തിനാണെന്നു ധരിക്കണം.

ഭക്താത്മാവേ! ഇവിടെ ഒരു സ്വയപരിശോധന നടത്തുക. ദാരിദ്ര്യവ്രതം നീ പറഞ്ഞൊത്തിട്ടുണ്ടെങ്കിലും ഇതുവരെ സാക്ഷാൽ നീ ദാരിദ്ര്യത്തെ സ്നേഹിച്ചിരുന്നൊ? ദാരിദ്ര്യസഹജമായ ക്ലേശങ്ങളും ഭാരങ്ങളും സസന്തോഷം സ്വീകരിച്ചു സഹി

ച്ചിരുന്നൊ? ഒരുപെക്ഷ സന്തോഷത്തോടെ അല്ലെങ്കിലും ക്ഷമ യോടും പാപപരിഹാരത്തിനായും ദിവ്യരക്ഷകനോടുള്ള സ്നേ ഹത്തെപ്രതിയും സഹിച്ചിട്ടുണ്ടൊ? ഈ പരിശോധനയിൽ നീ കുററക്കാരനാണെന്നു ബോദ്ധ്യപ്പെട്ടുന്നെങ്കിൽ ദൈവത്തോടു പൊറുതി അപേക്ഷിച്ച് മേലാൽ ദാരിദ്ര്യത്തെ സ്നേഹിച്ചുകൊ ണ്ടു് ജീവിച്ചുകൊള്ളാമെന്നു നല്ല പ്രതിജ്ഞ ചെയ്യുക.

## 2. ദാരിദ്ര്യത്തിൻെറ പദവികൾ

സുവിശേഷദാരിദ്ര്യത്തിൻെറതായി ആദ്ധ്യാത്മിക ഗുരുക്ക ന്മാർ സമർത്ഥിക്കുന്ന പദവികൾ മൂന്നാണെന്നു പറയാം.

1. ബാഹ്യമായി മാത്രമല്ല ആഭ്യന്തരമായും സമസ്തവും ഉപേക്ഷിക്കുകയും സമസ്തവസ്തുക്കളിൽനിന്നും ഹൃദയത്തെ അ കററുകയും ചെയ്യുക എന്നതാകുന്നു ആദ്യത്തെ പദവി– അതി നാൽ ഒരു സന്യാസി തനിക്കുള്ളവയും തൻെറ ഉപയോഗത്തിലി രിക്കുന്നവയുമായ സമസ്തവും തനിക്കു വായ്പയായി ലഭിച്ചിരിക്കുന്നു വെന്നു കരുതണം. ആശ്രമാധിപൻെറ ആംഗ്യമാത്രയിൽ അവ ഒന്നടങ്കം ഉപേക്ഷിക്കുവാനും സന്നദ്ധനായിരിക്കണം. ഏതൽസംബന്ധമായി വി. ഇഗ്നാസിയോസ് പറയുന്നതായതു്: "ഒരു പ്രതിമയെ അലങ്കരിക്കുമ്പോഴും അനന്തരം അതിൽ നിന്നും ആ അലങ്കാരങ്ങൾ മാററിക്കളയുമ്പോഴും പ്രതിമ അ വലംബിക്കുന്ന നിലതന്നെ ആയിരിക്കണം ഒരു സന്യാസി യുടെ ഉപയോഗത്തിലിരിക്കുന്ന സാമാനങ്ങളെ സംബന്ധിച്ചി ടത്തോളം ആ സന്യാസിയുടെ നിലയും.'' അതേ, നിത്യോ പയോഗത്തിലിരിക്കുന്ന പുസ്തകങ്ങൾ, മുറി, വസ്ത്രങ്ങൾ എന്നി ത്യാദി സംബന്ധിച്ചിടത്തോളം ഒരു സന്യാസിയുടെ നില കൃത്യ മായും മുകളിൽ പറഞ്ഞതുപോലെ ആയിരിക്കേണ്ടതാകുന്നു. ഇവയിൽ ഏതെങ്കിലുമോ എല്ലാംതന്നെയുമൊ, മാറേറണ്ടതായി വന്നാൽ, അഥവാ മററുള്ളവൎക്കു വിട്ടുകൊടുക്കുവാൻ ആശ്രമാധി കാരി ആവശ്യപ്പെട്ടാൽ പ്രസ്തുത പ്രതിമയുടെ നില നാം അ വലംബിക്കണം. ഇതുമൂലം അവകാശകാൎയ്യമേ അസ്തപ്രായമായി ത്തീൎന്നുകൊള്ളും. ഏതെങ്കിലും സാധനം ഉപേക്ഷിക്കുവാൻ കീഴ്വഴക്കത്തിൻെറ പേരിൽ ഒരു സന്യാസിയോടാവശ്യപ്പെ ട്ടുമ്പോൾ അയാൾ അതിൽ എന്തെങ്കിലും വെറുപ്പോ അസ്വാസ്ഥ

തയൊ പ്രകടിപ്പിക്കുന്നപക്ഷം ആ സന്യാസി ആ സാധനം ദാരിദ്ര്യത്തിൻെറ അരൂപിയിലല്ല ഉപയോഗിച്ചിരുന്നതെന്നൊ അയാൾക്കതിനോട്ട് പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു എന്നൊ കരുതുന്നതിൽ അബദ്ധമില്ല.

തത്സംബന്ധമായുള്ള വി. ആഗസ്തീനോസിൻെറ ഒരു പ്രസ്താവന അത്യന്തം അർത്ഥവത്താണ്. അദ്ദേഹം പറയുന്നു: "ഒരു സാധനം നമ്മുടെ ഉപയോഗത്തിലിരിക്കുമ്പോൾ അതിനോടെന്തെങ്കിലും പ്രതിപത്തിയുള്ളതായി നമുക്കു വിശ്വസിക്കുവാൻ പലപ്പോഴും സാധിച്ചെന്നു വരികയില്ല. പക്ഷെ അതു നമ്മിൽനിന്നും മാററപ്പെട്ടുമ്പോഴാണ് അതെപ്പററിയുള്ള മനസ്ഥിതി നമുക്കു മനസ്സിലാകുന്നതു്. ഉപയോഗത്തിലിരിക്കുന്ന എന്തെങ്കിലും നമ്മിൽനിന്നും എടുക്കപ്പെട്ടുമ്പോൾ വല്ല അസുഖമൊ അസ്വസ്ഥതയോ അനുഭവപ്പെടുന്നു എങ്കിൽ അതിനോടു നമുക്കു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നു എന്നു നിശ്ചയിക്കാം. എന്തുകൊണ്ടെന്നാൽ ആ അസുഖത്തിനും അസ്വസ്ഥതക്കും ഉള്ള നിദാനം ആ പ്രതിപത്തി അല്ലാതെ മറൊന്നുമല്ല. നേരെമറിച്ചു അതിൻെറ മാററംമൂലം യാതൊരസ്വസ്ഥതയും അനുഭവപ്പെടുന്നില്ലായെങ്കിൽ അതിനോടു പ്രതിപത്തി ഒന്നും ഇല്ലായിരുന്നു എന്നും തീർച്ചയാക്കാം. കാരണമെന്തെന്നാൽ, നമ്മുടെ സ്നേഹത്തെ അർഹിക്കാത്തതിനെ യാതൊരു സങ്കടവുംകൂടാതെ നാം കൈവിടും, നേരെമറിച്ച് വളരെ സന്തോഷത്തോടുകൂടി നാം ഉപയോഗിക്കുന്ന യാതൊന്നും സങ്കടംകൂടാതെ ഉപേക്ഷിക്കുക നമുക്കു സാദ്ധ്യമല്ല".

വാസ്തവം ഇതായിരിക്കെ, ഇതുവരെ നിൻെറ ഉപയോഗത്തിലിരിക്കുന്ന ഏതെങ്കിലും സാധനം അധികാരിയുടെ ആജ്ഞാനുസരണം കൈമാറേണ്ടിവരുന്നു എങ്കിൽ നിൻെറ മനഃസ്ഥിതി ഏതു വിധമായിരിക്കുമെന്ന് നീ സ്വയം ഒന്നു പരിശോധിച്ചുനോക്കുക. ഏതിനോടെങ്കിലും പ്രത്യേക പ്രതിപത്തി തോന്നുന്നു എങ്കിൽ തൽക്ഷണം കുരിശിൻെറ മറിയം എന്ന കന്യകാരത്നത്തെ അനുകരിക്കുക. ഒരു കർമ്മലീത്താ സഭാംഗമായിരുന്ന ഈ കന്യക വല്ലൊരു സാധനത്തോടു തനിക്കു പ്രത്യേക പ്രതിപത്തി ജനിച്ചാലുടനെ ആശ്രമാധി

പയെ സമീപിച്ച് അതു കൈവെടിയുന്നതിനു അനുമതി ആവശ്യപ്പെടുകയും അങ്ങനെ അതുപേക്ഷിക്കുകയും ചെയ്ക പതിവായിരുന്നു. നിൻെറ ഹൃദയം ഒരിക്കലും ലൗകികവസ്തുക്കളിൽ നിക്ഷിപ്തമായിരിക്കരുതു്. ഉപയോഗത്തിലിരിക്കുന്ന ഏതു സാധനവും കീഴ്‌വഴക്കം ആവശ്യപ്പെട്ടാൽ ആവശ്യപ്പെടുന്ന ആ ക്ഷണത്തിൽ ഉപേക്ഷിക്കുവാൻ തയാറായിരിക്കണം.

2. ആവശ്യത്തിലധികമായി ഒന്നും ഉണ്ടായിരിക്കരുതു്. ഇതാണു് ദാരിദ്ര്യത്തിൻെറ രണ്ടാമത്തെ പദവി– എന്തു തന്നെയായാലും ആവശ്യത്തിലധികമുണ്ടായിരിക്കുന്നതു് ദൈവത്തോടു പൂൎണ്ണമായി ഐക്യപ്പെടുന്നതിനു് ഒരു പ്രതിബന്ധമാണു്. കുരിശൊഴിച്ചുള്ള സകല അലങ്കാരസാധനങ്ങളും പാസിയിലെ വി. മറിയം മഗ്‌ദലേന അൾത്താരയിൽനിന്നുപോലും മാററിക്കളഞ്ഞിരുന്നു. ദൈവം അരൂപിയിലുള്ള ദാരിദ്ര്യത്തെ വളരെയധികം ഇഷ്ടപ്പെടുന്നു എന്നു അറിഞ്ഞിരുന്നതുകൊണ്ടു് തൻെറ കൈവശം ആവശ്യത്തിലധികമായി എന്തെങ്കിലും ഉണ്ടായിരുന്നപ്പോൾ അതുപേക്ഷിക്കുന്നതുവരെ പ്രാൎത്ഥനയിൽ തനിക്കു ലയിക്കുവാൻ സാധിച്ചിരുന്നില്ല എന്നു വി. അമ്മത്രേസ്യായും പറയുന്നു. ക്രമത്തിലധികമെന്നു പറയുന്നതു് എന്താണെന്നു് ഇവിടെ അറിയേണ്ടതാവശ്യമാണു്. ആശ്രമനിയമങ്ങൾ, ആശ്രമാധികാരിയുടെ മനസ്സു്, തീക്ഷ്ണതയുള്ള സന്യാസികളുടെ മാതൃക ഇത്രയും ഗ്രഹിച്ചിരുന്നാൽ ക്രമത്തിലധികം എന്നു പറയുന്നതു് എന്താണെന്നു് ഗ്രഹിപ്പാൻ ഒരു പ്രയാസവും ഉണ്ടാവുകയില്ല. ലൗകികവസ്തുക്കളുടെ ഉപയോഗം അവയുടെ സൂക്ഷം എന്നിവ സംബന്ധിച്ചു് സഭാനിയമം ശരിയായി പാലിക്കുകയും, അധികാരിയുടെ ആജ്ഞാപനത്തെ സസന്തോഷം കൃത്യമായി അനുസരിക്കുകയും ഭക്തരായ സന്യാസികളുടെ മാതൃകയെ അനുകരിക്കുകയും ചെയ്യുന്നുവെങ്കിൽ ഈ കാൎയ്യത്തിൽ ഭയപ്പെടുവാനൊ അസ്വസ്ഥചിത്തരാകുവാനൊ ഒന്നും ഇല്ല. ഒന്നുകൂടി സംക്ഷേപിച്ചു് പറയുകയാണെങ്കിൽ സന്യാസികൾ ലളിതമായി ജീവിക്കണം. സൎവ്വത്തിലും മിതത്വം പാലിക്കണം.

a. <u>വസ്ത്രധാരണത്തിൽ</u> ദാരിദ്ര്യം പാലിക്കുക– സന്യാസിയുടെ വസ്ത്രം ആവശ്യത്തിനുവേണ്ടി മാത്രമായിരിക്കണം.

അല്ലാതെ മായാവിഭ്രാന്തിക്കുവേണ്ടിയോ അലങ്കാരത്തിനുവേണ്ടിയോ ആയിരിക്കരുതു്. സന്യസ്തരെ സംബന്ധിച്ചിടത്തോളം വിശേഷവസ്ത്രങ്ങൾ മിഥ്യാഭിമാനത്തിനുവേണ്ടിയോ തങ്ങളെ കാണാൻ ഇടയാകുന്നവരാൽ പ്രശംസിക്കപ്പെടുന്നതിനുവേണ്ടിയോ അല്ലെങ്കിൽ പിന്നെ എന്തിനാണു്? തങ്ങളെ ആരും കാണാത്ത അവസരത്തിൽ ആരും വിശേഷവസ്ത്രങ്ങൾ ധരിക്കാറുപതിവില്ലല്ലൊ. ലോകത്തിൽ ജീവിക്കുന്നവരാണെങ്കിൽ മററു മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനായി വിശേഷവസ്ത്രങ്ങൾ ധരിക്കുന്നു. എന്നാൽ മിശിഹായെ മാത്രം പ്രീതിപ്പെടുത്തുന്നതിനായി സർവ്വതും പരിത്യജിച്ചു സന്യാസംവരിച്ചിരിക്കുന്ന ഒരാത്മാവു് അവ്വിധം ചെയ്യുന്നതു് ആരെ പ്രീതിപ്പെടുത്താനാണു്? മിശിഹായുടെ ഒരു മണവാട്ടിയുടെ സൗന്ദര്യം ബാഹ്യമായതല്ല, ആഭ്യന്തരമായിരിക്കണം എന്നാണു് പരിശുദ്ധാരൂപി അരുളിച്ചെയ്യുന്നതു്. "രാജപുത്രിയുടെ മഹത്വമെല്ലാം അകമേയാണു്?" (സങ്കീ. XLiv. 14) ആത്മാവിൽ ഒളിച്ചിരിക്കുന്നതിനെ ബാഹ്യരൂപം തെളിച്ചു കാണിക്കുന്നു. ഒരു വിശേഷവസ്ത്രം, ആഡംബരത്തിനുവേണ്ടിയുള്ള അലങ്കാരം എന്നിവ ആത്മാവിൻെറ ദാരിദ്ര്യസ്ഥിതിയെ അത്രെ പ്രസ്പഷ്ടമാക്കുന്നതു്. "തൻെറ ശരീരത്തെ അലങ്കരിക്കുന്ന ഒരു സന്യാസിനി അവളുടെ ആത്മാവിൻെറ വൈരൂപ്യത്തെയാണു് പ്രത്യക്ഷപ്പെടുത്തുന്നതു്" എന്നു വി. ക്രിസോസ്തോം പറഞ്ഞിരിക്കുന്നതിൻെറ കാരണവും ഇതത്രെ. ദാരിദ്ര്യലംഘനം നിമിത്തം വിശിഷ്യാ വസ്ത്രധാരണവിഷയകമായ വ്യർത്ഥാഭിമാനം ഹേതുവാൽ നിത്യനരകത്തിൽ നിപതിച്ചുപോയ ചില സന്യാസിനികളുടെ ആത്മാക്കളെ പാസ്സിയിലെ വി. മറിയം മഗ്ദലേന അവിടെ കണ്ടതായി ആ വിശുദ്ധയുടെ ചരിത്രത്തിൽ കാണുന്നു.

b. <u>വസതിയിൽ</u> ദാരിദ്ര്യം പാലിക്കുക— തങ്ങളുടെ അധീനരുടെ മുറികളിൽ എന്തെങ്കിലും അപൂർവ്വ വസ്തുക്കളൊ വിശേഷസാമാനങ്ങളൊ കാണപ്പെട്ടിരുന്നു എങ്കിൽ അതു സന്യാസികളുടെ വിഗ്രഹമാണെന്നു പറഞ്ഞുകൊണ്ടു് സഭാധികാരികൾ അവ അഗ്നിക്കാഹാരമാക്കിയിരുന്നതായി വി. ഇറോനീമ്മോസിൻെറ ചരിത്രത്തിൽ നാം വായിക്കുന്നു. പില്ക്കാലത്തു് നേപ്പിൾസിലെ ഒരു കന്യാസ്ത്രീയായിത്തീൎന്ന ആൻഡ്റിയാ

യിലെ പ്രഭ്വിയായ മറിയംമഗ്ദലേനാ കറാഫാ തൻെറ മുറിയിൽ എന്തെങ്കിലും വിശേഷ ചിത്രങ്ങളോ സമ്മാനവസ്തുക്കളോ അധികം പുസ്തകങ്ങളോ സൂക്ഷിക്കുവാൻ സമ്മതിച്ചിരുന്നില്ല. "വായിക്കുവാൻ ഒരു പുസ്തകം മതി. വായനയിൽനിന്നും ഗ്രഹിക്കുന്നതു പ്രാവൎത്തികമാക്കണം. അതാണു് കാൎയ്യമായിട്ടുള്ളതു്" എന്നവൾ പറയുക പതിവായിരുന്നു. മുറിയിൽ ജ്ഞാനപുസ്തകങ്ങൾ ധാരാളം സൂക്ഷിക്കുന്നെങ്കിലും അവയിൽ അടങ്ങിയിരിക്കുന്നതൊന്നും പ്രവൃത്തിയിൽ വരുത്താതിരിക്കുന്ന കൂട്ടരെ ഉദ്ദേശിച്ചാണു് ഈ ദൈവദാസി ഇങ്ങനെ പറഞ്ഞിരിക്കുന്നതു്. തൻെറ മുറിയിൽ ആവശ്യത്തിലധികമായി എന്തെങ്കിലും ഉണ്ടോ എന്നു് അനുദിനവും വി. അമ്മത്രേസ്യാ പരിശോധിച്ചിരുന്നു. അത്യാവശ്യപ്പെട്ടതല്ലാത്തതായി എന്തെങ്കിലും ഉണ്ടെന്നു കണ്ടാൽ തൽക്ഷണം അതു് അവിടെനിന്നും അവൾ മാററിക്കളഞ്ഞിരുന്നു.

C. തീനിലും, കുടിയിലും ദാരിദ്ര്യം പാലിക്കുക— പുണ്യജീവിതം നയിച്ചിട്ടുള്ള സന്യാസികളിൽ പലരും ഇന്ദ്രിയനിഗ്രഹപരമായ ഒരു ജീവിതമാണു് നയിച്ചിട്ടുള്ളതു്. വി. ക്ലാര സാധാരണയായി അപ്പവും, കുറെ സസ്യഭക്ഷണവുമേ കഴിച്ചിരുന്നുള്ളു. നോമ്പുകാലങ്ങളിൽ അപ്പവും വെള്ളവും മാത്രമായിരുന്നു ആഹാരം. അതും ആഴ്ചയിൽ നാലു ദിവസമേ ഭക്ഷിച്ചിരുന്നുള്ളു. മററു മൂന്നു ദിവസങ്ങളിൽ അവൾ എന്തെങ്കിലും തിന്നുകയാകട്ടെ കുടിക്കുകയാകട്ടെ ചെയ്തിരുന്നില്ല. മധുരപദാൎത്ഥങ്ങളോടു് അൽക്കാൻട്രായിലെ വി. പത്രോസു് ആജീവനാന്തം വിരക്തി പ്രദൎശിപ്പിച്ചിരുന്നു. അദ്ദേഹം വളരെ കുറച്ചു് ആഹാരമേ കഴിച്ചിരുന്നുള്ളു. ഉള്ളതിൽ ഏററവും മോശമായിരുന്ന അപ്പത്തോടായിരുന്നു ഏററവും കൂടുതൽ പക്ഷം. പുതിയ പുതിയ സസ്യപദാൎത്ഥങ്ങളെക്കാൾ പഴകിയ സസ്യഭക്ഷണത്തോടായിരുന്നു വിശുദ്ധനു കൂടുതൽ ഇഷ്ടം. വലിയ തിരുനാൾദിവസങ്ങളിൽപോലും വിശുദ്ധൻെറ ആഹാരം ഒരു കഷണം അപ്പവും, ചെന്നിനായകം ചേൎത്തു് ചാരത്തിലിട്ടു പാകപ്പെടുത്തിയ എന്തെങ്കിലും സസ്യഭക്ഷണവും മാത്രമായിരുന്നുവത്രെ. വീഞ്ഞു ഒരിക്കലും ഉപയോഗിച്ചിട്ടില്ല. വൈദ്യന്മാർ ഉപദേശിച്ചിട്ടുപോലും അതുപയോഗിച്ചി

രുന്നില്ല. സാധാരണ മൂന്നുദിവസത്തിലൊരിക്കലേ എന്തെങ്കിലും ഭക്ഷിച്ചിരുന്നുള്ളു. ചിലപ്പോൾ ഒരുവാരക്കാലം മുഴുവനും പൂർണ്ണ ഉപവാസത്തിൽ കഴിച്ചുകൂട്ടാനും മടിച്ചിരുന്നില്ല.

കുരിശിന്റെ വി. യോഹന്നാൻ 24 കൊല്ലക്കാലത്തേക്കു അപ്പവും വെള്ളവും, കുറെ ഫലങ്ങൾ അഥവാ മറേറതെങ്കിലും സസ്യഭക്ഷണം ഇത്രയും മാത്രംകൊണ്ടു ജീവിച്ചു. രോഗം ബാധിച്ചു കിടപ്പിലായപ്പോൾ ചൂടുള്ള ഭക്ഷണം കഴിക്കണമെന്നു വൈദ്യൻ ആവശ്യപ്പെട്ടു. വിശുദ്ധനാകട്ടെ ഒരു കഷണം അപ്പം സൂപ്പിൽ മുക്കിത്തിന്നു കൃതകൃത്യനായി. കുറെ വീഞ്ഞു കുടിച്ചേ മതിയാവൂ എന്നു വൈദ്യൻ നിർബന്ധിച്ചതിനാൽ അപ്പവും വീഞ്ഞും ഉപയോഗിച്ചു. പക്ഷെ കുറെ വീഞ്ഞു സൂപ്പിൽ ചേർത്ത് അതിന്റെ രുചികെടുത്തിക്കളഞ്ഞതിനു ശേഷമല്ലാതെ വീഞ്ഞുതന്നെ കുടിക്കുവാൻ സമ്മതിച്ചില്ല. ഇവിടെ കുറെ ഉദാഹരണങ്ങൾമാത്രം എടുത്തുകാണിച്ചതു് നാമും ഇങ്ങനെ ചെയ്യുവാൻവേണ്ടിയല്ല. പ്രത്യുത, സഭാക്രമമനുസരിച്ച് നമുക്കു ലഭിക്കുന്ന ആഹാരംകൊണ്ടു നാം തൃപ്തിപ്പെടുവാൻ സഹായകമാകുവാൻവേണ്ടി ഇത്രയും ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. ഒരു സന്യാസിക്കു നൽകപ്പെടുന്നവകൊണ്ടു തൃപ്തിപ്പെടാതെ കൂടുതൽ രുചികരമായതൊ പ്രത്യേകം ഇഷ്ടപ്പെടുന്നതൊ ആയവ ആഗ്രഹിക്കുന്നു എങ്കിൽ അയാൾ ആത്മീയ ജീവിതത്തിൽ വളരെ കുറച്ചുമാത്രമേ പുരോഗമിച്ചിട്ടുള്ളു എന്നുള്ളതിനു അതു മതിയായ ഒരു ലക്ഷ്യണമാണ്.

3. ആവശ്യത്തിനുള്ളവ കിട്ടാതെവരുമ്പോൾ കൂടെയും കിട്ടുന്നവകൊണ്ടു തൃപ്തിപ്പെടുക. ഇതാണ് ദാരിദ്ര്യത്തിന്റെ മൂന്നാമത്തെ പദവി— ആഗ്രഹിക്കുന്നതൊ ആവശ്യത്തിനുള്ളവ തന്നെയൊ ലഭിക്കുന്നില്ലായെങ്കിൽ അക്ഷമരാകാതെയും, പരാതിപ്പെടാതെയും ഇരിക്കുക. താദൃശാവസരങ്ങളിൽ മിശിഹായുടെ അശതിത്വം എപ്രകാരമായിരുന്നുവെന്നോക്കുക. ജനനവേളയിൽ ശീതബാധയില്ലാത്ത ഒരു മുറിയും മാർദ്ദവമുള്ള ഒരു ശയ്യയും തനിക്കാവശ്യമായിരുന്നു. എങ്കിലും ഒരു പഴയ കാലിത്തൊഴുത്തിൽ പിറക്കുവാനും ജീവിതസൗകര്യങ്ങളൊന്നും കൂടാതെ വൈക്കോൽ ശയ്യയിൽ കിടക്കുവാനും താൻ തിരുമനസ്സായി. മരണവേളയിലൊ? ഒരു പായൊ കുറഞ്ഞപക്ഷം

വെറും തറയെങ്കിലുമൊ കിടക്കുവാൻ തനിക്കാവശ്യമായിരുന്നില്ലേ? എങ്കിലും എങ്ങനെയാണ് അവിടുന്നു മരിച്ചതു്? കുരിശിൽ ആകാശത്തിനും ഭൂമിക്കും മദ്ധ്യെ തൂങ്ങിക്കിടന്നുകൊണ്ടു്. ദാരിദ്ര്യവ്രതം നമ്മുടെമേൽ ചുമത്തുന്ന നിസ്സാര ത്യാഗങ്ങൾ ക്ഷമയോടെ സഹിക്കുവാൻ വേണ്ടുവോളം പ്രേരണയും പ്രോത്സാഹനവും നമുക്കു സിദ്ധിക്കുന്നതിനു് ഈ ക്രൂശിതനായ മിശിഹായെ ഒന്നു നോക്കിയാൽ മതി. പാസ്സിയിലെ വി. മഗ്ദലേനായിക്കു ആവശ്യമുള്ളതെല്ലാം ശ്രേഷ്ഠ നൽകിയിരുന്നു. ഇങ്ങനെ എല്ലാം യഥാവിധി ലഭിക്കുവാനിടയായതിൽ വിശുദ്ധയ്ക്കു വലിയ മനസ്താപമായിരുന്നു. ഒരു ദിവസം ഭക്ഷണവേളയിൽ വിശുദ്ധയ്ക്കു അപ്പം ലഭിച്ചില്ല. ഇതിൽ അവൾ ആനന്ദിക്കുക മാത്രമല്ല വളരെ സന്തോഷിക്കുകതന്നെചെയ്തു. ഈ സന്തോഷം കുററകരമായിപ്പോയില്ലയൊ എന്നു ശങ്കിച്ചു അവൾ പിന്നീടു് അതെപ്പററി സ്വയം കുററപ്പെടുത്തുകയുണ്ടായി. 'ഭക്ഷണത്തിനായി ചെല്ലുമ്പോൾ ഭക്ഷിക്കുവാൻ ഒന്നും കാണാതിരുന്നെങ്കിൽ, കിടക്കുവാൻ പോകുമ്പോൾ കിടക്കയില്ലാതെവന്നെങ്കിൽ എത്ര സന്തോഷമായിരുന്നു' എന്നു വിശുദ്ധ ചിലപ്പോൾ തന്നത്താൻ പറഞ്ഞിരുന്നു. തലചായിക്കുവാൻ സ്ഥലമില്ലാതെ വരികയിൽ ഒരു പരാതിയും പറയാതെയിരുന്ന ദിവ്യരക്ഷകൻെറ സാക്ഷാൽ ശിഷ്യതന്നെയായിരുന്നു ഈ വിശുദ്ധ.

അതിനാൽ ദാരിദ്ര്യമെന്ന പുണ്യം പരിശീലിക്കുക. ലൗകികമായ യാതൊന്നിനോടും ക്രമരഹിതമായ പക്ഷം ഉണ്ടാകുവാൻ അനുവദിക്കരുതു്. ദൈവത്തിലും നിത്യനന്മകളിലുമായിരിക്കണം നമ്മുടെ സർവ്വപക്ഷവും. സ്വൎഗ്ഗീയനഗരത്തിലേക്കു ദൃഷ്ടികൾ തിരിക്കുക. ലോകത്തിൽ നമ്മൾ കേവലം പരദേശികളും തീൎത്ഥകരുമാണെന്നു അനുസ്മരിക്കുക. ലൗകികസമ്പത്തുകളെ സധീരം പരിത്യജിച്ചശേഷം സന്യാസജീവിതത്തിൽ നിസ്സാരകാൎയ്യങ്ങളിൽ ഹൃദയം ലയിക്കാതിരിക്കട്ടെ. സമയം മുഴുവനും ദൈവത്തിനായി അൎപ്പിച്ച നമ്മൾ ദൈവത്തിൻേറതു മാത്രമാണു്. അതിനാൽ സാരമായതായാലും നിസ്സാരമായതായാലും ലൗകികമായ യാതൊന്നിലും നാം ആകൃഷ്ടരാകേണ്ടതല്ല. അരൂപിയിലുള്ള ദാരിദ്ര്യം ക്രിസ്തീയപരിപൂൎണ്ണത പ്രാപിക്കുന്നതിനുള്ള ഒരുത്തമ മാൎഗ്ഗമാകയാൽ ലൗകികമെന്നു

ഷ്യൻ ധനത്തെയും ലോകസമ്പത്തുക്കളെയും സ്നേഹിക്കുന്നതിൽ കൂട്ടതലായി ഈ ദാരിദ്ര്യത്തെ നാം സ്നേഹിക്കണം. നമ്മുടെ ഉപയോഗത്തിലിരിക്കുന്നവ കേവലം കടമായി നമുക്കു നൽകപ്പെട്ടിരിക്കുന്നു എന്നു് നാം വിചാരിക്കണം. ആവശ്യത്തിലധികമായി ഒന്നും ആശിക്കരുതു്. ആവശ്യത്തിനുള്ളതുകൊണ്ടു തൃപ്തരായിരിക്കണം. ഒരുപക്ഷെ ആവശ്യത്തിനുവേണ്ടവതന്നെയും ഇല്ലാതെ വരുന്നുവെങ്കിൽ ഒരു പരാതിയും അധരങ്ങളിൽനിന്ന് പുറപ്പെടാതിരിക്കട്ടെ. ലേകവസ്തുക്കളിൽനിന്നും ഹൃദയം അകന്നിരിക്കുന്നു എങ്കിൽ, ദൈവം എൻെറ അവകാശമാകുന്നു ദൈവത്തെ അല്ലാതെ ഒന്നിനേയും ഞാൻ സ്നേഹിക്കുന്നില്ല, ഒന്നും ഞാൻ ആശിക്കുന്നില്ല എന്നു ഹൃദയപൂർവ്വം പറയുവാൻ നമുക്കു സാധിക്കുമെങ്കിൽ, ഹാ! നാം അനുഗ്രഹീതർ തന്നെ.

---

## 10. കീഴ്‌വഴക്കവ്രതം

"പറുദീസായിലുള്ള എല്ലാ വൃക്ഷങ്ങളുടെയും ഫലം നിനക്കു ഭക്ഷിക്കാം. എന്നാൽ നന്മതിന്മകളെ തിരിച്ചറിയുന്ന വൃക്ഷത്തിൻെറ കനിമാത്രം നീ ഭക്ഷിച്ചുകൂടാ. എന്നു് നീ അതു ഭക്ഷിക്കുന്നുവോ അന്നു നീ മരണം പ്രാപിക്കും." (സൃഷ്ടി. ii. 16–17) എന്നിതായിരുന്നു നമ്മുടെ ആദിപിതാവായ ആദത്തിനു ദൈവം കൊടുത്തിരുന്ന കല്പന. ആദമാകട്ടെ ഈ ദൈവകല്പന ലംഘിച്ചു് നിരോധിക്കപ്പെട്ട വൃക്ഷത്തിൻെറ ഫലം ഭക്ഷിച്ചു. തൽക്ഷണം ദൈവം നൽകിയിരുന്ന മുന്നറിയിപ്പു് സാർത്ഥകമായി പരിണമിക്കുകയും ചെയ്തു. ആദവും അദ്ദേഹത്തിൻെറ സന്തതികളും ആത്മീയവും ശാരീരികവുമായ മരണത്തിനു വിധേയരായി. അതായതു ദൈവപ്രസാദവരം അവർക്കു നഷ്ടീഭവിച്ചു. സ്വർഗ്ഗത്തിനുള്ള അവകാശവും ഇല്ലാതെയായി. സർവ്വവിധ പീഡകൾക്കും, പരീക്ഷകൾക്കും മരണത്തിനും അവർ വിധേയരായി. ഇഹത്തിൽ ഉള്ള തിന്മകൾക്കും പരത്തിൽ അനുഭവപ്പെടാവുന്ന തിന്മകൾക്കും ഉള്ള ഉല്പത്തിയും

നിദാനവും എല്ലാം ആദത്തിൻെറ ഈ അനുസരണക്കേടു ഒന്നു മാത്രമാണ്. പക്ഷെ, കാലങ്ങളുടെ തികവിൽ ദൈവപുത്രൻ മനുഷ്യപുത്രനായി അവതരിച്ചു. വി. ശ്ലീഹാ പറയുന്നതുപോലെ, "അവിടുന്നു തന്നെത്തന്നെ താഴ്ത്തി മരണത്തോളം, അതേ, കുരിശുമരണത്തോളം കീഴ്‌വഴങ്ങി. (ഫിലിപ്യർ ii. 8.)

അപ്പോഴൊ, നിത്യരക്ഷയ്ക്കു നിദാനമായി ഭവിച്ചതു അനുസരണമത്രെ. ഇതിനാൽതന്നെയാണ് "ഒരു മനുഷ്യൻെറ അനുസരണക്കേടുമൂലം അനേകർ പാപികളായി തീൎന്നതുപോലെ ഒരാളിൻെറ കീഴ്‌വഴക്കംമൂലം അനേകർ നീതിമാന്മാരായും തീരുന്നു" (റോമ്മാ v. 19) എന്നു ശ്ലീഹാ എഴുതിയിരിക്കുന്നതു്. ഇനി, സന്യാസജീവിതത്തെ സംബന്ധിച്ചുപറഞ്ഞാൽ, സൎവ്വപ്രധാനമായ ഒരു സ്ഥാനമാണ് അവിടെ കീഴ്‌വഴക്കത്തിനുള്ളതു്. തത്സംബന്ധമായി കൎമ്മലീത്താസഭക്കാരുടെ നിയമാവലിയിൽ പറയുന്ന ഒരു ഭാഗം ശ്രദ്ധേയമാണ്. അതിൽ പറയുന്നു: "സന്യാസജീവിതം മുഴുവൻെറയും അടിസ്ഥാനം കീഴ്‌വഴക്കമാകുന്നു. എന്തെന്നാൽ ഈ പുണ്യം വഴിയായിട്ടത്രെ ഒരുവൻ സാക്ഷാൽ സന്യാസി ആയിത്തീരുകയും ക്രിസ്തീയ പുണ്യപൂൎണ്ണതയിലേയ്ക്കു ഉയൎത്തപ്പെടുകയും ചെയ്യുന്നതു്."

ആകയാൽ, ഇത്ര സാരമായ കീഴ്‌വഴക്കത്തിൻെറ മഹനീയതയെയും അതു ശരിയായി പാലിക്കേണ്ടതിൻെറ ആവശ്യകതയെയുംപററി സ്വല്പം ചിന്തിക്കാം.

## 1. കീഴ്‌വഴക്കവ്രതത്തിൻെറ മഹനീയത

a. കീഴ്‌വഴക്കവ്രതത്താൽ ഏററം സമുന്നതവും മഹനീയവും സമ്പൂൎണ്ണവുമായ ഒരു ബലിയാണ് ഒരാൾ ദൈവത്തിനു സമൎപ്പിക്കുന്നതു്— അതായതു് ഈ വ്രതം വഴിയായി സ്വന്ത മേലധികാരികളും സഭാനിയമങ്ങളും നമ്മോടാവശ്യപ്പെടുന്നതനുസരിച്ചു സമസ്ത കാൎയ്യങ്ങളിലും ദൈവചിത്തം നിറവേററിക്കൊള്ളാമെന്നാണ് നാം വാഗ്ദാനം ചെയ്യുന്നതു്. "എന്നെ അനുഗമിക്കുക" എന്നു ദിവ്യരക്ഷകൻ ആജ്ഞാപിച്ച ക്ഷണത്തിൽ ശ്ലീഹന്മാർ സൎവ്വതും സംത്യജിച്ചുകൊണ്ടു് തന്നെ പിൻചെന്നു. ഈ വ്രതാനുഷ്ഠാനംവഴി നാം ചെയ്യുന്നതും അതു തന്നെ ആകുന്നു. തങ്ങളുടെ ആത്മരക്ഷയെ അതിയായി കാംക്ഷി

ച്ചിരുന്ന ലക്ഷോപലക്ഷം ജനങ്ങൾ, സ്ത്രീകളും പുരുഷന്മാരും, പുണ്യപൂൎണ്ണത പ്രാപിക്കുവാനായി ഒരു അധികാരിയുടെ നേതൃത്വത്തിൽ വനാന്തരങ്ങളിൽ പോയി ദൈവത്തെ സ്നേഹിച്ചും, സേവിച്ചും, ജീവിച്ച് വിശുദ്ധ പദവിയിൽ എത്തിച്ചേൎന്നിട്ടുണ്ട്. നമ്മുടെ ഈ മുൻഗാമികളുടെ കാലടികളെയാണു ഇപ്പോൾ നാമും പിൻചെല്ലുന്നതു്. നമ്മുടെ ദിവ്യരക്ഷകൻ ചെയ്തതുതന്നെ ചെയ്തുകൊണ്ടു് നാം അവിടുത്തെ സ്വാഭാവാതീതമായ ഭക്ഷണത്തിൽ അംശഭാക്കുകളാവുകയും ചെയ്യുന്നു. "എന്നെ അയച്ചവൻെറ അഭീഷ്ടം പ്രവൎത്തിക്കുന്നതും അവൻെറ ജോലി പൂൎത്തിയാക്കുന്നതും ആകുന്നു എൻെറ ഭക്ഷണം" (യോഹന്നാൻ iv. 34) എന്നാണു് ദിവ്യരക്ഷകൻ തൻെറ ശിഷ്യസഞ്ചയത്തോടരുളിച്ചെയ്തതു്. വി. പൗലോസ് പറയുന്നു: "വിശ്വാസം, ശരണം, ഉപവി എന്നീ മൂന്നും ആകുന്നു നിലനില്ക്കുന്നവ. ഇവയിൽ പ്രധാനമായതു് ഉപവിയാകുന്നു." (1 കൊറി. xiii. 14.) ഏതാണ്ടു് ഇതേ ആശയംതന്നെ സന്ന്യാസികളെപ്പററിയും പറയാം. അതായതു്, ദാരിദ്ര്യം, വിരക്തി, കീഴ്വഴക്കം എന്നീ മൂന്നെണ്ണം അവശേഷിച്ചിരിക്കുന്നു. എന്നാൽ ഇവയിൽ മുഖ്യമായതു കീഴ്വഴക്കമാകുന്നു.

b. മററു രണ്ടു വ്രതങ്ങൾവഴി എന്നതിനെക്കാൾ വളരെ കൂടുതലായി കീഴ്വഴക്കവ്രതദ്വാരാ നാം ദൈവത്തിനു നമ്മെത്തന്നെ കാഴ്ചസമൎപ്പിക്കുന്നു– ദാരിദ്ര്യംവഴി നാം എന്താണു് ദൈവത്തിനു ബലി അൎപ്പിക്കുന്നതു്? നമ്മുടെ സമ്പത്തും ലൗകികമായ സമസ്തവും. ദാരിദ്ര്യം പറഞ്ഞൊക്കുന്നവർ അവക്കുള്ള ലൗകിക സമ്പത്തുകൾ ഒന്നടങ്കവും അവയോടുള്ള പക്ഷവും എന്നന്നേയ്ക്കും സമ്പൂൎണ്ണമായി ത്യജിക്കുന്നു. സമസ്ത ലൗകികവസ്തുക്കളിൽനിന്നും പരിച്ഛേദം ഹൃദയത്തെ അകററിക്കളയുക എന്നതു ദൈവത്തിനു സമൎപ്പിക്കുന്ന ഒരു വലിയ ബലി ആണെന്നുള്ളതിൽ പക്ഷാന്തരമില്ല. ഇനി വിരക്തവ്രതംവഴി എന്തു ബലിയാണു് നാം സമൎപ്പിക്കുന്നതു്? നമ്മുടെ ശരീരത്തെയും അതിൻെറ സന്തോഷങ്ങളെയും ദൈവത്തിനു നാം ബലിയായി അൎപ്പിക്കുന്നു. വിവാഹജീവിതത്തിൽ പ്രവേശിക്കുകയില്ലാ എന്നും പൂൎണ്ണവിരക്തരായി ജീവിച്ചുകൊള്ളാമെന്നും നാം സ്വയം സമ്മതിക്കുന്നു. ഇതും ഒരു മഹാത്യാഗമാണു്. ദാരിദ്ര്യവ്രതംമൂലം അൎപ്പിക്കുന്നതിനെക്കാൾ വലിയ ഒരു ബലിയാണിതെന്നു സമ്മതിക്കുകതന്നെ

വേണം. എന്തുകൊണ്ടെന്നാൽ, ശരീരം സ്വൎണ്ണത്തെക്കാളും വെള്ളിയെക്കാളും എന്നല്ല, ലൗകികമായ മററെന്തിനെക്കാളും ഉപരിയായ ഒരു സമ്പത്താണ്. സകല സമ്പത്തും ഉപേക്ഷിക്കുന്നതിനെക്കാൾ വിഷമതയേറിയ ഒരു കാൎയ്യമാണ് ആജീവനാന്തം ശരീരത്തെ അടക്കി പൂൎണ്ണവിരക്തരായി ജീവിക്കുക എന്നുള്ളതു്.

എന്നാൽ കീഴ്വഴക്കം എന്ന വ്രതംവഴി എന്താണു ദൈവത്തിനു നാം ബലി അൎപ്പിക്കുന്നതു്? നമ്മെത്തന്നെ, നമ്മുടെ ബുദ്ധിയും മനസ്സും എല്ലാം, മനുഷ്യത്വം മുഴുവനും, നമ്മെയും നമുക്കുള്ളതെല്ലാം ഇതുമൂലം ദൈവത്തിനു നാം ബലിയായി അൎപ്പിക്കുന്നു. ദാരിദ്ര്യവും വിരക്തവ്രതവും പാലിച്ചിട്ടുള്ള അജ്ഞാനികൾപോലുമുണ്ടു്. തങ്ങൾക്കുള്ള സമ്പത്തെല്ലാം പരിത്യജിച്ചു പൂൎണ്ണദരിദ്രരായി ജീവിക്കുന്നതിന് അത്യുന്നതമായ പുണ്യത്തിൻെറ ആവശ്യകത ഒന്നുമില്ല. പുണ്യജീവിതത്തിൽ പ്രാരംഭക്കാരായിരിക്കുന്നവൎക്കുപോലും സാധിക്കുന്ന ഒരു കാൎയ്യമാണിതു്. ഡിയോഗനീസ്, ക്രെയിററസ്, അൻറീസ്ഥനസ് തുടങ്ങിയ പുറജാതിക്കാരായ തത്വശാസ്ത്രികൾക്കെല്ലാം സാധിച്ചിട്ടുള്ള കാൎയ്യമാണിതു്. പക്ഷെ, പരിശുദ്ധമായ കീഴ്വഴക്കംവഴി തങ്ങളെത്തന്നെ പൂൎണ്ണമായി ദൈവത്തിനു കയ്യാളിക്കുക എന്നുള്ളതു് സന്യാസജീവിതക്കാർമാത്രം അൎപ്പിക്കുന്ന ഒരു ബലിയാണ്. ആജീവനാന്തം കന്യകാവ്രതം പാലിച്ചിട്ടുള്ള പുറജാതിക്കാർ ധാരാളമാണ്. മരണശിക്ഷയിൻകീഴ് കന്യാത്വം പാലിക്കുവാൻ പറഞ്ഞൊത്തിട്ടുള്ളവരാണ് പുരാതന റോമ്മായിലെ വെസ്റ്റൽ കന്യകമാർ. എന്നാൽ, സന്യാസജീവിതക്കാർ അനുസരിക്കുന്നതും അനുസരിക്കേണ്ടതുമായ കീഴ്വഴക്കത്തിനു ഒരു ദൃഷ്ടാന്തം പുറജാതിക്കാരുടെയൊ, യഹൂദന്മാരുടെയൊ അകത്തോലിക്കരുടെയൊ ഇടയിൽ കണ്ടുകിട്ടുക സാദ്ധ്യമല്ല.

കീഴ്വഴക്കം പറഞ്ഞൊക്കുന്ന ഒരു സന്യാസി തൻെറ ബുദ്ധിയും മനസ്സും ദൈവത്തിനു ബലി അൎപ്പിക്കുന്നു. സ്വന്ത ഇഷ്ടം പാടെ ഉപേക്ഷിച്ചുകൊണ്ടു് സഭാനിയമങ്ങൾക്കും ശ്രേഷ്ഠന്മാരുടെ ഇംഗിതങ്ങൾക്കും നിരുപാധി വിധേയനായിക്കൊള്ളാമെന്നു ഏൽക്കുന്നു. കല്പിക്കുന്നതെല്ലാം സസന്തോഷം പൂൎണ്ണമനസ്സോടും, തൃപ്തിയോടുംകൂടി അനുസരിച്ചു തദനുസരണം വൎത്തിക്കുന്നു. അതു ഒരു വൻകാൎയ്യമൊ, നിസ്സാരകാൎയ്യമൊ എന്നുള്ള

നോട്ടമോ സ്വന്ത ഇഷ്ടത്തിനു ചേൎന്നതാണോ അല്ലയോ എന്ന ചിന്തയോ ഇല്ല. ഇതിലാണ് സ്വന്ത മനസ്സിന്റെ അൎപ്പണം അടങ്ങിയിരിക്കുന്നതു്. അതുപോലെതന്നെ ബുദ്ധിയുടെ കാൎയ്യത്തിലും എന്തെങ്കിലും ചെയ്യേണ്ടതായി വരുമ്പോൾ എന്തിനാണു ഇതു ചെയ്യുന്നതു്? മററു വിധത്തിൽ ചെയ്താൽ ഒന്നുകൂടി നന്നായിരിക്കുകയില്ലേ? എന്നീ പ്രശ്നമേ ഇല്ല. പാപകരമല്ലാത്തതായി ആജ്ഞാപിക്കപ്പെടുന്നതെല്ലാം കീഴുമേൽ നോക്കാതെ ഒരു മടിയും കൂടാതെ, എതിർചോദ്യമോ കൂടുതൽ അന്വേഷണമോ നടത്താതെ അപ്പോൾതന്നെ അനുസരിക്കുന്നു. മനുഷ്യദൃഷ്ടിയിലെ ശ്രേഷ്ഠമായ രണ്ടു വശങ്ങളാണു ബുദ്ധിയും മനസ്സും. അതു രണ്ടും ത്യജിക്കുക എന്നുള്ളതു ഒരു മഹാ ത്യാഗംതന്നെയാണ്. കീഴ്വഴക്കത്തിന്റെ മഹനീയതയ്ക്കുള്ള നിദാനവും ഇതല്ലാതെ മററൊന്നുമല്ല.

വി. അൽഫോൻസു ലിഗോരി പറയുന്നതു എത്രയോ അൎത്ഥവത്താണ് എന്നു ആലോചിച്ചാലും. വിശുദ്ധൻ പറയുന്നു: "സമ്പത്തു മുഴുവൻ ദൈവത്തിനു നൽകുകയും ധനം മുഴുവൻ സാധുക്കൾക്കു് ദാനം ചെയ്യുകയും, ബഹുമാനം മുഴുവൻ ദൈവത്തിനു സമൎപ്പിച്ചുകൊണ്ടു് നിന്ദ ക്ഷമയോടെ സഹിക്കുകയും, ശരീരം ദൈവത്തിനു അൎപ്പിച്ചുകൊണ്ടു് ഉപവാസവും തപഃക്രിയകളുംകൊണ്ടു ശരീരത്തെ നിഗ്രഹിക്കുകയും ചെയ്യുന്ന ഒരാൾ അവന്റെ അൎദ്ധാംശം മാത്രമേ വിട്ടുകൊടുക്കുന്നുള്ളു. എന്നാൽ തന്റെ മനസ്സു് സമൎപ്പിച്ചുകൊണ്ടു് കീഴ്വഴക്കത്തിനു വിധേയനാകുന്ന ഒരുവൻ അവനുള്ള സമസ്തവും നൽകുന്നു. അവനു് സകാരണം ഇങ്ങനെ പറയാവുന്നതാണ്: കൎത്താവേ! എന്റെ മനസ്സു് അങ്ങേയ്ക്കു സമൎപ്പിച്ചുകഴിഞ്ഞു- ഇനി അങ്ങേയ്ക്കു നൽകത്തക്കതായി എനിക്കൊന്നുമില്ല."

c) കീഴ്വഴക്കവ്രതത്തിൽ ദാരിദ്ര്യവും വിരക്തിയും അടങ്ങിയിട്ടുണ്ടു്. എന്നാൽ ഈ രണ്ടു വ്രതങ്ങളിൽ കീഴ്വഴക്കം അടങ്ങിയിട്ടില്ല- ഒരു കന്യക ആകെങ്കിലും കീഴ്വഴങ്ങുന്നതിനു ആ വ്രതത്താൽ നിർബന്ധയല്ല. അഗതിത്വം ആൎക്കും, സന്യാസാന്തസ്സുകാരല്ലാത്തവൎക്കും സ്വമനസ്സാലെ കൈവരിക്കുവാൻ പാടുണ്ടു്. പ്രത്യേക പരഞ്ഞേല്പുകളൊന്നുംകൂടാതെ അഗതിത്വം ശരിയായി പാലിച്ചിട്ടുള്ളവർ ധാരാളമുണ്ടു്. അതുപോലെതന്നെ

വിരക്തവ്രതം പറഞ്ഞൊക്കുന്ന ഒരു സന്യാസി അതുമൂലം കീഴ്വഴക്കത്തിനു നിർബദ്ധനാകുന്നില്ല. ലൗകിക ജീവിതക്കാരിൽ വിവാഹബന്ധത്തിലേർപ്പെടാതെ വിരക്തജീവിതം നയിക്കുന്നവർ ഇന്നും ധാരാളമുണ്ട്. എന്നാൽ കീഴ്വഴക്കവ്രതത്തിന്റെ കാൎയ്യത്തിൽ ഇതിൽനിന്നെല്ലാം വളരെ വ്യത്യസ്ഥമായ ഒരു സാഹചൎയ്യമാണ് അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു്. സന്യാസികൾ ദാരിദ്ര്യവും വിരക്തവ്രതവും പറഞ്ഞൊക്കുന്നതു കീഴ്വഴക്കം അവരോടു അതിനാവശ്യപ്പെടുന്നതുകൊണ്ടാണ്. സന്യാസി അഗതിത്വം പാലിക്കണമെന്നും വിരക്തി അഭംഗമായി പാലിക്കണമെന്നും ആജ്ഞാപിക്കപ്പെടുന്നു. കീഴ്വഴക്കം പറഞ്ഞൊത്തിട്ടുള്ള സ്ഥിതിക്ക് ഈ ആജ്ഞയ്ക്കു പരിച്ഛേദം കീഴ്വഴങ്ങുവാൻ അവർ തികച്ചും ബാദ്ധ്യസ്ഥരാണ്. അതവർ അനുസരിച്ചേ മതിയാവൂ. ഒരുപക്ഷേ അഗതിത്വവും വിരക്തവ്രതവും പറഞ്ഞൊക്കുന്നില്ലെങ്കിൽതന്നെയും അതിനാജ്ഞാപിക്കപ്പെട്ടാൽ സകലതിലും കീഴ്വഴങ്ങിക്കൊള്ളാമെന്നുമാത്രം വാഗ്ദാനം ചെയ്തിട്ടുള്ളവരായ സന്യാസികൾ ആ ആജ്ഞ അനുസരിച്ചേ മതിയാവൂ. അനുസരിക്കുന്നില്ലായെങ്കിൽ അതിനാൽതന്നെ അവർ തങ്ങളുടെ കീഴ്വഴക്കവ്രതത്തെ ലംഘിക്കുന്നു.

ബനദിക്തൻ സന്യാസികൾക്കു അനുസരണാവ്രതം ഒന്നുമാത്രമേ വാഗ്ദാനം ചെയ്യേണ്ടതായുള്ളു. അതു പാലിക്കുന്നതിൽ മററുള്ളതെല്ലാം അടങ്ങിയിരിക്കുന്നു. "നിയമപ്രകാരമുള്ള കീഴ്വഴക്കം ഞാൻ വാഗ്ദാനം ചെയ്യുന്നു" എന്നാണ് ബനദിക്തൻ സന്യാസികളും കർത്തൂസിയൻ സന്യാസികളും പറഞ്ഞൊക്കുന്നതു്. മററു വ്രതങ്ങളെല്ലാം ഈ ഏക വ്രതത്തിൽ സമ്പൂൎണ്ണമായി അടങ്ങിയിട്ടുണ്ട്. വന്ദ്യനായ ലെയോനാർദിസ് എന്ന ദേഹമാണ് 'ദൈവജനനിയുടെ സഭ' എന്ന സന്യാസസഭയുടെ സ്ഥാപകൻ. സഭാസ്ഥാപനം കഴിഞ്ഞയുടനെ സഭയുടെ നിയമങ്ങൾ എന്തെല്ലാമാണെന്ന് നിർദ്ദേശിക്കണമെന്നു അദ്ദേഹത്തിന്റെ ശിഷ്യസഞ്ചയം ആവശ്യപ്പെട്ടു. അനുക്ഷണത്തിൽ അദ്ദേഹം ഒരു കടലാസുകഷണം എടുത്തു് 'കീഴ്വഴക്കം' എന്നുമാത്രം അതിൽ എഴുതിവെച്ചു. അതുമാത്രമാണ് തന്റെ സഭയ്ക്കു അദ്ദേഹം നിർദ്ദേശിച്ച നിയമം. ഒരു സന്യാസി അനുഷ്ഠിക്കേണ്ട സകലതും ഈ ഏക സംഗതിയിൽ അടങ്ങിട്ടുണ്ടെന്നു കാണിക്കുവാൻവേണ്ടിയാണു ഈ ധന്യൻ

ഈ വിധം നിർദ്ദേശിച്ചതു്. അഗതിത്വം വിരക്തവ്രതം ഇവ യെല്ലാം ഇതിൽനിന്നും സാധിക്കാം. ഒരു സന്യാസിയുടെ പൂർണ്ണത പൂർണ്ണമായും അനുസരണയിൽ അടങ്ങിയിരിക്കുന്നു എന്നു വി. ബൊനവന്തുരാ പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടു്. അതു് അക്ഷരാർത്ഥം ശരിയുമാണു്.

d) സ്വന്ത കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിച്ചു പുണ്യപൂർണ്ണത പ്രാപിക്കുവാൻ ബാദ്ധ്യസ്ഥനായ സന്യാസിയെ ഈ കർത്തവ്യനിർവ്വഹണത്തിനു പ്രേരിപ്പിക്കുന്നതും അതിലേയ്ക്കു ആകർഷിക്കുന്നതും അനുസരണം ഒന്നുമാത്രമാണു്.

ഇഷ്ടപ്രസാദം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിശ്വസ്തതയോടെ വിനിയോഗിക്കണമെന്നു കീഴ്‌വഴക്കം ആവശ്യപ്പെടുന്നു. ഒരുദാഹരണംമൂലം ഇതു വിശദമാക്കാം. ആഭ്യന്തരമായും ബാഹ്യമായും സന്യാസജീവിതക്കാർ സ്വയം നിഗ്രഹിക്കണമെന്നും ജ്ഞാനപുസ്തകങ്ങൾ വായിക്കണമെന്നും ആത്മശോധന നടത്തണമെന്നും അടുക്കലടുക്കൽ ദിവ്യകൂദാശകൾ സ്വീകരിക്കണമെന്നും കീഴ്‌വഴക്കം ആവശ്യപ്പെടുന്നുണ്ടു്. അതനുസരിച്ചു് ഇഷ്ടപ്രസാദലബ്ധിക്കുള്ള മാർഗ്ഗങ്ങൾ ആരെല്ലാം സൂത്യർഹമായും കൃത്യമായും വിനിയോഗിക്കുന്നുവോ അവരെല്ലാം സുകൃതത്തിലും ശുദ്ധീകരണവരത്തിലും അഭിവൃദ്ധിപ്പെടുന്നുണ്ടെന്നു നിസ്സംശയം പറയാം. ഇതുപോലെതന്നെ ക്രിസ്തീയ പുണ്യങ്ങൾ പരിശീലിക്കുവാനും സൽകൃത്യങ്ങൾ നടത്തുവാനും സന്യസ്തരെ ബാദ്ധ്യസ്ഥരാക്കുന്നതും കീഴ്‌വഴക്കം ഒന്നുമാത്രമാണു്. സന്യാസികൾ വിനീതരായിരിക്കണം, എളിമയോടുകൂടിയവരായിരിക്കണം, ക്ഷമയുള്ളവരായിരിക്കണം, അടക്ക ഒതുക്കവും ക്രമമര്യാദയും ഉള്ളവരായിരിക്കണം. ഇതെല്ലാം ശരിയാണു്. പക്ഷെ ഈ കടമകൾ നിർവ്വഹിക്കുവാൻ എങ്ങനെയാണു് അവർ നിർബ്ബദ്ധരാകുന്നതു്? അനുസരണം ഒന്നുകൊണ്ടുതന്നെ. ഇന്നതെല്ലാം നിർവ്വഹിക്കണം എന്നു അനുസരണം അവരോടു ആവശ്യപ്പെടുന്നു. അലംഘനീയമായ ആജ്ഞകളാണതു്. സുവിശേഷം പ്രസംഗിക്കുന്നതിനും പാപസങ്കീർത്തനം കേൾക്കുന്നതിനും കുട്ടികൾക്കു നല്ല ശിക്ഷണം നൽകുന്നതിനും അവർ ബാദ്ധ്യസ്ഥരായതും ഇതൊന്നുകൊണ്ടുമാത്രമാണു്.

സന്യാസികളുടെ പുണ്യപരിശീലനത്തിനും സൽകൃത്യനിർവ്വഹണങ്ങൾക്കുമെല്ലാം നിദാനമായി നിന്നു് പ്രേരണ നൽകു

ന്നതും അനുസരണാവ്രതം ഒന്നുമാത്രമാണ്. ഈ അനുസരണാ പരിശീലനമാകട്ടെ, അതു പരിശീലിക്കുന്നവരെ വിശുദ്ധിയിലേയ്ക്കു ആനയിക്കുന്നു. സഭാനിയമപ്രകാരം സന്യാസികൾ നിർവ്വഹിക്കുവാൻ കടപ്പെട്ടിട്ടില്ലാത്ത പലേ സൽകൃത്യങ്ങളും നിർവ്വഹിക്കുവാൻ കീഴ്‌വഴക്കംമൂലം അവർ നിർബദ്ധരാകുന്നുണ്ട്. അഗതിത്വം, അവിവാഹിതജീവിതം, യുവജനശിക്ഷണം, ആതുരശുശ്രൂഷ, എന്നിത്യാദി മേൽപ്പറഞ്ഞ സൽകൃത്യങ്ങളിൽ ചിലവ മാത്രമാണ്. സാധാരണ ക്രിസ്ത്യാനികൾക്കു ഇവയെല്ലാം യഥേഷ്ടം നിർവ്വഹിക്കുകയോ നിർവ്വഹിക്കാതിരിക്കുകയോ ചെയ്യുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യവുമുണ്ട്. ഈവക സൽകൃത്യങ്ങൾ ക്രിസ്തീയ പൂർണ്ണത പ്രാപിക്കുന്നതിനുള്ള അത്യുത്തമമായ മാർഗ്ഗങ്ങളാണെന്നു മാത്രമല്ല, ദൈവത്തിനേററം പ്രസാദകരങ്ങളായ കാര്യങ്ങളുമാണ്. എന്തുകൊണ്ടെന്നാൽ ഇവയിൽ ഓരോന്നും ദൈവസ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും അടിസ്ഥാനമാക്കിയുള്ള സൽകൃത്യങ്ങൾ ആകുന്നു.

പിതാക്കന്മാരുടെ ജീവചരിത്രത്തിൽ നാം വായിക്കുന്ന ഒരു സംഭവം ഇതിൻെറ വാസ്തവികതയെ സ്പഷ്ടമാക്കുന്നുണ്ട്. അതായതു് അവരിൽ ഒരാൾക്കു ഒരിക്കൽ ഒരു ദശ്നമുണ്ടായി. രണ്ടു ഗണം ശുദ്ധാത്മാപികൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെട്ടു. ഒരു കൂട്ടർ ലോകം പരിത്യജിച്ചു വനാന്തരങ്ങളിൽപോയി ഏകാന്തതയിൽ പ്രാർത്ഥനയും തപഃക്രിയകളും അനുഷ്ഠിച്ചു് ആയുഷ്കാലം നയിച്ചിരുന്നവരും, അപരർ തങ്ങളുടെ ശ്രേഷ്ഠന്മാരുടെ ആജ്ഞാപനങ്ങളെ യഥാവിധി അനുസരിച്ചു ജീവിച്ചിരുന്നവരുമായിരുന്നു. ഇവരിൽ രണ്ടാമത്തെ കൂട്ടർ കൂടുതൽ മഹിമക്കർഹരായിട്ടാണു അദ്ദേഹത്തിനു കാണപ്പെട്ടതു്. അതു സകാരണവുമായിരുന്നു. വനാന്തരങ്ങളിൽപോയി സന്യസിച്ചവർ ദൈവസ്നേഹത്തിൽതന്നെയാണു ജീവിച്ചിരുന്നതെന്നുള്ളതു വാസ്തവം തന്നെ. എങ്കിലും സ്വാഭീഷ്ടപ്രകാരമാണു അവരങ്ങനെ ചെയ്തതു്. അല്ലാതെ കീഴ്‌വഴക്കത്തിൻെറ പേരിലോ മററാരുടെയെങ്കിലും പ്രേരണകൊണ്ടോ അല്ല. എന്നാൽ ദ്വിതീയവിഭാഗത്തിൽപെട്ടവരോ? അവർ സ്വന്ത ഇഷ്ടങ്ങളെ എല്ലാം ദൈവത്തിനുവേണ്ടി ബലി അർപ്പിച്ചുകൊണ്ടു് ശ്രേഷ്ഠന്മാരുടെ ആജ്ഞകൾക്കു സർവ്വഥാ വിധേയരായി ജീവിച്ചവരാണ്. സ്വന്ത ഇഷ്ടാ

നിഷ്ടങ്ങളെ തനിക്കുവേണ്ടി ബലികഴിക്കുന്നതുപോലെ ദൈവത്തിനു ഇഷ്ടകരമായ മററൊരു ത്യാഗം ഇല്ലതന്നെ.

തൻെറ ശിഷ്യനായ ദൊസിത്തേവൂസിനെപ്പററി വി. ദൊറെത്തേവൂസ് വിവരിക്കുന്ന ഭാഗവും ഈ അവസരത്തിൽ വിശിഷ്യ സ്മരണീയമായ ഒന്നാകുന്നു. കൃശഗാത്രനായിരുന്ന ദൊസിത്തേവൂസിനു അദ്ധരാത്രിയിൽ കൃത്യമായി ഉണരുന്നതിനോ സാധാരണ ഭക്ഷണം കഴിക്കുന്നതിനോ സഭാക്രമമനുസരിച്ചുള്ള അനുഷ്ഠാനങ്ങളിൽ കൃത്യമായി ഏർപ്പെടുന്നതിനോ കഴിവുണ്ടായിരുന്നില്ല. ഇതിനെല്ലാം പകരമായി അദ്ദേഹം സ്വന്തം ഇഷ്ടങ്ങൾ മുഴുവനും ദൈവത്തിനുവേണ്ടി ബലികഴിച്ച് ശ്രേഷ്ഠനു വിശേഷവിധിയായി കീഴ്വഴങ്ങി ജീവിച്ചിരുന്നു. അഞ്ചു കൊല്ലക്കാലത്തെ സന്യാസജീവിതം കഴിഞ്ഞപ്പോൾ ദൊസിത്തേവൂസ് പരലോകപ്രാപ്തനായി. പക്ഷേ പരത്തിൽ അദ്ദേഹത്തിന് മഹാ വാനപ്രസ്ഥപ്രമുഖരായിരുന്ന വി. പൗലോസ്, വി. അന്തോനീസ് എന്നിവക്കു തുല്യമായ സ്ഥാനം ലഭിച്ചിരിക്കുന്നതായി ദൈവം ആ ആശ്രമശ്രേഷ്ഠനെ അറിയിച്ചു. സഭാക്രമാനുസരണം ജീവിക്കുവാൻ സാധിക്കാത്ത ഒരു സന്യാസിക്കു ഇത്ര ഉന്നതമായ ഒരു സ്ഥാനം സ്വർഗ്ഗത്തിൽ ലഭ്യമായതോർത്ത് മററു സന്യാസികളെല്ലാം അത്ഭുതപ്പെട്ടുപോയി. അനുഷ്ഠാനങ്ങളല്ല അദ്ദേഹത്തിൻെറ അനുസരണം ഒന്നുമാത്രമാണ് ഈ ഔന്നത്യത്തിനു അദ്ദേഹത്തെ അർഹനാക്കിയതെന്നു ഒടുവിൽ ദൈവംതന്നെ ആശ്ചയ്യഭരിതരായി ചമഞ്ഞിരുന്ന ആ സന്യാസികളെ അറിയിച്ചു.

ഹാ! ദൈവതിരുമുമ്പിൽ അനുസരണം എത്ര വിലയേറിയതാണെന്നു കണ്ടാലും. നമ്മെ മുഴുവനായും ദൈവത്തിനു സമപ്പിക്കുവാൻ അനുസരണം കാരണമാകുന്നു. വിരക്തവ്രതവും ദാരിദ്ര്യവും എല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. ഏററവും എളുപ്പവും സുനിശ്ചിതവുമായ മാൎഗ്ഗത്തിലൂടെ നിത്യരക്ഷയിലേക്കു അതു് നമ്മെ ആനയിക്കുന്നു. കീഴ്വഴക്കം അന്യൂനമായി പാലിക്കുന്നതിനു ശക്തിമത്തായ ഈ ന്യായങ്ങൾ നമ്മെ പ്രത്യേകവിധം പ്രേരിപ്പിക്കേണ്ടതത്രെ.

## 2. കീഴ്വഴക്കവ്രതം പാലിക്കുന്നതിനുള്ള മുഖ്യകാരണങ്ങൾ

"നിങ്ങളുടെ ഭരണകർത്താക്കൾ നിങ്ങളുടെ കണക്കു കൊടുക്കുന്നവരായിട്ട് നിങ്ങളുടെ ആത്മാക്കളെക്കുറിച്ച് ഉണർവ്വോടുകൂടി ഇരിക്കുന്നതുകൊണ്ട് അവർ ഇതു നെടുവീർപ്പുകളോടുകൂടിയല്ല, സന്തോഷത്തോടുകൂടി നിർവ്വഹിക്കുവാൻവേണ്ടി നിങ്ങൾ അവർക്കു കീഴടങ്ങിയിരിക്കുകയും അവരെ അനുസരിക്കുകയും ചെയ്യുവിൻ. അല്ലാതിരുന്നാൽ നിങ്ങൾക്കു നന്നല്ല." (എബ്രായർ xiii. 17.) എന്നീ വാക്കുകളാൽ നാം നമ്മുടെ അധികാരികളെ ശരിയായി അനുസരിക്കുന്നതിലേയ്ക്കു മൂന്നു ന്യായങ്ങളാണു് വി. പൗലോസ്ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നതു്.

a. നിങ്ങളുടെ സഭാദ്ധ്യക്ഷന്മാർക്കു നിങ്ങൾ കീഴ്വഴങ്ങുവിൻ... എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ആത്മാക്കളെപ്പററിയുള്ള ഒരു കണക്കു കൊടുക്കുവാനായി ഉണർവ്വോടെ കാത്തിരിക്കുന്നവരാണു്, അവർ."

മേലധികാരികൾക്കു കീഴ്വഴങ്ങുന്നിടത്തോളംകാലം ഒരു സന്യാസി സുപഥത്തിൽ ചരിക്കുന്നു എന്നും പാപത്തിൽനിന്നും അകന്നുനിൽക്കുന്നു എന്നും നിശ്ചയമായും പറയാം. അനുസരണയിൽനിന്നും ഒരു സന്യാസിക്കു ലഭിക്കാവുന്ന ഏററവും വലിയ സമാശ്വാസമാണിതു്. ആജ്ഞാപിക്കുന്ന ശ്രേഷ്ഠനു ഒരുപക്ഷേ തെററിപ്പോയി എന്നുവരാം. പക്ഷേ അനുസരിക്കുന്ന ആളിനെ ആജ്ഞാപനത്തിൻെറ ന്യായാന്യായങ്ങൾ ഒരു തരത്തിലും ബാധിക്കുന്നതല്ല. ആജ്ഞയ്ക്കു കീഴ്വഴങ്ങുന്നുണ്ടോ? ഇതു മാത്രമാണു ഒരു സന്യാസിയിൽനിന്നും ദൈവം ആവശ്യപ്പെടുന്നതു്. ശ്രേഷ്ഠന്മാർ അഥവാ ആരു് ആജ്ഞാപിക്കുന്നുവോ അവർ ആണു് അതിൻെറ ന്യായാന്യായങ്ങളെപ്പററി ചിന്തിക്കേണ്ടതും അതു സംബന്ധിച്ചു ദൈവസന്നിധിയിൽ കണക്കു ബോധിപ്പിക്കേണ്ടതും. പ്രത്യക്ഷത്തിൽ ദൈവകല്പനയ്ക്കു വിരുദ്ധമല്ലാത്ത ഏതു ആജ്ഞാപനത്തിനു കീഴ്പ്പെട്ടാലും പുണ്യമല്ലാതെ പാപമാകയില്ല.

വി. ക്ലിമാക്കുസ് പറയുന്നതായതു്: ''അനുസരണം ദൈവതിരുമുമ്പിൽ പറയാവുന്ന ഒരു ഒഴികഴിവാണു്. എന്തുകൊണ്ടു് നീ ഇതു ചെയ്തു എന്നു ദൈവം എന്നോടു ചോദിക്കുന്നപക്ഷം അതിനു ഞാൻ ആജ്ഞാപിക്കപ്പെട്ടു എന്നു ഞാൻ മറുപടി നൽകും. തന്മൂലം ദൈവതിരുമുമ്പിൽ ഞാൻ നീതീകരിക്കപ്പെടും." വിശുദ്ധൻ വീണ്ടും പറയുന്നു: "അനുസരണം സുനിശ്ചിതമായ ഒരു യാത്രയാണു്, ഉറക്കത്തിലും സഞ്ചരിക്കാവുന്ന ഒരു മാൎഗ്ഗമാണു്." ഒരു കപ്പലിൽ യാത്ര ചെയ്യുന്ന ഒരാൾക്കു അതിലിരുന്നു സൈ്വരമായി നിദ്ര ചെയ്യാം. കപ്പലിന്റെ ഗതിയെപ്പററി അയാൾ ആലോചിക്കേണ്ട ആവശ്യമില്ല. കപ്പിത്താൻ അതു നോക്കിക്കൊള്ളും. ശ്രേഷ്ഠനു കീഴ്പ്പെട്ടു ജീവിക്കുന്ന ഒരു സന്യാസിയുടെ സ്ഥിതിയും ഈ യാത്രക്കാരന്റേതിനോടു തുല്യമാണു്. കപ്പിത്താൻ കപ്പലിനെ എന്നോണം ശ്രേഷ്ഠൻ അയാളുടെ ഗതിയെ സൂക്ഷിച്ചുകൊള്ളും. കീഴ്വഴക്കമാകുന്ന കപ്പലിൽ സന്യാസി ആകുല ചിന്തകളൊന്നും കൂടാതെ സൈ്വരമായി സഞ്ചരിച്ചുകൊണ്ടാൽ മതി. അനുസരിക്കുന്ന സന്യാസിയെ സംബന്ധിച്ചിടത്തോളം മാർഗ്ഗം സുരക്ഷിതവും സുനിശ്ചിതവുമാണു്. യാത്ര സ്വൎഗ്ഗത്തിലേക്കുതന്നെ എന്നതിൽ യാതൊരു സംശയത്തിനും വഴിയില്ല.

അദ്ധ്വാനിച്ചും കഷ്ടപ്പെട്ടും ലോകജീവിതം നയിക്കുന്ന ക്രിസ്ത്യാനികളുടെ സ്ഥിതി ഒന്നാലോചിക്കുന്നപക്ഷം കീഴ്വഴക്കത്തിന്റെ മഹനീയത നമുക്കു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണു്. ലോകജീവിതക്കാർ സൽകൃത്യങ്ങൾ വളരെ എല്ലാം ചെയ്യുന്നു. അഹോരാത്രം അദ്ധ്വാനിക്കുന്നു, ദേവാലയത്തിൽ പോകുന്നു, ദിവ്യപൂജയിൽ സംബന്ധിക്കുന്നു, ധൎമ്മദാനം ചെയ്യുന്നു, അടിക്കടി കൂദാശകൾ സ്വീകരിക്കുന്നു, ഇങ്ങനെ പലതും. ഇതെല്ലാം വാസ്തവംതന്നെ. പക്ഷെ, ഈ സൽകൃത്യങ്ങൾ എല്ലാം ദൈവഹിതത്തിനു അനുസരിച്ചാണോ ചെയ്യുന്നതെന്നു് അവൎക്കു നിശ്ചയമില്ല. ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം ഇതിൽ സന്ദേഹത്തിനോ ആശങ്കയ്ക്കോ കാൎയ്യമോ, അവസരമോ ഇല്ല. അയാൾ ചെയ്യുന്നതെല്ലാം ദൈവഹിതത്തിനു അനുസരിച്ചാണു്, എല്ലാം നന്മയുമാണു്, എന്നയാൾക്കു് നിശ്ചയമുണ്ടു്. എന്തുകൊണ്ടു്? സന്യാസികൾ സ്വന്ത ഹിതപ്രകാരമല്ല ശ്രേഷ്ഠ

ന്മാരുടെ ആജ്ഞ അനുസരിച്ചാണ നടപടികളെല്ലാം നടത്തു ന്നതു്. എന്തു് ആജ്ഞാപിക്കപ്പെട്ടുന്നുവോ അതനുസരിക്കേണ്ട കത്തവ്യമേ അവക്കുള്ളു. ശ്രേഷ്ഠന്റെ കല്പന അവരെ സംബ ന്ധിച്ചിടത്തോളം ദൈവാജ്ഞയാണെന്നു് അവക്കു നിശ്ചയ മുണ്ടു്. ഒരുദാഹരണംകൊണ്ടു് ഇതു ഒന്നുകൂടി വിശദമാക്കാം. ഒരു സ്കൂളിൽ പഠിപ്പിക്കുന്ന ഒരു അത്മായ അദ്ധ്യാപകൻ സ്വന്ത ശക്ത്യാനുസരണം വളരെ പരിശ്രമിച്ചിട്ടും കാൎയ്യമായി ഒന്നും അവിടെ ചെയ്യാൻ അയാൾക്കു് സാധിക്കുന്നില്ലെന്നു വി ചാരിക്കുക. ഈവിധ സന്ദർഭത്തിൽ എന്റെ ദൈവവിളി ഇതുതന്നെയാണോ? അതോ എനിക്കു തെററിപ്പോയോ? അദ്ധ്യാ പന ജോലി എന്നെ സംബന്ധിച്ചിടത്തോളം ദൈവഹിതത്തിനു വിരുദ്ധമായിരിക്കുമോ? തന്മൂലമാണോ ഇവിടുത്തെ എന്റെ അ ദ്ധ്വാനം വിഫലമായിത്തീരുന്നതു്? എന്നിത്യാദി ചിന്തകൾക്കും ഹൃദയക്കടിക്കും അയാൾക്കു ഇടയായേക്കാം.

പക്ഷേ സ്കൂൾ ജോലിയിൽ അനുസരണംമൂലം ഏല്പ്പെ ട്ടിരിക്കുന്ന ഒരു സന്യാസിക്കു ഇങ്ങനെയൊന്നും ശങ്കിക്കുവാനി ല്ല. വല്ല സംശയവും നേരിട്ടാൽതന്നെയും തന്നെ സംബന്ധിച്ചി ടത്തോളം അതു നിരത്ഥകവും അടിസ്ഥാനരഹിതവുമാണെന്നു അയാൾക്കു വിധിക്കാം. എന്തെന്നാൽ, സ്വന്ത ഹിതം അനുസ രിച്ചല്ല അയാൾ ഈ ജീവിതവൃത്തിയിൽ വ്യാപൃതനായിരിക്കു ന്നതു്. സ്കൂൾജോലിക്കു അയാൾ ആജ്ഞാപിതനായി. ആ ആജ്ഞ അയാൾ അനുസരിക്കുന്നു. അയാളെ സംബന്ധിച്ചിട ത്തോളം ഇതു ദൈവാജ്ഞയാണു്, ദൈവഹിതമാണു്. അയാ ളുടെ ഈ നിലയിലുള്ള പ്രയത്നം സഫലമാകുന്നില്ലെങ്കിൽ അയാൾ ആകുലപ്പെടേണ്ടതില്ല. "സ്കൂളിലുള്ള എന്റെ പ്രയ ത്നത്തിന്റെ ഗുണാഗുണങ്ങൾ അധികാരികളെ ഗ്രഹിപ്പിച്ചിട്ടും പോയി പഠിപ്പിക്കുവാൻ അവർ എന്നോടു ആജ്ഞാപിക്കുന്നു. ആ ആജ്ഞാനുസരണം ഞാൻ അദ്ധ്വാനിക്കുന്നു. ഫലം ദൈവം നൽകേണ്ടതാണു്. ആജ്ഞയെ അനുസരിച്ചുവോ അതു പൂൎണ്ണ മനസ്സോടെയാണോ വൈമനസ്യത്തോടെയാണോ എന്നുള്ള കണക്കല്ലാതെ തൊഴിലിന്റെ വിജയാപജയങ്ങളെപ്പററി എ ന്നോടു കണക്കു ചോദിക്കുന്നതല്ല" എന്ന ചിന്തകൾ സന്യാസി യെ സമാശ്വസിപ്പിക്കുന്നു. ഹാ, എത്ര സന്തോഷസംദായകമായ ഒരവസ്ഥ! ഒരു സന്യാസസഭയിൽ ഉൾപ്പെട്ടു ജീവിക്കുക എ

ന്നുള്ളതു എത്ര സമാശ്വാസകരമായിരിക്കുന്നു. ലൗകികരുടെ നില പരിഗണിക്കുമ്പോൾ എത്ര മേന്മയേറിയതും മഹനീയമായതുമായ ഒരവസ്ഥ!

b. "നിങ്ങളുടെ ആത്മാക്കളെ സംബന്ധിച്ച കണക്കു നെടുവീർപ്പുകളോടുകൂടിയല്ല, സന്തോഷത്തോടുകൂടി സമർപ്പിക്കുവാൻ മേലധികാരികൾക്കിടയാകത്തക്കവണ്ണം അവരെ നിങ്ങൾ അനുസരിപ്പിൻ."

ശ്രേഷ്ഠന്മാരുടെമേൽ ചുമത്തപ്പെട്ടിരിക്കുന്ന ഭാരാവഹമായ ചുമതല ലഘുവായി തീരത്തക്കവണ്ണം അവക്കു നാം കീഴ്‌വഴങ്ങണമെന്നാണ് വിശുദ്ധ ശ്ലീഹാ നമ്മോടാജ്ഞാപിക്കുന്നതു്. ഒരു ശ്രേഷ്ഠനായിരിക്കുക എന്നുള്ളതു അത്ര എളുപ്പമായ കാര്യമല്ല. കീഴിലുള്ളവരുടെ ആത്മീയവും ലൗകികവുമായ ആവശ്യങ്ങളെപ്പററി അയാൾ എന്നെന്നും ശ്രദ്ധയുള്ളവനായിരിക്കണം. പലേ വൈഷമ്യങ്ങളും അഭിമുഖീകരിക്കേണ്ട ഒരു ചുമതലയാണതു്. കർത്തവ്യനിർവ്വഹണത്തിലുള്ള ഭാരം ഹേതുവാൽ ജീവിതംതന്നെ അസ്വാസ്ഥതാജനകമായി തോന്നിയേക്കാം. തൻെറ സ്ഥാനത്തെപ്പററിയുള്ള കണക്കു ബോധിപ്പിക്കണമല്ലോ എന്നുള്ള ചിന്ത സദാ അയാളെ അലട്ടിക്കൊണ്ടിരിക്കും. കർത്തവ്യബഹുലവും ഭാരാവഹവുമായ ഒരു കൃത്യമാണ് ഭരമേല്പിക്കപ്പെട്ടിരിക്കുന്നതെന്നുള്ളതിൽ സംശയമില്ല. അധീനരിൽ വല്ലവരും യഥാവിധി തന്നെ അനുസരിക്കാത്തവരായുണ്ടെങ്കിൽ അതായിരിക്കും ആ ശ്രേഷ്ഠനെ സംബന്ധിച്ചിടത്തോളം ഏററവും വലിയ കുരിശു്. ഇവരുടെ മക്കടമുഷ്ടിയും ക്രമലംഘനവും അനുസരണക്കേടും അധികാരിക്കു അവർണ്ണ്യമായ ഹൃദയവേദനക്കിടയാക്കും. വല്ല വിധത്തിലും മരണംമൂലമെങ്കിലും ഈ ഭാരാതന്നിൽനിന്നും മാറിയെങ്കിൽ എന്നു ആത്മാർത്ഥമായി ആഗ്രഹിച്ചുപോയി എന്നും വരാം. ശ്രേഷ്ഠന്മാരുടെ കർത്തവ്യഭാരങ്ങളെപ്പററി അനുകമ്പ ഉണ്ടായിട്ടെങ്കിലും ഓരോ സന്യാസിയും അവഗാഢമായിത്തന്നെ ചിന്തിക്കേണ്ട ഗുരുതരമായ ഒരു കാര്യമാണിതു്. "എൻെറ അധികാരിക്കു ഇപ്പോൾതന്നെ കുരിശുകൾ ധാരാളമുണ്ടു്. അവ വളരെ ഭാരപ്പെട്ടവയുമാണ്. എൻെറ അനുസരണക്കേടുവഴി ഞാൻ അതു ഇനി ദുർഭരമാക്കുകയില്ല. അക്ഷമയ്ക്കോ ശരണക്കേടിനോ അതുപോലെയുള്ള മറേറതെങ്കിലും പാപത്തിനോ ഇടയാക്കി ശുദ്ധീകരണസ്ഥലത്തിൽ ദുരന്തദുരിത

ങ്ങൾ അദ്ദേഹം അനുഭവിക്കുന്നതിനു ഞാൻ ഒരിക്കലും ഇനി കാരണമായിത്തീരുന്നതല്ല.'' എന്നിങ്ങനെയുള്ള സച്ചിന്തകളും നിശ്ചയങ്ങളും സന്യാസികൾ, തങ്ങളുടെ ശ്രേഷ്ഠന്മാൎക്കു പരിച്ഛേദം കീഴ്‌വഴങ്ങിക്കൊണ്ടു് ശ്രേയസ്സ്കരമായ ഒരു ജീവിതം നയിക്കുന്നതിനു് അവൎക്കു സൎവ്വഥാ പ്രേരകമായിരിക്കും.

C. "നിങ്ങളുടെ ഭരണകൎത്താക്കൾക്കു നിങ്ങൾ കീഴ്‌വഴങ്ങിയിരിക്കുകയും അവരെ നിങ്ങൾ അനുസരിക്കുകയും ചെയ്യുവിൻ. അല്ലാതിരുന്നാൽ നിങ്ങൾക്കു നന്നല്ല.''

ദൈവേഷ്ടപ്രസാദവും, ദൈവാനുഗ്രഹങ്ങളും കീഴ്‌വഴക്കത്തെ അനുഗമിക്കുന്നു. അതുപോലെതന്നെ നാശഫലങ്ങൾ കീഴ്‌വഴക്കരാഹിത്യത്തെയും. അധിപനെഅനുസരിക്കാത്തതു് ദൈവത്തെ അനുസരിക്കാത്തതിനു തുല്യമാണു് നമ്മുടെ ദിവ്യരക്ഷകൻ തന്റെ ശിഷ്യഗണത്തോടു അരുളിച്ചെയ്ത വാക്കുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു. എന്നെ നിന്ദിക്കുന്നവനോ എന്നെ അയച്ചവനെയും നിന്ദിക്കുന്നു. (വി. ലൂക്കാ X. 16.) അധികാരികളെ അനുസരിക്കുവാൻ നിൎബ്ബദ്ധരായ സന്യാസികളെ സംബന്ധിച്ചിടത്തോളം ഈ വാക്കുകൾ പ്രത്യക്ഷരം അൎത്ഥവത്താകുന്നു. ശ്രേഷ്ഠന്മാർ വഹിക്കുന്നതു് ദൈവത്തിന്റെ സ്ഥാനമാണു്. തന്മൂലം അവരെ അനാദരിക്കുകയോ, അനുസരിക്കാതിരിക്കുകയോ ചെയ്യുക എന്നുള്ളതു് പാപകരവും തദ്വാരാ ശിക്ഷാൎഹവുമാകുന്നു. അധീനരുടെ അനുസരണക്കുറവിനെ ദൈവം എത്ര കൎശനമായിട്ടാണു വീക്ഷിക്കുകയും അനുസരിക്കാത്തവരെ എത്ര കഠിന കഠിനമായിട്ടാണു ശാസിക്കുകയും ചെയ്യുന്നതെന്നുള്ളതിനു ഉചിതമായ ഉദാഹരണങ്ങൾ വേദപുസ്തകത്തിലുണ്ടു്.

മൂശയ്ക്കും അഹറോനും വിരോധമായി കോറാ, ദാത്താൻ, ആബിറോൺ എന്നിവർ പിറുപിറുത്തു. ഭരണാധികാരം ബലാല്ക്കാരമായി മൂശയും അഹറോനുംകൂടി കരസ്ഥമാക്കിയതായി അവർ അപലപിച്ചു. എന്തായിരുന്നു ഇതിന്റെ ഫലം? അഹോ ഭയങ്കരമേ, ഭൂമി പിളൎന്നു അവരെയും അവരുടെ പുത്രകളത്രാദികളെയും, എന്നുവേണ്ട അവരുടെ കൂടാരംകൂടെയും വിഴുങ്ങിക്കളഞ്ഞു. ഇതു മാത്രമോ? ആകാശത്തിൽനിന്നു അഗ്നിവീണു ഈ

പിറുപിറുത്തവരുടെ അനുയായികളായ 250 പേരെക്കൂടിയും നശിപ്പിച്ചുകളഞ്ഞു. (സംഖ്യ xvi.) സ്വർണ്ണക്കാളയെ ഉണ്ടാക്കി വിഗ്രഹാരാധന നടത്തിക്കൊണ്ടു് ദൈവത്തെ പ്രത്യക്ഷത്തിൽ ദ്രോഹിച്ചവർക്ക നൽകിയതിനെക്കാൾ കഠിനമായ ശിക്ഷയാണ തങ്ങളുടെ മേലധികാരികൾക്കെതിരായി പിറുപിറുത്തുകൊണ്ടിരിക്കുന്നവർക്ക ദൈവം നൽകുന്നതു് എന്നു ഇതു സംബന്ധിച്ചു് വി. തോമ്മാമല്ലാൻ പറഞ്ഞിരിക്കുന്നതു് എത്രയോ പരമാർത്ഥമാണ്? വിഗ്രഹാരാധനക്കാർക്ക വാളുകൊണ്ടുള്ള ശിക്ഷയാണുണ്ടായതു്. എന്നാൽ മറേറക്കൂട്ടർക്കോ? ആകാശത്തിൽനിന്നു അവരുടെമേൽ അഗ്നി വീണു. ഭൂമി പിളൎന്നു അവരെ വിഴുങ്ങിക്കളഞ്ഞു.

ദൈവപ്രതിനിധികളായ നമ്മുടെ മേലധികാരികളെ നിസ്സാരകാൎയ്യങ്ങളിലായാലും അനുസരിക്കാതിരിക്കുന്നതും അവൎക്കെതിരായി ദുരാലോചന നടത്തുന്നതും ദൈവത്തിനു എത്ര അനിഷ്ടകരമായ ഒന്നാണെന്നു നമ്മെ മനസ്സിലാക്കുവാൻവേണ്ടിത്തന്നെയാണ് ഇത്ര ഭയങ്കരമായ ശിക്ഷ അവിടുന്നു യാത്രയാക്കിയതു്. അനുസരണം പരമപ്രാധാന്യം അർഹിക്കുന്ന ഒരു സുകൃതമാണെന്നും, കീഴുള്ളവർ ഈ വ്രതം അന്യൂനമായി പാലിക്കണമെന്നു ദൈവം നിഷ്കൃഷിക്കുന്നെന്നും, സർവ്വോപരി ഈ ഭാരം വലിച്ചെറിഞ്ഞുകളയുന്നവരുടെ സ്ഥിതി പരിതാപകരമാണെന്നും മനസ്സിലാക്കുന്നതിനു് അത്യന്തം ഉപകരിക്കുന്ന ഒന്നത്രെ മേൽവിവരിച്ച വേദപുസ്തകസംഭവം. ആകയാൽ, കീഴ്‌വഴക്കത്തിൻെറ കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കയും അനുസരണാഭാരത്തിൽ അടങ്ങിയിരിക്കുന്ന വിഷമതകൾ സസന്തോഷം വഹിക്കുകയും, അനുദിനവും കീഴ്‌വഴങ്ങി ജീവിക്കാൻ തക്കതായ ഒരു സ്ഥാനത്തുകൊണ്ടുവന്നാക്കിയതിനെക്കുറിച്ചു് ദൈവത്തോടു കൃതജ്ഞത പ്രദശിപ്പിക്കുകയും ചെയ്യുക.

## 11. കീഴ്‌വഴക്കപുണ്യവും കീഴ്‌വഴക്ക പദവികളും

ന്യായമായ അധികാരികളെ ദൈവപ്രതിനിധികൾ എന്ന നിലയിൽ അനുസരിക്കുന്നതിന്ന് നമ്മുടെ മനസ്സിനെ പ്രേരിപ്പിക്കുന്ന ഒരു സ്വഭാവാതീത സാന്മാർഗ്ഗിക പുണ്യമാണ് കീഴ്‌വഴക്കം. എന്നാൽ നിയമപ്രകാരമുള്ള അധികാരികൾ സഭാനിയമങ്ങൾക്കനുയോജ്യമായി കല്പിക്കുന്ന ഗൌരവമായ എല്ലാ സംഗതികളിലും അവരെ അനുസരിച്ചുകൊള്ളാമെന്നാണ് കീഴ്‌വഴക്കവ്രതത്താൽ ഒരു സന്ന്യാസി തൻെറമേൽ ഭരമേല്ക്കുന്നത്. കല്പിക്കപ്പെടുന്ന സംഗതി, പുറമേ ശരിയായി നിർവ്വഹിക്കുന്നതാണ് വ്രതത്തിൻെറ വിഷയം. പുണ്യമോ എന്നാൽ ആഭ്യന്തരമായ മനസ്സിൻെറ വഴക്കത്തേയും ആവശ്യപ്പെടുന്നു. കീഴ്‌വഴക്കത്തിന്ന് ജീവൻകൊടുക്കുന്നത് പുണ്യമാണെന്നു പറയാം. അതിനാൽ പുണ്യത്തെക്കുറിച്ച് കീഴ്‌വഴങ്ങുന്നവൻ തൻെറ മനസ്സിനെയും, തൻെറ അഭിപ്രായത്തെയും കല്പിക്കപ്പെടുന്ന സംഗതിയോടു യോജിപ്പിച്ചുകൊണ്ട് സശ്രദ്ധം സംതൃപ്തിയോടെ അതിനെ നിർവ്വഹിക്കുന്നു. മുറപ്രകാരമുള്ള അധികാരികളുടെ സ്പഷ്ടമായ കല്പനകളുടെ നിർവ്വഹണംമാത്രം വ്രതജന്യമായ കടമയായിരിക്കുമ്പോൾ, അവരുടെയും ഉപാധികാരികളുടെയും ആജ്ഞ, ആഗ്രഹം, അപേക്ഷ, ഉപദേശം, ശുപാൾ എന്നിത്യാദികളുടെയും പുണ്യത്തിൻെറ വിഷയമാകാം. കീഴ്‌വഴക്കവ്രത പുണ്യങ്ങളെപ്പററി ഇത്രയും സംക്ഷേപമായി കണ്ട ശേഷം, ഇനി കീഴ്‌വഴക്കത്തിൻെറ മുഖ്യപദവികളെപ്പററി ചിന്തിക്കാം.

### ഒന്നാം പദവി – പ്രവൃത്തിയുടെ കീഴ്‌വഴക്കം

കല്പിക്കപ്പെടുന്നവ ഉടനടിയും കൃത്യമായും പൂർണ്ണമായും സ്വഭാവാതീത ഉദ്ദേശ്യത്തോടെ നിർവ്വഹിക്കുക. മടിയോ താമസമോ കൂടാതെ, പറയുന്നവ തൽക്ഷണം, അക്ഷരംപ്രതി അനുസരിക്കുക, എന്നതാണ് പ്രവൃത്തിയുടെ കീഴ്‌വഴക്കം. ഇതത്രെ കീഴ്‌വഴക്കത്തിൻെറ ആദ്യപദവി.

a. ഉടനടി അനുസരിക്കണം– സഭാധികാരികൾ ദൈവത്തിൻെറ സ്ഥാനപതികളാണ്. അവരുടെ ആജ്ഞകൾ ദൈവത്തിൻെറ കല്പനകളാണ്. ആകയാൽ അനുസരണം ചോദ്യം ചെയ്യാത്തുള്ളതായിരിക്കണം. ദൈവത്തിൻെറ കല്പന ആരുതന്നെ ഉടനടി നിവ്വഹിക്കാതിരിക്കും? അധികാരികളുടെ ആജ്ഞകളെന്നതുപോലെ, സഭയുടെ നിയമങ്ങളെയും തൽക്ഷണം അനുസരിക്കണം. അതിനു കാരണവും ഉണ്ട്. സഭയുടെ ചട്ടങ്ങൾ തിരുസ്സഭ അംഗീകരിച്ചവയാണ്. അതു ദൈവഹിതമനുസരിച്ചുമാണ്. വി. ബെണ്ണാർദു പറയുന്നതു ശ്രദ്ധിച്ചാലും: "താമസിക്കുകയോ, നാളെയാകട്ടെ എന്നു മാററിവെയ്ക്കുകയോ ചെയ്യുന്നത് എന്താണെന്ന് ഒരു യഥാത്ഥസന്യാസിക്ക് അറിഞ്ഞുകൂടാ. എല്ലാ എതിർവാദങ്ങളുടെയും നീട്ടിവെയ്ക്കലിൻെറയും പരമശത്രുവാണ് ഒരു സന്യാസി. മേലധികാരികളുടെ ആജ്ഞകൾ എന്തെന്നു അറിയുവാൻ അയാൾ സദാ ശ്രദ്ധാലുവായിരിക്കും. സൂചനകളുടെ കായ്യത്തിൽപോലും അയാൾ സൂക്ഷിച്ചും, ശ്രദ്ധിച്ചും ഇരിക്കും. അധികാരികളുടെ ആംഗ്യങ്ങൾ അയാൾ നോക്കി നോക്കി നില്ക്കും. കല്പിക്കുന്നതു ചെയ്യും, പറയുന്നിടത്തേക്കു പോകും. ഏതൊരാജ്ഞയും സ്വീകരിച്ചു നിവ്വഹിക്കുവാൻ സവ്വദാ സന്നദ്ധനായിരിക്കും." പ്രഭാതത്തിൽ, നിദ്രയിൽനിന്ന് ഉണരാനുള്ള മണിനാദം കേൾക്കുന്ന മാത്രയിൽ അതു ദൈവത്തിൻെറ സ്വരമായി ഗണിച്ച് തൽക്ഷണം എഴുന്നേൽക്കും. എന്തുതന്നെ ചെയ്യണമെന്നു പറഞ്ഞാലും അതിന് എതിർ പറയുകയോ വൈമനസ്യം പ്രകടിപ്പിക്കുകയോ ചെയ്യുകയില്ല. ആജ്ഞ ലഭിക്കുന്ന ക്ഷണത്തിൽ "ഇതാ ഞാൻ തയ്യാർ" എന്ന ഭാവേന, സോത്സാഹം, സോന്മേഷം, അനുസരിക്കാൻ തയ്യാറായിക്കഴിയും.

. ഒരു ഭക്തസന്യാസിക്ക് ദിവ്യരക്ഷകൻ ഒരിക്കൽ ഒരു ചെറിയ കുട്ടിയുടെ രൂപത്തിൽ പ്രത്യക്ഷനായി. ദിവ്യരക്ഷകൻ പ്രത്യക്ഷീഭവിച്ചതും, പ്രാത്ഥനയ്ക്കുള്ള മണിനാദം മുഴങ്ങിയതും, ഏതാണ്ട് ഒരേ സമയത്തായിരുന്നു. ദിവ്യരക്ഷകനാണ് പ്രത്യക്ഷപ്പെട്ടതെന്നറിഞ്ഞിട്ടും, ആ സന്യാസി ഉടനെ പ്രാത്ഥന മുറിയിലേയ്ക്കു പോവുകയാണുണ്ടായതു്. പ്രാത്ഥനാനന്തരം സന്യാസി തിരിച്ചുവന്നപ്പോഴും, ദിവ്യഉണ്ണി സന്യാസിയുടെ മുറിയിൽ നിൽക്കുന്നുണ്ടായിരുന്നു. സന്യാസിയെ കണ്ട ഉടനെ അവിടുന്നു

സസ്നേഹം അരുളിച്ചെയ്തു: "മകനേ, നിൻെറ അനുസരണംകൊണ്ടാണ് ഇതുവരെ നിന്നെ പ്രതീക്ഷിച്ചു ഞാൻ ഇവിടെ താമസിച്ചതു്. നീ പോയില്ലായിരുന്നു എങ്കിൽ ഞാൻ ഉടനെ സ്ഥലം വിട്ടുമായിരുന്നു.''

തൻെറ ആശ്രമത്തിലെ സന്യാസിമാരുടെ അനുസരണാശീലത്തെ വി. കൊളുംബാ ഒരിക്കൽ ഒന്നു പരീക്ഷിക്കാൻ തീരുമാനിച്ചു. രോഗബാധിതരായി ചില സന്യാസിമാർ അവിടെ കിടക്കുന്നുണ്ടായിരുന്നു. വിശുദ്ധൻ, അവർ കിടന്നിരുന്ന മുറിയിൽ പ്രവേശിച്ചു് "എല്ലാവരും എഴുന്നേററു് ഈ ധാന്യം പാററുക" എന്നു് ഒരാജ്ഞ നൽകി. അവരിൽ ചിലർ തൽക്ഷണം എഴുന്നേററു് ജോലി തുടങ്ങി. എന്നാൽ അപരർ രോഗമാണെന്ന കാരണത്താൽ എഴുന്നേൽക്കാൻ കൂട്ടാക്കിയില്ല. അതിൻെറ ഫലമോ? ഉടനടിയനുസരിച്ചവർ പൂർണ്ണമായും രോഗമുക്തരായി. ഇതരരാകട്ടെ രോഗികളായിത്തന്നെ കിടക്കേണ്ടിവന്നു. അനുസരണത്തെ ദൈവം എത്രകണ്ടു മാനിക്കുന്നു എന്നും, അതിനു താമസംവിനാ എത്ര നല്ല പ്രതിഫലം താൻ നൽകുന്നു എന്നും ഇതിൽനിന്നും ഗ്രഹിക്കാമല്ലോ.

ഉടനടി അനുസരിക്കുന്നവർ യഥാർത്ഥത്തിൽ ശ്ലീഹന്മാരെ അനുകരിക്കുകയാണു് ചെയ്യുന്നതു്. അവർ ചെയ്തതും ഇതുതന്നെയാണല്ലോ. "എന്നെ പിഞ്ചെല്ലുവിൻ" എന്നുമാത്രം ക്രിസ്തു ആജ്ഞാപിച്ചു. മുൻപിൻ നോക്കാതെ, ഭവിഷ്യത്തുകൾ ഗൗനിക്കാതെ, അവർ തൽക്ഷണം ക്രിസ്തുവിൻെറ പിന്നാലെ പോയി. അതിനു വാഗ്ദാനം ചെയ്യപ്പെട്ട സമ്മാനം എത്ര മഹനീയമെന്നു നോക്കുക. "നിങ്ങൾ പന്ത്രണ്ടു ന്യായാസനങ്ങളിലിരുന്നു ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രക്കാരെ വിധിക്കും." (മത്താ. xix. 28) ഉടനടിയുള്ള കീഴ്‌വഴക്കത്തിൽ ദൈവം സംപ്രീതനായി സമ്മാനം നൽകുന്നതുപോലെതന്നെ അനുസരണമില്ലായ്മയെ ദൈവം വെറുക്കുകയും അതിനു പലപ്പോഴും തക്ക ശിക്ഷ നൽകുകയും ചെയ്യുന്നു. യൗനാൻ ദീർഘദർശിക്കുണ്ടായ അനുഭവം ഇതിനു സാക്ഷ്യമാണല്ലോ. ആകയാൽ ആജ്ഞ ലഭിച്ചാൽ തൽക്ഷണം അനുസരിക്കുക. സഭാചട്ടങ്ങൾ പാലിക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കുക. എഴുന്നേൽക്കുക, വിശ്രമിക്കുക, പ്രാർത്ഥിക്കുക, ജോലിചെയ്യുക, മൗനം ഭജിക്കുക, ഭക്ഷിക്കുക എന്നിവയ്ക്കെല്ലാം സമയം നിശ്ചയിച്ചിട്ടുണ്ടു്. ഇവ ഓരോന്നും,

അതതിനു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തും, സമയത്തും, കൃത്യമായി ചെയ്യുക. തികച്ചും, അസാദ്ധ്യമാണെങ്കിൽ മാത്രമേ, ഇവയിൽ നിന്നു് ഒഴിവിനു അപേക്ഷിക്കാവൂ.

b. കൃത്യമായും പൂൎണ്ണമായും അനുസരിക്കണം– ആജ്ഞാ

പിക്കുന്നതു മുഴവൻ ഓരോരുത്തൻെറ കഴിവനുസരിച്ചു് ചെയ്യുന്നതിലാണു് കൃത്യവും പൂൎണ്ണവുമായ അനുസരണം സ്ഥിതി ചെയ്യുന്നതു്. നാം ദൈവസേവനത്തിലാണു് ഏൎപ്പെട്ടിരിക്കുന്നതു്. ദൈവത്തിനുവേണ്ടിയും ദൈവം അങ്ങനെ തിരുമനസ്സാകുന്നതുകൊണ്ടും ആയിരിക്കണം എന്തും നാം അനുസരിക്കുന്നതും, ചെയ്യുന്നതും. ഒരു ലൗകിക യജമാനൻ ആജ്ഞാപിക്കുന്നതു കൃത്യമായും, സ്തുത്യൎഹമായും ചെയ്യുവാൻ നാം ശ്രദ്ധിക്കാറുണ്ടു്. ആ സ്ഥിതിക്കു രാജാധിരാജനായ ദൈവത്തിൻെറ ആജ്ഞകൾ കൂടുതൽ കൃത്യമായും, സൂക്ഷ്മമായും ചെയ്യേണ്ടതാണെന്നു് പറയണ്ടല്ലോ. ദൈവസേവനത്തിൽ അലസതയും അശ്രദ്ധയും കാണിക്കുന്നതു ദൈവത്തിനു വളരെ അനിഷ്ടകരമായ ഒന്നാണു്. "ദൈവത്തിൻെറ ജോലി അശ്രദ്ധയോടെ ചെയ്യുന്നവനു ശാപം" (ഏറമ്യാ XLviii. 10) എന്നാണു് ദീൎഘദശി ഇതേപ്പററി പറഞ്ഞിരിക്കുന്നതു്. ഇക്കാൎയ്യത്തിൽ ചില സന്യാസികൾ വളരെ പിന്നോക്കമാണെന്നു പറയേണ്ടതുണ്ടു്. മേലധികാരി ഉള്ളപ്പോൾ ആജ്ഞകൾ അനുസരിക്കുന്നതിലും നിയമം പാലിക്കുന്നതിലും ഇവർ വളരെ നിഷ്കൎഷ കാണിക്കും. അല്ലാത്തപ്പോൾ ഇതിൽനിന്നു തികച്ചും ഭിന്നമായ ഒരു നിലയായിരിക്കും പാലിക്കുക. സമ്മാനത്തിനു പകരം ശിക്ഷയനുഭവിക്കുന്ന ഒന്നല്ലയോ ഈദൃശ നടപടി?

കൎത്താവിൻെറ ദാസന്മാൎക്കു് വി. പൗലോസ് നൽകുന്ന ഉപദേശം ശ്രദ്ധാൎഹമാണു്. "നിങ്ങൾ നിങ്ങളുടെ ശാരീരിക നാഥന്മാരെ അനുസരിക്കുവിൻ. എന്നാൽ നിങ്ങൾ മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ കൺകാഴ്ചയിലല്ല, മറിച്ചു്, ദൈവത്തിൻെറ ഇഷ്ടം നിൎവ്വഹിക്കുന്ന ക്രിസ്തുവിൻെറ ദാസന്മാരെപ്പോലെ ആകുന്നു അനുസരിക്കേണ്ടതു്." (എഫേസ്യർ vi. 6.) അതേ, ദൈവത്തെപ്രതിമാത്രം, അങ്ങേ സ്നേഹത്തെപ്രതിമാത്രം അദ്ധ്വാനിക്കുക. ആജ്ഞാപിക്കുന്നതു എന്തോ, അതു പൂൎണ്ണമായും അനുസരിക്കണം. പുറജാതിക്കാരും ഫരിസേയന്മാരും ദൈവ

ത്തിൻെറ നിയമങ്ങളിൽ അവക്കു അഹിതമായി തോന്നിയ തെല്ലാം തള്ളിക്കളഞ്ഞുകൊണ്ടു്, അവരുടെ ആശയത്തിനനുസരിച്ചും അഭിലാഷങ്ങൾക്കു ഒക്കുന്നതുപോലെയും ആ നിയമങ്ങളെ അവർ വ്യാഖ്യാനിച്ചിരുന്നു. നല്ല സന്യാസികൾ ഒരിക്കലും ഇങ്ങനെ ചെയ്യേണ്ടതല്ല. അവരാകട്ടെ ആജ്ഞാപിക്കപ്പെടുന്ന എന്തും, വ്യാഖ്യാനിച്ചു സ്വന്തം ഹിതത്തിനൊപ്പിച്ചു കൊണ്ടു വരാതെ, വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കണം.

അനുസരണം ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണെങ്കിലും ഏതു സാഹചര്യത്തിലും, അതു അക്ഷരാർത്ഥം നിർവ്വഹിക്കണമെന്നു് ഇവിടെ പറയുന്നില്ല. സാഹചര്യം ഗ്രഹിച്ചാൽ ശ്രേഷ്ഠൻ ആജ്ഞ പിൻവലിക്കുമെന്നു ബോദ്ധ്യമുള്ള ഘട്ടങ്ങളിൽ, അക്ഷരാർത്ഥത്തിൽ അനുസരിക്കണമെന്നില്ല. എന്നാൽ ഒഴിവിനു പഴുതുണ്ടാക്കുവാൻ ചിലർ ചില വ്യാഖ്യാനങ്ങൾ നടത്തും. അതു് ആജ്ഞാനിഷേധത്തിനു തുല്ല്യമാണെന്നാണു് പറയേണ്ടതു്. ശ്രേഷ്ഠൻ ഒഴിവു നൽകും എന്നുറപ്പില്ലാത്ത സാഹചര്യത്തിൽ ആജ്ഞ നിർവ്വഹിക്കേണ്ടതാണു് ഒരു സന്യാസിയുടെ കർത്തവ്യം. തത്സംബന്ധമായി വി. തോമസ് അക്വീനസ്സ് പറയുന്നതു ശ്രദ്ധാർഹമാണു്. അദ്ദേഹം പറയുന്നു: "ഇന്നതു ഞാൻ ചെയ്യണമെന്നാണു് അധികാരി ആഗ്രഹിക്കുന്നതെന്നു് എനിക്കു് നന്നായി മനസ്സിലായാൽ സ്പഷ്ടമായ ആജ്ഞ ഉണ്ടാകാൻ കാത്തിരിക്കാതെ അതൊരു മൌനാജ്ഞയായി കരുതി അതു നിർവ്വഹിക്കുന്നതു ഉത്തമമായ കീഴ്വഴക്കത്തിനു ഒരു തെളിവാണു്." അതേ, ഇതായിരിക്കണം അനുസരണത്തിൻെറ കാര്യത്തിൽ നാം സ്വീകരിക്കുന്ന മാനദണ്ഡം. അധീനരോടുള്ള ആർദ്രതയാൽ അഥവാ അവക്കു രസിക്കാതിരുന്നേക്കാം എന്നു ശങ്കിച്ചിട്ടു്, അധികാരികൾ ആജ്ഞാപിക്കേണ്ട പലതും നേരിട്ടു് ആജ്ഞാപിച്ചില്ലെന്നു വരാം. അതു മുൻകൂട്ടി കണ്ടു് അക്കാര്യം നിർവ്വഹിക്കണം. അതായിരിക്കണം അനുസരണയുടെ കാര്യത്തിൽ നമ്മുടെ നടപടി.

### രണ്ടാം പദവി – മനസ്സിൻെറ കീഴ്വഴക്കം

വിഷമകരമായ കാര്യങ്ങളിൽപോലും സ്വന്ത താല്പര്യങ്ങൾ ത്യജിച്ചുകൊണ്ടു്, സ്വന്ത മനസ്സിനെ അധികാരിയുടെ

മനസ്സിനോടു യോജിപ്പിച്ചു കീഴ്‌വഴങ്ങുന്ന മനസ്സിൻെറ കീഴ്‌വഴക്കം ആകുന്നു കീഴ്‌വഴക്കത്തിൻെറ രണ്ടാംപദവി.

അന്തരംഗമായ മനസ്സിൻെറ ഈ കീഴ്‌വഴക്കം, കീഴ്‌വഴക്കപുണ്യത്തെ സംബന്ധിക്കുന്നതത്രെ. അതേ, നാം മനസ്സോടും, സന്തോഷപൂർവ്വവും കീഴ്‌വഴങ്ങണം. നമ്മുടെ അനുസരണത്തിനുണ്ടായിരിക്കേണ്ട ഒരു പ്രത്യേകതയാണിതു്. "സന്തോഷപൂർവ്വം കൊടുക്കുന്ന ദാതാവിനെ ദൈവം സ്നേഹിക്കുന്നു." (II കൊറി. ix. 7.) അതുകൊണ്ടാണു് വി. ബർണ്ണാർദ്ദ് ഇങ്ങനെ പറയുന്നതു്: "ശ്രേഷ്ഠൻെറ ഒരാജ്ഞയുണ്ടാകുമ്പോൾ നീ പിറുപിറുക്കുന്നു എങ്കിൽ, ആജ്ഞ അനുസരിച്ചാലും ആ അനുസരണം ഒരു സുകൃതം ആകുന്നില്ല. നേരെമറിച്ചു് ദുഷ്ടതയെ മറയ്ക്കുന്ന ഒരാവരണം മാത്രമേ ആകുന്നുള്ളു. നീ അനുസരിക്കുന്ന ആളാണെന്നു വരുത്തുവാൻവേണ്ടി അനുസരിക്കുന്നു എന്നേയുള്ളൂ. അനുസരണത്തിൻെറ നിയമത്തെ ഹൃദയത്തിൽ നീ വെറുക്കുന്നതിനാൽ യഥാർത്ഥത്തിൽ നീ ഒരു പാപത്തിൽ വീഴുന്നു." "ചില സന്ന്യാസികൾ തങ്ങൾക്കിഷ്ടപ്പെട്ട ആജ്ഞയെ ഹർഷപൂർവ്വം സ്വീകരിച്ചനുസരിക്കുന്നതായും, സ്വേച്ഛയെ തൃപ്തിപ്പെടുത്തുന്ന ജോലികൾമാത്രം, സ്വീകരിക്കുന്നതായും കാണുന്നു. ഹാ! ഇതെത്ര പരിതാപകരം" എന്നു് അല്ലോൻസ്സ ലിഗോരി പ്രസ്താവിക്കുന്നു.

അനുസരിക്കുന്നതിൽ സാക്ഷാൽ നിഷ്ഠയും അതിനു സന്തോഷവും സന്മനസ്സും, സന്നദ്ധതയും ഉള്ള സന്ന്യാസികൾ, തങ്ങൾക്കു് ഹിതകരമല്ലാത്ത ആജ്ഞകൾ കൂടുതൽ സന്തോഷത്തോടെ അനുസരിക്കുന്നു. അതിൽ അവരറിയാതെ അവർക്കു് ഒരു മേന്മയും സിദ്ധിക്കുന്നുണ്ടു്. ഹിതമല്ലാത്തതു് ആജ്ഞയുടെ പേരിൽ സന്തോഷത്തോടെ ചെയ്യുന്നതിലാണല്ലോ ത്യാഗം അടങ്ങിയിരിക്കുന്നതു്. ഹിതാഹിതം നോക്കാതെ, ആജ്ഞയെ അനുസരിക്കുന്ന സന്ന്യാസിക്കു് ഉറപ്പായി വിശ്വസിക്കാം, സ്വഹിതമല്ലാ, ദൈവഹിതമാണു് നിർവ്വഹിക്കുന്നതെന്നു്. ഏതു വിശുദ്ധൻെറ ജീവചരിത്രം നോക്കിയാലും ഇതിനുദാഹരണം കാണാം.

ചില്ലിലുള്ള ചിത്രരചനയിൽ അതിവിദഗ്ദ്ധനായിരുന്നു ജേക്കബ്ബു് എന്നൊരു സന്ന്യാസവര്യൻ. ചിത്രം കൂടുതൽ പഴക്കം ചെയ്യുന്നതിനു് ചിത്രം വരച്ചുകഴിഞ്ഞാൽ അതു സ്വല്പസമയം

ചൂളയിൽവെച്ച് ചൂട പിടിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഒരിക്കൽ മനോഹരമായ ഒരു ചിത്രം ഈ സന്യാസി എഴുതി പൂൎത്തിയാക്കി ചൂളയിൽവെച്ചു. അയാളുടെ അനുസരണാബോധം ഒന്നു പരീക്ഷിക്കണമെന്നു കരുതി അയാൾ ധൎമ്മപ്പിരിവിനായി ഉടനെ പട്ടണത്തിലേക്കു പോകണം എന്നു ശ്രേഷ്ഠൻ ഒന്നും അറിയാത്ത മട്ടിൽ അദ്ദേഹത്തിനൊരാജ്ഞ നൽകി. ചിത്രം തക്ക സമയത്തു് ചൂളയിൽനിന്നും എടുക്കാത്തപക്ഷം അതു തകൎന്നു തന്നെ എന്നറിയാമായിരുന്നിട്ടും ഒരക്ഷരവും ശബ്ദിക്കാതെ, ഒരു മടിയും കാണിക്കാതെ ഉടനെ അദ്ദേഹം പോയി. സംഭരിക്കാൻ കഴിഞ്ഞവക ആശ്രമത്തിൽ ഏല്പിച്ചിട്ടു്, തന്റെ ചിത്രത്തിന്റെ അടുക്കലേക്കു് ചെന്നു. അതവിടെ ഉണ്ടാകയില്ലന്നും പൊട്ടിത്തകൎന്നിരിക്കുമെന്നും തന്നെയാണു് വിചാരിച്ചിരുന്നതു്. എങ്കിലും ആശ്ചൎയ്യമേ, ചോദ്യം ചെയ്യാതെ സ്വാഭീഷ്ടത്തെ പരിത്യജിച്ചുകൊണ്ടുള്ള അനുസരണത്തിന്റെ സൽഫലം അവിടെ ദൎശിക്കാനിടയായി. ചിത്രം ഒരു കേടുംകൂടാതെ ഉത്തമമായ സ്ഥിതിയിൽ അവിടെ ഇരിക്കുന്നു!

തീക്ഷ്ണമതികളായ സന്യാസികൾ എത്ര കൃത്യമായി കല്പനകൾ അനുസരിച്ചുപോരുന്നു എന്നു് ഇതിൽനിന്നും ഗ്രഹിക്കാമല്ലോ. അവർ നമുക്കു മാതൃകയായിരിക്കട്ടെ! "ഈ കൃത്യനിൎവ്വഹണത്താൽ എന്റെ ദൈവത്തെ ഞാൻ പ്രസാദിപ്പിക്കും" എന്നു് ഒരു സന്യാസിക്കുറപ്പിച്ചു പറയുവാൻ കഴിയുമെങ്കിൽ അതിലും വലിയ സന്തോഷം മറെറന്താണു് അയാൾക്കുണ്ടാകാനുള്ളതു്? അനുസരണയുടെ കാൎയ്യത്തിൽ ദീക്ഷിക്കേണ്ട ഒരു നിയമം, മധുരമധുരമായ ഒരു നിയമം, വി. ഫ്രാൻസീസ് സാലസ് നിൎദ്ദേശിച്ചിട്ടുണ്ടു്. അതു വളരെ ശ്രദ്ധേയമാണു്, അൎത്ഥവത്താണു്, ഫലപ്രദവും ആണു്. ആ നിയമം ഇതാണു്. "ഒന്നും ആഗ്രഹിക്കാതിരിക്കുക, ഒന്നും നിഷേധിക്കാതിരിക്കുക."

## മൂന്നാം പദവി — ബുദ്ധിയുടെ കീഴ്‌വഴക്കം

നമ്മുടെ അഭിപ്രായത്തെ ശ്രേഷ്ഠന്റെ അഭിപ്രായത്തിനു വിധേയമാക്കുവാൻ നമ്മുടെ മനസ്സു നിൎബന്ധിക്കുമ്പോൾ ഉളവാകുന്ന കീഴ്‌വഴക്കം ബോധത്തിന്റെ അഥവാ ബുദ്ധിയുടെ കീഴ്‌വഴക്കമാകുന്നു. ഇതത്രെ അന്ധമായ കീഴ്‌വഴക്കം എന്നു

ക്രൂടെയും വിളിക്കപ്പെടുന്ന കീഴ്‌വഴക്കത്തിൻെറ ഏററം ഉന്നതമായ മൂന്നാം പദവി.

സമരോദ്യുക്തസഭയിൽ നിത്യരക്ഷ പ്രാപിക്കാൻ രണ്ടു മാർഗ്ഗങ്ങളാണ് ഉള്ളതെന്നു വി. ഇഗ്നാസ്യോസ് പറയുന്നു. അവയിൽ സാമാന്യമായതാണ് പ്രമാണങ്ങൾ അനുസരിക്കുക എന്നതു്. അതു സമസ്ത ക്രൈസ്തവരെയും ബാധിക്കുന്നതാണ്. ഈ സാമാന്യനിയമത്തിനും പുറമെ സുവിശേഷ സൽബുദ്ധികളെ ക്രൂടെയും അനുസരിച്ചുകൊണ്ടുള്ളതും, സന്യസ്തരെ പ്രത്യേകമായ ബാധിക്കുന്നതുമാണ് അസാമാന്യമാർഗ്ഗമായ രണ്ടാമത്തേതു്. സന്യാസത്തിലുള്ള അനുസരണവും ഇങ്ങനെതന്നെ രണ്ടു തരമാണ്. അപൂർണ്ണമായതും, പൂർണ്ണമായതും, ഇവയിൽ രണ്ടാമത്തേതിലാണ് അനുസരണത്തിൻെറ ശക്തിയും സന്യാസിയുടെ സുകൃതത്തിൻെറ പാരമ്യവും സ്വയം ദർശനീയമാകുന്നതു്. അപൂർണ്ണമായ അനുസരണത്തിനു കാണാൻ കണ്ണുകളുണ്ടെന്നുള്ള ഒരു പ്രത്യേകതയുണ്ടു്. പൂർണ്ണമായ അനുസരണം അന്ധമാണ്. പക്ഷേ, ആ അന്ധതയിലത്രെ അതിൻെറ മഹത്വവും സ്ഥാനവും അടങ്ങിയിരിക്കുന്നതു്. ആദ്യത്തേതു ഏതു ആജ്ഞയുടെയും ഔചിത്യാനൌചിത്യത്തെ ആന്തരികമായി ചോദ്യം ചെയ്യുന്നു. രണ്ടാമത്തേതാകട്ടെ ഒന്നും ചോദിക്കാതെ അനുസരിക്കുന്നു. ആദ്യത്തേതു എപ്പോഴും ഒന്നിനെ അപേക്ഷിച്ചു മററൊന്നിനെ ഇഷ്ടപ്പെടുന്നുണ്ടാകും. രണ്ടാമത്തേതാകട്ടെ ആജ്ഞാപിക്കപ്പെടുന്ന ഏതിനെയും തുല്യനിലയിൽ വീക്ഷിക്കുന്നു. ആദ്യത്തേതു ആജ്ഞയെ അനുസരിക്കും. അതു ബാഹ്യമായിട്ടേ ആയിരിക്കയുള്ളൂ. ഉള്ളേ എതിർപ്പുണ്ടാകാം. ഇങ്ങനെ ഉള്ളേ എതിർപ്പോടുക്രൂടിയ അനുസരണം അനുസരണമെന്ന പേരിനു അർഹമേ അല്ല. രണ്ടാമത്തേതു്, പറയുന്നതു മുഴവൻ, അപ്പാടെ അനുസരിക്കും. ആജ്ഞാകാരൻെറ ആജ്ഞയ്ക്കു സർവ്വഥാ വിധേയമായി പൂർണ്ണതൃപ്തിയോടും സന്തോഷത്തോടുംക്രൂടി അനുസരിക്കും. എന്തിനിതു അനുസരിക്കുന്നു എന്ന ഭാവമേ ഉണ്ടാകയില്ല. അതിൻെറ ഔചിത്യം ആരായുകയുമില്ല. അനുസരിക്കാതിരിക്കാൻ പല കാരണങ്ങൾ സ്വയം മനസ്സിൽ പൊന്തിവരും. അവയൊന്നും ഗൌനിക്കപ്പെടുകയില്ല. അവയാൽ നീതമാകാൻ അനുവദിക്കയുമില്ല. അധികാരി ആജ്ഞാപിച്ചു. അധി

കാരിയെ അനുസരിക്കണം. അതുകൊണ്ടു ആജ്ഞയെ അനുസരിക്കുന്നു. ഇതാണു ഇവക്കുള്ള ഏക മൌലികപ്രമാണം.

ഇതാണു അന്ധമായ അനുസരണം. വിശുദ്ധന്മാരും ആദ്ധ്യാത്മിക ഗ്രന്ഥകാരന്മാരും നമുക്കുപദേശിച്ചുതരുന്നതും മാതൃകയാൽ കാണിച്ചുതന്നിട്ടുള്ളതും ഇതുതന്നെ. അന്ധമായ അനുസരണമെന്നു പറഞ്ഞാൽ പാപപുണ്യഭേദമെന്യെ, പറയുന്ന ഏതും ചെയ്യുക എന്നു അൎത്ഥമില്ല. അതു ശരിയല്ല, വലിയ പ്രമാദവുമാണു്. ശ്രേഷ്ഠൻെറ കല്പനയെ, സ്പഷ്ടമേ തെററില്ലാത്ത കാൎയ്യങ്ങളിൽ, ദൈവകല്പനയെന്നതുപോലെ പൂൎണ്ണമായ മനസ്സോടെയും നല്ല നിയോഗത്തോടെയും അനുസരിക്കുക. ശ്രേഷ്ഠൻ ആജ്ഞാപിച്ചു എന്ന ഏക അടിസ്ഥാനത്തിൽ അനുസരിക്കുക എന്നാണു് അന്ധമായ അനുസരണത്തിനൎത്ഥം.

സന്യാസവ്രതത്രയങ്ങളിലൊന്നാണല്ലൊ അനുസരണം അഥവാ കീഴ്‌വഴക്കം. സ്വന്ത ഹിതം ത്യജിച്ചുകൊള്ളാമെന്നാണു് ഇതിനാൽ സന്യാസികൾ പ്രതിജ്ഞ ചെയ്യുന്നതു്. ഈ പ്രതിജ്ഞാബദ്ധരായ സമസ്തരുടേയും കൎത്തവ്യമാണു സംപൂൎണ്ണമായ അനുസരണം. അതുകൊണ്ടാണു മഹാനും ഈശോസഭാംഗവുമായ ഫാദർ പവോനെ ഇങ്ങനെ പറഞ്ഞിരിക്കുന്നതു്: "അനുസരണം സംപൂൎണ്ണമാകണമെങ്കിൽ അതു ഇരുകാലിൽ നടക്കണം. അതായതു് അനുസരണം പൂൎണ്ണമനസ്സാലെ ഉള്ളതായിരിക്കണം, പൂൎണ്ണധാരണയോടുകൂടിയതുമായിരിക്കണം. മനസ്സു മാത്രമേ ഉള്ളു ധാരണയില്ലാ എങ്കിൽ അനുസരിക്കുമ്പോൾ നമ്മുടെ ചിന്താഗതി മേലധികാരിയുടേതിൽനിന്നു ഭിന്നമായിരിക്കും. അത്തരം അനുസരണം പൂൎണ്ണമാകയില്ല. അതു ഒരു മുടന്തൻ അനുസരണമേ ആകയുള്ളു." പാസിയിലെ വി. മഗ്ദലേനായും അനുസരണത്തിൻെറ സ്വഭാവത്തെ സമൃക്കായി വിവരിക്കുന്നുണ്ടു്. വിശുദ്ധ പറയുന്നു: "അനുസരണം പൂൎത്തിയാകണമെങ്കിൽ മനസ്സു് എന്നൊന്നില്ലാത്ത ഒരു ആത്മാവും, നീതിചിന്തയില്ലാത്ത ഒരു മനസ്സും ഉണ്ടാകണം." ഒരു ന്യായാന്യായ വിവേചന നടത്താതെ ഒരു ആജ്ഞ അനുസരിക്കാത്ത പ്രകൃതക്കാരുടെ അനുസരണം മിക്കവാറും സന്തോഷപൂൎവ്വമാകാനിടയില്ല. ശിശുസഹജമായ ആത്മാൎത്ഥതയും അതിനുണ്ടാവുകയില്ല. അതു ദാസസഹജമായ ഒന്നേ ആയിരിക്കയുള്ളു. വേറെ ചില

പ്രകൃതിക്കാരുണ്ട്. ആജ്ഞാപിക്കപ്പെടുന്ന എന്തും അവർ അനുസരിക്കും. എങ്കിലും അതിനിടയിൽ ആ കല്പന തങ്ങൾക്കു ഉപകാരപ്രദമോ ഉപദ്രവകരമോ എന്നു ആലോചിക്കും. അതിൻെറ ഫലമായി അവർ ചിലപ്പോൾ കല്പനയോടു മറുതലിക്കുകകൂടെയും ചെയ്യും. ഇനി, അനുസരിക്കുന്നു എങ്കിൽതന്നെയും അമർഷത്തോടും പിറുപിറുത്തുകൊണ്ടും ആയിരിക്കും അനുസരിക്കുക. അവിവേകമാണ്, പക്ഷപാതപരമാണ എന്നെല്ലാം പറഞ്ഞു ചിലപ്പോൾ അധികാരികളെ അപലപിച്ചു എന്നും വരും. അന്ധമായ അനുസരണത്തിൻെറ അഭാവമാണ് ഇതിനെല്ലാം കാരണം.

അന്ധമായ അനുസരണത്തിനു ഇതാ ഒരുദാഹരണം. ഓസ്റ്റിയായിൽ ചെന്നിട്ടു, അവിടെ ആദ്യം കാണുന്ന കപ്പലിൽ കയറി പുറങ്കടലിലേയ്ക്കു പോകുവാൻ പ. പിതാവു എന്നോടു ആജ്ഞാപിച്ചാൽ ആ കപ്പലിൽ പായോ, തുഴകളോ, എന്നല്ല യാത്രയ്ക്കു ആവശ്യമായ ഒന്നുംതന്നെ ഇല്ലെങ്കിലും ശരി ഞാൻ അനുസരിക്കും. ആ കപ്പലിൽ നിർഭയം നേരെ പുറങ്കടലിലേയ്ക്കു തിരിക്കും, അശേഷം ക്ലേശം കൂടാതെ നല്ല സന്തോഷത്തോടെ ഞാൻ പോകും'' എന്നു് വി. ഇഗ്നേഷ്യസ്സ് പലപ്പോഴും പറയാറുണ്ടായിരുന്നു. ഇതുകേട്ടു ഒരു മിത്രം ഒരിക്കൽ പറഞ്ഞു: "അതൊരു സാഹസമോ അവിവേകമോ ആയിരിക്കയില്ലേ?" എന്നു്. അതിനു വിശുദ്ധൻ നൽകിയ മറുപടി "വിവേകം ഉണ്ടാകേണ്ടതു അനുസരിക്കേണ്ടവനല്ല. ആജ്ഞാപിക്കുന്ന ആളിനാണ്" എന്നത്രെ.

ചെടികൾ, വേരുമുകളിലും തല മണ്ണിലുമാക്കി നടുവാൻ വി. ഫ്രാൻസീസ്സ് ചിലപ്പോൾ തൻെറ സഹസന്യാസിമാരോടു ആജ്ഞാപിച്ചിരുന്നു. തലകറങ്ങി നിലം പതിക്കുന്നതുവരെ വട്ടത്തിൽ ചുററാൻ ഒരു സന്യാസിയോടു ആവശ്യപ്പെട്ടു. ''ഇതുകൊണ്ടെല്ലാം എന്തു പ്രയോജനം?'' എന്നു വി. അല്ലോൻസൂ ലിഗോരി ചോദിച്ചിട്ടു്, അദ്ദേഹംതന്നെ അതിനു മറുപടിയും നൽകുന്നു. "കുതിരക്കുട്ടികളോടു ഓടാൻ പറഞ്ഞു ഓടിക്കും, നില്ക്കാൻ പറഞ്ഞു നിർത്തും, മുമ്പോട്ടു്, പിറകോട്ടു്, ഇടത്തു്, വലത്തു് എന്നെല്ലാം പറയും. എന്തിനാണിതെല്ലാം.'' കുതിരക്കുട്ടിയെ ചെറുപ്പത്തിൽതന്നെ മെരുക്കുകയാണ്. വലുതാകുമ്പോൾ കടി

ഞ്ഞാണിട്ടു ഉപയോഗപ്പെടുത്താനായി. അതുതന്നെയാണു സന്യാസികളുടെ അനുസരണാഭ്യാസത്തിൻെറയും ലാക്കും ലക്ഷ്യവും. സ്വാഭിലാഷങ്ങൾ നിയന്ത്രിക്കാനും ഭോഷത്വമാണെന്നു തോന്നിയാലും മേലധികാരികൾ ആജ്ഞാപിച്ചാൽ വിവേചനകൂടാതെ അനുസരിക്കുന്നതിൽ തഴങ്ങാനും ഈ അഭ്യാസം സഹായിക്കും. ഇത്തരം അനുസരണമാണ് സന്യാസികൾ പ്രതിജ്ഞ ചെയ്യുന്നതു്.

നാം തൽക്ഷണം അനുസരിക്കണം, കൃത്യമായി അനുസരിക്കണം, സന്തോഷപൂൎവ്വം അനുസരിക്കണം, പോരാ, അന്ധമായി അനുസരിക്കണം. ഇതത്രെ നാം വാഗ്ദാനം ചെയ്തിട്ടുള്ള സന്യാസ കീഴ്‌വഴക്കം നമ്മോടു ആവശ്യപ്പെടുന്നതു്. ഇതു സാധിക്കുമെങ്കിൽ ഇതിൽ ഉപരിയായ, മഹത്തായ ഒരു ത്യാഗം ദൈവത്തിനു സമൎപ്പിക്കുവാൻ വേറെ ഇല്ല. പ്രാൎത്ഥന, ധ്യാനം, ഉപവാസം, കാരുണ്യപ്രവൃത്തികൾ ഇവയെക്കാളെല്ലാം വിലയും യോഗ്യതയും ഉള്ള ഒരു ത്യാഗാൎപ്പണമാണിതു്. രക്തസാക്ഷിത്വത്തെപ്പോലും ഉല്ലംഘിക്കുന്ന ഒന്നത്രെ ഇതു്. 'സ്വയം വിനീതനായി, മരണംവരെ, കുരിശുമരണംവരെ കീഴ്‌വഴങ്ങിയ' ക്രിസ്തുവിൻെറ അനുയോജ്യരായ അനുഗാമികളെന്നു തെളിയിക്കത്തക്കവണ്ണം ഈ അനുസരണത്തിൽ അഭ്യസിക്കുവിൻ. സമൂഹത്തിനാകെ ഒരു മാതൃകയും പ്രചോദനവും, അധികാരികൾക്കെല്ലാം ഒരു ആശ്വാസകാരണവുമാകത്തക്കവണ്ണവും, സ്വൎഗ്ഗവാസികളായ മാലാകാൎക്കും വിശുദ്ധൎക്കുംപോലും ആനന്ദം ജനിപ്പിക്കത്തക്കവിധവും, പൂൎണ്ണമായി അനുസരിക്കുവാൻ പരമാവധി പരിശ്രമിക്കുവിൻ. ഈ ത്രിവിധ പദവികളിൽകൂടെ മഹത്തായ അനുസരണം ശീലിച്ചാൽ ക്രൈസ്തവസുകൃതത്തിൻെറയും ക്രൈസ്തവപരിപൂൎണ്ണതയുടെയും കൊടുമുടിയിൽ ചെന്നുചേരാം. മഹത്വത്തിൻെറ നിത്യകിരീടം ചൂടുകയും ചെയ്യാം.

## 12. ക്രമാനുഷ്ഠാനം

ജർമ്മനിയിലെ ഫ്രെഡറിക്ക് പ്രഥമൻ ചക്രവർത്തിയുടെ കാലത്തു അവിടുത്തെ ഒരു രാജകീയ ആബിയിൽ ആബട്ട് സ്ഥാനം ഒഴിവായി. ആബട്ടുസ്ഥാനത്തേക്കു ആശ്രമസ്ഥർ തെരിഞ്ഞെടുക്കുന്ന രണ്ടു സ്ഥാനാർത്ഥികളിൽ ഒരാളെ ആബട്ടായി അവരോധിച്ചു് അയാളെ സ്ഥാനചിഹ്നങ്ങൾ അണിയിക്കുന്നതിനുള്ള ഒരു അവകാശം ചക്രവർത്തിമാൎക്കു നൽകപ്പെട്ടിരുന്നു. തദനുസരണം സന്യാസികൾ രണ്ടുപേരെ തൽസ്ഥാനത്തേക്കു നിർദ്ദേശിച്ചു. എന്നാൽ ആബട്ടുസ്ഥാനം കരസ്ഥമാക്കണമെന്നു ലാക്കുണ്ടായിരുന്ന അവരിൽ ഒരാൾ ചക്രവർത്തിയെ സ്വാധീനപ്പെടുത്താനായി അദ്ദേഹത്തിനു കുറെ പണം നൽകി. ചക്രവർത്തി പണം സ്വീകരിക്കുകയും അയാളെത്തന്നെ ആബട്ടാക്കാമെന്നു വാക്കുകൊടുക്കുകയുംചെയ്തു. എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഇരുവരിൽ ജീവിതവിശുദ്ധിയിലും സന്യാസക്രമാനുഷ്ഠാനങ്ങളിലും മുന്നേറിനില്ക്കുന്നതു മറേറയാളാണെന്നു ഗ്രഹിച്ചതോടെ ചക്രവർത്തിക്കു മനസ്സാക്ഷിക്കടിയായി. ആദ്യത്തെ സന്യാസിയോടു താൻ ചെയ്ത വാഗ്ദാനത്തിൽനിന്നു പിന്മാറാൻ എന്താണു മാർഗ്ഗമെന്നു ആലോചിക്കുവാൻ തുടങ്ങി.

ചക്രവർത്തിയുടെ വിഷമസ്ഥിതി എങ്ങനെയോ മനസ്സിലാക്കിയ അരമനവാസികളിൽ ഒരാൾ ഒരു വിദ്യ അദ്ദേഹത്തിനു ഉപദേശിച്ചുകൊടുത്തു. അയാൾ പറഞ്ഞു: "തിരുമേനീ, ഈ സന്യാസികൾ ഓരോരുത്തരും ഓരോ സൂചി എപ്പോഴും കൈവശം കൊണ്ടുനടക്കണം എന്നു ഒരു നിഷ്കൎഷയുണ്ടു്. അങ്ങു അവരുടെ തെരിഞ്ഞെടുപ്പു സംഘത്തിൽ സന്നിഹിതനാകുമ്പോൾ എന്തെങ്കിലും ഒരാവശ്യം നടിച്ചു ആദ്യത്തെ സന്യാസിയോടു ഒരു സൂചി തരാൻ ചോദിക്കണം. അയാൾ ക്രമാനുഷ്ഠാനങ്ങളിൽ വലിയ നിഷ്ഠ ഉള്ള ആളല്ലാത്തതിനാൽ സൂചി അയാളുടെ പക്കൽ ഉണ്ടായിരിക്കാൻ ഇടയില്ല. അതൊരു കൎത്തവ്യവിലോപമായി സ്ഥാപിച്ചു അപരനെ ആബട്ടായി തിരഞ്ഞെടുത്തുറപ്പിക്കാം".

ചക്രവർത്തി ഈ ഉപദേശം സ്വീകരിച്ചു്, സംഘം കൂടിയപ്പോൾ സൂചി ആവശ്യപ്പെട്ടതിൽ ആ സന്യാസിയുടെ

പക്കൽ അതുണ്ടായിരുന്നില്ല. അപ്പോൾ രണ്ടാമത്തെ ആളി നോടു ചോദിച്ചു. അദ്ദേഹം ഉടനടി അതു നൽകുകയുണ്ടായി. ചക്രവൎത്തി സംതൃപ്തനായി. "താങ്കൾ ഉത്തമനായ ഒരു സന്യാസിയാണു്. ആബട്ടുസ്ഥാനം അർഹിക്കുന്നതും താങ്കൾതന്നെ. നിങ്ങളിൽ ആദ്യത്തെ ആളിനെ ആബട്ടായി അവരോധിക്കണമെന്നായിരുന്നു ഞാൻ കരുതിയിരുന്നതു്. എങ്കിലും അദ്ദേഹം ഈ സ്ഥാനത്തിനർഹനല്ല എന്നു കൎത്തവ്യവിലോപത്താൽ ഇതാ അദ്ദേഹംതന്നെ തെളിയിച്ചിരിക്കുന്നു. നിസ്സാരകാൎയ്യങ്ങളിൽ അശ്രദ്ധനായിരിക്കുന്നവൻ വലിയ കാൎയ്യങ്ങളിൽ കൂടുതൽ അശ്രദ്ധനായിരിക്കുകയേ ഉള്ളു എന്നു അനുമാനിക്കുന്നതിൽ അപാകതയില്ല" എന്നു പറഞ്ഞു ചക്രവൎത്തി തന്റെ നടപടിയെ സാധൂകരിച്ചു. സഭാനിയമം പാലിച്ച ആൾ അങ്ങനെ സമ്മാനിതനായി. അതിൽ അനാസ്ഥ പ്രകടിപ്പിച്ച ആൾക്കോ അതിനുള്ള ശിക്ഷയും ലഭിച്ചു.

മഹാനായ ആ ചക്രവർത്തിയുടെ വിധി നീതിയുക്തവും ശ്രദ്ധാർഹവുമാണെന്നു സമ്മതിച്ചേ കഴിയൂ. ദൈവപ്രമാണങ്ങളുടെയും തിരുസ്സഭയുടെ കല്പനകളുടെയും അനുഷ്ഠാനത്തിനും പുറമെ, മൂന്നു സന്യാസവ്രതങ്ങളുടെയും, ചേൎന്നിരിക്കുന്ന സഭയുടെ ക്രമങ്ങളുടെയും അനുഷ്ഠാനംവഴിയായിട്ടത്രെ സന്യാസി പുണ്യപൂൎണ്ണതയ്ക്കായി യത്നിക്കേണ്ടതു് എന്നാണല്ലൊ കാനോൻനിയമവും അനുശാസിക്കുന്നതു്. സഭാനിയമങ്ങൾ പാലിക്കുന്നതിലുള്ള നിഷ്ഠയാണു ഒരുത്തമനായ സന്യാസിയുടെ ലക്ഷണം.

അതിനാൽ, സഭാക്രമങ്ങളുടെ അനുഷ്ഠാനം സംബന്ധിച്ചു്, അവ എന്തുകൊണ്ടു പാലിക്കപ്പെടണം, അവ ശരിയായി പാലിക്കാനുള്ള മാൎഗ്ഗങ്ങളേവ എന്നിവയെപ്പററി സ്വല്പം പരാമൎശിക്കാം.

## 1. സഭാക്രമചട്ടങ്ങൾ എന്തുകൊണ്ടുപാലിക്കപ്പെടണം?

നാം നിത്യജീവിതത്തിനു തെരിഞ്ഞെടുക്കപ്പെട്ടവരാണു് എന്നു നേരത്തെ നമുക്കുറപ്പുണ്ടായാൽ നമ്മുടെ സന്തോഷം എത്ര അതിരററതായിരിക്കും? നമ്മുടെ ജീവിതം എത്ര പരമാനന്ദപരവും, മരണം എത്ര സമാധാനപരവും ആയിരിക്കും? യഥാൎത്ഥ

ത്തിൽ നാം തെരിഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ പെട്ടു ന്നുവോ എന്നറിയുവാൻ തക്കതായ ഒരു ലക്ഷണമുണ്ടു്. അതെ ന്താണെന്നോ? സഭാചട്ടങ്ങളുടെ നിഷ്കൃഷ്ടമായ പാലനവും അനുസരണവുമാണു അതു്. നിത്യജീവിതത്തെ സംബന്ധി ച്ചിടത്തോളം സന്യാസികളുടെ ഭാവി സഭാക്രമങ്ങളുടെ അനുഷ്ഠാനത്തെ ആശ്രയിച്ചിരിക്കുന്നു എന്നു വിശുദ്ധ ഫ്റാൻ സിസ് സാലെസ് ഉറപ്പിച്ചുപറയുന്നു. പാസിയിലെ വി. മഗ്ദലേനായും ഇങ്ങനെ പറയുന്നു: "സഭാചട്ടങ്ങളുടെ അനു ഷ്ഠാനമാണ് വിശുദ്ധിയിലേക്കും നിത്യരക്ഷയിലേക്കുമുള്ള ഏററം എളുപ്പമാർഗ്ഗം".

വി. ബർണാർദിൻെറ ആശ്രമത്തിലെ ഒരു അത്മായ സഹോദരൻ മരണശയ്യയെ അവലംബിച്ചു. ആശ്രമാധിപൻ മരണാസന്നനായ ആ സഹോദരൻെറ അടുത്തിരുന്ന് ഓരോ ആശ്വാസവാക്കുകൾ പറഞ്ഞിരുന്നു. പീഡകളുടെയും യാതന കളുടെയും ഇടമായ ലോകത്തിൻനിന്നും നിത്യതത്തിലേക്കു പ്രവേശിക്കുവാനുള്ള വിനാഴിക ആസന്നമായിരിക്കുന്നതോർത്തു സന്തോഷിക്കുവാൻ അദ്ദേഹം രോഗിയെ ഉപദേശിച്ചു. ഈ ഉപദേശത്താൽ സന്തുഷ്ടനായ രോഗി ശ്രേഷ്ഠനോടായി പ റഞ്ഞു: "പിതാവേ, സന്തോഷിക്കാൻ എനിക്കു വകയുണ്ടു്. ദൈവത്തിൻെറ അനന്തമായ കാരുണ്യത്തിൽ പൂർണ്ണമായും ഞാൻ ശരണപ്പെടുന്നു. അടുത്തുതന്നെ ദൈവത്തെ അഭിമുഖ മായി ദർശിക്കാനും അങ്ങേ രാജ്യത്തിൽ പ്രവേശിക്കാനും എനിക്കു കഴിയും എന്നു എനിക്കുറപ്പുണ്ടു്". രോഗിയുടെ ദൃഢ ബോദ്ധ്യം വി. ബർണാർദിനെ സംപ്രീതനാക്കിത്തീർത്തു വെങ്കിലും, അതിരുകടന്ന ഒരു ശരണമല്ലേയിതെന്നു വിശുദ്ധൻ ശങ്കിച്ചുപോയി. അതുകൊണ്ടു അല്പമൊരു ശാസനാ രൂപത്തിൽ ആ സഹോദരനെ വിശുദ്ധൻ ഉപദേശിച്ചു: "പ്രിയ സഹോദരാ, താൻ എന്താണു പറഞ്ഞതു്? താൻ ഒരു അഗതിയായി അലഞ്ഞു വലഞ്ഞു നടന്നിരുന്നതല്ലേ? ദൈവ പരിപാലന തന്നെ ഈ ആശ്രമത്തിലേയ്ക്കു നയിച്ചു. ഇവിടെ പട്ടിണി തന്നെ അലട്ടിയിട്ടില്ല. താൻ സുഖമായി ജീവിച്ചു. അതിനു ദൈവത്തോടു നന്ദി പ്രകാശിപ്പിക്കേണ്ടതിനു പകരം ദൈവ രാജ്യം ഒരു അവകാശമെന്ന നിലയിൽ ആവശ്യപ്പെടുകയാ ണോ വേണ്ടതു്?"

വിശുദ്ധന്റെ ശാസന രോഗിയുടെ ആത്മാർത്ഥതയെ സ്പർശിച്ചതേയില്ല. മറുപടിയായി അയാൾ പറഞ്ഞു: "പ്രിയ പിതാവേ, അങ്ങു പറഞ്ഞതു തീർത്തും പരമാർത്ഥമാണ്. പക്ഷേ ഒന്നു ഞാനോർക്കുന്നു. അങ്ങു പലപ്പോഴും പറഞ്ഞിട്ടില്ലേ, സമ്പത്തോ ആഭിജാത്യമോകൊണ്ടല്ല കീഴ്‌വഴക്കംകൊണ്ടാണ് സ്വർഗ്ഗരാജ്യം സ്വായത്തമാകുന്നതു എന്ന്? അങ്ങു പലപ്പോഴും ആവർത്തിച്ചിട്ടുള്ള ആ ഉപദേശം ഞാൻ എന്റെ ഹൃദയത്തിൽ മായാത്തവിധം രേഖപ്പെടുത്തി. എന്നോടു ആജ്ഞാപിക്കാൻ അധികാരമുള്ള ആരെയും ഞാൻ അനാദരിച്ചിട്ടില്ല. അതു ശരിയെന്നു ഈ ആശ്രമത്തിലുള്ള ഏവരും സാക്ഷിക്കും. ദൈവത്തിന്റെ നാമത്തിൽ അങ്ങു വാഗ്ദാനം ചെയ്തു എനിക്കു തീർച്ചയായും ലഭിക്കുമെന്ന് എന്തുകൊണ്ടു എനിക്കു പ്രതീക്ഷിച്ചുകൂടാ?" ആ സഹോദരന്റെ ആത്മാർത്ഥതയിലും ഹൃദയശുദ്ധിയിലുംനിന്നു പൊട്ടിപ്പുറപ്പെട്ട ഈ മറുപടി വി. ബർണ്ണാർദിനെ സ്തബ്ധനാക്കി. ക്രമാനുഷ്ഠാനം സന്യാസികൾക്കു നിത്യരക്ഷയുടെ അച്ചാരമാണെന്നു കാണിക്കുവാനായി ഈ സഹോദരന്റെ പ്രസ്താവിതവാക്കുകൾ ആവർത്തിച്ചുകൊണ്ട് വിശുദ്ധൻ പിന്നീടു പലപ്പോഴും തന്റെ സഹസന്യാസികളെ ഉപദേശിച്ചിരുന്നു.

ക്രമാനുഷ്ഠാനത്തിൽ തീക്ഷ്ണമതികളുടെ അവസ്ഥ ഇതാണെങ്കിൽ അതിൽ അലസരായവരുടെ സ്ഥിതി കഷ്ടാൽ കഷ്ടതരമത്രെ. അത്തരം സന്യാസിമാരുടെ ഗതി ആപൽക്കരമാണ്. പാപത്തിൻകീഴ് അനുസരിക്കാൻ കടപ്പെടുത്തീട്ടുള്ളവയല്ല സഭാക്രമചട്ടങ്ങൾ എന്ന ന്യായം പറഞ്ഞുകൊണ്ട് അവയെ നിസ്സാരമായി ഗണിച്ചു ലംഘിച്ച് ശീലിച്ചാൽ അതു നമ്മുടെ ഭക്തിതീക്ഷ്ണതയെ കെടുത്തി നമ്മിൽ ഒരു മാന്ദ്യം ഉളവാക്കും. ഈ മാന്ദ്യമാകട്ടെ ഗൌരവമർഹിക്കുന്ന ലംഘനങ്ങളുടെ മുന്നോടിയാണെന്നു ധരിക്കണം. ഇതു ആത്മീയമായ അന്ധതയിലേക്ക് വഴിതെളിക്കും; അനുതാപവും പശ്ചാത്താപബോധവും ഇല്ലാതാക്കും. അന്തിമമായി നിത്യനാശത്തിനുതന്നെയും ഇടയാക്കിയേക്കും. നീതിവിധിയുടെ ദിവസം, സഭാക്രമലംഘനത്തിനുവേണ്ടി ശതക്കണക്കിനു സന്യാസികൾ നിത്യനരകാഗ്നിക്കു വിധിക്കപ്പെട്ട് ദിവ്യവിധിയാളന്റെ ഇടത്തുഭാഗത്തു നില്ക്കുന്നതായി കാണാനും ഇടയാ

യേക്കം. ക്രമലംഘനം കേവലം നിസ്സാരമായ ഒന്നായി തള്ളി ക്കളയുന്ന സന്യാസികൾ വളരെയുണ്ട്. നിസ്സാരമായ ഒന്നാണി തെന്നു കാണിക്കാൻവേണ്ടി അവർ പല ഒഴിവുകൾ പറയാറു മുണ്ട്. അവയിൽ ഓരോന്നും എത്ര ബലഹീനമാണെന്നു ഇവിടെ ചൂണ്ടിക്കാണിക്കുന്നതു അവസരോചിതമായിരിക്കുമെന്നു ക രുതുന്നു.

a. 'ഞാൻ ലംഘിക്കുന്നതു കേവലം നിസ്സാരമായ ചട്ട ങ്ങൾ മാത്രമാണു്; സന്യാസജീവിതത്തിന്റെ പുരോഗതിയിൽ അതിനു കാര്യമായ പങ്കില്ല'.

ഇങ്ങനെ സമാശ്വസിക്കുന്നവർ ഒരു കാര്യം അറിഞ്ഞി രിക്കണം. ചട്ടങ്ങളൊന്നും നിസ്സാരമായതല്ല. ഓരോ ചട്ടവും പൂർണ്ണതയിലേക്കുള്ള ഓരോ മാർഗ്ഗമായി സഭ അംഗീകരിച്ചി ട്ടുള്ളതാണു്. ഇവ പലപ്പോഴും ലംഘിക്കുന്നതുകൊണ്ടു ശിക്ഷ ണത്തിനു ഉടവുതട്ടി സമൂഹത്തിൽ അവ്യവസ്ഥിതി ഉളവാകും. വി. അല്ലോൻസ്സ് ലിഗോരി പറയുന്നതു ശ്രദ്ധിച്ചാലും. "നി സ്സാരകാര്യങ്ങൾക്കൂടെയും നിഷ്ഠയോടെ പാലിക്കുകയും ദീക്ഷി ക്കുകയും ചെയ്യുന്ന സന്യാസഭവനങ്ങളിൽ തീക്ഷ്ണത പുല രുന്നു എന്നതു തീർച്ചയാണു്. നിസ്സാരകാര്യങ്ങളിലാണെങ്കിലും ചട്ടങ്ങൾ ശരിക്കു പാലിക്കാത്ത സന്യാസഭവനങ്ങളിലെ സ ന്യാസാരൂപി നഷ്ടപ്പെട്ടുകഴിഞ്ഞിട്ടില്ലെങ്കിൽ ക്രമേണ അങ്ങനെ സംഭവിക്കും, സംശയമില്ല". നേപ്പിൾസിൽ ഒരു ജസ്യൂറ്റ് ഭവനത്തിന്റെ ശ്രേഷ്ഠനായിരുന്ന ഫാദർ ഒവിയേദോ, നിസ്സാ രമായ സഭാചട്ടങ്ങൾ കൂടെയും വളരെ കണിശമായി പാലി ക്കണമെന്നു നിഷ്ക്കർഷിച്ചിരുന്ന ഒരു സന്യാസിയായിരുന്നു. എന്നാൽ കേവലം നിസ്സാരമായ ലംഘനങ്ങൾക്കു കീഴിലുള്ള സന്യാസികളെ അലോഹ്യപ്പെടുത്തുന്നതു വിഹിതമല്ലെന്നു കരുതി അദ്ദേഹത്തിന്റെ നയത്തോടു ഫാദർ ബൊബദില്ലാ വിയോജിച്ചു. ഈ ദാക്ഷിണ്യബുദ്ധിയുടെ ഫലമായി അവിട ത്തെ ശിക്ഷണക്രമത്തിൽ അയവു വരുത്തുവാൻ ഇടയായി. ഇതിന്റെ പരിണാമമെ? അവിടത്തെ സന്യാസികളിൽ ചി ലരുടെ ഭക്തിതീക്ഷ്ണത മങ്ങുകയും നിസ്സാരമായതു മാത്രമല്ല സാരമായ ചട്ടങ്ങൾപോലും അവർ ലംഘിച്ചു് ഒടുവിൽ സന്യാ സജീവിതത്തിൽനിന്നു വിരമിക്കുകയാണുണ്ടായതു്. താമസിച്ചു മാത്രം ഇതറിയാനിടയായ വി. ഇഗ്നേഷ്യസ്സ് സഭാചട്ടങ്ങൾ

ഓരോന്നും പരമാവധി പാലിക്കുവാൻ കശ്ശനമായ ആജ്ഞ നൽകി. തൽഫലമായി അവിടെ ശരിയായ ശിക്ഷണം പുനഃസ്ഥാപിക്കപ്പെട്ടു.

ലഘുനിയമങ്ങൾ ക്രമേണ ലഘുവായി ലംഘിച്ചുതുടങ്ങുന്ന സന്യാസികളിൽനിന്നും ദൈവം തൻെറ കൃപാവരം ക്രമേണ പിൻവലിക്കും എന്നതു് അനിഷേധ്യമായ ഒരു വസ്തുതയാണു്. ഇതോടുകൂടി ആദ്ധ്യാത്മികാഭ്യാസങ്ങളായ പ്രാൎത്ഥന, ജ്ഞാനവായന കൂദാശകളുടെ സ്വീകരണം ആദിയായവയിൽ അവരുടെ തീക്ഷ്ണത കുറയുന്നതിനും അവയിൽനിന്നു ലഭിക്കേണ്ട പ്രയോജനം സിദ്ധിക്കാതിരിക്കുന്നതിനും ഇടയാകും. അങ്ങോട്ടു എങ്ങനെയോ അങ്ങനെതന്നെ ദൈവം നമ്മോടും അനുവൎത്തിക്കും. അളക്കുന്ന അളവാൽ തിരിച്ചളക്കപ്പെടും. സങ്കീൎത്തകൻ പറയുന്നു. "പരിശുദ്ധന്മാരോടുകൂടി ഓ! ദൈവമേ അങ്ങു പരിശുദ്ധനായിരിക്കും; നിഷ്കളങ്കരോടുകൂടി അങ്ങു നിഷ്കളങ്കനായിരിക്കും; തെരിഞ്ഞെടുക്കപ്പെട്ടവരോടുകൂടി അങ്ങു തെരിഞ്ഞെടുക്കപ്പെട്ടവനുമായിരിക്കും". നിസ്സാരമായ ക്രമലംഘനങ്ങൾപോലും പിശാചു രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നീതിവിധിയുടെ ദിവസം നമ്മുടെ പേരിൽ കുററാരോപണത്തിനു അവൻ ഈ രേഖ ഹാജരാക്കും. വി. അല്ഫോൻസ് ലിഗോരി ഇതെപ്പററി പറയുന്നതു ശ്രദ്ധിച്ചാലും "നിരോധിക്കപ്പെട്ട സ്ഥാനത്തും സമയത്തും ഉച്ചരിക്കുന്ന ഓരോ വാക്കും പിശാചു കുറിച്ചുവെയ്ക്കും. നിരോധിക്കപ്പെട്ട ഓരോ നോട്ടവും അവൻ രേഖപ്പെടുത്തും. അശ്രദ്ധനായ സന്യാസി ഇവ ഓരോന്നുംവഴി സ്വയം തെററിൽ പതിക്കുകയാണു്". "നിസ്സാരചട്ടങ്ങൾ മാത്രമേ ഞാൻ ലംഘിക്കുന്നുള്ളു. അവ അത്ര കാൎയ്യമായതൊന്നുമല്ല" എന്നുള്ള ഒഴിവുകഴിവു എത്ര കഴമ്പില്ലാത്തതാണെന്നു നോക്കുക.

b. "ഞാൻ ലംഘിക്കുന്ന ക്രമചട്ടങ്ങളൊന്നും പാപത്തിൻകീഴ് വിലക്കപ്പെട്ടിട്ടുള്ളതല്ല".

സാധാരണ പറയാറുള്ള മറെറാരു ഒഴിവാണിതു്. ആദ്യത്തേതിനോടൊപ്പം അടിസ്ഥാനരഹിതമായ ഒന്നാണിതു്. ലംഘിക്കപ്പെടുന്ന ഒരു നിബന്ധന പാപത്തിൻകീഴ് നിരോധിച്ചിട്ടുള്ളതല്ല എന്നു സമ്മതിക്കാം. എന്നാൽ മതിയായ കാരണംകൂടാതെ നിസ്സാരമായ നിബന്ധനകൾതന്നെയും ലംഘിച്ചാൽ അതൊരു

പാപദോഷമെങ്കിലും ആകാതിരിക്കയില്ലെന്നാണ് വേദശാസ്ത്രജ്ഞന്മാരെല്ലാം അഭിപ്രായപ്പെടുന്നതു്. അതിനു കാരണവും ഉണ്ടു്: 1. പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു ശ്രമിക്കാൻ കടപ്പെട്ടവരാണു സന്യാസികൾ. അതിലേയ്ക്കുള്ള ഒരു മുഖ്യ മാർഗ്ഗമാണു് ക്രമചട്ടങ്ങൾ. അതിനാൽ അതിനെ ലംഘിക്കുന്ന സന്യാസികൾ ക്രമവിരുദ്ധമായിട്ടത്രെ പ്രവർത്തിക്കുന്നതു്. 2. ക്രമങ്ങൾ പാലിച്ചുകൊള്ളാമെന്നു് ദൈവത്തോടു പ്രതിജ്ഞ നടത്തീട്ടുള്ളവരാണു സന്യാസികൾ. തന്നിമിത്തം അവരുടെ ക്രമലംഘനം ഈ പ്രതിജ്ഞയുടെയും ലംഘനമാണു്. 3. ഈ ക്രമലംഘനം ഒരു ദുർമാതൃകയാണു്. സമൂഹജീവിതത്തിലെ ക്രമത്തിനും ശിക്ഷണജീവിതത്തിനും ഇതുമൂലം ഒരു ഉലച്ചിലുണ്ടാകുന്നു. 4. ഓരോ ക്രമലംഘനവും ദൈവഹിതത്തിൻെറയും ലംഘനമാണു്. കാരണം ദൈവഹിതത്തെ ലംഘിച്ചുകൊണ്ടു സ്വന്തഹിതത്തിനും സ്വയസ്നേഹത്തിനും അടിപ്പെടുകയാണു ഓരോ ലംഘനവുംവഴി സന്യാസി ചെയ്യുന്നതു്.

ഇങ്ങനെയെല്ലാമാണെങ്കിലും ഇതു ചാവുദോഷമല്ലല്ലൊ എന്നു പറഞ്ഞുകൊണ്ടു് സമാശ്വസിക്കുന്നവരും ഉണ്ടാകാം. അവരോടു പറയുവാനുള്ളതു് അവരുടെ സ്ഥിതി വളരെ ആപല്ക്കരമാണെന്നു മാത്രമാണു്. അവർ ആത്മീയമൃത്യു പ്രാപിച്ചുകഴിഞ്ഞു, ഇല്ലെങ്കിൽ അടുത്തുതന്നെ മൃത്യു അടയും എന്നുള്ള നിലയിൽ എത്തിയിരിക്കുന്നു. ഇത്തരം നിർഭാഗ്യർ വിനാശകരമായ രോഗത്തിനധീനരാണു്. അചിരേണ അതു മരണത്തിൽ കലാശിക്കുന്നതത്രെ എന്നെല്ലാമാണു വി. അല്ലോൻസ് ലിഗോരി അഭിപ്രായപ്പെടുന്നതു്.

c. ഞാൻ സന്യാസത്തിൽ ചേന്നിട്ടു വളരെ നാളായി. ക്രമപാലനത്തിൽ ഞാൻ ഇനി അത്രയേറെ നിഷ്ഠ കാണിക്കണമെന്നില്ല''.

ഇങ്ങനെയും ചില സന്യാസികൾ വിചാരിക്കുന്നു. എത്ര വലിയ ഭോഷത്വമാണിതു്? ക്രൈസ്തവർ പൊതുവിലും, സന്യസ്തർ പ്രത്യേകിച്ചും പുണ്യപൂർണ്ണതയിലെത്തിച്ചേരാൻ ബാദ്ധ്യസ്ഥരല്ലേ? നമ്മുടെ കത്താവു അതല്ലേ പ്രകടമായി നമ്മോടു ആവശ്യപ്പെട്ടിരിക്കുന്നതു്? ''സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരാകുവിൻ'' (മത്തായി v. 48) എന്ന തിരുവാ

കൃത്താൽ അവിടുന്നു ഇതല്ലേ പ്രകടമായി നമ്മോടാവശ്യപ്പെടുന്നതു്? പ്രായം കൂടുന്തോറും സന്യാസികൾ നിയമാനുഷ്ഠാനത്തിൽ അശ്രദ്ധരാകുന്നതു്, പ്രായക്കൂടുതൽ സന്യാസനിയമങ്ങളുടെ ലംഘനത്തിനുള്ള ഒരു ലൈസൻസായി ഗണിക്കുന്നതു്, പുണ്യപൂർണ്ണതയിലെത്താനുള്ള അഭിലാഷ ലക്ഷണമാണോ? ഇതിനു പുണ്യാഭിവൃദ്ധി എന്നതിനു പകരം പുണ്യാധോഗതിയെന്നല്ലേ പറയേണ്ടതു്? ഇതു മന്ദോഷ്ണതയിലേക്കല്ലേ വഴി തെളിക്കുക? യുവസന്യാസികൾക്കുണ്ടാകുന്ന ദുർമാതൃകയാണു ഇതിലും ശോചനീയം. വി. അല്ഫോൻസ്സ് ലിഗോരി പറയുന്നതുപോലെ "സന്യാസസമൂഹത്തിനാകെ പ്രകാശം നൽകുന്ന ദീപങ്ങളാണു് വൃദ്ധ സന്യാസികൾ". ശിക്ഷണം പുലർത്തേണ്ട തൂണുകളാണു് അവർ. അവരാണു് യുവസന്യാസികൾക്കു മാതൃകകളായി അവരെ ആകർഷിക്കേണ്ടതു്. പ്രായംചെന്നവർ സന്യാസനിയമങ്ങളെ കാര്യമായി ഗണിക്കുന്നില്ലെന്നു കണ്ടാൽ യുവസഹോദരങ്ങൾ നിയമങ്ങളെ അത്രയുംകൂടെ ഗൌനിച്ചില്ലെന്നും പാലിച്ചില്ലെന്നും വരും, നിശ്ചയം. സന്യാസഭവനങ്ങളുടെ അധഃപതനത്തിനു കാരണം യുവസന്യാസികളെക്കാൾ പ്രായംകൂടിയവരാണു്. അവരുടെ ദുർമാതൃകയാണു നിയമപാലനത്തിൽ അശ്രദ്ധരും അലസരുമാകാൻ യുവസന്യാസികൾക്കു് പ്രേരകമാകുന്നതു്. സന്യസ്തജീവിതത്തിൽ കൂടുതൽ പഴക്കമുള്ളവരിൽ നിയമപാലനനിഷ്ക്കർഷ കൂടുതലാണു കാണേണ്ടതു്. അവരുടെ സ്വന്തം പുരോഗതിക്കും ഇതാവശ്യമാണു്. ദീർഘജീവിതത്തിനിടയിൽ ദൈവത്തിൽനിന്നു പ്രാപിച്ച അനുഗ്രഹങ്ങൾക്കു ഒരു പ്രതിനന്ദിയെന്ന നിലയിൽ ഇങ്ങനെ ചെയ്യാൻ അവർ കടപ്പെട്ടവരുമാണു്. സഹസന്യാസികളിൽ, പ്രത്യേകിച്ചും ചെറുപ്പക്കാരിൽ, തീക്ഷ്ണത ഉളവാക്കാനും ഉത്തേജിപ്പിക്കാനും അങ്ങനെ ദൈവസേവനത്തിൽ അവരെ തീക്ഷ്ണമതികളാക്കാനും ഈ മാതൃക ആവശ്യമാണു്.

d. "അധികാരികൾക്കു് അസൌകര്യങ്ങൾക്കിടയാകാതിരിക്കട്ടെ എന്നു കരുതിയാണു് നിയമം അനുശാസിക്കുന്ന വിധം എപ്പോഴും ഒഴിവു ചോദിക്കാൻ ഞാൻ പോകാതിരിക്കുന്നതു്".

ഹാ, എത്ര അടിസ്ഥാനമില്ലാത്ത ഒരു ഒഴികഴിവാണിതു്? ആവശ്യം പ്രമാണിച്ചു ഒഴികഴിവുകൾ ആവശ്യപ്പെ

ടുന്നതു അധികാരികൾക്കു ഒരു അലട്ടലല്ല. നേരെമറിച്ചു അവരെ അങ്ങനെ സമീപിക്കുന്നതിൽ അവർ കൂടുതൽ സംതൃപ്തരാവുകയേ ഉള്ളു. അതു് അവർക്കു അഭിമാനകരവുമായിരിക്കും. നിയമം നിരോധിക്കുന്ന ഒന്നു ചെയ്യുന്നതിനു നിയമാനുസാരമായ ഒരു അനുമതിക്കു സഹസന്യാസികൾ തങ്ങളെ സമീപിക്കുന്നതു് എങ്ങനെയാണു് അധികാരസ്ഥർക്കു ഈർഷ്യയായിത്തീരുക? ആകയാൽ നിയമം ആവശ്യപ്പെടുന്നതിനെല്ലാം അവരുടെ അനുമതി നേടുകതന്നെ വേണം. അതു നിഷേധിക്കപ്പെടുകയാണെങ്കിൽ കോപിക്കരുതു്. അവരുടെ തീരുമാനത്തിനു സസന്തോഷം സമ്പൂർണ്ണമായി വിധേയരാവുക.

ഒരു കപ്പലിൽ യാത്രചെയ്യുന്നവരെല്ലാം അവരുടെ കർത്തവ്യം യഥാവിധി നിർവ്വഹിച്ചുകാണുവാൻ കപ്പിത്താനു ഉൽക്കണ്ഠയുണ്ടു്. ആ ഉൽക്കണ്ഠയുടെപേരിൽ യാത്രക്കാർ കപ്പിത്താനോടു കൃതജ്ഞരുമായിരിക്കും. അതിനു കാരണവുമുണ്ടു്. കപ്പലിലുള്ളവർ ശിക്ഷണബോധത്തോടെ വർത്തിക്കാതിരുന്നാൽ യാത്രക്കാരെല്ലാം അപകടത്തിൽപ്പെട്ടു എന്നുവരാം. നിയമം എന്നു പറയുന്നതു ഒരു ഭാരമാണു്. അതു സമ്മതിക്കാം. പക്ഷേ ആ ഭാരംവഴിയാണു് ദൈവത്തിലേയ്ക്കു നാം ഉയരുന്നതെന്നും അനുസ്മരിക്കേണ്ടതുണ്ടു്. വി. ആഗസ്തീനോസ് പറയുന്നു: "പരിശുദ്ധമായ നിയമശൃംഖലയാൽ ദൈവം നിങ്ങളെ ബന്ധിക്കുന്നില്ലെങ്കിൽ നിത്യമഹിമയാകുന്ന സുവർണ്ണശൃംഖല നിങ്ങൾക്കു താൻ നൽകുകയില്ല".

ഹാ! നിയമലംഘനത്തെ സാധൂകരിക്കാൻ സാധാരണ പൊക്കിക്കാണിക്കുന്ന ചില ഒഴിവുകളാണിവിടെ വിവരിച്ചതു്. അവ ഓരോന്നും അർത്ഥശൂന്യവും അടിസ്ഥാനരഹിതവുമാണെന്നു് സംക്ഷിപ്തമായിട്ടെങ്കിലും നാം കണ്ടു. സന്യാസാരൂപി നഷ്ടപ്പെട്ടവർ അല്ലെങ്കിൽ നഷ്ടപ്പെടാറായവരാണു ഈവക ഉപായങ്ങളെ ആശ്രയിക്കുന്നതെന്നു സ്പഷ്ടമാണു്. ഇത്തരം ഒഴികഴിവുകളും ഉപായങ്ങളും നമ്മിൽനിന്നും ഒരിക്കലും ഉണ്ടാകാതിരിക്കട്ടെ.

## 2. സഭാക്രമചട്ടങ്ങൾ ശരിയായി പാലിക്കാനുള്ള മാർഗ്ഗങ്ങൾ ഏവ?

ആദ്ധ്യാത്മികഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നും പ്രത്യേകിച്ചു വി. അല്ഫോൻസ് ലിഗോരിയുടെ ഗ്രന്ഥങ്ങളിൽനിന്നു സമാഹരിച്ചു, മേല്പറഞ്ഞ ഉപാധികളെപ്പററി വളരെ സംക്ഷിപ്തമായി ഇവിടെ പറയാം.

1. സഭാനിയമങ്ങൾ സ്മൃതിപഥത്തിൽ ദൃഢമൂലമാകുന്നതിനു അവ കൂടെക്കൂടെ, അഥവാ മാസത്തിലൊരിക്കൽ തീരെ ചുരുങ്ങിയാൽ വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും വായിക്കുക.

ക്രമചട്ടങ്ങളുടെ വായനയോടുകൂടി നിയമാനുഷ്ഠാനത്തിൽ സ്വന്ത നില എന്താണെന്നും പുരോഗതി എത്രമാത്രമാണെന്നും പരിശോധിക്കുക. ഇങ്ങനെ ഒരു സ്വയ പരിശോധനക്കിടയാകുന്ന ഈ നിയമപാരായണം വളരെ നല്ലതാണ്. ഈ പരിശോധനയിൽ തെററുകൾ സംഭവിച്ചിട്ടുണ്ടെന്നും നിയമലംഘനങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ബോദ്ധ്യമായാൽ ദൈവസന്നിധിയിൽ സ്വയം എളിമപ്പെടുക. മേലിൽ അതാവർത്തിക്കുകയില്ലെന്നു ദൃഢപ്രതിജ്ഞ ചെയ്യുക.

2. അനുദിനമുള്ള ആത്മശോധനയിൽ, പ്രത്യേകിച്ചു പാപസങ്കീർത്തനത്തിനു ഒരുങ്ങുമ്പോൾ, സഭാനിയമങ്ങൾ കൃത്യമായി അനുസരിച്ചിട്ടുണ്ടോ എന്നു തന്നോടുതന്നെ ചോദിക്കുക.

നിയമങ്ങൾ ലംഘിച്ചുപോയിട്ടുണ്ടെന്നു ബോദ്ധ്യമായാൽ മനസ്തപിക്കുക. മേലിൽ അതു ആവർത്തിക്കുകയില്ലെന്നു പ്രതിജ്ഞയും ചെയ്യുക. ശ്രേഷ്ഠന്മാരുടെ മുമ്പാകെ സ്വന്തം താഴ്ചവീഴ്ചകൾ എളിമയോടെ ഏററു പറയുക. ഏററുപറഞ്ഞു ഒരു പ്രായശ്ചിത്തം ചോദിച്ചു വാങ്ങിക്കുവാനും ലജ്ജിക്കരുതു്. വിനയാതിരേകം കാണിക്കുവാൻ ചിലർ ശ്രേഷ്ഠന്മാരുടെ മുമ്പാകെ സ്വയം കുററപ്പെടുത്താറുണ്ടു്. നിയമങ്ങൾ പാലിക്കുന്നതിൽ വലിയ നിഷ്ഠയുണ്ടെന്നു കാണിക്കുവാൻ ചിലർ ഇങ്ങനെ ചെയ്യും. എന്നാൽ ഒരു പ്രായശ്ചിത്തം സ്വീകരിക്കുവാനോ ഒരു ശാസനയ്ക്കു വിധേയരാകാനോ അവർ മടിക്കും. നമ്മുടെ ഏററുപറച്ചിൽ ഇത്തരത്തിലുള്ളതായിരിക്കരുതു്. സന്യാസികൾ സ്വന്തം

കുറവുകളും കുററങ്ങളും സ്വയം വെളിപ്പെടുത്തി പശ്ചാത്തപി ച്ചു പ്രതിജ്ഞ നിർവ്വഹിക്കുന്നതോടെ തൻെറ നേട്ടങ്ങളെല്ലാം നഷ്ടപ്പെട്ടതായി ഒരിക്കൽ ഒരു പിശാചു് വി. ഡൊമിനിക്കി നോടു ഏററു പറയുകയുണ്ടായി. ആത്മാർത്ഥമായും അനുതാപ പൂർവ്വവും കുററസമ്മതം നടത്തുന്നതുമൂലം സന്ന്യാസികൾക്കുണ്ടാ കുന്ന നേട്ടത്തിനും ശത്രുവായ പിശാചിനു വന്നുഭവിക്കുന്ന നഷ്ട ത്തിനും ഒരുത്തമോദാഹരണമാണല്ലൊ ഇതു്.

3. സന്ന്യസ്തജീവിതത്തിൽ കാലുകുത്തിയതേ ഉള്ളു എന്നു ജീവിതകാലത്തിലെ ഓരോ ദിവസവും വിചാരിക്കുക.

ഒരുസ്ഥാനത്തു പ്രവേശിക്കുന്ന ആൾ, ആരംഭത്തിൽ വ ലിയ കൃത്യനിഷ്ഠ കാണിക്കുക സാധാരണമാണു്. നൊവിസ്യാ ത്തിൻെറ ഘട്ടത്തിൽ പുതുസന്ന്യാസികൾ കൃത്യനിർവ്വഹണത്തിലും സുകൃതാഭ്യാസങ്ങളിലും അങ്ങേ അററത്തെ നിഷ്ഠയും ആത്മാർത്ഥ തയും പ്രകടിപ്പിക്കും. കുറെ കഴിയുമ്പോൾ ആദ്യകാലത്തെ തീക്ഷ്ണത മങ്ങിത്തുടങ്ങും. ഒടുവിൽ ഒന്നിലും വലിയ നിഷ്ഠയി ല്ലെന്നും വരാം. ഇതു ഒരു അപൂർവ്വാനുഭവമല്ല. ഇതേ തീക്ഷ്ണത യോടും-ആത്മാർത്ഥതയോടും പ്രതിജ്ഞകളോടുംകൂടി സന്ന്യാസ ജീവിതത്തിൽ പ്രവേശിക്കുന്നവരാണു് സന്ന്യാസികൾ ഏവരും. ആദ്യകാലത്തെ ആ ഉത്സാഹവും സന്നദ്ധതയും തീക്ഷ്ണതയും നഷ്ടപ്പെടുത്താതെ പുലർത്തുന്നതിനു ഒരുപായം ഇവിടെ നിർദ്ദേ ശിക്കാം. ഓരോ ദിവസവും പ്രഭാതത്തിൽ ഇങ്ങനെ ഒരു പ്രതിജ്ഞ ചെയ്യുക: "ഞാൻ സഭയിൽ പ്രവേശിച്ച ദിവസ ത്തേതുപോലുള്ള തീക്ഷ്ണതയോടെ ഇന്നത്തെ ദിവസം ഞാൻ കഴിക്കും. കർത്താവേ, അങ്ങേ അനുഗ്രഹത്തോടുകൂടെ എല്ലാ ക്രമചട്ടങ്ങളെയും ഇന്നു ഞാൻ കൃത്യമായി പാലിക്കുന്നുണ്ടു്". ഇങ്ങനെ നാം ചെയ്യുമെങ്കിൽ എല്ലാ കർത്തവ്യങ്ങളും സൂത്യമാ യും കൃത്യമായും നിർവ്വഹിക്കുന്നതിനു നമുക്കു സാധിക്കും.

4. "ഇന്നത്തെ ദിവസം എൻെറ ആയുസ്സിലെ അ വസാനത്തേതാണു്. ഇന്നു രാത്രി ഞാൻ മരിക്കുന്നതാണു്" എന്നു ചിന്തിക്കുന്നതാണു് വേറൊരു മാർഗ്ഗം.

ഇന്നു മരിക്കാനിരിക്കുന്നു എന്നു കാലേക്കൂട്ടി അറിയാനി ടയായാൽ ശേഷിക്കുന്ന ആ ഒരു ദിവസം എത്രയും ഭക്തിപര മായി ചെലവഴിക്കാൻ സന്നദ്ധരാകാത്ത ഭോഷന്മാർ ആരെ ങ്കിലും ഉണ്ടാകുമൊ? ഇന്നു അസ്തമിച്ചു കഴിയുമ്പോൾ ആയുഷ്കാ

ലത്തെ നിരൂപണ വചനം ഉൾപ്പെടെ സകല പ്രവൃത്തികൾക്കും, കൃത്യമായ കണക്കു ബോധിപ്പിക്കുവാൻ കർത്താവിൻെറ സന്നിധിയിൽ ഞാൻ ആനീതനാകും. എൻെറ രക്ഷയും ശിക്ഷയും ആ കണക്കിനെ ആശ്രയിച്ചിരിക്കുന്നു. എന്നെല്ലാം സ്വയം ഉറപ്പിച്ചുപറയാൻ കഴിയും എന്നു വന്നാൽ അന്നത്തെ ദിവസം പാപത്തിൽനിന്നു ദൂരെ അകലുവാൻ ശ്രമിക്കാത്ത ആരെങ്കിലും ഉണ്ടാകുമോ? അതുകൊണ്ടു ആയുസ്സിലെ ഓരോ ദിവസവും അന്തിമദിനമായി എണ്ണുക. ആ നിലയിൽ ആ ദിവസം ചെലവഴിക്കും എന്ന് പ്രഭാതത്തിൽ പ്രതിജ്ഞ ചെയ്യുക. ഇതു ചെയ്താൽ അന്നത്തെ ദിവസം കൃത്യമായി ആചരിക്കും, ക്രമചട്ടങ്ങൾ നിഷ്ക്കർഷയോടെ പാലിക്കും, അന്ത്യദിവസം ഒരിക്കൽ സമാഗതമാകുമ്പോൾ വലിയ സമാശ്വാസവും ഹൃദയശാന്തിയും അനുഭവപ്പെടും. വിധിയാളനായ കർത്താവിൻെറ സന്നിധിയിൽ ഭയംകൂടാതെ നില്ക്കാറാകും. സഭാനിയമങ്ങൾ ആത്മാർത്ഥതയോടെ കൃത്യമായി പാലിക്കുന്ന സന്യാസിക്കു നമ്മുടെ ദിവ്യനാഥൻ ഒരു വിധിയാളനായിരിക്കയില്ല. പ്രത്യുത, കരുണനിറഞ്ഞ ഒരു മിത്രമായിരിക്കുന്നതാണ്.

5. ലോകത്തിൽ ജീവിക്കുന്നവർ അവരുടെ ജീവിതാന്തസ്സിൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ പാലിക്കേണ്ടിവരുന്ന നിയമങ്ങളെപ്പററി ഓർമ്മിക്കുന്നതാണ് മറെറാരു മാർഗ്ഗം.

ലോകജീവിതക്കാർ അനുസരിക്കയും പാലിക്കയും ചെയ്യേണ്ട നിയമങ്ങൾ പലപ്പോഴും ഒരു സഭയുടെ നിയമങ്ങളെക്കാൾ ക്ലേശപൂർണ്ണങ്ങളാണെന്നു നാം ധരിക്കണം. കഷ്ടിച്ചു അഷ്ടിക്കുള്ള വകനേടാൻ അവരിൽ എത്ര എത്ര കുടുംബനാഥന്മാർ വെയിലേററും മഴകൊണ്ടും അന്തിനേരംവരെ എല്ലുമുറിയെ അദ്ധ്വാനിക്കേണ്ടിവരുന്നുണ്ടെന്നു നാം ചിന്തിക്കാറുണ്ടോ? ഇത്ര ക്ലേശകരമായ ഒരു നിയമം ഏതു സന്യാസസഭയിലാണുള്ളത്? കുട്ടികളുള്ള തള്ളമാർക്കു അവരിൽനിന്നു നേരിടുന്ന ക്ലേശങ്ങൾ, അലട്ടലുകൾ എത്രമാത്രമാണെന്നു അറിയുന്നുണ്ടോ? രാവും പകലും ഈ ക്ലേശങ്ങൾ സഹിക്കേണ്ടവരുമുണ്ട്. അദ്ധ്വാനിച്ചു അവശയായി വരുന്ന ഒരു മാതാവു വല്ലതും ആഹരിക്കുവാനിരിക്കുമ്പോളായിരിക്കും കുട്ടി കരയുക. ഊണ് ഉപേക്ഷിച്ചു കുട്ടിയെ

ആശ്വസിപ്പിക്കാൻ അവൾ ഉടനെ പോകണം. അവൾ പ്രാർത്ഥനയ്ക്കായി ഒരുങ്ങിവരുമ്പോഴായിരിക്കും ഒരു കുഞ്ഞു കലശൽ കൂട്ടുന്നതു്. ഉടനെ അതിനെ എടുത്തുകൊണ്ടുപോകണം. "ആകാശങ്ങളിലിരിക്കുന്ന" എന്ന ജപം ഒരു പ്രാവശ്യംപോലും ചൊല്ലുവാൻ ചിലപ്പോൾ അവൾക്കു അവസരം ഉണ്ടായില്ലെന്നു വരും. ആണ്ടുവട്ടത്തിൽ 365 ദിവസങ്ങളും അത്രയും രാത്രികളുമുള്ളതിൽ കുട്ടികളുടെ അലട്ടലുകളുണ്ടാകാതെ സുഖമായി ഒന്നു ഉറങ്ങാൻ തരപ്പെടുന്ന എത്ര രാത്രി ഒരു തള്ളക്കു കിട്ടുമെന്നു അനുഭവിച്ചുതന്നെ അറിയേണ്ട ഒന്നാണു്. ഇത്ര വലിയ ത്യാഗം വേണ്ടിവരുന്ന ഒരൊററ നിയമം ഏതെങ്കിലും ഒരു സന്യാസസഭയിലുണ്ടോ? ഇതുമാത്രമോ? സുവിശേഷത്തിൽ പറയുന്ന, നിർദ്ധനനായ ലാസറിനെക്കാൾ ദരിദ്രരായ എത്ര എത്ര പേർ ലോകത്തിലുണ്ടു്. ആർത്തരും അവശരും രോഗികളുമായവരുമുണ്ടു്. ഒരുനേരത്തെ ആഹാരത്തിനു വക കാണാതെ ക്ലേശിക്കുന്ന ഇവക്കു പേരിനു വല്ലതും ആഹരിക്കാൻ ലഭിച്ചാൽ അവർ തൃപ്തരാകും. പക്ഷേ അതും ലഭിച്ചില്ലെന്നുവരും. ഇങ്ങനെ വലയുന്നവരില്ലേ? ഇതുപോലെ ഒരു ത്യാഗവും ക്ലേശവും ഉണ്ടാക്കുന്ന ഒരു നിയമം ഏതെങ്കിലും സന്യാസസഭയിലുണ്ടോ എന്നു ആലോചിച്ചുനോക്കുക. അമ്മായർ ഇത്രയേറെ സഹിക്കുന്നെങ്കിൽ സഭാനിയമങ്ങൾ പാലിക്കുന്നതിൽ സന്യാസസഭാംഗങ്ങൾ അത്ര ഖേദിക്കാനോ ക്ലേശിക്കാനോ എന്തുണ്ടു്? നിയമം പാലിക്കുന്നതിൽനിന്നു സന്യാസികൾക്കു ലഭിക്കുന്നതെന്താണു്? നിത്യഭാഗ്യം, നിത്യമോക്ഷം.

ആകയാൽ, സഭാനിയമങ്ങൾ എത്രയും കൃത്യമായി പാലിക്കുന്നതാണു എന്നുള്ള പ്രതിജ്ഞ ഉടനെ പുതുക്കുക. വി. അല്ലോൻസ്സു ലിഗോരിയുടെ വാക്കുകൾ ഇതിനു നമ്മെ പ്രേരിപ്പിക്കട്ടെ. വിശുദ്ധൻ പറയുന്നു "പരിശുദ്ധത പാലിക്കാനും രക്ഷപ്രാപിക്കാനും സന്യാസികൾക്കുള്ള ഏകമാർഗ്ഗം സഭാനിയമം പാലിക്കുകയാണു്. മറെറാരുമാർഗ്ഗവും ലക്ഷ്യത്തിലേയ്ക്കു അവരെ ആനയിക്കുകയില്ല." വലുതെന്നോ ചെറുതെന്നോ നോക്കാതെ എല്ലാകാര്യങ്ങളിലും സഭാനിയമം പാലിക്കുക. പാപദോഷമാകുന്ന ഒന്നും, അനാസ്ഥയ്ക്കും ഭക്തിമാന്ദ്യത്തിനും ഇടയാക്കുന്ന ഒന്നും, അനശ്വരമായ ആത്മാവിനെ അപകടത്തിലാക്കുന്ന ഒന്നും, ചെറിയ കാര്യമല്ല, നിസ്സാരകാര്യവുമല്ല.

ദൈവത്തെ പ്രസാദിപ്പിക്കുന്ന, മോക്ഷത്തിൽ സമ്മാനത്തിനർഹമാകുന്ന ഒന്നും നിസ്സാരമല്ല സുപ്രധാനമാണ്. ഇതിലേയ്ക്കു വേണ്ടി തന്നെത്തന്നെ ഹേമിക്കുകയും തന്നോടുതന്നെ സമരം നടത്തുകയും ചെയ്യേണ്ടിവരുന്നു എങ്കിൽ അതോർത്തു ക്ലേശിക്കേണ്ടതില്ല. സമരംകൂടാതെ സ്വർഗ്ഗരാജ്യം കൈവരുന്നില്ല. അതു ബലം പ്രയോഗിക്കുന്നവരേ സ്വായത്തമാക്കുന്നുള്ളു. നിത്യരക്ഷനേടാൻ വേണ്ടി ഓരോ വിശുദ്ധന്മാർ സഹിച്ചിട്ടുള്ള ത്യാഗങ്ങളും ക്ലേശങ്ങളും ഒന്നനുസ്മരിക്കുക. സഭാക്രമങ്ങൾ പാലിക്കുന്നതിൽ നേരിട്ടേക്കാവുന്ന നിസ്സാരമായ ക്ലേശങ്ങളെ ധീരതയോടെ നേരിടുന്നതിനു അവ നമുക്ക് പ്രേരണയും പ്രചോദനവും നല്കുന്നതാണ്. ദിവ്യരക്ഷകൻെറ ഉപദേശം അനുസ്മരിച്ചാലും "എൻെറ നുകം നിങ്ങളുടെമേൽ വഹിച്ചുകൊണ്ട് എന്നിൽനിന്നു പഠിക്കുവിൻ. അപ്പോൾ, നിങ്ങളുടെ ആത്മാവുകൾക്കു് നിങ്ങൾ ആശ്വാസം കണ്ടെത്തും" (വി. മത്തായി xi. 29)

---

## 13. ആശാനിഗ്രഹവും ത്യാഗാനുഷ്ഠാനവും

ജന്മപാപത്തിൻെറ ഫലമായി എല്ലാ മനുഷ്യനും ദുരാശകൾക്കധീനനത്രെ. പുണ്യാഭ്യസനത്തെ ഏറെക്കുറെ വിഷമകരമാക്കിത്തീർക്കുന്ന ദുരിച്ഛകളും ദുരാഗ്രഹങ്ങളും പ്രകൃത്യാ മനുഷ്യനിൽ കുടികൊള്ളുന്നു. അവ അവനെ ഓരോ പാപത്തിലേയ്ക്കു ചായിക്കുന്നു. "ചെറുപ്പംമുതൽ മനുഷ്യഹൃദയത്തിൻെറ വികാരങ്ങളും ചിന്തകളും തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നു" (സൃഷ്ടി. viii. 21.) എന്നത്രെ പരിശുദ്ധാത്മാവു അരുളിച്ചെയ്യുന്നതു്. ആകയാൽ പുണ്യമാർഗ്ഗത്തിൽക്കൂടി ചരിക്കുന്നതിനാഗ്രഹിക്കുന്ന ഏവനും സ്വന്ത ദുശ്ചാച്ചിലുകളെയും ദുരാശകളെയും നിയന്ത്രിക്കണം. വേറെ വാക്കായി പറഞ്ഞാൽ ആഭ്യന്തരമായും ബാഹ്യമായും സ്വയം നിഗ്രഹിക്കണം.

## 1. ആഭ്യന്തരാശയടക്കത്തിൻെറ ആവശ്യകത

### a. പാപത്തിൽനിന്നു ഒഴിഞ്ഞു ജീവിപ്പാൻ ആഭ്യന്തരാശയടക്കം കൂടിയേ മതിയാവൂ

ആഭ്യന്തരാശയടക്കമെന്നതു ക്രമാതീതമായ പക്ഷങ്ങളെയും ആശാപാശങ്ങളെയും നിയന്ത്രിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. മേൽപ്രസ്താവിച്ചതുപോലെ, മനുഷ്യനിലുള്ള ദുരാശകളും ദുർവ്വികാരങ്ങളും അവനെ ഓരോ പാപത്തിലേയ്ക്കു ചായിക്കുന്നു. മനുഷ്യഹൃദയത്തിൽ പൊങ്ങിയുയൎന്നു് ഹൃദയാന്തർഭാഗത്തു ആസ്ഥാനം ഉറപ്പിക്കാറുള്ള ദുർവികാരങ്ങൾ ചിലപ്പോൾ അഹംകാരവും, ചില സന്ദർഭങ്ങളിൽ കൊതിയും, മററു ചിലപ്പോൾ അശുദ്ധതയും, വേറെ ചില വേളകളിൽ അസൂയയും ഇനിയും ചിലപ്പോൾ കോപവുമായിരിക്കാം. ഈവക ദുരാശകളെ നിരന്തര നിയന്ത്രണങ്ങൾക്കു വിധേയമാക്കാത്തപക്ഷം അവ നമ്മെ തിന്മയിലേയ്ക്കു തള്ളിവിടുമെന്നതിനു പക്ഷാന്തരമില്ല. ഈ കാരണത്താലാണു ദൈവം കായേനോടു ഇപ്രകാരം പറയുന്നതു്: “നീ നല്ലവനാകാതിരുന്നാൽ പാപം വാതില്ക്കൽ പതുങ്ങിക്കിടക്കുന്നു. നീ അതിൻപക്കലേയ്ക്കു തിരിയുകയും അതു നിൻെറമേൽ ബലപ്പെടുകയും ചെയ്യും” (സൃഷ്ടി. iv. 7.)

ദുരാശകളെയും, ദുരാഗ്രഹങ്ങളെയും യഥാവസരം നിഗ്രഹിക്കാതിരുന്നതുകൊണ്ടാണു് പാപത്തിൽ ഉൾപ്പെട്ടിട്ടുള്ള ഏവനും അപ്രകാരം നിപതിക്കുന്നതിനിടയായിട്ടുള്ളതു്. സ്വസഹോദരനായ ആബേലിനെ കായേൻ വധിച്ചു. എന്തുകൊണ്ടു്? ഉത്തമനായ ആബേലിൻെറ നേർക്കു കായേൻെറ ഹൃദയത്തിൽ പൊന്തി ഉയൎന്നുവന്നിരുന്ന വൈരാഗ്യത്തെ വേരോടെ പിഴുതുകളയാഞ്ഞതുകൊണ്ടുമാത്രമാണു്. തൻെറ ഗുരുവും കർത്താവുമായിരുന്ന മിശിഹായെ യൂദാസു് നിഷ്ക്കരുണം ഒററിക്കൊടുത്തു. കാരണം എന്തു്? പണത്തിന്മേലുള്ള ദുരാഗ്രഹം അവൻ നിയന്ത്രിക്കാതിരുന്നതുകൊണ്ടാണു്. യഹൂദപ്രമാണികൾ മിശിഹായെ ക്രൂശുമരണം ഏല്പിച്ചു കൊലപാതകം എന്ന കഠോര പാപത്താൽ തങ്ങളുടെ മനസ്സാക്ഷിയെ ഭാരപ്പെടുത്തി. എന്തുകൊണ്ടു്? അത്യാഗ്രഹവും അഹംകാരചിന്തയും അവരുടെ ഹൃദയത്തിലും മനസ്സിലും മേധാവിത്വം വഹിച്ചതുകൊണ്ടത്രെ.

ഈ ജീവിതകാലത്തു നാം ഒരിക്കലും ദുരാഗ്രഹങ്ങളിൽനിന്നും ദുശ്ചാച്ചിലുകളിൽനിന്നും വിമോചിതരല്ല. അതിനാൽ നാം അവയോടു ശക്തിയുക്തം, നിരന്തരം പോരാടി അവയെ നിയന്ത്രിക്കേണ്ടതാണു്. എട്ടുകൊല്ലക്കാലത്തേയ്ക്കു് ആശാപാശങ്ങളുമായി ഉഗ്രപോരാട്ടം നടത്തിയതിനുശേഷം ഒരിക്കൽ ഒരു സന്യാസി, സന്യാസശ്രേഷ്ഠനായ തിയോദോറിനെ സമീപിച്ചു് തന്റെ സമാധാനക്കേടിനെപ്പററി അറിയിക്കയുണ്ടായി. അതിനു് തിയോദോർ കൊടുത്ത മറുപടി ഇപ്രകാരമാണു്: "എന്റെ സഹോദരാ, ആശാപാശങ്ങളുമായുള്ള യുദ്ധം നിങ്ങൾക്കനുഭവപ്പെടാൻ തുടങ്ങിയിട്ടു എട്ടുകൊല്ലക്കാലം മാത്രമേ ആയിട്ടുള്ളല്ലോ. എന്നാൽ ഞാൻ ഏകാന്തജീവിതത്തിൽ കഴിഞ്ഞുകൂട്ടുവാൻ തുടങ്ങിയിട്ടു അറുപതുകൊല്ലങ്ങളായി. അതിന്നോടിടയ്ക്കു് ആശാപാശങ്ങളുമായി മത്സരിക്കാത്ത ഒരൊററ ദിവസംപോലുമെനിക്കുണ്ടായിട്ടില്ല. നമ്മുടെ ഹൃദയം ഒരു തോട്ടത്തോടു സമമാണു്. അസഹനീയമാംവിധം അതിൽ കളകൾ നിരന്തരം തഴച്ചുവളൎന്നുകൊണ്ടിരിക്കുന്നു. അതുകളെ വെട്ടിമുറിച്ചു് മാററം ചെയ്യുന്നതിനു ആശാനിഗ്രഹമാകുന്ന ആയുധം സദാപി നമ്മുടെ കരങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണു്. അല്ലാത്തപക്ഷം നമ്മുടെ ആത്മാവു മുള്ളുകളും വള്ളിലതകളും ചുററിപ്പടൎന്നുകിടക്കുന്ന ഒരു വയലിനു തുല്യമായിത്തീരും". വി. ഇഗ്നേഷ്യസ് ലയോളാ എല്ലായ്പോഴും ആവൎത്തിച്ചിരുന്ന വാക്യം "നിന്നെത്തന്നെ ജയിക്കുക" എന്നതാണു്. അദ്ദേഹം സന്യാസികളെ ഉപദേശിക്കുന്നതിനു തെരഞ്ഞെടുത്തിരുന്ന വാക്യവും ഇതുതന്നെയാണു്.

ദീൎഘനാൾ സന്യാസാശ്രമത്തിൽ ജീവിച്ചു് പ്രായാധിക്യത്തിൽ എത്തിച്ചേൎന്നാൽ പിന്നെ നിന്റെ ഹൃദയത്തിൽ ദുഷ്ടവിചാരങ്ങളും ദുശ്ചാച്ചിലുകളും ഉദയംചെയ്യുന്നതല്ലാ എന്നോ, അവയോടു വീണ്ടും പോരാടേണ്ട ആവശ്യം നിനക്കു ഒരിക്കലും ആവശ്യപ്പെടുകയില്ലെന്നോ ഉള്ള ചിന്തകളാൽ നീ വഞ്ചിതനാകരുതു്. നിന്നെ വലയംചെയ്യുന്ന ആശാപാശങ്ങളിൽ ഏതെങ്കിലും ഒന്നിനെ സ്വപ്രയത്നത്താൽ ജയിച്ചുവെന്നു ഒരുപക്ഷേ നിനക്കു തോന്നിയേക്കാം. എന്നാൽ തുല്യനിലയിൽ ശക്തിമത്തായ വേറൊന്നു ഏതൽസ്ഥാനത്തു വേരൂന്നാനിടയുണ്ടു്. അന്തിമശ്വാസത്തോടുകൂടി മാത്രമേ പഴയ ആദം മരിക്കയുള്ളു.

അപ്പോൾമാത്രം അവ നമ്മുടെ ശരീരത്തോടുകൂടി ശവക്കല്ലറയിൽ അമരുകയും ചെയ്യും. "അവസാനംവരെ നിലനില്ക്കുന്നവൻ രക്ഷിക്കപ്പെടും" (മത്താ. x. 22.) എന്നല്ലയോ നമ്മുടെ ദിവ്യഗുരു അരുളിച്ചെയ്യുന്നതു്? അതിനാൽ ഈ ലോകവാസം അവസാനിക്കുന്നതുവരെ ആശാപാശങ്ങളെയും, ദുർമ്മോഹങ്ങളെയും ആശാനിഗ്രഹംമൂലം ഉന്മൂലനം ചെയ്യുന്നതിനു സദാ പരിശ്രമിക്കുക.

b. നന്മയിൽ അഭിവൃദ്ധിപ്പെടാനും ആഭ്യന്തരാശയടക്കം ആവശ്യമാണു്.

വി. അല്ലോൻസൂസ് ലിഗോരി പറയുന്നു: "കൂടെക്കൂടെ വി. കുർബ്ബാന സ്വീകരിക്കുക, മുടക്കമെന്യേ പ്രാർത്ഥനകൾ നടത്തുക, ഉപവാസാദി തപഃക്രിയകൾ അനുഷ്ഠിക്കുക എന്നീവിധ ഭക്തകൃത്യങ്ങളിൽ വ്യാപൃതരായിരിക്കുന്ന സന്യാസികൾ ധാരാളമുണ്ടു്. പക്ഷെ കോപം, വൈരാഗ്യം ഇതരന്മാരുടെ കാര്യാദികളിൽ അനാവശ്യ ഉൽക്കണ്ഠ, ആപൽക്കരമായ മാനസ്സികചാപ്പില്യകൾ ആദിയായ വികാരത്തള്ളലുകളെ അടിച്ചമർത്തുന്ന കാര്യത്തിൽ അവരിൽ പലരും തികച്ചും അനാസ്ഥ പ്രകടിപ്പിച്ചു കാണുന്നു. അങ്ങനെ പ്രലോഭനങ്ങളെ ജയിക്കുന്നതിനും ചില കൂട്ടുകെട്ടുകളിൽനിന്നും ഒഴിഞ്ഞുമാറുന്നതിനും ശ്രേഷ്ഠന്മാരുടെ നിർദ്ദേശങ്ങൾക്കും ദൈവപരിപാലനയ്ക്കും പരിപൂർണ്ണമായി തങ്ങളെത്തന്നെ വിധേയപ്പെടുത്തുന്നതിനുമുള്ള മനസ്ഥൈര്യവും, സന്നദ്ധതയും നേടുന്നതിനു അവശ്യം വേണ്ട മർദ്ദന നയം തങ്ങളോടു തന്നെ അവർ പ്രയോഗിക്കുന്നില്ല. പുണ്യപരിപൂർണ്ണതയ്ക്കായി എന്തു പുരോഗമനം ഇപ്രകാരമുള്ള ആത്മാക്കൾക്കു് സാധിക്കും? നിർഭാഗ്യനായ സന്യാസി എപ്പോഴും അപൂർണ്ണനായിരിക്കുന്നു. നേരായ മാർഗ്ഗത്തിൽനിന്നും അയാൾ വളരെ അകലെയാണു്". വി. ആഗുസ്റ്റീനോസ് പറയുന്നു: "അവർ നന്നായി നടക്കുന്നു, എന്നാൽ മാർഗ്ഗം തെറ്റിയിരിക്കുകയാണു്." അതായതു് ഭക്താഭ്യാസങ്ങൾ തുടന്നു അനുഷ്ഠിക്കുന്നതുകൊണ്ടു് അവർ നന്നായി നടക്കുന്നുവെന്നു് തന്നത്താൻ അഭിമാനം കൊള്ളുന്നു. പക്ഷെ, സ്വയംനിഗ്രഹത്തിൽ അന്തർഭവി

ച്ചിരിക്കുന്ന പുണ്യപരിപൂർണ്ണതയുടെ ശരിയായ മാർഗ്ഗത്തിൽ നിന്നും വളരെ വിദൂരത്തിലാണ് അവർ സ്ഥിതിചെയ്യുന്നത്. തന്മൂലം മഹാത്മാവായ തോമസ് ആകെമ്പീസ് ഇപ്രകാരം പറയുന്നു: "സ്വയനിഗ്രഹത്തിന്റെ കൂടുതൽ കുറവനുസരിച്ച് നീ അഭിവൃദ്ധിപ്പെടുന്നു.''

പ്രാർത്ഥന, പ്രായശ്ചിത്തപ്രവൃത്തികൾ മററിതുപോലുള്ള ഭക്തകൃത്യങ്ങൾ നിസ്സാരങ്ങളാണെന്ന് ഇതിനാൽ ഇവിടെ വിവക്ഷിക്കുന്നില്ല. എന്നാൽ, ഇങ്ങനെയുള്ള ഭക്താഭ്യാസങ്ങൾ മൂലം മനുഷ്യാത്മാവിനു സദാ ഉണ്ടായിരിക്കേണ്ട ഉദ്ദേശ്യം ദുർവികാരങ്ങളെ ജയിക്കുക എന്നുള്ളതായിരിക്കണം. എന്തുകൊണ്ടെന്നാൽ ദുർവ്വികാരങ്ങൾക്കു വിപരീതമായ പുണ്യപ്രവൃത്തികളുടെ അനുഷ്ഠാനത്തിനു നമ്മെ പ്രാപ്തരാക്കുവാനുള്ള പോംവഴികളാണ് ഈവിധ ഭക്തകൃത്യങ്ങൾ. അതിനാൽ വിനീതരും, സ്വയനിഗ്രഹംചെയ്യുന്നവരും, അനുസരണയുള്ളവരും, ദൈവപരിപാലനയ്ക്കു സന്തോഷപൂർവ്വം വിധേയപ്പെടുന്നവരും, ദുർവ്വികാരങ്ങളെ ജയിച്ചടക്കുന്നവരും ആയിത്തീരുന്നതിനു നമ്മെ ശക്തരാക്കുന്നതിനുള്ള ദൈവാനുഗ്രഹലബ്ധിക്കായി നാം വി. കർബാന സ്വീകരിക്കുക, ധ്യാനിക്കുക, വി. കർബാനയെ സന്ദർശിക്കുക തുടങ്ങിയ ഭക്തകൃത്യങ്ങളുടെ അനുഷ്ഠാനവേളകളിൽ പ്രാർത്ഥിക്കേണ്ടതാണ്.

ആഭ്യന്തരസ്വയനിഗ്രഹം ചെയ്യുന്നതിനു എല്ലായ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് ചുരുങ്ങിയ കാലത്തിനുള്ളിൽ വിശുദ്ധനായിത്തീരാൻ സാധിക്കും. ഒരാഗ്രഹം, ഒരു സ്വഭാവച്ചാച്ചിൽ, ഒരു കോപഭാവം, ഒരു അനാവശ്യ ഉല്ക്കണ്ഠ, ഉദാസീനത മുതലായ ദുർഗ്ഗുണങ്ങളെ ആരംഭഘട്ടത്തിൽ നിഗ്രഹിച്ചടക്കുന്ന ഒരാൾക്ക് എത്രയോ വിചിത്രതരപുണ്യങ്ങളും യോഗ്യതകളും സമ്പാദിക്കാൻ കഴിയും! ഉദാഹരണമായി, ഒരു കത്തു കിട്ടിയാൽ ഉടനെ അതു തുറന്നുനോക്കുന്നതിനുള്ള ആഗ്രഹത്തെ കുറേ നേരത്തേയ്ക്കു പിടിച്ചുനിർത്തുക. അതിനു ശേഷം വായിച്ചുകൊൾക. ഒരു ഗ്രന്ഥപാരായണത്തിൽ ദത്തശ്രദ്ധനായ ഒരാൾക്കു അതിന്റെ അവസാനഭാഗം വായിച്ചറിയുന്നതിനു ശക്തിമത്തായ ജിജ്ഞാസ ഉണ്ടാകാം. പക്ഷെ അക്കാര്യം വേറൊരു സമയത്തേയ്ക്കു മാററിവെയ്ക്കുക. നിഷ്ക്കളങ്കവും കുതുഹലം ജനിപ്പിക്കുന്നതുമായ ഒരു വസ്തു വീക്ഷിക്കുന്ന

തിനോ, ഭംഗിയേറിയ ഒരു പുഷ്പം പറിച്ചെടുക്കുന്നതിനോ, നേരംപോക്കുകൾ പറഞ്ഞു രസിക്കുന്നതിനോ, ആഗ്രഹം തോന്നാം. എന്നാൽ ക്രിസ്തുവിൻെറ നേർക്കുള്ള സ്നേഹത്തെപ്രതി അവയെല്ലാം ത്യജിക്കുവാൻ യത്നിക്കുക. ഈ രീതിയിലുള്ള നിരവധി നിഗ്രഹപ്രവൃത്തികൾ ദൈനംദിനം അനുഷ്ഠിക്കുന്നതിന്നു് നമുക്കു കഴിയും. വി. ദൊസിത്തേവൂസ്സു് ഇത്തരത്തിലുള്ള ത്യാഗാനുഷ്ഠാനങ്ങളാൽ പുണ്യപരിപൂൎണ്ണതയുടെ ഉന്നതസ്ഥാനത്തെ പ്രാപിച്ചതായി അദ്ദേഹത്തിൻെറ ചരിത്രത്തിൽ നാം വായിക്കുന്നു. ആകയാൽ, പാപത്തിലുൾപ്പെടാതെ, അവരവരുടെ ജീവിതം സുരക്ഷിതമാക്കുന്നതിന്നും നന്മയുടെ മാൎഗ്ഗത്തിൽക്കൂടി പുരോഗമിക്കുന്നതിന്നും, അഥവാ തിന്മയിൽനിന്നു അകന്നു നന്മ ചെയ്യുന്നതിന്നും സ്വയം ത്യജിക്കേണ്ടതു് അവശ്യാവശ്യമാണെന്നു് ധരിക്കുക.

## 2. ആഭ്യന്തരാശയടക്കത്തിന്നുള്ള മാൎഗ്ഗങ്ങൾ

a. മുഖ്യമായ ദുർഗ്ഗുണം ജയിച്ചടക്കുന്നതാണു ഒന്നാമത്തെ മാൎഗ്ഗം.

നമ്മിലുള്ള ദുൎവ്വികാരങ്ങളെ നിയന്ത്രിക്കുന്നതിന്നും നിരുപദ്രവകരമാക്കിത്തീൎക്കുന്നതിന്നും നമ്മിൽ വേരൂന്നിയിരിക്കുന്ന മുഖ്യമായ ദുർഗ്ഗുണം ഏതെന്നു കണ്ടുപിടിച്ചു അതിനെ ജയിച്ചടക്കിയേ മതിയാവൂ. പിശാചു നമ്മെ നശിപ്പിക്കുന്നതിനായി നമ്മുടെ നേൎക്കു പ്രയോഗിക്കുന്ന തന്ത്രോപായങ്ങളെയും ആയുധങ്ങളെയും അവൻെറ നേരെ പ്രയോഗിച്ചുകൊണ്ടാണു് നാം ആ ശത്രുവിനോടു യുദ്ധം ചെയ്യേണ്ടതു്. നമ്മിൽ പ്രബലപ്പെട്ടിരിക്കുന്ന ദുൎവ്വികാരത്തെ തട്ടിയുണൎത്തുന്നതിന്നു് അവൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുകയാണു്. അതിനാൽ അതിനെ അമർച്ച ചെയ്യുന്നതിന്നു നാം പരിശ്രമിക്കണം. മുഖ്യദുർഗ്ഗുണത്തെ ജയിച്ചടക്കുന്നതിന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നവൻ മററുള്ളവയെയും എളുപ്പത്തിൽ കീഴ്പ്പെടുത്തും. എന്നാൽ, അവയാൽ നയിക്കപ്പെടുന്നതിന്നു് സമ്മതിക്കുന്നവൻ ഒരിക്കലും പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കയില്ല. മാത്രമല്ല, ഘനമായ പാപത്തിൽപെട്ടു് നിത്യനാശത്തിൽ ഉൾപ്പെടുക എന്ന മഹാവിപത്തിന്നു അവൻ വിധേയനും ആകാം.

അതുകൊണ്ടു് നമ്മിൽ പ്രബലപ്പെട്ടുകാണുന്ന ദുർഗ്ഗുണത്തെ ഉന്മൂലനം ചെയ്യുന്നതിനു് നാം ഹൃദയപൂർവ്വം തീരുമാനിച്ചുറയ്ക്കണം. ശുഷ്കാന്തിയും ഉറപ്പും ഉള്ള മനസ്സു് നിത്യരക്ഷയ്ക്കു ബാധകമായവ എല്ലാം ദൈവപരിപാലനയ്ക്കു് കീഴ്പ്പെടുത്തുന്നു. ഫ്രാൻസിസ് സാലസ് പുണ്യവാൻ മഹാ കോപിഷ്ഠനായിരുന്നു. പക്ഷേ ആത്മസംയമനംമൂലം അദ്ദേഹം സൽസ്വഭാവത്തിൻെറയും ശാന്തതയുടെയും മാതൃകയായിത്തീർന്നു. ഒന്നിനെ ജയിച്ചതിനുശേഷം മറെറാന്നിൻെറനേരെ ദൃഷ്ടികളെ തിരിക്കുക. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും ഒന്നു് നമ്മിൽ കുടികൊള്ളുന്നപക്ഷം അതു നമ്മെ നിത്യനാശത്തിലേക്കു തള്ളിയിടുന്നതാണു്. നമ്മിലുള്ള ഓരോ സ്വഭാവച്ചാച്ചിലിനെയും ഇപ്രകാരം സ്ഥിരനിശ്ചയത്തോടും ജാഗ്രതയോടുംകൂടെ അമർത്തുന്നതായാൽ ദൈവാനുഗ്രഹത്താൽ നാം എല്ലാററിനെയും ജയിച്ചു് നിത്യജീവൻെറ കിരീടം പ്രതിഫലമായി കരസ്ഥമാക്കുന്നതാണു്.

b. ഉണർവ്വോടും സ്ഥിരനിശ്ചയത്തോടുംകൂടെ ദുശ്ചാച്ചിലുകളെ എതിർക്കുന്നതാണു് വേറൊരു മാർഗ്ഗം.

വയോവൃദ്ധനായ ഒരു സന്യാസി തൻെറ ശിഷ്യന്മാരിൽ ഒരാളെ ഈ തത്വം ബുദ്ധിപൂർവ്വം ഉദാഹരിച്ചു പഠിപ്പിക്കുകയുണ്ടായി. നിലത്തുനിന്നു് ഒരു സൈപ്രസ്സ് തൈപറിച്ചെടുക്കുന്നതിനു് അദ്ദേഹം തൻെറ ഒരു ശിഷ്യനോടാജ്ഞാപിച്ചു. ശിഷ്യൻ ഉടനടി അതു പറിച്ചെടുത്തു. അതിനുശേഷം കുറെക്കൂടെ വലിയ ഒരു ചെറു സൈപ്രസ്സ്മരം പറിക്കുന്നതിനു അദ്ദേഹം ശിഷ്യനോടു ആവശ്യപ്പെട്ടു. പക്ഷേ കൃത്യനിർവ്വഹണത്തിനായി ആ സഹോദരനു് തൻെറ കായബലം മുഴുവനും പ്രയോഗിക്കേണ്ടിവന്നു. അവസാനം അനേകകാലമായിട്ടു് തഴച്ചുവളർന്നുകൊണ്ടിരുന്ന ഒരു വലിയ സൈപ്രസ്സ് വൃക്ഷം പിഴുതെടുക്കുന്നതിനു കല്പിച്ചു. എത്രതന്നെ ശ്രമിച്ചിട്ടും ഈ കല്പന നിറവേററുന്നതിനു ആ ശിഷ്യനു സാധിക്കാതെ വന്നു. അതിനുശേഷം വൃദ്ധസന്യാസി ആ യുവസന്യാസിയുടെ നേരെ തിരിഞ്ഞു് ഇപ്രകാരം സൂചിപ്പിച്ചു. "അനേക നാളുകളായി നമ്മിൽ തഴച്ചുവളർന്നുകൊണ്ടിരിക്കുന്ന ദുരാശകളെ ദൂരീകരിക്കുന്ന കാര്യവും ഇപ്രകാരം ആകുന്നു എന്നു ധരിച്ചാലും".

ദുശ്ശീലങ്ങളിൽ തഴങ്ങി അവ നമ്മിൽ വേരൂന്നിക്കഴിഞ്ഞാൽ മാററം ചെയ്യുന്നതിനു സാധിക്കുകയില്ല. ആരംഭത്തിലാണെങ്കിൽ അവ നിഷ്പ്രയാസം പിഴുതുകളയാം. ഈ തത്വം എത്രകണ്ടു് പരമാൎത്ഥമാണു് എന്നു അനുഭവത്തിൽനിന്നും നമുക്കു മനസ്സിലാക്കാം. ഉദാഹരണമായി, നമ്മെ ആരെങ്കിലും ഏതെങ്കിലും തരത്തിൽ അലട്ടി എന്നു വിചാരിക്കുക. തന്മൂലം വലുതായ ഭാവപ്പകർച്ചയും, വൈരാഗ്യചിന്തയും നമുക്കു് അനുഭവപ്പെടുന്നു. പക്ഷെ തട്ടിയുണൎത്തപ്പെട്ട കോപസ്ഫുരണങ്ങളെ ഉടനടി കെടുത്തിക്കളയുകയും ദ്രോഹത്തെ വകവയ്ക്കാതിരിക്കുകയും ചെയ്തുകൊണ്ടു് അതിനെ ദൈവഹിതത്തിനു് സസന്തോഷം വിട്ടുകൊടുത്താൽ തീർച്ചയായും നമ്മിലുള്ള കോപാഗ്നി അണഞ്ഞുപോകയും നാം നിരുപദ്രവികളായി ജീവിക്കുന്നതിനിടയാകയും ചെയ്യും. നേരെമറിച്ചു, കോപവികാരങ്ങൾക്കു നാം അധീനരായി ഉള്ളിൽ തട്ടിയിട്ടുള്ള വൈഷമ്യത്തെ ബാഹ്യപ്രകടനങ്ങൾമൂലം പ്രദശിപ്പിക്കുന്നപക്ഷം കോപാഗ്നി നമ്മിൽ കൂടുതൽ കൂടുതൽ ജ്വലിച്ചു് ഒടുവിൽ ശാശ്വതമായ ദ്വേഷത്തിലവസാനിക്കും. ഇങ്ങനെ നമ്മിൽ സ്ഥായിയായിത്തീരുന്ന കോപശീലത്തെ ശമിപ്പിക്കുന്നതിനു പിന്നീടു് വളരെ വൈഷമ്യം നേരിടും. ആകയാൽ നമ്മിലുള്ള ദുശ്ചാച്ചിലുകളും ദുരാഗ്രഹങ്ങളും പ്രബലപ്പെട്ടു കാലക്രമേണ ദുശ്ശീലങ്ങളായി ഭവിക്കാതിരിക്കുന്നതിനു പ്രാരംഭദശയിൽത്തന്നെ സൎവ്വശക്തിയും ഉപയോഗിച്ചു് അവയെ നശിപ്പിക്കേണ്ടതാണു്. ശീലങ്ങളായിത്തീന്നാൽ ഒരുപക്ഷേ അവയുടെ പിടിയിൽനിന്നും വിമോചനം നേടുക അത്ര എളുപ്പമല്ല.

ക്രമാതീതമായ പക്ഷങ്ങളെയും ആഗ്രഹങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള മുഖ്യമാർഗ്ഗങ്ങൾ ഇവ രണ്ടുമാകുന്നു. ഈ മാൎഗ്ഗങ്ങളെ ശരിയായി വിനിയോഗിക്കുക. നിത്യരക്ഷയുടെ ശത്രുക്കളോടു് ധീരധീരം പോരാടുന്നതിനുള്ള കൃപാവരം, നിരന്തരമായ ആത്മസംയമനവും അനുദിന പ്രാൎത്ഥനയും സംയോജിച്ചുകൊണ്ടുള്ള ജീവിതക്രമീകരണംമൂലം നമുക്കു ദൈവത്തിൽനിന്നും പ്രാപിക്കാം.

## 3. ബാഹ്യമായ ആശാനിഗ്രഹത്തിൻെറ ആവശ്യകത

ഇന്ദ്രിയപക്ഷങ്ങളുടെയും ജഡേച്ഛകളുടെയും, പഞ്ചേന്ദ്രിയ വ്യാപാരങ്ങളുടെയും നിയന്ത്രണം എന്നാണ് ബാഹ്യമായ ആശാനിഗ്രഹം എന്നതിനാൽ വിവക്ഷിക്കപ്പെടുന്നതു്. ഇത്തരത്തിലുള്ള ത്യാഗാനുഷ്ഠാനവും അവശ്യാവശ്യമാണ്.

a. മിശിഹായെ അനുകരിച്ചു് രക്ഷപ്രാപിക്കുന്നതിനു പ്രായശ്ചിത്തം ആവശ്യമാണ്.

രക്ഷപെടുന്നതിനു നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മെത്തന്നെ ദിവ്യരക്ഷകനോടു് അനുയോജിപ്പിക്കണം. തത്സംബന്ധമായി വി. ശ്ലീഹാ പറയുന്നതായതു്: "പല സഹോദരന്മാരിൽവെച്ചു് കടിഞ്ഞൂൽപ്പുത്രസ്ഥാനത്തിനർഹനാക്കിത്തീക്കുന്നതിനായി ദൈവം മുൻകൂട്ടി അറിഞ്ഞിരുന്നവനെ തൻെറ പുത്രൻെറ ഛായയുമായി സംയോജിപ്പിക്കുന്നതിനു് താൻ കാലേക്കൂട്ടി നിശ്ചയിച്ചുറച്ചു." (റോമാ. viii. 29.) കാലിക്കൂട്ടിലെ ജനനം മുതൽ കുരിശിലെ മരണംവരെയുള്ള മിശിഹായുടെ ജീവിതം പരിശോധിക്കുന്നപക്ഷം ആശാനിഗ്രഹത്തിൻെറ ഏററവും ഉത്തമമായ ചിത്രം നമ്മുടെ കൺമുമ്പിൽ തെളിഞ്ഞു കാണാം. അവിടുന്നു ഭൂജാതനായതു് ഉഗ്രമായ ശൈത്യവേളയിലാണ്. ജീർണ്ണിച്ച ഒരു കാലിക്കൂട്ടു് തൻെറ വാസസ്ഥലവും, ഒരു പുൽക്കൂടു് തൻെറ തൊട്ടിലും, കുറെ ഉണങ്ങിയ പുല്ലും വയ്ക്കോലും കിടക്കയും ആയിരുന്നു. മുപ്പതുകൊല്ലക്കാലത്തോളം താൻ അജ്ഞാതജീവിതം നയിക്കുന്നു. കഠിനമായ ക്ഷാമബാധയുടെ വൈഷമ്യം സ്വമനസ്സാ സഹിക്കുന്നു. മൂന്നുകൊല്ലത്തെ പരസ്യജീവിതകാലത്തു് താൻ സഹിക്കാത്തതായി എന്തു കഷ്ടപ്പാടുകളും ത്യാഗങ്ങളും ആണുള്ളതു്? യൂദയാദേശത്തു് പ്രേഷിതവൃത്തി നടത്തിയിരുന്ന അവസരങ്ങളിൽ അവിടുന്നു അത്യുഷ്ണവും, അതിശൈത്യവും, ക്ഷീണവും, തളർച്ചയും എന്നുവേണ്ട എല്ലാവക അസ്വാസ്ഥ്യങ്ങളും സഹിച്ചിരുന്നുവെന്നുള്ളതു് പ്രസ്പഷ്ടമാണ്.

അവിടുന്നു പതിവായി അഹോരാത്രം ഉറക്കമൊഴിഞ്ഞു് പ്രാർത്ഥനയിൽ സമയം ചിലവഴിച്ചിരുന്നു. രക്തവിയർപ്പു്,

ദേഹദണ്ഡനം, മുൾമുടിധരിക്കൽ, ഭാരമേറിയ കരിശുമരം വഹിക്കൽ, കരിശുമരണം ഇത്യാദി നിഷ്ഠുരകൎമ്മങ്ങളെപ്പററിയുള്ള ആ ചിന്തതന്നെയും അവൎണ്ണനീയമായവിധം തന്റെ ഹൃദയത്തെ വേദനിപ്പിച്ചിരുന്നു. മിശിഹായുടെ ജീവിതം ത്യാഗാനുഷ്ഠാനസമ്പൂൎണ്ണമായിരുന്നുവെങ്കിൽ— രക്ഷപ്രാപിക്കുന്നതിനു് ക്രിസ്തുവിന്റെ പരിപാവന ജീവിതരീതിയോടു് നമ്മുടെ ജീവിതക്രമങ്ങളെ ചേൎത്തിണക്കേണ്ടതു് അത്യന്താപേക്ഷിതമെങ്കിൽ— ബാഹ്യമായ ത്യാഗാനുഷ്ഠാനങ്ങളുടെ ആവശ്യകതയെ നിസ്സാരമാക്കിത്തള്ളുവാൻ ആരു ധൈൎയ്യപ്പെടും? ആത്മസംയമനംകൂടാതെ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നകാൎയ്യം നമുക്കു് ഊഹിക്കാൻപോലും പാടില്ല എന്നു് മിശിഹാതന്നെ താഴെപ്പറയുന്ന വാക്കുകളാൽ സ്പഷ്ടമായി നമ്മെ ഓൎമ്മപ്പെടുത്തുന്നു. "സ്വന്ത കരിശുവഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കാത്ത ഒരുത്തനും എനിക്കു യോഗ്യനല്ല" (മത്തായി. x. 38.) അവിടുന്നു വീണ്ടും പറയുന്നു: "ആരെങ്കിലും എന്റെ പിന്നാലെ വരുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ചു് സ്വന്ത കരിശു വഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കട്ടെ". (മത്തായി. xvi. 24.)

### b. തിന്മയുപേക്ഷിച്ചു നന്മചെയ്യുന്നതിനും പ്രായശ്ചിത്തമാവശ്യമാണു്.

രക്ഷപ്രാപിക്കുന്നതിനു് തിന്മ ഉപേക്ഷിച്ചു് നന്മ അഭ്യസിക്കേണ്ടിയിരിക്കുന്നു. എന്നാൽ ബാഹ്യമായ ആശയടക്കംകൂടാതെ സുകൃതാനുഷ്ഠാനം സാദ്ധ്യമല്ല. ശരീരത്തെയും അതിന്റെ ദുർവ്യാപാരങ്ങളെയും നിയന്ത്രിക്കേണ്ടതു് അത്യാവശ്യമത്രെ. അങ്ങനെ ചെയ്യാത്തപക്ഷം അവ അരൂപിയുടെമേൽ അധികാരം ചെലുത്തുകയും അവസാനം പല തെററുകളിലും, കുററങ്ങളിലും നാം വീഴുന്നതിനിടയാക്കുകയും ചെയ്യും. സുകൃതാഭ്യസനത്തിൽ ശരീരം എപ്പോഴും ഉദാസീനത പ്രകടിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. നിത്യരക്ഷയ്ക്കു അവശ്യം വേണ്ട അനുഷ്ഠാനങ്ങൾ യഥാവസരം ആചരിക്കുന്നതിനു് ശരീരവും അതിന്റെ ആശാപാശങ്ങളുമായി നാം നിരന്തരപോരാട്ടം നടത്തേണ്ടിയിരിക്കുന്നു.

പുണ്യവാന്മാർ എല്ലാവരും ഈ തത്വം നല്ലതുപോലെ ഗ്രഹിച്ചിരുന്നു. ശരീരത്തെയും അതിന്റെ ദുരാശകളെയും

നിഗ്രഹിക്കാത്ത ഒരൊററ വിശുദ്ധൻപോലും ഇല്ല. സ്വയനിഗ്രഹത്തിൻെറയും, ആത്മപരിത്യാഗത്തിൻെറയും ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നതിനും ജഡത്തെയും അതിൻെറ അമിതാശകളെയും അടിച്ചമത്തുന്നതിൻെറ ഔചിത്യത്തെ വ്യക്തമാക്കുന്നതിനും വി. പൌലോസ് തന്നെപ്പററിത്തന്നെ ഇങ്ങനെ പറയുന്നു: "മററുള്ളവരോടു പ്രസംഗിച്ചവനായ ഞാൻ– അതേ, ഞാൻതന്നെ– പരിത്യജിക്കപ്പെട്ടുപോകാതിരിക്കേണ്ടതിനു് എൻെറ ശരീരത്തെത്തന്നെ ഞാൻ ദണ്ഡിപ്പിക്കുകയും കീഴ്പ്പെടുത്തുകയുമത്രെ ചെയ്യുന്നതു്" (1 കൊറീന്ത്യർ ix. 27)

വനവാസിയായ വി. അന്തോനീസ് സന്ധ്യാവേളയിൽ ഒരു ചെറിയ അപ്പക്കഷണവും കുറെ വെള്ളവും മാത്രമാണു് ആഹാരമായി കഴിച്ചിരുന്നതു്. ചിലപ്പോൾ മൂന്നും നാലും ദിവസത്തേക്കു് അദ്ദേഹം യാതൊന്നും ഭക്ഷിക്കാതിരിക്കുകയും ചെയ്തിരുന്നു. രാത്രി മുഴുവനും പ്രാത്ഥനക്കായി ചെലവഴിച്ചിരുന്നു. വെറും നിലത്തുകിടന്നാണു് അദ്ദേഹം ഉറങ്ങിയിരുന്നതു്. ദൈവശുശ്രൂഷക്കും ആത്മരക്ഷക്കും വേണ്ടത്ര സമയലാഭം നേടുന്നതിനായി കഴിയുന്നതും, ചുരുങ്ങിയ സമയംമാത്രമേ ശാരീരികാവശ്യങ്ങൾക്കായി ചിലവഴിക്കാവൂ എന്നു് അദ്ദേഹം തൻെറ ശിഷ്യന്മാരെ ഉപദേശിച്ചുമിരുന്നു.

വി. ക്ലാര എത്ര കഠിനമായ ത്യാഗമാണു് അനുഷ്ഠിക്കാതിരുന്നതു്? ബലഹീനമായ അവളുടെ ശരീരം ഇത്രയധികം ഉഗ്രമായ ദണ്ഡനങ്ങൾ സഹിച്ചതു് എപ്രകാരമെന്നു് ചിന്തിക്കാൻപോലും പാടില്ല. സവ്വസാധാരണയായി കുറെ അപ്പവും, സസ്യവും തിന്നുകൊണ്ടാണു് അവൾ ജീവിച്ചിരുന്നതു്. വലിയ നോയമ്പുകാലങ്ങളിൽ അപ്പവും, ജലവും മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. അതും ആഴ്ചയിൽ നാലുദിവസത്തേക്കുമാത്രം. മററു മൂന്നു ദിവസങ്ങളിൽ അവൾ യാതൊന്നും ഭക്ഷിച്ചിരുന്നില്ല. അവളുടെ ജീവിതത്തെപ്പററി ഉൽക്കണ്ഠ ജനിച്ചു് സന്യാസിനികൾ ഈ വസ്തുത മെത്രാനെയും, വി. ഫ്രാൻസിസ് അസ്സീസിയെയും ധരിപ്പിച്ചു. ഇപ്രകാരമുള്ള ഉഗ്രതപസ്സു് കുറച്ചു്, ആയുസ്സിനെ നിലനിറുത്തുന്നതിനവശ്യംവേണ്ട ഭക്ഷണം ദിവസേന ഉപയോഗിക്കുന്നതിനു അവർ അവളോടു കല്പിക്കുകയും, അവൾ അതനുസരിച്ചു് പ്രവൎത്തിക്കുകയും ചെയ്തു.

അവരുടെ അനുമതിയോടുകൂടി അവൾ ദിവസേന ഒന്നര ഔൺസ് അപ്പം ഭക്ഷിച്ചുതുടങ്ങി.

അതിശൈത്യകാലത്തുപോലും വി. ക്ലാര നിഷ്പ്പാദുകയായിട്ടായിരുന്നു സഞ്ചരിച്ചിരുന്നതു്. അവളുടെ വസ്ത്രം വളരെ കട്ടികൂടിയവയും പരുപരുത്തവയും ആയിരുന്നു. വെറും നിലമൊ, അല്ലെങ്കിൽ ഒരുകെട്ടു് മരച്ചില്ലികളൊ ആയിരുന്നു അവളുടെ കിടക്ക. ഒരു കഷണം പലകയായിരുന്നു തലയിണയായി അവൾ ഉപയോഗിച്ചിരുന്നതു്. ആയുസ്സിൻെറ അവസാനഘട്ടത്തിൽ മാത്രമേ തുകലിൽ പൊതിഞ്ഞ കറെ വൈക്കോൽ അവൾ തലയിണയായി ഉപയോഗിച്ചിരുന്നുള്ളു. എന്നാൽ അത്ഭുതമേ! കഠിന തപക്രിയകൾ അനുഷ്ഠിച്ചിരുന്ന വേളയിലെല്ലാം അവളുടെ മുഖത്തു് ആനന്ദവും, സ്നേഹഭാവവും കളിയാടിയിരുന്നു. ഇപ്രകാരം കഠോര പ്രായശ്ചിത്തങ്ങൾ ചെയ്തിരുന്ന പുണ്യാത്മാക്കൾ നമുക്കു് അനുകരണീയരല്ലെങ്കിൽ അവരുടെ മാതൃക നമ്മുടെ കൺമുമ്പാകെവെച്ചുകൊണ്ടു് നമ്മുടെ ആത്മീയാവശ്യങ്ങൾക്കു് അനുയോജ്യമാംവിധം കഴിവുപോലെ തപസ്സുകളും, പ്രായശ്ചിത്തങ്ങളും നിവ്വഹിച്ചുപോരേണ്ടതാണു്.

### c. പാപങ്ങൾക്കുള്ള അനിത്യശിക്ഷയെ പരിഹരിക്കാനും പ്രായശ്ചിത്തങ്ങൾ അനുഷ്ഠിക്കണം.

കുമ്പസാരമെന്ന കൂദാശ യോഗ്യതയോടുകൂടെ സ്വീകരിക്കുന്നപക്ഷം പാപങ്ങൾക്കുള്ള നിത്യശിക്ഷ നമ്മിൽനിന്നും നീങ്ങിപ്പോകും. അനിത്യശിക്ഷയാകട്ടെ പലപ്പോഴും അവശേഷിക്കും. അതിനു് പരിഹാരം ഇഹത്തിൽവെച്ചോ പരത്തിൽവെച്ചോ നാം ചെയ്യേണ്ടതായിട്ടുണ്ടു്. എന്നാൽ ഇഹത്തിലെ എല്ലാ കഷ്ടാരിഷ്ടതകളെയുംകാൾ ഏററം അധികരിച്ചതാണു് ശുദ്ധീകരണസ്ഥലത്തിലെ വേദന. ഓർശ്ലേമിലെ വി. സ്സിറില്ലോസ് പറയുന്നു: "ശുദ്ധീകരണസ്ഥലത്തിലെ ഏററവും നിസ്സാരമായ വേദനയോടു് ഇഹത്തിലെ വേദനയെ താരതമ്യപ്പെടുത്തിയാൽ, ഇഹത്തിലെ വേദന വെറും ഒരാശ്വാസം ആയിട്ടു നമുക്കു തോന്നും. ശുദ്ധീകരണസ്ഥലത്തിൽ അനുഭവിക്കേണ്ട വേദനയുടെ കഠോരത മനസ്സിലാക്കുന്ന ഒരാൾ ശുദ്ധീകരണസ്ഥല

ത്തിലെ വേദന ഒരു ദിവസത്തേയ്ക്കു സഹിക്കുന്നതിനെക്കാൾ ആദത്തിൻെറ കാലംമുതൽ ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാ പീഡകളെയും ലോകാവസാനംവരെ അനുഭവിപ്പാൻ കൂടുതൽ താല്പര്യപ്പെടുന്നതാണ്."

ഈ സംഗതിയെ ഉറപ്പിക്കുന്ന ഒന്നാണ് അന്തോനീനൂസ് എന്ന വിശുദ്ധൻ സാക്ഷിക്കുന്ന കീഴെ വിവരിക്കുന്ന ഒരു സംഭവം. ഭക്തനായ ഒരാൾക്ക് ദീനക്കിടക്കയിൽവെച്ച് അയാളുടെ കാവൽദൂതൻ പ്രത്യക്ഷനായി രണ്ടുകൊല്ലക്കാലത്തേയ്ക്കു കൂടെ ഈ രോഗപീഡയനുഭവിക്കാനാണോ, അതോ, മൂന്നു ദിവസത്തേയ്ക്ക് ശുദ്ധീകരണസ്ഥലത്തിലെ വേദന അനുഭവിക്കാനാണോ ഏതാണ് കൂടുതൽ ഇഷ്ടപ്പെടുന്നത് എന്നു അയാളോട് ചോദിക്കുകയുണ്ടായി. മൂന്നു ദിവസത്തെ ശുദ്ധീകരണവേദനയനുഭവിക്കാനാണ് താനാഗ്രഹിക്കുന്നത് എന്നു അയാൾ കാവൽദൂതനോട് പ്രത്യുത്തരം പറഞ്ഞു. അതിൻപ്രകാരം അയാൾ മരണം പ്രാപിച്ച് ശുദ്ധീകരണസ്ഥലത്തിലടയ്ക്കപ്പെട്ടു. എന്നാൽ ഒരുമണിക്കൂർ കഴിയുന്നതിനു മുൻപായി അയാൾ നിലവിളിച്ചു പറഞ്ഞതായത്: "ഞാൻ ഇവിടെ വേദനയനുഭവിക്കാൻ തുടങ്ങിയിട്ട് മൂന്നു ദിവസങ്ങൾ അല്ല, പിന്നെയോ അനേകവർഷങ്ങൾ കഴിഞ്ഞിരിക്കുന്നല്ലോ'' എന്ന്. കാവൽദൂതൻ ഇതിനു മറുപടിയായി: "നീ പറയുന്നത് എന്തു്? നീ മരിച്ചിട്ട് നിൻെറ മൃതശരീരത്തിൽനിന്നും ചൂട് മുഴുവനായി പോയിട്ടില്ല. പിന്നെ എന്തുകൊണ്ടാണ് അനേകവർഷങ്ങളായി നീ വേദന അനുഭവിക്കുന്നു എന്നു പറയുന്നതു്?''

നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ നാം നിയന്ത്രിക്കുകയും, തപസ്സും പ്രായശ്ചിത്തപ്രവൃത്തികളുംമൂലം ശരീരത്തെ നിഗ്രഹിക്കുകയും ചെയ്യുന്നപക്ഷം ശുദ്ധീകരണസ്ഥലത്തിൽ നാം അനുഭവിക്കേണ്ടതായ ഭയങ്കരശിക്ഷയിൽനിന്നും മുഴുവനായി മോചനം നേടുകയോ, ആ ശിക്ഷയുടെ ഏതാനും ഭാഗത്തിനു് പരിഹാരം വരുത്തുകയോ ചെയ്യാവുന്നതാണ്. നമ്മുടെ കഴിവിനു തക്ക താപസപ്രവൃത്തികൾ അനുദിനം ചെയ്യുന്നതിന് ഈ സംഗതി പ്രേരകമായിരിക്കേണ്ടതാണ്.

d. സ്വർഗ്ഗീയസൌഭാഗ്യത്തിൻെറ ഉന്നത പദവി പ്രാപിക്കുന്നതിനും പ്രായശ്ചിത്തപ്രവൃത്തികൾ ആവശ്യമാണ്.

ദൂരത്തുനിന്നും പതിവായി വെള്ളം കോരിക്കൊണ്ടിരുന്ന ഒരു വനവാസി, ബുദ്ധിമുട്ടു കുറയ്ക്കുവാൻവേണ്ടി തൻെറ വാസം അരുവിയുടെ സമീപത്തേയ്ക്ക് മാററുന്നതിനു തീരുമാനിച്ചു. എന്നാൽ അതിനു മുൻപായി അദ്ദേഹം ഒരിക്കൽ വെള്ളം കോരിക്കൊണ്ട് നടന്നുപോകുമ്പോൾ പിറകിൽനിന്നു ആരോ തൻെറ കാലടികളെ എണ്ണുന്നതായികേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ ഒരു യുവാവു് തൻെറ പിൻപിലായി നില്ക്കുന്നതു കണ്ടു. അദ്ദേഹം പറയുന്നു: "ഞാൻ ഒരു മാലാകാ ആണ്. നിൻെറ കാലടികൾ ഓരോന്നിനുമുള്ള പ്രതിഫലം നഷ്ടപ്പെട്ടുപോകാതിരിപ്പാൻവേണ്ടി ഞാൻ അതുകളെ എണ്ണിത്തിട്ടപ്പെടുത്തുകയാണ്". ഈ സംഭവത്തിനുശേഷം ആ സന്യാസി തൻെറ താമസം മാററുന്നതിന് പിന്നീട് ഒരിക്കലും ആലോചിച്ചിട്ടേ ഇല്ല. നേരെമറിച്ച്, കൂടുതൽ യോഗ്യത സമ്പാദിക്കുമാറ് താമസം കുറെക്കൂടി ദൂരത്തിലാക്കുവാൻ ആഗ്രഹിക്കുകപോലും ചെയ്തിരുന്നു.

പ്രായശ്ചിത്തങ്ങളും ത്യാഗങ്ങളും എത്രകണ്ടു കൂടുതൽ നാം അനുസരിച്ചുപോരുമോ, അത്രയും അധികമായിരിക്കും ദൈവതിരുമുമ്പിൽ നമ്മുടെ യോഗ്യത. അപ്രകാരംതന്നെ സ്വർഗ്ഗത്തിൽ വലിയ സൌഭാഗ്യം അവയ്ക്ക് പ്രതിഫലമായി നാം അനുഭവിക്കുകയും ചെയ്യും. നിത്യസൌഭാഗ്യമാകുന്ന ഫലത്തെ പുറപ്പെടുവിക്കുന്ന വിത്താകുന്നു ഓരോ ത്യാഗപ്രവൃത്തിയും. "അനുഗ്രഹങ്ങൾ വിതയ്ക്കുന്നവൻ അനുഗ്രഹങ്ങൾ കൊയ്യേട്ടക്കും" ( II കൊറി. ix. 6) നമുക്കു കൂട്ടിക്കിട്ടാൻ പാടുള്ള അല്പമായ സ്വർഗ്ഗീയസൌഭാഗ്യത്തോടുപോലും ഇഹത്തിലെ എല്ലാ സന്തോഷങ്ങളെയും നന്മയെയും തുല്യപ്പെടുത്താൻ വഹിയാ എന്ന വസ്തുത മനസ്സിലാക്കുന്നപക്ഷം സ്വർഗ്ഗത്തിൽ ഉന്നതമായ സന്തോഷസൌഭാഗ്യം ലഭ്യമാകുന്നതിനുവേണ്ടി സന്തോഷത്തോടും നന്മനസ്സോടുംകൂടെ പ്രായശ്ചിത്തങ്ങളും ത്യാഗങ്ങളും നാം അനുഷ്ഠിക്കാതിരിക്കയില്ല.

അതിനാൽ, ആശയടക്കങ്ങൾക്കു പുറമെ, പ്രായശ്ചിത്തപ്രവൃത്തികളും ചെയ്യുന്നതിൽ ശ്രദ്ധിക്കുക. പാപത്തിൽനിന്നും

രക്ഷിക്കപ്പെടുന്നതിനു് പ്രായശ്ചിത്തം ആവശ്യമാണു്. സുകൃതത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും, തന്മൂലം പരിപൂർണ്ണതയിലെത്തിച്ചേരുന്നതിനും അവ നമ്മെ സഹായിക്കുന്നു. നിൻെറ ദുരിച്ഛകളെ അടക്കുക; ഇന്ദ്രിയങ്ങൾക്കു് കടിഞ്ഞാൺ ഇടുക; പ്രധാനമായി കണ്ണുകളെയും ചെവിയെയും നാവിനെയും നിയന്ത്രിക്കുക. അനുയോജ്യമായ പ്രായശ്ചിത്തങ്ങൾ തന്നത്താൻ ഏറെറടുക്കുക. അതു വഴിയായി ശരീരത്തെയും പഞ്ചേന്ദ്രിയങ്ങളെയും, ആത്മാവിനു കീഴ്പ്പെടുത്തി ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യം നേടുക. തപസ്സിൻെറ അനുഷ്ഠാനത്തിൽ സ്വഭാവവും ആശാപാശങ്ങളും ആത്മാവിനെതിരായി നിൽക്കുന്നുവെങ്കിൽ അൽക്കാന്ത്രായിലെ വി. പത്രോസിനോടുകൂടെ ഇപ്രകാരം പറയുക: "എൻെറ ശരീരമേ, നീ അടങ്ങിയിരിക്കുക; ഈ ജീവിതത്തിൽ നിനക്കു ഞാൻ വിശ്രമം തരുന്നതല്ല. ഇഹത്തിൽവെച്ചു് വേദനയും പീഡയുംമാത്രം നീ എന്നിൽനിന്നു പ്രതീക്ഷിച്ചാൽ മതി; എന്നാൽ നമ്മൾ സ്വർഗ്ഗത്തിൽ എത്തിച്ചേരും. അപ്പോൾ അവസാനമില്ലാത്ത വിശ്രമവും സൌഭാഗ്യവും അവിടെ നമുക്കു അനുഭവിക്കാം" ത്യാഗങ്ങളും, തപസ്സും ഈ മഹാ പുണ്യവാനോടു ചേർന്നു നാം അനുഷ്ഠിക്കുന്നെങ്കിൽ വി. അമ്മത്രേസ്യായോടു അദ്ദേഹം പറഞ്ഞ വാക്യം നമുക്കും പറയാൻ ഇടയാകും. അതായതു് "ഹാ! ഇത്ര മഹത്തായ മോക്ഷസൌഭാഗ്യം എനിക്കായി സമ്പാദിച്ചുതന്ന ഭാഗ്യപ്പെട്ട തപസ്സേ!".

## 14. പരസ്പര സ്നേഹവും കൂട്ടജീവിതവും

മിശിഹായുടെ പ്രേമശിഷ്യനായ വി. യോഹന്നാനെക്കുറിച്ച് വി. ഈറാനീമ്മോസ് ഇങ്ങനെ പറയുന്നു:– വി. യോഹന്നാൻ പ്രായാധിക്യത്താൽ അവശതയിലെത്തിയപ്പോൾ അദ്ദേഹത്തിൻെറ ശിഷ്യന്മാർ പ്രയാസപ്പെട്ട് വിശ്വാസികളുടെ സമ്മേളനസ്ഥലത്തു അദ്ദേഹത്തെ കൊണ്ടുചെല്ലുക പതിവായിരുന്നു. അപ്പോഴൊക്കയും "പ്രിയ കുഞ്ഞുങ്ങളെ, നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ" എന്നതുമാത്രമായിരുന്നു അദ്ദേഹത്തിൻെറ വാക്കുകൾ. കേൾവിക്കാർ അതേ വാക്കുകൾകേട്ടു മുഷിഞ്ഞ് എപ്പോഴും ഒന്നുംതന്നെ പറയുന്നത് എന്തുകൊണ്ടാണെന്ന് അദ്ദേഹത്തോട് ചോദിച്ചതിനു് അതു ന. ദിവ്യരക്ഷകൻെറ കല്പനയാണെന്നും അതു നിവ്വഹിക്കുന്നപക്ഷം വേണ്ടുവോളം മതിയെന്നും അതിനാലാണ് അപ്രകാരം വീണ്ടും വീണ്ടും പറയുന്നതെന്നും ആയിരുന്നു അദ്ദേഹത്തിൻെറ മറുപടി.

അതേ, അയൽക്കാരോടുള്ള സ്നേഹം മിശിഹാകത്താവിൻെറ കല്പനയാകുന്നു. ദൈവത്തെ സ്നേഹിക്കണമെന്നുള്ള കല്പനയോടു അതു തുല്യവുമാകുന്നു. എന്തെന്നാൽ, "നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും നീ സ്നേഹിക്കുക എന്നുള്ള രണ്ടാമത്തെ കല്പന ഇതിനോടു തുല്യമാകുന്നു" (മത്താ. xxii. 39) എന്നാണല്ലൊ ന. ദിവ്യരക്ഷകൻ ഉറപ്പിച്ചു പറയുന്നതു്. അതിനാൽ അയൽക്കാരനെ സ്നേഹിക്കണമെന്നുള്ള കല്പന നാം ശരിയായി നിവ്വഹിക്കുന്നുവെങ്കിൽ നാം ദൈവത്തെയും സ്നേഹിക്കുന്നു എന്നു പറയാം. ദൈവത്തെ സ്നേഹിക്കുന്നവനാകട്ടെ പൂണ്ണതയുടെ വഴിയിൽ നടക്കുന്നു. ഇങ്ങനെതന്നെ, കൂട്ടജീവിതത്തിനു പ്രത്യേകമായിട്ടുള്ള കടമകളെ നിവ്വഹിക്കുന്നതിനും ഈ പരസ്പരസ്നേഹം മതിയാകും. ക്രിസ്തീയമായ വിധത്തിൽ നാം പരസ്പരം സ്നേഹിക്കുന്നപക്ഷം, നമ്മുടെ മദ്ധ്യേ സമാധാനവും ഐകമത്യവും കുടികൊള്ളുകയും, കൂട്ടുകാരുടെ കുററങ്ങളെയും കുറവുകളെയും നാം ക്ഷമിക്കുകയും, പലവിധമായ ആവശ്യങ്ങളിൽ നാം പരസ്പരം സഹായിക്കുകയും, സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ

ക്രൂടെ നടക്കുന്നതിനു് ആത്മാൎത്ഥമായി നാം പരിശ്രമിക്കുകയും ചെയ്യും.

ആകയാൽ, നാം പരസ്പരം സ്നേഹിക്കുന്നതു് എന്തിനു്, ഈ സ്നേഹം പ്രദൎശിപ്പിക്കേണ്ടതു് എങ്ങനെ എന്നീ രണ്ടു കാൎയ്യങ്ങളെപ്പററി സ്വല്പം ചിന്തിക്കാം.

## 1. സന്യസ്തർ എന്തുകൊണ്ടു് പരസ്പരം സ്നേഹിക്കണം?

a. മിശിഹാകൎത്താവു ഇതിനെ വളരെ കാൎയ്യമായി കല്പിച്ചിരിക്കുന്നു.

"നിങ്ങൾ പരസ്പരം സ്നേഹിക്കണമെന്നുള്ളതു് എൻെറ കല്പനയാകുന്നു. (യോഹ. xv. 12.) ഇവിടെ അയൽക്കാരനെ സ്നേഹിക്കണമെന്നുള്ളതു് തൻെറ കല്പനയെന്നു മിശിഹാ പറയുന്നതെന്തുകൊണ്ടു്? അവിടുന്നു നമുക്കു വേറെ കല്പനകൾ തന്നിട്ടില്ലയോ? സുവിശേഷത്തിൽ നാം വായിക്കുന്നതുപോലെ വേറെയും കല്പനകൾ താൻ നമുക്കു നൽകിയിട്ടുണ്ടു്. ഉദാഹരണമായി, പ്രാൎത്ഥിക്കുന്നതിനും, ഹൃദയഎളിമയുള്ളവരും ശാന്തശീലരും ആയിരിക്കുന്നതിനും, നമ്മെത്തന്നെ നിഗ്രഹിക്കുന്നതിനും, നമ്മുടെ കുരിശു വഹിക്കുന്നതിനും മററും. ഇനി, ഒരുപക്ഷേ തൻെറ മററു കല്പനകൾ നാം നിൎവ്വഹിക്കണമെന്നു് അവിടുന്നു നിഷ്കൎഷിക്കുന്നില്ലെന്നു വരുമോ? ഒരിക്കലുമില്ല. അവയെല്ലാം നാം കാക്കുകതന്നെ വേണം. പ്രധാനപ്പെട്ട ഒരു വിഷയത്തിൽ ഇവയിൽ ഏതെങ്കിലുമൊന്നു് നാം ലംഘിക്കുന്നപക്ഷം അതു ചാവുദോഷമായിത്തീരുകയും നമുക്കു മോക്ഷം നഷ്ടപ്പെടുകയും ചെയ്യും. പിന്നെ എന്തുകൊണ്ടാണു് അയൽക്കാരനെ സ്നേഹിക്കണം എന്നുള്ളതു 'എൻെറ കല്പന' ആണെന്നു് മിശിഹാ പ്രസ്താവിക്കുന്നതു്? അതിനുള്ള ഏക കാരണം, ഈ കല്പനയെ താൻ വളരെ കാൎയ്യമായി ഗണിക്കുന്നുവെന്നും, നാം അതു നിൎവ്വഹിക്കണമെന്നു താൻ പ്രത്യേകം നിഷ്കൎഷിക്കുന്നുവെന്നും നമ്മെ ഗ്രഹിപ്പിക്കണം എന്നതാണു്. ആകയാൽ, പരസ്പരം സ്നേഹിക്കാതിരിക്കുകയും അങ്ങനെ ഹൃദയൈക്യം ഇല്ലാതെ ജീവിക്കുകയും ചെയ്യുന്നവർ മിശിഹായുടെ ഏററം പ്രിയപ്പെട്ട കല്പ

നയ്ക്കു വിരോധമായി പ്രവൎത്തിക്കുകയും അങ്ങനെ തന്റെ കണ്ണി ലുണ്ണിയായ കല്പനയെ ലംഘിച്ചുകൊണ്ടു് അങ്ങയെ അഗാധ മായി ഉപദ്രവിക്കുകയും ചെയ്യുന്നതാണു്.

b. ഇതു ഒരു പുതിയ പ്രമാണമാണെന്നു മിശിഹാ പ്രസ്താവിക്കുന്നു.

"നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ എന്നൊരു പുതിയ പ്രമാണം ഞാൻ നിങ്ങൾക്കു തരുന്നു." (യോഹ. xiii. 34.) സഹോദരസ്നേഹത്തിന്റെ പ്രമാണം എല്ലാ മനുഷ്യരുടെ ഹൃദ യത്തിലും ദൈവം പണ്ടേതന്നെ ഉല്ലേഖനം ചെയ്തിട്ടുണ്ടു്. ജന ങ്ങൾക്കാകട്ടെ ഈ കല്പന ദൈവം സ്പഷ്ടമായും നൽകിയിട്ടുണ്ടു്. അതിനാൽ, ഇതൊരു പുതിയ കല്പനയല്ല. പിന്നെയോ മനുഷ്യ ജാതിയോളം പഴക്കമുള്ളതാണു്. എന്നിട്ടും മിശിഹാ ഇതിനെ ഒരു പുരിയ പ്രമാണം എന്നു വിളിക്കുന്നു. എന്തുകൊണ്ടെന്നാൽ, അതിനെ കാക്കുന്നതിനു് തന്റെ അനുഗാമികളായ നമുക്കു പുതുതായ മുഖാന്തിരങ്ങൾ ഉണ്ടു്. തന്നിമിത്തം, നവവും ഉത്ത മവുമായ വിധത്തിൽ നാം അതിനെ കാക്കേണ്ടതാണു്. പഴയ നിയമത്തിൽ മനുഷ്യർ പരസ്പരം സ്നേഹിച്ചിരുന്നതു് ദൈവത്തി ന്റെ സൃഷ്ടികൾ എന്നുള്ള നിലയിലോ അബ്രാഹത്തിന്റെ സ ന്തതികൾ എന്ന നിലയിലോ ആയിരുന്നു. അതിനാൽ, അവ രുടെ സ്നേഹം പരിമിതവും അപൂൎണ്ണവും ആയിരുന്നു. ക്രിസ്ത്യാ നികളായ നാമോ എന്നാൽ അയൽക്കാരെ സ്നേഹിക്കേണ്ടതു് ദൈവമക്കളെന്ന നിലയിലും മിശിഹായുടെ സഹോദരരെന്ന നിലയിലും നിത്യഭാഗ്യത്തിന്റെയും മഹിമയുടെയും സഖാക്ക ളെന്നുള്ള നിലയിലുമാകുന്നു. മിശിഹായുടെ ദൃഷ്ടാന്തം അനുസ രിച്ചുവേണം നാം അയൽക്കാരനെ സ്നേഹിക്കുവാൻ. ശ്ലീഹാ പറ യുന്നതുപോലെ, മിശിഹാ നമുക്കുവേണ്ടി ഒരു ബലിവസ്തു ആയി ത്തീരത്തക്കവണ്ണം നമ്മെ സ്നേഹിച്ചു. ഈ അൎത്ഥത്തിൽ സഹോ ദരസ്നേഹം ഒരു പുതിയ പ്രമാണംതന്നെയാകുന്നു. സന്യാസ ത്തിൽ പരസ്പരം സ്നേഹിക്കുന്നതിനു് വളരെ പ്രധാനമായ ഒരു മുഖാന്തിരം ഇവിടെ നാം കാണുന്നു. സഹോദരസ്നേഹ ത്തിന്റെ പ്രാധാന്യം നമ്മുടെ മനസ്സിൽ ഗാഢമായി പതിക്കു ന്നതിനു് മിശിഹാ ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ അതു് ഒരു പുതിയ പ്രമാണമായി താൻ ഉയൎത്തുമായിരുന്നില്ല.

C. തൻെറ ശിഷ്യരെന്നു് അറിയപ്പെടുന്നതിനുള്ള ഒരു അടയാളമായി സഹോദരസ്നേഹത്തെ മിശിഹാ ചൂണ്ടിക്കാണിക്കുന്നു.

"നിങ്ങൾ പരസ്പരം സ്നേഹിക്കുന്നെങ്കിൽ അതു വഴിയായി നിങ്ങൾ എൻെറ ശിഷ്യരാകുന്നെന്നു് എല്ലാ മനുഷ്യരും അറിയും." (യോഹ. xiii. 35.) രാജാക്കളും പ്രഭുക്കളും അവരുടെ ദാസന്മാരെ എല്ലാവരും തിരിച്ചറിയുന്നതിനുവേണ്ടി പ്രത്യേക ചിഹ്നങ്ങൾ കൊടുക്കാറുണ്ട്. ഇപ്രകാരംതന്നെ, മിശിഹായും തൻെറ വിശ്വസ്ത ദാസന്മാരെ തിരിച്ചറിയുന്നതിനുള്ള അടയാളമായി സഹോദരസ്നേഹത്തെ സ്ഥാപിച്ചിരിക്കുന്നു. ആദിമ ക്രിസ്ത്യാനികളിൽ അജ്ഞാനികൾ കണ്ടു വിസ്മയിച്ചിരുന്ന പ്രത്യേക ഗുണം സഹോദരസ്നേഹം ആയിരുന്നു. "ഈ ക്രിസ്ത്യാനികൾ എങ്ങനെ പരസ്പരം സ്നേഹിക്കുന്നുവെന്നു നോക്കുക. ഒരുവൻ വേറൊരുത്തനുവേണ്ടി മരിക്കുന്നതിനുപോലും തയ്യാറാണ്. ഒരേ പിതാവിൻെറ മക്കളെപ്പോലെ അവർ കാണപ്പെടുന്നു. ഭാഷയാകട്ടെ, ജാതിയാവട്ടെ, രാജ്യത്തിൻെറ പ്രത്യേക നടപ്പുകളാകട്ടെ, സ്ഥിതിവ്യത്യാസമാവട്ടെ അവരെ തമ്മിൽ വേർതിരിക്കുന്നതിനു മതിയാകുന്നില്ല" എന്നത്രെ അന്നത്തെ ക്രിസ്ത്യാനികളെപ്പററി അജ്ഞാനികൾ പറഞ്ഞിരുന്നതു്.

വേദമർദ്ദനകാലങ്ങളിൽ അവരുടെ പരസ്പരസ്നേഹം വഴിയായിട്ടു ഈ ക്രിസ്ത്യാനികൾ പലപ്പോഴും തിരിച്ചറിയപ്പെടുന്നതിനു് ഇടയായിട്ടുണ്ടു്. പരസ്നേഹപ്രവൃത്തികളിൽ ആരെങ്കിലും പ്രമുഖനായി കാണപ്പെട്ടിരുന്നപ്പോൾ "ഇയാൾ ഒരു ക്രിസ്ത്യാനിയായിരിക്കണം. എന്തെന്നാൽ, നമ്മുടെ മതാവലംബികളിൽ ഈദൃശ സഹോദരസ്നേഹം കാണപ്പെടുകയില്ല" എന്നു് അജ്ഞാനികൾ പറഞ്ഞിരുന്നു. അവർക്കു ഇതിൽ അബദ്ധം പിണഞ്ഞിരുന്നുമില്ല. എന്തെന്നാൽ, നീ ക്രിസ്ത്യാനിയാണോ എന്നു ചോദിച്ചിരുന്നപ്പോഴൊക്കയും അതെ എന്നുള്ള ഉത്തരമാണു് അവർക്കു ലഭിച്ചിരുന്നതു്. വി. ക്രിസോസ്തോമിൻെറ പ്രസ്താവം സന്ദർഭോചിതമാണു്: "ക്രിസ്തുമതത്തിനു പല ലക്ഷണങ്ങൾ ഉണ്ടു്. എന്നാൽ, ഏററം വിശിഷ്ടമായതു് പരസ്പര സ്നേഹമാണ്." നാം കുരിശടയാളം വരയ്ക്കുന്നു, ജപമാല ജപിക്കുന്നു, കുമ്പസാരിക്കുന്നു, കുർബാന കൈക്കൊള്ളുന്നു. ഇവയെല്ലാം കത്തോലിക്കാ ക്രിസ്ത്യാനികളെ തിരിച്ചറിയുവാനുള്ള

ലക്ഷണങ്ങളാണെന്നു പറയാം. എന്നാൽ, ഏററം പ്രധാന ലക്ഷണമായ സഹോദരസ്നേഹമില്ലെങ്കിൽ ഇവയെല്ലാം ഫലശൂന്യമത്രെ. ആരുടെയെങ്കിലുംനേരെ വെറുപ്പോ വിദ്വേഷമോ നമ്മുടെ മനസ്സിലുണ്ടെങ്കിൽ നാം ക്രിസ്തുവിനുള്ളവരല്ല. ഭോഷികളായ കന്യകകളുടെ ഉപമയിലെപ്പോലെ 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നായിരിക്കും മിശിഹാ നമ്മോടു അരുളിച്ചെയ്യുക. ഇവയെപ്പററി ഗാഢമായി ചിന്തിപ്പിൻ.

d. സഹോദരസ്നേഹമില്ലെങ്കിൽ ഒരു പ്രവൃത്തിയും ദൈവത്തിനു് ഇഷ്ടമായിരിക്കയില്ല എന്നതിനാലും നാം പരസ്പരം സ്നേഹിക്കണം.

ക്രിസ്തുവിൻെറ വാക്കുകളിൽനിന്നു് ഇതു വിശദമാകുന്നു. "ബലിപീഠത്തിൽ നിൻെറ കാഴ്ചകളെ നീ സമർപ്പിക്കുമ്പോൾ നിനക്കു എതിരായി, നിൻെറ സഹോദരനു് എന്തെങ്കിലും ഉണ്ടെന്നു് ഓർമ്മിക്കുന്നപക്ഷം നിൻെറ കാഴ്ചവസ്തു ബലിപീഠത്തിൽവെച്ചിട്ടു് പോയി നിൻെറ സഹോദരനോടു രമ്യപ്പെടുകയും പിന്നീടു വന്നു കാഴ്ച സമർപ്പിക്കുകയും ചെയ്യുക." (വി. മത്തായി v. 23, 24.)

ബലികൾ ദൈവത്തിനു വളരെ ഇഷ്ടമുള്ളവയാണു്. എന്തെന്നാൽ മനുഷ്യരുടെ പരമനാഥനായ ദൈവത്തോടു അവർ ചെയ്യേണ്ട ആരാധന നിർവ്വഹിക്കുന്നതിനും, തന്നിൽനിന്നു സ്വീകരിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദിപറയുന്നതിനും, തങ്ങളുടെ അപരാധങ്ങളെക്കുറിച്ചു മാപ്പപേക്ഷിക്കുന്നതിനും, ഹൃദയഎളിമയോടുകൂടി അവക്കു ആവശ്യമായ സകലത്തെയും തന്നോടു യാചിക്കുന്നതിനും വേണ്ടിയത്രെ അവർ അവ സമർപ്പിക്കുന്നതു്. എല്ലാ പൂജകളിലുംവെച്ചു് ദൈവത്തിനു ഏററം ഇഷ്ടമായിട്ടുള്ളതു് കുർബാന എന്ന ബലിയാകുന്നു. എന്തുകൊണ്ടെന്നാൽ, അതിൽ തൻെറ സ്നേഹകുമാരനായ ഈശോമിശിഹായത്രെ സമർപ്പിക്കപ്പെടുന്നതു്. അതിപരിശുദ്ധമായ ഈ ബലിപോലും സഹോദരസ്നേഹമില്ലാത്ത ഹൃദയത്തോടുകൂടി നാം സമർപ്പിക്കുന്നപക്ഷം അതു നമ്മുടെ കരങ്ങളിൽനിന്നു് സ്വീകരിച്ചുകൊണ്ടു് രക്ഷയും വരപ്രസാദവും നമ്മിലേയ്ക്കു പ്രവഹിക്കുന്നതിനു് ദൈവം അനുവദിക്കുമെന്നു വിചാരിക്കേണ്ടതില്ല.

തോമസ് ആക്കെമ്പിസ് എന്ന വന്ദ്യൻ ഒരു അസാധാരണ സംഭവം രേഖപ്പെടുത്തുന്നു. ഒരു യുവാവു കർബാന കണ്ടുകൊണ്ടിരുന്നപ്പോൾ തിരുവോസ്തി കാണുന്നതിനു സാധിക്കാതെ വന്നു. തൻെറ കണ്ണുകളുടെ ദുർബ്ബലതകൊണ്ടോ, ബലിപീഠത്തിൽനിന്നും വളരെ ദൂരെ മുട്ടുകുത്തിയിരുന്നതുകൊണ്ടോ ആയിരിക്കാം ഇങ്ങനെ സംഭവിക്കുന്നതു് എന്നു അയാൾ വിചാരിച്ചു. തൻനിമിത്തം, പൂജ സമപ്പിച്ചിരുന്ന പട്ടക്കാരനോടു അവൻ അടുത്തു സ്ഥലം പിടിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും പട്ടക്കാരൻെറ കയ്യിൽ പിടിച്ചിരുന്ന തിരുവോസ്തി കാണുന്നതിനു് അവനു സാധിച്ചില്ല. രണ്ടു വഷ്ക്കാലത്തേക്കു അനുദിനം ഈ സംഭവം ഇപ്രകാരം നടന്നു. ഒടുവിൽ അവൻ ഹൃദയം കലങ്ങി ഒരു പട്ടക്കാരനോടു കുമ്പസാരിച്ചു് ഈ സാഹചയ്യം വെളിപ്പെടുത്തി. കുമ്പസാരക്കാരൻ അവനോടു പല ചോദ്യങ്ങൾ ചെയ്യതിൻെറ ഫലമായി അവനു ഒരു അയൽക്കാരനോടു വിരോധമുണ്ടെന്നും ഇക്കാലമെല്ലാം അവൻ അവനോടു ക്ഷമിച്ചിട്ടില്ലെന്നും മനസ്സിലായി. അപ്പോൾ അദ്ദേഹം അവനോടു പറഞ്ഞു: "എൻെറ മകനേ, അയൽക്കാരനു വിരോധമായി ഒരു വെറുപ്പു നിൻെറ ഹൃദയത്തിൽ നീ പാലിക്കുന്നു. ഇതിൻെറ ഫലമായിട്ടാണു നിനക്കു തിരുവോസ്തി കാണാൻ സാധിക്കാത്തതെന്നു ഞാൻ വിചാരിക്കുന്നു. ക്രിസ്തീയ ഉപവി ഇല്ലായ്മ നിമിത്തം നീ സംബന്ധിക്കുന്ന ദിവ്യബലികളിൽ ഓഹരി പ്രാപിക്കുന്നതിനു നിനക്കു സാദ്ധ്യമല്ലെന്നു ഈശോമിശിഹാ ഈ അത്ഭുതം മുഖേന നിന്നെ ധരിപ്പിക്കണമെന്നാണാഗ്രഹിക്കുന്നതു്." ആ യുവാവു തൻെറ തെററു മനസ്സിലാക്കി ഹൃദയപൂവ്വം ശത്രുവിനോടു ക്ഷമിക്കുകയും പാപമോചനം സ്വീകരിക്കുകയും ചെയ്തു. അടുത്ത ദിവസം അവൻ കുബ്ബാന കണ്ടിരുന്നപ്പോൾ മററു വിശ്വാസികളെപ്പോലെതന്നെ പട്ടക്കാരൻെറ കയ്യിൽ ഇരുന്നിരുന്ന തിരുവോസ്തി കാണുന്നതിനു അവനു സാധിച്ചു. അയൽക്കാരനോടു ശത്രുത്വംവെച്ചുകൊണ്ടു് ദിവ്യബലിതന്നെയായിരുന്നാലും ദൈവത്തിനു സമപ്പിക്കുകയോ കാണുകയോ ചെയ്താലും വിശേഷഫലമൊന്നും ലഭിക്കുന്നതല്ലെന്നു് ദൈവം ഇതുമൂലം വെളിവാക്കി. ഇപ്രകാരംതന്നെ, നാമും പരസ്പരമുള്ള ക്രിസ്തീയ സ്നേഹം പാലിക്കാതിരുന്നാൽ, തക്കങ്ങൾക്കും വിദ്വേഷങ്ങൾക്കും ഇടംകൊടുക്കുന്നതായാൽ, നമ്മുടെ പ്രാത്ഥനയും കർബാന സ്വീകരണങ്ങളും മററു ഭക്താഭ്യാസങ്ങളും

സൽപ്രവൃത്തികളും എല്ലാം ദൈവതിരുമുമ്പാകെ ഫലവും വിലയും ഇല്ലാത്തതായിരിക്കും. ആകയാൽ, പരവിദ്വേഷമോ വെറുപ്പോ നമ്മുടെ ഹൃദയങ്ങളിൽ സ്ഥലം പിടിക്കാതിരിക്കണം.

e. നാം സന്യസ്തരാകകൊണ്ടും പരസ്പരം സ്നേഹിക്കണം.

അലക്സാണ്ട്റിയായിക്കു സമീപം ഒരു വിശ്രുതമായ സന്യാസഭവനം ഉണ്ടായിരുന്നെന്നും പരിശുദ്ധവും പരമാർത്ഥവുമായ പരസ്നേഹം അവിടെ പരിലസിച്ചിരുന്നതിനാൽ അതിലെ നിവാസികൾ സ്വർഗ്ഗീയമായ സമാധാനം അനുഭവിച്ചിരുന്നുവെന്നും ജോൺ ക്ലിമാക്കസ് എന്ന പുണ്യവാൻ എഴുതിയിരിക്കുന്നു. അവരിൽ ആരെങ്കിലും മറ്റൊരാളെപ്പററി ആവലാതി പറയുന്നതായി കണ്ടാൽ അതാദ്യം അറിയുന്ന ആളിന്റെ ആംഗ്യത്താൽമാത്രം അതു ശമിച്ചിരുന്നു. എന്നാൽ ഇതിനു വിപരീതമായി അവർ രമ്യപ്പെടുന്നതിനു മനസ്സുകേടു കാണിച്ചാൽ വേറൊരു ഭവനത്തിലേക്കു ഇരുവരെയും ബഹിഷ്ക്കരിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ, ഇത്ര നീചമനഃസ്ഥിതി പ്രദർശിപ്പിച്ചിരുന്നവർ ആ ആശ്രമത്തിൽ വസിക്കുന്നതിനു് യോഗ്യരല്ലെന്നു പറഞ്ഞിരുന്നു. ഒരാശ്രമത്തിലെ വാസികൾ പരസ്പരം നന്നായി സംസാരിക്കയും സഹായിക്കുകയും സമാധാനത്തോടുകൂടി വസിക്കുകയും ചെയ്യുകാണുന്നതു് എത്ര മനോഹരം! തൻമൂലമത്രെ അവർ സഹോദരങ്ങളെന്നു പരസ്പരം സംബോധന ചെയ്യുന്നതു്. എന്തെന്നാൽ രക്തബന്ധമൊന്നുമില്ലെങ്കിലും ഉപവിയുടെ ബന്ധത്താൽ അവർ സഹോദരങ്ങളാകുന്നു. ഈ ഉപവി ഇല്ലാത്തവർ സാക്ഷാൽ സഹോദരനാമത്തിനു അർഹരല്ല. വസ്ത്രംകൊണ്ടു മാത്രമേ സഹോദരനാമത്തിനു യോഗ്യരായിരിക്കുന്നുള്ളു.

“ഒരു ഭവനത്തിന്റെ കല്ലും മരവുമെല്ലാം യോജിച്ചിരിക്കുന്നതായി കണ്ടാൽ അതിൽ പ്രവേശിക്കുന്നതിനു നാം ഭയപ്പെടുകയില്ല. എന്തെന്നാൽ, അതു ഇടിഞ്ഞുവീഴുമെന്നു ശങ്കിക്കാനില്ല. എന്നാൽ കല്ലും മരവും വേർപെട്ടു നിൽക്കുന്നതായി കണ്ടാൽ അതിനകത്തു പ്രവേശിക്കുന്നതിനു നാം ധൈര്യപ്പെടുകയില്ല” എന്നു വി. അഗ്രസ്തീനോസ് പറയുന്നു. ഈ പ്രസ്താവനയെപ്പററി വി. അല്ഫോൻസ് ലിഗോരി പറയുന്നതായതു്: “ആശ്രമവാസികൾ എല്ലാവരും പരിശുദ്ധ സ്നേഹത്താൽ ബന്ധിക്കപ്പെട്ടിരി

ക്കുന്ന സന്യാസഭവനങ്ങൾ ഭാഗ്യമുള്ളവയെന്നും വെറുപ്പോ വിദ്വേഷമോ നിമിത്തം വേർപെട്ടു നിൽക്കുന്നവരുടെ ആശ്രമം നിർഭാഗ്യമുള്ളതെന്നും ഈ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നു. ഇത്തരം ആശ്രമങ്ങളെ നരകം എന്നുവേണം പറയുവാൻ. അവ ദൈവഭവനങ്ങളേയല്ല, പിശാചുക്കളുടെ വാസസ്ഥലങ്ങളാകുന്നു. രക്ഷയുടെ ഭവനങ്ങളുമല്ല, നാശത്തിൻെറ ഭവനങ്ങളത്രെ. പാവപ്പെട്ട പ്രാർത്ഥനകൾ, പാവപ്പെട്ട ബലികൾ, പാവപ്പെട്ട കർബാനസ്വീകരണങ്ങൾ എന്നെല്ലാമാണു അവിടെ നടക്കുന്ന സൽകൃത്യങ്ങളെപ്പററി പറയേണ്ടതു്. എന്തുകൊണ്ടെന്നാൽ, സഹോദരസ്നേഹമില്ലാത്തിടത്തു് ബോധയടക്കമുണ്ടാകയില്ല, സമാധാനവുമുണ്ടായിരിക്കയില്ല. അവിടെ ദൈവം തന്നെയും കണ്ടെത്തപ്പെടുകയില്ല.'' കുരിശവിടെ ഉണ്ടായിരിക്കും. എന്നാൽ അതിന്മേൽ ആശ്വാസപ്രദനായ മിശിഹാ ഉണ്ടായിരിക്കയില്ല. പരസ്പരസ്നേഹം പാലിക്കുന്നതിനു് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും, അല്പമായ വിരോധങ്ങളെപ്പോലും വെച്ചുപുലത്താതിരിക്കേണ്ടതാണെന്നും നമ്മെ ബോദ്ധ്യപ്പെടുത്തുന്നതിനു് മേൽപറഞ്ഞതു് വേണ്ടുവോളം മതിയാകും.

## 2. സന്യസ്തർ എങ്ങനെ പരസ്പരം സ്നേഹിക്കണം?

### 1. ഹൃദയംകൊണ്ടു് പരസ്പരം സ്നേഹിക്കണം

എല്ലാ പുണ്യങ്ങളെയുംപോലെ സ്നേഹത്തിൻെറയും ഇരിപ്പിടം ഹൃദയമാകുന്നു. ഹൃദയത്തിൽനിന്നു പുറപ്പെടാത്ത പ്രകടനങ്ങളും സ്നേഹലക്ഷ്യങ്ങളും വെറും നാട്യങ്ങളും വഞ്ചനകളും മാത്രമാണു്. ക്രിസ്തുവിൻെറ ഉത്തമസ്നേഹിതരെന്നു നടിക്കുകയും എന്നാൽ ഉള്ളിൽ തന്നെ കഠിനമായി ദ്വേഷിക്കുകയും കൊല്ലുന്നതിനുപോലും ദുരാലോചന ചെയ്യുകയും ചെയ്ത പ്രീശന്മാരുടെ സ്നേഹംപോലെയാകുന്നു അതു്.

a. അയൽക്കാരൻെറ നേരെ സന്മനോഭാവം ഉണ്ടായിരിക്കയും, എല്ലാ നന്മയും അവനുവേണ്ടി ആഗ്രഹിക്കുകയും,

അവൻെറ ഉൽക്കൎഷത്തിൽ സന്തോഷിക്കയും അപകൎഷത്തിൽ ദുഃഖിക്കയും ചെയ്യു.

ഒരുവൻ ആരോടെങ്കിലും വെറുപ്പു വെച്ചുകൊണ്ടിരിക്കയും, ആ വെറുപ്പ് വിദ്വേഷമായി പരിണമിക്കയും, തന്മൂലം വലിയ തിന്മ അവനു സംഭവിക്കണമെന്നാഗ്രഹിക്കുകയോ അങ്ങനെ ഏതെങ്കിലും സംഭവിച്ചാൽ സന്തോഷിക്കുകയോ അവസരം കിട്ടുമെങ്കിൽ പകരംവീഴ്ച ചെയ്യണമെന്ന് നിശ്ചയിക്കുകയോ ചെയ്യുകയും ചെയ്യുന്നപക്ഷം പരസ്നേഹത്തിനു വിരോധമായി അവൻ ഗൗരവമായി പിഴയ്ക്കുന്നു. ഇത്ര നികൃഷ്ടവും അക്രിസ്തീയവുമായ മനോഭാവം അത്മേനികളുടെയിടയിൽ പോലും സാധാരണ കണ്ടെത്താറില്ല. എന്നിരിക്കെ, നിസ്സാര വെറുപ്പുകൾപോലും നമ്മിൽ ഉണ്ടാകാതിരിപ്പാൻ നാം ശ്രദ്ധിക്കണം. എന്തെന്നാൽ, ഹൃദയസമാധാനത്തെ കവരുന്ന അല്പ കുററമെങ്കിലും അവയിൽ ഉണ്ടാകാതിരിക്കയില്ല. ആരുടെ നേരെയെങ്കിലും അല്പമായ ഒരു വിദ്വേഷം ഉണ്ടായിരുന്നാൽ ഒരുവിധ അസുഖം നമുക്കനുഭവപ്പെടും. ദൈവത്തിലുള്ള മനഃശരണം ക്ഷീണിക്കും. തക്ക തീക്ഷ്ണതയോടുകൂടി പ്രാൎത്ഥിക്കുന്നതിനു നാം അപ്രാപ്തരാകും. ചുരുക്കത്തിൽ സന്യാസപ്രവൃത്തികൾക്കെല്ലാം ഇതു് ഹാനികരമായിരിക്കും. മാത്രമല്ല, ഇങ്ങനെയുള്ള വെറുപ്പുകൾ പരസ്പര ഭിന്നതകൾക്കു് പലപ്പോഴും വഴി തുറക്കും. എന്തുകൊണ്ടെന്നാൽ, വാക്കാലോ ക്രിയയാലോ ഉള്ളിലുള്ള അനിഷ്ടം നാം പുറത്തുകാണിക്കയും ഇങ്ങനെ ഭവനത്തിൻെറ സമാധാനം ഭഞ്ജിക്കുന്നതിനിടവരുകയും ചെയ്യും. ആകയാൽ, അല്പമായ വെറുപ്പുകൾപോലും ദൂരത്താക്കുവിൻ. അവയെ ഉൻമൂലനം ചെയ്യുവാൻ ബദ്ധശ്രദ്ധരായിരിപ്പിൻ. ആരോടു വെറുപ്പു തോന്നുന്നുവോ അവൎക്കു അവസരം നേരിടുന്നതുപോലെ പരസ്നേഹപ്രവൃത്തികൾ ചെയ്തുകൊടുത്തുകൊണ്ടു വിശേഷസ്നേഹം കാണിക്കുവിൻ.

സഹോദരങ്ങളോടുള്ള ക്രിസ്തീയസ്നേഹം പ്രധാനമായി സന്മനോഭാവത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് നമ്മുടെ സഹോദരങ്ങളുടെ സന്തോഷസന്താപങ്ങളിൽ താല്പൎയ്യം കാണിക്കുന്നതിനു നാം ശ്രദ്ധിക്കണം. വി. ശ്ലീഹാ പറയുന്നു: "സന്തോഷിക്കുന്നവരോടുകൂടി നിങ്ങൾ സന്തോഷിക്കുവിൻ. കരയുന്നവരോടുകൂടി നിങ്ങൾ കരയുവിൻ." തൻെറ സഹോദരങ്ങളുടെ സുഖദുഃഖ

ങ്ങളിൽ താല്പൎയ്യം പ്രദൎശിപ്പിക്കാതിരിക്കയും അവരുടെ വിജയാപജയങ്ങൾ നിഷ്പക്ഷമായി ദൎശിക്കുകയും ചെയ്യുന്നവനെ ആരോടാണു് സാമ്യപ്പെടുത്തേണ്ടതു്? മോഷ്ടാക്കളുടെ കൈകളിൽ അകപ്പെട്ടുകയും മൃതപ്രായനായി വഴിയരികിൽ കിടക്കയും ചെയ്ത ആ ശമറായക്കാരനെ കണ്ടിട്ടും അവൻെറ അത്യാവശ്യത്തിൽ അവനെ സഹായിക്കണമെന്നു് യാതൊരു ചിന്തയും കൂടാതെ കടന്നുപോയ ആ യൂദ മേൽപ്പട്ടക്കാരനോടും ലേവായക്കാരനോടുമത്രെ അവർ സാദൃശ്യം വഹിക്കുന്നതു്. അയൽക്കാരനോടു കാണിക്കുന്ന ഈ തണുത്ത മനഃസ്ഥിതി, പ്രത്യേകമായി നിർഭാഗ്യരോടും ദുഃഖിതരോടും കാണിക്കുന്ന നിർദ്ദാക്ഷിണ്യം, ഏററം അക്രിസ്തീയവും ദൈവതിരുമുമ്പിൽ ഏററം അനിഷ്ടകരവും ആകുന്നു. വി. യാക്കോബു എഴുതുന്നു: "ദയ കാണിക്കാത്തവനു ദയയില്ലാത്ത വിധിയുണ്ടാകും." (യാക്കോ. ii. 13.) ആകയാൽ, എല്ലാ സഹോദരങ്ങളുടെനേരെയും അവരുടെ സുഖദുഃഖങ്ങളിൽ സജീവവും ഊൎജ്ജസ്വലവുമായ താല്പൎയ്യം കാണിക്കുകയും, അവൎക്കു വല്ല തിന്മയും സംഭവിക്കുന്നെങ്കിൽ അവരോടു സഹതാപം പ്രദൎശിപ്പിക്കയും ചെയ്യിൻ. സാക്ഷാലുള്ള പരസ്നേഹം ഇതാവശ്യപ്പെടുന്നു.

b. അയൽക്കാരനെപ്പററി അടിസ്ഥാനമില്ലാത്ത സംശയവും നീതീകരിക്കാൻ പാടില്ലാത്ത വിശ്വാസക്കുറവും നമ്മുടെ മനസ്സിൽനിന്നു ബഹിഷ്ക്കരിക്കണമെന്നു് ഹൃദയപൂൎവ്വമായ സ്നേഹം ആവശ്യപ്പെടുന്നു.

സംശയാസ്പദങ്ങളായ കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി വേറൊരുവൻ കുററക്കാരനാണെന്നു നാം വിധിച്ചാൽ നാം തെററു ചെയ്യുന്നു. യാതൊരു അടിസ്ഥാനവുമില്ലാത്ത സംശയങ്ങൾ നമ്മുടെ മനസ്സിൽവെച്ചുകൊണ്ടിരുന്നാൽ ആ തെററു കുറെക്കൂടി വലുതാണു്. യാതൊരു കാരണവും കൂടാതെ മറെറാരുവൻ പാപം ചെയ്തുവെന്നു് നാം വിശ്വസിക്കുന്നതായാൽ നമ്മുടെ പാപം ഇതിലും കഠിനമായിരിക്കും. തക്ക കാരണം കൂടാതെ എന്നു പറഞ്ഞതു്, വേറൊരുവൻ പാപം ചെയ്തുവെന്നു് ഗൗരവമായ ന്യായങ്ങളെക്കുറിച്ചു നാം വിധിക്കുന്നതായാൽ അതിൽ പാപം ഇല്ല എന്നതിനാലാണു്. എന്നിരുന്നാലും എല്ലാവരെപ്പററിയും നന്നായി ചിന്തിക്കുകയും എല്ലാ സംശയങ്ങ

ളെയും നമ്മുടെ മനസ്സിൽനിന്ന് മാററിക്കളയുകയും ചെയ്യുന്നതു് പരസ്നേഹത്തിനു കൂടുതൽ യോജിക്കുന്നതും എല്ലാ വിധത്തിലും വളരെ നല്ലതുമാണ്. പരസ്നേഹം തിന്മ ചിന്തിക്കുന്നില്ല എന്നുണ്ടല്ലോ. പക്ഷേ അന്യരെ ഭരിക്കുന്നതിനും നയിക്കുന്നതിനും ഉദ്യോഗപ്പെട്ടിരിക്കുന്നവർ കീഴുള്ളവരിൽനിന്ന് തിന്മകൾ ഇല്ലാതാക്കുന്നതിനും തടയുന്നതിനുംവേണ്ടി ചിലപ്പോഴൊക്കെയും സംശയിക്കേണ്ടതായി വന്നേക്കാം. എന്നാൽ അധികാരസ്ഥാനമില്ലാത്തവർ മററുള്ളവരെപ്പററി എപ്പോഴും നന്നായി ചിന്തിക്കണം.

ബൊളോഞ്ഞായിലെ വി. കത്രീനാ ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: "ഞാൻ ഈ സഭയിൽ പ്രവേശിച്ചിട്ട് വളരെ കൊല്ലങ്ങൾ കഴിഞ്ഞുവെങ്കിലും ഞാൻ എൻെറ സഹോദരികളെപ്പററി എപ്പോഴും നന്നായിട്ടേ ചിന്തിച്ചിട്ടുള്ളൂ. എന്തുകൊണ്ടെന്നാൽ, പലരിലും ചില കുററങ്ങളെല്ലാം ഉണ്ടെന്നു എനിക്കറിയാമെങ്കിലും പുറമെ വളരെ പുണ്യമുണ്ടെന്നു കാണപ്പെട്ടുന്നവരെക്കാൾ ഇവർ ദൈവതിരുമുമ്പാകെ കൂടുതൽ പ്രസാദിച്ചിരിക്കുന്നവരായിരിക്കുമെന്ന് ഞാൻ കരുതുന്നു." ഈ പുണ്യവതിയെ അനുകരിച്ചു് എല്ലാവരെപ്പററിയും നന്നായി ചിന്തിക്കുന്നതിന് തീരുമാനിച്ചുകൊള്ളുവിൻ. "നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻവേണ്ടി നിങ്ങൾ വിധിക്കാതിരിക്കുവിൻ" (മത്താ. vii. 1.) എന്നാണല്ലോ നമ്മുടെ കർത്താവു അരുളിച്ചെയ്യുന്നതു്.

### 2. സന്യാസികൾ നാവുകൊണ്ടും പരസ്പരം സ്നേഹിക്കണം

നാം ആരെയെങ്കിലും പരമാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ അയാളുടെ ബഹുമാനത്തിനു ഹാനികരമായോ അയാൾക്കു അനിഷ്ടകരമായോ തീർച്ചയായും യാതൊന്നും നാം പറയുകയില്ല. തന്നിമിത്തം സംസാരങ്ങളിൽ കീഴെ പറയുന്ന കാര്യങ്ങളിൽ സൂക്ഷിക്കുക.

### a. അപവാദങ്ങളെ വർജ്ജിക്കുക.

ഹാജരില്ലാത്ത ഒരാളെപ്പററി സംസാരിക്കുമ്പോൾ പാസിയിലെ വി. മറിയം മഗ്ദലേന സ്വസഹോദരികൾക്കു നൽകിയിരുന്ന ഈ നിയമം പാലിക്കുക: "ഒരാളുടെ സാന്നിദ്ധ്യത്തിൽ

നീ പറയാൻ തുനിയാത്തതു് അയാളുടെ അസാന്നിദ്ധ്യത്തിലും പറയാതിരിക്കുക.'' വേറൊരാളെപ്പററി ദുഷ്പ്രവാദങ്ങൾ കേൾക്കുന്നതിനിടയായാൽ യാതൊരു സന്തോഷവും അതിൽ പ്രദശിപ്പിക്കരുതു്. മറിച്ചു് ഇപ്രകാരമുള്ള സംഭാഷണങ്ങൾ നിനക്കു് അനിഷ്ടകരമാണെന്നും, അതു കേൾക്കുന്നതുതന്നെ വേദന ഉളവാക്കുന്നതാണെന്നും നിൻെറ അപ്പോഴത്തെ നടത്തയാൽ കാണിക്കുക. കഴിയുന്നത്ര ദൂഷിക്കപ്പെടുന്ന ആളിൻെറ വശം പിടിക്കുകയും അയാളുടെ പ്രവൃത്തിയെ നീതീകരിക്കാൻ സാധിച്ചില്ലെങ്കിൽ അയാളുടെ ഉദ്ദേശ്യത്തെയെങ്കിലും നീതീകരിക്കുവാൻ ശ്രമിക്കുകയും ചെയ്യുക. സ്വസഹോദരങ്ങളുടെ 'പുറംകുപ്പായം' എന്നു വിളിക്കപ്പെട്ടിരുന്ന ഒരാശ്രമാധിപൻ ഉണ്ടായിരുന്നു. ആക്കെങ്കിലും വിരോധമായി ദൂഷ്യപ്രസ്താവനകൾ കേൾക്കുന്നതിനിടയായാൽ അയാളുടെ തെററുകളെ മറയ്ക്കുന്നതിനു അദ്ദേഹം ശ്രമിച്ചിരുന്നു. വി. അമ്മത്രേസ്യായും ഇപ്രകാരംതന്നെയാണു് ചെയ്തിരുന്നതു്. കുററം ആരോപിക്കപ്പെട്ടിരുന്നവരെ ആദരിക്കുന്നതിനു് അവൾ ഒരിക്കലും ഉപേക്ഷ വരുത്തിയിരുന്നില്ല. ഇതു ശരിയല്ലേ? എന്തെന്നാൽ, ഒരു കോടതിമുമ്പാകെ ഏററം വലിയ കുററപ്പുള്ളിക്കുപോലും അയാളെ ആദരിക്കുന്നതിനു് ഒരു വക്കീലിനെ ലഭിക്കുന്നില്ലേ?

b. പരിഹാസവാക്കുകളും തക്കങ്ങളും വജ്ജിക്കുക.

നിന്നോടു ചെയ്യപ്പെടുന്നതിനു് നീ ഇഷ്ടപ്പെടാത്തവയെ അന്യരോടു നീ ചെയ്യരുതു്. അനിഷ്ടകരമായ പരിഹാസവാക്കുകളുടെയും, വെറുപ്പോടുകൂടിയ ചിരിയുടെയും വിഷയമാകുന്നതിനു് ആരും ഇഷ്ടപ്പെടുന്നില്ല. അതിനാൽ, നീയും മററുള്ളവരോടു ഇവ പ്രയോഗിക്കരുതു്. നിരുപദ്രവങ്ങളായ കളിവാക്കുകൾ പറയുന്നതിൽ പേടിക്കേണ്ടതില്ല. എന്നാൽ ആക്കും അനിഷ്ടം ഉണ്ടാകാതിരിക്കുന്നതിനും ആരുടെയും വികാരങ്ങളെ മുറിപ്പെടുത്താതിരിക്കുന്നതിനും നോക്കേണ്ടതാണു്. യാതൊരു പിണക്കത്തിനും ഇടകൊടുക്കാതിരിക്കുക. പിണക്കങ്ങളും ഭിന്നതകളും പലപ്പോഴും നിസ്സാരസംഗതികളിൽനിന്നാണു് ഉത്ഭവിക്കുന്നതെന്നു് ഓമ്മിച്ചാലും. ഇക്കായ്യത്തിൽ വിശുദ്ധ അല്ലോൻസ് ഈ ഉപദേശം നൽകുന്നു. ''നിസ്സാരസംഗതികളെപ്പററി സംസാരിക്കുമ്പോൾ വേണ്ടതായിത്തോന്നിയാൽ സംഭാഷണത്തിൽ ചേരു

ന്നതിനുവേണ്ടി നിൻെറ അഭിപ്രായം നീ പറഞ്ഞുകൊള്ളുക. എന്നാൽ അതിൻെറശേഷം നിൻെറ അഭിപ്രായത്തെ ശാഠ്യത്തോടെ ആദരിക്കുന്നതിനു തുനിയാതെ മൗനം അവലംബിച്ചുകൊൾക. എന്തുകൊണ്ടെന്നാൽ തെററില്ലാത്ത എല്ലാ സംഗതികളിലും മററുള്ളവർ പറയുന്നതിനെ സംവദിച്ചുകൊണ്ട് വഴങ്ങിക്കൊടുക്കുന്നതാണ് അധികം നല്ലത്." പാപം കൂടാതെ ചെയ്യുവാൻ സാധിക്കുമ്പോഴൊക്കയും അങ്ങനെ ചെയ്യുക. എളിമയ്ക്കും സമാധാനത്തിനുംവേണ്ടി ചില ത്യാഗങ്ങൾ നാം അനുഷ്ഠിക്കുകതന്നെ വേണമെന്നു ധരിച്ചാലും.

c. കഠിനവും പരുഷവുമായ വാക്കുകൾ പറയാതിരിക്കുക.

നീട്രിയായിലെ പർവ്വതത്തിലേയ്ക്കു പോകുകയിൽ വി. മക്കാരിയൂസ് തൻെറ ശിഷ്യനോടു തനിക്കു മുമ്പായി പൊയ്ക്കൊള്ളുന്നതിനു പറഞ്ഞു. ഈ ശിഷ്യൻ അധികം ദൂരം നടക്കുന്നതിനുമുമ്പ് തോളിൽ ഒരു വിറകുകെട്ടു വഹിച്ചുകൊണ്ട് വളരെ വേഗം നടന്നുവന്നിരുന്ന ഒരു പൂശാരിയെ കണ്ടുമുട്ടി. അതിവേഗത്തിലുള്ള അദ്ദേഹത്തിൻെറ നടപ്പു കണ്ട് "എടാ, പിശാചിൻെറ മകനേ, നീ എങ്ങോട്ടു പോകുന്നു?" എന്ന് ആ ശിഷ്യൻ അയാളോടു വിളിച്ചുചോദിച്ചു. കോപാവേശനായി ആ അജ്ഞാനപുരോഹിതൻ ആ ശിഷ്യനെ അടിച്ചു നിലംപതിപ്പിച്ചു. പിന്നെ യാത്ര തുടൎന്നു വി. മക്കാരിയൂസിൻെറ അടുക്കൽ വന്നു. "എന്താ സ്നേഹിതാ സുഖമാണോ?" എന്ന സംബോധനയോടുകൂടിയാണ് വി. മക്കാരിയൂസ് അയാളെ അഭിമുഖീകരിച്ചതു്. ആ കാവ്യപുരോഹിതൻ ആശ്ചര്യഭരിതനായി അങ്ങ് എന്നോടു ഇപ്രകാരം കുശലപ്രശ്നം ചെയ്യുന്നതിനു എന്തു നന്മയാണു അങ്ങ് എന്നിൽ കണ്ടതു് എന്നു ചോദിച്ചു. "നിങ്ങൾ വളരെ വിഷമിക്കുന്നതായി ഞാൻ കാണുന്നു", എന്നായിരുന്നു പുണ്യവാൻെറ മറുപടി. സ്നേഹസൂചകമായ ഈ വാക്കുകളാൽ ഇളകി ആ കാവ്യപുരോഹിതൻ വരപ്രസാദപ്രേരണയ്ക്കു സ്വന്തഹൃദയത്തെ തുറക്കുകയും, യാത്രാമദ്ധ്യേ ഒരു യുവസന്യാസിയുമായി ഉണ്ടായ അനുഭവത്തെ വിവരിച്ചു പറയുകയും, ഒടുവിൽ അദ്ദേഹത്തിൻെറ കാൽപാദത്തിങ്കൽവീണ് ഒരു ശിഷ്യനായി അയാളെ സ്വീകരിക്കണമെന്ന് തീക്ഷ്ണതാപൂർവ്വം പ്രാൎത്ഥിക്കുകയും ചെയ്തു. പിന്നീട് അവരിരുവരുംകൂടി നടക്കാൻ പാടി

ല്ലാതെ അവശനായി തീൎന്നിരുന്ന യുവസന്ന്യാസിയെ എടുത്തുകൊണ്ടു ആശ്രമത്തിലേക്കു നടകൊണ്ടു. അവിടെ ചെന്നപ്പോൾ ഈ കാഴ്ച അവിടെ ഉണ്ടായിരുന്ന സന്ന്യാസികളെ വളരെയധികം ആശ്ചൎയ്യപ്പെടുത്തി. ആ കാവ്യപുരോഹിതൻ അധികം താമസിയാതെ സന്ന്യാസവസ്ത്രം സ്വീകരിച്ചു. അതിനെത്തുടൎന്ന് വളരെ അജ്ഞാനികൾ ക്രിസ്തുമതാവലംബികളായിത്തീരുകയും ഉണ്ടായി. ഈ സംഭവം മനസ്സിൽവെച്ചുകൊണ്ട് വി. മക്കാരിയൂസ് ഇപ്രകാരം പറഞ്ഞുവന്നിരുന്നു: "ഒരു കൎശനവാക്ക് സജ്ജനങ്ങളെപ്പോലും കോപിപ്പിക്കും. എന്നാൽ സാന്ത്വനവാക്കുകൾ ദുഷ്ടന്മാരുടെ ഹൃദയത്തെപ്പോലും മയപ്പെടുത്തുന്നതിന് പൎയ്യാപ്തമാണ്." ഈ വാക്കുകൾ സദാ ഓൎമ്മിച്ചുകൊണ്ട് സഹോദരങ്ങളോടു സ്നേഹപൂൎവ്വമായ വാക്കുകൾ ഉപയോഗിക്കുക. പരുഷവാക്കുകളെ പരിവൎജ്ജിക്കുക. വെറുപ്പിനിടയുള്ള നടത്തയെ ദൂരീകരിക്കുക. അപ്പോൾ ഭവനത്തിൽ നിരന്തരമായ സമാധാനം കളിയാടുന്നതു കാണാൻ ഇടയാകും.

### 3. സന്ന്യാസികൾ പ്രവൃത്തിയാലും പരസ്പരം സ്നേഹിക്കണം.

പ്രവൃത്തിനിരതമാണ് ഉപവി. കഴിവുള്ള സഹായം എപ്പോഴും അതു നൽകിക്കൊണ്ടിരിക്കും. ഏതവസരത്തിലും അയൽക്കാരന് നന്മ ചെയ്യുന്നതു അതിനു സഹജമാണ്. നമ്മുടെ കൎത്താവിന്റെ പ്രേമശിഷ്യൻ ഇക്കാരണത്താൽ നമ്മോടു ഉപദേശിക്കുന്നതു് "എന്റെ കുഞ്ഞുമക്കളേ, വാക്കുകൊണ്ടോ നാക്കുകൊണ്ടോ മാത്രമല്ല, സത്യത്തിലും പ്രവൃത്തിയിലും നമുക്കു പരസ്പരം സ്നേഹിക്കാം" (1 യോഹ. iii. 18) എന്നാണ്. അയൽക്കാരന്റെനേരെ സാക്ഷാലുള്ള സ്നേഹം നമുക്കുണ്ടെങ്കിൽ കാരുണ്യപ്രവൃത്തികളിൽ നാം അഭ്യസിക്കും.

#### a. ശാരീരിക കാരുണ്യപ്രവൃത്തികളിൽ അഭ്യസിക്കുക.

വി. അമ്മത്രേസ്യാ സ്വസഹോദരികൾക്ക് ഉപവിയുടെയും കരുണയുടെയും ഏതെങ്കിലും പ്രവൃത്തികൾ അനുദിനം ചെയ്തുകൊടുക്കണമെന്ന് നിഷ്ഠയുള്ളവളായിരുന്നു. എന്നാൽ പകൽ മുഴുവനും ഇതിനു അവസരം കിട്ടാതെയായിപ്പോയാൽ സന്ധ്യാവേളയിൽ ഇതു നിറവേററുന്നതിനു അവൾ യത്നിച്ചി

രുന്നു. അതിനുവേണ്ടി, വിളക്കു കൂടാതെ മുറിയിൽനിന്നു് പുറത്തു സഞ്ചരിച്ചിരുന്ന വല്ലവരും ഉണ്ടോ എന്നു നോക്കി അവർക്കു വെളിച്ചം കാണിച്ചുകൊടുത്തിരുന്നു. ഭക്തിയുള്ള സന്യാസികൾ സാധാരണയായി ഇങ്ങനെയാണു് പ്രവർത്തിക്കുക. സമസൃഷ്ടികൾക്കും കൂടുതലായി സ്വസഹോദരങ്ങൾക്കും കാരുണ്യപ്രവൃത്തികൾ ചെയ്തുകൊടുക്കുന്നതിനു് അവർ അവസരം നോക്കിയിരിക്കുന്നു. ഇങ്ങനെതന്നെ നാമും അവസരം ലഭിക്കുമ്പോൾ ഒക്കെയും കൂട്ടുകാരെ സഹായിക്കണം. ഇത്തരം പ്രവൃത്തിപരമായ ഉപവി ദൈവതിരുമുമ്പാകെ വളരെ യോഗ്യതകൾക്കു കാരണമായിത്തീരുന്നതുകൂടാതെ സന്യാസക്കൂട്ടത്തിൽ സമാധാനവും ഐക്യവും പാലിക്കുന്നതിനും പര്യാപ്തമാണു്.

### b. ആത്മീയകാരുണ്യപ്രവൃത്തികളിലും ശ്രദ്ധിക്കുക.

ഇവ നാനാതരത്തിൽ നമുക്കു അഭ്യസിക്കാവുന്നതാണു്. ഒരുവന്റെ തെററിനെ ചൂണ്ടിക്കാണിക്കുന്നതിനും അവനെ ശാസിക്കുന്നതിനുമുള്ള അവസരം നമുക്കുണ്ടാകാം. താദൃശാവസരങ്ങളിൽ തെററു തിരുത്തൽ കരുണാപൂർവ്വവും വിവേകപൂർവ്വവും നടത്തുന്നപക്ഷം ഉത്തമമായ ഫലം പുറപ്പെടുന്നതാണു്. തെററുകാരൻ സ്വന്ത കുറവുകളെ മനസ്സിലാക്കി വേണ്ടവിധം പശ്ചാത്തപിക്കുന്നതിനും അതുകളെ പരിഹരിക്കുന്നതിനും അതു ഇടയാക്കും. സന്മാതൃക ഇതിലും ഉപരിയായ ഫലം പുറപ്പെടുവിക്കുന്നതാണു്. വി. അല്ഫോൻസ്സ് ലിഗോരി പറയുന്നു: "ഭക്തയായ ഒരു സന്യാസിനിക്കു് തന്റെ നല്ല സംഭാഷണവും സന്മാതൃകയുംമൂലം ഒരു സന്യാസക്കൂട്ടത്തെ മുഴുവൻ വിശുദ്ധീകരിക്കാം."

ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതും നല്ലൊരു ഉപവി പ്രവൃത്തിയാകുന്നു. നാം നമുക്കുവേണ്ടിത്തന്നെ സമർപ്പിക്കുന്ന പ്രാർത്ഥന ദൈവം കേൾക്കുന്നു എങ്കിൽ ഇതരന്മാർക്കു വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകൾ ദൈവം ഇതിലും ഉപരിയായി ശ്രവിക്കുമെന്നു് ആശിക്കാം. എന്തുകൊണ്ടെന്നാൽ, മദ്ധ്യസ്ഥപ്രാർത്ഥന ക്രിസ്തീയ സ്നേഹത്തിന്റെ ഒരു പ്രകടനമാകുന്നു. ഇക്കാരണത്താൽ നല്ല സന്യാസികൾ പരസ്പരം പ്രാർത്ഥിക്കുന്നു. പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാതെ ജീവിതത്തിന്റെ ഒരു മണിക്കൂർപോലും കടന്നുപോകുന്നതിനു പാസി

യിലെ വി. മറിയം മഗ്ദലേന അനുവദിച്ചിരുന്നില്ല. സഹസന്യാസിനികളോടു അവൾ പറഞ്ഞിരുന്നു: "പ്രിയ സഹോദരിമാരേ, നഷ്ടപ്പെട്ട ആത്മാക്കളുടെ ഒരു കണക്ക് ഒരു ദിവസം നാം ദൈവത്തിൻെറ മുമ്പിൽ കൊടുക്കേണ്ടതായിട്ടുണ്ട്. തീക്ഷ്ണതയോടുകൂടിയ പ്രാൎത്ഥന വഴിയായി നാം അവൎക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചിരുന്ന എങ്കിൽ ഒരുപക്ഷേ അവർ നിത്യനാശത്തിൽ ഉൾപ്പെടുകയില്ലായിരുന്നു." നിന്നെ ഞെരുക്കയും ഉപദ്രവിക്കയും ചെയ്യുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുക (മത്താ. v. 44) എന്ന് മിശിഹാ പഠിപ്പിച്ചിട്ടുള്ളതുപോലെ നമ്മെ ഏതെങ്കിലും തരത്തിൽ ഉപദ്രവിച്ചിട്ടുള്ളവൎക്കുവേണ്ടി വിശേഷവിധിയായും നാം പ്രാൎത്ഥിക്കണം. കുരിശിൻെറ വാഴ്ത്തപ്പെട്ട ജോവാന്നാ തന്നെ സങ്കടപ്പെടുത്തിയവൎക്കുവേണ്ടി എല്ലായ്പോഴും പ്രാൎത്ഥിച്ചിരുന്നു. ഏതന്മൂലം ആ സന്യാസാശ്രമത്തിലെ മററു സന്യാസിനികൾ ഇങ്ങനെ പറയുക പതിവായിരുന്നു: "മദർ ജോവാന്നാ ആരുക്കെങ്കിലുംവേണ്ടി പ്രാൎത്ഥിക്കണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവർ അവളെ ദ്രോഹിച്ചാൽ മതിയാകും."

നമ്മുടെ കൎത്താവിൻെറ വാത്സല്യശിഷ്യൻെറ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് ഇതു അവസാനിപ്പിക്കാം. "പ്രിയരേ, നമുക്കു അന്യോന്യം സ്നേഹിക്കാം. എന്തുകൊണ്ടെന്നാൽ, സ്നേഹം ദൈവത്തെ സംബന്ധിക്കുന്നതാകുന്നു. സ്നേഹിക്കുന്ന ഏവനും ദൈവത്തിനുള്ളവനാകുന്നു. അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവം സ്നേഹമാകുന്നു." (1. യോഹ. iv. 7,8) ദൈവത്തെ അറിയുക. താൻ സ്നേഹംതന്നെയാകുന്നു എന്നു മനസ്സിലാക്കിയാലും. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. മിശിഹായുടെ കല്പനകളിൽ സൎവ്വപ്രധാനമായിട്ടുള്ളതു് അയൽക്കാരനെ സ്നേഹിക്കുക എന്നുള്ളതാണെന്നു് മനസ്സിലാക്കിക്കൊണ്ടു് ഇതരന്മാരുടെനേരെ പരമാൎത്ഥമായ സ്നേഹം നിലനിൎത്തുക. ഈ കല്പന നിറവേററാതെ വേറൊരു സൽപ്രവൃത്തിയും ദൈവതിരുമുമ്പിൽ വിലമതിക്കത്തക്കതല്ല. ഇനി, സന്യാസികൾ എന്നുള്ള നിലയിൽ നാം പരസ്പരം പ്രത്യേകരീതിയാലും സ്നേഹിക്കേണ്ടവരാണു്. എന്തുകൊണ്ടെന്നാൽ, നാം അന്യോന്യം വളരെയധികം യോജിച്ചവരാണു്. സ്നേഹം ഉള്ള

വരും സമാധാനമുള്ളവരും ആയിരിപ്പിൻ. പരസ്പരം കാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അവസരങ്ങളെ ശരിയായി വിനിയോഗിക്കുവിൻ. വാക്കുകളും, മാതൃകയും, പ്രാർത്ഥനയും വഴിയായി ഐഹിക പാരത്രിക ക്ഷേമത്തെ പുലർത്തുന്നതിനു് പരിശ്രമിപ്പിൻ. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കത്തക്കവണ്ണം (1. യോഹ. vi. 16) ഉപവിയിലും സൽപ്രവൃത്തികളിലും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനു ശ്രമിപ്പിൻ. (എബ്രാ. x. 24.)

—o—

## 15. ഒരു യഥാർത്ഥ സന്യാസി

### അയാൾ അന്ധനും, മൂകനും, ബധിരനും ആയിരിക്കണം

അന്ധനായിരിക്കുക എന്നതു് ഒരു വലിയ നിർഭാഗ്യാവസ്ഥയാകുന്നു. അന്ധൻ പകൽ സമയത്തെ പ്രകാശം കാണുന്നില്ല. സൂര്യചന്ദ്രന്മാർ പ്രകാശിക്കുന്നതുകൊണ്ടു് അവനു യാതൊരു പ്രയോജനവുമില്ല; അവനു് എപ്പോഴും, അന്ധകാരം, കാളരാത്രി തന്നെ. അവന്റെ പാദങ്ങൾക്കു യാതൊരു കേടുമില്ല. എങ്കിലും അവന്റെ മാർഗ്ഗദർശിയായ കണ്ണില്ലാത്തതിനാൽ, ധൈര്യത്തോടെ ഒരടിപോലും മുമ്പോട്ടുവെയ്ക്കുന്നതിനു് അവനു കഴിവില്ല. അവനു ബലിഷ്ഠങ്ങളായ കരങ്ങളും കൂർമ്മബുദ്ധിയും ഉണ്ടെങ്കിലും, ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ അവൻ അയോഗ്യനത്രെ. "അന്ധനായ മനുഷ്യൻ ഒരു പാവം തന്നെയാണു്" എന്ന ആപ്തവാക്യം എത്ര അർത്ഥവത്തായിരിക്കുന്നു.

മൂകനായിരിക്കുകയെന്നതും ഒരു മഹാ സങ്കടാവസ്ഥയാണു്. ജീവപര്യന്തം മൌനവ്രതനായി നിശ്ശബ്ദതയിൽ കഴിഞ്ഞുകൂടാൻ നിർബന്ധിതനത്രെ മൂകൻ. സ്വചിന്തകളെയും വികാരങ്ങളെയും അഭിലാഷങ്ങളെയും അന്യരെ അറിയിക്കുന്ന ശക്തിവിശേഷം അവനില്ല. സംഭാഷണങ്ങളിൽ ഭാഗഭാക്കാ

കാൻ അവനു സാധിക്കുകയില്ല. സമൂഹത്തിൽ അവൻ ഒരു അപരിചിതൻമാത്രം.

ബധിരതയും ഒരു മഹാ നിർഭാഗ്യമത്രെ. ബധിരന്ന് പ്രകൃതി മുഴുവനും നിശ്ശബ്ദമയമാകുന്നു. ഒരു മനുഷ്യന്റെയൊ മൃഗത്തിന്റെയൊ ശബ്ദം അവനു കേൾക്കാൻ വഹിയാ. പുണ്യത്തിന്റെയോ, ആശ്വാസത്തിന്റെയോ, സ്നേഹത്തിന്റെയോ ഒരു വാക്കുപോലും അവന്റെ കണ്ണുങ്ങളിൽ പതിക്കുന്നില്ല.

എന്നാൽ ഒരേസമയംതന്നെ അന്ധനും, മൂകനും, ബധിരനും ആയിരിക്കുന്നതിനെക്കാൾ ക്രൂരതലായ ഒരു കഷ്ടത വേറൊന്നില്ലെന്നു പറയാം. ഇപ്രകാരമുള്ള നിർഭാഗ്യാവസ്ഥയിൽപെട്ട മനുഷ്യന്ന് ആശയങ്ങളെ അറിയിക്കുന്നതിനും, ഗ്രഹിക്കുന്നതിനും, മററു മനുഷ്യരോടു ആദ്ധ്യാത്മബന്ധത്തിൽ ഏർപ്പെടുന്നതിനും സ്പർശനേന്ദ്രിയമല്ലാതെ മററു യാതൊരു ശക്തിവിശേഷവുമില്ല. ഇപ്രകാരമുള്ള ദുരിതാവസ്ഥയിൽപെടാതെ നമ്മെ കർത്താവു സംരക്ഷിക്കട്ടെ. എങ്കിലും ഒരു യഥാർത്ഥ സന്യാസി ആത്മികമായി ജീവപര്യന്തം അന്ധനും, മൂകനും, ബധിരനും ആയിരിക്കണം. അതു് എങ്ങനെ എന്നു പരിശോധിക്കാം.

## 1. സന്യാസി അന്ധനായിരിക്കണം

സന്യാസിനികൾ ധരിക്കുന്ന മൂടുപടം (തലമുണ്ട്, ശിരോവസ്ത്രം)തന്നെ ഇതിനെ പ്രസ്പഷ്ടമാക്കുന്നുണ്ട്. തങ്ങളുടെ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതെല്ലാം കാണണമെന്നു വിചാരിക്കുന്നെങ്കിൽ അവർ ഇതു ധരിക്കുന്നതുകൊണ്ടു എന്താണ് പ്രയോജനം? ഒരു നല്ല സന്യാസി മൂന്നു കാര്യങ്ങളിൽ അന്ധനായിരിക്കണം.

### a. ആശ്രമത്തിൽ നടക്കുന്ന സംഗതികൾ സംബന്ധിച്ച് സന്യാസി അന്ധനായിരിക്കണം.

കുററങ്ങൾ തിരുത്തുന്നതിനും ശരിയായി ക്രമം പാലിച്ചുകൊണ്ടുപോകുന്നതിനും ശ്രേഷ്ഠന്മാർ തങ്ങളുടെ കീഴുള്ളവരുടെ മേൽ സൂക്ഷ്മദൃഷ്ടി ഉള്ളവരായിരിപ്പാൻ ബാദ്ധ്യസ്ഥരാണ്.

എന്നാൽ ഭരണാധികാരികളല്ലാത്തവർ അന്ധരായിരിക്കണം. അവർ സ്വന്ത പ്രവൃത്തികളുടെ ഉത്തരവാദിത്വം വഹിക്കേണ്ട വരാണെന്ന് ഓർത്തിരിക്കണം. ദുഷ്ടമനഃസ്ഥിതിയോടെ അന്യരെ വീക്ഷിക്കുകയും അവരുടെ സകല പ്രവൃത്തികളെയും പരിശോധിക്കുകയും ചെയ്യുന്നവർ സാക്ഷാൽ ചാരന്മാൎക്കു സദൃശരാണ്. ഇപ്രകാരമുള്ളവർ ഒരു മഹാ അപരാധമാണു പ്രവൎത്തിക്കുന്നത്. എന്തെന്നാൽ അവർ തങ്ങളുടെ അയല്ക്കാരനോടു സ്നേഹരഹിതമായി വൎത്തിക്കുന്നു. അവർ അന്യരെ സൂക്ഷ്മപരിശോധന ചെയ്യുകയും, അതേസമയം തങ്ങളുടെമേലും, തങ്ങളുടെ രക്ഷയിന്മേലും താല്പൎയ്യം ഇല്ലാതിരിക്കയും ചെയ്യുന്നു. "അനാവശ്യമായി അന്യരുടെ പ്രവൃത്തികളെ വീക്ഷിക്കുന്ന സന്യാസി ഒരിക്കലും പുണ്യപരിപൂൎണ്ണത പ്രാപിക്കയില്ല'' എന്നത്രെ വി. യോഹന്നാൻക്രൂസിന്റെ അഭിമതം. മററുള്ളവരുടെ പ്രവൃത്തികളെ സംബന്ധിച്ചുള്ള ഈദൃശ കൗതുകാവഹവും അനാവശ്യവുമായ പരിവേക്ഷണമാണ് സന്യാസത്തിൽ പലേ അസ്വസ്ഥതകൾക്കും ഉപദ്രവങ്ങൾക്കും, അസമാധാനത്തിനും കാരണമാകുന്നത്. തന്നോടുകൂടി വസിക്കുന്ന മററു സന്യാസികൾ എപ്പോഴും തന്നെ സൂക്ഷിക്കുന്നതായി കാണുന്ന സന്യാസി അസ്വസ്ഥചിത്തനാകുകയും അയാളുടെ മനസ്സിൽ അവരെക്കുറിച്ചു വെറുപ്പു ജനിക്കുകയും, ഈ വെറുപ്പ് അയാളുടെ വാക്കിലും പ്രവൃത്തിയിലും പ്രത്യക്ഷമാകുകയും ചെയ്യും. ഇപ്രകാരം, അനാശാസ്യഫലങ്ങൾക്കു കാരണമാകുന്ന ഭിന്നത ഉത്ഭവിക്കുകയും ചെയ്യും.

അതിനാൽ, നീ ഒരു ശ്രേഷ്ഠനല്ലെങ്കിൽ ആശ്രമത്തിൽ നീമാത്രമേയുള്ളു എന്ന ബോധത്തോടുകൂടി ജീവിക്കുക; മററുള്ളവർ ചെയ്യുന്നത് നീ ശ്രദ്ധിക്കുകയും വേണ്ടാ. ഇതു് നിനക്കു ഒരു പ്രമാണമായിരിക്കട്ടെ. വി. യോഹന്നാന്റെ കാൎയ്യം എങ്ങനെയാണെന്ന് വി. പത്രോസ് നമ്മുടെ ദിവ്യരക്ഷകനോടു ചോദിച്ചപ്പോൾ, അവിടുന്നു അദ്ദേഹത്തെ ശാസിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ വരുന്നതുവരെ അവൻ നില്ക്കുന്നതിനു ഞാനിച്ഛിക്കുന്നെങ്കിൽ നിനക്കെന്തു്? നീ എന്നെ അനുഗമിക്കുക'' (യോഹ. xxi. 23.) ഈ വാക്കുകൾ അവിടുന്നു നമ്മോടും പറയുന്നതായി വിചാരിച്ചുകൊണ്ടു് അന്യരുടെ കാൎയ്യാദികളിൽ അനാവശ്യമായി പ്രവേശിക്കാതെ നമ്മെ സംബന്ധിക്കാത്ത എല്ലാക്കാൎയ്യങ്ങളിലും നാം അന്ധരായി വൎത്തിക്കണം.

b. ആശ്രമത്തിനു പുറത്തു നടക്കുന്ന സംഗതികൾ സംബന്ധിച്ചു് സന്യാസി അന്ധനായിരിക്കണം,

"വൎത്തമാനങ്ങൾ അറിയണമെങ്കിൽ ആശ്രമത്തിൽ ചെല്ലുക" എന്നാണു ഒരു ബഹുജനോക്തി. ഇതു് എല്ലാ ആശ്രമങ്ങളെക്കുറിച്ചും പറയുന്നതു് തികച്ചും അനീതിയായിരിക്കും. ശരിയായ ക്രമം പാലിക്കുകയും, നിർദ്ദിഷ്ടനിയമങ്ങൾ അനുസരിക്കുകയും ചെയ്യുന്ന ആശ്രമങ്ങൾ ലൗകികബന്ധങ്ങളിൽ നിന്നു് തീരെ വിമുക്തമായിരിക്കും. എന്നാൽ മനുഷ്യസഹജമായ കൗതുകത്തെ മുഴുവനായിട്ടല്ലെങ്കിൽ, ഭാഗികമായിട്ടെങ്കിലും സംതൃപ്തമാക്കുന്ന ഒരുമാതിരി "വാൎത്താസ്വീകരണമന്ദിര"ങ്ങളുടെ സാദൃശ്യം വഹിക്കുന്ന ആശ്രമങ്ങളുമുണ്ടു്. അനുദിനമെന്നോണം അതിഥിസന്ദൎശനമുറിയിൽ സമ്മേളനങ്ങൾ നടത്തിവരുന്ന ആശ്രമങ്ങളും ഇല്ലെന്നില്ല. അവിടത്തെ സംഭാഷണവിഷയമാകട്ടെ പലപ്പോഴും ബാഹ്യലോകത്തിലെ സംഭവങ്ങളായിരിക്കും. ഈദൃശസംഭാഷണം സന്യാസികൾക്കു യോജിച്ചതോ? ലോകത്തിൽനിന്നും അതിൻെറ മിഥ്യാസംഭാഷണങ്ങളിൽനിന്നും സന്യാസികൾ വിമുക്തരായിരിക്കണം. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ" (വി. ലൂക്കാ. ix. 60.) എന്നാണല്ലോ നമ്മുടെ ദിവ്യഗുരുവിൻെറ ഉൽബോധനം.

നാം നമ്മെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചു. ലോകത്തിൽ സംഭവിക്കുന്ന സാമാന്യകാൎയ്യങ്ങൾ നമ്മുടെ ശ്രദ്ധയെ ആകൎഷിക്കാതിരിക്കണം. മാത്രമല്ല, ലൗകികരോടുള്ള സംഭാഷണംമൂലം ഹൃദയത്തിൽ അന്യവിചാരങ്ങൾ സ്ഥലം പിടിക്കുകയും, ഭക്തിമാന്ദ്യമുണ്ടാകുകയും, ആന്തരികസമാധാനം നഷ്ടമാകുകയും, വിവിധ പ്രലോഭനങ്ങൾ ആവിർഭവിക്കുകയും ചെയ്യും. ഇക്കാരണത്താലത്രെ പൂൎവ്വകാലത്തു അനേകം സന്യാസികളും സന്യാസിനികളും തങ്ങളാലാവുംവിധം ലോകബഹളങ്ങളിൽനിന്നും മാറി ജീവിച്ചിരുന്നതു്. ലോകവുമായിട്ടു് ഇടപെടുന്നതിനു് നിർബന്ധിതരാകുന്നതുതന്നെ ഒരു മഹാത്യാഗവും സങ്കടവുമായിട്ടത്രെ അവർ കരുതിയിരുന്നതു്. വന്ദ്യനായ ഫ്രാൻസെസ് ഫോർണീസ് തൻെറ കീഴിലുള്ള സന്യാസിനികളോടു പറഞ്ഞതിപ്രകാരമാണു്: "നാം നമ്മെത്തന്നെ നാലു ഭിത്തികൾക്കുള്ളിൽ അടച്ചിരിക്കുന്നു. അതു് അന്യരെ നാം കാണുന്ന

തിനോ, അവക്കു നാം കാണപ്പെടുന്നതിനോ അല്ല; പ്രത്യുത, ദൈവദൃഷ്ടിയിൽ നാം നമ്മെത്തന്നെ നിർമ്മലരായി സൂക്ഷിക്കേണ്ടതിനാകുന്നു. നാം ലൗകികരിൽനിന്നു എത്രമാത്രം അജ്ഞാതരായി ജീവിക്കുമോ, അത്രമാത്രം ദൈവം തൻെറ പ്രസാദവരംവഴിയായി ഇഹത്തിലും തൻെറ മഹത്വംവഴിയായി പരത്തിലും സ്വയം നമുക്കു വെളിപ്പെടുത്തും".

C. പ്രലോഭനങ്ങൾക്കുള്ള കാരണങ്ങൾ സംബന്ധിച്ചും സന്യാസി അന്ധനായിരിക്കണം

അവിശ്വാസിയായ ഒരു തത്വശാസ്ത്രജ്ഞൻ തൻെറ ചാരിത്ര്യശുദ്ധിയെ സംരക്ഷിക്കുവാൻവേണ്ടി കണ്ണുകൾ തുരന്നെടുത്തു കളഞ്ഞുവെന്നു് തെർത്തുല്യൻ പ്രസ്താവിക്കുന്നു. ക്രിസ്ത്യാനികളായ നമുക്കു ഈവിധം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ നിർമ്മലരായി ജീവിക്കണമെന്നുണ്ടെങ്കിൽ നമ്മുടെ ഹൃദയത്തിൽ അശുദ്ധപ്രലോഭനങ്ങളെ ഉല്പാദിപ്പിക്കുന്ന വസ്തുക്കളെ മനഃപൂർവ്വം നോക്കാതെ പുണ്യാഭ്യസനത്താൽ നാം അന്ധരായിത്തീരേണ്ടിയിരിക്കുന്നു. അശുദ്ധവും കൗതുകാവഹവുമായ കാഴ്ചകളിൽനിന്നു് ഉൽഭൂതമാകുന്ന ഘനതരമായ പാപങ്ങളെ എണ്ണിത്തീർക്കുവാൻ ആർക്കു കഴിയും? നമ്മുടെ ആദിമാതാവു സാത്താൻെറ കെണിയിൽ പെടുന്നതിനു കാരണം കണ്ണിൻെറ ദുരാശയായിരുന്നു. "വൃക്ഷം ഭക്ഷണത്തിനു നല്ലതും കണ്ണുകൾക്കു മനോഹരവും കാഴ്ചയ്ക്കു ആനന്ദപ്രദവുമാണെന്നു് സ്ത്രീ കണ്ടു; അതിൻെറ ഫലമെടുത്തു് അവൾ ഭക്ഷിക്കയും, അവളുടെ ഭർത്താവിനു കൊടുക്കയും, അയാളും ഭക്ഷിക്കയും ചെയ്തു" (സൃഷ്ടി. iii. 6.) യാക്കോബിൻെറ പുത്രിയായ ദീനാ ആ ദേശത്തുള്ള സ്ത്രീകളെ കാണ്മാൻ പോയി. തന്നിമിത്തം അവളുടെ നൈർമ്മല്യം അവൾക്കു നഷ്ടമായി. (സൃഷ്ടി. xxxiv. 1, 2.) ദൈവത്തിനു അതീവ സംപ്രീതനായ ദാവീദും അശുദ്ധമായ ഒരു നോട്ടം മുഖാന്തിരം വ്യഭിചാരവും കൊലപാതകവും ചെയ്യുന്നതിനു പ്രേരിതനായിത്തീൎന്നു. "ശത്രുവിനെ കോട്ടയ്ക്കുള്ളിൽ കടത്താതെ സൂക്ഷിക്കുന്നവൻ അതിൻെറ കവാടങ്ങളെ ബന്ധിക്കേണ്ടിയിരിക്കുന്നു" എന്നു വി. ഫ്രാൻസിസ് സാലെസ് പ്രസ്താവിക്കുന്നു. ഇക്കാരണത്താൽ വിശുദ്ധന്മാർ

സ്വനേത്രങ്ങളെ നിയന്ത്രിക്കുന്നതിൽ അത്യന്ത സൂക്ഷ്മം പ്രദർശിപ്പിക്കുകയും അവരുടെ കണ്ണുകൾ സദാ കീഴ്പോട്ടു തിരിക്കയും ചെയ്തിരുന്നു. നിർദ്ദോഷമായ വസ്തുക്കളെപ്പോലും വീക്ഷിക്കുന്നതിനു് അവർ ധൈര്യപ്പെട്ടിരുന്നില്ല.

വി. ബർണ്ണാർദ്ദ് ഒരുകൊല്ലത്തെ നവസന്യാസകാലത്തിനിടയ്ക്കു് ഭവനത്തിൻെറ മുകൾഭാഗം തട്ടുള്ളതോ ഇല്ലാത്തതോ എന്നുപോലും ഗ്രഹിച്ചിരുന്നില്ലത്രെ. ആശ്രമദൈവാലയത്തിനു മൂന്നു ജനലുകൾ ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ആ വസ്തുത അറിഞ്ഞിട്ടുണ്ടായിരുന്നില്ല. നിലത്തുനിന്നും അദ്ദേഹം സ്വദൃഷ്ടികളെ ഉയർത്തുക പതിവില്ലായിരുന്നു. അദ്ദേഹം ഒരു കൂട്ടുകാരനുമൊരുമിച്ചു് ഒരു ദിവസം ഒരു കുളത്തിൻകരയിൽ കൂടി ദീർഘനേരം നടക്കുകയുണ്ടായി. അനന്തരം കുളത്തെപ്പററി സംസാരിക്കാൻതുടങ്ങിയ കൂട്ടുകാരനോടു അതെവിടെ എന്നു ചോദിച്ചു. അദ്ദേഹം ആ കുളത്തെ വീക്ഷിക്കുകയേ ഉണ്ടായില്ല. അതായിരുന്നു ചോദ്യത്തിനു കാരണം. കപ്പൂച്ചിൻസഭയുടെ പൊതുശ്രേഷ്ഠനായിരുന്ന വി. ഈറാനിമ്മോസ് സ്വർഗ്ഗത്തിലേയ്ക്കു നോക്കുന്നതിനും, വയലുകളെ ദർശിക്കുന്നതിനും മാത്രമേ തൻെറ ദൃഷ്ടി തിരിക്കുകയുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ ജീവിതകാലത്തൊരിക്കലും പുരുഷനെയോ, സ്ത്രീയെയോ, കലാവസ്തുക്കളെയോ സൂക്ഷിച്ചിട്ടില്ലത്രെ. വി. ക്ലാര അവളുടെ ജീവിതകാലത്തു ഒരിക്കലും ഒരു പുരുഷനെനോക്കിയിട്ടില്ല. ഒരു പുരുഷൻെറ ഛായ ജലത്തിൽ പ്രതിബിംബിച്ചു കാണുന്നതുപോലും അവൾ വീക്ഷിച്ചിട്ടില്ലത്രെ. അവൾ പുറത്തു സഞ്ചരിക്കുമ്പോൾ തൻെറ മുഖം മററുള്ളവർക്കും, മററുള്ളവരുടെ മുഖം തനിക്കും കാണ്മാൻ കഴിയാത്തവിധം സ്വന്ത മുഖം നന്നായി മൂടിയിരുന്നു.

ഈ വിശുദ്ധരെ നാം ആദർശരായി സ്വീകരിക്കണം. പ്രലോഭനത്തിനു കാരണമാകുന്ന യാതൊരു വസ്തുവിനെയും വീക്ഷിക്കുകയില്ലെന്നു വി. യോബിനെപ്പോലെ നമ്മുടെ നേത്രങ്ങളെക്കൊണ്ടു ഉടമ്പടിയും ചെയ്യിക്കണം. കൗതുകത്തോടെ അന്യരെയോ തന്നെത്തന്നെയോ സൂക്ഷിച്ചുനോക്കരുതു്. മലിനമായ ചിന്തകളെ ഉദിപ്പിക്കുന്നതോ, നിസ്സാരമായ പ്രലോഭനങ്ങൾക്കു കാരണമാകുന്നതോ ആയ എല്ലാ വസ്തുക്കളിൽനിന്നും

ഉടനെതന്നെ നേത്രങ്ങളെ തിരിച്ചുകളയണം. സംഭാഷണങ്ങളിൽ വി. ഫ്രാൻസീസ് സാലസിനെ അനുകരിക്കുക. അദ്ദേഹം തന്നോടു സംസാരിക്കുന്ന ആൾ ആരാണെന്നു നോക്കുകയല്ലാതെ ഒരിക്കലും ആ ആളിൽ തൻെറ ദൃഷ്ടി ഉറപ്പിച്ചിട്ടില്ല. ഈദൃശമായ നേത്രനിയന്ത്രണത്തിനു ആരും കല്പിക്കപ്പെടുന്നില്ലെങ്കിലും ഇങ്ങനെ ചെയ്യുന്നതു് എത്രയും സ്തുത്യർഹവും ഉപകാരപ്രദവുമാകുന്നു.

## 2. സന്യാസി മൂകനായിരിക്കണം

അംഗങ്ങൾ അഹോരാത്രം മൗനവ്രതരായി കഴിയണം എന്നു അനുശാസിക്കുന്ന ചില സന്യാസസഭകൾ ഉണ്ടു്. കൂട്ടമായി സമ്മേളിക്കുമ്പോഴും, ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോഴും ഇവർക്കു സംസാരിക്കുവാൻ അനുവാദമില്ല. ഇതു് നിയമശാസനപ്രകാരമുള്ള മൗനവ്രതമാണു്. വിപുലമായ അർത്ഥത്തിൽ പറഞ്ഞാൽ, ഇതത്രെ സന്യാസജീവിതക്കാരെല്ലാംതന്നെ അനുഷ്ഠിക്കേണ്ടതു, അക്ഷരാർത്ഥത്തിൽ അല്ല എന്നു മാത്രം. അതിനാൽ ഒരു നല്ല സന്യാസി പ്രത്യേകിച്ചും അഞ്ചു സന്ദർഭങ്ങളിൽ മൂകനായിരിക്കണം.

### a. ശ്രേഷ്ഠന്മാരുടെ ആജ്ഞകളും ശാസനകളും സംബന്ധിച്ച സന്യാസി മൂകനായിരിക്കണം.

ശ്രേഷ്ഠൻ എന്തെങ്കിലും ആജ്ഞാപിക്കുകയോ ആവശ്യപ്പെടുകയോ ചെയ്താൽ അതിനു എതിരു പറയുകയോ അതൃപ്തി പ്രദർശിപ്പിക്കുകയോ ആജ്ഞയിൽ കുററമോ കുറവുകളോ ആരോപിക്കുകയോ ചെയ്യുന്നതു ഒരു സന്യാസിക്കു ചേർന്നതല്ല. സ്പഷ്ടമേ തെററല്ലാത്ത ഏതൊരാജ്ഞയും അനുക്ഷണത്തിൽ ചോദ്യം ചെയ്യാതെതന്നെ ആദരപൂർവ്വം അനുസരിക്കണം. ഒരു സന്യാസിയെ സംബന്ധിച്ചിടത്തോളം അധികാരിയായ ശ്രേഷ്ഠൻ ദൈവത്തിൻെറ സ്ഥാനിയാണു്. ആ നിലയിൽ അന്ധമായി അനുസരിക്കുവാൻ സന്യാസി ബാദ്ധ്യസ്ഥനാണു്. കീഴ്‌വഴക്കവ്രതവും ശ്രേഷ്ഠൻെറ സ്ഥാനവും അതു ഒരു സന്യാസിയിൽ നിന്നും ആവശ്യപ്പെടുന്നു. ഇന്ത്യയിലും ജപ്പാനിലും സുവിശേഷം പ്രചരിപ്പിച്ച ധീരോദാത്തനായ വി. ശൗര്യാരിനു, തൻെറ

ശ്രേഷ്ഠനായ വി. ഇഗ്നേഷ്യസിൽനിന്നും ഒരിക്കൽ ഒരു ആജ്ഞ ലഭിച്ചു. "പോവുക" ഇത്രയും മാത്രമായിരുന്നു രേഖാമൂല മുണ്ടായിരുന്ന ആ കല്പന. തൻെറ പ്രിയംകരമായ പ്രവൃത്തി രംഗം വിട്ടുവാനായിരുന്നു ആജ്ഞ. പെട്ടെന്നു ആ പ്രേഷിത വൃത്തിയിൽനിന്നു വിരമിക്കുന്നതിലുള്ള വിഷമതകളെയോ, ആ കല്പനയുടെ ഔചിത്യാനൗചിത്യങ്ങളെയോ പററി ചിന്തിക്കു വാൻപോലും വിശുദ്ധൻ കൂട്ടാക്കിയില്ല. കല്പന ലഭിച്ച സ്ഥലം വിടാൻ. അദ്ദേഹം ഉടനടി നിർദ്ദിഷ്ട രംഗത്തേയ്ക്കു പോവുകയും ചെയ്തു. ഈ മഹാ വിശുദ്ധൻെറ ഈ നടപടി ആദരിക്കപ്പെടേ ണ്ടതും, അന്ധമായും മൗനമായും അനുസരിക്കുവാൻ നമുക്കു പ്രേരണയും പ്രചോദനവും നൽകുന്നതുമായ ഒന്നത്രെ.

b. ശ്രേഷ്ഠന്മാരുടെയും മററും തെററുകുററങ്ങളും സംബന്ധിച്ചും സന്യാസി മൂകനായിരിക്കണം.

ശ്രേഷ്ഠന്മാരെ വിമർശിക്കുന്നതും അവരുടെ കുററങ്ങൾ വെളിപ്പെടുത്തുന്നതും പ്രത്യേകിച്ചും കുററകരമാണ്. ഉപവി യുടെ ലംഘനം മാത്രമല്ല അതിലടങ്ങുന്നതെന്നു ധരിക്കണം. ശ്രേഷ്ഠനെ ആദരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. അനാദര വാണു ഇതിൽ അടങ്ങിയിരിക്കുന്നതു്. കൂട്ടജീവിതത്തിൽ ശിക്ഷ ണം നിലനിർത്താൻ അധികാരസംയുക്തനായ ശ്രേഷ്ഠൻ ഒരു അവശ്യഘടകമാണ്. ശ്രേഷ്ഠനെ വിമർശിക്കുമ്പോൾ, ആ അവശ്യഘടകത്തിൻെറ നാരായവേരാണു മുറിച്ചു കളയുന്നതു്. സഹോദരങ്ങളുടെ കുററങ്ങളും മതിയായ കാരണമോ ആവ ശ്യമോ കൂടാതെ വെളിപ്പെടുത്തരുതു്. ഇതരർ നമ്മോടു എന്തു ചെയ്യാൻ നാം ആഗ്രഹിക്കുന്നുവോ അതു അന്യരോടും ചെയ്യു വാൻ ഉപവി നമ്മോടാവശ്യപ്പെടുന്നു. മറിച്ചു ചെയ്യുന്നതു പാപകരമാണ്. നിയമം പ്രത്യേകം ചുമതലപ്പെടുത്തുന്നില്ലാ യെങ്കിൽ ഒരു സന്യാസി തൻെറ സഹോദരൻെറ കുറവുകൾ അന്യർക്ക് വെളിപ്പെടുത്തേണ്ടതല്ല, പ്രത്യേകിച്ചും ആശ്രമത്തി നു പുറമേയുള്ളവർക്ക്. ആശ്രമത്തിൽ നടക്കുന്നതൊന്നും പുറത്തു വിടാതിരിക്കാൻ സന്യാസി സൂക്ഷിക്കേണ്ടതാണ്. സഭയുടെ പേരിനും ബഹുമാനത്തിനും കെട്ടുതലുണ്ടാക്കുന്ന അത്തരം നടപടികളിൽ ഏർപ്പെടാതിരിക്കുന്നതിനു് പ്രത്യേകം കരുതലു ണ്ടായിരിക്കണം.

C. തനിക്കു ലഭ്യമാകുന്ന ശാസനകൾ സംബന്ധിച്ചും
സന്യാസി മൂകനായിരിക്കണം.

ഒരു കുററത്തെക്കുറിച്ചു ശാസിക്കപ്പെടാനിടയായാൽ അതു ക്ഷമയോടെ സഹിക്കുക. അർഹിക്കാത്തതാണെങ്കിൽ അക്ഷോഭ്യമായി ശാന്തമായി സ്വയം ആദരിക്കുന്നതിൽ തെററില്ല. എങ്കിലും അർഹിക്കാത്തതുപോലും ശാന്തമായി, വിനയത്തോടെ സഹിക്കുന്നതാണുത്തമം. "ശാസിക്കപ്പെടുവാൻ ഇടയാകുമ്പോൾ സ്വയം നീതീകരിക്കുന്നതിനോ, ഒഴിഞ്ഞുമാറുന്നതിനോ ശ്രമിക്കാതിരിക്കുന്നതു ഒരു സന്യാസിക്കു പത്തു പ്രസംഗം കേൾക്കുന്നതിലും കൂടുതൽ ഫലപ്രദമായിരിക്കും'' എന്നാണ് വി. അമ്മത്രേസ്യാ അഭിപ്രായപ്പെടുന്നതു്. വി. അല്ലോൻസ് ലിഗോരി പറയുന്നതും ശ്രദ്ധാർഹമാണ്. "അർഹിക്കാത്ത ശാസനത്തിനു ഇടയായാൽ ഇടർച്ചയ്ക്കു കാരണമായേക്കുമെന്നു കാണുന്നെങ്കിൽ മാത്രം സ്വയം നീതീകരിക്കുക. അങ്ങനെ ഒരാവശ്യം കാണുന്നില്ലെങ്കിൽ എളിമയെപ്രതി അതു മൗനമായി സഹിക്കുക."

ഒരിക്കൽ ഒരു സന്യാസിനിയുടെ പേരിൽ ഒരു കുററം ആരോപിക്കപ്പെട്ടു. അതിൽ അവളെ നീതീകരിച്ചുകൊണ്ടു് ആ കുററാരോപകനു് ഒരെഴുത്തു എഴുതണമെന്നു അവൾ തൻെറ ആത്മീയ ഗുരുവായിരുന്ന ഫാദർ ആൻറനി ടോറെസിനെഴുതി. അതിനു അദ്ദേഹം നൽകിയ ചുട്ടമറുപടി ഇതായിരുന്നു: "സോദരിയെ ഞാൻ നീതീകരിക്കണമെന്നു എഴുതിയിരിക്കുന്നതു കണ്ടു. അങ്ങനെ എനിക്കെഴുതുവാൻ ധൈര്യപ്പെട്ടതിൽ ഞാൻ വിസ്മയിക്കുകയാണ്. സോദരിയുടെ പേരിൽ ഞാൻ സഹതപിക്കുന്നു. നമ്മുടെ ദിവ്യമണവാളനിൽ പാപം ആരോപിക്കപ്പെട്ടപ്പോൾ അങ്ങു അവലംബിച്ച നിലയും പ്രകടിപ്പിച്ച മനോഭാവവും എന്താണെന്നു പീഡാനുഭവ വാരത്തിൽ കേട്ടതു് ജോലിത്തിരക്കുകൊണ്ടു സോദരി വിസ്മരിച്ചുപോയതായിരിക്കാം എന്നു ഞാൻ കരുതുന്നു. അതു ഓർമ്മയിൽ ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ ഒരു നീതീകരണത്തിനു എന്നോടാവശ്യപ്പെടാൻ തുനിയുകയില്ലായിരുന്നു. അതിനാൽ സ്വയം ലജ്ജിക്കുക, നഗ്നപാദയായി കഴുത്തിൽ ഒരു കയറും ചുററി ക്രൂശിതരൂപത്തിൻമുമ്പാകെയെത്തി ചെയ്തുപോയ ഈ അപരാധത്തിനു മിശിഹായോടു പൊറുതി അപേക്ഷിക്കുക. ഇനിമേൽ ഇങ്ങനെ

യൊരു സ്വയം നീതീകരണത്തിനു ഉദ്യമിക്കയില്ലെന്നു ഇപ്പോൾ തന്നെ പ്രതിജ്ഞയും ചെയ്യുക. തെററുകൾ ഏററു പറയുക നിമിത്തം മരിക്കേണ്ടിവന്നാൽപോലും ആ സദുദ്യമത്തിൽനിന്നും പിന്മാറാതിരിക്കുക. നമുക്കുവേണ്ടി നമ്മുടെ ദിവ്യമണവാളൻ അവമാനകരമായ മരണം വരിച്ചു. അതുപോലെ പ്രവൎത്തിച്ചുകൊണ്ട് ആ ദിവ്യമണവാളനോടു പ്രതിസ്നേഹം കാണിക്കേണ്ടവളല്ലയൊ സോദരി?''

d. സ്വന്തം സൽപ്രവൎത്തനങ്ങൾ സംബന്ധിച്ചും സന്ന്യാസി മൂകനായിരിക്കണം.

തങ്ങൾ ചെയ്യുന്ന സൽകൃത്യങ്ങളെല്ലാം പേരും പെരുമയും ആശിച്ചു പരസ്യപ്പെടുത്തുന്ന ക്രിസ്ത്യാനികൾ വളരെയാണ്. അവർ പ്രശംസതേടി ഓടുന്നവരാണ്. പക്ഷേ ആ പ്രസിദ്ധീകരിക്കൽമൂലം സ്വന്തം സൽകൃത്യങ്ങളുടെ ഫലം കുറക്കുകയോ, നഷ്ടപ്പെടുത്തുകയോ ആണു ചെയ്യുന്നതെന്നു അവർ അറിയുന്നില്ല. പ്രശംസക്കുവേണ്ടി സൽകൃത്യങ്ങൾ പരസ്യമായി ചെയ്തിരുന്ന ഫരിസേയരെപ്പററി ദിവ്യരക്ഷകൻ പറഞ്ഞതെന്താണെന്നു ഓൎമ്മിക്കുക. അവർ അവരുടെ പ്രതിഫലം പററിക്കഴിഞ്ഞു എന്നും സൽകൃത്യങ്ങൾ പരസ്യമാക്കേണ്ടതല്ല എന്നുമാണ് അവിടുന്നു നമ്മെ ഉപദേശിക്കുന്നതു്. (വി. മത്താ. vi.) മതിയായ ആവശ്യം കൂടാതെ സ്വന്തം സൽകൃത്യങ്ങൾ പരസ്യമാക്കരുതു്. ഏതു സൽകൃത്യം ചെയ്യുമ്പോഴും ദൈവസ്തുതിയും ആത്മരക്ഷയും മാത്രമായിരിക്കട്ടെ ലക്ഷ്യം. മനുഷ്യരുടെ പ്രശംസയെയും, ബഹുമതിയെയും എത്രകണ്ടു വെറുക്കുന്നുവോ അത്രകണ്ടു കൂടുതൽ സമ്മാനം സ്വൎഗ്ഗത്തിൽ നമുക്കു ലഭിക്കും.

e. മൗനം ദീക്ഷിക്കേണ്ട സമയവും സ്ഥലവും സംബന്ധിച്ചും സന്ന്യാസി മൂകനായിരിക്കണം.

സന്ന്യാസമന്ദിരങ്ങളിലെ മൗനാചരണത്തിനു സഭാസ്ഥാപകരേവരും ആദ്ധ്യാത്മികപണ്ഡിതന്മാർ ഒന്നടങ്കവും വളരെയേറെ പ്രാധാന്യമാണു കല്പിച്ചിരിക്കുന്നതു്. ഈ നിഷ്ഠ ശരിയായും കൃത്യമായും പാലിക്കുന്ന ആശ്രമങ്ങൾ മാത്രമാണ് ഉറച്ച അടിസ്ഥാനത്തിൽ നിൽക്കുന്നതെന്നുപോലും ഊന്നിപ്പറയുവാൻ

അവർ മടിക്കുന്നില്ല. മൗനവ്രതത്തെ നിസ്സാരമാക്കിത്തള്ളുന്ന ആശ്രമങ്ങൾ ആശ്രമങ്ങളേ അല്ലെന്നു് അവർ അഭിപ്രായപ്പെടുന്നു. ഒരു ആശ്രമത്തിൽ ശരിയായ ആദ്ധ്യാത്മിക നിലവാരം പുലരുന്നുണ്ടോ എന്നു അറിവാൻ അവിടെ മൗനവ്രതം ശരിയായി പാലിക്കുന്നുണ്ടോ എന്നു നിരീക്ഷിച്ചാൽ മതി എന്നു വി. ഇഗ്നേഷ്യസ് അഭിപ്രായപ്പെടുന്നു. മൗനാനുഷ്ഠാനത്തിൽ നിഷ്ഠയില്ലാത്ത സന്ന്യാസമന്ദിരത്തിൽ അഭിപ്രായവ്യത്യാസങ്ങൾ, മത്സരം, വഴക്കു്, പിറുപിറുപ്പു്, പരാതി, പ്രത്യേക പക്ഷങ്ങൾ ഇവ ഒന്നും അവസാനിക്കുവാൻ പോകുന്നില്ല. എവിടെ ഇതു കൃത്യമായി ആചരിക്കപ്പെടുന്നുവോ അവിടം സ്വർഗ്ഗത്തിന്റെ ഒരു പ്രതീതിയാണു നൽകുക. അതു അവിടെ ഉള്ളവരിൽ മാത്രമല്ല സന്ദർശകരിൽപോലും ദൈവഭയവും, ഭക്തിയും ഉത്തേജിപ്പിക്കും.

ഒരു സന്ന്യാസ ഭവനത്തിലെ ആദ്ധ്യാത്മിക നിലവാരം ഉദ്ധരിക്കേണ്ടിവന്നാൽ മൗനവ്രതത്തിന്റെ കാര്യത്തിൽ നിഷ്കർഷിച്ചാൽ മതിയാകും എന്നാണു് ഈശോസഭാംഗമായ ഫാദർ നത്താലിസിന്റെ അഭിപ്രായം. അതിൽ നിഷ്കർഷിച്ചാൽ അംഗങ്ങൾ ധ്യാനനിരതരും, ധ്യാനശീലരും ആയിക്കൊള്ളും. സുകൃതത്തിൽ ഉയരാനും പൂർണ്ണതയിലേയ്ക്കു നീങ്ങാനുമുള്ള ഉൽക്കണ്ഠയും തീക്ഷ്ണതയും തദംഗങ്ങളിൽ ഈ മൗനവ്രതം ജനിപ്പിക്കും. മൗനവ്രതം ശരിക്കു പാലിക്കുന്ന ആശ്രമങ്ങളിൽ മററു ക്രമചട്ടങ്ങളും കൃത്യമായി പാലിക്കുന്നുണ്ടാവും. അനുഭവത്തിൽനിന്നു തെളിഞ്ഞിട്ടുള്ള ഒന്നാണിതു്. എവിടെ അതിനു കുറവു കാണുന്നുവോ, അവിടെ സന്ന്യാസാരൂപിയും കുറഞ്ഞിരിക്കും. മൗനവ്രതാനുഷ്ഠാനത്തിലുള്ള നിഷ്ഠയുടെ കുറവാണു് സന്ന്യാസികളിൽ വിശുദ്ധന്മാർ ഇത്ര കുറവായിരിക്കാൻ കാരണം എന്നു് അല്ലോൻസ്സ് ലിഗോരി പുണ്യവാൻ അഭിപ്രായപ്പെടുന്നു.

ആകയാൽ, സഭാചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന മൗനവ്രതം കൃത്യമായി പാലിക്കാൻ സൂക്ഷിക്കുക. അതിനായി അക്ഷീണം പരിശ്രമിക്കുക. “സംസാരബഹുലതയിൽ പാപത്തിനു അവസരം ധാരാളമാണു്. എന്നാൽ അധരങ്ങളെ നിയന്ത്രിക്കുന്നവൻ ഏററം വലിയ ജ്ഞാനിയാണു്.” (സുഭാഷി. x. 19.) “ഒരുവൻ ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നു എന്നു വിചാരിക്ക

കയും, തൻെറ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കുകയും ചെയ്യുന്നെങ്കിൽ അവൻെറ ശുശ്രൂഷ വ്യർത്ഥമാകുന്നു.” (വി. യാക്കോ. i. 26.) ഇതിൻെറയെല്ലാം ചുരുക്കമിതാണ്. സംസാരം കുറയ്ക്കുക. സംസാരം വെള്ളിയാണ്. മൗനമോ സ്വർണ്ണമത്രെ. സംസാരം കുറയ്ക്കുന്നവർ അത്ര കുറച്ചു കണക്കു മാത്രമേ കർത്താവിൻെറ മുമ്പാകെ സമർപ്പിക്കേണ്ടിവരികയുള്ളു. കർത്താവാകട്ടെ വ്യർത്ഥമായ ഓരോ വാക്കിനും കർശനമായ കണക്കു ചോദിക്കുന്നവനത്രെ. എത്രകണ്ടു സംസാരം നാം കുറയ്ക്കുമോ അത്രകണ്ടു കൂടുതലായി ഭക്തിയിൽ നാം ഉറയ്ക്കുന്നതും, സന്യാസതീക്ഷ്ണതയിൽ ഉയരുന്നതുമാണ്.

## 3. സന്യാസി ബധിരനായിരിക്കണം

ബധിരതയെ ഒരു നിർഭാഗ്യമായി മനുഷ്യരേവരും കരുതുന്നു. അതിനു തക്ക ന്യായവും ഇല്ലാതില്ല. എന്നിരുന്നാലും ഒരു നല്ല സന്യാസി നാലു കാര്യങ്ങളിൽ ബധിരനായിരിക്കണം.

### a. ശ്രേഷ്ഠന്മാരെയും മററും പററിയുള്ള പരാതികഠം സംബന്ധിച്ചു സന്യാസി ബധിരനായിരിക്കണം.

സന്യസ്തരുടെ ഇടയിൽക്കൂടെയും പലപ്പോഴും മുറുമുറുപ്പോടുകൂടിയും പരാതികൾ പറഞ്ഞും അതൃപ്തരായി കഴിയുന്നവരുണ്ട്. അടങ്ങിജീവിക്കാൻ കഴിയാതെ വലയുന്നവരുമുണ്ട്. ഇന്നു ഒരാളെപ്പററിയാണു പരാതിയെങ്കിൽ നാളെ വേറൊരാളെപ്പററിയായിരിക്കും ആവലാതി. ആദ്ധ്യാത്മികമായ അവരുടെ ഈ അക്ഷമതയും അസ്വാസ്ഥതയും ഒഴിവാക്കാൻ ശ്രേഷ്ഠന്മാർ പ്രത്യേകം ഗൗനിക്കേണ്ടതാണ്. അവരുടെ അതൃപ്തി പാപകരമാണെന്നു അവരെ മനസ്സിലാക്കണം. കർശനമായ ശാസനകളാലും പ്രായശ്ചിത്തങ്ങൾ നൽകിക്കൊണ്ടും ഇത്തരം അനിയന്ത്രിത വ്യക്തികളെ നിയന്ത്രിച്ചെടുക്കാൻ കഴിയുന്നത്ര ശ്രമിക്കണം. ഇവരുടെ അതൃപ്തി മററു സന്യാസിമാരെപ്പോലും അതൃപ്തിയിലേയ്ക്കും, അസ്വാസ്ഥതകളിലേയ്ക്കും തള്ളിവിടാൻ ഇടയാക്കരുത്. “ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം നിങ്ങളുടെമേൽ വഹിച്ചുകൊണ്ട് എന്നിൽനിന്നു നിങ്ങൾ

പഠിക്കുവിൻ. നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ ആശ്വാസം കണ്ടെത്തും" (വി. മത്തായി xi. 29) എന്നു നമ്മോടു വിളിച്ചു പറയുന്ന ദിവ്യരക്ഷകനെ ഓൎത്തു സ്വയം നിഗ്രഹിച്ചും നിയന്ത്രിച്ചും ഈ അസ്വാസ്ഥതയിൽനിന്നും രക്ഷപെടാൻ ശ്രമിക്കണമെന്നു ശ്രേഷ്ഠന്മാർ ശാന്തമായും, സ്നേഹപൂൎവ്വവും അവരെ ഉപദേശിക്കണം. മ്ളാനത, വിദ്വേഷം, അതൃപ്തി ഇതൊന്നും ഹൃദയത്തിൽ എത്തിനോക്കാൻ സന്യാസി അനുവദിക്കരുതു്. ശാന്തതയിൽ അഭ്യസിക്കുക. സ്വൎഗ്ഗരാജ്യം തട്ടിപ്പറിച്ചെടുക്കണമെങ്കിൽ സ്വയം നിഗ്രഹിച്ചു്, എളിമയോടെ, മൗനമായി ക്ലേശങ്ങൾ പലതു സഹിക്കണം. മനസ്സിനു ഇണങ്ങാത്ത, ഹിതത്തിനു ചേരാത്ത പലതും സഹിച്ചേ മതിയാവൂ. ഇതു ഒരിക്കലും മറക്കരുതാത്ത ഒരു വാസ്തവമത്രെ.

### b. ലോകവൎത്തമാനങ്ങൾ സംബന്ധിച്ചും സന്യാസി ബധിരനായിരിക്കണം.

അന്മായർ വന്നു് ഓരോ നാട്ടുവാൎത്ത പറഞ്ഞുതുടങ്ങിയാൽ അവരുമായി ദീൎഘസമയം ചിലവഴിക്കയൊ, അവരുടെ സംഭാഷണം ശ്രവിക്കുന്നതിൽ അതിതാല്പൎയ്യം കാണിക്കയൊ ചെയ്യാതിരിക്കുക. അവരുടെ സംസാരത്തിൽ നാം ശ്രദ്ധിക്കുന്നില്ലായെന്നും അതിൽ വിരസതയാണുള്ളതെന്നും കണ്ടാൽ അവർ സ്വയം വിരമിച്ചുകൊള്ളും. സന്ദൎശനംതന്നെ അവർ കുറച്ചേക്കും. അതു സന്യാസിക്കു ഒരു അനുഗ്രഹമല്ലാതെ ഒരാപത്താകാൻ പോകുന്നില്ല. അന്മായരുമായി സംസാരിക്കുമ്പോൾ അത്യാവശ്യമായതുമാത്രം പറഞ്ഞു അവസാനിപ്പിക്കാൻ ശ്രമിക്കണം. അവിഹിതമായതിലേയ്ക്കു കടക്കുകയേ വേണ്ട. 'സന്ദൎശനങ്ങളും സംഭാഷണങ്ങളും പാപഹേതുകമാകാൻ അനുവദിക്കരുതേ, നിൎമ്മലമാനസരായിത്തന്നെ മടങ്ങുവാൻ ഇടയാക്കണമേ' എന്നു രഹസ്യമായി ദൈവത്തോടു പ്രാൎത്ഥിച്ചതിനുമേൽ മാത്രമേ, നല്ല തീക്ഷ്ണമതികളായ സന്യാസിമാർ സാധാരണ സന്ദൎശനമുറിയിൽ കടക്കാറുള്ളൂ. സന്ദൎശനത്തിനു പോകേണ്ടിവരുമ്പോൾ ഈ മുറ അനുസരിച്ചു വ്യാപരിക്കാൻ ശ്രദ്ധിക്കുന്നതായാൽ യാതൊരു സന്ദൎശനവും മരണശയ്യയിലാകുമ്പോൾ അലട്ടലിനോ അസ്വാസ്ഥതയ്ക്കോ കാരണമാകയില്ല.

c. തന്നെപ്പററിയുള്ള സ്തുതിഗീതങ്ങറം സംബന്ധിച്ചും
സന്ന്യാസി ബധിരനായിരിക്കണം.

മനുഷ്യൻെറ പ്രശംസയോളം പൊള്ളയായി മറെറാന്നില്ല. പ്രശംസകർ അധികവും ആത്മാർത്ഥതയില്ലാത്തവരാണ്. അധരംകൊണ്ടു പ്രശംസ നടത്തുന്ന പലരുടെയും ഉള്ളിൽ മറിച്ചായിരിക്കും. മനസ്സുകൊണ്ടു അവർ നിന്ദിക്കുകയായിരിക്കും ചെയ്യുന്നതു്. പ്രശംസ അർഹിക്കുന്നതാണെന്നുതന്നെ വിചാരിക്കുക. ദൈവം നമ്മിൽ സംപ്രീതനല്ലാ എങ്കിൽ ദൈവദൃഷ്ടിയിൽ നാം പാപികളാണെങ്കിൽ ഈ പ്രശംസകൾകൊണ്ടു എന്തു ഫലം? മനുഷ്യർ ബാഹ്യമായതുമാത്രം കാണുന്നു. ദൈവം ഉള്ളിലേതും ഗ്രഹിക്കുന്നു. ശുദ്ധിമാന്മാരായി ലോകം എണ്ണുന്ന പലരെ ദൈവം തള്ളുന്നു. പ്രശംസയ്ക്കു ചെവികൊടുക്കുന്നതിനോളം വലിയ ആപത്തു വേറെ ഉണ്ടാകാനില്ല. ഡംഭും, അഹംഭാവവും ഹൃദയത്തിൽ കയറിപ്പററിയിട്ടു് നാം ചെയ്തിടത്തോളം സുകൃതങ്ങളുടെ ഫലം അവ നശിപ്പിച്ചുകളയുമെങ്കിൽ ഇതിനെ നാം എത്രമാത്രം ഭയപ്പെടേണ്ടതാണെന്നു വിധിച്ചുകൊള്ളുക. നിങ്ങളെ കീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നവരിൽനിന്ന് ഓടി അകലുക. അവരുമായുള്ള ഇടപാടുകൾ ചുരുക്കുക. സംസാരവിഷയം മാററാൻ ശ്രമിക്കുക. അഹങ്കാരം ഉള്ളിൽ കടന്നു ആപത്തുണ്ടാക്കാൻ അനുവദിക്കാതിരിക്കുക. പ്രശംസിക്കുമ്പോൾ പുറമേ വിനയം ഭാവിക്കുകയും എന്നാൽ അകമേ അതിൽ സന്തോഷിക്കുകയും ചെയ്യുന്ന ചിലരുണ്ടു്. ഇവരാണ് കപടഭക്തർ. അതേ, പ്രീശന്മാരെപ്പോലെയുള്ള കപടഭക്തർ. ഈ ഗണത്തിൽ ഉൾപ്പെടാതെയിരിക്കാൻ സൂക്ഷിക്കുക.

d. ആന്തരികമായ പ്രലോഭനങ്ങറം സംബന്ധിച്ചും
സന്ന്യാസി ബധിരനായിരിക്കണം.

ആശ്രമങ്ങളിലുമുണ്ടു് പ്രലോഭനങ്ങളും പ്രലോഭനഹേതുക്കളും. പുറത്താണു കൂടുതൽ എന്നേ ഒരു വ്യത്യാസമുള്ളൂ. ആന്തരികമായ പ്രലോഭനങ്ങൾ ചിലപ്പോൾ പിശാചിൽനിന്നായിരിക്കാം. ചിലപ്പോൾ ദുരാശാപാശങ്ങളിൽനിന്നുണ്ടാകാം. ബാഹ്യലോകംതന്നെ ചിലപ്പോൾ സന്ന്യസ്തരെ വശീകരിച്ചെന്നുവരാം.

ലോകത്തിൽ ആത്മായക്കുണ്ടാകുന്ന പ്രലോഭനങ്ങൾ എല്ലാംതന്നെ ആശ്രമത്തിൽ സന്ന്യസ്തക്കും ഉണ്ടാകാം. ആജീവനാന്തം ഇവ തുടൻ എന്നും വരാം. അതുകൊണ്ടു പ്രലോഭനങ്ങളിൽനിന്നു ഓടി അകലുക. അവയ്ക്കു ചെവികൊടുക്കാതിരിക്കുക. പരീക്ഷകൾ നേരിടുന്ന ക്ഷണത്തിൽ അതിൽ വിരക്തരാകണം. സച്ചിന്തകളിൽ നിരതരാകണം. ദിവ്യരക്ഷകൻെറയും, ദിവ്യജനനിയുടെയും സഹായം തേടണം. ഈ നില പാലിച്ചാൽ, ഈ നിശ്ചയത്തിൽ ഉറച്ചുനിന്നാൽ, ആയിരമായിരം പരീക്ഷകൾകൊണ്ടും ഒരൊററ പാപം സംഭവിക്കാൻ പോകുന്നില്ല. പരീക്ഷകൾ നേരിട്ടിട്ട് അവയിൽനിന്നു ഒഴിയാൻ കഴിയുന്നതു ഒരു വലിയ അനുഗ്രഹവും കൂടിയാണ്. ദൈവത്തിലുള്ള വിശ്വാസവും ദൈവസ്നേഹത്തിലുള്ള ഉറപ്പും പ്രകടിപ്പിക്കാനുള്ള സുവണ്ണാവസരങ്ങളാണു പരീക്ഷകൾ. പരീക്ഷകളിലുള്ള വിജയം സ്വർഗ്ഗത്തിൽ നമുക്കു കൂടുതൽ യോഗ്യതകൾ സമ്പാദിച്ചുതരുന്നതാണ്.

ഒരു നല്ല സന്ന്യാസി അന്ധനും മൂകനും ബധിരനുമായിരിക്കണം എന്ന് പറയുന്നതിൻെറ സാരം എന്താണെന്നു ഇപ്പോൾ ഏവരും ഗ്രഹിച്ചിരിക്കുമെന്ന് വിശ്വസിക്കുന്നു. ശാരീരികമായി അന്ധരോ, ബധിരരോ, മൂകരോ ആയി കഴിയേണ്ടിവരുന്നു എങ്കിൽ അതൊരു മഹാ ദുർഭാഗ്യമാണ്. ആത്മീയമായിട്ടാണെങ്കിൽ അതു് ഒരു വലിയ അനുഗ്രഹവുമാണ്. ആത്മീയമായി അന്ധനായിരിക്കുക എന്നു പറഞ്ഞാൽ നിത്യരക്ഷയുടെ ശത്രുക്കളുടെ നേരെ ഹൃദയത്തിൻെറ കണ്ണുകൾ അടച്ചു നന്മയിലേയ്ക്കും വിശുദ്ധിയിലേയ്ക്കുമുള്ള ഇടുങ്ങിയ മാർഗ്ഗം അവലംബിക്കുക എന്നാണർത്ഥം. നിങ്ങളുടെ ജീവിതാന്തസ്സിനു ചേരാത്ത എന്തിനെ സംബന്ധിച്ചും, രക്ഷയ്ക്കു ഹാനികരമായ ഏതിനെ സംബന്ധിച്ചും അന്ധരും ബധിരരും മൂകരുമായിരിക്കാനുള്ള അനുഗ്രഹം നൽകുവാൻ ഈ അവസരത്തിൽ ദിവ്യരക്ഷകനോടു പ്രാത്ഥിക്കുക. ദൈവത്തെ സേവിക്കുവാനും പുണ്യപൂണ്ണതയും ദൈവാനുഗ്രഹങ്ങളും പ്രാപിക്കുവാനും മാത്രമായി കണ്ണും, കാതും, നാവും, ഉപയോഗപ്പെടുത്തുക. സന്ന്യാസവ്രതങ്ങൾ പുതുക്കിക്കൊണ്ട് ആജീവനാന്തം വ്രതങ്ങളും, സഭാചട്ടങ്ങളും കൃത്യമായി പാലിക്കും എന്നു ദൃഢമായി പ്രതിജ്ഞ ചെയ്യുക. ലോകവും ലൗകികമായ സമസ്തവും നീ ഉപേക്ഷിച്ചു. ദൈവ

ത്തെ അതിനു പകരം വരിച്ചു. ദൈവത്തെമാത്രം സേവിക്കു വാനും അതിനു ആവശ്യമായതുമാത്രം ആഗ്രഹിക്കുവാനുമായി സന്ന്യസ്തജീവിതം നീ തെരഞ്ഞെടുത്തു. ദൈവവും രക്ഷകനു മായ നമ്മുടെ കർത്താവാണ് നിന്നെ ഇവിടേയ്ക്കു ആനയിച്ചതു്. "മരണംവരെ വിശ്വസ്തനായിരിക്കുക. ആയുസ്സിന്റെ കിരീടം നിനക്കു ഞാൻ തരും'' (വെളിപാടു്, ii. 10) എന്നത്രെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു്. അതിനാൽ ആ വാക്കുകൾ നിന്നിൽ നിറവേറുവാനും ആയുസ്സിന്റെ കിരീടം നീ നേടു വാനും തക്കവണ്ണം മരണംവരെ വിശ്വസ്തനായി ജീവിക്കുക.

---

## 16. സമാധാനജീവിതം

പൂർവ്വപിതാവായ അബ്രാഹം സഹോദരപുത്രനായ ലോ ത്തിനോടൊന്നിച്ചു് കനാൻദേശത്തു സമാധാനത്തോടെ വസ ച്ചുകൊണ്ടിരിക്കയിൽ അബ്രാഹത്തിന്റെയും ലോത്തിന്റെയും ആട്ടിടയന്മാർ തമ്മിൽ മേച്ചിൽ സ്ഥലങ്ങളെ സംബന്ധിച്ചു് ഒരു വഴക്കുണ്ടായി. ഇരുക്കൂട്ടർക്കും ആട്ടിൻപറ്റങ്ങളും കന്നുകാലി ക്കൂട്ടങ്ങളും ഉണ്ടായിരുന്നു. അവരുടെ സംയുക്തഗണത്തിനു വേണ്ടുംമേച്ചിൽ സ്ഥലം തികയാതെ വന്നു. അതിനാൽ അബ്രാ ഹം ലോത്തിനോടു പറഞ്ഞു: "ഞാനും നീയും തമ്മിലാകട്ടെ എന്റെയും നിന്റെയും ആട്ടിടയന്മാർ തമ്മിലാകട്ടെ യാതൊരു ശണ്ഠയും ഉണ്ടാകരുതു്. എന്തുകൊണ്ടെന്നാൽ നാം സഹോദര ന്മാരായ മനുഷ്യരാകുന്നു. ഇതാ ഭൂമി മുഴുവനും നിന്റെ മുമ്പാകെ കിടക്കുന്നു. എന്നിൽനിന്നു് നീ മാറിപ്പോവുക. നീ വലത്തോട്ടെ ങ്കിൽ ഞാൻ ഇടത്തോട്ടു്, നീ ഇടത്തോട്ടെങ്കിൽ ഞാൻ വല ത്തോട്ടു പൊയ്ക്കൊള്ളാം. ലോത്തു് യോർദ്ദനാനു സമീപമുള്ള സ്ഥലം മുഴുവൻ തനിക്കായി തെരിഞ്ഞെടുത്തു് കിഴക്കുനിന്നും പോയി. അവരിരുവരും തമ്മിൽ പിരിയുകയും ചെയ്തു. അബ്രാ ഹമാകട്ടെ കാനാൻദേശത്തു പാർത്തു." (സൃഷ്ടി. xiii. 5–12.)

അബ്രാഹത്തിനുണ്ടായിരുന്ന യഥാർത്ഥമായ ഈ സമാ ധാന മനഃസ്ഥിതി നമുക്കും ഉണ്ടായിരിക്കേണ്ടതാണ്. എന്തുകൊ ണ്ടെന്നാൽ സമാധാനത്തെക്കാൾ ഒരു സന്ന്യാസസഭയ്ക്കും, സന്ന്യാ

സികൾക്കും കൂടുതൽ ആവശ്യമുള്ള ഗുണം വേറൊന്നില്ല. നാം ഓരോരുത്തരും എന്നും സമാധാനമുള്ളവരായിരിക്കുവാനും എപ്പോഴും കൂട്ടത്തിൽ സമാധാനം പാലിക്കുവാനും സർവ്വാത്മനാ യത്നിക്കേണ്ടതാണ്.

അതിനാൽ, നാം എന്തിനു സമാധാനം പാലിക്കണം, നാം എങ്ങനെ സമാധാനം പാലിക്കണം, എന്നീ രണ്ടു കാര്യങ്ങളെപ്പറ്റി നമുക്കു സ്വല്പം ചിന്തിക്കാം.

## 1. നാം എന്തിനു സമാധാനം പാലിക്കണം?

a. മനുഷ്യനു ഇഹത്തിൽ അനുഭവിക്കാൻ പാടുള്ള നന്മകളിൽവെച്ച് ഏററം വിശിഷ്ടമായ നന്മയാകുന്നു സമാധാനം.

സ്വർണ്ണം, വെള്ളി, വജ്രം, മുത്ത്, രത്നക്കല്ലുകൾ ഇത്യാദി വിലപിടിച്ച വസ്തുക്കൾകൂടാതെ, മനുഷ്യദൃഷ്ടിയിൽ വിലയേറിയവയായിത്തോന്നുന്ന പല വസ്തുക്കളും ഭൂമിയിലുണ്ട്. എന്നാൽ ഇവയെയെല്ലാം അതിശയിക്കുന്ന ഒരു അമൂല്യനിധിയുണ്ട്. അതത്രെ സമാധാനം. സമാധാനം സംതൃപ്തിയുടെ അടിസ്ഥാനം ആകുന്നു. സമാധാനമുള്ളിടത്ത് മനുഷ്യൻ ആഗ്രഹിക്കുന്ന സമസ്തവുമുണ്ട്. ഏതന്നിമിത്തം അവൻ സൗഭാഗ്യവാനുമാകുന്നു. സംതൃപ്തിമൂലം തീരെ നിർദ്ധനമായ കുടിൽപോലും പറുദീസായായിത്തീരുന്നു. അതില്ലാത്തപക്ഷം രാജാവിന്റെ അരമനയായാലും നരകമത്രെ. ലീദിയായിലെ നാടുവാഴിയായിരുന്ന ക്രീസസ് രാജാവ് ഒരു തത്വശാസ്ത്രജ്ഞനെ കണ്ട് ഭൂമിയിൽവെച്ച് ഏററവും സൗഭാഗ്യവാനായ മനുഷ്യൻ ആരാണെന്നു ചോദിച്ചു. അജ്ഞാതനായി ഒരു കുടിലിൽ വസിക്കുന്ന ഒരു നിർദ്ധനന്റെ പേര് അയാൾ പറഞ്ഞു. തന്റെ പേരു പറയാതെ ഇങ്ങനെ ഒരു നിർദ്ധനന്റെ പേരു പറഞ്ഞതിൽ വിസ്മയഭരിതനായി നിന്ന രാജാവിനോടു ആ തത്വജ്ഞാനി പറയുന്നു: "അല്ലയോ രാജാവേ, പട്ടുമെത്തയിൽ ശയിക്കുന്ന അവിടുത്തെക്കാൾ, വൈക്കോൽ മെത്തയിൽ ശയിക്കുന്ന ആ ദരിദ്രനാണു കൂടുതൽ സൗഭാഗ്യവാൻ. അവന്റെ വൈക്കോൽ കിടക്കയ്ക്കു സമീപം സസ്നേഹം ശുശ്രൂഷ ചെയ്യുന്ന സമാധാനദൂതനെ അവിടുത്തെ പട്ടുമെത്തയ്ക്കു സമീപം കാണാൻ കഴിയുകയില്ല." ഇതായിരുന്നു ആ അനാഗതനായ

തത്വജ്ഞൻെറ അഭിപ്രായം. അതേ, എല്ലാ സൗഭാഗ്യത്തിൻെറയും ഉൽപ്പത്തി സമാധാനവും അതിൻെറ അവസാനം ഭിന്നതയും ആകുന്നു. മാത്സൎയ്യവും ഭിന്നതയും നീക്കിക്കളഞ്ഞാൽ നരകംതന്നെയും നരകമായിരിക്കയില്ല. സ്വൎഗ്ഗഭാഗ്യമനുഭവിക്കുന്ന വിശുദ്ധന്മാർ സമാധാനരഹിതരായാൽ സൗഭാഗ്യരഹിതരായിത്തീരുകയും ചെയ്യും.

ഐഹികവാസം വെടിഞ്ഞ നീതിമാന്മാരുടെ ആത്മാക്കളെപ്പററി ആശ്വാസകരമായി വല്ലതും പറയുമ്പോൾ അവർ സമാധാനത്തിൽ വസിക്കുന്നു എന്നാണ് വി. ലിഖിതം പ്രസ്താവിക്കുന്നതു്. (വിജ്ഞാനം iii. 3.) മരണം പ്രാപിച്ച നമ്മുടെ സഹോദരീസഹോദരന്മാൎക്ക് നാം എന്തെങ്കിലും നന്മ ആശംസിക്കുമ്പോൾ "വേർപിരിഞ്ഞുപോയ വിശ്വാസികളുടെ ആത്മാക്കൾ സമാധാനത്തിൽ വസിക്കട്ടെ" എന്നു നാം പ്രാൎത്ഥിക്കുന്നു. ഇപ്രകാരം, എല്ലാ ശവസംസ്കാരവേളയിലും മരിച്ചവൎക്കായുള്ള എല്ലാ ദിവ്യപൂജകളിലും അവൎക്കായുള്ള ഇതര കൎമ്മങ്ങളിലും "കൎത്താവേ, അവൎക്കു നിത്യശാന്തി നൽകണമെ, നിത്യപ്രകാശം അവരുടെമേൽ പ്രകാശിക്കുമാറാകട്ടെ" എന്നു നമ്മുടെ മാതാവായ തിരുസ്സഭ പ്രാൎത്ഥിക്കുകയും ചെയ്യുന്നു. മരിച്ചവൎക്കും ജീവിച്ചിരിക്കുന്നവൎക്കുംവേണ്ടി സഭ സമാധാനം യാചിക്കുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്നു പറയുന്നതിൻെറ തുടൎച്ചയായി "ഭൂമിയിൽ മനുഷ്യൎക്കു സമാധാനം" എന്നും പുരോഹിതൻ ദിവ്യപൂജയുടെ ആരംഭത്തിൽതന്നെ ഉച്ചരിക്കുന്നു. പിന്നീടും പൂജയിൽ, സുറിയാനി കുർബാനയിൽ പ്രത്യേകിച്ചും, "സമാധാനം നിങ്ങളോടുകൂടെ" എന്നു പലപ്രാവശ്യം ഉച്ചരിക്കുന്നുണ്ടു്. തൻെറ അരുമസന്താനങ്ങൾക്ക് സമാധാനത്തെക്കാൾ വിശിഷ്ടമായൊരു ദാനം ദൈവത്തിൽനിന്നും പ്രാപിച്ചുകൊടുക്കാനില്ലെന്നത്രെ ഇതിനാൽ സഭ കാണിക്കുന്നതു്.

b. ഈശോമിശിഹാ പ്രത്യേകവിധം ആഗ്രഹിക്കുന്നതും സ്നേഹിക്കുന്നതുമായ ഒരു നന്മയാകുന്നു സമാധാനം.

'സമാധാന രാജൻ' എന്നാണ് പ്രവാചകന്മാർ തന്നെ സംബോധന ചെയ്തിട്ടുള്ളതു്. ഏശയ്യാ പറയുന്നു: "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ഭരണഭാരം തൻെറ തോളിലത്രെ. അത്ഭുതാവഹൻ, ഉപ

ദേഷ്ടാവു്, ശക്തനായ ദൈവം, ഭാവിലോകത്തിൻെറ പിതാവു്, സമാധാനരാജൻ എന്നിങ്ങനെ അവൻ പേർ വിളിക്കപ്പെടും. അവൻെറ സാമ്രാജ്യം അഭിവൃദ്ധമാകും. സമാധാനത്തിനു യാതൊരവസാനവും ഉണ്ടാകയില്ല." (ഏശയ്യാ xi. 6–7.) സ്ലറിയാനിവ്യാ പറയുന്നു: "അവൻ വിജാതിയരോടു സമാധാനം പ്രസംഗിക്കും." (സ്ലറിയാ vi. 10.) ദൈവകുമാരൻ മർത്ത്യാവതാരം ചെയ്യപ്പോൾ "ഭൂലോകമെങ്ങും സമാധാനസംപൂൎണ്ണമായിരുന്നു" എന്നതാണു് സുവിശേഷകൻ പ്രത്യേകവിധം, രേഖപ്പെടുത്തിയിരിക്കുന്ന ഒരു സാഹചര്യം. അനേക ശതാബ്ദങ്ങളായിട്ടു് അക്കാലത്താണു് സമരദേവനായ ജാനസിൻെറ അമ്പലം പൂട്ടപ്പെട്ടതു്. അന്നു് അറിയപ്പെട്ടിരുന്ന രാജ്യങ്ങളെയെല്ലാം അടക്കിഭരിച്ചിരുന്ന റോമ്മാക്കാർ എല്ലാ രാജ്യക്കാരോടും സമാധാനത്തിൽ വൎത്തിച്ചിരുന്നു.

ലോകം ഒരു സാൎവ്വത്രിക സമാധാനത്തിലെത്തുന്നതുവരെ മനുഷ്യാവതാരം ചെയ്യുവാൻ മനസ്സാകാതിരുന്ന മിശിഹാ സമാധാനത്തെ എത്രമാത്രം സ്നേഹിക്കുന്നുണ്ടായിരിക്കണം. താൻ ഭൂജാതനായപ്പോൾ ലോകത്തിനു് ആദ്യമായിട്ടു് ആശംസിച്ചതെന്തായിരുന്നു? സമാധാനമല്ലാതെ വേറൊന്നുമല്ല. ബത്ലഹമിലെ താഴ്‌വാരങ്ങളിൽനിന്നുകൊണ്ടു് ദൈവദൂതന്മാർ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ മനുഷ്യൎക്കു സമാധാനവും നല്ല ശരണവും." (ലൂക്കാ ii. 14.) "സമാധാനം നിങ്ങളോടുകൂടെ" എന്നു് താൻ തൻെറ ജീവിതദശയിൽ എത്രയോ പ്രാവശ്യം അരുളിച്ചെയ്തിട്ടുണ്ടു്? നിങ്ങൾ ഏതെങ്കിലും ഭവനത്തിൽ പ്രവേശിക്കുമ്പോൾ "ഈ ഭവനത്തിനു സമാധാനമുണ്ടായിരിക്കട്ടെ എന്നു് ആശംസിക്കുക" എന്നുള്ള നിർദ്ദേശത്തോടുകൂടിയായിരുന്നു ഈശോ സ്വശിഷ്യന്മാരെ അയച്ചിരുന്നതു്. രോഗികളോ മരണാസന്നരോ ആയവൎക്കു വി. കൂദാശകൾ കൊടുക്കുന്നതിനായി ഒരു പുരോഹിതൻ ഒരു ഭവനത്തിൽ പ്രവേശിക്കുമ്പോൾ ഇപ്പോഴും ഇതേവചനംതന്നെ ഉച്ചരിക്കുന്നു. "ഈ ഭവനത്തിനും ഇതിലെ വാസികൾക്കും സമാധാനം ഉണ്ടായിരിക്കട്ടെ." ശ്ലീഹാ പറയുന്നതുപോലെ "നമ്മെ സ്നേഹിക്കുകയും ഒരു ബലിയായി നമുക്കുവേണ്ടി സ്വയം കഴ്ചാളിക്കുകയും ചെയ്ത മിശിഹാ സമാധാനരാജനായി പ്രത്യക്ഷനാകയും, സ്വശിഷ്യരോടു മനുഷ്യൎക്കു സമാധാനം ആശംസിക്കുവാൻ കല്പിക്കു

കയും ചെയ്യുവെങ്കിൽ, ജീവിക്കുന്നവരും മരിച്ചവരുമായ സ്വ സന്താനങ്ങൾക്കുവേണ്ടി നമ്മുടെ മാതാവായ തിരുസ്സഭ ഇത്ര കൂടെക്കൂടെ ദൈവത്തോട്ട് സമാധാനം യാചിക്കുന്നുവെങ്കിൽ, നമുക്കു സമാധാനത്തെക്കാൾ കൂടുതൽ ആഗ്രഹിക്കാവുന്നതായി മറെറന്താണുള്ളതു്?

C. സമാധാനം നമ്മെ ത്രിയേക ദൈവത്തിൻെറ മക്കളാക്കിത്തീക്കുന്നു.

നാം അന്യോന്യം നിഷ്കപടമായി സ്നേഹിക്കയും സമാധാനത്തിൽ ഒന്നിച്ചുവസിക്കയും ചെയ്യുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് നമ്മെ കടാക്ഷിക്കയും സ്വന്തം കുഞ്ഞുങ്ങളെപ്പോലെ നമ്മെ സ്നേഹിക്കയും ചെയ്യും. മാത്രമല്ല, "എനിക്കു അധികസംപ്രീതനായ എൻെറ പ്രിയ പുത്രൻ ഇതാ" (മത്തായി iii. 17) എന്നു് ആ പരമപിതാവു് പണ്ടു തൻെറ ഏക പുത്രനെപ്പററി പറഞ്ഞതുതന്നെ ഒരു വിധത്തിൽ സമാധാനത്തിൽ വത്തിക്കുന്ന ഓരോരുത്തരെപ്പററിയും പറയുമെന്നു ന്യായമായി വിചാരിക്കാം.

സമാധാനം നമ്മെ നമ്മുടെ കത്താവും രക്ഷകനുമായ ദൈവകുമാരൻെറ മക്കളാക്കിത്തീക്കുന്നു. ശ്ലീഹാ പറയുന്നതുപോലെ ആ സമാധാന രാജൻ വന്നു അകന്നിരുന്നവക്കും അടുത്തിരുന്നവക്കും സമാധാനം പ്രസംഗിച്ചു. താൻ വഴിയായി നമുക്കു പിതാവിൻെറ സന്നിധിയെ പ്രാപിക്കയും ചെയ്യാം. (എഫേസ്യർ ii. 17–18.) സമാധാനം പുലത്തുന്നവരെ അനുഗ്രഹീതരെന്നു താൻ വിളിക്കുകയും ചെയ്യുന്നു. (മത്തായി v. 9.)

സമാധാനം നമ്മെ പരിശുദ്ധാത്മാവായ ദൈവത്തിൻെറ മക്കളാക്കിത്തീക്കുന്നു. സമാധാനത്തിൻെറയും സ്നേഹത്തിൻെറയും അരൂപിയായ താൻ സമാധാനസ്നേഹികളോടു പ്രത്യേക പ്രസാദം കാണിക്കുന്നു. അനുഗ്രഹങ്ങളെ പകുത്തുകൊടുക്കുന്ന താൻ അവരെ തനിക്കു സ്വന്തമാക്കുകയും അവരിൽ എന്നും വസിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുകയും മനുഷ്യരുടെമേൽ അനുഗ്രഹം വഷിക്കുകയും ചെയ്യുന്ന ഏതെങ്കിലും ഒരു പുണ്യമുണ്ടെങ്കിൽ അതു സമാധാനമാണു്.

വി. വലിയ മക്കാരിയൂസ് വനത്തിൽ അറുപതു വഷ്ത്തോക്കു വളരെ ഉഗ്രമായി തപോവൃത്തി അനുഷ്ഠിച്ചിരുന്നു. സാധാരണമായി ആഴ്ചയിൽ ഒരിക്കൽ മാത്രമേ ഭക്ഷിച്ചിരുന്നുള്ളു. അതേസമയംതന്നെ എല്ലാ പുണ്യങ്ങളും അവിശ്രമ തീക്ഷ്ണതയോടെ അഭ്യസിക്കുകയും ഓരോന്നിലും അസാമാന്യമായ പുണ്യാഭിവൃദ്ധി പ്രാപിക്കയും ചെയ്തിരുന്നു. ഈ പുണ്യപൂൎണ്ണതയുടെ ഒരു ലക്ഷ്യമായി ദൈവത്തിൽനിന്നും അദ്ദേഹത്തിനു അത്ഭുതപ്രവൎത്തനവരവും ലഭിച്ചിരുന്നു. എങ്കിലും ആ വനത്തിനു സമീപം ഒരു പട്ടണത്തിൽ നിവസിച്ചിരുന്ന വിവാഹിതകളായ രണ്ടു സ്ത്രീകളുടെ വിശുദ്ധിയെ അദ്ദേഹം പ്രാപിച്ചിട്ടില്ലെന്നു് ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തുകയുണ്ടായി. അതിനാൽ സ്വന്ത വിശുദ്ധീകരണത്തിനായി അവർ തെരിഞ്ഞെടുത്തിട്ടുള്ള മാൎഗ്ഗം എന്തെന്നറിയാനായി അദ്ദേഹം അവരെ സന്ദൎശിച്ചു. ഇരുപതു കൊല്ലത്തോളം യാതൊരു ശണ്ഠയും കൂടാതെ സമാധാനത്തിൽ അവർ ആ ഒരു വീട്ടിൽ താമസിച്ചിരുന്നുവെന്നതല്ലാതെ പരിശോധനാഫലമായി അസാധാരണമായി യാതൊന്നും അദ്ദേഹം അവരുടെ വ്യാപാരത്തിൽ കണ്ടില്ല. ഇതിൽനിന്നും സമാധാനപരമായ അവരുടെ ജീവിതമാണ് അവരെ പുണ്യത്തിൽ ഇത്ര ഉന്നതനില പ്രാപിപ്പിച്ചതും, അവർ പരിശുദ്ധാത്മാവിനു ഇത്ര പ്രിയപ്പെട്ടവരായിത്തീരാൻ ഇടയാക്കിയതും എന്നു വിശുദ്ധൻ മനസ്സിലാക്കി. അതിനാൽ, ബാവാ പുത്രൻ റൂഹാദക്കുദശാ എന്ന ത്രീത്വൈക സൎവ്വേശ്വരൻ ഇത്രയധികം ഇഷ്ടപ്പെടുന്ന സമാധാനം ശരിയായി പാലിക്കുന്നതിനു നാമും ശ്രമിക്കുന്നതായാൽ ആ ഭക്തസ്ത്രീകൾ പ്രാപിച്ച പുണ്യപദവി നമുക്കും പ്രാപിക്കാവുന്നതാണ്.

d. സമാധാനം സന്യാസികൾക്ക് അവശ്യമുണ്ടായിരിക്കേണ്ട ഒരു അലങ്കാരമാകുന്നു.

എപ്പോഴും സമാധാനത്തോടുകൂടി വസിക്കുന്ന സമൂഹം എത്രയോ സൗഭാഗ്യമുള്ളതാകുന്നു. അതിന്റെ അംഗങ്ങൾ എപ്പോഴും സംതൃപ്തരും സൗഭാഗ്യവാന്മാരുമാണ്. അവർ അന്യോന്യം നിഷ്കപടമായി സ്നേഹിക്കുന്നു. തന്റെ അയൽക്കാരനു

ആശിക്കാൻ പാടുള്ള എല്ലാ നന്മയും കൈവരട്ടെ എന്ന് അവർ ആശംസിക്കുന്നു. സമൂഹത്തിൽ ജീവിക്കുന്നതിനു സാധിച്ചതു വലിയ ഭാഗ്യമായി അവർ കരുതുകയും ചെയ്യുന്നു. ചിലപ്പോഴെല്ലാം ദുഃഖാനർത്ഥങ്ങൾ അനുഭവപ്പെട്ടാലും സമാധാനം സന്യാസികളുടെ ഭാരത്തെ ലഘൂകരിക്കുകയും ദൈവാശ്രയത്തിനു അവർ പരസ്പരം പ്രേരിപ്പിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്യും. സമൂഹത്തിലെ ഒരംഗത്തിൻെറ നിര്യാണത്തിൽ അവർ മഹാ വ്യഥ അനുഭവിക്കുന്നെങ്കിലും പരലോകത്തിൽ സൗഹാർദ്ദബന്ധത്തിൽ നിത്യമായി ജീവിക്കാമെന്നുള്ള പ്രത്യാശ അവർക്ക് ആശ്വാസകരമായിരിക്കയും ദൈവതിരുമനസ്സിനു പരിപൂർണ്ണമായി കീഴ്വഴങ്ങാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യും.

എന്നാൽ ആരുടെയും പ്രത്യേക ചിന്തയ്ക്കു വിഷയമാകേണ്ട ഒരു സംഗതി. സമാധാനത്തിൻെറ ദൈവം ഏതാശ്രമങ്ങളെ സ്വവസതിയായി തെരിഞ്ഞെടുക്കുന്നുവോ ആ ആശ്രമങ്ങളിൽ യഥാർത്ഥമായ നിയമാനുഷ്ഠാനവും ക്രമവും ഉണ്ടായിരിക്കുമെന്നുള്ളതത്രെ. ഏവരും വിശ്വസ്തതാപൂർവ്വം അവരുടെ കർത്തവ്യം നിർവ്വഹിക്കും. അവരുടെ പരി. ന്യായപ്രമാണം അന്യൂനമായി പാലിക്കും. അന്യോന്യം സല്ക്കൃതാദർശം കാണിച്ചുകൊടുക്കും. ഉപരി സല്ക്കൃതാഭ്യാസത്തിനും പുണ്യപൂർണ്ണതയ്ക്കും അന്യോന്യം പ്രേരിപ്പിക്കും. അതേ, ഒരു സന്യാസസമൂഹത്തിൽ സമാധാനത്തെയും മനോരഞ്ജനയെയുംകാൾ കൂടുതൽ മനോഹരവും മഹത്തരവും അഭിലഷണീയവുമായി വേറെ യാതൊന്നുമില്ല. സമാധാനമുള്ള ആശ്രമങ്ങൾ ഭൗമിക പറുദീസായാണെന്ന് വി. ഈറാനീമ്മോസ് സമർത്ഥിക്കുന്നത് തികച്ചും അർത്ഥവത്താകുന്നു. അവയിലെ അംഗങ്ങൾ ദൈവദൂതന്മാർക്ക് സദൃശ്യരത്രെ. കാരണം, വാനാരൂപികൾ സ്വർഗ്ഗത്തിൽ അനുഭവിക്കുന്ന സമാധാനത്തിൻെറയും സംതൃപ്തിയുടെയും ആസ്വാദ്യത അവർ ഇഹത്തിൽവെച്ചുതന്നെ അനുഭവിക്കുവാൻ തുടങ്ങുന്നു. "സഹോദരന്മാർ ഒന്നിച്ചുവസിക്കുന്നത് എത്ര നല്ലതും എത്ര സന്തോഷാവഹവുമാകുന്നു" (സങ്കീർത്തനം 132-1.) എന്നത്രെ രാജദീർഘദർശി പാടുന്നത്.

## 2. നാം എങ്ങനെ സമാധാനം പാലിക്കണം?

### a. പരസ്പരം ക്ഷമിക്കുക.

വി. ശ്ലീഹാ ഉപദേശിക്കുന്നതുപോലെ നാം അന്യോന്യം ക്ഷമിക്കേണ്ടതാകുന്നു. "നിങ്ങളുടെ ഭാരത്തെ പരസ്പരം വഹിക്കുവിൻ. എന്തെന്നാൽ അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ മിശിഹായുടെ പ്രമാണം നിവൃത്തിയാക്കും.'' (ഗാലത്യർ vi. 2.) ആശ്രമങ്ങളിൽ വസിക്കുന്നവരെല്ലാം പുണ്യവാന്മാരല്ല; പുണ്യവാന്മാരാകുവാനായി യത്നിക്കുന്ന മനുഷ്യരത്രെ. ചിലപ്പോൾ നിസ്സാരവും ചിലപ്പോൾ സാരമേറിയതുമായ കുററങ്ങൾ ചെയ്യുന്നവരും. അവയോടു നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നവരുമാണ് അവർ. സമാധാനം കൈവരുത്തുവാൻ ക്ഷമയും പ്രശാന്തതയും അത്യന്താപേക്ഷിതമാകുന്നു. നമ്മുടെ ദിവ്യരക്ഷകൻതന്നെ നമ്മുടെ ആദശ്വും മാഗ്ഗദശിയുമായിരിക്കട്ടെ. മനുഷ്യബലഹീനതകളെ താൻ എത്ര കരുണയോടെയാണു വീക്ഷിച്ചതെന്ന് നോക്കുക. മഹാ പാപികളോടുപോലും താൻ എത്ര സൗമ്യതയും ദയയും പ്രദശിപ്പിച്ചുകൊണ്ടാണ് പെരുമാറിയതു്? മറിയം മഗ്ദലെത്തായോടും നല്ല കള്ളനോടും താൻ കാണിച്ച കരുണ എത്ര അവണ്ണനീയം! കത്താവിനെ സമറിയാക്കാർ അവരുടെ പട്ടണത്തിൽ സ്വീകരിക്കാഞ്ഞതുമൂലം 'ആകാശത്തിൽ നിന്നു് അഗ്നി ഇറക്കി അവരെ നശിപ്പിക്കട്ടെ' എന്നാഗ്രഹിച്ചപേക്ഷിച്ച ശിഷ്യന്മാരെ എത്ര കശനമായി താൻ ശാസിക്കുന്നുവെന്നു കണ്ടാലും. ''നിങ്ങൾ ഏതരൂപിയുള്ളവരെന്നു നിങ്ങൾ അറിയുന്നില്ല. മനുഷ്യപുത്രൻ വന്നതു് ആത്മാക്കളെ നശിപ്പിക്കാനല്ല; പ്രത്യുത രക്ഷിക്കാനത്രെ.'' (ലൂക്കാ ix. 55, 56.)

മിശിഹായുടെ ദൃഷ്ടാന്തം സദാ നമ്മുടെ മുമ്പാകെയുണ്ടായിരിക്കണം. സമാധാനം പാലിക്കുന്നതു് നമ്മുടെ ഒരു പ്രമാണവും ആയിരിക്കണം. സമന്മാരെയോ നമ്മെക്കാൾ താഴ്ന്നവരെയോ തിരുത്തേണ്ടതായ ആവശ്യം നേരിട്ടാൽ അതു ശാന്തതയോടും സൗമ്യമായും നിവ്വഹിക്കാം. വി. ഫ്രാൻസീസു് സാലെസ്സ് പ്രസ്താവിക്കുന്നതുപോലെ 'ഒരു വീപ്പ ചൊറുക്കാകൊണ്ടു് പിടിക്കാവുന്നതിനെക്കാൾ കൂടുതൽ ഈച്ചകളെ ഒരു തുള്ളി തേൻകൊണ്ടു് പിടിക്കാൻ സാധിക്കും' എന്നോക്കുക.

### b. സഹോദരങ്ങളുടെ സന്തോഷസന്താപങ്ങളിൽ ഭാഗഭാക്കാകുക.

അനുഭാവമുള്ള ഒരാളെ കണ്ടുമുട്ടുന്നതു് ആൎക്കും സന്തോഷകരമാണ്. അതുമൂലം സങ്കടാവസ്ഥയിൽ അവനു് ആശ്വാസം അനുഭവവേദ്യമാകുന്നു; സഹനം ലഘുതരമായും തോന്നുന്നു. അതിനാലത്രെ, "സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും, ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുകയും ചെയ്യിൻ" (റോമാ. xii. 15) എന്നു് വി. ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതു്. ഈ ഉപദേശത്തെ ഏവരും അനുസരിക്കുന്നതായാൽ അവർ ഒരു ശരീരത്തിന്റെ അവയവങ്ങളെപ്പോലെയായിരിക്കും. ശരീരത്തിനു് എല്ലാം പൊതുവാകുന്നു; ഒരവയവത്തിന്റെ വേദന മറെറല്ലാററിനെയും ബാധിക്കും. ഇതിലാണ് ഐക്യത്തിന്റെ ശക്തിമത്തായ ബന്ധം അടങ്ങിയിരിക്കുന്നതു്. ഒരു ശരീരത്തിന്റെ അവയവങ്ങൾ തമ്മിൽ ഭിന്നിക്കയും, അന്യോന്യം പീഡിപ്പിക്കയും ചെയ്യുന്നതായിട്ടു് ആരാണു കേട്ടിട്ടുള്ളതു്? ഈ ഭാഗഭാഗിത്വം ഹൃദയത്തെ കൂടുതൽ അടുപ്പിക്കയും എല്ലാവരും ഏക രീതിയിൽ വിചാരിക്കത്തക്കവിധം അതു് അത്ര സുദൃഢമായ സംയോജ്യതയെ ഉളവാക്കുകയും ചെയ്യുന്നു. ഈദൃശമായ ഹൃദയസംയോജ്യതയും സ്നേഹവും അല്ലാതെ മറെറന്താണ് സമാധാനസംസ്ഥാപനത്തിനു പൎയ്യാപ്തമായവ?

### c. സ്വാഭീഷ്ടത്തെ നിഗ്രഹിക്കുക.

സ്വാഭീഷ്ടംപോലെ സമാധാനത്തെ ഭഞ്ജിക്കുന്ന വേറെയാതൊന്നുമില്ല. ഇതിനെ മുറുകെപ്പിടിക്കുന്ന മനുഷ്യൻ, സ്വന്തം അഭീഷ്ടംപോലെ എല്ലാം നടക്കുവാൻ ആഗ്രഹിക്കുന്നു. അവനു രസിക്കാത്ത എന്തെങ്കിലുംകാൎയ്യം അവനോടു കല്പിക്കുമ്പോൾ, അവൻ വിരുദ്ധഭാവം പ്രകടിപ്പിക്കും; ഒന്നുകിൽ അതിനെ തീരെ നിഷേധിക്കുകയോ അല്ലെങ്കിൽ മനസ്സില്ലാമനസ്സോടെ പിറുപിറുത്തുകൊണ്ടു് ചെയ്കയോ ചെയ്യും. അവൻ മക്കടമുഷ്ടിയാണു്. തന്റെ അഭിപ്രായം അബദ്ധസമ്പൂൎണ്ണമെന്നുകണ്ടാലും, അതിനെ മുറുകെപ്പിടിച്ചുകൊണ്ടു് കീഴടങ്ങാതെ നില്ക്കും. ഇപ്രകാരം അവന്റെ രൂക്ഷമായ പ്രകൃതി പലവിധത്തിലും, സമാധാനഭഞ്ജകമായി പരിണമിക്കും. ഇപ്രകാരമുള്ള ഒരൊററ ആൾ ഒരാശ്രമ

ത്തിൽ ഉണ്ടായിരുന്നാൽ മാത്രം മതി സമൂഹത്തെ ഭിന്നിപ്പിക്കാൻ. ഈ ആൾ വരുത്തിക്കൂട്ടുന്ന ഭിന്നതയും, അസ്വാസ്ഥതയും വേറെ പല കുഴപ്പങ്ങൾക്കും കാരണമായിത്തീരാവുന്നതുമാണ്.

അതിനാൽ സ്വാഭിലാഷത്തെ ഉന്മൂലനം ചെയ്യുന്നതായിരിക്കട്ടെ നമ്മുടെ പ്രധാന ശ്രമം. നാം ആജ്ഞാനുസരണത്തിന്റെ വ്രതം ചെയ്തവരായിരിക്കെ നമ്മുടെ സ്വന്ത മനസ്സിനെ നിശ്ശേഷം പരിത്യജിച്ചവരാണെന്നുള്ള സംഗതി വിസ്മരിക്കരുതു്. സ്വാഭീഷ്ടത്തിനു വിധേയമാകുന്ന ഓരോ പ്രാവശ്യവും നാം പാപംചെയ്കയത്രെ ചെയ്യുന്നതു്. അതുകൊണ്ടു് പ്രത്യക്ഷമായി പാപകരമെന്നും ദൈവഹിതത്തിനു വിരുദ്ധമെന്നും തോന്നാത്ത എല്ലാററിലും നാം സ്വാഭിപ്രായം പരിത്യജിക്കണം. സമാധാനത്തോടുകൂടി ഒന്നിച്ചുവസിക്കുന്നതിനു, മത്സരബുദ്ധി പ്രദശിപ്പിക്കുന്നതിനെക്കാൾ സ്വയം കീഴടങ്ങുന്നതിനും, വേണ്ടിവന്നാൽ നിസ്സാരസംഗതികളിൽ അവകാശങ്ങളെപ്പോലും ഉപേക്ഷിക്കുന്നതിനും സന്നദ്ധരായിരിക്കണം. ഒന്നിനെക്കുറിച്ചും വാഗ്വാദം ചെയ്യരുതു്. സ്വന്ത അഭിപ്രായം പരമാത്ഥബുദ്ധ്യാ പറയുകയും, അന്യർ അതിനോടു അനുകൂലാഭിപ്രായം പുറപ്പെടുവിച്ചില്ലെങ്കിൽ ഒന്നും മിണ്ടാതിരിക്കയും ചെയ്യുകയാണുത്തമം. ഇങ്ങനെ ചെയ്താൽ നമ്മോടുതന്നെയും, അന്യരോടും സമാധാനത്തിൽ വത്തിക്കുവാൻ നമുക്കു സാധിക്കുന്നതാണ്.

d. മററുള്ളവരോടു സൗഹാർദ്ദരീത്യാ പെരുമാറുക.

"ഒരു സൗമ്യമായ ഉത്തരം രോഷത്തെ ശമിപ്പിക്കയും രൂക്ഷമായ വാക്കു് കോപത്തെ ഉത്തേജിപ്പിക്കയും ചെയ്യുന്നു." (സുഭാഷി. xv. 1.) നാം മനുഷ്യരായിരിക്കയാൽ, ഒരാൾ നമ്മോടു കഠിനമായി പെരുമാറുകയോ, അവിവേകമായി സംസാരിക്കയോ ചെയ്യുന്നപക്ഷം, നാം ക്ഷോഭിക്കയും, അയാളോടു നമുക്കു പക തോന്നുകയും ചെയ്യുന്നു. നാം മററുള്ളവരോടിടപെടുമ്പോൾ ഉപചാരത്തോടെ പ്രവത്തിക്കാൻ ശ്രദ്ധ വയ്ക്കേണ്ടതാണ്. സമാധാനത്തെ എളുപ്പത്തിൽ ഭഞ്ജിക്കുന്ന മിഥ്യാസംഭാഷണവും, ഹാസ്യവചനങ്ങളും നിഷിദ്ധംതന്നെ. നമ്മെ ആരെങ്കിലും അധിക്ഷേപിക്കുന്നതായാൽ, അതു് നമുക്കു നീരസപ്രദമാണെന്നു് അനുഭവംതന്നെ വിളിച്ചു പറയുന്നു. എവരോടും

ബഹുമാനാദരത്തോടെ പെരുമാറുക; മററുള്ളവക്ക് ഉപദ്രവകരമായതെല്ലാം പരിവജ്ജിക്കുകയും ചെയ്യുക.

e. പ്രത്യേകസ്നേഹം പരിവജ്ജിക്കുക.

സന്യാസികൾ പരസ്പരം നിഷ്കളങ്കമായി സ്നേഹിക്കേണ്ടതാണ്. കേവലം ക്രിസ്ത്യാനികൾ എന്ന നിലയിൽതന്നെ അവർ ഇതിനു ബാദ്ധ്യസ്ഥരാണ്. കാരണം സ്വന്തം അയൽക്കാരനെ സ്നേഹിക്കുന്നവരത്രെ തന്റെ യഥാത്ഥ ശിഷ്യന്മാർ എന്ന് മിശിഹാ അരുളിച്ചെയ്തിരിക്കുന്നു. (യോഹ. xiii. 35.) ഏവരും ഏക കുടുംബത്തിലെ അംഗങ്ങളെന്ന അവസ്ഥയിൽ നോക്കിയാലും, സുദൃഢമായ ഐക്യം ഈദൃശ സ്നേഹത്തിനു സന്യാസികളെ കൂടുതൽ ചുമതലപ്പെടുത്തുന്നുവെന്ന് കാണാം. ശ്ലീഹന്മാരുടെ നടപടികളിൽ വായിക്കുന്ന ആദിമ ക്രിസ്ത്യാനിക്ക് സദൃശ്യരാകണം നാമും. അവരെല്ലാം ഏക ഹൃദയത്തോടും ഏക ആത്മാവോടുംകൂടി ജീവിച്ചിരുന്നുവെന്നാണ് പ്രസ്താവിച്ചിരിക്കുന്നതു്. അവരുടേതുപോലെ നമ്മുടെ സ്നേഹവും പൊതുവായിരിക്കണം; അതു സഭാംഗങ്ങളെല്ലാവരോടും ഉണ്ടായിരിക്കത്തക്കവണ്ണം വിശാലവുമായിരിക്കണം. ഒരു സന്യാസി വേറൊരു സന്യാസിയെ തന്റെ പ്രത്യേക സ്നേഹിതനായി തെരിഞ്ഞെടുക്കുകയും സദാ അയാളോടുകൂടി വ്യാപരിക്കുകയും, മററുള്ളവരോടു കാണിക്കാത്ത സ്നേഹാദരങ്ങൾ അയാളോടു കാണിക്കയും ചെയ്യുമെങ്കിൽ അതു് ഒരിക്കലും ആശാസ്യമായിരിക്കയില്ല. ആരോടും അനാദരത്തോടെയോ, വെറുപ്പോടെയോ, നീരസത്തോടെയോ പെരുമാറരുതു്. ഇതു് ക്രമപരിപാലനത്തിനും സമാധാനസംരക്ഷണത്തിനും അവശ്യാവശ്യമാണ്.

അതിനാൽ, ഈദൃശകാര്യങ്ങളിൽ വിവേകത്തോടും സൂക്ഷത്തോടുംകൂടെ പെരുമാറുകയും പ്രത്യേക സ്നേഹത്തിൽനിന്നു വിട്ടുമാറുകയും ചെയ്തേ മതിയാവൂ. വിശ്വസ്തരായ സന്യാസികൾക്കു യോജിച്ചവിധം എല്ലാവരെയും പരമാത്ഥമായി സേവിക്കണം. നമ്മുടെ നന്മനസ്സിന്റെ ഫലം ഏവരും അറിയുകയും ചെയ്യട്ടെ. സ്വാഭാവികമായി നമുക്കു അനിഷ്ടം തോന്നുന്നവരോടും, നമ്മുടെ സ്വഭാവത്തോടു യോജിക്കാത്തവരോടും കൂടുതൽ സ്നേഹത്തോടും, സൗമ്യതയോടുംകൂടി നാം പെരുമാറണം.

ദൈവദൃഷ്ടിയിൽ വലിയ യോഗ്യത കൈവരുത്തുന്നതും, അതേ സമയംതന്നെ സമാധാനത്തെയും ഐക്യത്തെയും അഭിവൃദ്ധമാക്കുന്നതുമാണ്, ഈദൃശ ആത്മസംയമനം.

f) ഏതെങ്കിലും ഭിന്നതയ്ക്കു കാരണമായാൽ ഉടനെ അതു പരിഹരിക്കുക.

"നിങ്ങളുടെ കോപാവേശത്തിൽ സൂര്യൻ അസ്തമിക്കാതിരിക്കട്ടെ" (എഫേ. iv. 26) എന്നു ശ്ലീഹാ പ്രസ്താവിക്കുന്നതും ഇതിനെ ഉദ്ദേശിച്ചാകുന്നു. നമ്മുടെ ഹൃദയത്തിൽ ഉദിച്ചുയരുന്ന കോപവികാരങ്ങളെ ഉടനടി നിഗ്രഹിക്കുകയും, നമ്മുടെ വിരോധിയോടു രമ്യപ്പെടുകയും ചെയ്താൽ പിന്നീടു യാതൊരു അനിഷ്ട ഫലങ്ങൾക്കും ഇടവരുത്താതെ കഴിക്കാം. എന്നാൽ നമ്മുടെ അധമവികാരങ്ങളെ ഉത്തേജിപ്പിക്കയും, എതിരാളിയോടു രമ്യപ്പെടാൻ ഉപേക്ഷ വിചാരിക്കുകയും ചെയ്യുന്നതായാൽ അതിൻെറ ഫലം വളരെ ഭയാനകമായിരിക്കും. അപ്പോൾ, കോപവികാരങ്ങൾ ഹൃദയത്തിൽ ശക്തിമത്തായി വേരൂന്നുകയും തന്മൂലം ശത്രുത്വത്തിനും നിരന്തരമായ അസമാധാനത്തിനും കാരണമാകയും ചെയ്യുമെന്നു ഭയപ്പെടാൻ ന്യായമുണ്ടു്. അതിനാൽ സമാധാനഭംഗത്തിനു യാതൊരു കാരണവും കൊടുക്കാതിരുന്ന അവസരങ്ങളിൽപോലും താമസമെന്യെ രമ്യപ്പെടുന്ന കാര്യത്തിൽ വിശുദ്ധന്മാർ അതീവശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു.

വിരോധിയായിരുന്ന ഒരാളോടു രമ്യപ്പെടാൻ ധർമ്മിഷ്ടൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന വി. യോഹന്നാൻ ഒരു പ്രഭുവിനെ ഒട്ടുവളരെ ഉപദേശിച്ചിട്ടും അനുസരിക്കായ്ക കാരണം ഒരു രഹസ്യക്കപ്പേളയിൽ തൻെറ കർബ്ബാനയ്ക്കു സഹായിക്കുവാൻ അയാളെ ക്ഷണിച്ചു. അവിടെവെച്ചു് തന്നോടുകൂടെ "കർത്തൃപ്രാർത്ഥന" ചൊല്ലുവാൻ അയാളോടു് അദ്ദേഹം ആവശ്യപ്പെട്ടു. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്ക" എന്ന ഭാഗമായപ്പോൾ അദ്ദേഹം അല്പം നിറുത്തി. ആ പ്രഭു അതു തനിച്ചു ചൊല്ലിക്കഴിഞ്ഞപ്പോൾ, ദൈവത്തോടു അയാൾ അപേക്ഷിച്ചതെന്താണെന്നു് ഒന്നാലോചിച്ചുനോക്കണമെന്നായി

അദ്ദേഹം. താൻ മററുള്ളവരോടു ക്ഷമിക്കുന്നതുപോലെ തന്നോടും ക്ഷമിക്കണമെന്ന് ആ മഹാ ബലിയുടെ സമയത്തു് അയാൾ ദൈവത്തോടു് അപേക്ഷിച്ച കാൎയ്യമാണ് ആലോചിക്കേണ്ടിയിരുന്ന സംഗതി. പ്രഭു അത്യന്തം ഹൃദയതാപത്തോടെ അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു് പൊറുതി അപേക്ഷിച്ചു. അപ്പോൾ മുതൽ എന്നും അയാൾ തൻെറ വിരോധിയുമായി രമ്യപ്പെട്ടു ജീവിച്ചുപോന്നു.

ദരിദ്രരെ പൊതുവെ ബാധിക്കുന്നതായ ഒരു പുതിയ കരം ചുമത്തുവാൻ 'നിസേററാസ്'' എന്നൊരു ഭരണാധികാരി നിശ്ചയിച്ചു. ആ നിസ്സഹായരുടെ സംരക്ഷണാൎത്ഥം യോഹന്നാനെന്ന പാത്രിയക്കീസ് അയാളെ ശാന്തമായി ഉപദേശിച്ചുനോക്കി. എന്നാൽ അയാൾ രോഷാകുലനായി ഉടനെ അദ്ദേഹത്തെ വിട്ടുപോയി. വൈകുന്നേരമായപ്പോൾ അദ്ദേഹം അയാൾക്കു് ഒരു സന്ദേശം കൊടുത്തയച്ചു. ''സൂൎയ്യൻ ഇതാ അസ്തമിക്കാൻ പോകുന്നു'' എന്ന വാക്യമായിരുന്നു അതിലെ ഉള്ളടക്കം. "നിങ്ങളുടെ കോപാവേശത്തിൽ സൂൎയ്യൻ അസ്തമിച്ചുപോകാതിരിക്കട്ടെ'' എന്ന ശ്ലീഹായുടെ വാക്യങ്ങൾ അയാളെ മനസ്സിലാക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. വിചാരിച്ച ഫലം ഉളവായി. അയാൾ പാത്രിയക്കീസിൻെറ പക്കൽ പോയി കണ്ണുനീരോടുകൂടി മാപ്പപേക്ഷിച്ചു. ഈ വിശുദ്ധനായ മെത്രാൻ ചെയ്തതുപോലെ എല്ലാ ക്രിസ്ത്യാനികളും, വിശിഷ്യാ, സന്യാസികളും ചെയ്യേണ്ടതത്രെ. എന്തെങ്കിലും ഭിന്നത അവരുടെ ഇടയിൽ സംഭവിച്ചാൽ സമാധാനത്തിനു ഭംഗം നേരിടാതിരിക്കുവാനും സൗഹാർദ്ദബന്ധം പുനഃസ്ഥാപിക്കുവാനുമായി ഉത്തരക്ഷണത്തിൽ രമ്യപ്പെടേണ്ടതാണ്.

''നിങ്ങൾക്കു് ഒരേ മനസ്സും, ഒരേ സ്നേഹവും, ഒരേ ആത്മാവും, ഒരേ അഭിപ്രായവും ആയിത്തീൎന്നിട്ടു് എൻെറ സന്തോഷത്തെ പൂൎണ്ണമാക്കുവിൻ. തൎക്കംകൊണ്ടോ, വ്യൎത്ഥാഭിമാനംമൂലമോ നിങ്ങൾ ഒന്നും പ്രവൎത്തിക്കരുതു്'' (ഫിലിപ്യർ ii. 2, 8.) എന്നുള്ള ശ്ലീഹായുടെ ഉപദേശാനുസരണം സദാ സമാധാനത്തിലും, ഐക്യത്തിലും പരസ്പരം വൎത്തിക്കുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം. നാമേവരും സമാധാനരാജനായ മിശിഹായുടെ സ്നേഹഭാജനങ്ങളായിരിക്കെ, ഏക മാതാവും, ഏക നിയമസംഹിതയും, ഇഹത്തിൽ ക്രിസ്തീയ പരിപൂൎണ്ണതയും

പരത്തിൽ നിത്യകിരീടവും പ്രാപിക്കണമെന്നുള്ള ഏകോദ്ദേശ്യ വുമുള്ളവരായിരിക്കെ, നമ്മുടെ ഇടയിൽ ഭിന്നതയും അഭിപ്രായ വ്യത്യാസവുമുണ്ടാകാൻ നാം ഇടയാക്കരുതു്. "സമാധാന സംസ്ഥാപകന്മാർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ ദൈവ ത്തിൻെറ മക്കൾ എന്നു വിളിക്കപ്പെടും" (വി.മത്തായി v. 9.) എന്നുള്ള മിശിഹായുടെ വാഗ്ദാനം നമ്മിൽ പൂർത്തിയാകുവാൻ തക്കവണ്ണം യഥാർത്ഥസമാധാനവും പരിപൂർണ്ണയോജിപ്പും നമ്മുടെ ഇടയിൽ വസിക്കേണ്ടതത്രെ.

## 17. ആന്തരികജീവിതം

### 1. ആന്തരികജീവിതം എന്താകുന്നു?

ദൈവവുമായുള്ള ഐക്യത്തിൽ നിരന്തരം വർത്തിക്കുന്ന ഒരു ജീവിതസ്ഥിതി അഥവാ ദൈവത്തിൻെറ വഴികളിൽക്കൂടെ തീക്ഷ്ണതയോടെ വ്യാപരിക്കുന്ന ഒരാത്മാവിൻെറ ജീവിതം ആകുന്നു ആന്തരികജീവിതമെന്നു സാമാന്യമായി പറയാം. സ്രഷ്ടാവായ ദൈവത്തെപ്പററിയുള്ള വലുതായ ജ്ഞാനവും, രക്ഷകനായ മിശിഹായോടുള്ള തീക്ഷ്ണവും സ്ഥിരവുമായ സ്നേഹവുമാണു് താദൃശജീവിതത്തിൻെറ ഇരുഫലങ്ങൾ. ക്രിസ്തീയ ജീവിതം, ഭക്തജീവിതം, പ്രാർത്ഥനാജീവിതം, ധ്യാനനിരത ജീവിതം, പരിശുദ്ധി എന്നിവയും ആന്തരികജീവിതവും സാരാംശത്തിൽ ഒന്നുതന്നെയാണു്. ഈ ജീവിതത്തിൻെറ മൂലധനം ശുദ്ധീകരണവരപ്രസാദമാണു്. പ്രസാദവരത്തിൻെറ പ്രേരണക്കനുസൃതമായി നാം ചെയ്യുന്നവയെല്ലാം ഈ മൂലധന ത്തിൽനിന്നുള്ള പലിശയാകുന്നു.

'പ്രേഷിതജീവൻ' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൻെറ കർത്താവായ ഡോംഷത്തോർ ആന്തരികജീവിതത്തെ ഇപ്രകാരം നിർവ്വചിക്കുന്നു: "സുവിശേഷസിദ്ധാന്തങ്ങൾക്കും നമ്മുടെ കർത്താ വിൻെറ മാതൃകക്കും, അനുസരണമായി നാം എങ്ങനെ വർത്തി ക്കണമെന്നു് തീരുമാനിക്കുന്നതിനും തദനുസരണം വ്യാപരി

ക്കുന്നതിനുംവേണ്ടി നമ്മുടെ എല്ലാ ഭൗതികപ്രവണതകളും ക്രമപ്പെടുത്തുന്നതിന്ന് ഉദ്യുക്തമായിരിക്കുന്ന ആത്മാവിൻെറ അവസ്ഥയാകുന്നു ആന്തരികജീവിതം". അതേ, ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പ്രസാദവരത്തിനു നാശമോ നഷ്ടമോ വരുത്താതെ കാത്തുപാലിച്ചും, ദുരാശകളെ നിരന്തരം നിഗ്രഹിച്ചും, ക്രിസ്തുവിൻെറ ജീവിതത്തെ ഉദാരമായും സുസ്ഥിരമായും അനുകരിച്ചുംകൊണ്ടുള്ള ഒരു ജീവിതമത്രെ ആന്തരിക ജീവിതം.

സൃഷ്ടികളിൽനിന്നു അകന്നു് സ്രഷ്ടാവിങ്കലേയ്ക്കു തിരിഞ്ഞുകൊണ്ടത്രെ നാം ദൈവത്തോടു ഐക്യം പ്രാപിക്കേണ്ടതു്. അതായതു് ആത്മാവിനെ തടയുന്ന സവ്വത്തിൽനിന്നും അകന്നു് ഹൃദയത്തിൻെറ ഏകാന്തത പാലിക്കാനും, അനന്തരം ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞു് ദൈവവുമായി ഐക്യപ്പെടാനും, നാം യത്നിക്കണം. ഇങ്ങനെ, ഓരോ നിമിഷവും കത്താവു നമുക്കു നൽകുന്ന പ്രസാദവരത്തോടു വിശ്വസ്തതാപൂവ്വം നാം സഹകരിക്കണം. ചുരുക്കിപ്പറഞ്ഞാൽ, ആത്മാവു മിശിഹായോടു യോജിച്ചു ജീവിച്ചുകൊണ്ടു് "ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും" (വി. യോഹന്നാൻ. xv. 5.) എന്നുള്ള നമ്മുടെ ദിവ്യരക്ഷകൻെറ ഉൽബോധനം പ്രയോഗത്തിൽ വരുത്തണം.

പ്രസാദവരംവഴി മിശിഹാ നമ്മിൽ വസിക്കുന്നുവെന്നു് സുവ്യക്തവും സജീവവുമായ ഒരു വിശ്വാസം നമുക്കുണ്ടാകണം. ഈ വിശ്വാസം എത്രകണ്ടു ഫലപ്രദമായി നമ്മെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുമോ അത്രയ്ക്കും ഈശോ നമ്മുടെ പ്രകാശവും ആദശ്വവും, ആലംബവും രക്ഷാസങ്കേതവും, നമ്മുടെ ഉപദേഷ്ടാവും പിൻബലവും ശക്തിയും ഭിഷഗ്വരനും, നമ്മുടെ ആശ്വാസവും ആനന്ദവും സ്നേഹവും ഒററവാക്കിൽ നമ്മുടെ ജീവനും ആയിത്തീരും. മാമ്മോദീസാവഴി ലഭിക്കുന്ന പ്രസാദവരത്തോടുകൂടി ആരംഭിക്കുകയും സ്ഥൈര്യലേപനത്തോടുകൂടി പരിപൂൎണ്ണമാക്കപ്പെടുകയും കുമ്പസാരംവഴി പുനഃപ്രാപിക്കയും, വിശുദ്ധ കർബാനയെന്ന കൂദാശവഴി സമ്പന്നമാക്കപ്പെടുകയും ചെയ്യുന്ന ഈ ജീവനാണു ക്രിസ്തീയജീവൻ. ഇതുമാത്രമേ നമ്മെ സ്വൎഗ്ഗഭാഗ്യത്തിനു അർഹരാക്കുന്നുള്ളു.

ഈ ജീവൻവഴി ഈശോമിശിഹാ തന്റെ ചൈതന്യം നമുക്കു പ്രദാനംചെയ്യുന്നു. അങ്ങനെ മിശിഹാ നമ്മിൽ ശ്രേഷ്ഠമായ പ്രവൎത്തനങ്ങളുടെ കേന്ദ്രമായി ഭവിക്കുന്നു. നാം പ്രതിബന്ധം ഒന്നും ഉണ്ടാക്കാത്തപക്ഷം ഈ ചൈതന്യം മിശിഹായോടുകൂടിയും മിശിഹായിലും മിശിഹായെപ്പോലെയും ചിന്തിക്കുന്നതിനും, വിധിക്കുന്നതിനും, സ്നേഹിക്കുന്നതിനും, ഇച്ഛിക്കുന്നതിനും, അദ്ധ്വാനിക്കുന്നതിനും നമ്മെ പ്രാപ്തരാക്കും. നമ്മുടെ ബാഹ്യപ്രവൎത്തനങ്ങൾ നമ്മിൽ വസിക്കുന്ന മിശിഹായുടെ സാന്നിദ്ധ്യത്തെ വെളിപ്പെടുത്തും. അങ്ങനെ, "ഇപ്പോൾ ഞാനല്ല ജീവിക്കുന്നതു് മിശിഹാ എന്നിൽ ജീവിക്കുന്നു' എന്നു ആന്തരികജീവിതത്തിന്റെ ആദൎശത്തെപ്പററി വി. പൗലോസ് പ്രസ്താവിച്ചിട്ടുള്ളതു് നമ്മിൽ സാക്ഷാല്ക്കരിക്കപ്പെടും.

ഉത്ഭവപാപം നിമിത്തം ഉളവായ ത്രിവിധ ദുരാശകളും ഓരോ കൎമ്മപാപത്താൽ വൎദ്ധമാനമാക്കപ്പെടുന്നു. ഈ ത്രിവിധ ദുരാശകൾ മിശിഹായുടെ ജീവിതത്തോടു മല്ലിടുന്ന പാപകാരണങ്ങളെ നമ്മിൽ നിലനിൎത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ കാരണങ്ങൾ നമ്മിൽ അഭിവൃദ്ധിപ്പെടുന്ന അളവനുസരിച്ചു് സ്വാഭാവാതീതജീവന്റെ പ്രവൎത്തനത്തെ അവ കുറച്ചുകളയുക മാത്രമല്ല ഒരുപക്ഷെ അവ ആ ജീവനെ പൂൎണ്ണമായി നശിപ്പിക്കുകയും ചെയ്യയില്ലെ എന്നു നാം ഭയപ്പെടണം. ഇതിനെതിരായ വികാരങ്ങളും പ്രവണതകളും കഠിനവും ദീൎഘവുമായ പ്രലോഭനങ്ങൾതന്നെയും നമ്മുടെ മനസ്സു് അതിനെതിരായി നില്ക്കുന്നിടത്തോളംകാലം നമ്മുടെ ഈ ജീവനെ ഉപദ്രവിക്കുന്നതിനു അശക്തങ്ങളാണു്. മാത്രമല്ല നമ്മുടെ തീക്ഷ്ണതയുടെ തോതനുസരിച്ചു് ആത്മീയ സമരത്തിലെ ഒരു ഘടകമെന്ന നിലയിൽ അവ സ്വാഭാവാതീത ജീവന്റെ വളൎച്ചയ്ക്കു നമ്മെ സഹായിക്കുന്നതുമാണു്.

ഉത്ഭവപാപമെന്ന നിൎഭാഗ്യാവസ്ഥ നമ്മുടെ ജീവിത വ്യാപാരത്തെ തകിടംമറിച്ചതു നിമിത്തം നന്മ പ്രവൎത്തിക്കുക നമുക്കു അദ്ധ്വാനപരമായിട്ടുണ്ടു്. മനുഷ്യനെന്ന ഈ ചെറു ലോകത്തിൽ ആന്തരികജീവിതംവഴി ക്രമവും സമനിലയും പുനഃസ്ഥാപിക്കുവാനും കാത്തുരക്ഷിക്കുവാനും ബുദ്ധിമുട്ടും സഹനവും പരിത്യാഗവും ആവശ്യമാണു്. തകൎന്ന തരിപ്പണമായ

ഒരു ഭവനത്തെ നാം വീണ്ടും പണിയേണ്ടിയിരിക്കുന്നു. പോരാ, വീണ്ടും അധഃപതിച്ചുപോകാതിരിക്കുവാൻ അതിനെ സംരക്ഷിക്കുകയും വേണം. ദുഷിച്ച സ്വഭാവത്താൽ ഭാരിച്ച ഒരു ഹൃദയമാണു നമുക്കുള്ളതു്. ശ്രദ്ധ, ആത്മപരിത്യാഗം ഇന്ദ്രിയനിഗ്രഹം ഇവവഴി നമ്മുടെ ഹൃദയത്തെ ലൌകികവിചാരങ്ങളിൽനിന്നു പിടിച്ചുമാററണം. അതിനെ ഒന്നുടച്ചുവാക്കണം. മിശിഹായുടെ ആത്മാവുമായി അതിനു പല സംഗതികളിലും പൊരുത്തം കാണുകയില്ല. മനശ്ചാഞ്ചല്യം, കോപം, ആത്മപ്രശംസ, നിഗളം, ലോകായതികത്വം, ക്രൂരത, സഹതാപമില്ലായ്മ തുടങ്ങി നമ്മുടെ സ്വഭാവത്തിലുള്ള വൈകല്യങ്ങൾ വളരെയാണു്. ഐഹികസന്തോഷാനുഭവങ്ങൾക്കായുള്ള ശക്തിയേറിയ ആകർഷണങ്ങളെ നാം എതിർക്കണം.

എന്നാൽ ഇതു് ആന്തരികജീവിതത്തിൻെറ നിവർത്തനഭാഗം (Negative side) മാത്രമാണു്. വി. പൌലോസിനെപ്പോലും വിലപിപ്പിച്ച തോളോടുതോൾ ചേർന്നുള്ള പോരാട്ടമാകുന്നു ഇതു്. ഫാദർ റവിഞ്ഞാൺ പറയുന്നു. "എൻെറ നവസന്ന്യാസകാലത്തു ഞാൻ എന്തു ചെയ്യുകയായിരുന്നു എന്നു് നിങ്ങൾ എന്നോടു ചോദിച്ചുവല്ലോ. നല്ല ചോദ്യം. ഞങ്ങൾ രണ്ടു പേരായിരുന്നു. ഒരുത്തനെ ജനലിൽക്കൂടി ഞാൻ പുറത്തേയ്ക്കു തള്ളിയിട്ടു. അപ്പോൾ ഞാൻ തനിച്ചായി". തൻെറ ദുരാശകളെ ജയിച്ചമർത്തിയതിനെയാണു് അദ്ദേഹം ഇവിടെ സൂചിപ്പിക്കുന്നതു്.

നമ്മോടെതൃക്കുന്നതിനു സദാ സന്നദ്ധനായ ശത്രുവിനോടുള്ള നിഷ്ക്കരുണമായ യുദ്ധത്തിനുശേഷം ജഡികപ്രവണതയുടെ എത്രയും നിസ്സാരമായ പ്രത്യാഗമനത്തിനും എതിരായി നമ്മുടെ ഹൃദയത്തിൽ നാം വേണ്ട മുൻകരുതലുകൾ ചെയ്യണം. തപഃക്രിയകളാൽ വിശുദ്ധീകരിക്കപ്പെട്ട നമ്മുടെ ആത്മാവു് ദൈവത്തിനെതിരായി ചെയ്യപ്പെടുന്ന പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനുള്ള ആഗ്രഹത്താൽ ഉജ്ജ്വലിക്കാതിരിക്കയില്ല. നമ്മുടെ കർത്താവിൻെറ സുകൃതങ്ങളെ അനുകരിക്കുന്നതിനുവേണ്ടി അവയെപ്പററി ധ്യാനിക്കുന്നതിനു ആത്മാവു അതിൻെറ സർവ്വശക്തിയും പ്രയോഗിക്കും. ജീവിതത്തിലെ ഏററം നിസ്സാരസംഗതികളിൽപ്പോലും അതു് ദൈവപരിപാലനയിൽ സംപൂർണ്ണ മനോവിശ്വാസം പാലിക്കുവാൻ പ്രയ

ത്തിക്കും. ഇതാണ് ആന്തരികജീവിതത്തിന്റെ പ്രവർത്തന ഭാഗം (Positive side)

എത്ര വിസ്തൃതമായ ഒരു പ്രവർത്തനരംഗമാണ് ആന്തരികജീവിതം തുറന്നുതരുന്നതെന്ന് നോക്കുക. പ്രസ്തുത ജീവിതം വ്യക്തിപരവും സ്ഥിരവും നിരന്തരവുമായ ഒരു ജോലിയാണ്. പക്ഷെ ഇതുവഴിയായിട്ടാണ് പ്രവൎത്തനത്തിനു വിസ്മയജനകമായ സൗകര്യവും ഉന്മേഷവും കിട്ടുന്നതു്. ആന്തരികജീവിതത്തിനു പ്രത്യേകമായുള്ള ഒരു രഹസ്യമാണിതു്.

പ്രേഷിതജോലികൾനിമിത്തം അതിയായി ഭാരപ്പെട്ടിരുന്ന ഒരു മെത്രാൻ വളരെയധികം ജോലിചെയ്യുവാനുണ്ടായിരുന്ന ഒരു രാജ്യതന്ത്രജ്ഞനു വ്യക്തമാക്കിക്കൊടുത്ത രഹസ്യം നോക്കുക. രാജ്യതന്ത്രജ്ഞൻ ചോദിക്കുന്നു: "നിങ്ങളുടെ വേലയ്ക്കു് എത്ര അത്ഭുതകരമായ ഫലമാണു സിദ്ധിക്കുന്നതു്? മാത്രമല്ല ഇത്രവലിയ ജോലിത്തിരക്കുണ്ടായിരുന്നിട്ടും നിങ്ങളെത്ര പ്രശാന്തനായി വൎത്തിക്കുന്നു. എന്താണ് നിങ്ങളുടെ ജീവിതവിജയത്തിന്റെ രഹസ്യം?" ഇതിനു മെത്രാൻ നൽകിയ മറുപടി "നിങ്ങൾക്കു എത്ര വളരെ ജോലികൾ ചെയ്തുതീൎക്കുവാനുണ്ടായിരുന്നാലും ശരി, പ്രതിദിനം രാവിലെ അരമണിക്കൂർ ദൈവികകാര്യങ്ങളെപ്പററി ചിന്തിക്കുന്നതിനു ചെലവഴിക്കുക. നിങ്ങളുടെ എല്ലാ ജോലികളും വിജയമകുടം ചൂടും. എന്നല്ല കൂടുതൽ ജോലി ചെയ്യുന്നതിനു നിങ്ങൾ പ്രാപ്തനാകയും ചെയ്യും". ഫ്റാൻസിലെ രാജാവായ വി. ലൂയീസ് പ്രതിദിനം എട്ടും ഒൻപതും മണിക്കൂർ ധ്യാനത്തിനും മററു ആന്തരികജീവിതാഭ്യസനത്തിനുമായി ചെലവഴിച്ചിരുന്നു. ഇതിൽനിന്നാണ് തന്റെ രാജ്യത്തിന്റെയും പ്രജകളുടെയും ക്ഷേമത്തിനു വേണ്ടതെല്ലാം ചെയ്യുന്നതിനുള്ള പ്രകാശവും ശക്തിയും ഇദ്ദേഹത്തിനു ലഭിച്ചതു്. ആ വിശുദ്ധരാജാവിന്റെ ഭരണവിജയത്തിൽ അസൂയപൂണ്ടെന്നപോലെ ഒരു സോഷ്യലിസ്ററു പ്രസംഗകൻ പറയുന്നു: "തൊഴിലാളികൾക്കുവേണ്ടി വി. ലൂയീസിന്റെ കാലത്തു ചെയ്യപ്പെട്ടിടത്തോളം നന്മ നമ്മുടെകാലത്തു ചെയ്യപ്പെട്ടിട്ടില്ല."

ആദ്ധ്യാത്മികാനന്ദം മതിവരെ അനുഭവിക്കുന്നതിനു കൊതിക്കുന്ന ചിലരുണ്ടു്. ആശ്വാസങ്ങളുടെ ദൈവത്തെക്കാൾ ദൈവത്തിന്റെ ആശ്വാസങ്ങളെ വളരെ അധികം ഇവർ

അന്വേഷിക്കുന്നു. ഇവർ ആഗ്രഹിക്കുന്നതു് ആന്തരികജീവിതം ആദ്ധ്യാത്മികാനന്ദങ്ങൾ നിറഞ്ഞതായിരിക്കണമെന്നത്രെ. ഇവർ ആന്തരികജീവിതമെന്താണെന്നു ശരിക്കു മനസ്സിലാക്കിയിട്ടില്ല.

ആകയാൽ, ശക്തിയിൽ കവിഞ്ഞ യാതൊരു പ്രവൎത്തനത്തിലും ഏൎപ്പെടരുതു്. എപ്പോഴും എല്ലാററിലും പരമാൎത്ഥമായി ദൈവതിരുച്ചിത്തം കാണുക. നാം ചെയ്യണമെന്നു ദൈവം തിരുമനസ്സാകാത്ത യാതൊരു സൽപ്രവൃത്തിയിലും ഏൎപ്പെടരുതു്. ദൈവം അനുവദിക്കുന്ന അളവിൽമാത്രം, അതും ഉപവി അഭ്യസിക്കണമെന്ന ഉദ്ദേശത്തോടെമാത്രം, പ്രവൎത്തനത്തിലേൎപ്പെട്ടാൽ മതി. അങ്ങനെ ഏതു പ്രവൎത്തനത്തെയും ആരംഭത്തിലെതന്നെ ദൈവത്തിനു കാഴ്ചവെക്കുക. സ്വന്ത അദ്ധ്വാനങ്ങൾക്കിടയ്ക്കു ഭക്തചിന്തകൾ, തീക്ഷ്ണതയുള്ള സുകൃതജപങ്ങൾ ഇവവഴി ദൈവത്തിനുവേണ്ടിയും ദൈവംവഴിയായും പ്രവൎത്തിക്കണമെന്നുള്ള ദൃഢനിശ്ചയത്തെ പലപ്പോഴും നവീകരിക്കുക. ഇത്രയും ചെയ്തതിനുശേഷം എത്രതന്നെ ബാഹ്യപ്രവൎത്തനങ്ങളിൽ മുഴുകിപ്പോയിരുന്നാലും പൂൎണ്ണമായ മനഃശാന്തത പാലിക്കുന്നതിനും, സ്വയം നിയന്ത്രിക്കുന്നതിനും നമുക്കു സാധിക്കും. നമ്മുടെ വേല വിജയിക്കുമോ എന്നു നാം ചിന്താകുലരാകേണ്ട. ചെയ്യുവാനുള്ളതു ചെയ്തിട്ടു സമാധാനമായിരിക്കുക. എങ്കിൽ മാത്രമെ നമ്മുടെ കൎത്താവുമായുള്ള ഐക്യം പാലിച്ചുകൊണ്ടുപോകുന്നതിനു നമുക്കു സാധിക്കുകയുള്ളു.

## 2. ആന്തരികജീവിതത്തിൻെറ വൈശിഷ്ട്യവും ആവശ്യകതയും

ആന്തരികജീവിതത്തിൻെറ സൎവ്വപ്രധാനമായ ഘടകം പ്രസാദവരജീവനാണെന്നും, അതു നിത്യരക്ഷയ്ക്കുതന്നെയും അത്യാവശ്യമാണെന്നും, ആ ജീവനെ പാലിച്ചും സംരക്ഷിച്ചും കൊണ്ടുപോകുന്നതിനു ആശാനിഗ്രഹവും ക്രൂദാശാസ്വീകരണവും ഇതര സൽകൃത്യങ്ങളും അപരിത്യാജ്യമാണെന്നും ഇതിനുപരി നാം കണ്ടുകഴിഞ്ഞു. ഇതിൽനിന്നും, രക്ഷപ്രാപിക്കാനാഗ്രഹിക്കുന്ന ഏവനും സ്വന്ത കഴിവനുസരിച്ച് ആന്ത

രികജീവിതം കഴിക്കേണ്ടതാവശ്യമാണെന്ന് നിഷ്പ്രയാസം ഗ്രഹിക്കാം.

**a. നമ്മുടെ പ്രേഷിതജോലിക്കു ജീവൻ നൽകുന്നതു ആന്തരികജീവിതമാകുന്നു.**

സ്വന്ത ആത്മരക്ഷയ്ക്കായി പ്രയത്നിക്കാൻ കടപ്പെട്ടിരിക്കുന്ന ഒരു സാമാന്യ ക്രിസ്ത്യാനി തന്നെയും വേറൊരു ക്രിസ്തു (Another Christ) ആയിരിക്കേണ്ടതാണ്. എന്നാൽ അവൻ സ്വന്ത ആത്മരക്ഷയ്ക്കായി മാത്രമല്ല, ഇതരന്മാരുടെ ആത്മരക്ഷയ്ക്കായും സ്വന്തം പ്രാപ്തിക്കനുസരണമായി യത്നിപ്പാൻ കടപ്പെട്ടിരിക്കുന്നു. അതേ, അവൻ വേറൊരു ഈശോയും (Another Jesus) ആയിരിക്കേണ്ടതാണ്. ഈ ജോലിയാകട്ടെ ശരിയായി നിർവ്വഹിക്കണമെങ്കിൽ ജീവദാതാവായ ക്രിസ്തുവിനോടു അവൻ യോജിച്ചിരുന്നേ മതിയാവൂ. ഒരു സാമാന്യ ക്രിസ്ത്യാനിയുടെ കടമ ഇതാണെങ്കിൽ ക്രിസ്ത്യാനികളിൽ അത്യുത്തമ ക്രിസ്ത്യാനികളായിരിക്കേണ്ട സന്യാസികളെയും വൈദികരെയുംപററി എന്തു പറയട്ടെ!

ജീവജാലങ്ങൾക്കു നിശ്ചിത നിയമമനുസരിച്ചു വർദ്ധിച്ചു പെരുകുവാനുള്ള ശക്തിവിശേഷം ദൈവം നല്കിയിട്ടുണ്ട്. എന്നാൽ വിശേഷബുദ്ധിയുള്ള ജീവികളെ സംബന്ധിച്ചിടത്തോളം ദൈവം നേരിട്ടു ജീവനെ ഉല്പാദിപ്പിക്കുന്നു. സുബുദ്ധിയുള്ള ആത്മാവിനെയും അതിലുമുപരിയായ ആദ്ധ്യാത്മികജീവനെയും സൃഷ്ടിക്കുന്ന ഏകൻ ദൈവം മാത്രമാണ്. ഈ ആദ്ധ്യാത്മിക ജീവൻ– പ്രസാദവരജീവൻ– നമ്മിലേയ്ക്കു പ്രവഹിക്കുന്നതും പ്രവഹിക്കേണ്ടതും അവതീർണ്ണനായ നിത്യവചനത്തിൻെറ മനുഷ്യത്വത്തിനു നൽകപ്പെട്ടിരിക്കുന്ന ദൈവികജീവനിൽനിന്നാകുന്നു. അതേ "നമ്മുടെ കർത്താവീശോമിശിഹാവഴിയായും അദ്ദേഹത്തോടുകൂടിയും അദ്ദേഹത്തിലും" ഈ ജീവനെ വ്യാപിപ്പിക്കുക എന്നതാണ് തിരുസഭയുടെ സർവ്വപ്രധാനവും ഏകവുമായ പ്രവൃത്തി. ഇതു ക്രൂദാശകളും പ്രാർത്ഥനകളും പ്രസംഗങ്ങളും അവയോടു ബന്ധപ്പെട്ടിട്ടുള്ള മററു പ്രവർത്തനങ്ങളും വഴിയായി സാധിക്കുന്നു.

തൻെറ പുത്രൻവഴിയല്ലാതെ ദൈവം യാതൊന്നും പ്രവർത്തിക്കുന്നില്ല. "സർവ്വവും അവൻെറ കയ്യാൽ ഉണ്ടായി. ഉണ്ടായിട്ടു

ള്ളതെല്ലാം അവനെക്കൂടാതെ ഉണ്ടായിട്ടുള്ളതല്ല" (വി. യോഹ. i. 3.) മൂർത്തവസ്തുവിഷയത്തിൽ ഇതു സത്യമാണെങ്കിൽ അമൂർത്തവസ്തുവിഷയത്തിൽ അതിലേറെ വാസ്തവമാകുന്നു. എന്തെന്നാൽ, ഇവിടെ സ്വന്തം ആഭ്യന്തരജീവനെയാണു ദൈവം മനുഷ്യർക്ക് പ്രദാനം ചെയ്യുന്നതു്. അതേ, ദൈവം സ്വന്തം സ്വഭാവത്തിൽ മനുഷ്യരെ പങ്കുകാരാക്കുകയും, അവരെ ദൈവപുത്രന്മാരാക്കിത്തീർക്കുകയും ചെയ്യുന്നു.

"ദൈവം നമുക്കു നിത്യജീവൻ തന്നു. ആ ജീവൻ തൻെറ പുത്രനിൽ ഇരിക്കുന്നു... പുത്രനെ കൈവരിക്കുന്ന ഏവനും ജീവനെയും കൈവരിക്കുന്നു. ദൈവപുത്രനെ കൈവരിക്കാത്ത ഒരുത്തനും ജീവനില്ല" (1. വി. യോഹ. v. 11–12.) "സകലവും അവൻമൂലമുണ്ടായി. ഉണ്ടായിട്ടുള്ളതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു... അവനെ സ്വീകരിക്കുന്നവർക്ക് ദൈവത്തിൻെറ മക്കളാകുവാൻ അവൻ അധികാരം കൊടുത്തു" (വി. യോഹന്നാൻ i. 3, 4; 12.) എന്നാണു് വി. യോഹന്നാൻ സുവിശേഷകൻ സ്പഷ്ടമായി പറയുന്നതു്. മിശിഹാതന്നെയും തത്സംബന്ധമായി അരുളിച്ചെയ്യുന്നു: "അവർക്കു ജീവൻ ഉണ്ടാകുവാനും അതു് സമൃദ്ധിയായി ഉണ്ടാകുവാനും ആകുന്നു ഞാൻ വന്നിരിക്കുന്നതു്" (വി. യോഹ. x. 10.) "വഴിയും സത്യവും ജീവനും ഞാനാകുന്നു. എന്നിൽക്കൂടിയല്ലാതെ ഒരുത്തനും എൻെറ പിതാവിൻെറ അടുക്കലേയ്ക്കു വരുന്നില്ല" (വി: യോഹ. xiv. 6.) "നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാനും നിങ്ങളിൽ വസിക്കും. ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ ഫലങ്ങൾ തരുവാൻ അതിനു് തനിയെ കഴിയാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല" (വി. യോഹ. xv. 4–5.)

ഹാ! എത്ര ഖണ്ഡിതമായ വാക്കുകൾ! അതേ "ഈശോ ആകുന്നു ജീവൻ. ഈശോ മാത്രമാകുന്നു ജീവൻ" ഈ ജീവനിൽ ഓഹരിക്കാരാകുന്നതിനും അതു മററുള്ളവർക്കു പകുത്തു

കൊടുക്കുന്നതിനും പ്രേഷിതക്കു സാധിക്കണമെങ്കിൽ, വൃക്ഷത്തോടു അതിൻെറ ശിഖരങ്ങൾ എന്നപോലെ നരദൈവത്തോടു അവർ ഒട്ടിച്ചേർന്നു ഒന്നായിത്തീരണം. ഈ മൗലിക തത്വം തൻെറ ശിഷ്യരുടെ മനസ്സിൽ ഗാഢമായി പതിക്കുന്നതിനു എത്ര നിഷ്കൃഷ്ടയോടുകൂടിയാണു മിശിഹാ ശ്രമിച്ചിരുന്നതു്?

ദിവ്യരക്ഷകനോടുകൂടി പ്രവൎത്തിച്ചുകൊണ്ടു് ആത്മാക്കളിലേയ്ക്കു ദൈവികജീവൻ ഒഴുക്കുക എന്ന മഹോന്നത കൃത്യത്തിനു വിളിക്കപ്പെട്ടിരിക്കുന്നവർ ഈ ഏകോല്പത്തിസ്ഥാനത്തുനിന്നുമാത്രം വെള്ളം ഒഴുക്കിക്കൊണ്ടുപോകുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വെറും നീർച്ചാലുകളാണു തങ്ങൾ എന്നു ധരിക്കേണ്ടതാണു്. ഈ തത്വങ്ങളെ അവഗണിക്കുകയും അതിമാനുഷചൈതന്യം മുഴുവൻ നമ്മുടെ കൎത്താവിൽനിന്നു മുഴുവനായി സ്വീകരിക്കാതെ അതിൻെറ ഏററം നിസ്സാരമായ അടയാളമെങ്കിലും ആത്മാക്കളിൽ ഉല്പാദിപ്പിക്കാമെന്നു വ്യാമോഹിക്കുകയും ചെയ്യുന്ന പ്രേഷിതൻെറ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള അജ്ഞത അവൎണ്ണനീയമത്രെ.

ഈ സത്യത്തെ അവഗണിച്ചും പരിത്യജിച്ചുംകൊണ്ടു് ബാഹ്യമായ പ്രവൎത്തനങ്ങളിൽ ഏൎപ്പെടുന്നതു തത്വത്തിലോ പ്രവൃത്തിയിലൊ ഉള്ള സുബുദ്ധിയുടെ ഒരു ക്രമക്കേടാണു്. തന്നിമിത്തം സുപ്രസിദ്ധനായ മാർമ്മിയോ കർദ്ദിനാൾ (Cardinal Mermillod) സൽപ്രവൃത്തികളുടെ പാഷണ്ഡത (Heresy of good works) എന്നാണു ഇതിനെ സരസമായി നാമകരണം ചെയ്യുന്നതു്. വ്യക്തിപരമായ കഴിവുകളും പ്രവൎത്തനങ്ങളും പ്രേഷിതവേലയിൽ അപ്രധാന ഭാഗമായിരിക്കണമെന്നു മാത്രമല്ല, അവ മൂലപ്രമാണമായ മിശിഹായുടെ പ്രവൎത്തനത്തിനു വിധേയമായിരിക്കയും വേണം. എന്നാൽ മൂലപ്രമാണമായി വ്യക്തിപരമായ പ്രവൎത്തനങ്ങളെയും കഴിവുകളെയും പരിഗണിക്കുന്ന പ്രേഷിതൻെറ ഭോഷത്വത്തെ ചൂണ്ടിക്കാണിക്കുന്നതിനാണു 'സൽപ്രവൃത്തികളുടെ പാഷണ്ഡത' എന്ന പദം ആ വന്ദ്യദേഹം പ്രയോഗിച്ചിട്ടുള്ളതു്. ഈ അനുമാനം പ്രഥമ വീക്ഷണത്തിൽ നമ്മെ ക്ഷോഭിപ്പിച്ചേക്കാം. എന്നാൽ അവധാനപൂൎവ്വം ചിന്തിക്കുന്ന പക്ഷം അതു് എത്രയും പരമാൎത്ഥമാണെന്നു് നമുക്കു ബോദ്ധ്യപ്പെടാതിരിക്കയില്ല.

അതിനാൽ, അന്യരെയും യഥാശക്തി രക്ഷിക്കാൻ ബാദ്ധ്യസ്ഥരാണെന്നുള്ള നിലയിലും, മിശിഹായോടു സദാ യോജിച്ചിരുന്നുകൊണ്ടുള്ള ആന്തരികജീവിതം ഏവക്കും അവശ്യാവശ്യമത്രെ.

b. അനിത്യമായ ഭൗമികവസ്തുക്കളുടെ സമ്പാദ്യം, എന്നെന്നും നിലനില്ക്കുന്ന ആദ്ധ്യാത്മികവസ്തുക്കളുടെ സമ്പാദ്യത്തെക്കാൾ വളരെ താഴ്ന്ന പടിയിൽ മാത്രമാണു നില്ക്കുന്നത്.

നാം ശരിയായി ഗ്രഹിച്ചിരിക്കേണ്ട ഒരു വസ്തുതയാണ് ഇത്. വി. അഗസ്റ്റിൻ പറയുന്നു: "ഭൗതികവസ്തുക്കൾ ആത്മികമായവപോലെ ഒരേ സമയം പൂൎണ്ണമായി ഒന്നിലധികം പേരുടേതായിക്കൂടാ. ആദ്ധ്യാത്മികമായവയുടെ സ്ഥിതിയാകട്ടെ അങ്ങനെയല്ല" ഭൗതികവസ്തുക്കളുടെ ഇടപാടുകളിൽ മനുഷ്യരുടെ ഇടയിൽ കാണാറുള്ള കിടമത്സരത്തിൻെറയും വഴക്കുകളുടെയും അസമാധാനത്തിൻെറയും കാരണം ഇതല്ലാതെ മറ്റൊന്നുമല്ല. ആദ്ധ്യാത്മിക സമ്പത്തു ഒരേ സമയംതന്നെ സകല മനുഷ്യൎക്കും പൂൎണ്ണമായും, തമ്മിൽ തമ്മിൽ യാതൊരു സമാധാനക്കേടിനോ അനൈക്യത്തിനോ ഇടയാകാതെ സ്വന്തമെന്നോണം ഓരോരുത്തനും അനുഭവിക്കാവുന്നതാണ്. മാത്രമല്ല, അതു പൊതുവായി അനുഭവിക്കാൻ എത്ര കൂടുതൽ ആളുകളുണ്ടോ അത്രയ്ക്കും കൂടുതൽ സന്തോഷസംതൃപ്തിയോടെ ആയിരിക്കും അവരെല്ലാവരും അതനുഭവിക്കുക. ഒരു സത്യത്തെ, ഒരു പുണ്യത്തെ, ഏക ദൈവത്തെ ഒരേ സമയം ഒരേ വിധം നമുക്കു ഓരോരുത്തൎക്കും അവകാശപ്പെടാം. ഇതിൽ ഓരോന്നിനും വേറെയും അവകാശികൾ ഉണ്ടെന്നു കാണുന്നതിൽ നമുക്കു സന്തോഷമല്ലാതെ നീരസമോ പരിഭ്രമമോ ഒന്നും ഉണ്ടാകയുമില്ല.

ആദ്ധ്യാത്മികസമ്പത്തിനുള്ള ഒരു പ്രത്യേകതയാണിത്. അത് എല്ലാവൎക്കും ഓരോരുത്തനും ഒന്നിച്ചു അവകാശപ്പെടാവുന്നതും എല്ലാവരെയും ഓരോരുത്തരെയും പൂൎണ്ണമായി തൃപ്തിപ്പെടുത്തുന്നതുമത്രെ. നമുക്കു ബോദ്ധ്യമായിട്ടുള്ള ഒരു സത്യം, അന്യരെയും പഠിപ്പിച്ച് അവരെ അതിനു ഭാഗഭാക്കുകളാക്കുമ്പോൾ അതു സാക്ഷാൽ നമ്മിൽ കൂടുതലായും പതിയുന്നു. ഒരു പുണ്യത്തെ ഇതരന്മാർ സ്നേഹിക്കണമെന്നു നാം ആത്മാൎത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ മാത്രമേ ആ പുണ്യത്തെ നാം യഥാൎത്ഥത്തിൽ സ്നേഹിക്കുന്നുണ്ടെന്നു പറയാവൂ. ദൈവത്തെ

എല്ലാവരും സ്നേഹിക്കണം എന്നൊരാഗ്രഹമില്ലെങ്കിൽ, ദൈവത്തെ നാം പൂർണ്ണമായും സ്നേഹിക്കുന്നു എന്നു പറഞ്ഞുകൂടാ. പണം വ്യയംചെയ്യുകയോ ആർക്കെങ്കിലും കൊടുക്കുകയോ ചെയ്താൽ, അതു പിന്നെ നിൻെറതല്ല, നിൻെറ കൈവശത്തിലുമല്ല. എന്നാൽ ദൈവത്തെ നീ അന്യക്കു നൽകുന്നപക്ഷം ദൈവത്തെ നീ കൂടുതലായും പ്രാപിക്കയാണു ചെയ്യുന്നതു്. മാത്രമല്ല, നേരെമറിച്ചു് ദൈവത്തിൽനിന്നോ, നിൻെറ സ്നേഹത്തിൽനിന്നോ ഒരൊററ ആത്മാവിനെമാത്രം അകററിനിൎത്തുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ദൈവംതന്നെയും നിനക്കു നഷ്ടീഭവിക്കുന്നു.

ഈ പറഞ്ഞവയിൽനിന്നും ഒരു സത്യം നാം ഹൃദിസ്ഥമാക്കേണ്ടതുണ്ടു്. ഭൗതികവസ്തുക്കളോടുള്ള സ്നേഹംനിമിത്തം അവ കരസ്ഥമാക്കുന്നതിനു മനുഷ്യർ എത്രകണ്ടു യത്നിക്കുമോ അത്രകണ്ടു അവരിൽ ഭിന്നതയും വഴക്കുകളും പ്രസ്തുത വസ്തുക്കൾ ഉളവാക്കും. ആദ്ധ്യാത്മികവസ്തുക്കളുടെ സ്ഥിതിയാകട്ടെ ഇതിൽനിന്നും വ്യത്യസ്ഥമാണു്. അവയെ കൂടുതലായി സ്നേഹിക്കുന്ന മനുഷ്യരെ അവ കൂടുതലായും പരസ്പരം യോജിപ്പിക്കും. ആന്തരികജീവിതത്തിൻെറ വൈശിഷ്ട്യവും ആവശ്യകതയും ശരിയായി ഗ്രഹിക്കുന്നതിനു് ഈ തത്വം നമ്മെ സഹായിക്കുന്നു. കൂടാതെയും, ഈ ആധുനികകാലത്തു നടമാടുന്ന സാമുദായിക പ്രശ്നങ്ങൾക്കും, സാമ്പത്തികാധഃപതനത്തിനും തക്ക സമാധാനവും ഈ തത്വം നൽകുന്നുണ്ടു്. ഇതുതന്നെയാണു "നിങ്ങൾ ദൈവത്തിൻെറ രാജ്യവും, തൻെറ നീതിയും ആദ്യമെ അന്വേഷിക്കുവിൻ. ഇവയെല്ലാംകൂട്ടിച്ചേൎത്തു് നിങ്ങൾക്കു തരപ്പെടും" (വി. മത്തായി vi. 33.) എന്ന വാക്കുകളാൽ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നതു്. ലോകം ഇന്നു നാശത്തിൻെറ വക്കിൽ എത്തിയിരിക്കുന്നുവെങ്കിൽ അതിനുള്ള കാരണം ഏതൊരു ക്രൈസ്തവനും പ്രാഥമികമായി പഠിച്ചിരിക്കേണ്ട ഈ മൂലതത്വം ലോകം ഇന്നു വിസ്മരിച്ചിരിക്കുന്നു എന്നതാണു്.

ഭൗതികവസ്തുക്കളുടെ വൈശിഷ്ട്യക്കുറവിനു (Poor quality) ഒരു പരിഹാരമുണ്ടാക്കാമെന്ന പ്രതീക്ഷയിൽ മനുഷ്യർ, ഹാ കഷ്ടമേ! അവയുടെ എണ്ണവും അളവും (Quantity) വൎദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിൻെറ ഫലമോ?

തൊഴിലില്ലായ്മയും ദാരിദ്ര്യവുംതന്നെ! ഭൗതികവസ്തുക്കളുടെ പെരുപ്പത്തിൽ ഭാഗ്യം കണ്ടെത്താമെന്നു മനുഷ്യർ കരുതുന്നു. അവയാകട്ടെ ഭാഗ്യം പ്രദാനം ചെയ്യുന്നതിനു തീർത്തും അപ്രാപ്തമാണെന്നു അവർ ഗ്രഹിക്കുന്നില്ല. ഇതിൻെറ അനുഭവമെന്തു്? ഭൗതികവസ്തുക്കൾക്കായി എത്രമാത്രം ശ്രമിക്കുന്നുവോ, അത്രയധികം അസമാധാനവും വഴക്കുകളും മനുഷ്യരുടെയിടയിൽ നടമാടും എന്നതുതന്നെ.

"ബാഹ്യമായ സൽപ്രവൃത്തികൾവഴി സർവ്വവും മിശിഹായിൽ നവീകരിക്കുന്നതിന്ന് ദൈവത്തിൻെറ കൃപ ആവശ്യമാണു്. പ്രാർത്ഥനവഴി മിശിഹായുമായി ഗാഢമായ ഐക്യം പ്രാപിക്കാതെ ഈ കൃപ പ്രേഷിതനു കിട്ടുകയില്ല. ഒന്നാമതായി നാം മിശിഹായ്ക്കു അനുരൂപരാകണം. എങ്കിൽ മാത്രമേ കുടുംബങ്ങളെയും, സമുദായങ്ങളെയും മിശിഹായിൽ നവീകരിക്കാൻ നമുക്കു സാധിക്കയുള്ളൂ. ആകയാൽ, പ്രേഷിതവേലയിൽ ഏർപ്പെട്ടിരിക്കുന്നവർക്കെല്ലാം നല്ല ഉറച്ച ഭക്തി ഉണ്ടായിരിക്കണം." (വി. പത്താംപീയൂസിൻെറ 1905-ലെ ഒരു ചാക്രികലേഖനം.) അതേ, പ്രാർത്ഥനവഴി ദൈവത്തിൽനിന്നു പ്രാപിക്കുന്നവയത്രെ പ്രവർത്തനംവഴി മനുഷ്യർക്കു നൽകേണ്ടതു്. Receive from God by contemplation & give to men by action" എന്നാണു് മഹദ്വാക്യം.

### 3. ആന്തരികജീവിതത്തെ നശിപ്പിക്കുന്ന പ്രവർത്തന വിഭ്രാന്തി

ആന്തരികജീവിതം നയിക്കുന്നതിനാവശ്യമായ യത്നത്തിൽനിന്നൊഴിവാൻവേണ്ടി മിശിഹായോടുകൂടിയും മിശിഹായിലും മിശിഹായ്ക്കുവേണ്ടിയും ജീവിക്കുന്നതിൻെറ വൈശിഷ്ട്യം പലരും മനഃപൂർവ്വം അവഗണിക്കുന്നു. ദൈവസ്തുതിക്കായി ചെയ്യുന്ന ഏതു പ്രവൃത്തിയും ഒരുവിധത്തിൽ പ്രാർത്ഥനയാണെന്നും, അതിനാൽ മററു സംഗതികളിൽ നിന്നെല്ലാം മനസ്സിനെ മാററി ഏകാഗ്രചിത്തതയോടുകൂടി തനി ദൈവികകാര്യങ്ങളിൽ മാത്രം ഏർപ്പെട്ടിരിക്കുന്നതിനായി അത്ര അധികംസമയം വിനിയോഗിക്കേണ്ട ആവശ്യമില്ലെന്നും പറയുന്നവർ ഉണ്ടാകാം.

എന്നാൽ ഈ അഭിപ്രായത്തോടു പുണ്യവാന്മാർ ആരും യോജിക്കുന്നില്ലെന്നും പരിശുദ്ധ പാപ്പാമാർ ഇപ്രകാരമുള്ള അഭിപ്രായത്തെ ശപിക്കുന്നു എന്നും ഉള്ള സംഗതി നമുക്കു വിസ്മരിക്കാവുന്നതല്ല.

പ്രവൎത്തനങ്ങൾക്കു പ്രാധാന്യം നൽകുന്ന അബദ്ധത്തെ കുറിച്ചു 13–ാം ലെയോൻ മാപ്പാപ്പാ 1899–ൽ അമേരിക്കയിലെ മെത്രാന്മാൎക്കു മുന്നറിവുകൊടുത്തു. അദ്ദേഹം ശപിച്ച ആ അബദ്ധം തലപൊക്കുന്നതിനു അന്നുണ്ടായിരുന്ന കാരണങ്ങൾ തന്നെയാണു ഇന്നുമുള്ളതു്. ചെയ്തുതീൎക്കേണ്ട ജോലി അധികവും വേലക്കാർ ചുരുക്കവുമായിരുന്നു. അതുകൊണ്ടു ആത്മാക്കൾ നശിച്ചുപോകുന്നു എന്നു തോന്നി. അതോടെയാണു് അനിവാൎയ്യമായ ഈ പരീക്ഷ ഉണ്ടായതു്. പ്രവൎത്തനങ്ങളിൽ ഉദ്യുക്തരായിരുന്നവർ അവരുടെ ഭക്താഭ്യാസങ്ങളെ ചുരുക്കിയിട്ടു കൂടുതൽ പ്രവൎത്തനങ്ങൾ നടത്തുവാൻ തുടങ്ങി. പ്രവൎത്തിക്കുകയെന്നതു പ്രാൎത്ഥിക്കുകതന്നെയാണെന്നു അവർ കരുതി. അതുകൊണ്ടു പ്രവൎത്തനങ്ങൾക്കു സമയം കിട്ടുവാൻ പ്രാൎത്ഥന ചുരുക്കി. അതിന്റെ ഫലമായി ദൈവൈക്യം ശിഥിലമായി. പ്രവൎത്തനത്തിനും പ്രവൎത്തകന്റെ ആത്മാവിനും ഒരുമിച്ചു കേടു ഭവിച്ചു. ദൈവത്തിനു മഹത്വവും നഷ്ടപ്പെട്ടു. വിളവധികമെന്നു അവർ കണ്ടു. എന്നാൽ വിളവിന്റെ യജമാനനോടു കൂടുതൽ വേലക്കാരെ അയക്കുന്നതിനപേക്ഷിക്കുന്നതിനു പകരം ഈ 'അപ്പോസ്തലന്മാർ' ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തം പരിശ്രമംകൊണ്ടുതന്നെ മുഴവൻ കൊയ്തുകളയാമെന്നുവെച്ചു. അവരുടെ പരിശ്രമത്തിൽ അങ്ങനെ നാശത്തെ വരിച്ചു. ഇതാണു് പ്രാൎത്ഥനയെ പുറംതള്ളിയിട്ടു പ്രവൎത്തനങ്ങളിൽ കാണിച്ച അമിതാസക്തിക്കു വിരോധമായി കൎക്കശമായ മുന്നറിയിപ്പു നൽകുവാൻ മാപ്പാപ്പായെ പ്രേരിപ്പിച്ചതു്.

ഫ്രാൻസിൽനിന്നു സന്യാസസഭകളെ ബഹിഷ്കരിച്ചിരുന്ന കാലത്തു് വിദ്യാപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരുന്ന ചില പ്രധാനപ്പെട്ട സന്യാസസഭകൾ ജോലി തുടൎന്നുകൊണ്ടുപോകുന്നതിനുവേണ്ടി അവരുടെ സന്യാസജീവിതാനുഷ്ഠാനങ്ങളെ ഉപേക്ഷിക്കണമെന്നു് ഒരഭിപ്രായം അവൎക്കുണ്ടായി. ഇതു കൂടാതെ ജോലി തുടരുക സാദ്ധ്യമല്ല എന്നുള്ള ഒരു പരിതസ്ഥിതിയായിരുന്നു അന്നുളവായതു്. അവർ 13–ാം ലെയോൻ മാപ്പാപ്പായെ

സമീപിച്ചു. ഏതാനും നിമിഷങ്ങൾ ചിന്തയിലും പ്രാർത്ഥന യിലും കഴിച്ചശേഷം അദ്ദേഹം ദൃഢസ്വരത്തിൽ ഇപ്രകാരം പറഞ്ഞു. "ഒരു കാരണത്താലും അങ്ങനെ പാടില്ല. എല്ലാററിനും മുമ്പായി സന്യാസജീവിതത്തിൻെറ യഥാർത്ഥ ചൈതന്യവും പ്രാർത്ഥനക്കു താല്പര്യവും ഉള്ളവരുടെ സന്യാസജീവിതത്തെ സംരക്ഷിക്കുക. പ്രാർത്ഥനാജീവിതവും ഈ വേലകളും ഒരുമിച്ചു നടത്തുന്നതിനു നിങ്ങൾക്കു സാധിക്കയില്ലെങ്കിൽ ആവശ്യമെന്നു കാണുന്നപക്ഷം ദൈവം വേറെയാളുകളെ വേലക്കായി അയച്ചുകൊള്ളും. നിങ്ങളോ എന്നാൽ ദൈവത്തിനുള്ള നിങ്ങളുടെ സമർപ്പണത്തിൻെറ ഫലങ്ങളെ നഷ്ടപ്പെടുത്തികൊണ്ടു് സ്വദേശത്തു താമസിക്കുന്നതിനെക്കാൾ സ്വദേശത്തുനിന്നും ബഹിഷ്കൃതരായിരുന്നാലും നിങ്ങളുടെ ആന്തരികജീവിതവും പ്രധാനമായി പ്രാർത്ഥനകളും ത്യാഗങ്ങളും സഹനങ്ങളും വഴിയായി നിങ്ങളുടെ നാടിനു നിങ്ങൾ കൂടുതൽ ഉപകരിക്കും."

വിശുദ്ധനായ പത്താം പീയൂസ് മാർപ്പാപ്പായും ഏതാദൃശമായ ഒരു മുന്നറിയിപ്പ് വിദ്യാഭ്യാസജോലിയിൽ ഏർപ്പെട്ടിരുന്ന ഒരു വലിയ സ്ഥാപനത്തിനു നൽകുകയുണ്ടായി. "കുട്ടികളുടെ വിദ്യാഭ്യാസപ്രവർത്തനത്തിനു ഒന്നാം സ്ഥാനവും സന്യാസാനുഷ്ഠാനങ്ങൾക്കു രണ്ടാം സ്ഥാനവും കൊടുത്താൽ മതി എന്ന അഭിപ്രായം നിങ്ങളുടെ ഇടയിൽ പ്രചരിച്ചുവരുന്നതായി നാം അറിയുന്നു. ഇന്നത്തെ ആവശ്യം ഇതാണെന്നുള്ള ന്യായേന ഇങ്ങനെയുള്ള യാതൊരഭിപ്രായവും നിങ്ങൾക്കോ വിദ്യാഭ്യാസ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വേറെ ഏതെങ്കിലും സ്ഥാപനത്തിനോ ഉണ്ടാകരുതെന്നു നാം ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു. തൻനിമിത്തം വിദ്യാഭ്യാസജോലിയിൽ ഏർപ്പെട്ടിരിക്കണമെന്നുള്ള ഒരു ഗൌരവമായ കടമ നിങ്ങൾക്കുണ്ടെങ്കിൽ അതിനെക്കാൾ വളരെ കൂടുതൽ ഗൌരവമുള്ള ചുമതലകളാണു സന്യാസികളെന്ന നിലയിൽ ദൈവത്തോടു നിങ്ങൾക്കുള്ളതു് എന്നു എല്ലാവരും നന്നായി മനസ്സിലാക്കിയിരിക്കണം".

ആ വിശുദ്ധ പാപ്പാതന്നെ വേറൊരവസരത്തിൽ പറയുന്നു: "പ്രഥമവും പ്രധാനവുമായി സന്യാസജീവിതാനുഷ്ഠാനത്തിൽ ശ്രദ്ധിക്കുക. മററു കാര്യങ്ങളിൽ വ്യാപൃതരായി പുണ്യപൂർണ്ണതയിലേക്കു നയിക്കുന്ന അഭ്യസനങ്ങളെ അവഗണിക്കുക എളുപ്പമാണു്. അയൽക്കാർക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനാൽ

നമ്മുടെ ജീവിതവിശുദ്ധിയെ പുരോഗമിപ്പിക്കുന്നു എന്നു വിശ്വസിക്കുന്നതിനും അങ്ങനെ നമ്മെത്തന്നെ വഞ്ചിക്കുന്നതിനും എളുപ്പമാണ്. ഈ തെററായ ന്യായത്താൽ നിങ്ങൾ തട്ടിക്കപ്പെട്ടുപോകരുതു്. തനിക്കില്ലാത്തതു അന്യക്കു കൊടുക്കുവാൻ ആക്കും സാധിക്കുകയില്ല. നമ്മെത്തന്നെ വിശുദ്ധീകരിക്കുന്നതിൽ ശ്രദ്ധിക്കാതെ നമുക്കു അന്യരെ വിശുദ്ധീകരിക്കാൻ കഴികയില്ല". തത്സംബന്ധമായുള്ള മഹാനായ വി. ഗ്രിഗോറിയോസിൻെറ ഒരു പ്രസ്താവനയും ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: "ധ്യാനപരമായ ജീവിതം നയിക്കാത്ത യാതൊരു വൈദികനും ആത്മാക്കളുടെ സംരക്ഷണാജോലിക്കു അർഹതയില്ല".

അമിതമായ ബാഹ്യവേലകൾ ശരിയായ ദൈവശുശ്രൂഷയുടെ പരമശത്രുവാണെന്നത്രെ വിശുദ്ധ ഫ്രാൻസിസ് സാലസ് പറയുന്നതു്. അതേപ്പററി ഫാദർ വില്യം ഡോയിൽ ഇങ്ങനെയും പറയുന്നു: "ദൈവസ്തുതിക്കായി എന്തദ്ധ്വാനവും ചെയ്യുന്നതിനുള്ള സന്നദ്ധതയോടുകൂടി ബാഹ്യജോലികൾക്കുവേണ്ടി തങ്ങളെത്തന്നെ മുഴുവനായി അപ്പിക്കുന്നവർ തങ്ങൾ അറിയാതെതന്നെ മരണകരമായ ഒരു മഹാ വിപത്തിൽ തങ്ങളെ വെയ്ക്കുകയാണു ചെയ്യുന്നതു്. തന്മൂലം നല്ല ശുഷ്കാന്തിയുള്ളവരെ ഇതിനായി പ്രേരിപ്പിക്കുന്നതിനു പിശാചുപോലും പണിപ്പെടുന്നുണ്ടു്. ബാഹ്യപ്രവൎത്തനങ്ങൾ സ്വതേ എത്ര നല്ലവയായിരുന്നാലും അവ അധികമായിപ്പോയാൽ ദൈവൈക്യത്തിനു അത്യന്താപേക്ഷിതമായ വിശ്രമസമന്വിതമായ സമാധാനത്തിനു് അതു വിഘാതമായിത്തീരുമെന്നുള്ള വസ്തുത പുണ്യജീവിതത്തിൽ അല്പ പരിചയം സിദ്ധിച്ചിട്ടുള്ളവൎക്കുപോലും അറിയാവുന്നതാണു്.

"ദൈവൈക്യത്തിൽ വളരെ പുരോഗതി പ്രാപിച്ചിട്ടുള്ള മഹാ പുണ്യവാന്മാർ തങ്ങൾ ഏല്പ്പെട്ടിരുന്ന ജോലികൾ എത്ര വിപുലവും അന്യചിന്തകൾക്കിടംകൊടുക്കുന്നവയും ആയിരുന്നാലും അവയെല്ലാം യാതൊരു ഭക്തിമാന്ദ്യത്തിനും അവസരം കൊടുക്കാതെ നിൎവ്വഹിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ നിരന്തര ദൈവസാന്നിദ്ധ്യസ്മരണവഴിയായി വെറും ബാഹ്യമായ ലൌകികകാൎയ്യങ്ങളാകുന്ന തിരമാലകളുടെ മീതെ കടന്നുപോകുന്നതിനു അവൎക്കു പ്രാപ്തിയുണ്ടായിരുന്നു എന്നും ക്ഷണികങ്ങളായ ലൌകിക വ്യവഹാരങ്ങളിൽ അവരുടെ ശ്രദ്ധ മുഴു

വനായി പതിക്കുകയോ അവയിൽ മുഴുകിപ്പോകുകയോ ചെയ്യാതിരിക്കത്തക്കവണ്ണം അവർ പുണ്യത്തിൽ അത്ര അടിയുറച്ചവരായിരുന്നുവെന്നുമുള്ള വസ്തുത നാം വിസ്മരിക്കരുതു്. പുണ്യത്തിൽ ഗണ്യമായ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്തവരുടെ കാര്യം അങ്ങനെയല്ല. അത്യദ്ധ്വാനം ബലഹീനരായ അനേകം പേരുടെ കായികാരോഗ്യത്തെ ശിഥിലീഭവിപ്പിക്കുന്നുണ്ടെങ്കിൽ അതു അതിനെക്കാൾ വളരെ കൂടുതൽ ആത്മികാരോഗ്യത്തെ നശിപ്പിക്കുന്നുണ്ടെന്നു സമ്മതിക്കണം. ജോലിപ്പെരുപ്പം അവരുടെ പ്രാർത്ഥനാരുചിയെയും ദൈവസ്നേഹത്തെയും നിശ്ശേഷം നശിപ്പിക്കുന്നില്ലെങ്കിൽതന്നെയും അവയെ തീരെ ഉണക്കിക്കളയുന്നു. തന്മൂലം ഒന്നാംതരം വിശുദ്ധന്മാരായിത്തീരേണ്ട അനേകംപേർ തങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതിനു മുമ്പുതന്നെ മാർഗ്ഗമദ്ധ്യേ അന്തരിച്ചുപോകുന്നു. അവരുടെ നഷ്ടശിഷ്ടങ്ങൾ ജീവൻെറ വഴിയരികിൽ ധാരാളം ചിതറിക്കിടക്കുന്നതായിക്കാണാം. തങ്ങളുടെ കീഴിലുള്ളവരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെക്കാൾ കൂടുതലായി അവർ നടത്തുന്ന ബാഹ്യസംരംഭങ്ങളുടെ വിജയം കാംക്ഷിച്ചുകൊണ്ടു് താങ്ങാൻ പാടില്ലാത്ത ചുമടു് അവരുടെമേൽ കെട്ടിവെയ്ക്കുന്ന അധികാരികൾ ഒരു വലിയ ഉത്തരവാദിത്വമാണു ഏൽക്കുന്നതു്".

ഈ ഇരുപതാം നൂററാണ്ടിൽതന്നെ ജീവിച്ചിരുന്ന ഫാദർ ഡോയിലിൻെറ ഈ പ്രസ്താവനയിൽനിന്നു ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ട സമയവും സാവകാശവും കൊടുക്കാതെ നിരന്തരം ബാഹ്യവേലകളിൽ ഏർപ്പെട്ടിരിക്കുന്നതു എത്ര ആപല്ക്കരമാണെന്നു മനസ്സിലാക്കാമല്ലൊ. ബാഹ്യപ്രവർത്തനങ്ങളിൽമാത്രം ഏർപ്പെട്ടിരിക്കുന്ന പ്രേഷിതർ അറിയാതെതന്നെ കാതലായ പ്രവർത്തനങ്ങളെ പിന്നണിയിലേക്കു തള്ളാനാണു യത്നിക്കുന്നതു്. ഇക്കൂട്ടരുടെ ദൃഷ്ടിയിൽ ദിവ്യകാരുണ്യജീവിതം ആധുനിക സംസ്കാരത്തിനനുയോജ്യമായി ജീവിക്കുവാൻ അഥവാ അതിൻെറ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ അത്ര പര്യാപ്തമല്ലത്രെ! ദിവ്യകാരുണ്യജീവിതവും അതിൻെറ അവശ്യഫലമായുളവാകുന്ന ആന്തരികജീവിതവും പ്രാബല്യത്തിലിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ കാലം കഴിഞ്ഞുപോയി എന്നത്രെ അവരുടെ ധാരണ. അവർ അത്യധികമായി ആന്തരികജീവിതാഭ്യാസത്തെ

നിരസിക്കുക മാത്രമല്ല അതിനെ കൂടുതൽ കൂടുതൽ വെറുക്കുകയും കൂടിയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ, ആന്തരിക ജീവിതത്തിൻെറ അഭ്യാസം ഒന്നുമാത്രമാണു രോഗാത്മമായ അവരുടെ ആത്മീയസ്ഥിതിക്കെതിരായ പ്രതിവിധി. പ്രാൎത്ഥനയുടെ ജീവിതം നയിക്കുവാൻ ശ്രമിക്കുന്നതിനു പകരം, അതെക്കുറിച്ചുള്ള വിചാരംതന്നെ ബാഹ്യപ്രവർത്തനങ്ങളുടെ കൂമ്പാരത്തിന്നടിയിൽ കുഴിച്ചുമൂടുന്നതിനാണു് അവരുടെ ശ്രമം. യാതൊരു ക്രമീകരണവും കൂടാതെ തങ്ങളുടെ പ്രവൎത്തനങ്ങളെ അവർ വൎദ്ധിപ്പിക്കുന്നു. തന്മൂലം അവരെ സുഖപ്പെടുത്താനുള്ള ആശതന്നെ ഇല്ലാതാകുന്നു.

കപ്പലിനെ നയിക്കുന്നവർ, പക്ഷിവേഗത്തിൽ മുന്നോട്ടു പായുന്ന അതിൻെറ വേഗം കണ്ടു വിസ്മയിക്കുമ്പോൾ ശ്രദ്ധയുള്ള അമരക്കാരൻെറ അഭാവംമൂലം കപ്പൽ വഴിതെററിയാണു ഓടുന്നതെന്നും, അതിവേഗം പാറയിൽമുട്ടി അതുടഞ്ഞുപോകുമെന്നും ദൈവം കാണുന്നു. നമ്മുടെ കർത്താവു എല്ലാററിലും പ്രധാനമായി ആവശ്യപ്പെടുന്നതു് "ആത്മാവിലും സത്യത്തിലും"തന്നെ ആരാധിക്കുന്നവരെയാണു്. ആന്തരികജീവിതം നയിക്കാത്തവൻെറ സങ്കല്പം ബാഹ്യഫലങ്ങളെ പ്രധാനലക്ഷ്യമാക്കിയുള്ള തൻെറ പ്രവർത്തനങ്ങൾവഴി ദൈവത്തിനു കൂടുതൽ മഹത്വം വരുത്തുന്നു എന്നാണു്.

വിദ്യാലയങ്ങൾ, ധൎമ്മവൈദ്യശാലകൾ, മതപ്രചരണം, ആസ്പത്രികൾ ഇവ ഇക്കാലത്തു കൂടുതൽ വിലമതിക്കപ്പെടുന്നു. നേരെമറിച്ചു തപസ്സും പ്രാൎത്ഥനയുംവഴിയുള്ള ആന്തരികരൂപം വളരെ കുറവായിമാത്രം ഗ്രഹിക്കപ്പെടുന്നു. അജ്ഞാതമായ പരിത്യാഗത്തിൻെറ ശക്തി ഗ്രഹിക്കുവാൻ നിവർത്തിയില്ലാത്തവർ, സന്യാസാശ്രമങ്ങളിലുള്ള ഏകാന്തതയിൽ അജ്ഞാതജീവിതത്തിനു തങ്ങളെത്തന്നെ സമൎപ്പിക്കുകയും ആത്മരക്ഷയിലുള്ള തീക്ഷ്ണതയിൽ ഏററം ഉത്സാഹിയായ മിഷ്യനറിക്കൊപ്പം വൎത്തിക്കുകയും ചെയ്യുന്നവരെ മടിയന്മാരെന്നും മനോരാജ്യക്കാരെന്നും മുദ്രയടിക്കുന്നു. തൻെറ കീഴുള്ള വിദ്യാൎത്ഥികൾക്കു ഉറച്ച മതപഠനം നൽകണം എന്നതിനെക്കാൾ പരീക്ഷാഫലങ്ങൾ പ്രശസ്തമാക്കണമെന്നും സ്വന്ത സ്ഥാപനങ്ങൾക്കു ഖ്യാതി നേടണമെന്നും ഉള്ളതല്ലേ പലരുടേയും പ്രധാനനോട്ടം? വെറും ഉപരിപ്ലവഭക്തി മാത്രമല്ലേ അവരിൽ ഇതിനാൽ

ഉളവാകുന്നതു്? സുശക്തങ്ങളും സുദൃഢങ്ങളുമായ ആശയങ്ങളും ആദർശങ്ങളും അവക്കു നൽകാൻ സാധിക്കുന്നുണ്ടോ? ഈ വിദ്യാത്ഥികളുടെ മനസ്സിനെ പരിശീലിപ്പിച്ചു മെഴുകുപോലെയുള്ള അവരുടെ സ്വഭാവത്തിൽ ഈശോമിശിഹായുടെ മുദ്ര പതിക്കാനാണു് പ്രയത്നിക്കേണ്ടതു്. മിശിഹായുടെ ആദശ്ങ്ങളാൽ സുദൃഢമാക്കപ്പെട്ട ഒരു സ്വഭാവം ഈ കുട്ടികളിൽ രൂപവല്ക്കരിക്കുവാൻ യഥാത്ഥത്തിൽ ആന്തരികജീവിതം നയിക്കുന്നവർക്കു മാത്രമേ സാദ്ധ്യമാകയുള്ളൂ.

ചില സാഹചയ്യങ്ങളിൽ പാപത്തിനുള്ള ഗൌരവാവഹമായ അപകടം, അതും വിശ്വാസത്തിനും വിശുദ്ധിക്കും എതിരായി ഉണ്ടാകുവാൻ പാടുണ്ടു്. ഈ അവസരങ്ങളിൽ ബാഹ്യപ്രവർത്തനങ്ങളിൽനിന്നു നാം വിരമിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നതിനു യാതൊരു സംശയവുമില്ല. ആപത്തിൽനിന്നു രക്ഷപെടുവാനും സുകൃതത്തിൽ അഭിവൃദ്ധി പ്രാപിക്കുവാനുമുള്ള മാഗ്ഗങ്ങൾ ആന്തരികജീവിതംവഴി ദൈവം തൻെറ സേവകക്കു നൽകാതിരിക്കയില്ല. സുകൃതാഭിവൃദ്ധി എന്തിലാണു അടങ്ങിയിരിക്കുന്നതു്? വി. അമ്മത്രേസ്യായുടെ താഴെ ഉദ്ധരിക്കുന്ന വാക്കുകൾ ഇതിനെ നല്ലതുപോലെ വിശദീകരിക്കുന്നുണ്ടു്. "ഞാൻ മഠാധിപ ആയതുകൊണ്ടു വിവിധ ജോലികൾ നിമിത്തം പലപ്പോഴും യാത്രകൾ കഴിക്കാൻ നിബന്ധിതയാകുന്നു. ഈ യാത്രകൾ നിമിത്തം ഞാൻ കൂടുതൽ കുറ്റങ്ങളിൽ വീണുപോകുന്നു. പക്ഷേ ഈ കുറ്റങ്ങളിൽ അകപ്പെടാതിരിക്കാൻ അശ്രാന്തം പരിശ്രമിക്കയും ദൈവത്തിനു വേണ്ടിമാത്രം അദ്ധ്വാനിക്കയും ചെയ്യുന്നതിനാൽ ഈ കുറ്റങ്ങളെല്ലാം ഉണ്ടായിട്ടും ദൈവത്തോടു ഞാൻ കൂടുതൽ അടുക്കുന്നതായിട്ടാണു എനിക്കനുഭവപ്പെടുന്നതു്."

മഠത്തിലെ ഏകാന്തതയിലെന്നതിനെക്കാൾ തൻെറ ബലഹീനതകൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നതു് യാത്രാവേളകളിലാണെന്നു വിശുദ്ധ മനസ്സിലാക്കിയിരുന്നു. പക്ഷേ അതുകൊണ്ടു അവൾ ഒട്ടും അസ്വസ്ഥയായില്ല. തൻെറ കടമകൾ ഏററം നന്നായി ചെയ്യുന്നതിനുള്ള തികച്ചും അഭേദ്യമായ നിശ്ചയും കൂടുതൽ സുദൃഢമായ യത്നവും ആത്മീയസമരത്തിൽ വിജയം കൈവരിക്കുന്നതിനു് അവളെ സഹായിച്ചു. മാത്രമല്ല, മുമ്പു ഉണ്ടായിരുന്നതും എന്നാൽ ഉണ്ടെന്നു അറിവില്ലാതിരുന്നതുമായ

ബലഹീനതകൾ നിമിത്തമുള്ള കുററങ്ങളെ പരിഹരിക്കുന്നതിനും അവൾക്കിടയായി. വി. ത്രേസ്യാ തുടൎന്നു പറയുന്നു: "ആത്മാവിൻെറ ത്യാഗചൈതന്യവും എളിമയും സ്വാൎത്ഥ പരിത്യാഗവും ദൈവരാജ്യം വൎദ്ധിപ്പിക്കുന്നതിനു തീക്ഷ്ണമായ സേവനാസക്തിയും ആത്മാവിനു നമ്മുടെ കൎത്താവിനോടുള്ള ഗാഢമായ ഐക്യത്തെ വൎദ്ധിപ്പിക്കുന്നു.'' ഈ കൎത്താവുതന്നെയാണല്ലൊ ആത്മാവിൽ വസിച്ചു അതിൻെറ പ്രവൎത്തനങ്ങൾക്കു ജീവൻ നൽകുന്നതു്. ഇങ്ങനെ സുകൃതസരണിയിൽ ആത്മാവു പുരോഗമനം ചെയ്യുന്നതാണു്.

ബാഹ്യപ്രവൎത്തനങ്ങളിൽ വ്യാപൃതനായിരുന്ന ഒരാൾ ഒരു ധ്യാനത്തിൽ സംബന്ധിക്കാൻ ക്ഷണിക്കപ്പെട്ടു. മനസ്സമാധാനമില്ലാതെ അദ്ദേഹം വലയുകയായിരുന്നു. അദ്ദേഹത്തിൻെറ ദൌൎഭാഗ്യത്തിനുള്ള പ്രധാന ഹേതു എന്തെന്നു് അദ്ദേഹത്തിൻെറ മറുപടിയിൽനിന്നു് വ്യക്തമായി ഗ്രഹിക്കാവുന്നതാണു്. അദ്ദേഹം പറയുന്നു: ''ഞാൻ എന്നെത്തന്നെ ത്യജിച്ചു. അതു എന്നെ നശിപ്പിച്ചു. മററുള്ളവരെ സഹായിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു. എൻെറ പ്രകൃതവും പ്രതിപത്തികളും ഇതു എനിക്കു ആനന്ദകരമാക്കിത്തീൎക്കുന്നു. എൻെറ പ്രവൎത്തനങ്ങൾ വിജയകരമായിരുന്നു. പക്ഷേ ഈ വിജയങ്ങൾ വെറും ബാഹ്യമാത്രവും ക്ഷണികവുമായിരുന്നു. ഞാൻ ആത്മവഞ്ചനയിൽ ഉൾപ്പെടുന്നതിനുവേണ്ടി ദീൎഘകാലമായി പിശാചു എനിക്കു കെണിവെയ്ക്കുകയായിരുന്നു. പ്രാരംഭവിജയങ്ങളിൽ മതിമറന്നു ഞാൻ ബാഹ്യപ്രവൎത്തനങ്ങളിൽ അമിതമായി ഏൎപ്പെടുവാൻ തുടങ്ങി. ഇങ്ങനെ അവസാനം പിശാചു എന്നെ നാശത്തിൻെറ വക്കത്തു കൊണ്ടുചെന്നാക്കിയിരിക്കുന്നു"

നിൎഭാഗ്യകരമായ അല്ല ഭീകരമായ ഈ അവസ്ഥയുടെ ഹേതു എന്താണു്? ഒററവാക്കുകൊണ്ടു ഇതിനു സമാധാനം നൽകാം. ദൈവത്തിനുവേണ്ടി ജോലിചെയ്യേണ്ടവർ സ്വന്തം ആഗ്രഹങ്ങളും പ്ലാനുമനുസരിച്ചുമാത്രം പ്രവൎത്തിക്കുന്നു. തന്നിമിത്തം ദൈവികജീവൻ അവരിൽ ക്രമേണ കുറഞ്ഞു ഇല്ലാതാവുകയും അവരുടെ പ്രവൎത്തനങ്ങൾ ഫലശൂന്യങ്ങളായിത്തീരുകയും ചെയ്യുന്നു. ഇതിൽ വിസ്മയിക്കാനില്ല. എന്തെന്നാൽ, അഭൌമ ചൈതന്യം പ്രദാനം ചെയ്ക, വിശ്വാസം

ജനിപ്പിക്കുക ആദിയായ ആദ്ധ്യാത്മിക ഫലങ്ങൾ പുറപ്പെടു വിക്കുന്നതിന്നു് സമസ്ത പ്രസാദവരങ്ങളുടെയും ഹേതുവായ ദൈവത്തിനല്ലാതെ യാതൊരു സൃഷ്ടിക്കും സാദ്ധ്യമല്ല. അതി നാൽ, സ്വന്ത കഴിവുകളും പ്രയത്നങ്ങളുംകൊണ്ടു എന്തും ചെ യ്യാമെന്നു കരുതുന്ന പ്രേഷിതൻെറ ധിക്കാരം ഗർഹണീയം തന്നെ. ദൈവത്തിൽ ആശ്രയിക്കാതെ സ്വന്ത ശക്തിയിൽ മാത്രം ആശ്രയിച്ചു വർത്തിക്കുന്നവൻ ഇപ്രകാരം പറയുന്നുവെന്നു ന്യായമായി വിചാരിക്കാം. "ദൈവമേ, ഞാൻ ഇന്ന കാര്യം നിർവ്വഹിക്കാൻ തീർച്ചയാക്കിയിരിക്കുന്നു. അതു ഞാൻ വിജയ കരമാക്കിത്തീർത്തുകൊള്ളാം. എൻെറ പ്രവർത്തനങ്ങളെ നീ തടസ്സപ്പെടുത്താതെയും, അതിന്മേൽ നിയന്ത്രണം വെയ്ക്കാതെയും അകന്നുനിന്നിരുന്നാൽ മാത്രം മതി." ഇപ്രകാരം പറയുന്നതു വെറും ഭ്രാന്താണെന്നു ഏവരും പറയും. എന്നാൽ ആന്തരികജീവിതം കൂടാതെ സൽപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ മനസ്ഥിതി ഇതത്രെ.

## 4. ആന്തരികജീവിതത്തിനു പര്യാപ്തമായ ചില ബോദ്ധ്യങ്ങളും നിർദ്ദേശങ്ങളും

നിൻെറ തീക്ഷ്ണതയോടു നമ്മുടെ കർത്താവിൻെറ പ്രവൃത്തികളെ നീ സംയോജിപ്പിക്കുന്നതിനു അനുസരിച്ചു മാ ത്രമേ നിൻെറ തീക്ഷ്ണത ഫലപ്രദമാവുകയുള്ളൂ.

നിൻെറ പ്രവത്തനങ്ങളിലെ പ്രധാനപ്രവത്തകൻ കർത്താവത്രെ. നീ തൻെറ ഉപകരണം മാത്രമേ ആകുന്നുള്ളൂ.

സ്വശക്തിയിൽമാത്രം ആശ്രയിക്കുന്നതോ, സ്വാഭാവിക വാസനകൾക്കു അനുസൃതമായിമാത്രം അഥവാ ദൈവ സ്നേഹത്തിനു പകരം സ്വയസ്നേഹത്താൽ പ്രേരിതമായി മാത്രം നടത്തപ്പെടുന്നതോ ആയ പ്രവത്തനങ്ങളെ നമ്മുടെ കർത്താവു് ആശീർവ്വദിക്കയില്ല.

ദൈവം ആവശ്യപ്പെടുന്ന ജോലി ചെയ്യാതിരിക്കുന്ന മനുഷ്യനു ദുരിതം.

ഒരു ജോലി താൻ ചെയ്യണമെന്നുള്ളതു ദൈവനിശ്ചയ മാണെന്ന ബോദ്ധ്യം കൂടാതെ ആ ജോലിയിൽ ഏർപ്പെടുന്ന മനുഷ്യനു ദുരിതം.

ദൈവത്തിൽ ആശ്രയിക്കാതെ സ്വയശക്തിയിൽ ആശ്രയിച്ച് ഒരു ജോലി ചെയ്യാനാഗ്രഹിക്കുന്നവനു ദുരിതം.

ആന്തരികജീവിതം നിലനിർത്തിക്കൊണ്ടുപോകാനോ, പുനരാരംഭിക്കാനോ വേണ്ട മാർഗ്ഗങ്ങൾ അവലംബിക്കാതെ സൽപ്രവൃത്തികൾ ചെയ്യുന്ന മനുഷ്യനു ദുരിതം.

കർമ്മപരജീവിതംകൊണ്ട് അന്തരംഗജീവിതത്തിനു കോട്ടംതട്ടാത്തവിധം രണ്ടിനെയും യോജിപ്പിച്ചു നിയന്ത്രിച്ചു കൊണ്ടുപോകാൻ അറിഞ്ഞുകൂടാത്ത മനുഷ്യനു ദുരിതം.

ആന്തരികജീവിതംസംബന്ധിച്ചുള്ള പ്രസ്തുത ബോധ്യങ്ങളുടെ ഫലമായി, സ്വാഭാവികാസക്തികൊണ്ടുമാത്രം സൽപ്രവൃത്തികളിൽ ഏർപ്പെടാതിരിക്കുക. അമിതമായ ജോലിയിൽ മുഴുകിപ്പോകാതിരിക്കുക. ഉത്തമനായ ഒരു ആത്മപാലകൻെറ നിർദ്ദേശാനുസരണം ഒരു സമയവിവരപ്പട്ടിക തയ്യാറാക്കി അതനുസരിച്ചു പ്രവർത്തിക്കുക. ബോധനിയന്ത്രണം സദാ പാലിക്കുക. രാവിലെ നിശ്ചിത സമയം ഉണർന്ന് പ്രഭാത പ്രാർത്ഥനകളും ധ്യാനവും തദനന്തരം കുർബാന, ദിവ്യകാരുണ്യസ്വീകരണം, കാനോൻജപം, ആത്മശോധന, ജ്ഞാനവായന, ദിവ്യകാരുണ്യ സന്ദർശനം, ജപമാല ആദിയായ ഭക്തകൃത്യങ്ങളും നന്നായും കൃത്യമായും നടത്തുക. സർവ്വോപരി ദൈവപ്രസാദവരത്തിൽ സദാ സ്ഥിതിചെയ്യുന്നതിനും, പാപകാരണങ്ങളിൽ നിന്നും ഒഴിഞ്ഞു ജീവിക്കുന്നതിനും, പഞ്ചേന്ദ്രിയങ്ങളെയും ആത്മികവാശങ്ങളെയും വേണ്ടവിധം നിയന്ത്രിക്കുന്നതിനും, ചെയ്യുന്നതെല്ലാം നന്നായും ശ്രദ്ധനിയോഗത്തോടെയും ചെയ്യുന്നതിനും, ദൈവസ്മരണയോടെ സദാ വ്യാപരിക്കുന്നതിനും, ഓരോ ചെറിയ ചെറിയ സുകൃതജപങ്ങൾവഴി ആ സ്മരണ നിലനിർത്തുന്നതിനും സദാ യത്നിക്കുക.

*L. D. S. & M.*

# തിരുത്തേണ്ടവ

| പേജ്. | വരി. | അബദ്ധം | | സുബദ്ധം. |
|---|---|---|---|---|
| 7 | 7 | വ്രതത്താൽ പോലും | – | വ്രതത്താൽക്കൂടെയും |
| 8 | 19 | അവരുടെ | – | അവരവരുടെ |
| 41 | 31 | യഥാൎത്ഥമിതമാണെങ്കിൽ | – | യഥാൎത്ഥമിതാണെങ്കിൽ |
| 47 | 28 | വരുത്തിയിട്ടില്ലാവരും | – | വരുത്തിയിട്ടില്ലാത്തവരും |
| 127 | 31 | സ്വന്തമായി വാങ്ങിക്കുക | – | സ്വന്തമായി എന്തെങ്കിലും വാങ്ങിക്കുക. |
| 136 | 15 | നഷ്ടം താൻ സഹിച്ചു | – | നഷ്ടം ഞാൻ സഹിച്ചു. |
| 150 | 30 | സ്ഥയം | – | സ്വയം |
| 151 | 8 | ലേകവസ്തുക്കൾ | – | ലോകവസ്തുക്കൾ |
| 184 | 34 | ഒഴികഴിവുകൾ | – | ഒഴിവുകൾ |
| 256 | 1 | ഉണ്ടായിട്ടുള്ളതെല്ലാം | – | ഉണ്ടായിട്ടുള്ളതൊന്നും |

# വിഷയവിവരണിക


| | | |
|---|---|---|
| | | പേജ് |
| | പ്രസ്താവന–സമൎപ്പണം. | |
| 1. | പുണ്യപൂൎണ്ണതയ്ക്കായുള്ള പരിശ്രമം. | 5 |
| 2. | ക്രിസ്തീയജീവിതവും അതിന്റെ ആവശ്യകതയും | 20 |
| *3. | സന്യാസജീവിതവും അതിന്റെ വൈശിഷ്ട്യവും I & II | 37 |
| 4. | കുമ്പസാരം. | 69 |
| 5. | വിരക്തവ്രതം. | 81 |
| 6. | വിരക്തപുണ്യവും വിരക്തിപാലനമാർഗ്ഗങ്ങളും. | 96 |
| 7. | സൃഷ്ടികളിൽനിന്നുള്ള വേർപാട്. | 110 |
| 8. | ദാരിദ്ര്യവ്രതം. | 123 |
| 9. | ദാരിദ്ര്യപുണ്യവും ദാരിദ്ര്യപദവികളും. | 134 |
| 10. | കീഴ്‌വഴക്കവ്രതം. | 151 |
| 11. | കീഴ്‌വഴക്കപുണ്യവും കീഴ്‌വഴക്കപദവികളും. | 166 |
| 12. | ക്രമാനുഷ്ഠാനം. | 177 |
| 13. | ആശാനിഗ്രഹവും ത്യാഗാനുഷ്ഠാനവും. | 190 |
| 14. | പരസ്പരസ്നേഹവും കൂട്ടജീവിതവും. | 205 |
| 15. | യഥാൎത്ഥ സന്യാസി–അന്ധനും, മൂകനും, ബധിരനും. | 221 |
| 16. | സമാധാന ജീവിതം. | 236 |
| 17. | ആന്തരിക ജീവിതം. | 249 |


* സൂചനം: മുഴുവൻ ധ്യാനത്തിന്റെ ശുദ്ധീകരണഭാഗം അവസാനിക്കുന്നതിനുമുമ്പായി 4, 5, 6 ഉപദേശങ്ങൾ വായിച്ചിരിക്കുന്നതു പലതുകൊണ്ടും നന്നായിരിക്കും. അതിനാൽ, 3-ാം ഉപദേശം അതിനു ശേഷം വായിക്കുക.

KOTTAYA[illegible] [illegible]IBL[illegible] LIB[illegible]

PRINTED AND PUBLISHED

FOR THE PROPRIETOR BY REV. FR. WILFRID T. O. C. D.

AT THE ST. JOSEPH'S PRESS,

MANNANAM.

1958.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. N1200 GRI-D Acc. No. 13981

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

13981

M200
GRI-D

ഭഗിനി
ധ്യാനോപദേശങ്ങൾ

KOTTAYAM PUBLIC LIBRARY

Call No M200 GRI-D Acc. No 13981

Author ബിഷി

Title ഏറാമാം ജേമങ്ങൾ